# സ്ത്രീ, സഞ്ചാരം, സാഹിത്യം
## മലയാളത്തിലെ സ്ത്രീകളുടെ യാത്രാവിവരണ
## ഗ്രന്ഥങ്ങളെ മുൻനിർത്തി ഒരു പഠനം

**കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാള – കേരളപഠനവിഭാഗത്തിൽ**
**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി**
**സമർപ്പിക്കുന്ന പ്രബന്ധം**

**ലിൻസി സി.**

മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2017

# Women, Travel, Literature
## (A study based on Women's Travelogue in Malayalam)

*Thesis submitted to the Department of Malayalam and Kerala studies University of Calicut for the Degree of*
DOCTOR OF PHILOSOPHY

**LINCY C.**

**Malayalam and Kerala Studies**
**University of Calicut**

**2017**

# സത്യവാചകം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയ്യതി:

**ലിൻസി സി.**

**ഡോ. പി.ബി. ലൽകാർ**
എഡിറ്റോറിയൽ കൺസൾട്ടന്റ്
തുഞ്ചത്തെഴുത്തച്ഛൻ മലയാള-സർവ്വകലാശാല
തിരൂർ - 676 502
(റിസർച്ച് ഗൈഡ്, മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല)

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പിഎച്ച്.ഡി ബിരുദത്തിനുവേണ്ടി **ലിൻസി സി.** സമർപ്പിക്കുന്ന **'സ്ത്രീ, സഞ്ചാരം, സാഹിത്യം മലയാളത്തിലെ സ്ത്രീകളുടെ യാത്രാവിവരണഗ്രന്ഥങ്ങളെ മുൻനിർത്തി ഒരു പഠനം'** എന്ന പ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയ്യതി:

**ഡോ. പി.ബി. ലൽകാർ**

**ഡോ. പി.ബി. ലൽകാർ**
എഡിറ്റോറിയൽ കൺസൾട്ടന്റ്
തുഞ്ചത്തെഴുത്തച്ഛൻ മലയാള-സർവ്വകലാശാല
തിരൂർ - 676 502
(റിസർച്ച് ഗൈഡ്, മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല)

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പിഎച്ച്.ഡി ബിരുദത്തിനുവേണ്ടി **ലിൻസി സി.** സമർപ്പിക്കുന്ന **'സ്ത്രീ, സഞ്ചാരം, സാഹിത്യം മലയാളത്തിലെ സ്ത്രീകളുടെ യാത്രാവിവരണഗ്രന്ഥങ്ങളെ മുൻനിർത്തി ഒരു പഠനം'** എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖ യാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയ്യതി:

**ഡോ. പി.ബി. ലൽകാർ**

# കൃതജ്ഞത

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി തയ്യാറാക്കിയ പ്രബന്ധത്തിന്റെ രചനക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകിയ ഡോ. ലൽകാർ ടീച്ചറോട് എനിക്ക് കടപ്പാടും നന്ദിയും ഏറെയാണ്. പ്രബന്ധത്തിന്റെ പൂർത്തീകരണത്തിനായി പ്രോത്സാഹനം നൽകിയ വകുപ്പുമേധാവി ഡോ. ഉമർ തറമേൽ, ഗവേഷണകാലയളവിൽ വകുപ്പധ്യക്ഷനായിരുന്ന ഡോ. അനിൽ വള്ളത്തോൾ, ഡോ. എൽ. തോമസ്കുട്ടി എന്നിവരും നൽകിയ സഹായത്തിന് അതിരറ്റ നന്ദിയുണ്ട്. ഗവേഷണത്തിനാവശ്യമായ നിർദ്ദേശങ്ങൾ തന്ന മലയാളവിഭാഗത്തിലെ മറ്റ് അധ്യാപകരായ ഡോ. എം.ബി.മനോജ്, ഡോ. കെ.എം.അനിൽ, ഡോ. പി. സോമനാഥൻ, ഡോ. ആർ.വി.എം.ദിവാകരൻ, ഇംഗ്ലീഷ് വിഭാഗത്തിലെ അദ്ധ്യാപിക ഡോ. ജാനകി എന്നിവരോടും എനിക്ക് അതിരറ്റ നന്ദിയുണ്ട്. ഗവേഷണകാലയളവിൽ ആവശ്യമായ സമയങ്ങളിൽ സഹായം നൽകിയ മലയാളവിഭാഗത്തിലെ ഓഫീസ് ജീവനക്കാരോടും ഏറെ നന്ദിയുണ്ട്.

ഗവേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ ഉപദേശനിർദ്ദേശങ്ങളും മാനസികോർജ്ജവും നൽകിയ ഡോ. ബിജുവിനെ നന്ദിയോടെ ഓർക്കുന്നു. അതോടൊപ്പം എന്റെ ആത്മീയഗുരുവിനെയും നന്ദിയോടെ സ്മരിക്കുന്നു. ഗവേഷണം പൂർത്തീകരിച്ചാൽ ജോലികിട്ടും എന്ന പ്രതീക്ഷയോടെയിരിക്കുന്ന എന്റെ അച്ഛനും അമ്മയ്ക്കും പലപ്പോഴും എന്റെ ചുമതലകളിൽ നിന്നും എന്നെ സ്വതന്ത്രയാക്കിയ എന്റെ ഭർത്താവ് സദാനന്ദനും കുട്ടികളായ ഗൗതമിനും നക്ഷത്രയ്ക്കും ഏത് വാക്കെടുത്താണ് നന്ദി പറയുക.

പ്രബന്ധം പ്രൂഫ് നോക്കുകയും മറ്റ് ഗവേഷണസഹായങ്ങൾ നൽകുകയും ചെയ്ത ബാലകൃഷ്ണൻ വള്ളിക്കുന്ന്, സുഹൃത്തുക്കളായ രജീഷ് മംഗലത്ത്, പ്രവീൺകുമാർ പി.വി., ഡോ. ഹസ്ക്കറലി, സംഗീത ദാമോദരൻ, ഡോ. ഹിക്മത്തുള്ള, ശ്രീകല സി.ഇ., ഡോ.സുരേഷ് പുത്തൻപറമ്പിൽ, ലോലിത പി., സുഷമ ബിന്ദു, ജിഷി കോട്ടക്കുന്നിന്മേൽ എന്നിവരോടും ഏറെ നന്ദിയുണ്ട്

ഗവേഷണത്തിലേക്കുള്ള പ്രവേശനസാങ്കേതിക തടസ്സങ്ങൾ നീക്കാൻ സഹായിച്ച വേലായുധേട്ടനേയും ഗവേഷണത്തിനാവശ്യമായ ദത്തങ്ങൾ തന്നു

സഹായിച്ചും മാർഗ്ഗദർശനം തന്നും അനുഭാവം കാണിച്ച എഴുത്തുകാരികളായ ഗീതാഞ്ജലി കൃഷ്ണൻ, കെ.എ.ബീന എന്നിവരോടും എനിക്ക് നന്ദിയും കടപ്പാടു മുണ്ട്.

റഫറൻസിനായി സൗകര്യങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് സർവ്വകലാശാല മലയാളവിഭാഗം ലൈബ്രറി, സി.എച്ച്. മുഹമ്മദ്കോയ ലൈബ്രറി, തൃശ്ശൂർ അപ്പൻതമ്പുരാൻ ലൈബ്രറി, കേരള സാഹിത്യ അക്കാദമി, അന്വേഷി വിമൻസ് ലൈബ്രറി, കോഴിക്കോട് സെൻട്രൽ ലൈബ്രറി, കണ്ണൂർ സർവ്വകലാശാല ലൈബ്രറി എന്നിവിടങ്ങളിലെ ജീവനക്കാർക്കും തിരക്കിനിടയിലും സമയബന്ധിത മായി പ്രബന്ധം  ഡി.ടി.പി. ചെയ്തു തന്ന ബിനാ ഫോട്ടോസ്റ്റാറ്റിലെ ബാലുഏട്ട നും മറ്റ് ജീവനക്കാർക്കും അതിരറ്റ നന്ദി സമർപ്പിക്കുന്നു.

**ലിൻസി സി.**

# ചുരുക്കെഴുത്ത് സൂചിക

| | | |
|---|---|---|
| പു. | - | പുറം |
| എഡി | - | എഡിറ്റർ |
| പ്രസാ. | - | പ്രസാധകൻ/ക |
| വിവ. | - | വിവർത്തകൻ/ക |
| സമ്പാ. | - | സമ്പാദകൻ/ക |
| എസ്.കെ. | - | എസ്.കെ. പൊറ്റക്കാട്ട് |
| Ed. | - | Editor |
| Vol. | - | Volume |

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| | **ആമുഖം** | 1 - 12 |
| **അധ്യായം 1** | **സഞ്ചാരസാഹിത്യം - കാഴ്ചപ്പാടും വിശകലനവും** | 13 - 64 |

**1.1 യാത്ര സാമാന്യനിരീക്ഷണം**

1.1.1 യാത്ര : നാനാർത്ഥങ്ങൾ

1.1.2 യാത്രയും സഞ്ചാരവും

1.1.3 യാത്രയുടെ ചരിത്രം

1.1.4 യാത്ര-സാമൂഹികതലം

1.1.5 യാത്ര എന്ന രൂപകം

1.1.6 യാത്രയും സാഹിത്യവും

1.1.7 യാത്രയുടെ ഭാരതീയ പശ്ചാത്തലം

**1.2 സഞ്ചാരസാഹിത്യം : ചരിത്രവും വർത്തമാനവും**

1.2.1 സഞ്ചാരസാഹിത്യം-ഉത്ഭവം

1.2.2 യാത്രാവിവരണം-രൂപനിർവ്വചനം

1.2.3 സഞ്ചാരസാഹിത്യം മലയാളത്തിൽ

1.2.3.(a) ലോകസാഹിത്യം

**1.3 സഞ്ചാരസാഹിത്യം : വിവിധഘട്ടങ്ങൾ**

1.3.1 കൊളോണിയൽ പൂർവ്വഘട്ടം

1.3.2 പ്രാചീനകേരളം-സഞ്ചാരികളുടെ കണ്ണിൽ

1.3.3 ഇബ്നു ബത്തൂത്ത കണ്ട ഇന്ത്യ : വിശകലനം

**1.4 കൊളോണിയൽ കാലഘട്ടം**

1.4.1 ഞാൻ കണ്ട കേരളം : ഫ്രാൻസിസ് ബുക്കാനൻ

1.4.2 കൊച്ചി രാജാവിന്റെ കാശിയാത്ര

**1.5 സ്വാതന്ത്ര്യാനന്തര കാലഘട്ടം**

1.5.1 എസ്.കെ.പൊറ്റെക്കാട്ടിന്റെ സിംഹഭൂമി-നിരീക്ഷണം

1.6 മാറുന്ന വീക്ഷണ മാതൃകകളും സഞ്ചാരസാഹിത്യവും

1.7 ഹിമാലയ സഞ്ചാരവിവരണങ്ങൾ

1.8 സഞ്ചാരസാഹിത്യം സമകാലികം

| | | |
|---|---|---|
| **അധ്യായം 2** | **സ്ത്രീ-ചരിത്രം-യാത്രാവിവരണം, വിവരണവും സൈദ്ധാന്തിക സമീപനവും** | 65 - 127 |

**2.1 ചരിത്രപരമായ അന്വേഷണം**

2.1.1 പ്രാചീനകാലഘട്ടത്തിലെ സ്ത്രീ

2.1.2 സഞ്ചാരികളും സ്ത്രീകളും

2.1.3 സ്ത്രീയും സമൂഹവും

2.1.4 സ്ത്രീയും ഉല്പാദവും

2.1.5 മതവും സ്ത്രീയും

2.1.6 ജാതീയതയും സ്ത്രീയും

2.1.7 കേരളത്തിലെ സ്ത്രീഇടം

2.1.8 സമരങ്ങളിലെ സ്ത്രീസാന്നിദ്ധ്യം

2.1.9 മേൽമുണ്ട് സമരം

2.1.10 കല്ലുമാല സമരം

2.1.11 നമ്പൂതിരി സമുദായ വിലക്കുകൾ

2.1.11(a) കുറിയേടത്ത് താത്രി

2.1.12 സ്വാതന്ത്ര്യസമരത്തിലെ സ്ത്രീപങ്കാളിത്തം

**2.2 ആദ്യകാലവനിതാമാസികകളിലെ സ്ത്രീ**

**2.3 സ്ത്രീവാദം**

2.3.1 റാഡിക്കൽ ഫെമിനിസം

2.3.2 മാർക്സിസ്റ്റ് ഫെമിനിസം

2.3.3 സോഷ്യലിസ്റ്റ് ഫെമിനിസം

2.3.4 സ്ത്രീ സമൂഹവും സാഹിത്യവും

2.3.5 സ്ത്രീയും യാത്രാവിവരണവും

**2.4 സ്വത്വം**

2.4.1 യാത്രാവിവരണവും സ്വത്വാവിഷ്ക്കാരവും

**2.5 ആഖ്യാനം**

2.5.1 ആഖ്യാതാവ്

2.5.2 യാത്രാവിവരണവും ആഖ്യാനവും

2.5.3 സ്ത്രൈണാഖ്യാനം

2.5.4 സ്ത്രൈണാഖ്യാനവും യാത്രാവിവരണവും

**2.6 സ്ത്രീയാത്രയും പൊതുഇടവും**

**അധ്യായം 3 സ്ത്രീയാത്രാവിവരണം - സാമാന്യ അവലോകനം** 128 – 184

3.1 പെൺയാത്ര

3.1.1 പെൺയാത്രയും സാമൂഹ്യപശ്ചാത്തലവും

3.1.2 ചിതറിയ യാത്രാനുഭവങ്ങൾ

3.1.3 തൊഴിലും യാത്രയും

**3.2 സ്ത്രീയാത്രകൾ : വിവിധ തലങ്ങൾ**

**3.3 സ്ത്രീയാത്രാവിവരണങ്ങൾ - പ്രാചീനകാലം (1950 കൾക്കുമുമ്പ്)**

**3.4. സ്ത്രീയാത്രാവിവരണങ്ങൾ - രണ്ടാം ഘട്ടം (1950 മുതൽ 1990 വരെ)**

**3.5 സ്ത്രീയാത്രാവിവരണങ്ങൾ - സമകാലികം (1990 കൾക്ക് ശേഷം)**

**അധ്യായം 4 സ്ത്രീയാത്രാവിവരണങ്ങൾ എഴുത്തും സമീപനവും** 185 – 282

**4.1 എഴുത്തും സമീപനവും**

4.1.1 എഴുത്ത്

4.1.2 സ്ത്രീയാത്ര- സമീപനം

4.1.3 സ്ത്രീയാത്ര - സമീപനത്തിന്റെ തത്വം

4.1.4 യാത്രാവിവരണത്തിന്റെ സ്ത്രൈണ സംവേദനീയത

4.1.5 കാഴ്ചയും ആഖ്യാനവും

**4.2 സ്ത്രീയാത്രാവിവരണം : വിവിധതലങ്ങൾ**

**4.3 തീർത്ഥയാത്രകൾ**

4.3.1 തീർത്ഥയാത്രാവിവരണങ്ങൾ മലയാളത്തിൽ

4.3.2 തീർത്ഥയാത്ര : വിവിധമാനങ്ങൾ

4.3.3 കൈലാസയാത്ര : രാജനന്ദിനി

4.3.4 ആത്മീയതയും ഭൗതികതയും കൈലാസയാത്രയിൽ

4.3.5 കൈലാസയാത്ര : സാമൂഹികതലം

4.3.6 പാരിസ്ഥിതികതലം

4.3.7 സാമൂഹികവിമർശനം

4.3.8 ഭാഷാതലം

4.3.9 ആഖ്യാനം : വസ്തുതയും വിവരണവും

4.3.10 നിരീക്ഷണവും വിവരണവും

**4.4. അനുയാത്രകൾ**

4.4.1 മലയാളത്തിലെ അനുയാത്രകൾ

4.4.2 അമേരിക്കൻ യാത്രാവിവരണങ്ങൾ

4.4.3 വേറിട്ടൊരു അമേരിക്ക - പി.വത്സല

4.4.4 അനുയാത്രയുടെ സാമൂഹിക സാംസ്കാരിക തലം

**4.5 ഒറ്റയ്ക്കുള്ള യാത്രകൾ**

4.5.1 കാടുകളുടെ താളം തേടി - സുജാതാദേവി

4.5.2 ഒറ്റയ്ക്കുള്ള യാത്രകളിലെ സ്ത്രീസ്വത്വം

4.5.3 കാടും ജൈവികതയും

4.5.4 സ്ത്രീ: ശരീരം, യാത്ര

**4.6 ഔദ്യോഗിക യാത്രകൾ**

4.6.1 കേരളസഞ്ചാരം - മാധവിക്കുട്ടി

4.6.2 ഔദ്യോഗികയാത്രയിലെ സ്ത്രീസ്വത്വം

4.6.3 സാംസ്കാരിക സവിശേഷതകൾ

**4.7 സംഘയാത്രകൾ**

**4.8 സ്ഥലകാലങ്ങൾ യാത്രാവിവരണത്തിൽ**

**4.9 സ്ത്രൈണ ആഖ്യാനം : യാത്രാവിവരണത്തിൽ**

**ഉപസംഹാരം** 283 – 295

**ഗ്രന്ഥസൂചി** 296 – 315

**അനുബന്ധം - 1 സ്ത്രീയാത്രാവിവരണഗ്രന്ഥങ്ങളുടെ പട്ടിക** 316 – 318

**അനുബന്ധം - 2 അഭിമുഖങ്ങൾ** 319 – 324
**(കെ.എ.ബീന, മൈന ഉമൈബാൻ)**

# ആമുഖം

മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്ന് വേർതിരിക്കുന്ന ജൈവികവും സർഗ്ഗാത്മകവുമായ പ്രക്രിയയാണ് യാത്ര. സംസ്കാരത്തിന്റെയും സമൂഹത്തിന്റെയും വികസനത്തിനും പുരോഗതിക്കും പ്രേരകമാണ് യാത്രകൾ. ഉല്പത്തി മുതൽക്കുള്ള മാനവചരിത്രം പരിശോധിച്ചാൽ മനുഷ്യൻ തന്റെ വിജയമുറപ്പിച്ചത് യാത്രയിലൂടെയായിരുന്നു. നിരന്തരമായ യാത്രകളിലൂടെ സ്വായത്തമാക്കിയ അനുഭവങ്ങളുടെ ആവിഷ്ക്കരണങ്ങളാണ് യാത്രാവിവരണങ്ങൾ. യാത്രയും യാത്രാവിവരണവും അടിസ്ഥാനപരമായി പരസ്പരവിനിമയ സാധ്യതയുള്ള സർഗ്ഗാത്മകപ്രവർത്തനമാണ്.

പുരുഷനായിരുന്നു ഏറ്റവും കൂടുതൽ യാത്രകൾ നടത്തിയത്. ചരിത്രം രേഖപ്പെടുത്തിയ യാത്രാവിവരണ കൃതികൾ മിക്കതും പുരുഷന്റേതായിരുന്നു. സ്ത്രീക്ക് പുരുഷനെപ്പോലെ യാത്ര ചെയ്യാൻ സാധിക്കാത്തതിന് പല കാരണങ്ങളുണ്ട്. സാംസ്കാരികമായി സ്ത്രീക്ക് പതിച്ചുകിട്ടിയ എല്ലാതരം നിർദ്ദേശങ്ങളും യാത്രയെ നിരുത്സാഹപ്പെടുത്തുന്നതാണ്. സ്ത്രീകൾ എഴുതിയ യാത്രാവിവരണ ഗ്രന്ഥങ്ങൾക്കാവട്ടെ പുരുഷയാത്രാവിവരണഗ്രന്ഥങ്ങളുടെ പദവി ലഭിച്ചിട്ടുമില്ല. ശരീരശാസ്ത്രപരമായും രാഷ്ട്രീയമായും സാംസ്കാരികമായും സ്ത്രീക്ക് അവരോധിച്ചുകൊടുത്ത വ്യവസ്ഥകളാണ് ഇതിന് കാരണം. സ്ത്രീയുടെ സമഗ്രമായ നവോത്ഥാനത്തിന് പുരുഷനെപ്പോലെ സ്ത്രീക്കും മാനസികമായും ശാരീരികമായും തങ്ങൾ എല്ലാതരത്തിലും സമാനരാണ് എന്ന് സ്വയം ബോധ്യപ്പെടാനും മറ്റുള്ളവരെ ബോധിപ്പിക്കാനുമുള്ള ഒരു മാർഗ്ഗംകൂടിയാണ് സ്ത്രീയാത്രകളും യാത്രാവിവരണങ്ങളും.

സ്ത്രീയാത്രാവിവരണങ്ങളുടെ പഠനം സമകാലസ്ത്രീവാദസാഹിത്യത്തിൽ ഒരു പ്രധാന പഠനവിഷയമായി മാറിയിട്ടുണ്ട്. പൊതുസമൂഹം അനുവദിച്ചുകൊ

ടുത്ത വ്യവസ്ഥിതികളിൽനിന്ന് വ്യത്യസ്തമായി സ്ത്രീ യാത്ര ചെയ്യാൻ തുടങ്ങിയത് സ്ത്രീ സമൂഹത്തിന്റെ പരിവർത്തനത്തിന് സഹായകമായിട്ടുണ്ട്. യാത്രയുടെ സ്വഭാവത്തിനനുസരിച്ച് സ്ത്രീസ്വത്വനിർമ്മിതിയുടെ കാഴ്ചപ്പാടിലും സമീപനത്തിലും വ്യത്യാസം വരുന്നുണ്ട്. അത് പുരുഷന്റെ സമീപനത്തിൽനിന്ന് വ്യത്യസ്തവുമാണ്.

**പഠനലക്ഷ്യം**

പെൺകാഴ്ചകൾ എപ്രകാരമാണ് യാത്രാവിവരണത്തെ വ്യത്യസ്തമാക്കുന്നത് എന്നും യാത്രകളുടെ ലക്ഷ്യഭേദത്തിനനുസരിച്ച് സമീപനത്തിലും ആഖ്യാനത്തിലും വരുന്ന സവിശേഷതകൾ എപ്രകാരം വ്യത്യസ്തമാവുന്നുവെന്നും ഈ പഠനം അന്വേഷിക്കുന്നു. സ്ത്രീയാത്രകളുടെ കാലക്രമത്തിലുള്ള വളർച്ച ഏത് തരത്തിലാണ് എന്ന അന്വേഷണവും പഠനത്തിന്റെ ലക്ഷ്യമാണ്.

**ഉപാദാനങ്ങൾ**

പഠനത്തിനാവശ്യമായ ദത്തങ്ങൾ ശേഖരിക്കുന്നതിൽ പ്രഥമാകരമായിട്ടുള്ളത് സ്ത്രീയാത്രാവിവരണകൃതികളാണ്. വിശദപഠനത്തിനായി ഉപയോഗിച്ചിട്ടുള്ളത് തെരെഞ്ഞെടുത്ത കൃതികളായ രാജനന്ദിനിയുടെ 'കൈലാസയാത്ര' സുജാതാദേവിയുടെ 'കാടുകളുടെ താളം തേടി'. കെ.എ. ബീനയുടെ 'ചുവടുകൾ', മാധവിക്കുട്ടിയുടെ 'കേരളസഞ്ചാരം', പി.വത്സലയുടെ 'വേറിട്ടൊരു അമേരിക്ക' വി. അബ്ദുൾലത്തീഫ് എഡിറ്റ് ചെയ്ത 'കണ്ടെടുക്കാത്ത പറുദീസകൾ' എന്നിവയാണ്. കാലഘട്ടത്തിനനുസരിച്ചുള്ള തരം തിരിവിനായി ആ കാലഘട്ടത്തിലെ പുരുഷയാത്രാവിവരണങ്ങളെയും ദ്വിതീയാകരങ്ങളായി സ്വീകരിച്ചിരിക്കുന്നു.

ഗ്രന്ഥങ്ങളുടെ തെരഞ്ഞെടുപ്പിൽ തീർത്ഥയാത്ര,അനുയാത്ര, ഒറ്റയ്ക്കുള്ള യാത്ര, ഔദ്യോഗിക യാത്ര, സംഘയാത്ര എന്നീ വേർതിരിവാണ് പരിഗണിച്ചിട്ടുള്ളത്. കൃതികളുടെ ആഖ്യാന സവിശേഷതകൾ, സ്ത്രീവാദത്തിന്റെ രീതിശാസ്ത്രമുപയോഗിച്ചാണ് പഠിക്കുന്നത്.

**പൂർവ്വപഠനങ്ങൾ**

സ്ത്രീരചനകളെക്കുറിച്ചും സാമൂഹിക സാംസ്കാരികരംഗത്തെ പ്രാതിനിധ്യത്തെക്കുറിച്ചും സ്ത്രീവാദപരമായ പഠനങ്ങൾ ഏറെ നടന്നിട്ടുണ്ട്. എന്നാൽ ഒരു യാത്രിക എന്ന നിലയിൽ സ്ത്രീപ്രാതിനിധ്യം രേഖപ്പെടുത്തിയിട്ടുള്ള ഗൗരവമായ പഠനങ്ങൾ മലയാളസാഹിത്യത്തിൽ ഉണ്ടായിട്ടില്ല.

സഞ്ചാരസാഹിത്യത്തെ സാമാന്യമായി പരിചയപ്പെടുത്തുന്ന സാഹിത്യചരിത്രങ്ങളും ആനുകാലികങ്ങളും ലഭ്യമാണ്. വി. രമേഷ്ചന്ദ്രന്റെ 'സഞ്ചാരസാഹിത്യം മലയാളത്തിൽ' എന്ന കൃതിയിൽ യാത്രാവിവരണത്തിന്റെ എല്ലാ അംശങ്ങളും പ്രതിപാദിക്കുന്നു. ഈ ഗ്രന്ഥം 1989-ൽ പുറത്തിറങ്ങി. യാത്രാവിവരണത്തിന്റെ ഉത്ഭവവും വളർച്ചയും കാലഘട്ടങ്ങളിലൂടെയുള്ള വികാസവും 12 അധ്യായങ്ങളിലായി വിശകലനം ചെയ്യുന്നു. കെ.എം. ജോർജ്ജിന്റെ 'ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' (2009) പന്മന രാമചന്ദ്രന്റെ 'സമ്പൂർണ്ണമലയാളസാഹിത്യചരിത്രം (2008) എരുമേലി പരമേശ്വരൻപിള്ളയുടെ 'മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ (2013) പോൾമണലിന്റെ 'യാത്രാവിവരണങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ' (2015) തുടങ്ങിയ ഗ്രന്ഥങ്ങളിൽ യാത്രാവിവരണത്തെക്കുറിച്ച് വിശദമാക്കുന്നുണ്ട്.

കണ്ണൂർ സർവ്വകലാശാലയുടെ 2015 ജനുവരി ഏപ്രിൽ ലക്കം 'തുടി'യിൽ വിവിധ എഴുത്തുകാരുടെ യാത്രാവിവരണ സവിശേഷതകൾ വ്യക്തമാക്കുന്ന പതിനാറ് ലേഖനങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. ഇതിൽ രണ്ട് ലേഖനങ്ങൾ സ്ത്രീയാത്രാവിവരണത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നു.

കണ്ണൂർ സർവ്വകലാശാല സരണിടൂർകമ്മിറ്റി ഇറക്കിയ 'യാത്രികം' 2014-ൽ യാത്രയുടെ ചരിത്രവും ദർശനവും അടങ്ങിയ ലേഖനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഗീതാഞ്ജലി കൃഷ്ണന്റെ 'സ്ത്രീകൾ എഴുതിയ യാത്രാവിവരണങ്ങൾ', സുജ.എ.എൻ. എഴുതിയ 'സ്ത്രീകൾ സഞ്ചാരികളാവുമ്പോൾ', കെ.എ. ബീനയുടെ

'യാത്ര എഴുത്തിന്റെ വഴികൾ' എന്നിവ സ്ത്രീയാത്രകളെക്കുറിച്ച് അറിവ് നൽകുന്നു.

ഗീതാഞ്ജലി കൃഷ്ണന്റെ 'പെൺയാത്രകൾ' (2017) എന്ന ഗ്രന്ഥം യാത്രാ വിവരണങ്ങളുടെ ചരിത്രം, സ്ത്രീ പുരുഷയാത്രാവിവരണങ്ങളുടെ താരതമ്യാത്മക പഠനം, എന്നീ സവിശേഷതകൾ ഉൾക്കൊള്ളുന്നു. എങ്കിലും സ്ത്രീയാത്രാവിവര ണങ്ങളുടെ ഒരു സമഗ്രമായ പഠനം അല്ല ഇത്.

ആനുകാലികങ്ങളിൽ യാത്രാവിവരണവുമായി ബന്ധപ്പെട്ട ചില എഴുത്തു കൾ വന്നിട്ടുണ്ട്. 1986 മെയ് ലക്കം 'ഭാഷാപോഷിണിയിൽ' യാത്രാവിവരണം മല യാളത്തിൽ എന്ന പേരിൽ എ.പി.പി. നമ്പൂതിരി എഴുതിയ ലേഖനം യാത്രാവിരണ ത്തിന്റെ സവിശേഷതകൾ സാമാന്യമായി വിവരിക്കുന്നു. സ്വാതന്ത്ര്യാനന്തരയാ ത്രാവിവരണങ്ങളെക്കുറിച്ചും, ഇതര രാജ്യങ്ങളിലേക്കുള്ള യാത്രാവിവരണത്തെക്കു റിച്ചും ഇതിൽ വിശദമാക്കുന്നു. 1998 ഫെബ്രുവരി ലക്കം ഭാഷാപോഷിണിയിൽ പി.എൻ.ദാസ് എഴുതിയ 'യാഥാർത്ഥ്യത്തിലേക്കൊരു വാതിൽ' എന്ന ലേഖനം യാത്രികന്റെ കാഴ്ചകളെയും നിരീക്ഷണങ്ങളെയും നിലപാടുകളെയും കുറിച്ച് വിശദമാക്കുന്നു. 1998 ഭാഷാപോഷിണി വാർഷിക പതിപ്പിലെ ഡി. സന്തോഷിന്റെ 'സഞ്ചാരത്തിന്റെ സാഹിത്യം' യാത്രയിലെ കാഴ്ചപ്പാടുകളെ വിശകലനം ചെയ്യു ന്നു. 1993 നവംബർ 11 ലക്കം ഗ്രന്ഥാലോകത്തിൽ 'സഞ്ചാരസാഹിത്യവും മലയാ ളവും' എന്ന പേരിൽ കെ.കെ. പെൻമേലേത്തിന്റെ ലേഖനവും, 2006 ജൂലൈ 9 ലക്കം മാധ്യമം ആഴ്ചപ്പതിപ്പിൽ വന്ന 'ഒരു നാടൻ പെൺകിടാവിന്റെ ലണ്ടൻയാത്ര' എന്ന ഉണ്ണി ആറിന്റെ ലേഖനവും യാത്രാവിവരണത്തിന്റെ സവിശേ ഷതകൾ ഉൾക്കൊള്ളുന്നു. 2009 ആഗസ്റ്റ് 3 ലക്കം വിജ്ഞാനകൈരളിയിൽ 'സഞ്ചാ രസാഹിത്യത്തിലെ ഉത്തരാധുനിക പ്രവണതകൾ' എന്ന കെ.ബിദൂറിന്റെ ലേഖനം യാത്രാവിവരണത്തിലെ സമകാലികസ്വഭാവം വ്യക്തമാക്കുന്നതോടൊപ്പം സഞ്ചാ രിയുടെ കാഴ്ചയുടെ സവിശേഷതകൾ കൂടി ഉൾക്കൊള്ളുന്നു.

2004 ജനുവരി 9 ലക്കം മലയാളം വാരികയിൽ ലോകസഞ്ചാരിയുടെ കണ്ണ്' എന്ന പി. പവിത്രന്റെ ലേഖനവും, 2012 ജൂലൈ ലക്കം വിജ്ഞാനകൈരളിയിൽ വി. വിനയകുമാറിന്റെ 'ഹിമാലയസഞ്ചാരവിവരണം മലയാളത്തിൽ' 2013 ഓണം വിശേഷാൽ പ്രതി ദേശാഭിമാനിയിൽ വന്ന ലേഖനങ്ങൾ, 2013 ഫിബ്രവരി 8 ലക്കം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന 'യാത്രയിലെ ദേശാന്തരങ്ങൾ' എന്ന ആഷാമേനോന്റെ ലേഖനം, യാത്രയുടെ വ്യത്യസ്ത വശങ്ങൾ വിശകലനം ചെയ്യുന്നു. 2015 ഏപ്രിൽ ലക്കം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'മരുമരങ്ങൾ' എന്ന ലേഖനത്തിൽ മുസാഫിർ അഹമ്മദ് സ്ത്രീയാത്രവിവരണങ്ങളെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്.

2009 ഏപ്രിൽ മെയ് ലക്കം ഗ്രന്ഥാലോകത്തിൽ 'സുഖയാത്രയ്ക്കിനിയും കാതങ്ങളേറെ' എന്ന സംഘസംവാദം റ്റിസി മറിയം തോമസിന്റെ 'ഇറങ്ങിനടപ്പ്' എന്ന പുസ്തകത്തെ വിശകലനം ചെയ്തുകൊണ്ട് യാത്രയിലെ സ്ത്രീസുരക്ഷിതത്വത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു.

1999 ഫിബ്രവരി ലക്കം ഗൃഹലക്ഷ്മിയിൽ 'യാത്രകളും ദുരിതങ്ങളും' എന്ന പേരിൽ റഹ്നയുടെ ലേഖനവും, 2012 മാർച്ച് 3 ലക്കം സംഘടിതയിൽ 'ദുരിതയാത്ര' എന്ന റെയ്ന തോമസിന്റെ ലേഖനവും ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് സ്ത്രീ നടത്തുന്ന യാത്രയിലെ ദുരിതങ്ങൾ വിവരിക്കുന്നു. 2012 ഏപ്രിൽ 4 ലക്കം സംഘടിതയിൽ 'പെൺസഞ്ചാരത്തിന്റെ സമരമുഖങ്ങൾ' എന്ന ആർ. ശ്രീലതാവർമ്മയുടെ ലേഖനം സ്ത്രീകളുടെ യാത്രാവേളയിലെ സുരക്ഷിതത്വത്തെ കുറിച്ചുള്ളതാണ്. 2014 ഡിസംബർ ലക്കം പച്ചക്കുതിരയിൽ 'പെണ്യാത്രകൾ' എന്ന പേരിൽ വന്ന ലേഖനം സ്ത്രീ യാത്രയുടെ സവിശേഷതകൾ ഉൾക്കൊള്ളുന്നു. 2014 ആഗസ്റ്റ് ലക്കം മാധ്യമം ആഴ്ചപ്പതിപ്പിൽ 'സ്ത്രീകൾ താണ്ടുന്ന ദൂരങ്ങൾ' എന്ന പേരിൽ ജാനകി എഴുതിയ ലേഖനങ്ങൾ, കെ.പി. സുമംഗല എഡിറ്റ് ചെയ്ത 'പെൺയാത്ര' എന്ന പുസ്തകത്തെ വിശകലനം ചെയ്യുന്നതോടൊപ്പം പെൺയാത്രയുടെ സമകാലിക മുഖം വ്യക്തമാക്കുന്നു.

2013 ഡിസംബർ 6 ലക്കം സംഘടിത 'പെൺയാത്ര' പതിപ്പാണ്. പെൺയാത്രകളുടെ സവിശേഷതകൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ അടങ്ങിയതാണ് ഇത്. 2013 സെപ്തംബർ-ഡിസംബർ 2 ലക്കം റിസർച്ച് ജേർണലിൽ 'സ്ത്രീയും പൊതുമണ്ഡലവും കോരപ്പുഴ വിലക്കിന്റെ തുടർച്ചകൾ' എന്ന സൗമ്യതോമസിന്റെ ലേഖനം സ്ത്രീയാത്രയേയും പൊതുഇടത്തേയും പ്രത്യയശാസ്ത്രപരമായി വിലയിരുത്തുന്നു. 2014 ജനുവരി ലക്കം വിജ്ഞാനകൈരളിയിൽ വന്ന 'സമീപകാഴ്ചയുടെ വ്യത്യസ്താനുഭവങ്ങൾ' എന്ന നിർമ്മലാ രാജഗോപാലിന്റെ ലേഖനവും സ്ത്രീയാത്രയുടെ സവിശേഷതകൾ വ്യക്തമാക്കുന്നവയാണ്. 2017 - ഒക്ടോബർ ലക്കം മാതൃഭൂമിയാത്രാ മാഗസിൻ വിവിധ മേഖലകളിൽപെടുന്ന സ്ത്രീകളുടെ യാത്രാനുഭവങ്ങൾ ഉൾക്കൊള്ളുന്നു.

ബ്രിട്ടീഷ് സാമൂഹ്യ ചരിത്രകാരിയായ Jane Robinson 1990 - ൽ എഴുതിയ *Wayword women* എന്ന ഗ്രന്ഥത്തിൽ പാശ്ചാത്യരായ ഏതാണ്ട് നാനൂറോളം സ്ത്രീയാത്രികരെക്കുറിച്ച് സൂചന നൽകുന്നുണ്ട്. ഈ പുസ്തകത്തിനുശേഷം വന്നിട്ടുള്ള *Unsuitable for Ladies : An Anthology of Women Travellers* എന്ന ഇവരുടെ തന്നെ ഗ്രന്ഥത്തിൽ പല ഇടങ്ങളിലേക്കായി വ്യത്യസ്തതരക്കാരായ സ്ത്രീകൾ നടത്തിയ യാത്രകളെ പഠനവിധേയമാക്കിയിരിക്കുന്നു. യാത്രയെ ഓരോ സ്ത്രീയും എപ്രകാരമാണ് ഉൾക്കൊള്ളുന്നതെന്നും ഗ്രന്ഥം സൂചന നൽകുന്നു. പുരുഷയാത്രകളിൽ നിന്ന് സ്ത്രീയാത്രകൾക്കുള്ള വ്യത്യാസവും പറഞ്ഞുവെയ്ക്കുന്നുണ്ട്. Indira Ghose- ന്റെ *Women Travellers in Colonial India: The power of the Female Gaze* എന്ന പുസ്തകം 19-ാം നൂറ്റാണ്ടിലെ ഇന്ത്യയെ കുറിച്ചുള്ള ഏതാനും ചില പാശ്ചാത്യ വനിതകളുടെ യാത്രാവിവരണസാഹിത്യത്തെ പഠനവിധേയമാക്കുന്നുണ്ട്. പാശ്ചാത്യരായ പുരുഷയാത്രികർ അതുവരെ നോക്കികണ്ടിരുന്നതിൽ നിന്നും വ്യത്യസ്തമായി സ്ത്രീനോട്ടങ്ങൾക്ക് മാത്രം സാധ്യമാവുന്ന രീതിയിലുള്ള വിവരണദൃശ്യങ്ങളുടെ വിശകലനവും വിമർശനവും മുന്നോട്ട്

വയ്ക്കുന്ന പ്രധാനപ്പെട്ട ഒരു ഗ്രന്ഥമാണിത്. Fanny Parks, Emily Eden Isabella Bird, Mary Billington എന്നിങ്ങനെ വ്യത്യസ്ത ചുറ്റുപാടിൽ നിന്നും വന്ന സ്ത്രീകളുടെ കൊളോണിയൽ കാലത്തെ, ഇന്ത്യാവീക്ഷണം തന്നെയാണ് ഈ പുസ്തകത്തിലെ പ്രധാന പ്രതിപാദ്യവിഷയം.

Shirley Foster ഉം Sara Mills ഉം സംയുക്തമായി എഡിറ്റ് ചെയ്ത *An Anthology of Womens Travel Writing* എന്ന ഗ്രന്ഥം വിക്ടോറിയൻ കാലത്തെ പാശ്ചാത്യരായ അനവധി സ്ത്രീയാത്രികരെ കുറിച്ച് വിവരം നൽകുന്നുണ്ട്. സാഹിത്യവും അറിവും സാഹസികതയും സമന്വയിപ്പിക്കുന്ന വ്യത്യസ്തങ്ങളായ സ്ത്രീ യാത്രകളെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നു. 1796-ൽ Mary Wollstonecraft സ്വീഡൻ, നോർവെ. ഡെൻമാർക്ക് എന്നിവിടങ്ങളിലേക്ക് നടത്തിയ യാത്രയുടെ വിവരണമായ *Residence in Sweeden, Norway and Denmark*', Isabella Bird -ന്റെ സാഹസികയാത്രയായ *A Lady's life in the Rocky Mountains* (1879) Mary Kigsley യുടെ *Full Tillt* (1965) Freya Stark -ന്റെ *Baghdad Sketches* (1937) എന്നിവയെല്ലാം ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന യാത്രാശകലങ്ങളാണ്. ഇത്തരത്തിൽ വ്യത്യസ്തമായ സ്ത്രീയാത്രകളുടെ സമന്വയമാണ് ഈ ഗ്രന്ഥം.

Peter Hulme, Tim Youngs എന്നിവർ ചേർന്ന് എഡിറ്റു ചെയ്ത Cambrdige Companion to travel Writing എന്ന ഗ്രന്ഥം യാത്രാവിവരണത്തിന്റെ ആധികാരിക കാര്യങ്ങൾ വിവരിക്കുന്നു. യാത്രാവിവരണം എന്ന സാഹിത്യശാഖയെക്കുറിച്ചുള്ള ലേഖനങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. Susan Bassnettനെപ്പോലുള്ള സൈദ്ധാന്തികന്റെ Travel Writing and Gender എന്ന ലേഖനം സ്ത്രീ യാത്രകളെയും വിവരണങ്ങളെയും കുറിച്ചുള്ള സമഗ്രമായ പഠനമാണ്. കൂടാതെ ഇരുപതാം നൂറ്റാണ്ടിലെ യാത്രികരായ Rosita Forbes, Freya Stark, Gertrude

Bell, Rebecca West എന്നിവരുടെയെല്ലാം യാത്രകളിലേക്ക് വെളിച്ചം വീശുകയും ചെയ്യുന്നുണ്ട്. സ്ത്രീയാത്രാവിവരണങ്ങൾ ഏത് വിധത്തിലാണ് സാഹിതീയവ്യവഹാരങ്ങളിൽ ഇടം പിടിക്കാതെ പോയതെന്നും അന്വേഷിക്കുന്നുണ്ട് ഈ ലേഖനത്തിൽ.

ഷൈമയുടെ 'യാത്രകൾ സ്കെച്ചുകൾ, ദർശനങ്ങൾ രവീന്ദ്രന്റെ തെരഞ്ഞെടുത്ത യാത്രാവിവരണകൃതികളെ മുൻനിർത്തിയുള്ള പഠനം' എന്ന എം.ഫിൽ പ്രബന്ധവും റിജിയുടെ 'യാത്രയും സാഹിത്യവും സി.വി.ശ്രീരാമന്റെ ചെറുകഥകളെ ആസ്പദമാക്കിയുള്ള പഠനം' എന്ന എം.എ. പ്രബന്ധവും കൃഷ്ണകുമാറിന്റെ മലയാളകവിതയിലെ 'യാത്രാബിംബങ്ങൾ ആറ്റൂർ രവിവർമ്മയുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം' (2008) ഷേർലി കുര്യന്റെ 'മലയാളത്തിലെ യാത്രാകാവ്യങ്ങൾ - ഒരു പഠനം' (2013) സിബു എം. ഈപ്പന്റെ 'പ്രയാണസങ്കല്പനം' ആധുനിക മലയാളകവിതയിൽ (2013) എന്നീ ഗവേഷണപ്രബന്ധങ്ങളും യാത്രയെക്കുറിച്ച് പരാമർശങ്ങളുള്ള ഭാഗികപഠനങ്ങളാണ്. പക്ഷെ ഇതിലൊന്നും തന്നെ സ്ത്രീകളുടെ യാത്രാവിവരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഗവേഷണ പ്രബന്ധങ്ങളിൽ യാത്രാവിവരണത്തെക്കുറിച്ചും പരാമർശിക്കുന്നില്ല. യാത്രയെക്കുറിച്ച് ഉപരിപ്ലവമായി സ്പർശിച്ചു പോകുന്നതേയുള്ളൂ. പുസ്തകങ്ങൾക്കും ലേഖനങ്ങൾക്കും പുറമെ വാരാന്തപ്പതിപ്പുകളിൽ വന്ന ഫീച്ചറുകളിലും യാത്രയെക്കുറിച്ച് ചില അറിവുകൾ ലഭ്യമാണ്.

**പഠനപ്രസക്തി**

മേൽപ്പറഞ്ഞ പഠനങ്ങളൊന്നും കാഴ്ചപ്പാടിന്റെയും സമീപനത്തിന്റെയും അടിസ്ഥാനത്തിൽ സ്ത്രീവാദപരമായി സ്ത്രീയാത്രാവിവരണങ്ങളെ പഠിക്കുന്നില്ല. അതുതന്നെയാണ് ഈ പഠനത്തെ പ്രസക്തമാക്കുന്നത്. കൂടാതെ, സ്ത്രീകളുടെ യാത്രയും അനുഭവവും എപ്രകാരമാണ് യാത്രാവിവരണസാഹിത്യത്തിൽ അനന്യമാകുന്നത് എന്നും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ എപ്രകാരം സാമൂഹിക

സ്വാതന്ത്ര്യം നേടുന്നു എന്നത്  പഠിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതും ഈ പഠനത്തെ പ്രസക്തിയുള്ളതാക്കുന്നു.

**രീതിശാസ്ത്രം**

സ്ത്രീ യാത്രാവിവരണഗ്രന്ഥങ്ങളെ സ്ത്രീവാദപരമായി വിലയിരുത്തുകയും അതിന്റെ ആഖ്യാനസവിശേഷതകൾ സവിശേഷമായി അപഗ്രഥിക്കുകയും ചെയ്യുന്ന രീതിയാണ് സ്വീകരിക്കുന്നത്.  യാത്രാവിവരണഗ്രന്ഥങ്ങളെ അവയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിക്കുകയും വിശകലനം ചെയ്യുകയും നിഗമനങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു.

**പ്രബന്ധസ്വരൂപം**

**'സ്ത്രീ, സഞ്ചാരം, സാഹിത്യം മലയാളത്തിലെ സ്ത്രീകളുടെ യാത്രാവിവരണഗ്രന്ഥങ്ങളെ മുൻനിർത്തി ഒരു പഠനം'** എന്ന ഈ ഗവേഷണപ്രബന്ധത്തിൽ ആമുഖം ഉപസംഹാരം, അനുബന്ധം എന്നിവയ്ക്കു പുറമെ നാല് അധ്യായങ്ങളാണ് ഉള്ളത്.

'യാത്രാവിവരണം ചരിത്രവും വിശകലനവും' എന്ന ഒന്നാമത്തെ അധ്യായത്തിൽ യാത്രയുടെ ചരിത്രത്തേയും സഞ്ചാര സാഹിത്യത്തിന്റെ ഉത്ഭവത്തേയും വിവിധ ഘട്ടങ്ങളിലൂടെയുള്ള വളർച്ചയേയുമാണ് പ്രതിപാദിക്കുന്നത്. യാത്ര എന്ന പദത്തിന്റെ നിഷ്പത്തിയും അർത്ഥവിശകലനവും യാത്രയുടെ ചരിത്രവഴികൾ, യാത്രയും സമൂഹവും, യാത്രയും സാഹിത്യവും തമ്മിലുള്ള ബന്ധം, യാത്രാവിവരണസാഹിത്യത്തിന്റെ പ്രത്യേകതകൾ തുടങ്ങിവയാണ് പ്രധാനമായി ഇവിടെ പരാമർശിച്ചത്.

ഓരോ കാലഘട്ടത്തിലും യാത്ര രേഖപ്പെടുത്തിവെച്ചത് വ്യത്യസ്ത തലത്തിലായിരുന്നു എന്ന് മനസ്സിലാക്കാൻ മൂന്ന് കാലഘട്ടങ്ങളായി യാത്രാവിവരണത്തെ തിരിക്കുകയും വിശകലനം നടത്തുകയും ചെയ്യുന്നു. ഇപ്രകാരം യാത്രാവിവരണ

ത്തിന്റെ ചരിത്രം വിശകലനം ചെയ്യാനും ചരിത്രത്തിൽ ഇടം കിട്ടാതെ പോയ സ്ത്രീയാത്രാവിവരണകൃതികളുടെ പ്രാധാന്യം അപഗ്രഥിക്കാനുമാണ് ഒന്നാം അധ്യായത്തിൽ ശ്രമിച്ചിട്ടുള്ളത്.

'സ്ത്രീ- ചരിത്രം- യാത്രാവിവരണം, വിവരണവും സൈദ്ധാന്തിക സമീപനവും' എന്ന രണ്ടാമധ്യായത്തിൽ സ്ത്രീ ചരിത്രപരമായ അന്വേഷണം, സ്ത്രീവാദം, ആഖ്യാനം, സ്വത്വം എന്നിവയുടെ ചരിത്രവും സൈദ്ധാന്തിക നിലപാടുകളും ചർച്ച ചെയ്യുന്നതോടൊപ്പം കേരളത്തിലെ സ്ത്രീയവസ്ഥക്ക് നവോത്ഥാനത്തിന്റെയും സാമൂഹിക രാഷ്ട്രീയ സാഹിത്യ പ്രസ്ഥാനങ്ങളുടേയും പ്രവർത്തനങ്ങൾ മൂലമുണ്ടായ പരിവർത്തനങ്ങളും വിശകലനം ചെയ്യുന്നു.

സ്ത്രീകൾ സ്വതന്ത്രമായി സാഹിത്യ സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ തുടങ്ങിയതോടുകൂടി സമൂഹത്തിലും സ്ത്രീ നവോത്ഥാനവും ജീവിതവും പൊതുസംരഭമായി മാറി. താൻ എന്താണെന്നും തനിക്കുചുറ്റുമുള്ള ലോകമെന്തെന്നും തിരിച്ചറിയുക വഴി പാരമ്പര്യാധിഷ്ഠിതമായ സ്വത്വത്തെ ഒഴിവാക്കിക്കൊണ്ട് സ്വന്തം സ്വത്വത്തിലേക്കുള്ള തിരിച്ചുപോക്കായിട്ടാണ് സ്ത്രീയാത്രയെ മനസ്സിലാക്കാൻ സാധിച്ചത്. കൂടാതെ സ്ത്രീയാത്രാവിവരണങ്ങളുടെ അടിസ്ഥാനം എന്നു പറയുന്നത് സ്ത്രീ സ്വത്വബോധത്തിന്റെ അന്തർധാരകളാണ് എന്നും ഈ അധ്യായത്തിൽ വിശദമാക്കാൻ ശ്രമിക്കുന്നു.

'സ്ത്രീയാത്രാ വിവരണങ്ങൾ സാമാന്യ അവലോകനം' എന്ന മൂന്നാം അധ്യായത്തിൽ സ്ത്രീയാത്രാ രചനയിൽ സംഭവിച്ച പരിവർത്തനത്തെ അപഗ്രഥിക്കുകയും ലഭ്യമായ കൃതികളെ കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ അവലോകനം നടത്തുകയും ചെയ്യുന്നു. യാത്രയെ കേവലം സാമൂഹികമായ ഒരു പ്രക്രിയ ആയിട്ടാണ് ആദ്യകാലഘട്ടത്തിലെ സ്ത്രീകൾ കണ്ടിരുന്നത്. വൈയക്തികമോ സ്വത്വപരമായോ ആയ നിർമ്മിതിയുടെയോ തിരിച്ചറിവിന്റേയോ മാതൃകയാക്കി 1950 കൾക്കു മുമ്പുള്ള യാത്രാവിവരണകൃതികളെ പരാമർശിക്കുക സാധ്യമല്ല.

എന്നാൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലേക്ക് പ്രവേശിച്ചപ്പോൾ സ്ത്രീകളിൽ ചിലർക്കെങ്കിലും സാമ്പത്തിക സ്വാതന്ത്ര്യം ലഭിച്ചതിന്റെ ഫലമായി സ്ത്രീ ഒറ്റപ്പെട്ടും കൂട്ടായും യാത്ര ചെയ്യാൻ തുടങ്ങി. യാത്രയിലും യാത്രാവിവരണത്തിലും പ്രധാനമായും ഒരു ഏകീകരണ സ്വഭാവം 2000-ത്തിന് ശേഷമുള്ള കൃതികളിൽ കാണാൻ സാധിക്കുന്നുണ്ട്. ഇപ്രകാരം കാലഘട്ടത്തിലൂടെ വികസിച്ചു വന്ന സ്ത്രീയാത്രാവിവരണങ്ങളെ സാമാന്യമായി അവലോകനം ചെയ്യുകയാണ് ഈ അധ്യായത്തിൽ. അതിനായി അതതു കാലഘട്ടത്തിലെ കൃതികൾ പഠനവിധേയമാക്കുന്നു.

'സ്ത്രീയാത്രാവിവരണങ്ങൾ എഴുത്തും സമീപനവും' എന്നതാണ് നാലാം അധ്യായം. എഴുത്തിലും സമീപനത്തിലും സ്ത്രീയാത്രാവിവരണങ്ങൾ എങ്ങനെ വ്യത്യസ്തമാവുന്നു എന്ന് തെരെഞ്ഞെടുത്ത കൃതികളെ അവലംബമാക്കി വിശകലനം ചെയ്യുകയാണ് ഈ അധ്യായത്തിൽ. അതിനായി തീർത്ഥയാത്ര, അനുയാത്ര, ഒറ്റയ്ക്കുള്ളയാത്ര, ഔദ്യോഗികയാത്ര, സംഘയാത്ര എന്നിങ്ങനെയുള്ള വിഭാഗങ്ങളിൽപ്പെടുന്ന കൃതികളെ സാമാന്യമായി അപഗ്രഥിക്കുന്നു. കൂടാതെ രാജനന്ദിനിയുടെ 'തീർത്ഥയാത്ര', പി. വത്സലയുടെ 'വേറിട്ടൊരു അമേരിക്ക', സുജാതാദേവിയുടെ 'കാടുകളുടെ താളം തേടി', മാധവിക്കുട്ടിയുടെ 'കേരള സഞ്ചാരം' കെ. എ. ബീനയുടെ 'ചുവടുകൾ', അബ്ദുൾ ലത്തീഫ് എഡിറ്റ് ചെയ്ത 'കണ്ടെടുക്കാത്ത പറുദീസകൾ' എന്നിവ പ്രത്യേകം പഠനത്തിന് വിധേയമാക്കുന്നു. വ്യത്യസ്ത വിഭാഗത്തിൽപ്പെടുന്ന ഈ കൃതികൾ എഴുത്തിലും സമീപനത്തിലും എന്ത് വ്യതിരിക്തതയെയാണ് ഉൾക്കൊള്ളുന്നത് എന്ന് ആഖ്യാനത്തിന്റെയും സ്ത്രീവാദത്തിന്റെയും സൈദ്ധാന്തിക വശം വെച്ച് പഠിക്കുകയും ചെയ്യുന്നു.

മറ്റ് സർഗ്ഗാത്മക സാഹിത്യത്തിൽ കാണുന്നതുപോലുള്ള നിരന്തരമായ സ്ത്രീസാന്നിധ്യം യാത്രാവിവരണത്തിൽ കാണുന്നില്ല. അതിന് കാരണം യാത്രയാണ് യാത്രാവിവരണമെഴുത്തിന്റെ പ്രാഥമിക തലം എന്നതാണ്. എങ്കിലും കാല

ഘട്ടങ്ങൾക്കനുസരിച്ച് വികസിച്ചു വന്ന യാത്രാപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളും യാത്രാനുഭവങ്ങൾ രേഖപ്പെടുത്താൻ തുടങ്ങി. ഒറ്റയ്ക്കും സംഘമായും, അനുയാത്രയായും, ഔദ്യോഗികയാത്രയായും ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഒട്ടേറെ യാത്രകൾ നടത്തി. യാത്രയുടെ സ്വഭാവത്തിലുള്ള വ്യത്യാസത്തിനനുസരിച്ച് യാത്രാവിവരണത്തിന്റെ ആഖ്യാനത്തിലും വ്യത്യസ്തകൾ പ്രകടമാണ്.

യാത്രയിലെ ഓരോ കാഴ്ചയും വ്യത്യസ്ത വ്യക്തികളിൽ വ്യത്യസ്ത അനുഭവമാണുണ്ടാക്കുന്നത്. യാത്രയും അതിന്റെ ഫലമായുണ്ടാകുന്ന യാത്രാവിവരണവും രൂപപ്പെടുന്ന രണ്ട് ധ്രുവങ്ങളാണ് സമീപനവും അതിന്റെ നിർവ്വഹണവും. സമീപനത്തിൽ സ്വതസിദ്ധവും സ്വത്വാത്മകവുമായ കാഴ്ചപ്പാടുകളുടെ സ്വാധീനം പ്രകടമാണ്. പ്രകടനത്തിലാവട്ടെ ആർജ്ജിതവും ലഭ്യവുമായ സ്ത്രൈണ മികവുകളുടെ പ്രതികരണവുമാണുള്ളത്. ഇത്തരത്തിൽ സ്ത്രീ യാത്രാ വിവരണത്തിന്റെ എഴുത്തും സമീപനവും സ്ത്രീ സ്വത്വത്തിന്റെ സ്വീകരണ പ്രതികരണ തലങ്ങളുടെ മികച്ച സർഗ്ഗാത്മക ഉദാഹരണങ്ങളായിത്തീരുന്നു.

നാല് അധ്യായങ്ങളിലായി നടത്തിയ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും ക്രോഡീകരിക്കുകയാണ് ഉപസംഹാരത്തിൽ ചെയ്യുന്നത്. പ്രസിദ്ധീകരണം അടിസ്ഥാനമാക്കി ക്രമീകരിച്ച സ്ത്രീയാത്രാവിവരണങ്ങളുടെ പട്ടികയും പ്രബന്ധത്തിൽ പഠന വിഷയമാക്കിയ സ്ത്രീയാത്രികരായ കെ.എ ബീനയുമായും മൈന ഉമൈബാനുമായും നടത്തിയ അഭിമുഖങ്ങളും അനുബന്ധമായി കൊടുത്തിരിക്കുന്നു.

# അധ്യായം 1

# സഞ്ചാരസാഹിത്യം – കാഴ്ചപ്പാടും വിശകലനവും

## 1.1 യാത്ര സമാന്യനിരീക്ഷണം

മനുഷ്യനെ സാംസ്കാരിക ജീവിയായി പരിണമിപ്പിച്ചതിൽ യാത്രക്ക് വലിയ പങ്കുണ്ട്. മനുഷ്യേതര ജീവികളിലും സഞ്ചാരം എന്ന പ്രക്രിയ നടക്കുന്നുണ്ട്. മൃഗങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും ഭക്ഷണം, താമസം, സുരക്ഷ എന്നതിൽ കവിഞ്ഞ് സൗന്ദര്യാത്മകവും സാംസ്കാരികവുമായ മറ്റൊന്നിലേക്കും യാത്രാനുഭവം കൊണ്ട് നേട്ടങ്ങളുണ്ടായിട്ടില്ല. ചരിത്രാതീതകാലം മുതൽ മനുഷ്യൻ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയ്തിട്ടുണ്ട്. അത് പക്ഷേ കേവലം ജൈവികാവശ്യങ്ങൾക്ക് വേണ്ടിയുള്ളതായിരുന്നു. പിൽക്കാലത്ത് അതിൽ കവിഞ്ഞ ചില ലക്ഷ്യങ്ങൾ വ്യക്തിയ്ക്കും സമൂഹത്തിനും യാത്രകൾ കൊണ്ട് കൈവരിക്കാൻ സാധിച്ചു. രാഷ്ട്രീയം, സാമ്പത്തികം, സാസ്കാരികം, വൈജ്ഞാനികം എന്നിങ്ങനെ വിവിധ പരിപ്രേക്ഷ്യത്തിലേക്ക് യാത്ര പരിണമിച്ചത് കാലങ്ങൾക്ക് ശേഷമാണ്.

ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്കുള്ള ചലനമാണ് യാത്രയെങ്കിലും യാത്രയുടെ ലക്ഷ്യങ്ങൾക്കനുസരിച്ച് യാത്രാനുഭവവും വ്യത്യസ്തമാവുന്നു. ഓരോ കാലത്തിനനുസരിച്ച് യാത്രയുടെ സ്വഭാവവും മാറി. ആദ്യകാലത്ത് മനുഷ്യൻ കരമാർഗ്ഗമായിരുന്നു യാത്ര ചെയ്തിരുന്നത്. പിന്നീട് ജലമാർഗ്ഗമായും പിൽക്കാലത്ത് വായുമാർഗ്ഗമായും യാത്ര പരിണമിച്ചു. സാങ്കേതിക വികാസം യാത്രക്ക് പുതിയ മാനങ്ങൾ കൈവരുത്തി.

### 1.1.1 യാത്ര : നാനാർത്ഥങ്ങൾ

'യാത്ര' എന്ന പദത്തിന് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കുള്ള പോക്ക് എന്നാണർത്ഥം. 'ചര്' എന്ന സംസ്കൃതധാതുവിൽ നിന്നാണ് ചരിക്കുക

എന്ന ക്രിയാപദത്തിന്റെ നിഷ്പത്തി.  വടക്കെ ഇന്ത്യയിൽ 'യാത്ര' എന്നത് ഒരു കലാരൂപമാണ്. യാത്രയ്ക്ക് ശബ്ദതാരാവലിയിൽ ''ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് പോകൽ, പുറപ്പാട്, സഞ്ചാരം, തീർത്ഥയാത്ര, ഗമനം, പ്രസ്ഥാനം, ആഘോഷം, ദേശാടനം എന്നിങ്ങനെ അർത്ഥം നൽകുന്നു.''[1]  മലയാളം, ഇംഗ്ലീഷ് നിഘണ്ടുവിൽ ''സഞ്ചാരം, പുറപ്പാട് പോക്ക്, ഗതി, travelling, journey, settingout, forward movement, path, course''[2] എന്നിങ്ങനെയാണർത്ഥം.

കേരളഭാഷാ നിഘണ്ടുവിൽ യാത്ര എന്ന പദത്തിന് ''പോകൽ, ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് മാറിപ്പോകൽ, സഞ്ചാരം, പുറപ്പെടൽ, പുറപ്പാട് ദേശാടനം, തീർത്ഥയാത്ര, ഘോഷയാത്ര, സൈന്യങ്ങളുടെ സംഘടിതമായ നീക്കം, അന്വേഷ ണാർത്ഥമുള്ള സഞ്ചാരം, കാലക്ഷേപം, സഞ്ചാരമാർഗ്ഗം, ഉത്സവാഘോഷം, ബംഗാ ളിലെ ഒരു നാടോടികലാരൂപം, ജാത്ര, കേരളത്തിലെ ഒരു കലാരൂപം, യാത്രാക്കളി, ദേശാചാരം''[3] എന്നിങ്ങനെ അർത്ഥ കല്പന ചെയ്തിരിക്കുന്നു.

ഇംഗ്ലീഷ് ഭാഷയിലും യാത്രയുമായി ബന്ധപ്പെട്ട പദങ്ങൾ വിഭിന്നങ്ങളാണ്. Journey, Voyage, Pilgrimage, travel, path എന്നിങ്ങനെ വിവിധ പദങ്ങൾ യാത്ര എന്ന പരികല്പന ഉൾക്കൊള്ളുന്നു.  ഇവയ്ക്ക് വ്യത്യസ്തങ്ങളായ അർത്ഥ മാണുള്ളത്.

| | | |
|---|---|---|
| "Journey | - | an act of travelling from one place to another |
| Voyage | - | lone one by sea of in space |
| Pilgrimage | - | Pilgrim's journey |
| Travel | - | Go from one place to another, go from place to place as sales person. |
| Path | - | Footway, track, line along which person of thing moves |

ഇപ്രകാരം യാത്ര എന്ന പദത്തിന് വ്യത്യസ്ത അർത്ഥങ്ങളാണുള്ളത്.''[4] ഈ അർത്ഥകൽപനകളെല്ലാം തന്നെ മനുഷ്യകേന്ദ്രീകൃതമാണ്. അതിന് കാരണം മനുഷ്യന്റെ വൈവിധ്യ പൂർണമായ യാത്രാനുഭവങ്ങളാണ്. സാമാന്യമായ അർത്ഥ ത്തിൽ ഒരിടത്തുനിന്നും മറ്റൊരിടത്തേക്കുള്ള ചലനപ്രക്രിയയാണ് യാത്ര.

**1.1.2 യാത്രയും സഞ്ചാരവും**

സഞ്ചാരം, യാത്ര എന്നിങ്ങനെ വ്യത്യസ്ത പദങ്ങൾ ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും സൂക്ഷ്മാർത്ഥത്തിൽ ഇവ രണ്ടും വിഭിന്നമാണ്. സ്വതന്ത്രവും വ്യവസ്ഥാപിതമല്ലാത്തതുമായ ചലനങ്ങളെ സഞ്ചാരം എന്ന പദം കൊണ്ട് അർത്ഥമാക്കാം. അതായത് ജൈവികമായ ആവശ്യാർത്ഥം ജീവിവർഗ്ഗ ങ്ങൾ ഒരു ദേശം വിട്ട് മറ്റൊരു ദേശത്തിലേക്ക് ചേക്കേറുന്നതാണ് സഞ്ചാരം. ഇത്തരം സഞ്ചാരങ്ങൾ കേവലമായ ജീവിതാവശ്യങ്ങൾക്കുവേണ്ടിയാണ്. അതിൽ കവിഞ്ഞ ഉദ്ദേശ്യമൊന്നും ഇത്തരം ചലനങ്ങൾക്ക് ഉണ്ടായിരുന്നില്ല. നിലനില്പിന്റെ ആവശ്യാനുസരണം മൃഗങ്ങൾ ഒരു പ്രദേശത്തുനിന്നും മറ്റൊരു പ്രദേശത്തേക്ക് ദീർഘമായോ ലഘുവായോ സഞ്ചരിക്കാറുണ്ട്.

ദേശാടനപക്ഷികൾ ദീർഘമായി സഞ്ചരിക്കുന്നു. അവയ്ക്കുള്ള സൂക്ഷ്മ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ജീവിതോപാധി തേടിയാണ് അവർ സഞ്ചരിക്കു ന്നത്. സ്വതന്ത്രവും പൂർവ്വനിശ്ചിതമല്ലാത്തതുമായ യാത്രാപഥമുണ്ട് അവയുടെ സഞ്ചാരത്തിന്. മൃഗങ്ങളും ഉപജീവനം തേടി സഞ്ചരിക്കുകയാണ് ചെയ്യുന്നത്. സാംസ്കാരികമോ സാമൂഹികമോ സൗന്ദര്യാത്മകമോ ആയ യാതൊരു മാറ്റവും മൃഗങ്ങളുടെ യാത്രയിൽ നിന്ന് ലഭിച്ചിട്ടില്ല. വികസിച്ചുവന്ന സാങ്കേതികവിദ്യകളും ആധുനികമായ ജീവിതസൗകര്യങ്ങളും യാത്രയെ സ്വാധീനിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തിയും സമൂഹവും യാത്രകളെ ചിട്ടപ്പെ ടുത്തിയിട്ടുണ്ട്. ആധുനിക കാലത്തെ യാത്രകൾ വ്യവസ്ഥാപിതവും പൂർവ്വ നിശ്ചി തവുമാണ്. ഇത്തരം യാത്രകൾ ഭൗതികേതരവും ജൈവികേതരവും ആയ അവ

സ്ഥകളെ മറികടക്കുന്നുണ്ട്. അതുകൊണ്ടാണ് മനുഷ്യന്റെ യാത്രകൾ അവരുടെ സംസ്കാരത്തേയും ദേശീയബോധത്തേയും അന്തർദേശീയബോധത്തേയും ചിട്ട പ്പെടുത്തുന്നത്. യാത്രകൾ സഞ്ചാരത്തിൽനിന്ന് വിഭിന്നമാകുന്നത് മുൻകൂട്ടി നിശ്ച യിച്ചതുകൊണ്ടും വ്യവസ്ഥാപിതമായതുകൊണ്ടുമാണ്.

വ്യവസ്ഥാപിതമാക്കപ്പെട്ട പൂർവ്വ നിശ്ചിതമായ സഞ്ചാരമാണ് യാത്ര. സാങ്കേതികമായ സാധ്യതകളെ ബോധപൂർവ്വം മനുഷ്യസമൂഹം ഉപയോഗിച്ചതു കൊണ്ട് ലക്ഷ്യോന്മുഖമായി നടത്തുന്ന യാത്രകളെല്ലാം ഇതിൽ ഉൾപ്പെടുന്നു.

### 1.1.3 യാത്രയുടെ ചരിത്രം

പ്രപഞ്ചത്തിന്റെ അടിസ്ഥാനപ്രമാണമാണ് ചലനം. ഇത് പ്രപഞ്ചത്തിലെ സകലതിനേയും മാറ്റി മറിക്കുന്നു. മനുഷ്യോൽപ്പത്തി മുതൽ യാത്രയും ആരംഭി ച്ചുവെന്ന് അനുമാനിക്കാം. പ്രാചീന മനുഷ്യർ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്ന തിനായിരുന്നു യാത്ര ചെയ്തിരുന്നത്. ഋതുക്കൾക്കനുസരിച്ച് ലഭിച്ചിരുന്ന സസ്യ ങ്ങളും കായ്കനികളും സമ്പാദിക്കുന്നതിനും പ്രകൃതിക്ഷോഭങ്ങളിൽനിന്ന് രക്ഷ നേടുന്നതിനുമായി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് അവർ സഞ്ചരിച്ചു കൊണ്ടിരുന്നു. ''ഭക്ഷ്യസമ്പാദനം എന്ന ലക്ഷ്യമേ ചരിത്രാതീതകാലത്തെ മനു ഷ്യന്റെ സഞ്ചാരത്തിനു പിന്നിലുണ്ടായിരുന്നുള്ളൂ. പ്രാചീനശിലായുഗമനുഷ്യൻ ഉപഭോക്താവ് മാത്രമായിരുന്നു. ഉല്പാദകനായിരുന്നില്ല. അതിനാൽ ഒരിടത്തെ ഭക്ഷണ സാമഗ്രികൾ അവസാനിക്കുമ്പോൾ അടുത്ത ദിക്കിലേക്ക് അവന് യാത്ര ചെയ്യേണ്ടി വന്നു. വേട്ടയാടൽ, ഫല-മൂലശേഖരണം, പാർപ്പിടസൗകര്യം, അനുകൂ ലമായ കാലാവസ്ഥ എന്നിങ്ങനെ നിലനിൽപ്പിനു വേണ്ടിയുള്ള യാത്രയിൽ പർവ്വത ങ്ങളും മണലാരണ്യങ്ങളും ഘോരവനങ്ങളും നദികളും അവന് വിഘാതമായിരു ന്നില്ല.''[5]

കൃഷി ചെയ്യാൻ ആരംഭിച്ചതോടുകൂടി നവീനശിലായുഗ മനുഷ്യർ ഉല്പാദ നത്തിൽ നൂതനമാർഗ്ഗങ്ങൾ കണ്ടെത്തി. മനുഷ്യന് ഒരിടത്ത് സ്ഥിരമായി താമസി

ക്കേണ്ടി വന്നു. അങ്ങനെ ഒരു പുതിയ ജീവിതസംസ്കാരം അവിടങ്ങളിൽ ഉടലെടുത്തു. നിരന്തരമായയാത്രക്ക് അല്പം ശമനമുണ്ടായെങ്കിലും കൃഷിയുടെ വിളവിൽ വരുന്ന വ്യത്യാസം മൂലവും കന്നുകാലികളെ പോറ്റിവളർത്തുന്നതിന്റെ ഭാഗമായും അവർക്ക് സഞ്ചാരം വേണ്ടിവന്നു. ഭൂമിയുടെ ഫലപുഷ്ടിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റം, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവ കാടും മേടും കടന്ന് സഞ്ചരിക്കാൻ മനുഷ്യനെ പ്രേരിപ്പിച്ചു. ഈ സഞ്ചാരം മനുഷ്യനെ സാംസ്കാരികജീവിയായി പരിണമിപ്പിക്കുകയും ചെയ്തു. കൃഷിക്കാവശ്യമായ നൂതനവളപ്രയോഗങ്ങൾ കണ്ടെത്തുകയും കാർഷിക രംഗത്ത് അഭിവൃദ്ധി ഉണ്ടാവുകയും കൈമാറ്റ വ്യാപാരം തുടങ്ങുകയും ചെയ്തത് യാത്രക്കും സഹായകമായി. വിൽപ്പനചരക്കുകൾ കൊണ്ടുപോവുന്നതിനായി നവീനശിലായുഗമനുഷ്യൻ മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. ചക്രത്തിന്റെ കണ്ടുപിടിത്തം സഞ്ചാരത്തിൽ തന്നെ മാറ്റങ്ങൾ സൃഷ്ടിച്ചു.

കപ്പലിന്റെ കണ്ടുപിടുത്തം ജലയാത്രകൾക്ക് സഹായകമായി. ചെറുവള്ളങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തിയത് ജലയാത്രയ്ക്ക് സഹായമൊരുക്കി. 17, 18 നൂറ്റാണ്ടുകളോടെ വിശാലമായ റോഡുകൾ നിർമ്മിക്കപ്പെട്ടു. 19–ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ തീവണ്ടിയുടെ കണ്ടുപിടുത്തം യാത്രയെ മാറ്റി മറിച്ചു. ചുരുങ്ങിയ ചെലവിലുള്ള തീവണ്ടി യാത്ര സാധ്യമായതിന്റെ ഫലമായി വിദ്യാഭ്യാസത്തിനും മറ്റാവാശ്യങ്ങൾക്കുമായി സ്ത്രീകളും യാത്ര ചെയ്യാൻ തുടങ്ങി. 1909–ഓടു കൂടി വിമാനയാത്രയ്ക്കും തുടക്കമായി. കരമാർഗ്ഗമായും കടൽമാർഗ്ഗമായും യാത്ര ചെയ്യാനുള്ള സൗകര്യം മനുഷ്യന് ലഭ്യമായതോടെ യാത്രയുടെ വേഗത കൂടുകയും അത് ദൂരവും സമയവും തമ്മിലുള്ള അന്തരം കുറയ്ക്കുകയും ചെയ്തു.

യാത്ര ഓരോ വ്യക്തിയിലും വ്യത്യസ്തമായ അനുഭവങ്ങളാണ് ഉണ്ടാക്കുന്നത്. അത് ഓരോരുത്തരുടേയും ചിന്തയേയും ലക്ഷ്യത്തേയും ആശ്രയിച്ചിരിക്കുന്നു.

യാത്ര ചെയ്യുമ്പോഴുള്ള നൂതനാനുഭവങ്ങൾ വ്യക്തിത്വവികസനത്തിന് പ്രേരകമാവുന്നു. ഇങ്ങനെ കാലം മാറി വന്നതോടെ മനഷ്യന് യാത്ര ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നായി മാറ്റുകയും ചെയ്തു.

### 1.1.4 യാത്ര – സാമൂഹികതലം

മനുഷ്യന്റെ ഉല്പത്തി മുതലുള്ള സുദീർഘമായ മാനവചരിത്രം പരിശോധിച്ചാൽ മനുഷ്യൻ തന്റെ വിജയമുറപ്പിച്ചത് നിരന്തരമായി നടത്തിയ യാത്രകളിലൂടെയാണ് എന്ന് കാണാം. സമൂഹം പരിഷ്കൃതമാവാൻ തുടങ്ങിയതോടുകൂടി ഗ്രാമങ്ങൾ നഗരങ്ങളായിത്തീർന്നു. വ്യവസായവത്ക്കരണത്തിന്റെ ഭാഗമായി മുതലാളിത്ത വ്യവസ്ഥിതിയും സമാന്തരമായി വളർന്നു വന്നു. തൊഴിലാളികളായും തൊഴിലന്വേഷകരായും ഈ നഗരകേന്ദ്രങ്ങളിൽ വിവിധ മേഖലയിലെ വിദഗ്ധരായ മനുഷ്യർ ഒത്തുകൂടിയ ഈ കൂട്ടായ്മയിൽ വ്യത്യസ്ത ചിന്താപദ്ധതികൾ ഉരുത്തിരിഞ്ഞു. ഉല്പാദകരും കച്ചവടക്കാരും ഉദ്യോഗസ്ഥരുമെല്ലാം അടങ്ങുന്ന നാഗരിക ജനത പുതിയ ഒരു സംസ്കാരത്തിന് ജന്മമേകി.

സാമൂഹികമായി കൈവന്ന ഈ മാറ്റങ്ങൾ യാത്രയിലും പ്രതിഫലിച്ചു. യാത്രയ്ക്ക് വഴിയും വാഹനവും പ്രധാനമാണ്. ആധുനികസംവിധാനമുള്ള വഴികളും വാഹനങ്ങളും അതിനനുസരിച്ചുള്ള മറ്റു സൗകര്യങ്ങളുമാണ് യാത്രയെ സുഗമവും സുരക്ഷിതവുമാക്കുന്നത്.

''വ്യവസായ വിപ്ലവത്തിന്റെ ഫലമായി ധാരാളമായി ഉല്പാദിപ്പിക്കപ്പെട്ടിരുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പുതിയ കമ്പോളങ്ങൾ തേടി യൂറോപ്യൻ രാഷ്ട്രങ്ങൾ പ്രയാണം ആരംഭിച്ചു. ഏഷ്യയിലും ആഫ്രിക്കയിലും അമേരിക്കയിലും ആസ്ട്രേലിയയിലും അവർ കോളനികൾ സ്ഥാപിച്ചു.''[6] മാർക്സും ഏംഗൽസും ഈ സാഹചര്യം കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ വ്യക്തമാക്കുന്നുണ്ട്.

വിജ്ഞാനശമനത്തിനുവേണ്ടി ഹ്യുയാൻസാങ്ങിനേയും ഫാഹിയാനേയും പോലുള്ള പൗരസ്ത്യസഞ്ചാരികൾ ദേശാടനം നടത്തി. യൂറോപ്യൻ നാടുകളിൽ

നിന്നും ധാരാളം യാത്രികർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സഞ്ചരിച്ചു. അങ്ങനെ അവർ പുതിയ രാജ്യങ്ങളേയും ആളുകളേയും കണ്ടെത്തി. കൊളംബസ് അമേരിക്കയിലും ക്യാപ്റ്റൻകുക്ക് ആസ്ട്രേലിയയിലും വാസ്കോഡഗാമ ഇന്ത്യ യിലും എത്തിച്ചേർന്നത് ഈ യാത്രകളുടെ ഫലമാണ്. ഇത്തരം യാത്രകൾ സാമൂ ഹിക സാംസ്കാരിക രംഗങ്ങളിൽ വൻ മാറ്റത്തിന് വഴി തെളിയിച്ചു.

വൈദേശികാധിപത്യവും രാജവാഴ്ചയും നിലനിന്നിരുന്ന കാലഘട്ടത്തിൽ യാത്രകൾ പിടിച്ചടക്കലിനും അധിനിവേശത്തിനും വേണ്ടിയായിരുന്നു. മതപ്രചാര ണം, വിദ്യാഭ്യാസം, വാണിജ്യം എന്നിവയെല്ലാം നടന്നിട്ടുള്ളത് യാത്രയിലൂടെയായി രുന്നു. പുത്തൻ വിജ്ഞാനവും സംസ്കാരവും സ്വായത്തമാക്കി സ്വന്തം ജീവിതനി ലവാരം അഭിവൃദ്ധിപ്പെടുത്തുന്നതിന് യാത്രകൾ സഹായകമായിട്ടുണ്ട്. ആശ്രമങ്ങ ളിൽ നിന്ന് ആശ്രമങ്ങളിലേക്കും ആധ്യാത്മിക കേന്ദ്രങ്ങളിലേക്കും സന്യാസിവ ര്യൻമാർ യാത്ര നടത്തിയിരുന്നു. ആർഷ ഭാരതസംസ്കാരത്തിൽ ഇത്തരം യാത്ര കൾക്ക് വലിയ പ്രാധാന്യം നൽകപ്പെട്ടിട്ടുമുണ്ട്.

വിദ്യാഭ്യാസ വൈജ്ഞാനിക രാഷ്ട്രീയസംസ്കാരിക മേഖലകളെല്ലാം സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം യാത്രാകേന്ദ്രിതമായിതീർന്നു. നവോത്ഥാനകാലമാ യപ്പോഴേക്കും മനുഷ്യൻ തന്റെ സ്വത്വമന്വേഷിച്ച് യാത്ര ആരംഭിച്ചു. യാത്രകളെ നിർണ്ണയിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നതിൽ പ്രദേശികതകൾക്ക് വലിയ പങ്കുണ്ട്. ഭൂമിശാസ്ത്രപരമായും കേരളം ചെറുനാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടി രുന്നു. ''ഗോത്രങ്ങളായി ജീവിതം തുടങ്ങിയ കേരളജനത സംഘകാലത്തോടെ കാർഷികവൃത്തിയുടെ വികാസഫലമായി വിവിധ ദേശങ്ങളിലേക്ക് വ്യാപിക്കാൻ തുടങ്ങിയത് കുടിയേറ്റത്തിലൂടെയായിരുന്നു. ഇത്തരം കുടിയേറ്റങ്ങൾ നിമിത്തം ആളുകൾ സമൂഹമായി യാത്ര ചെയ്യാൻ തുടങ്ങുകയും അത് സാംസ്കാരിക കൈമാറ്റങ്ങൾക്ക് വഴി തെളിയിക്കുകയും ചെയ്തു.''[7]

### 1.1.5 യാത്ര എന്ന രൂപകം (Metaphor)

സഞ്ചാരസാഹിത്യത്തിൽ മാത്രമല്ല സഞ്ചാരം കടന്നുവരുന്നത്. ജീവിതത്തിലും സാഹിത്യത്തിലും ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന ആശയമാണ് യാത്ര എന്ന 'മെറ്റഫർ'.[8] കവിതയിലും ഭാഷാസാഹിത്യത്തിലും ഒരുപോലെ കടന്നു വരുന്ന യാത്രാരൂപകം ജീവിതത്തിലെ സാധാരണ സംസാരങ്ങളിലും കാണാറുണ്ട്. അതായത് വഴിപിരിയുക, വഴി പിഴയ്ക്കുക, തുടക്കം, അവസാനം, നടക്കാവ്, പെരുവഴിയമ്പലം എന്നീ പ്രയോഗവിശേഷങ്ങളിലെല്ലാം തന്നെ യാത്ര എന്ന രൂപകം കടന്നുവരുന്നു. വായനാപുസ്തകങ്ങളിൽ, ആശയകൈമാറ്റങ്ങളിൽ എല്ലാംതന്നെ ഏതെങ്കിലും തരത്തിലുള്ള യാത്രയുടെ ചെറുകണമെങ്കിലും ഉണ്ടായിരിക്കും.

### 1.1.6 യാത്രയും സാഹിത്യവും

മനുഷ്യയാത്രകൾ സാഹിത്യമേഖലയുടെ അടിസ്ഥാനഘടകങ്ങളിലൊന്നാണ്. അതുകൊണ്ട് ഇതിഹാസങ്ങൾ, മഹാകാവ്യങ്ങൾ, മറ്റ് സാഹിത്യമേഖലകൾ എന്നിവയിലെല്ലാം ഏതെങ്കിലും തരത്തിലുള്ള യാത്രാപരാമർശങ്ങൾ കാണുന്നുണ്ട്. വ്യത്യസ്തപരിപ്രേക്ഷ്യത്തിലുള്ള യാത്രാനുഭവങ്ങളുടെ ആവിഷ്കരണമാണ് മിക്ക സാഹിത്യകൃതികളും. ഇതിഹാസങ്ങൾ തുടങ്ങി ആധുനിക സാഹിത്യ ജനുസ്സുകളിലൊന്നായ ചെറുകഥവരെയുള്ള സാഹിത്യരൂപങ്ങളിൽ യാത്രകളുടെ പശ്ചാത്തലവിവരണം കാണാവുന്നതാണ്. വേദകാലഘട്ടത്തിൽ തന്നെ ഈ യാത്രാസങ്കല്പം ആവിഷ്കൃതമായിട്ടുണ്ട്.

''ഋഗ്വേദമാണ് ആദ്യവേദം. മധ്യപൂർവ്വേഷ്യയിൽനിന്ന് യാത്ര ചെയ്തുവന്ന ആര്യന്മാർ അവരുടെ സഞ്ചാരഘട്ടത്തിലെഴുതിയതാണ് ഋഗ്വേദമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.''[9] യാത്രയെക്കുറിച്ച് വ്യത്യസ്ത അർത്ഥകൽപ്പനകൾ ഋഗ്വേദത്തിൽ കാണാൻ കഴിയും. കുതിരസവാരി, രഥയാത്ര, സമുദ്രയാത്ര തുടങ്ങിയവയെപ്പറ്റിയുള്ള സൂചനകൾ ഋഗ്വേദത്തിലെ മിക്ക മന്ത്രങ്ങളിലുമുണ്ട്.

ഭാരതീയ-ഇതിഹാസങ്ങളായ രാമായണമഹാഭാരതങ്ങൾ പരിശോധിച്ചാൽ യാത്ര അവയിൽ ഒരു പ്രധാന പ്രമേയമാണെന്നു കാണാം. രാമന്റെ അയനം അഥവാ യാത്ര തന്നെയാണ് രാമായണം. അപ്പോൾ രാമായണം എന്ന ശീർഷകത്തിൽതന്നെ യാത്രയുടെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. ''ചെറിയ യാത്രകൾ ചേർന്ന ഒരു വലിയ യാത്രയാണിത്. വനയാത്രയും ജൈത്രയാത്രയും മാത്രമല്ല, രാമായണം.''[10] രാമായണത്തിലെ യാത്ര ബാലകാണ്ഡത്തിൽ തന്നെ തുടങ്ങുകയാണ്. ബാലനായിരിക്കുമ്പോൾ വിശ്വാമിത്രനോടൊപ്പം രാമൻ തുടങ്ങുന്ന യാത്ര അവിരാമമായി തുടരുകയാണ്. സീതാരാമൻമാരുടെ വനയാത്ര, ഹനുമാന്റെ ലങ്കായാത്ര, സീതാന്വേഷിയായ രാമന്റെ യാത്ര, ഭൂഗർഭത്തിലേക്ക് ആണ്ടുപോകുന്ന സീതയുടെ യാത്ര എല്ലാം ചേർന്നൊരു വലിയ യാത്രതന്നെയാണ് രാമായണം.

മഹാഭാരതത്തിലും വ്യത്യസ്തതരത്തിലുള്ള യാത്രകൾ കാണാം. തെറ്റുകൾക്ക് പ്രായശ്ചിത്തം എന്ന നിലയിലാണ് അർജ്ജുനൻ തീർത്ഥയാത്ര നടത്തുന്നത്. യാത്രയുമായി ബന്ധപ്പെട്ടതാണ് ബുദ്ധദർശനം. സിദ്ധാർത്ഥൻ ദുഃഖസത്യം തേടി യാത്രയാവുന്നു. ബൈബിളിലും യാത്രയുടെ ബാഹ്യവും ആഭ്യന്തരവുമായ പ്രത്യേകതകൾ കാണാൻ കഴിയും. മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനത നടത്തിയ അടിമത്തത്തിൽ നിന്നുള്ള വിമോചനയാത്രയുടെ കഥ ബൈബിളിലെ പുറപ്പാട് പുസ്തകത്തിലുമുണ്ട്.

മുഹമ്മദ്നബിയുടെ പലായനമാണ് ഖുറാനിൽ എടുത്തുപറയാവുന്ന യാത്ര. പരലോകയാത്രയെ കുറിച്ചു ഖുറാനിൽ പരാമർശമുണ്ട്. ഇപ്രകാരം പുരാതന വിശുദ്ധ ഗ്രന്ഥങ്ങളിലെല്ലാം യാത്ര പ്രമേയമായി വരുന്നുണ്ട്. ഗ്രീക്ക് പുരാണങ്ങളായ ഇലിയഡും ഒഡീസിയും യാത്രയുടെ വലിയ ഒരു ലോകം തുറന്നു തരുന്നു.

റോബിൻസൺക്രൂസോ, ഗള്ളിവരുടെ യാത്രകൾ എന്നിവ സഞ്ചാരത്തിന്റെ ലോകങ്ങൾ പ്രതിപാദിക്കുന്നു. കീഴടക്കലിന്റെയും അധികാരസ്ഥാപനത്തിന്റെയും യാത്രകളാണ് ഇവയിൽ പലതും.

മണിപ്രവാളകൃതികളെല്ലാം ആദ്യന്തം യാത്രാമയമാണ്. നായികയെ കാണാനായെത്തുന്ന ഗന്ധർവ്വന്റെ യാത്രയാണ് 'ഉണ്ണിയച്ചിചരിതം'. 'ഉണ്ണിച്ചിരുതേവി ചരിത'ത്തിൽ നായികയെ തേടിയുള്ള ദേവേന്ദ്രന്റെ യാത്രയാണ്. 'ചന്ദ്രോത്സവ'ത്തിൽ നിറയെ ചെറുയാത്രകളാണ്. 'ചെറിയച്ചി'യിൽ വിരഹാതുരനായ കാമുകന്റെ യാത്രയാണ് വർണിക്കപ്പെടുന്നത്.

യാത്ര-ചലനം എന്ന യാഥാർത്ഥ്യം സത്യമാവുന്ന രീതിയിലുള്ള ആഖ്യാനമാണ് കാളിദാസന്റെ മേഘസന്ദേശം. സന്ദേശകാവ്യങ്ങളിലെ അങ്ങാടിവർണ്ണനയും മാർഗ്ഗവർണ്ണനയുമെല്ലാം യാത്രയുടെ സാഹിത്യമൂല്യം വ്യക്തമാക്കുന്നവയാണ്. ഈ മാർഗ്ഗവർണ്ണനയും സ്ഥലവർണ്ണനയുമെല്ലാം ചരിത്ര സൂചനകളായി മാറുന്നു. ''ഒരു സ്ഥലം രൂപപ്പെടുന്നത് അവിടത്തെ ജനജീവിതത്തെ ജീവിതസമ്പാദനത്തിനുവേണ്ടിയുള്ള ഏർപ്പാടുകളെ, അനുബന്ധവ്യവഹാരങ്ങളെ ചുറ്റിപ്പറ്റിയാണ്.''[11] ഇങ്ങനെ രൂപപ്പെട്ടുവരുന്ന സ്ഥലങ്ങളെ സാമ്പത്തിക സാമൂഹിക വ്യവഹാരങ്ങൾക്കായി ഒന്നിനൊന്നു കണ്ണിചേർക്കുന്ന പാതകളെയാണ് മാർഗ്ഗങ്ങളെന്നു വിളിക്കുന്നത്. തിരുവനന്തപുരം മുതൽ കടുത്തുരുത്തി വരെയുള്ള മാർഗ്ഗമാണ് 'ഉണ്ണുനീലി സന്ദേശ'ത്തിൽ വിവരിക്കുന്നത്.

ശ്രീകൃഷ്ണനെത്തേടിയുള്ള കുചേലന്റെ യാത്രയാണ് 'കുചേലവൃത്ത'ത്തിലെ പ്രമേയം. ബാല്യകാലസ്നേഹബന്ധത്തിന്റെ കരുത്താണ് യാത്രക്ക് അവലംബമായി നിൽക്കുന്നത്. 'നളചരിത'ത്തിലെ കഥാഗതിയെ മാറ്റിമറിക്കുന്നത് നളന്റെ യാത്രയാണ്. അജ്ഞാതവാസം അനുഭവിക്കുന്ന നളനിലേക്കുള്ള ദൂരം ദമയന്തി നടന്നെത്തുന്നത് ഘട്ടം ഘട്ടമായാണ്. ശുഭപര്യവസായിയായി കഥയെ കൊണ്ടെത്തിക്കുന്നതും ഈ യാത്രതന്നെ.

യാത്രകൾ നിറഞ്ഞതാണ് തുള്ളൽകൃതികൾ. 'കല്യാണസൗഗന്ധികം' 'ഘോഷയാത്ര' എന്നിവയെല്ലാം ആദ്യന്തം യാത്രയാണ്. മഹാകാവ്യങ്ങളിലും യാത്ര പ്രമേയമായി വരുന്നു. ആശാൻ കവിതകളിലും നിറഞ്ഞുനിൽക്കുന്ന യാത്രാ

സാന്നിദ്ധ്യമുണ്ട്. ജാതീയമായ അതിർവരമ്പിനെ ലംഘിച്ച യാത്രയായി 'ദുരവസ്ഥ' മാറുമ്പോൾ 'വീണപൂവ്' ജീവിതയാത്രയുടെ തന്നെ ചിത്രണമാണ് കാഴ്ചവെക്കുന്നത്. ഭൗതികതയിൽ നിന്നും ആത്മീയതയിലേക്കുള്ള യാത്രയാണ് വാസവദത്തയുടെ യാത്ര. 'ചിന്താവിഷ്ടയായ സീത'യുടെ മനസ്സിലൂടെയുള്ള യാത്ര കാലത്തിന്റെ പുറകോട്ടുള്ള സഞ്ചാരം സംഭവിച്ചതിന് തുല്യമായിരുന്നു.

യാത്രകളും അവയുടെ അനുഭവങ്ങളും കൊണ്ട് വൈവിധ്യങ്ങളും പുതുമയും നിറഞ്ഞതാണ് ആധുനികകവിതകൾ. സച്ചിദാനന്ദന്റെ 'ഉറച്ചുനിന്നവൻ' എന്ന കവിത ചരിത്രവും അനുഭവവും ചലനവുമാണ് യാത്രയെന്ന സത്യം വെളിപ്പെടുത്തുന്നു.

''ഉറച്ചുനിന്നവൻ
ഒലിച്ചുപോയി
ചലിച്ചിരുന്നവൻ
പിടിച്ചുനിന്നു. (സച്ചിദാനന്ദൻ - ഉറച്ചുനിന്നവൻ)

ചരിത്രത്തെയും അനുഭവത്തെയും സംബന്ധിച്ച് മധ്യകാല ഭക്തകവികളിലും മറ്റും കണ്ടിരുന്ന ഒരാശയത്തിന്റെ പുനരാവിഷ്കാരമാണ് സച്ചിദാനന്ദന്റെ കവിത.''[12]

പദ്യശാഖയെപ്പോലെ ഗദ്യസാഹിത്യരൂപങ്ങളിലും യാത്ര പ്രമേയമാക്കാറുണ്ട്. മലയാളത്തിലെ ഒട്ടേറെ നോവലുകളിൽ യാത്ര പരാമർശവിധേയമായിട്ടുണ്ട്. ''ഫുൽമേനി എന്നും കോരുണ എന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ ആദ്യത്തെ മലയാളനോവലായി കണക്കാക്കുന്നവരുമുണ്ട്. ഇതും ആരംഭിക്കുന്നത് യാത്രാനുഭവത്തിൽനിന്നാണ്.''[13]

ചന്തുമേനോന്റെ ''ഇന്ദുലേഖയിൽ മാധവന്റെ രാജ്യസഞ്ചാരം എന്നൊരു അധ്യായം തന്നെയുണ്ട്. മദിരാശിയിൽനിന്നുള്ള മാധവന്റെ മടങ്ങിവരവിലാണ് കഥയുടെ വഴിത്തിരിവ്. ഈ യാത്രയിലും പിന്നീടുള്ള ബോംബെ യാത്രയിലുമാണ് മാധവന്റെ പരദേശ വിശേഷങ്ങൾ പരാമർശിക്കപ്പെടുന്നത്.''[14]

കേശവദേവിന്റെ 'ഭ്രാന്താലയ'ത്തിലെ അബ്ദുവും ഇതുപോലെ നിരന്തരം യാത്രയിലേർപ്പിട്ടിരിക്കുകയാണ്. എസ്. കെ. പൊറ്റെക്കാട്ടിന്റെ 'വിഷകന്യക' മല യോരകർഷകരുടെ കുടിയേറ്റത്തിന്റെ സ്ഥലകാലങ്ങളിലേക്കുള്ള പറിച്ചുനടൽ വ്യക്തമാക്കുന്നു. എസ്.കെ. പൊറ്റക്കാട്ടിനെപ്പോലെ ജീവിതം മുഴുവൻ സഞ്ചരിച്ച എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. ''ലോകത്തിന്റെ മിക്ക ഭാഗങ്ങ ളിലും അലഞ്ഞുതിരിയുന്ന കൂട്ടത്തിൽ മുഹമ്മദ്അസദ് ഒന്നു രണ്ടു തവണ ഇന്ത്യ യിലും വരികയുണ്ടായി. 1943-ൽ ഗ്രന്ഥരചനയ്ക്കുവേണ്ടി കുറച്ചുകാലം അദ്ദേഹം കാശ്മീരിൽ താമസിച്ചിരുന്നു. വിശ്വാസത്തിന്റെ തീവ്രാന്വേഷണവുമായി അലഞ്ഞു തിരിയവെ കാശ്മീരിൽ എത്തപ്പെട്ട നമ്മുടെ വൈക്കം മുഹമ്മദ് ബഷീർ അവിടെ വെച്ച് അദ്ദേഹത്തെ പരിചയപ്പെട്ട കഥ 'ഓർമ്മയുടെ അറ'കളിൽ വിവരിക്കുന്നു.''[15] ലോകം മുഴുവൻ ചുറ്റിത്തിരിയാൻ ഇഷ്ടമുള്ള വ്യക്തിയായിരുന്നു ബഷീർ എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

മജീദിന്റെ യാത്രകളുടെ ചലനം തന്നെയാണ് 'ബാല്യകാലസഖി'യിലെ കഥാഗതിയെ നിയന്ത്രിക്കുന്നത്. എം.ടി. വാസുദേവൻനായരുടെ കഥാപാത്രങ്ങളും ഇതുപോലെ യാത്രയിൽ താല്പര്യമുള്ളവരാണ്. രവിയുടെ ഖസാക്കിലൂടെയുള്ള യാത്രകളാണ് ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം'. മുകുന്ദൻ, വി.കെ. എൻ, കാക്കനാടൻ, ആനന്ദ് എന്നിവരുടെ പല നോവലുകളും തുടങ്ങുന്നതും പുരോഗമിക്കുന്നതും അവസാനിക്കുന്നതും യാത്രയിലാണ്. പൊറ്റെക്കാട്ടിന്റെ 'വിഷകന്യക'യിലും എം.ടി.യുടെ 'നാലുകെട്ടി'ലും ഉറൂബിന്റെ ഉമ്മാച്ചുവിലും കഥാ നായകൻ വയനാട്ടിലേക്ക് യാത്ര ചെയ്യുന്നു. ആനന്ദിന്റെ 'അഭയാർത്ഥികൾ' എന്ന നോവലിൽ ചരിത്രം തന്നെയാണ് വലിയ യാത്രയായി മാറുന്നത്. കോവിലന്റെ 'തട്ടകം' എന്ന നോവലിലും യാത്ര പ്രധാനമായി വരുന്നു.

നോവലിലെന്നപോലെ ചെറുകഥയിലും യാത്ര പ്രമേയമായി കടന്നുവരു ന്നുണ്ട്. ''അപ്രതീക്ഷിതമായ കയറ്റിറക്കങ്ങളും വളവുകളും ഇടവഴികളും അസന്ദി

ഗ്ധതയും സാഹസികതയും നിറഞ്ഞ യാത്രാക്രമത്തെ ഓർമ്മപ്പെടുത്തുന്നവയാണ് പുതുരചനകൾ. അതുകൊണ്ടുതന്നെ യാത്ര എന്ന രൂപകത്തെ കഥാഘടനയിൽ സ്വീകരിക്കാനുള്ള താല്പര്യവും കൂടുന്നു''.[16]

മാധവിക്കുട്ടിയുടെ 'കടൽമയൂരം' എന്ന കഥയിലെ കഥാഗതിയെ ആകെ മാറ്റി മറിക്കുന്നത് കേന്ദ്രകഥാപാത്രത്തിന്റെ യാത്രാനുഭവമാണ്. സാറാജോസഫിന്റെ 'സ്കൂട്ടർ', 'ട്രെയിൻ', കെ.പി.സുധീരയുടെ 'വഴികൾ യാത്രികർ', പി.ടി. രാജലക്ഷ്മിയുടെ 'യാത്ര', ചന്ദ്രമതിയുടെ 'യാത്ര', മാനസിയുടെ 'ഒരു യാത്ര', സന്തോഷ് ഏച്ചിക്കാനത്തിന്റെ 'കഥാപാത്രങ്ങളും പങ്കെടുത്തവരും' ഗായത്രിയുടെ 'അനുയാത്ര', സിതാരയുടെ 'ഏകാന്തസഞ്ചാരങ്ങൾ' എന്നീ കൃതികളിലെല്ലാം യാത്രയുടെ ഭാവനാലോകം നിരീക്ഷിക്കുന്നതായി കാണാം.

''യാത്രയിലൂടെയാണ് നാം ലോകം കാണുന്നത്. കാണേണ്ടതും കാണരുതാത്തതും വ്യവച്ഛേദിക്കുന്നതും യാത്രയിലാണ്. യാത്ര നിശ്ചലതയുടെ ജഡത്വത്തെ മറികടക്കാൻ പ്രേരകമാണ്. ജീവിതത്തിലേക്കോ സത്യത്തിലേക്കോ നടത്തുന്ന യാത്ര എന്നതുതന്നെ നിലനിൽക്കുന്നതിൽ നിന്നും പരിചയിച്ചതിൽ നിന്നും വ്യത്യസ്തമായ മറ്റൊരിടത്തേക്കുള്ള അന്വേഷണമാണ് ദ്യോതിപ്പിക്കുന്നത്.''[17] യാത്ര കാഴ്ച മാത്രമല്ല, അത് ചില അനുഭൂതികൾ കൂടിയാണെന്ന് തെളിയിക്കുകയാണ് സാഹിത്യത്തിലെ യാത്രകൾ. നിരവധി അർത്ഥങ്ങൾ പ്രദാനം ചെയ്യുന്ന ഒരു അവബോധത്തെ സൃഷ്ടിക്കുക തന്നെയാണ് ഇത്തരം യാത്രാനുഭവങ്ങൾ. ഒരു ദേശത്തിന്റെ സാമ്പത്തിക സാമൂഹിക ഭൂമിശാസ്ത്രപരമായ എല്ലാത്തരം പ്രശ്നങ്ങളെയും അപഗ്രഥിക്കാനും തിരിച്ചറിയാനും യാത്രയിലൂടെ സാധിക്കുന്നു.

### 1.1.7 യാത്രയുടെ ഭാരതീയ പശ്ചാത്തലം

ആദ്യകാല യാത്രകൾ മുൻകൂട്ടി നിശ്ചയിച്ചവ ആയിരുന്നില്ല. വാസസ്ഥലം, ഭക്ഷണം എന്നീ ഉദ്ദേശ്യങ്ങളായിരുന്നു ആദ്യകാലയാത്രകൾക്ക്. സ്ഥിരവാസം

എന്ന സങ്കല്പം പോലും ഇല്ലാതിരുന്നതിനാൽ യാത്ര ആപേക്ഷികമായിരുന്നു. പിൽക്കാലത്ത് സ്ഥിരവാസസ്ഥലങ്ങളും അതിർത്തികളും ഉണ്ടായതോടെ യാത്ര അതിന്റെ യഥാർത്ഥ അർത്ഥതലത്തിൽ എത്തിച്ചേർന്നു. യാത്രക്ക് പുതിയ നിർവ്വച നങ്ങളുണ്ടായി. പുറപ്പെടുന്ന സ്ഥലം എത്തിച്ചേരേണ്ട സ്ഥലം, തിരിച്ചെത്തേണ്ട സ്ഥലം ഇവയെല്ലാം സ്ഥലകാല സങ്കൽപ്പത്തെയും അതിന്റെ അതിജീവന തന്ത്ര ത്തെയും സ്വാധീനിച്ചു.

വലുതും ചെറുതുമായ യാത്രകൾകൊണ്ട് സമ്പുഷ്ടമാണ് ഭാരതീയസം സ്കാരം. വിശ്വാസം, പ്രമാണം, നീതി, നിയമം എന്നിവയുമായി ബന്ധപ്പെട്ട യാത്ര കൾ നമ്മുടെ സംസ്കാരത്തിലലിഞ്ഞു ചേർന്നിരിക്കുന്നു. ഗൃഹസ്ഥാശ്രമശേഷം വാനപ്രസ്ഥം ആചരിക്കുന്ന വ്യക്തി നിരന്തരയാത്രയിലാണ്. മുക്തി തേടിയുള്ള കാശി, രാമേശ്വരം എന്നിവിടങ്ങളിലേക്കുള്ള തീർത്ഥയാത്രകളും യാത്രാനുഭവം തന്നെയാണുൾക്കൊള്ളുന്നത്. മഹാബലി വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ കാണാൻ നാട്ടിലെത്തുന്നു. അവിടെയും കാലം, വ്യക്തി, സ്ഥലം, ബന്ധങ്ങൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുകയാണ് യാത്ര. ദേവന്മാർ ആകാശത്തിൽ സഞ്ച രിക്കുന്നു എന്ന സങ്കല്പം സ്ഥലത്തെ കീഴടക്കാനുള്ള ശ്രമം കൂടിയാണ്. നാടോ ടിപ്പാട്ടുകളുടെ കാലം മുതൽ തന്നെ യാത്രയും അതുമായി ബന്ധപ്പെട്ട സങ്കല്പ ങ്ങളും കാണാൻ സാധിക്കുന്നു.

## 1.2 സഞ്ചാരസാഹിത്യം – ചരിത്രവും വർത്തമാനവും

### 1.2.1 സഞ്ചാരസാഹിത്യം – ഉത്ഭവം

സഞ്ചാരകൗതുകം മനുഷ്യന് ജൻമസിദ്ധമാണ്. അന്യ നാടുകളെക്കുറിച്ചും അവിടത്തെ ജനങ്ങളെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും അറിയാനുള്ള ജിജ്ഞാസ സ്വാഭാവികമായി മനുഷ്യനുണ്ട്. മറ്റേതൊരു സാഹിത്യശാഖയെക്കാ ളും ഉപരി ഈ ജിജ്ഞാസ തൃപ്തിപ്പെടുത്താൻ ഉതകുന്നത് യാത്രാവിവരണമാണ്. അന്യനാടുകളുമായുള്ള ഈ പരിചയം രാജ്യങ്ങൾ തമ്മിലുള്ള പരസ്പര ധാര

ണയ്ക്കും സാംസ്കാരിക സമന്വയത്തിനും വഴിയൊരുക്കുന്നു. രാജ്യത്തെക്കുറിച്ചുള്ള വസ്തുതാവിവരണങ്ങൾ മാത്രമാണെങ്കിൽ യാത്രാവിവരണത്തിന് സർഗ്ഗാത്മകത കൈവരിക്കാനാവില്ല. ജനങ്ങളുടെ ജീവിതരീതി, സാംസ്കാരികബോധം, സാമൂഹികസ്ഥിതിവിശേഷങ്ങൾ, ഭരണസംവിധാനങ്ങൾ എന്നിവ നേരിട്ട് അറിഞ്ഞും അനുഭവിച്ചും എഴുതുന്ന ഓരോ യാത്രാവിവരണകൃതിയും ആസ്വാദക മനസ്സിൽ യാത്രയുടെ നേർക്കാഴ്ച തന്നെയാണ് സൃഷ്ടിക്കുന്നത്. ഓരോ ജനസമൂഹത്തിനും അവയുടെ സാംസ്കാരിക പൈതൃകം ഉണ്ടായിരിക്കും. അതുകൊണ്ട് സഞ്ചാരി തികഞ്ഞ നിഷ്പക്ഷതയോടുകൂടിയാണ് ഓരോന്നും വിലയിരുത്തേണ്ടത്. ഇപ്രകാരം ഓരോ യാത്രയും അനുഭവങ്ങളായി മാറുന്നു. മുൻകാലങ്ങളിൽ ഇത്തരം യാത്രാനുഭവങ്ങൾ രേഖപ്പെടുത്തിവെച്ചിരുന്നില്ല.

### 1.2.2 യാത്രാവിവരണം – രൂപനിർവ്വചനം

വിപുലമായ നിർവ്വചന സാധ്യതകളുള്ള ഒരു സാഹിത്യജനുസ്സാണ് യാത്രാവിവരണം. സൂക്ഷ്മവും നിയതവുമായ അർത്ഥസാധ്യതകൾ ഇതിനുണ്ട്. യാത്രാനുഭവത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹിക സാംസ്കാരിക അവസ്ഥകളെ ചരിത്രപരമായും വസ്തുതാപരമായും നിഷ്പക്ഷമായി വിലയിരുത്തികൊണ്ടുള്ള രസകരവും വിവരണാത്മകവുമായ പ്രതിപാദനമാണ് യാത്രാവിവരണങ്ങൾ. ഓരോ ഗ്രന്ഥവും അതിന്റെ ധർമ്മങ്ങളുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത്. ഒരു കൃതിയുടെ പാരായണക്ഷമതയും ആസ്വാദ്യതയും മേന്മയും പരിഗണിച്ചാണ് പ്രസ്തുത രചനയുടെ സഞ്ചാരപദവി നിർണ്ണയിക്കുന്നത്. സാമൂഹിക പ്രസക്തിയുള്ളതും ചരിത്രപരവും രസകരവുമായ ലോകത്തിന്റെ സത്യസന്ധമായ നേർക്കാഴ്ചയാണ് ഓരോ യാത്രാവിവരണവും. ആംഗലേയ നിരൂപകനായ സാമുവൽ ജോൺസ് സഞ്ചാരസാഹിത്യത്തെക്കുറിച്ച് സൂക്ഷ്മമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ''ഒരു സഞ്ചാരിക്ക് അയാളുടെ മനസ്സിൽ ചില വസ്തുതകളെക്കുറിച്ചും വീക്ഷണത്തെക്കുറിച്ചും ചില പൂർവ്വധാരണ

കൾ ഉണ്ടാവും. ഇത്തരത്തിലുള്ള അറിവും ഒരു സ്ഥലത്തെ ജീവിതചര്യയെ വേറൊരു ജീവിതചര്യയുമായി താരതമ്യം ചെയ്യാനുള്ള അയാളുടെ കഴിവും ശരിയായ അനുപാതത്തിൽ കൂടിച്ചേരുമ്പോഴാണ് സഞ്ചാരസാഹിത്യം ഉണ്ടാകുന്നത്.''[18]

''ഭാവന, സൂക്ഷ്മനിരീക്ഷണപാടവം, ചരിത്രജ്ഞാനം, ത്യാജ്യഗ്രാഹ്യപടുത, ചടുലഭാഷണസാമർത്ഥ്യം ഇതെല്ലാം ഒരു സഞ്ചാരസാഹിത്യകാരന് അവശ്യം വേണ്ട ഗുണങ്ങളാണ്.''[19] യാത്രപോയ സ്ഥലത്തെക്കുറിച്ച് വിവരണങ്ങൾ മാത്രം തന്നാൽ അത് ഒരു സാഹിത്യകൃതിയായിത്തീരുന്നില്ല. പ്രമേയത്തേക്കാൾ എഴുത്തുകാരുടെ ആത്മവത്തയ്ക്കും രചനാകൗശലത്തിനുമാണിവിടെ പ്രാധാന്യം. അതിനാലാണ് സഞ്ചാരസാഹിത്യത്തിൽ സഞ്ചാരി സാഹിത്യകാരൻകൂടിയാവണമെന്ന് പറയുന്നത്. സഞ്ചാരതൃഷ്ണയും സാഹിത്യവാസനയുമുള്ള ഒരു സഞ്ചാരി ആഖ്യാനം നിർവ്വഹിക്കുന്ന കൃതിയാണ് ഉത്തമ സഞ്ചാരസാഹിത്യകൃതി. ''യാത്രക്ക് സാഹിത്യരൂപം നൽകാൻ കഴിവുള്ളയാൾ യാത്ര ചെയ്യുമ്പോൾ യാത്രാസാഹിത്യവും ഉണ്ടാകുന്നു''[20] എന്ന സുകുമാർ അഴീക്കോടിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്.

താൻ സഞ്ചരിക്കുന്ന രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതരീതിയും സംസ്കാരവും ചരിത്രപരമായ വസ്തുതകളുമെല്ലാം സ്വന്തം ജീവിതാനുഭൂതികളുമായി സംയോജിപ്പിച്ച് വർണ്ണിക്കുമ്പോൾ വായനക്കാരും എഴുത്തുകാരുടെ കൂടെ യാത്ര ചെയ്ത അനുഭവമാണുണ്ടാകുന്നത്. ''സ്വന്തം യാത്രകളേയും കണ്ടുപിടുത്തങ്ങളേയും കുറിച്ചെഴുതിയ പല ഗ്രന്ഥകർത്താക്കളും അവയിലൂടെ സ്വന്തം ആത്മവത്തയോ സാഹിത്യപാടവമോ വ്യക്തമാക്കിയിട്ടില്ല. അതിനുകാരണം പല ഗ്രന്ഥകർത്താക്കളും സാഹിത്യകാരന്മാരല്ല, സഞ്ചാരികൾ മാത്രമാണ് എന്ന വസ്തുതയാണ്.''[21] സഞ്ചാരസാഹിത്യം വായനക്കാരൻ നടത്തുന്ന ഒരു സഹയാത്രയായിത്തന്നെ അനുഭവപ്പെടണം. വസ്തുതാപരമായ സത്യസന്ധതയും സഹൃദയത്വവും സാഹിത്യകാരന് അത്യന്താപേക്ഷിതമാണ്.

### 1.2.3 സഞ്ചാരസാഹിത്യം മലയാളത്തിൽ

#### 1.2.3 (a) ലോകസാഹിത്യം

പാശ്ചാത്യനാടുകളിൽ യാത്രാവിവരണം എന്ന ജനുസ്സ് വേറിട്ടുതന്നെ നിൽക്കുന്നു. വിശ്വേതിഹാസകാരൻമാരായിരുന്ന ഹോമറും വെർജിലും വാല്മീകിയും വ്യാസനുമെല്ലാം യാത്രാവിവരണത്തിന്റെ രസനീയത സ്വന്തം കൃതികളിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. ''പാശ്ചാത്യരുടെ ഇടയിൽ നിലനിന്ന മികച്ച യാത്രാവിവരണകൃതികളാണ് 'The book of Marcopolo' (അലക്സാണ്ടർ കിങ് പേക്ക്), 'Pilgrimage to Almadeena and Mecca' (റിച്ചാർഡ് ബർട്ടൺ), 'A Sentimental Journey through France and Itali' (ലാവൻസ് സ്റ്റേൺ)''[22] എന്നിവ. പക്ഷേ, പൗരസ്ത്യരിൽ ഹ്യുയാൻസാങ് മാത്രമേ ഈ നിലയിൽ വിശ്രുതനായിട്ടുള്ളൂ. ഭാരതീയനായ ഒരു യാത്രാവിവരണ സാഹിത്യകാരന്റെ പേരും ഇരുപതാം നൂറ്റാണ്ടിനുമുമ്പ് ലോകശ്രദ്ധയിൽ പെട്ടിരുന്നില്ല. എന്നാൽ ഇന്ന് ലോകത്തിലെ ഏതു രാജ്യത്തിലെയും യാത്രാവിവരണസാഹിത്യകാരന്മാരോട് കിടപിടിക്കത്തക്ക സാഹിത്യകാരന്മാർ മലയാളത്തിലുണ്ട്.

മലയാളത്തിലെ ആദ്യകാല യാത്രാവിവരണ കൃതികളിൽ ശ്രദ്ധേയമായവ വർത്തമാനപുസ്തകം, ഊർശ്ലേം യാത്രാവിവരണം എന്നിവയാണ്. 1786-ൽ പാറേമാക്കൽ തോമകത്തനാർ എഴുതിയ 'വർത്തമാനപുസ്തകം' ആണ് മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥം. ''തീർത്ഥാടനോദ്ദേശ്യപരമായ ധാരാളം യാത്രകൾ ഇന്ത്യയ്ക്കകത്ത് മലയാളികൾ നടത്തിയിട്ടുണ്ട്. ഈ യാത്രാനുഭവങ്ങൾ എഴുതിവെയ്ക്കപ്പെടേണ്ടതാണെന്ന ധാരണ അറിവുകളെ പല വിധത്തിൽ സ്വന്തമാക്കിയ വരേണ്യസൗന്ദര്യശാസ്ത്രത്തിനുണ്ടായിരുന്നില്ല.''[23] എന്നാൽ ''ഏതാണ്ട് ഇതേ സമയം തന്നെ യാത്രാകാവ്യങ്ങൾ എന്ന പേരിൽ ഒരു പദ്യശാഖ മലയാളത്തിൽ ഉണ്ടായിരുന്നു. സഞ്ചാരിയുടെ മനസ്സും കണ്ണും ഇവയിൽ അത്ര വിടർന്നു കാണുന്നില്ല.''[24]

പദ്യരൂപത്തിലുള്ള യാത്രാവിവരണകൃതികളിൽ മിക്കതും തീർത്ഥാടനകൃതികളായിരുന്നു. 1784 നോടടുത്ത് പ്രസിദ്ധീകരിച്ച ധർമ്മരാജാവിന്റെ രാമേശ്വരം യാത്രയാണ് ഈ വിഭാഗത്തിൽപ്പെടുന്ന ആദ്യകൃതി. വൈക്കത്ത് പാച്ചുമൂത്തത് 1854–ൽ എഴുതിയ കാശിയാത്രാ വിവരണം ആണ് പിന്നീട് ശ്രദ്ധേയമായ കൃതി. ''18–ാം ശതകം മുതൽ ഇത്തരത്തിലുള്ള നാല്പതോളം പദ്യകൃതികൾ മലയാള ഭാഷയിലുണ്ടായി. വൈക്കത്ത് പാച്ചുമൂത്തത്, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, നടുവത്ത് അച്ഛൻ നമ്പൂതിരി, വെൺമണി മഹൻ നമ്പൂതിരി, കെ.സി. കേശവ പിള്ള, കൊട്ടാരത്തിൽ ശങ്കുണ്ണി, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ തുടങ്ങിയവരുടെ പ്രശസ്ത സംഭാവനകൾ ഈ സാഹിത്യശാഖയ്ക്ക് ലഭിക്കുകയുണ്ടായി.''[25]

ഇതിനുശേഷം തീർത്ഥാടനാധിഷ്ഠിതവും അല്ലാത്തതുമായ ധാരാളം സഞ്ചാരകൃതികൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. വസ്തുസ്ഥിതി വിവരണത്തിനപ്പുറം ഇവ സാഹിത്യകൃതിയുടെ സവിശേഷതകൾ പ്രകടിപ്പിച്ചിരുന്നില്ല. വിദേശികളുടെ സഞ്ചാരക്കുറിപ്പുകൾ ആദ്യകാല കേരളത്തെക്കുറിച്ചറിയാനുള്ള പ്രധാന ഉറവിടമാണ്. ഓരോ കാലഘട്ടത്തിലെയും സാമൂഹിക സാംസ്കാരിക സാധ്യതകളുടെ അടിസ്ഥാനത്തിൽ വളർന്നു വികസിച്ച ഒന്നാണ് യാത്രയും യാത്രാവിവരണവും. അതിനാൽ ഓരോ കാലവും യാത്രയെ എങ്ങനെ രേഖപ്പെടുത്തി എന്ന വസ്തുത അറിയേണ്ടത് ആവശ്യമാണ്.

### 1.3 സഞ്ചാരസാഹിത്യം : വിവിധ ഘട്ടങ്ങൾ

മനുഷ്യോത്ഭവം മുതൽ യാത്രയും ആരംഭിച്ചെങ്കിലും യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവിധങ്ങളാണ്. ഇങ്ങനെ വിഭിന്നങ്ങളായ യാത്രകൾ നിമിത്തം കേരളത്തിന് വ്യത്യസ്ത സംസ്കാരങ്ങളും ആചാരങ്ങളും വെച്ചു പുലർത്തുന്ന വിദേശരാജ്യങ്ങളും ജനങ്ങളുമായി അടുത്തിട പഴകാനുള്ള അവസരം ഉണ്ടായി. മലയാളിയുടെ സവിശേഷമായ സാമൂഹ്യജീവിതവും സാംസ്കാരിക-സാമ്പത്തിക വ്യവസ്ഥിതിയും കേരളത്തിലെ സുഗന്ധദ്രവ്യങ്ങളും വന വിഭവങ്ങളുമാണ് വിദേശി

കളെ ഇങ്ങോട്ട് ആകർഷിക്കാൻ കാരണമായത്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് സഞ്ചാരസാഹിത്യത്തിന്റെ ആദ്യരൂപങ്ങൾ. പ്രാചീനകാലഘട്ടത്തിലെ ജനജീവിതവും സാംസ്കാരിക സാമൂഹിക വ്യവസ്ഥിതികളും ഇത്തരം ഗ്രന്ഥങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

വിവിധ കാലഘട്ടങ്ങളിലൂടെ വളർന്നു വികസിച്ചു വന്ന ഒരു യാത്രാപാരമ്പര്യം കേരളത്തിനുണ്ട്. ഓരോ കാലഘട്ടത്തിലും യാത്ര എപ്രകാരമായിരുന്നു എന്നത് അന്വേഷണവിധേയമാണ്. അതുകൊണ്ട് ഓരോ കാലഘട്ടത്തിലേയും ചില കൃതികളെ പരാമർശ വിധേയമാക്കുകയാണിവിടെ.

### 1.3.1 കൊളോണിയൽ പൂർവ്വഘട്ടം

''വ്യക്തിയുടെ സ്വത്വവും സ്വാതന്ത്ര്യവും തേടിയുള്ള യാത്രകൾ, അപരിഷ്കൃത ദേശങ്ങളിലേക്ക് കൗതുകംമൂലമുള്ള സഞ്ചാരം, നിർബന്ധിത പാലായനങ്ങൾ, നിലനിൽപ്പിനായുള്ള ഒളിച്ചോട്ടങ്ങൾ, വിഭജനങ്ങളോ, ലഹളകളോ, ദുരന്തങ്ങളോ സൃഷ്ടിക്കുന്ന അഭയാർത്ഥി പ്രവാഹങ്ങൾ, ഉപജീവനത്തിനായുള്ള യാത്രകൾ എന്നിങ്ങനെ യാത്രയുടെ തലങ്ങൾ വ്യത്യസ്തമാണ്.''[26]

അപരിഷ്കൃത സമൂഹങ്ങളിൽ ജീവസന്ധാരണത്തിനായി മനുഷ്യൻ നടത്തിയ യാത്രകളിൽ നിന്നും ഭിന്നമായിരുന്നു കച്ചവട ആവശ്യത്തിനായും തൊഴിൽ സംബന്ധമായും നടത്തിയ സഞ്ചാരങ്ങൾ. ഗണങ്ങളും ഗോത്രങ്ങളുമായി ജീവിച്ച മനുഷ്യർക്കിടയിൽ കുടുംബം എന്ന സ്ഥാപനത്തിന്റെ രൂപീകരണത്തോടുകൂടി യാത്രോദ്ദേശ്യങ്ങളും മാറ്റത്തിന് വിധേയമായി.

വിവിധ രാജ്യങ്ങളുടെ പഴയകാല ചരിത്രം അവിടം സന്ദർശിച്ച സഞ്ചാരികളുടെ കുറിപ്പുകളിൽ നിന്ന് ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ''1293-ൽ ഇവിടം സന്ദർശിച്ച മാർക്കോപോളോ എന്ന വെനീസുകാരന്റെ സഞ്ചാരക്കുറിപ്പിൽ നിന്നും കേരളത്തെക്കുറിച്ച് വിവിധ വിവരണങ്ങൾ ലഭിക്കുന്നുണ്ട്. അന്ന് കേരളം കൊല്ലം,

കുമരി, ഏഴി, മലബാർ എന്നീ നാല്പ്രദേശങ്ങൾ ചേർന്നതായിരുന്നു. വിഗ്രഹാരാധന സാധാരണമായിരുന്നു. കുരുമുളക്, ഇഞ്ചി തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ സമൃദ്ധി, ചൈന, അറേബ്യ മുതലായ രാജ്യങ്ങളുമായുള്ള വാണിജ്യബന്ധം തുടങ്ങിയ വിലപ്പെട്ട വസ്തുതകൾ ഈ വിവരണത്തിൽ നിന്ന് ലഭിക്കുന്നു. 1514 -ൽ കൊല്ലത്തുവന്ന ബർബോസ, ചേരമാൻ പെരുമാളിന്റെ കാലത്ത് കേരളത്തിലെത്തിയ ന്യൂഹോഫ്, ധർമ്മരാജാവിനെ ആശ്രയിച്ചു താമസിച്ച ബർത്തലോമിയ എ. ഡി. 1725-ൽ വന്ന ഡച്ചുകാരൻ കാന്റർ വിഷൻ, 11-ാം നൂറ്റാണ്ടിലെത്തിയ അൽബറൂണി തുടങ്ങിയവരുടെ സഞ്ചാരക്കുറിപ്പുകൾ കേരളത്തിലെ പഴയകാലചരിത്രവും ഭരണവും ഭൂപ്രകൃതിയും വിവരിക്കുന്നു.''[27]

കേരളവുമായി വ്യാപാരബന്ധത്തിലേർപ്പെടാനായിരുന്നു മിക്ക രാജ്യക്കാരും അന്ന് കേരളത്തിലേക്ക് സഞ്ചരിച്ചിരുന്നത്. കോളനിവത്ക്കരണ ലക്ഷ്യമൊന്നും അന്നത്തെ യാത്രകൾക്കുണ്ടായിരുന്നില്ല. കേരളത്തിലെ സുഗന്ധദ്രവ്യങ്ങളുടേയും മറ്റു വിഭവങ്ങളുടേയും മൂല്യവും ഗുണവും മനസ്സിലാക്കുക, അവ നേടിയെടുക്കുക എന്നീ ലക്ഷ്യങ്ങളായിരുന്നു അവരുടെ യാത്രയ്ക്കുണ്ടായിരുന്നത്.

അറബികളും ഗ്രീക്കുകാരും റോമക്കാരുമാണ് ആദ്യമായി കേരളത്തിൽ വന്ന സഞ്ചാരികൾ. ക്രിസ്തുവർഷം ആറാം നൂറ്റാണ്ടുവരെയുള്ള കേരളത്തെക്കുറിച്ച് അവരുടെ കുറിപ്പുകളിൽ നിന്ന് മനസ്സിലാക്കാം. ഒൻപതു മുതൽ പതിനഞ്ചുവരെയുള്ള നൂറ്റാണ്ടുകളിൽ യാത്രാവിവരണങ്ങൾ എഴുതിയിട്ടുള്ള വിദേശികളിൽ കൂടുതലും ഇസ്ലാംമത വിശ്വാസികളാണ്. പിന്നീടാണ് പോർത്തുഗീസുകാരും ഡച്ചുകാരും കേരളത്തെക്കുറിച്ച് എഴുതിത്തുടങ്ങുന്നത്. ''പോർത്തുഗീസ് കാലഘട്ടത്തോടുകൂടി യാത്രാവിവരണങ്ങളിൽ അയുക്തികവും അത്ഭുതാവഹവുമായ വിവരണങ്ങൾക്ക് കുറവ് സംഭവിച്ചു. വിജ്ഞാനവികസനത്തിന്റേതായ ഒരു ശാസ്ത്രീയ വീക്ഷണം സഞ്ചാരസാഹിത്യകാരന്മാരിൽ ആവിർഭവിച്ചതാണ് ഈ വ്യതിയാനത്തിന് കാരണം.''[28]

പ്രാചീനകാലം മുതൽ ബ്രിട്ടീഷുകാരുടെ ആഗമനം വരെയുള്ള കാലഘട്ട ത്തിനിടയിൽ ഭാരതത്തിലെത്തിയിട്ടുള്ള സഞ്ചാരികളുടെ വിവരണങ്ങളാണ് ഈ ഭാഗത്തിൽ പരാമർശിക്കുന്നത്. ഭാഷയിലും സംസ്കാരത്തിലും സാമൂഹികഘടന യിലും സംഭവിച്ച വ്യതിയാനങ്ങൾ ഈ കാലഘട്ടത്തിലുള്ള യാത്രാവിവര ണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

പ്രാചീനസാഹിത്യകൃതികളിലും മതഗ്രന്ഥങ്ങളിലും യാത്രയെ സംബന്ധിച്ച വിവരണങ്ങൾ ഉണ്ട്. എന്നാൽ വിജ്ഞാനദാഹികളായ ചരിത്രകാരന്മാർ സഞ്ചരിച്ച് അറിഞ്ഞ കാര്യങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയ വിവരങ്ങളാണ് യാത്രാവിവരണം എന്ന രീതിയിൽ പരിഗണിക്കുന്നത്. യാത്രയ്ക്കിടയിലുണ്ടായ കേട്ടറിവുകളും കണ്ട് കണ്ടറിഞ്ഞ വസ്തുതകളും ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം രചന കളേയും യാത്രാവിവരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

''മെഗസ്തനീസ്, പെരിപ്ലസിന്റെ കർത്താവ്, പ്ലിനി, ടോളമി, ഫാഹിയാൻ, കോസ്മോസ്, ഹ്യുയാൻസാങ്, ഇത്സിംഗ്, സുലൈമാൻ, അബുസൈയ്ത്, അൽമസൂദി, അൽബറുണി, അൽഇദ്രിസി, റബ്ബിബൽജമിൻ, മാർക്കോപോളോ, അബുൽഫിദ, ഓഡോറിക്, ജോർ ഡാനൂസ്, ഇബ്നു ബത്തൂത്ത, നിക്കോളോകോ ണ്ടി, വാങ്തായൂൻ, മാഹ്വാൻ, ഫെയ്സിൻ, അബ്ദുൾ റസാഖ്, വാസ്കോഡഗാമ, കബ്രാൾ, ബർബോസ, ശൈഖ് സൈനുദ്ദീൻ, റാൽഫ് ഫിച്ച്, ലിൽഷോട്ടൻ, ഡോ.ജോൺ ഫ്രെയർ, ന്യൂഹോഫ്, ബർത്തലോമ്യോ, കാന്റർ വിഷർ, ഹാമിൽട്ടൻ ജെയിംസ്, ഫോർബസ്, ബുക്കാനൻ, ജോർജ് വുഡ്കേക്ക് എന്നിവരാണ് പ്രസിദ്ധ മായ സഞ്ചാരവിവരണരചയിതാക്കൾ.''[29]

ബി.സി. മൂവായിരം വർഷങ്ങൾക്കുമുമ്പുതന്നെ ഭാരതവുമായി വിദേശികൾ വാണിജ്യബന്ധം സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ കുരുമുളക്, ഏലം, കറുവപ്പട്ട തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ ബാബിലോണിയക്കാരും അസീറിയക്കാരും വ്യാപാരം നടത്തിയിരുന്നു.

അതിപുരാതന കാലം മുതൽ തുടർന്നു വന്ന വ്യാപാരബന്ധം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സഞ്ചാരികളെ കേരളത്തിലേക്കാകർഷിച്ചു. ഈ സഞ്ചാരികൾക്കിടയിൽ വ്യാപാരികൾ മാത്രമല്ല ചരിത്രകാരന്മാരും എഴുത്തുകാരുമുണ്ടായിരുന്നു. ഇവരിൽ പലരും ഇവിടെ കണ്ടതും അന്വേഷിച്ചതുമായിട്ടുള്ള കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വിദേശസഞ്ചാരികളുടെ വിവരണങ്ങൾ ഏതെല്ലാം വിഭവങ്ങളിലും കാഴ്ചകളിലും ഒതുങ്ങിനിൽക്കുന്നു, കോളനിവത്ക്കരണത്തിനുശേഷം വന്ന യാത്രികരുടെ ശ്രദ്ധയും അന്വേഷണവും സമീപനവും  എങ്ങനെ വ്യതിരിക്തമാവുന്നു, സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ യാത്രാവിവരണങ്ങൾ ഇതിൽ നിന്നും എങ്ങനെ വ്യത്യസ്തമാകുന്നു എന്നിങ്ങനെയുള്ള അന്വേഷണം പ്രസക്തമാണ്.

ഈ കാലഘട്ടത്തിലെ കൃതികളിൽ ഒരു യാത്രികരുടെ ജാഗ്രതയും ഔചിത്യവും പൊതുവെ കുറവാണ്. ചരിത്രപരമായ വസ്തുതകൾക്ക് ഊന്നൽ കൊടുക്കുന്നതുകൊണ്ട് ആദ്യകാല കേരളത്തെക്കുറിച്ച് അറിയാനുള്ള പ്രധാന സ്രോതസ്സാണ് ഇത്തരം യാത്രാകൃതികൾ. മാർക്കോപോളോ, ഇബ്നുബത്തൂത്ത എന്നീ സഞ്ചാരികളെ ചരിത്രകാരന്മാരായി അംഗീകരിക്കുന്നതിന്റെ കാരണവും ഇതാണ്.

### 1.3.2 പ്രാചിനകേരളം – സഞ്ചാരികളുടെ കണ്ണിൽ

''മതപ്രചാരണം, കച്ചവടതാല്പര്യം, സാമ്രാജ്യസ്ഥാപനം, വിജ്ഞാനസമ്പാദനം എന്നിങ്ങനെ വിവിധ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടത് യാത്രകളിലൂടെയാണ്. ഹ്യൂയാൻസാങ്ങിനേയും ഫാഹിയാനേയും പോലുള്ള പൗരസ്ത്യസഞ്ചാരികൾ വിജ്ഞാനസമ്പാദനത്തിനുവേണ്ടി ദേശാടനം ചെയ്തവരാണ്. കൊളമ്പസിനേയും ഗാമയേയും മഗല്ലനേയും പോലുള്ള പാശ്ചാത്യസഞ്ചാരികൾ പുതിയ കോളനികൾ കണ്ടെത്താനുമായിരുന്നു യാത്ര ചെയ്തിരുന്നത്.''[30]

''കേരളത്തെക്കുറിച്ച് സൂചന നൽകുന്ന ആദ്യത്തെ വിദേശസഞ്ചാരിയാണ് മെഗസ്തനീസ്. ചന്ദ്രഗുപ്തമൗര്യന്റെ കൊട്ടാരത്തിലേക്ക് ബി.സി. 302-ൽ സെലു

ക്കസ് നിക്കട്ടോർ അയച്ച ഗ്രീക്കു സഞ്ചാരിയാണദ്ദേഹം.''[31] ചന്ദ്രഗുപ്തന്റെ കാലം, രാജഭരണം, അടിമകളെ സൂക്ഷിക്കാത്ത ഭാരതീയ പാരമ്പര്യം, ജനങ്ങളുടെ ജീവിത രീതി തുടങ്ങിയവയെക്കുറിച്ച് അദ്ദേഹം രേഖപ്പെടുത്തുന്നു.

'പെരിപ്ലസ് ഓഫ് ദി എറിത്രിയൻ സീ' എന്ന ഗ്രന്ഥമെഴുതിയ അജ്ഞാത നാമാവാണ് കേരളത്തെക്കുറിച്ച് വിസ്തരിച്ചെഴുതിയ ആദ്യത്തെ സഞ്ചാരി. എ.ഡി. ഒന്നാം നൂറ്റാണ്ടിലെ കേരളത്തെക്കുറിച്ചും സമീപ പ്രദേശങ്ങളെക്കുറിച്ചുമുള്ള അറിവ് ഈ കൃതിയിൽ നിന്ന് ലഭിക്കുന്നു. കപ്പലുകൾ, തിണ്ടിസ്, മുസ്സിരിസ്സ് തുടങ്ങിയ കേരളത്തിലെ പട്ടണങ്ങൾ, ഇറക്കുമതി, കയറ്റുമതി തുടങ്ങിയവയെക്കുറിച്ചെല്ലാം ഈ കൃതികളിൽ പ്രതിപാദിക്കുന്നു.

തൃക്കരിയൂർ, പാലയൂർ, കൊടുങ്ങല്ലൂർ, തിരുന്നാവായ തുടങ്ങിയ പ്രദേശങ്ങളിലൂടെയുള്ള യാത്രയുടെ വിവരണമാണ് ടോളമിയുടെത്. ഈ കാലഘട്ടത്തെക്കുറിച്ച് ഇബ്നുബത്തൂത്ത എഴുതിയ വിവരണങ്ങളെ ആസ്പദമാക്കി എഴുതിയ 'ഇബ്നുബത്തൂത്ത കണ്ട ഇന്ത്യ' എന്ന പുസ്തകത്തിൽ ആ കാലത്തെ ചരിത്ര സാംസ്കാരിക സവിശേഷതകൾ ഉൾക്കൊള്ളുന്നുണ്ട്.

### 1.3.3 ഇബ്നുബത്തൂത്ത കണ്ട ഇന്ത്യ : വിശകലനം

14-ാം നൂറ്റാണ്ടിലെ ഇന്ത്യയുടെ ഏകദേശചിത്രം ഈ ഗ്രന്ഥത്തിൽ നിന്ന് ലഭിക്കുന്നു. ഒരു യാത്രാവിവരണം എന്നതിലപ്പുറം ഒരു ചരിത്രകൃതിയുടെ സ്ഥാനം വഹിക്കുന്നതാണ് ഈ കൃതി. യാത്രാസൗകര്യങ്ങൾ പരിമിതമായിരുന്ന കാലഘട്ടത്തിൽ വിവിധ വിപത്തുകളെ അതിജീവിച്ചുകൊണ്ടാണ് ഇബ്നുബത്തൂത്ത യാത്രകൾ നടത്തിയത്. ഭാരതത്തെക്കുറിച്ചുള്ള സുലൈമാന്റെ യാത്രാവിവരണമാണ് ഇബ്നുബത്തൂത്തയെ കേരളത്തിലേക്കാകർഷിച്ചത്. 1325 ജൂൺ 14-ാം തിയ്യതി വ്യാഴാഴ്ച ടാൻസ്ട്രിയറിൽ നിന്നും യാത്ര പുറപ്പെട്ട ഇബ്നുബത്തൂത്ത 1353 ഡിസംബർ 29-ാം തിയ്യതി യാത്ര അവസാനിപ്പിച്ചു.

സുൽത്താൻ മുഹമ്മദ് ഇബ്നു തുഗ്ലക്കിന്റെ ഭരണകാലത്താണ് ഇബ്നുബ ത്തൂത്ത ഇന്ത്യയിലെത്തിയത്. ''സുൽത്താന്റെ സ്വഭാവ വിശേഷങ്ങൾ, ഭരണരീതി, നീതിന്യായവ്യവസ്ഥകൾ, രാജസദസ്സിലെ ഉപജാപങ്ങൾ, കൈക്കൂലി, ആഡംബരം, സൽക്കാരങ്ങൾ, തപാൽവ്യവസ്ഥകൾ, വാർത്താശേഖരണത്തിനുള്ള ഏർപ്പാടുകൾ, ക്ഷാമം, അവയെ നേരിട്ട രീതി, വ്യാധികൾ, യുദ്ധം''[32] തുടങ്ങി എല്ലാം രേഖപ്പെടു ത്തിയിട്ടുണ്ട്. കേരളത്തിൽ ചാരവൃത്തിക്ക് സ്ത്രീകളെ ഉപയോഗിക്കുന്നതിനെക്കു റിച്ചും സതിയെന്ന നിഷ്ഠൂരകർമ്മത്തെക്കുറിച്ചുമെല്ലാം ഇബ്നുബത്തൂത്ത വിവരി ക്കുന്നു.

മറ്റ് വിദേശസഞ്ചാരികളുടെ യാത്രാവിവരണകൃതികളിൽ നിന്നും ഇബ്നുബ ത്തൂത്തയുടെ വിവരണം ഏറെ സവിശേഷത പ്രകടിപ്പിക്കുന്നു. ഒരു യാത്രാകൃതി എന്നതിലപ്പുറം മതം, ഭൂമിശാസത്രം, ചരിത്രം തുടങ്ങിയ വിവിധ തലങ്ങളെക്കുറിച്ച് ഇദ്ദേഹം വിവരിക്കുന്നുണ്ട്. മലബാറിൽ എത്തിച്ചേർന്ന ഇബ്നുബത്തൂത്ത കുരുമുള കിനെക്കുറിച്ച് വർണ്ണിക്കുന്നത് ഇപ്രകാരമാണ്. ''കുരുമുളകു വള്ളിക്ക് മുന്തിരിവ ള്ളിയോട് സാദൃശ്യമുണ്ട്. തെങ്ങിന്റെ അരികിൽ നട്ടുവളർത്തി അതിന്മേൽത്തന്നെ പടരുവാൻ അനുവദിക്കുകയാണ് പതിവ്. ഇതിന്റെ ഇല ചിലതു കുതിരച്ചെവിപ്പോ ലെയും ചിലത് മുയൽച്ചെവി പോലെയും ഇരിക്കും.''[33]

മലബാറിലെ കുരുമുളക്, അവിടത്തെ ജനങ്ങളുടെ ജീവിതരീതി, സതി ആചാരം, വളപട്ടണം, ധർമ്മടം, ഏഴിമല തുടങ്ങി വിവിധ പ്രദേശങ്ങൾ, മലബാ റിലെ അനുഭവങ്ങൾ എല്ലാം വിശദമാക്കുന്നുണ്ട്.

മുഹമ്മദ് ഇബ്നു തുഗ്ലക്കിന്റെ സ്വഭാവവിശേഷത്തെക്കുറിച്ച് അദ്ദേഹത്തിന്റെ നിരീക്ഷണം ഇപ്രകാരമാണ്. ''ദാന ധർമ്മങ്ങളിലെന്നപോലെ ചോര ചിന്തുന്ന തിലും താല്പര്യം കാണിച്ചിരുന്ന സുൽത്താനാണ് മുഹമ്മദ് ഷാ. സഹയാർത്ഥി കളും വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരും ഒഴിഞ്ഞ സമയം കാണില്ല അദ്ദേഹ

ത്തിന്റെ ദർബാറിന്റെ കവാടത്തിൽ. തുഗ്ലക്കിന്റെ ഉദാരതയെയും ധീരതയെയും ക്രൂരതയെയും കുറിച്ചുള്ള അനവധി കഥകൾ ജനങ്ങൾക്കിടയിൽ പ്രസിദ്ധമാണ്.''[34]

ഒരു സ്ഥലത്ത് ചെന്നാൽ അവിടെ സംഭവിച്ച കാര്യങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തുക, യാതനകളും ക്ലേശങ്ങളും സമചിത്തതയോടെ അനുഭവിക്കാനുള്ള ആത്മധൈര്യമുണ്ടായിരിക്കുക തുടങ്ങിയ പ്രത്യേകതകൾ ഈ കൃതി ഉൾക്കൊള്ളുമ്പോൾ തന്നെ ചരിത്ര വസ്തുതകളിലേക്ക് വിരൽ ചൂണ്ടുന്ന ആഖ്യാനമാണിവിടെ നിർവ്വഹിച്ചിരിക്കുന്നത്.

ഈ കാലഘട്ടത്തിലുള്ള യാത്രാവിവരണകൃതികളിലൊന്നും തന്നെ മുൻധാരണ വെച്ചുകൊണ്ടുള്ള ഒരു സമീപനരീതി കാണുന്നില്ല. തദ്ദേശവാസികളുടെ ജീവിതം, വേഷം, ആചാരം, സംസ്കാരം, വിദ്യാഭ്യാസം, വിനോദങ്ങൾ, കലകൾ, തൊഴിൽ എന്നിവയും അനുബന്ധകാര്യങ്ങളും വിവരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ചരിത്രപരമായ വസ്തുതാ വിവരണങ്ങളാണ് ഇതിലധികവും.

സതി ആചാരത്തിന്റെ അതി ഭീകരത ഉൾക്കൊള്ളുന്ന വിവരണങ്ങൾ വായനക്കാരന് കാഴ്ചയുടെ അനുഭവം നൽകുന്നു. അഗ്നിപ്രവേശം ചെയ്യാൻ കൊണ്ടുപോകുന്ന സ്ത്രീകളുടെ കൂടെ ഒരു കാഴ്ചക്കാരനായി ഇബ്നുബത്തൂത്തയും പോയിരുന്നു. ഈ ആചാരത്തെക്കുറിച്ച് അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്.

''ഭക്തിപൂർവ്വം രണ്ടു കൈകളും ശിരസ്സിൽവെച്ച് ചിതയെ തൊഴുത് എല്ലാവരോടും വിട ചോദിച്ച് സന്തോഷഭരിതയായി ചിതയിലേക്ക് ചാടി. അതോടുകൂടി വാദ്യാഘോഷങ്ങൾ അത്യുച്ചത്തിൽ മുഴക്കപ്പെട്ടു. പുരുഷന്മാർ തങ്ങളുടെ കൈവശമുള്ള വിറകിൻ കെട്ടുകൾ ആ സ്ത്രീയുടെ ശരീരത്തിലേക്ക് ഇട്ടു. അങ്ങോട്ടും ഇങ്ങോട്ടും തിരിയാതിരിക്കാൻ ഇരുഭാഗങ്ങളിലും മുകളിലുമായി വലിയ മരത്തടികൾ വെച്ചുകൊടുത്തു. വാദ്യഘോഷങ്ങളും മറ്റു ശബ്ദകോലാഹലങ്ങളും രോദനങ്ങളും അട്ടഹാസങ്ങളും അന്തരീക്ഷം ഭേദിക്കുമാറ് ഉയർന്നു. അത്യന്തം വേദനാജനകമായ ഈ കാഴ്ച കണ്ടു നിൽക്കാൻ കരുത്തുണ്ടായിരുന്നില്ല എനിക്ക്.''[35]

ഗംഗാനദിയിൽ മുങ്ങിമരിക്കുന്നത് പുണ്യമായി കരുതുന്ന ഹിന്ദുക്കളെക്കുറിച്ചും ഇബ്നുബത്തൂത്ത സാമാന്യമായി പറയുന്നുണ്ട്.

ചരിത്രസാംസ്കാരിക തലങ്ങളെ വിശദീകരിച്ച് കൊണ്ട് ഇന്ത്യയുടെ ഒരു നേർ ചിത്രമാണ് ഇബ്നു ബത്തൂത്ത വിവരിക്കുന്നത്. സംഭവ വിവരണത്തോ ടൊപ്പം യാത്രികന്റെ സ്വത്വത്തെയും ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നുണ്ട്.

### 1.4 കൊളോണിയൽ കാലഘട്ടം

പോർത്തുഗീസുകാരുടെ ആഗമനത്തോടുകൂടി യൂറോപ്യൻ കൊളോണിയ ലിസം ഇന്ത്യയിലേക്ക് പടരാനുള്ള ശ്രമങ്ങളാരംഭിച്ചു. രാഷ്ട്രീയ-സാമ്പത്തിക രംഗ ങ്ങളിൽ എന്നപോലെ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലും ആ നൂറ്റാണ്ടിൽ പുനർനിർണ്ണയനങ്ങളും സ്ഥാനചലനങ്ങളും സംഭവിച്ചു. അതിന്റെ ഫലമായി നാടി നേയും ദേശത്തേയും അവരുടെ സംസ്കാരത്തേയും തൊട്ടറിഞ്ഞുകൊണ്ട് സഞ്ചാ രസാഹിത്യകൃതികൾ പുറത്തിറങ്ങുകയും ചെയ്തു. സഞ്ചാരികൾ പകർത്തിവെ യ്ക്കുന്ന കാഴ്ചയുടെ അനുഭവങ്ങളും അറിവുകളും വിഭിന്നമാണ്. യാത്രികൻ കാണുന്ന സ്ഥലത്തിന്റെ പ്രത്യേകതയ്ക്കൊപ്പം യാത്രികന്റെ കാഴ്ചപ്പാടിനും പ്രാധാന്യമുണ്ട് സഞ്ചാരസാഹിത്യത്തിൽ. അപ്പോൾ കാഴ്ചകൾ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വിപുലീകരിക്കപ്പെടുന്നു. 'സതി' ആചാരം കണ്ടുനിൽക്കാൻ കഴിയില്ലെന്ന് പറയുന്നത് കാഴ്ചപ്പാടിനനുസൃതമായാണ്. അത് 'വിഷയി'[36]ലേക്ക് ചുരുങ്ങുന്ന രൂപത്തിലുള്ളതുമാണ്.

''തങ്ങളുടെ നാട്ടുകാഴ്ചയിൽ നിന്ന് വേറിട്ടൊരു കാഴ്ച എന്ന നിലയിൽ ഹ്യൂയാൻസാങിന്റേയും മാർക്കോപോളോയുടേയും ബർത്തലോമ്യോയുടേയും സഞ്ചാരസാഹിത്യകൃതികൾ പിൽക്കാലത്ത് പ്രിയപ്പെട്ടവയായിത്തീർന്നത് അങ്ങ നെയാണ്. ചുരുക്കത്തിൽ ചരിത്ര പഠനത്തിനു മാത്രമല്ല, സാംസ്കാരിക പഠന ത്തിനും വിലപ്പെട്ട മുതൽകൂട്ടാണ് സഞ്ചാരസാഹിത്യകൃതികൾ.''[37]

ഇപ്രകാരം ഓരോ കൃതിയും ഓരോ കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന തിനോടൊപ്പം വിഷയിയുടെ കാഴ്ചയും കാഴ്ചപ്പാടും കൊണ്ട് വ്യത്യസ്തത ഉള്ള തായി തീരുകയും ചെയ്യുന്നു.

ഈ കാലഘട്ടത്തിലുണ്ടായ ഒട്ടേറെ സഞ്ചാരസാഹിത്യകൃതികളെ പരിചയ പ്പെടുത്തുന്നതിനോടൊപ്പം ഫ്രാൻസിസ് ബുക്കാനന്റെ 'ഞാൻ കണ്ട കേരളം', കൊച്ചി രാജാവിന്റെ 'കാശിയാത്ര' എന്നീ കൃതികൾ പ്രത്യേക പരാമർശത്തിന് വിധേയമാക്കുന്നു.

''മലയാള ഗദ്യത്തിന്റെ വികാസത്തോടുകൂടിയാണ് സഞ്ചാരസാഹിത്യം നവോന്മേഷം കൈവരിച്ചത്. അച്ചടിയുടെ പ്രചാരം, വിദ്യാലയങ്ങളുടെ ആധിക്യം, മിഷണറിപ്രവർത്തനം, വിജ്ഞാനതൃഷ്ണ എന്നിവയാൽ മലയാള ഗദ്യത്തിന് അഭൂ തപൂർവ്വമായ അഭിവൃദ്ധി ഉണ്ടായി.''[38] അപ്രകാരം ഗദ്യത്തിൽ ആദ്യമായി വർത്ത മാനപുസ്തകം രചിച്ചു. അതിനുശേഷം നിരവധി യാത്രാരചനകൾ മലയാളത്തി ലുണ്ടായി. ശ്രീ. കട്ടയാട്ടു ഗോവിന്ദമേനോന്റെ 'കാശിയാത്രാറിപ്പോർട്ട്' (1872) ശ്രദ്ധേയമായ കൃതിയാണ്. കൂടാതെ മാനവിക്രമൻ തമ്പുരാന്റെ 'കാശിയാത്രാചരി തം', തരവത്ത് അമ്മാളുഅമ്മയുടെ 'ഒരു തീർത്ഥയാത്ര' കെ. മാധവന്റെ 'ഒരു ഹിമാ ലയയാത്ര', തപോവന സ്വാമികളുടെ 'കൈലാസ യാത്ര' ഇങ്ങനെ ഒട്ടേറെ തീർത്ഥ യാത്രാകൃതികളും മിസ്സിസ്സ് സി. കുട്ടൻ നായരുടെ 'ഞാൻ കണ്ട യൂറോപ്പ്', എം. ജെ. നായരുടെ 'എന്റെ ഭൂപ്രദക്ഷിണവൃത്താന്തം', മന്നത്തു പത്മനാഭന്റെ 'ഞങ്ങ ളുടെ എഫ്. എം.എസ് യാത്ര', ടി.കെ. കൃഷ്ണമേനോന്റെ 'ഒരു തീർത്ഥാത്ര' എന്നി പ്രകാരം ഒട്ടേറെ കൃതികൾ ഈ കാലഘട്ടത്തിലുണ്ടായി. മലയാള ഗദ്യത്തിന്റെ വികാസത്തോടൊപ്പം ദേശീയതയും സാഹിത്യത്തിൽ വന്ന പല ചലനങ്ങളും ഇത്തരം കൃതികളിലും പ്രതിഫലിക്കാൻ തുടങ്ങി. എങ്കിലും വിഷയത്തെക്കാൾ വിഷയിയ്ക്ക് യാത്രാവിവരണസാഹിത്യത്തിൽ ഏറെ പ്രാധാന്യമുള്ളതുകൊണ്ടു തന്നെ എന്തു കാണുന്നു എന്നതിനപ്പുറം എങ്ങനെ കാണുന്നു എന്നതും യാത്രാ

ഖ്യാനത്തിലെ പ്രധാന വിഷയമായി. അതുകൊണ്ടുതന്നെ ഈ വ്യത്യസ്തത കൃതികളിലൂടെ കണ്ടെത്തേണ്ടതും ആവശ്യമാണ്.

### 1.4.1 ഞാൻ കണ്ട കേരളം : ഫ്രാൻസിസ് ബുക്കാനൻ

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെയും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലെയും മലബാറിനെക്കുറിച്ച് അറിയുവാനുള്ള പ്രധാന രേഖകളിലൊന്നാണ് ഫ്രാൻസിസ് ബുക്കാനന്റെ യാത്രാകൃതി. ''ടിപ്പുസുൽത്താന്റെ പതനത്തിനുശേഷം ബ്രിട്ടീഷ് കമ്പനിക്കാരുടെ കൈവശം വന്നു ചേർന്ന സ്ഥലങ്ങളിലെ ജനങ്ങൾ, അവരുടെ ആചാരങ്ങൾ, വാണിജ്യം, കൃഷി, കലകൾ, ചരിത്രം, ഭൂമിശാസ്ത്രം തുടങ്ങി എല്ലാ കാര്യങ്ങളെക്കുറിച്ചും വിശദമായി അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ ഗവർണ്ണർ ജനറലായിരുന്ന വെല്ലസ്ലി നിയോഗിച്ച ഉദ്യോഗസ്ഥനാണ് ഡോക്ടർ ഫ്രാൻസിസ് ബുക്കാനൻ.''[39]

1800 ഏപ്രിൽ 23-ാം തിയതി ബുക്കാനൻ ആരംഭിച്ച യാത്ര 1801 ജൂലായ് 6-ാം തിയതി അവസാനിപ്പിച്ചു. മദ്രാസിൽ നിന്നും യാത്ര തിരിച്ച് മൈസൂർ, കർണ്ണാടകം, മലബാർ എന്നീ സ്ഥലങ്ങളിലുടനീളം സഞ്ചരിച്ച് വിവിധ മതസ്ഥരായ ജനങ്ങളെ നേരിൽകണ്ട് അവരുടെ ആചാരവിശേഷങ്ങൾ ചോദിച്ചറിയുന്നതു കൂടാതെ ഭരണാധികാരികളുടെയും അവരുടെ പൂർവ്വ ചരിത്രങ്ങളെക്കുറിച്ചുമെല്ലാം വിശദമാക്കുകയും ചെയ്യുന്നു.

''ചരിത്രത്തിന്റെ ആരംഭകാലം മുതൽ തന്നെ കേരളത്തിന് ഭിന്ന സംസ്കാരങ്ങളും ആചാരങ്ങളും വെച്ചു പുലർത്തുന്ന വിദേശികളുമായി അടുത്തിടപഴകാനുള്ള അവസരം ലഭിച്ചിരുന്നു. അതിപുരാതന കാലം മുതൽക്കെ തുടർന്നു വന്ന വ്യാപാരബന്ധമാണ് സഞ്ചാരികളെ കേരളത്തിലേക്കാകർഷിച്ചത്. സുഗന്ധദ്രവ്യങ്ങളും മലഞ്ചരക്കുകളും സുലഭമായി ലഭിച്ചിരുന്ന, അവ സൂക്ഷിക്കാനും മാന്യമായ രീതിയിൽ ക്രയവിക്രയം നടത്തുവാനും സാധ്യമായിരുന്ന തുറമുഖ നഗരമായി

മുസ്രിസ്സും പിന്നീട് കോഴിക്കോടും വളർന്നതിൽ നിന്നാണ് മലബാർ പുകൾപ്പെറ്റ ദേശമായി തീരുന്നത്.''[40]

ഇന്ത്യാചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടമാണ് 1800. ഇന്ത്യയുടെ ദേശീയാവേശം കെട്ടടങ്ങിയ ഒരു സന്ദർഭമെന്നതിനു പുറമെ, വിദേശാധിപത്യത്തിന്റെ ശക്തമായ സമ്മർദ്ദത്തിനു മുമ്പിൽ എല്ലാ രാജവംശങ്ങളും തങ്ങളുടെ മുഴുവൻ പ്രതാപവും അടിയറ വെച്ച ഒരവസരവും കൂടിയാണത്. മൈസൂർ സാമ്രാജ്യത്തിന്റേയും ഭരണാധിപൻ ടിപ്പു സുൽത്താന്റേയും പതനവും മരണവും നടന്ന കാലഘട്ടവുമായിരുന്നു അത്. ഈയൊരു കാലഘട്ടത്തിലെ മലബാറിനെ നേരിട്ട് അനുഭവിച്ചറിയുകയായിരുന്നു ബുക്കാനന്റെ യാത്രോദ്ദേശ്യം.

''സഞ്ചാരി കഥാനായകനാവുകയും താൻ കടന്നു പോകുന്ന പ്രദേശം കാഴ്ചയുടെ വിഭവമാവുകയും ചെയ്യുമ്പോഴാണ് അത് സത്യസന്ധമായി ആഖ്യാനം ചെയ്യപ്പെടുന്നത്.''[41] അത് ചിലപ്പോൾ വ്യത്യസ്തമായ കാഴ്ചയാവാം. ബുക്കാനന്റെ മലബാർ വിവരണം രാജ്യത്തിലെ ജനങ്ങളെയും അവരുടെ ജീവിത സമ്പ്രദായങ്ങളെയും കുറിച്ചറിയാനും ഏറെക്കുറെ സഹായകമാണ്. അതെങ്ങനെ ചരിത്രത്തിന്റെ ഭാഗമാവുന്നു എന്നതിനൊപ്പം ബുക്കാനൻ ഏത് കാഴ്ചക്കാണിവിടെ കൂടുതൽ ഊന്നൽ കൊടുത്തത് എന്നതും ചരിത്രത്തിനൊപ്പം വായിക്കേണ്ട വസ്തുതയാണ്.

ബ്രിട്ടീഷ് കമ്പനിക്കാരുടെ കൈവശം വന്നു ചേർന്ന സ്ഥലങ്ങളിലെ ജനങ്ങൾ, ആചാരങ്ങൾ, ജീവിതരീതി, കൃഷി, ഭരണകാര്യങ്ങൾ എന്നിങ്ങനെ മറ്റെല്ലാ കാര്യങ്ങളും അന്വേഷിച്ചറിയാനാണ് ബുക്കാനൻ മലബാറിലെത്തുന്നത്. എന്നാൽ അദ്ദേഹത്തിന്റെ കണ്ടെത്തലുകളും വിവരണങ്ങളുമെല്ലാം മിക്കവാറും ജൈവവിഭവങ്ങളെ സംബന്ധിച്ചായിരുന്നു. ഈ വിവരണം തങ്ങളുടെ ആധിപത്യം കുറച്ചുകൂടി ശക്തമാക്കണം എന്ന തോന്നൽ ഇംഗ്ലീഷുകാരിൽ ജനിപ്പിച്ചു.

ദക്ഷിണ മലബാറിലൂടെയുള്ള യാത്ര, മധ്യമലബാറിലൂടെയുള്ള യാത്ര, ഉത്തരമലബാറിലൂടെയുള്ള യാത്ര എന്നിങ്ങനെ മൂന്നു ഭാഗങ്ങളിലായിട്ടാണ് ബുക്കാനൻ തന്റെ കാഴ്ചകൾ രേഖപ്പെടുത്തി വെച്ചിരിക്കുന്നത്. ''പ്രദേശങ്ങളെ കഷ്ണങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. നാനാജാതി മരങ്ങൾ ഇടതൂർന്നു വളരുന്ന കൊടും കാടുകളും ഉയർന്ന കുന്നുകളും പാറക്കെട്ടുകളും ഫലവൃക്ഷങ്ങൾ നിറഞ്ഞു നിൽക്കുന്ന ഒന്നാംതരം ഭൂമികളും മികച്ച വിളവുതരുന്ന നെൽപ്പാടങ്ങളും ധാരാളമുണ്ട്.''[42]

ബുക്കാനൻ ജനങ്ങളെയോ സമൂഹത്തെയോ വീക്ഷിക്കുന്നതിനപ്പുറം പ്രകൃതിവിഭവങ്ങൾ കണ്ടെത്തി രേഖപ്പെടുത്താനാണ് ശ്രമിച്ചത്.

| ''തോട്ടങ്ങളുടെ ഇനം | ഫലം നൽകുന്നവ | ഉല്പാദനക്ഷമമല്ലാത്തവ | ആകെ |
|---|---|---|---|
| നാളികേരം | 42,903 ഏക്രം | 32,230 ഏക്രം | 75,133 ഏക്രം |
| കവുങ്ങ് | 6,594 ഏക്രം | 14,270 ഏക്രം | 20,864 ഏക്രം |
| പ്ലാവ് | 3,306 ഏക്രം | 5,755 ഏക്രം | 9,061 ഏക്രം |
| കുരുമുളകുകൊടി | 7,930 ഏക്രം | 9,599 ഏക്രം | 17,529 ഏക്രം |

കന്നുകാലി ഇനങ്ങൾ

| | | |
|---|---|---|
| പശു | - | 1126 |
| കാള | - | 19992 |
| കിടാവുകൾ | - | 81 |
| ആകെ | | 3130 |
| | | ===== |

ഇപ്രകാരം ഓരോ പ്രദേശത്തെയും അടിമകളുടെയും പുരുഷന്മാരുടെയും സ്ത്രീകളുടെയും വീടുകളുടെയും കണക്കുകളും രേഖപ്പെടുത്തുന്നത് വസ്തുനിഷ്ഠമായ രീതിയിലാണ്.''[43] ഇത്തരം വിവരങ്ങളും ആഖ്യാനസവിശേഷതയും മറ്റ് സഞ്ചാരസാഹിത്യകൃതികളിൽ നിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നു.

മേലത്തൂരിലെ ഇരുമ്പയിര് ഉരുക്കുന്ന മൂശയെക്കുറിച്ചും അതിന്റെ പ്രവർത്ത നച്ചെലവും ലാഭവും എത്രയാണെന്നും കണക്കുകൂട്ടിയാണ് ബുക്കാനൻ അവതരിപ്പിക്കുന്നത്. കേരളത്തിലെ ഉല്പന്നങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ അറിവ് നൽകുന്നതോടൊപ്പം ഒരു കച്ചവട കണ്ണുകൂടി ബുക്കാനന്റെ ഭാവനയിൽ തെളിഞ്ഞതായി കാണാം.

ദക്ഷിണ മലബാറിലൂടെയുള്ള യാത്രയ്ക്കിടയിൽ, പ്ലാവ്, തെങ്ങ്, കുരുമുളക്, കവുങ്ങ് എന്നിവയെ കായ്ഫലമുള്ളത്, ചെറുത്, പ്രായം ചെന്നത് എന്നിങ്ങനെ വേർതിരിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ കൃഷിയിടത്തിൽനിന്നും എത്ര ഉല്പാദനം ലഭിക്കുമെന്നും അതിനുള്ള വരവുചെലവു കണക്കുകൾ എത്രയെന്നും തങ്ങൾക്ക് ഇവിടെ ആധിപത്യം ഉറപ്പിച്ചാൽ സാധ്യമാകുന്ന ഗുണവശങ്ങൾ വ്യക്തമാക്കി തരും വിധത്തിലാണ് ബുക്കാനന്റെ വിവരണങ്ങൾ.

കേരളത്തിലേക്ക് പുറപ്പെടുമ്പോൾ നാടുചുറ്റിക്കാണുക എന്നതിലേറെ തങ്ങളുടെ അധീശത്വം ശക്തമാക്കാനുള്ള ഘടകങ്ങൾ കണ്ടെത്തുക എന്നൊരു ഉദ്ദേശ്യംകൂടി ബുക്കാനനുണ്ടായിരുന്നു. കാഴ്ചയെ വസ്തുനിഷ്ഠമായി ആവിഷ്ക്കരിക്കുകയാണിവിടെ.

വൈയക്തികഭാവങ്ങൾക്ക് മുൻഗണന നൽകുന്ന ആത്മനിഷ്ഠമായ ഗദ്യമാണ് സഞ്ചാരികളുടേതെങ്കിലും ഇതിൽ ആത്മനിഷ്ഠതയെക്കാളേറെ വസ്തുനിഷ്ഠതയ്ക്ക് പ്രാധാന്യം നൽകി കാണുന്നു. വായന നൽകുന്ന അമൂർത്ത ചിത്രങ്ങൾ ചരിത്രവസ്തുതകളിലേക്കും കാഴ്ചകളുടെ യാഥാർത്ഥ്യത്തിലേക്കും വളരുകയാണു ചെയ്യുന്നത്.

### 1.4.2 കൊച്ചി രാജാവിന്റെ കാശിയാത്ര

കൊല്ലവർഷം 1026 മിഥുനമാസം 29 മുതൽ 1028 കുംഭമാസം വരെ കൊച്ചി രാജ്യം ഭരിച്ചിരുന്ന വീരകേരളവർമ്മ മഹാരാജാവ് കാശിയാത്രയിൽ സ്വന്തം കൈപ്പ

ടയിൽ ഇംഗ്ലീഷിൽ എഴുതിയ സഞ്ചാരക്കുറിപ്പുകൾക്ക് എം. രാമൻ നമ്പൂതിരി എഴുതിയ പരിഭാഷയാണ് ഇവിടെ പരാമർശിക്കുന്നത്. തൃപ്പൂണിത്തുറയിൽ നിന്ന് പുറപ്പെട്ട് 220 ദിവസം യാത്ര ചെയ്താണ് മഹാരാജാവും സംഘവും കാശിയിൽ എത്തുന്നത്. താൻ ശീലിച്ചും പാലിച്ചും പോന്ന ദിനകൃത്യങ്ങൾ യാത്രയിലുട നീളം പാലിക്കാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്. നദീതിരങ്ങളിൽ തെങ്ങും കവുങ്ങും നെൽപ്പാടങ്ങളുമൊക്കെ കാണുമ്പോൾ കേരള നാടിന്റെ ഓർമ്മ അദ്ദേഹത്തിനുണ്ടാകുന്നു. കാശു വാങ്ങിക്കാൻ വേണ്ടി ക്ഷേത്രങ്ങളിലെ പുരോഹിതന്മാരുടെ വേഷം ധരിച്ചു നിൽക്കുന്നവരെയും കള്ള സന്യാസിമാരെയും കുറിച്ചുള്ള വിമർശനങ്ങളും മഹാരാജാവ് നടത്തുന്നുണ്ട്.[44]

തന്റെ പതിവുള്ള ദിനചര്യകൾ മുടക്കം കൂടാതെ ചെയ്യണമെന്നുള്ള നിർബന്ധവും അദ്ദേഹത്തിനുണ്ടായിരുന്നു. യാത്രികൻ ശരീരശുദ്ധിയിൽ ഏറെ ശ്രദ്ധിക്കുന്ന ആളായിരുന്നു. കുളി യാത്രയിലുടനീളം പ്രധാനഘടകമായി തീരുന്നു. എത്തിപ്പെടുന്ന സ്ഥലവും സാഹചര്യവുമായി പൊരുത്തപ്പെടുന്ന ഒരു സഞ്ചാരി മനസ്സ് പലയിടത്തും അദ്ദേഹത്തിന് ഇല്ലാതെ പോവുന്നു. കാഴ്ചകളെല്ലാം മനസ്സിൽ കുരുക്കിയെടുത്ത് ഓർമ്മകളിൽ ചേക്കേറുന്നു. തന്നെ കൈവിടാത്ത തരത്തിലുള്ള യാത്രയും യാത്രാനുഭവങ്ങളും ആണ് പ്രസ്തുത കൃതിയിൽ വിവരിക്കുന്നത്. വ്യക്തിഗതമായ നിഷ്ഠകളും വ്യവസ്ഥകളും മാറ്റി വെച്ചുകൊണ്ടുള്ള സമീപനമല്ല യാത്രയിലും യാത്രാവിവരണത്തിലും അദ്ദേഹം അവലംബിച്ചിരിക്കുന്നത്. ജീവിതത്തിലെ എല്ലാ സുഖസൗകര്യങ്ങളും അനുഭവിക്കുന്ന ആളാണ് ഇതിലെ യാത്രികൻ. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് വിവിധ ക്ലേശങ്ങൾ മറ്റുള്ള യാത്രികരിൽ നിന്ന് വ്യത്യസ്തമായി അനുഭവിക്കേണ്ടി വരുന്നു. അതിന്റെ ഭാഗം കൂടിയായിട്ടാണ് അദ്ദേഹത്തിന്റെ യാത്രാവിവരണം വിലയിരുത്തേണ്ടത്.

യാത്രാവേളയിൽ ഒരിടത്തെ പരാമർശം ഇപ്രകാരമാണ്. ''അവിടെ താമസിക്കണമെന്നാണ് വിചാരിച്ചത്, പക്ഷെ അവിടെ നല്ല വെള്ളം ഇല്ലെന്ന്, ചെന്നപ്പോ

ഴാണ് അറിഞ്ഞത്. ചുവന്നു കലങ്ങി വൃത്തികെട്ട വെള്ളമേ അവിടെ ഉണ്ടായിരുന്നുള്ളൂ. മറ്റൊരിടത്ത് വിവരണമിങ്ങനെ -അത് നല്ലൊരു സ്ഥലമായിരുന്നു. നല്ല വെള്ളം നിറഞ്ഞ കുളങ്ങളും ധാരാളം കിണറുകളും അവിടെ ഉണ്ടായിരുന്നു.''[45] ഇത്തരത്തിലുള്ള ആവശ്യങ്ങൾക്ക് ഏറെ പ്രാധാന്യം കൊടുക്കുന്ന യാത്രികൻ തന്റെ പതിവു ദിനചര്യകൾക്ക് മുടക്കം വരുത്തുന്ന പരിതസ്ഥിതികളെ ഉൾക്കൊള്ളുന്നില്ല.

കോലാറിലെ കാഴ്ചകൾ വിവരിക്കുന്നിടത്തെല്ലാം ഒരു സവർണ്ണവീക്ഷണമാണ് അനുഭവപ്പെടുന്നത്. ക്ഷേത്രം, വിഗ്രഹങ്ങൾ, ഗംഗാജലം, പുണ്യതീർത്ഥം, കാളയുടേയും പശുവിന്റേയും ശിലാവിഗ്രഹങ്ങൾ എന്നിങ്ങനെയുള്ള കാഴ്ചകൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ സാധാരണക്കാരുടെ അനുഭവദൃശ്യങ്ങൾ നിസ്സാര കാഴ്ചകളായി മാറുന്നുണ്ട്.

പൂർവ്വകാലത്തെ യാത്രയുടെ പ്രത്യയശാസ്ത്രവും ഇന്നത്തെ യാത്രാനുഭവങ്ങളും തമ്മിൽ പല തരത്തിലും വ്യത്യാസം പുലർത്തുന്നതായി കാണാം. സന്ദർശിക്കുന്ന സ്ഥലവുമായി ഒരു തരം പൊരുത്തം പാലിക്കാനുള്ള പ്രവണത പിൽക്കാലത്തെ യാത്രാവിവരണങ്ങളിൽ കാണുന്നു. കർതൃത്വം മാറുന്നതിനനുസരിച്ച് യാത്രാവിവരണകൃതികൾ ഉൾക്കൊള്ളുന്ന കാഴ്ചപ്പാടും മാറുന്നു. ജാതിഭേദം ശക്തമായി നിലനിന്നിരുന്ന കാലഘട്ടമായിരുന്നതുകൊണ്ട് യാത്രാവിവരണത്തിലുടനീളം അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കാണാൻ സാധിക്കുന്നുണ്ട്.

കോലാറിലെ ഒരു സത്രത്തിന്റെ വിശേഷം പറയുന്നത് ഇപ്രകാരമാണ്. ''സത്രം രണ്ടായി തിരിച്ചിട്ടുണ്ട്. ഒരു ഭാഗം ബ്രാഹ്മണർക്ക് താമസിക്കാ. ഇതിന്റെ അടുത്ത് മറ്റൊരു കെട്ടിടവുമുണ്ട്. അവിടെ മുസ്ലീങ്ങൾക്ക് താമസിക്കാം.''[46] ഇത്തരം കാഴ്ചകൾ തന്റെ പതിവു ശീലങ്ങൾക്ക് അനുകൂല സാഹചര്യമൊരുക്കാൻ പര്യാപ്തവുമാണ്.

യാത്രയുടെ കർത്താവ് രാജാവായതുകൊണ്ട് തന്നെ അധികാരത്തിന്റേയും സുഖഭോഗത്തിന്റേയും പരിപ്രേക്ഷ്യത്തിൽ ഊന്നിക്കൊണ്ടുള്ള കാഴ്ചപ്പാടും കാഴ്ചയുമാണിവിടെ കൂടുതലും.

1863 ജനുവരി മുതൽക്കിങ്ങോട്ടുള്ള യാത്രയിൽ, കോളറ, വസൂരി, തുടങ്ങിയ രോഗങ്ങൾ പിടിപെട്ട് പലരും മരണമടയുന്നതായി പറയുന്നുണ്ട്. ഇത്തരം സംഭവങ്ങൾ കാലഘട്ടത്തിന്റെ പ്രതിഫലനങ്ങൾ തന്നെയാണ്. തന്റെ ആഢ്യത്വം, ജാതീയത, പതിവുശീലങ്ങൾ എന്നിവയൊന്നും പുതിയ സാഹചര്യത്തിലും കൈവിടാതെയാണ് വിവരിക്കപ്പെടുന്നത്.

യാത്രികന്റെ സാമൂഹിക പദവി, ലിംഗവ്യത്യാസം, കാലം, സാംസ്കാരികമായ ചുറ്റുപാടുകൾ തുടങ്ങിയവയെല്ലാം യാത്രയെ നിയന്ത്രിക്കുന്നു. സമീപനവ്യത്യാസങ്ങൾ, കർത്തൃത്വവ്യതിയാനങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ യാത്രാവിവരണകൃതികളുടെ സ്വഭാവവും മാറുന്നുണ്ട്.

ബർഗി, ബുൽമ, സുരവ, ശ്രീഘട്ട് എന്നീ സ്ഥലങ്ങളിലെ യാത്രാനുഭവങ്ങൾ വിവരിക്കുന്നിടത്ത് തന്റെ ശാരീരികാസ്വസ്ഥതകളെക്കുറിച്ചും യാത്രികൻ പരാമർശിക്കുന്നുണ്ട്. പക്ഷെ തന്റെ യാത്ര മുഴുവനാക്കാൻ സാധിക്കാതെ 1853 ഫെബ്രുവരി 25ന് വീരകേരളവർമ്മ അന്തരിച്ചു.

തന്റെ പദവിയ്ക്ക് ചേരുന്ന കാഴ്ചകൾക്ക് മാത്രമാണ് യാത്രികൻ പ്രാധാന്യം കൊടുക്കുന്നത്. രണ്ടു യാത്രാകൃതികളും കാലത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നു.

സന്ദർശക സ്ഥലങ്ങളിലെ അതിസാധാരണ ദൃശ്യങ്ങളിൽനിന്ന് സാമൂഹിക സാംസ്കാരിക അവബോധം വായനക്കാരിൽ ഉണ്ടാക്കാൻ ഈ വിവരണത്തിനാവുന്നില്ല. അതുകൊണ്ടുതന്നെ വ്യത്യസ്തമായ രീതിയിലാണ് കൊച്ചി രാജാവ് സന്ദർശിച്ച സ്ഥലത്തെ അനുഭവങ്ങൾ രേഖപ്പെടുത്തുന്നത്. ഈ യാത്രാവിവരണ

ത്തിൽ അലൗകികമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കാനും യാത്രികൻ ശ്രമിക്കുന്നുണ്ട്. കാശിയിലും പരിസരപ്രദേശങ്ങളിലും തെളിഞ്ഞ് നിൽക്കുന്ന സാംസ്കാരികമായ ചിന്തകളെ രേഖപ്പെടുത്താൻ രാജാവ് ശ്രമിച്ചിട്ടുണ്ട്. എന്നാൽ പൊതുവെ ദൃശ്യമാകുന്ന സാധാരണ കാഴ്ചകളിലേക്ക് അദ്ദേഹം ശ്രദ്ധ പതിപ്പിച്ചിട്ടുമില്ല. ഓരോ കാഴ്ചയും വിഷയിയിലധിഷ്ഠിതമാണ്. അത് കാലഘട്ടത്തെ ഉൾക്കൊള്ളുന്നതിനോടൊപ്പം കാഴ്ചക്കാരന്റെ സമീപനം കൂടി ഉൾക്കൊള്ളുന്നു.

### 1.5 സ്വാതന്ത്ര്യാനന്തര കാലഘട്ടം

മലയാളത്തിൽ ഇന്നുള്ള യാത്രാവിവരണഗ്രന്ഥങ്ങളിൽ മിക്കവയും ഇന്ത്യ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതിനുശേഷം ഉണ്ടായതാണ്. ഭാരതത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം യാത്രയുടെ രീതിതന്നെ മാറി. വിദ്യാഭ്യാസവും വിജ്ഞാനവും രാഷ്ട്രീയവും സാംസ്കാരിക മുന്നേറ്റങ്ങളുമെല്ലാം യാത്രാകേന്ദ്രിതമായിത്തീർന്നു. രാജ്യത്തിനുള്ളിലേക്കും പുറത്തേക്കും ആളുകൾ വിവിധാവശ്യങ്ങൾക്കായി നിരന്തരം യാത്രകൾ നടത്തി. നവോത്ഥാനകാലമായപ്പോഴേക്കും മനുഷ്യന്റെ ജീവിതവീക്ഷണങ്ങൾക്ക് പുത്തൻ ഉണർവ്വുണ്ടാവുകയും അവർ പുതിയ ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുകയും ചെയ്തു. മനുഷ്യൻ സ്വയം വീണ്ടെടുക്കാനും തന്റെ ഇടവും സ്വത്വവും ഉറപ്പിക്കാനുമുള്ള യാത്രയും അന്വേഷണവും ആരംഭിച്ചു. ''ഭാരതത്തിലാവട്ടെ, സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം വിദ്യാഭ്യാസം, സാംസ്കാരികവിനിമയം, തൊഴിൽ എന്നീ രംഗങ്ങളെല്ലാം സഞ്ചാരപ്രധാനങ്ങളായി. നവോത്ഥാനകാലത്ത് പുതിയ മണ്ണിനേയും മനുഷ്യരേയും അന്വേഷിച്ചുള്ള യാത്രകളും അനവധിയായി. ഇപ്രകാരം മനുഷ്യന്റെ സാംസ്കാരിക ചരിത്രത്തിൽ എന്നും എവിടെയും സഞ്ചാരങ്ങൾ ഉണ്ടായിരുന്നു.''[47]

1950 മുതലുള്ള 25 വർഷങ്ങൾ മലയാളത്തിൽ യാത്രാവിവരണങ്ങളുടെ വളർച്ചയുടെ കാലഘട്ടമായിരുന്നു. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിൽ ഒരുപോലെ സഞ്ചരിച്ച എസ്.കെ. പൊറ്റെക്കാട്ട് സഞ്ചാരസാഹിത്യത്തിന്

മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. ''താൻ സഞ്ചരിച്ചു കണ്ട തെക്കു കിഴക്കനേഷ്യയെപ്പറ്റിയും മറ്റും കെ.സി. പീറ്റർ രചിച്ച പുസ്തകങ്ങളും യാത്രാസാഹിത്യത്തിന് നേട്ടങ്ങളാണ്. റഷ്യയെപ്പറ്റി എ.കെ. ഗോപാലൻ, മുണ്ടശ്ശേരി, ഇ. എം. എസ്, ആനി ജോസഫ് മുതലായവരും ചൈനയെപ്പറ്റി കെ.കെ.രാഘവൻപിള്ള, കെ.കുഞ്ചുണ്ണിരാജ മുതലായവരും ജർമനിയെപ്പറ്റി ശ്രീകൃഷ്ണശർമ്മയും അമേരിക്കയെപ്പറ്റി ഡോ. കെ. ഭാസ്കരൻനായർ, എൻ.വി. കൃഷ്ണവാര്യർ മുതലായവരും എഴുതിയ പുസ്തകങ്ങൾ ഈ ഘട്ടത്തിൽ സ്മർത്തവ്യമാണ്.''[48]

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യ നേടിയ പുരോഗതിയും നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങളും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ പല പര്യടന പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യയുടെ വിവിധ ഭാഗങ്ങൾ സന്ദർശിക്കുന്നതിൽ കൂടി ദേശിയോദ്ഗ്രഥനം കൈവരിക്കുക എന്നതും സർക്കാറിന്റെ ലക്ഷ്യമായിരുന്നു. ഈ യാത്രകൾ സംബന്ധിച്ച് മലയാളത്തിൽ ഉണ്ടായിട്ടുള്ള ഉന്നതനിലവാരം പുലർത്തുന്ന മൂന്ന് കൃതികളാണ് എൻ.വി. കൃഷ്ണവാര്യരുടെ 'ഉണരുന്ന ഉത്തരേന്ത്യ', 'യമുനയുടെ തീരത്ത്', ജി, വേണുഗോപാലിന്റെ 'എന്റെ നാടുണരുന്നു' എന്നിവ.

ഇപ്രകാരം ഒട്ടേറെ കൃതികൾ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുണ്ടായിട്ടുണ്ടെങ്കിലും സഞ്ചാരത്തെ കലയായി സ്വീകരിച്ച എസ്.കെ. എപ്രകാരമാണ് കാഴ്ചയുടെ യഥാതഥ വിവരണത്തിനുമപ്പുറം ഭാഷയുടെ, സാഹിത്യസൗന്ദര്യത്തെ കൂടി ഉപയോഗപ്പെടുത്തി വായനയുടെ പുതിയ പരിസരങ്ങളിലേക്ക് വായനക്കാരെ നയിച്ചതെന്ന് അന്വേഷിക്കേണ്ടതാണ്. അതിനായി അദ്ദേഹത്തിന്റെ 'സിംഹഭൂമി' എന്ന കൃതിയാണ് പരാമർശവിധേയമാക്കുന്നത്.

### 1.5.1 എസ്.കെ. പൊറ്റെക്കാട്ടിന്റെ സിംഹഭൂമി – നിരീക്ഷണം

അപരിചിതമായ സഞ്ചാരമാർഗങ്ങളും സാഹസികമായ നീക്കങ്ങളും അവിചാരിതമായ മാർഗവ്യതിയാനങ്ങളും എസ്.കെ. യുടെ യാത്രകളെ പലപ്പോഴും

ഉദ്വോഗജനകമാക്കുന്നുണ്ട്. ഭക്ഷണമോ താമസസൗകര്യമോ യാത്രാസൗകര്യമോ ലഭ്യമല്ലാത്ത സ്ഥലങ്ങൾ കൂടി എസ്.കെ. സഞ്ചാരത്തിന് തിരഞ്ഞെടുത്തു. സിംഹ ഭൂമിയിൽ പ്രകൃതിഗാംഭീര്യത്തെയും വന്യമൃഗങ്ങളെയും നേരിട്ട് കണ്ടറിയുന്ന ദൃശ്യങ്ങളുണ്ട്. ''ഒറ്റപ്പെട്ട ആഫ്രിക്കൻ ഗ്രാമങ്ങളിലും ആദിവാസിക്കുടിലുകളിലും ഭാഷയറിയാതെ ദിവസങ്ങൾ ചെലവഴിക്കുന്ന എസ്.കെ.യും അദ്ദേഹത്തിന്റെ അനു ഭവങ്ങളും വായനക്കാരെ ഒരുപോലെ അത്ഭുതപ്പെടുത്തും''[49]

എസ്.കെ. തന്റെ യാത്രയിലൂടെ മനുഷ്യന്റെ സമസ്തഭാവങ്ങളേയും ദർശി ക്കുകയും ജീവിതത്തെ ആസ്വദിക്കുകയും ചെയ്തു. യാത്രയിലൂടെ ദേശസഞ്ചാര ത്തിന്റെ നാൾവഴിക്കണക്കുകൾ വിവരിക്കുന്ന വസ്തുനിഷ്ഠരീതിയിലല്ല, മറിച്ച് ആത്മനിഷ്ഠ സമീപനമാണ് എസ്.കെ. യുടെ എഴുത്ത്. സന്ദർശനസ്ഥലങ്ങളിലെ മറ്റ് പ്രത്യേകതകളെക്കാൾ കൂടുതൽ അവിടത്തെ ജനജീവിതമാണ് എസ്.കെ. പ്രതിപാദ്യമാക്കിയത്.

ലോകം മുഴുവൻ ചുറ്റിക്കാണാനുള്ള ആഗ്രഹമാണ് എസ്.കെ.യെ സഞ്ചാരി യാക്കിയത്. യൂറോപ്പിലും ഏഷ്യയിലുമായി നടത്തിയ യാത്രാനുഭവങ്ങൾ വിവരി ക്കുന്ന എസ്.കെ. യുടെ സഞ്ചാരലോകം അതിബൃഹത്താണ്. സഞ്ചാരത്തെ ചെറു കഥകൾക്കും നോവലിനും ഉപന്യാസങ്ങൾക്കുപോലും എസ്.കെ. വിഷയമാക്കുന്ന തായി കാണപ്പെടുന്നു.

ആഫ്രിക്കൻ പൂർവ്വ തീരത്തെ ഏറ്റവും അഴകുള്ള നഗരമായ ഡാരെസ്സലാ മിലെക്കുള്ള യാത്രയും അവിടത്തെ യാത്രാനുഭവങ്ങളും വിവരിക്കുകയാണ്. 'സിംഹഭൂമി' എന്ന കൃതിയിൽ. ഡാരെസ്സലാം, ടാംഗെ – എന്നിങ്ങനെ 22 അധ്യായ ങ്ങളിലായി ആഫ്രിക്കൻ ജനതയുടെ സവിശേഷതകളാണ് വിവരിക്കുന്നത്.

സ്ത്രീവിരുദ്ധമായ ചില പ്രയോഗങ്ങൾ (ചരക്ക്), മുൻവിധിയോടുകൂടി കാഴ്ചകളെ സമീപിക്കുന്ന രീതി എന്നിവ എസ്.കെ.യുടെ കൃതികളിൽ ചിലേടത്ത് കാണാൻ കഴിയുന്നു. വിവരണത്തിൽ ചിലേടത്തെല്ലാം ആഫ്രിക്കൻ ജനതയോ

ടുള്ള അവജ്ഞയും രേഖപ്പെടുത്തിയതായി കാണാം. ആഫ്രിക്കൻ ബസ്സുയാത്രാ അനുഭവങ്ങളിൽ കാപ്പിരികളുടെ ദേഹത്തിൽ നിന്നുള്ള നാറ്റം എസ്. കെ.യെ അലോസരപ്പെടുത്തി എന്ന് പറയുന്ന സന്ദർഭത്തിൽ ഇത്തരം ഒരു മനോഭാവമാണ് കാണുന്നത്. കൂടാതെ ആഫ്രിക്കൻ ജനത കാപ്പിരികളാണെന്നും അജ്ഞരാണെന്നും ഉള്ള മുൻവിധി എഴുത്തിലും കാണുന്നുണ്ട്.

സന്ദർശന സ്ഥലങ്ങളിലെ സാധാരണ കാഴ്ചകൾ നേരിട്ടവതരിപ്പിക്കുന്ന രീതിയാണ് എസ്.കെ. അവലംബിച്ചിരിക്കുന്നത്. കാഴ്ചകളേയും അതിന്റെ അവതരണത്തേയും സൗന്ദര്യാത്മകമായി അവതരിപ്പിക്കുന്നു. കോളനീകരിക്കപ്പെട്ട ഒരു മനസ്സാണ് എസ്.കെ.കൃതികളിൽ തെളിഞ്ഞു കാണുന്നത്.

''വെള്ളക്കാരൻ കീഴടങ്ങിയതിന്റെ വൈക്ലബ്യം മാറ്റിയെടുക്കാൻ അകമേ നാമും വെള്ളക്കാരായി. നമ്മെയും മറ്റുള്ളവരേയും കുറിച്ച് സായിപ്പ് പറഞ്ഞതെല്ലാം നമുക്ക് അവസാനവാക്കായി.''[50] ഈയൊരു കാഴ്ചപ്പാടു തന്നെയാണ് ആഫ്രിക്കൻ യാത്രകളിൽ എസ്.കെ.യും വെച്ചു പുലർത്തുന്നത്.

കാപ്പിരികളുടെ സദാചാരത്തെയും വൃത്തിയെയും അറിവിനെയും സംബന്ധിച്ച മൂല്യബോധം അവർ തികച്ചും അജ്ഞരും വൃത്തിഹീനരുമാണെന്നാണ്. ആഫ്രിക്കൻ നീഗ്രോവംശത്തെക്കുറിച്ചുള്ള ജ്ഞാനപരിസരത്തെ ഉറപ്പിക്കുന്ന തരത്തിലുള്ളതാണ് കാപ്പിരികളെക്കുറിച്ചുള്ള പരാമർശങ്ങൾ. കാപ്പിരികളുടെ അപരിഷ്കൃതത്വം അദ്ദേഹത്തിന്റെ കാഴ്ചകളിൽ തമാശകളുടെയും അറപ്പിന്റെയും സ്ഥാനങ്ങൾ കൈവരിച്ചു. അവജ്ഞ നിറഞ്ഞ മനോഭാവമായിരുന്നു യൂറോപ്യന്മാർക്ക് കാപ്പിരികളോടുണ്ടായിരുന്നത്. അതുകൊണ്ടുതന്നെയാണ് അധിനിവേശ ഭൂപടത്തിലില്ലാത്ത സ്ഥലങ്ങളെല്ലാം ഇരുണ്ട ഇടങ്ങളായി കണക്കാക്കുന്നതും. ഈ ഒരു നിലപാട് എസ്.കെ. യുടെ കാഴ്ചയിലും സമീപനത്തിലും വായിച്ചെടുക്കാവുന്നതാണ്. ''കാഴ്ച സ്ഥാനങ്ങളെ നിർണ്ണയിക്കുന്നതും രൂപപ്പെടുത്തുന്നതും കാഴ്ചക്കാരനാണെന്നുള്ള ബോധം എസ്.കെ. എന്ന ആധുനികസഞ്ചാരി കാണുന്നുണ്ട്.

ഒരു യൂറോ കേന്ദ്രീകൃതബോധം തന്നെയാണ് ഇദ്ദേഹത്തിന്റെ നോട്ടങ്ങളെയും സ്വാധീനിച്ചിരിക്കുന്നത്.''[51]

കാഴ്ചകളെ മുൻവിധികളുമായി കൂട്ടിയിണക്കിയാണ് എസ്.കെ. ആവിഷ്ക്കരിക്കുന്നത്. ആ മുൻവിധികളാവട്ടെ യൂറോപ്യൻ കേന്ദ്രീകൃത ബോധത്തിലധിഷ്ഠിതവുമാണ്. എങ്കിലും അദ്ദേഹത്തിന്റെ അസാമാന്യനീരീക്ഷണ പാടവവും അവതരണ ശേഷിയും എസ്.കെ.യെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നു. വൈവിധ്യമാർന്ന ജനവിഭാഗങ്ങളെ അവരുടെ സവിശേഷതകളോടെ തന്നെ അവതരിപ്പിക്കാനുള്ള കഴിവ് എസ്.കെ.യുടെ കൃതികളെ അനന്യമാക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ സാമ്പത്തികകമ്മി, ഭക്ഷ്യക്ഷാമം, 1938-ലെ സ്റ്റേറ്റ് കോൺഗ്രസിന്റെ ഉത്തരവാദിത്ത പ്രക്ഷോഭത്തെ തുടർന്നുണ്ടായ തിരുവിതാംകൂറിലെ കലുഷാവസ്ഥ തുടങ്ങി പല കാരണങ്ങളാൽ ജനങ്ങൾ സ്വന്തം രാജ്യത്തുനിന്നും മറ്റിടങ്ങളിലേക്ക് കുടിയേറാൻ തുടങ്ങി. ഇത്തരം യാത്രാനുഭവങ്ങളും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

യാത്രികരുടെ യാത്രാനുഭവങ്ങൾ രൂപപ്പെടുന്നത് വ്യത്യസ്ത യാത്രാനുഭവങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ ലോകബോധത്തിന്റെ അടിസ്ഥാനത്തിൽ ആണ്. അത്തരത്തിലുള്ള ലോകവീക്ഷണമാണ് ഓരോ യാത്രയെയും നിയന്ത്രിക്കുന്നത്. സ്വാതന്ത്ര്യത്തിനു മുൻപും പിൻപുമുള്ള കാലഘട്ടത്തിലെ എഴുത്തുകൾ സാഹിത്യകൃതികൾ ഒരു രാഷ്ട്രത്തെ നിർണ്ണയിക്കാൻ വേണ്ട യുക്തികളെ നിർമ്മിച്ചെടുക്കുന്നത് ആ കാലഘട്ടത്തിന്റെ സവിശേഷതകളിൽ ഊന്നിയാണ്. അങ്ങനെയാണ് സാഹിത്യകൃതികളെല്ലാം ഈ രണ്ടു കാലഘട്ടത്തിലും ഉരുത്തിരിയുന്നത്. അതേ ഒരു മാർഗത്തിൽ തന്നെയാണ് ഈ രണ്ടു കാലഘട്ടത്തിലെയും യാത്രാവിവരണങ്ങളും രാഷ്ട്രനിർമ്മാണയുക്തികളെ നിർമ്മിച്ചെടുത്തത്. ആ രണ്ടു കാലഘട്ടത്തിന്റെയും സാധ്യതകളെയും പ്രശ്നങ്ങളെയും മുൻനിർത്തിയാണ് സാഹിത്യകൃതികൾ രൂപപ്പെടുന്നത്. അതേ ഒരു തലത്തിൽതന്നെയാണ് യാത്രാവിവരണകൃതി

കളും രാഷ്ട്രനിർമ്മാണയുക്തികളെ നിയന്ത്രിക്കുകയും പ്രശ്നവൽക്കരിക്കുകയും ചെയ്യുന്നത്.

ഇന്ത്യയുടെ ദേശീയവും ഭാഷാപരവുമായ എല്ലാ വൈവിധ്യങ്ങളേയും ഉൾക്കൊണ്ടുള്ള ദേശീയ വിവരണമാണ് സഞ്ചാരസാഹിത്യകൃതികൾ നിർവ്വഹിക്കുന്നത്.

''സാമൂഹികകാഴ്ചയെന്ന നിലയിൽ ആസ്വദിക്കപ്പെടുന്ന എസ്.കെ. കൃതികൾ ആധുനികതയുടെ സൗന്ദര്യസങ്കല്പങ്ങൾ ഉൾക്കൊള്ളുന്നതാണ്. ആധുനികതയുടെ യുക്തിവിചാരമാതൃകയാണ് രാഷ്ട്രത്തെ നിയന്ത്രിച്ച് നിർവ്വഹിച്ചതും. ആധുനികതയുടെ അന്യങ്ങൾ ദേശീയതയുടേയും അന്യങ്ങളായി. ഇത്തരത്തിൽ ആധുനികതയെ രൂപപ്പെടുത്തിയ ജ്ഞാനോദയ ചിന്തയുടെ ആന്തരികയുക്തികൾ തന്നെയാണ് എസ്.കെ.യുടെ യാത്രാകൃതികളും.''[52] എസ്.കെ. ദേശീയതയുടെ വ്യത്യസ്തതകളെ ഭാഷാപരമായും ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും ഉൾക്കൊള്ളാനും അവതരിപ്പിക്കാനും ശ്രമിച്ചു. ആ ശ്രമത്തിന്റെ ഫലം എന്നു പറയുന്നത് ആധുനിക സൗന്ദര്യവീക്ഷണങ്ങളും സങ്കല്പങ്ങളുമാണ്. അതുകൊണ്ടു തന്നെ ആധുനികത ഒഴിവാക്കിയ ആശയത്തെ ഒഴിവാക്കാനും എസ്.കെ. ശ്രമിച്ചു. ആധുനികതയ്ക്കുമുമ്പുള്ള ഒരു പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടാണെങ്കിൽ യാത്രാസങ്കല്പങ്ങളും മാറുമായിരുന്നു. ആധുനികസങ്കല്പത്തിൽ നിന്നുകൊണ്ടാണ് എസ്.കെ. കൃതികളെ നോക്കിക്കണ്ടതും ആവിഷ്ക്കരിച്ചതും. അങ്ങനെ നോക്കുമ്പോൾ ഓരോ കാലഘട്ടത്തിലുമുണ്ടായ യാത്രാകൃതികളും ഇത്തരം പ്രത്യയശാസ്ത്രങ്ങളെ സമർത്ഥിക്കുന്നതായി കാണാം.

### 1.6 മാറുന്ന വീക്ഷണമാതൃകകളും സഞ്ചാരസാഹിത്യവും

വളരെ വിപുലമായൊരു സഞ്ചാരസാഹിത്യപാരമ്പര്യം എസ്.കെ. പൊറ്റെക്കാട്ടിനുശേഷം മലയാളികൾ ഉൾക്കൊള്ളുന്നുണ്ട്. ''സർഗ്ഗാത്മകസഞ്ചാരസാഹിത്യം, ടൂറിസത്തിന്റേയും ഉത്തരാധുനിക ടൂറിസത്തിന്റേയും ഭാഗമായുള്ള ദൃശ്യ

സഞ്ചാരരേഖകൾ എന്നിവ വൈവിധ്യമാർന്ന കാഴ്ചാസ്ഥാനങ്ങളെ അവതരിപ്പിക്കുന്നു. ജീവിതത്തിന്റെ സൂക്ഷ്മയാഥാർത്ഥ്യങ്ങളിലേക്ക് കാഴ്ചയെ നയിക്കുമ്പോൾ തന്നെ കാഴ്ചകളുടെ സെലിബ്രിറ്റികളിലേക്ക് സഞ്ചാരമേഖല ശ്രദ്ധയൂന്നുന്നു.''[53]

തീർത്ഥാടനയാത്രകളും ദേശീയവും വിദേശീയവുമായ ധാരാളം യാത്രകളും അവയുടെ വിവരണങ്ങളും സഞ്ചാരസാഹിത്യത്തെ വിപുലപ്പെടുത്തിയിട്ടുണ്ട്. എസ്.കെ. പൊറ്റെക്കാട്ടിനുശേഷം ഒട്ടേറെ സഞ്ചാരസാഹിത്യകൃതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എൻ. പി. മുഹമ്മദിന്റെ 'അബുദാബി ദുബായ്' (1979), പി. ചിരുകണ്ടന്റെ 'ഞാനും എന്റെ കണ്ണിൽ കണ്ടതും ഉള്ളിൽ തോന്നിയതും' (1980), പി.വി. പൗലോസിന്റെ 'ഡമാസ്കസ് മുതൽ ജറുസലേം വരെ' (1980), രവീന്ദ്രന്റെ 'സ്വിസ് സ്കെച്ചുകൾ' (1984), നിത്യചൈതന്യയതിയുടെ 'യാത്ര' (1987), സുജനപാലിന്റെ 'മൂന്നാം ലോകം' (1987), പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'വോൾഗയിൽ മഞ്ഞ് പെയ്യുമ്പോൾ' (2000), സച്ചിദാനന്ദന്റെ 'മൂന്ന് യാത്ര' (2001), ടി.പി. രാജീവന്റെ 'പുറപ്പെട്ടു പോകുന്നവരുടെ വാക്ക്' (2007) എന്നിങ്ങനെ പല വിദേശയാത്രാവിവരണങ്ങൾ പുറത്തിറങ്ങി. വിദേശദൃശ്യങ്ങൾ അവതരിപ്പിക്കുന്നതിലുള്ള മാറ്റങ്ങളാണ് ഈ കൃതികളെ ആസ്വാദ്യമാക്കുന്നത്.

അലൗകിക ചിന്തയിലൂടെ ചൈതന്യവത്തായ ലോകത്തെ ദർശിച്ച നിത്യചൈതന്യയതിയുടെ യാത്ര മറ്റു യാത്രാകൃതികളിൽ നിന്നും വ്യത്യസ്തമാണ്. രാജ്യങ്ങളിലൂടെ സഞ്ചരിച്ച് അവിടത്തെ ഭൗതിക ചുറ്റുപാടുകളിലേക്ക് കാഴ്ചയെ കേന്ദ്രീകരിക്കുന്ന സഞ്ചാരസാഹിത്യമാണ് നിത്യചെതന്യയതിയുടേത്.

റഷ്യൻ യാത്രാവിവരണഗ്രന്ഥമായ 'വോൾഗയിൽ മഞ്ഞുപെയ്യുമ്പോൾ' എന്ന കൃതിയിൽ പുനത്തിൽ കുഞ്ഞബ്ദുള്ള കാഴ്ചകളെ നോക്കിക്കാണുന്നത് 'ഞാൻ' എന്ന പ്രകടമായ സാന്നിധ്യം നിലനിർത്തിക്കൊണ്ടാണ്. 'ഞാൻ വന്നു ഞാൻ പോയി' എന്നിവയുടെ നിരന്തരമായ ആവർത്തനം കാരണം സഞ്ചാരസാഹിത്യം ആത്മാംശം ഉൾക്കൊള്ളുന്നു എന്ന കാര്യം സമർത്ഥിക്കാൻ സാധിച്ചു.

കാഴ്ചയെ ചരിത്രത്തിലേക്ക് നയിക്കുകയാണ് എ.വി. അനിൽകുമാറിന്റെ 'ജർമൻ സ്കെച്ചുകൾ'. നാസി ഗവൺമെന്റിന്റെ ദുഷിച്ച ഭരണാധികാരവ്യവസ്ഥ യുടെ ചരിത്രത്തിലേക്ക് നയിക്കുന്ന ആഖ്യാനമാണ് എ.വി. അനിൽകുമാറിന്റേത്.

സക്കറിയയുടെ 'ആഫ്രിക്കൻ യാത്ര' ആഫ്രിക്കൻ കാഴ്ചകൾ മലയാളി മന സ്സിലുണ്ടാക്കിയ പ്രതിഫലനങ്ങളുടെ നേർക്കാഴ്ചയാണ്. ആഫ്രിക്കൻ ജനതയുടെ ദൈന്യതയുടെ ആവിഷ്ക്കാരം കൂടിയാണീ കൃതി.

പതിവു കാഴ്ചകളിൽ നിന്ന് വ്യത്യസ്തമായി ഓരം ചാരി നിൽക്കുന്ന നിറ ങ്ങൾ നഷ്ടപ്പെട്ട ജീവിതത്തിലേക്ക് ഇറങ്ങിചെല്ലുന്ന യാത്രാവിവരണമാണ് പി. സുരേന്ദ്രന്റെ 'ദേവദാസി തെരുവുകളിലൂടെ'. ബാല്യകാലത്തുതന്നെ ലൈംഗികത യുടെ കാണാപ്പുറങ്ങളിലേക്ക് വഴിമാറി സഞ്ചരിച്ച ഡക്കാനിലെ ദേവദാസികളുടെ വിലാപങ്ങളാണീ കൃതി വിവരിക്കുന്നത്.

വിദേശികളുടെ കണ്ണിലെ കേരളം അപമാനഭാരം ഉണ്ടാക്കിയപ്പോൾ അഭിമാ നിയായ ഒരു എഴുത്തുകാരന്റെ പ്രതിഫലനങ്ങളാവുകയാണ് ടി.പി. രാജീവന്റെ 'പുറപ്പെട്ടു പോകുന്നവരുടെ വാക്ക്' എന്ന പുസ്തകം. പുറം ലോകത്തിന്റെ മാന ദണ്ഡങ്ങൾക്കപ്പുറത്തേക്ക് സ്വന്തം ഉൾക്കാഴ്ച നൽകുന്ന സമീപനങ്ങളാണ് എഴു ത്തുകാരൻ പിൻതുടരുന്നത്.

''മലയാളസഞ്ചാരാഹിത്യശാഖയ്ക്ക് അപൂർവമായൊരു മൗലികത സമ്മാ നിച്ച സാഹിത്യകാരനാണ് രവീന്ദ്രൻ. നിലവിലുള്ള എഴുത്ത് പാരമ്പര്യങ്ങളിൽ നിന്നെല്ലാം വിട്ടുമാറിയാണ് രവീന്ദ്രന്റെ രചനകൾ. 'അകലങ്ങളിലെ മനുഷ്യർ' (1982, 'ദിഗാരുവിലെ ആനകൾ' (1983), 'സ്വിസ് സ്കെച്ചുകൾ' (1984), 'മെഡിറ്ററേനി യൻ വേനൽ' (2000), 'ബുദ്ധപഥം' (2004), 'ശീതകാലയാത്രകൾ' (2008), 'എന്റെ കേരളം' (2009) എന്നിവയാണ് അദ്ദേഹത്തിന്റെ സഞ്ചാരകൃതികൾ. പ്രകൃതി യേയും മനുഷ്യപ്രകൃതിയേയും സംബന്ധിച്ച വീക്ഷണങ്ങളുടെ പുത്തൻ ആഖ്യാന കലയാണ് രവീന്ദ്രന്റെ ഓരോ രചനയും. അതിസാധാരണ ദൃശ്യങ്ങളിലൂടെ ഗ്രാമ

ത്തിന്റെ സാമൂഹിക സാംസ്കാരിക ബോധങ്ങളിലേക്ക് വായനക്കാരെ നയിക്കുന്ന ഓരോ കാഴ്ചയും ഇതുവരെ കണ്ടുപോന്ന കാഴ്ചാസ്ഥാനങ്ങളിൽനിന്നും ഏറെ ദൂരം അകലെയാണ്.''[54]

## 1.7 ഹിമാലയ സഞ്ചാരവിവരണങ്ങൾ

ഹിമാലയം കേന്ദ്രീകരിച്ചും അല്ലാത്തതുമായി സാഹസിക സ്വഭാവമുള്ളതും ആത്മീയാനുഭൂതി നിറഞ്ഞതുമായ യാത്രകൾ കൊണ്ട് സമ്പുഷ്ടമാണ് സഞ്ചാര സാഹിത്യമേഖല. മതിയായ ഗതാഗതസൗകര്യമോ മറ്റു യാത്രാസൗകര്യമോ ഒന്നും ലഭ്യമല്ലാത്ത അവസ്ഥയിലുള്ള സഞ്ചാരങ്ങളായിരുന്നു സ്വാതന്ത്ര്യപൂർവ്വകാലത്ത് ഉണ്ടായതെങ്കിൽ കുറെക്കൂടി സൗകര്യപ്രദമായ യാത്രകളായിരുന്നു സ്വാതന്ത്ര്യാന ന്തരം ഉണ്ടായ ഹിമാലയ സഞ്ചാരങ്ങളിലേറെയും. കാൽനടയായി ഹിമാലയം ദർശിച്ച രാജൻ കാക്കനാടന്റെ 'ഹിമവാന്റെ മുകൾത്തട്ടിൽ' മറ്റു ഹിമാലയകാഴ്ചക ളിൽനിന്ന് വ്യത്യസ്തമായി നിൽക്കുന്നു. ഒട്ടേറെ സഞ്ചാരവിവരണകൃതികൾ ഈ മേഖലയിലുണ്ടായിട്ടുണ്ട്.

തരവത്ത് അമ്മിണിഅമ്മയുടെ 'ബദരിനാഥയാത്ര' (1951), കെ.പി.എസ്. മേനോന്റെ 'ഡൽഹി -ചുങ്കിങ്' (1959), ജ്ഞാനാനന്ദസരസ്വതിയുടെ 'കേദാര ഖണ്ഡം അഥവാ ഹിമാലയത്തിലേക്കൊരു വഴികാട്ടി' (1960), സ്വാമി ദയാനന്ദ തീർത്ഥയുടെ 'ഹിമഗിരിയിലൂടെ' (1964) എസ്.കെ. പൊറ്റെക്കാട്ടിന്റെ 'ഹിമാലയസാ മ്രാജ്യത്തിൽ' (1967) 'നേപ്പാൾ യാത്ര' (1969), സ്വാമിദയാനന്ദസരസ്വതിയുടെ 'കൈലാസദർശനം' (1980), രാജൻ കാക്കനാടിന്റെ 'ഹിമവാന്റെ മുകൾത്തട്ടിൽ' (1980), 'അമർനാഥ് ഗുഹയിലേക്ക്' (1984), സി.എ.എസ്. മേനോന്റെ 'ഞാൻ കണ്ട ബദരി' (1982), കെ.വി. സുരേന്ദ്രനാഥിന്റെ 'ലോകത്തിന്റെ മുകൾത്തട്ടിലൂടെ' (1991), ആഷാമേനോന്റെ 'അടരുന്ന കക്കകൾ' (1994), എം.കെ. രാമചന്ദ്രന്റെ 'ഉത്തർഖ ണ്ഡിലൂടെ- കൈലാസ - മാനസരസ്സ് യാത്ര' (2003), 'തപോഭൂമി ഉത്തരാഖണ്ഡ്' (2005), എം.പി. വീരേന്ദ്രകുമാറിന്റെ 'ഹൈമവതഭൂവിൽ' എന്നിവ ഇക്കാലത്തു

ണ്ടായ ഹിമാലയ സഞ്ചാരഗ്രന്ഥങ്ങളിൽ ചിലതാണ്. ഓരോ യാത്രികന്റെയും തീർത്ഥാടനാനുഭൂതിയും സാഹസികതയും നൽകുന്ന യാത്രാകൃതികളാണ് ഇവയിൽ മിക്കതും.

എസ്.കെ പൊറ്റെക്കാട്ടിന്റെ 'ഹിമാലയ സാമ്രാജ്യത്തിൽ' (1967) മറ്റു കൃതികളിലെന്ന പോലെ പ്രകൃതിയും മനുഷ്യരും ജനാധിപത്യവും ദേശീയതയും ഈ കൃതിയിലും വിഷയമാക്കുന്നുണ്ട്. എസ്.കെ. യുടെ 'നേപ്പാൾ യാത്ര' (1985), സൂക്ഷ്മനിരീക്ഷണങ്ങളെക്കാൾ പുസ്തകങ്ങളിലൂടെ ലഭിച്ച ചരിത്രജ്ഞാനം അവതരിപ്പിക്കുകയാണ്.

രാജൻ കാക്കനാടന്റെ 'ഹിമവാന്റെ മുകൾത്തട്ടിൽ', 'അമർനാഥ് ഗുഹയിലേക്ക്' എന്നിവ സാഹസികമായ അനുഭവങ്ങൾകൊണ്ടും പ്രകൃതി, രാഷ്ട്രീയ-ആധ്യാത്മിക വിചാരങ്ങൾകൊണ്ടും സമ്പുഷ്ടമാണ്. ഒരു കഥ രചിക്കുന്ന ലാഘവത്തോടെ അനുഭവിച്ചറിഞ്ഞ വസ്തുതകൾ നേരിട്ടാവിഷ്ക്കരിക്കുന്നു.

എം.കെ. രാമചന്ദ്രന്റെ 'ഉത്തർഖണ്ഡിലൂടെ-കൈലാസ്-മാനസസരസ്സ് യാത്ര' (2003) എന്ന യാത്രാകൃതി അമാനുഷികമായ വിവരണങ്ങൾ നിറഞ്ഞതാണ്. തികച്ചും യാഥാസ്ഥിതികത തന്നെയാണ് ഈ കൃതിയുടെ മുഖമുദ്ര.

''കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ നിരവധി ഹിമാലയയാത്രാഗ്രന്ഥങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ട്. ഭൂരിഭാഗവും ഭക്തിസാന്ദ്രമോ അത്ഭുതസ്തബ്ധമോ ആയുള്ള ദർശനങ്ങളാണെങ്കിലും വ്യത്യസ്തമായ സൗന്ദര്യദർശനാവിഷ്കാരങ്ങളും ഉണ്ടായിട്ടുണ്ട്. എം.പി. വീരേന്ദ്രകുമാറിന്റെ 'ഹൈമവതഭൂവിൽ' വിവരങ്ങളുടെ സമ്പന്നതയാൽ ശ്രദ്ധേയമാണ്. ഉത്തർഖണ്ഡിന്റെ മാത്രമല്ല ഇന്ത്യൻ ചരിത്രത്തിലൂടെ തന്നെയുള്ള ജീവൻ തുടിക്കുന്ന ഒരു യാത്രായാണിത്''.[56]

ഇങ്ങനെ കാലഘട്ടങ്ങളിലായി രേഖപ്പെടുത്തിയ യാത്രാകൃതികളിൽ ഓരോരുത്തർക്കും യാത്ര വ്യത്യസ്തമായിരുന്നു. അതായത് വൈകാരിക കാഴ്ച

കൾക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം ആഘോഷക്കാഴ്ചകളിലേക്ക് മാറുന്ന പ്രവണതയും യാത്രാകൃതികളിൽ വായിച്ചെടുക്കാവുന്നതാണ്. യാത്രയുടെ ലക്ഷ്യ ങ്ങൾക്കനുസരിച്ച് യാത്രാനുഭവവും വ്യത്യസ്തമാകുന്നു. നമ്മൾ ഒരു കാഴ്ച കാണുമ്പോൾ അപരമായ കാഴ്ചകൾ കൂടി നമ്മെ ഭരിക്കുന്നുണ്ട്.

**1.8 സഞ്ചാരസാഹിത്യം സമകാലികം**

ഇന്നിപ്പോൾ യാത്ര ടൂറിസത്തിന്റെ മേഖലയിലെത്തി നിൽക്കുകയാണ്. യാത്രയുടെ രീതികളും സൗകര്യങ്ങളും കൂടുതൽ ആധുനികവൽക്കരിക്കപ്പെട്ടിട്ടു ണ്ട്. മാതൃഭൂമി പ്രസിദ്ധീകരണമായ 'യാത്രാ മാഗസിൻ' വിനോദസഞ്ചാരമേഖല യിലെ രസകരമായ യാത്രാവിവരണങ്ങൾ നിറഞ്ഞവയാണ്. വായനയിലൂടെ ലഭി ക്കുന്ന അമൂർത്ത ചിത്രങ്ങൾക്ക് പകരം ദൃശ്യങ്ങൾ നൽകുന്ന ഡിജിറ്റൽ സഞ്ചാര വിവരണങ്ങളുടെ കാലത്തിലൂടെയാണിന്ന് നാം സഞ്ചരിക്കുന്നത്.

യാത്രയെക്കുറിച്ചുള്ള അന്വേഷണത്തെപ്പോലെത്തന്നെ പ്രാധാന്യമുണ്ട് യാത്ര ചെയ്യുന്ന വ്യക്തികളുടെ ലിംഗപരമായ സാധ്യതകളെക്കുറിച്ചുള്ള അന്വേഷ ണത്തിനും. ചരിത്രം ഉദ്ഘോഷിക്കുന്ന യാത്രകളെല്ലാം പുരുഷയാത്രകളായിരു ന്നു. എന്നാൽ പെൺയാത്രകളുടെ വിവരണങ്ങൾക്ക് ചരിത്രത്തിൽ ഇടം കിട്ടിയിട്ടി ല്ല. പുരുഷന് സമൂഹം കല്പിച്ചുകൊടുത്ത സ്വാതന്ത്ര്യമാണ് യാത്ര ചെയ്യാനുള്ള അവസരം സൃഷ്ടിച്ചത്. കാരണങ്ങളില്ലാതെ സ്ത്രീ യാത്ര ചെയ്യാറില്ല. അപ്ര കാരം ഒരു സ്ത്രീ തൊഴിലിന്റെ ഭാഗമായോ മറ്റ് കലാ സാംസ്കാരിക ആവശ്യങ്ങ ളുമായോ ബന്ധപ്പെട്ടാണ് യാത്ര ചെയ്യുന്നത്. അങ്ങനെ പരിമിതമായ ചട്ടക്കൂടിന്റെ അകത്താണ് സ്ത്രീ അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നത്. സ്വാതന്ത്ര്യത്തി നുമുമ്പും സ്വാതന്ത്ര്യാനന്തര ഘട്ടങ്ങളിലും സ്വതന്ത്രമായി യാത്ര ചെയ്ത്, സന്ദർശ നസ്ഥലങ്ങളിൽ താമസിച്ച്, അവിടത്തെ സംസ്കാരത്തെക്കുറിച്ച് പഠിച്ച് എഴുതാൻ സ്ത്രീകൾക്ക് അവസരം ലഭിച്ചിരുന്നില്ല. എഴുതിയ കൃതികളാവട്ടെ ചരിത്രത്തി

ലിടം നേടിയിട്ടുമില്ല. അതുകൊണ്ടുതന്നെ ഇത്തരം പഠനങ്ങൾ സഞ്ചാരസാഹിത്യത്തിൽ ഏറെ പ്രസക്തമാണ്.

എന്നാൽ കലാകാരികളായിട്ടുള്ള സ്ത്രീകളുടെ ഓർമ്മകൾ, നഴ്സുമാരായി പരദേശത്തേക്ക് പോയി ജോലി ചെയ്യുന്നവരുടെ ഓർമ്മകൾ, സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച സ്ത്രീകളുടെ അനുഭവങ്ങൾ എന്നിങ്ങനെ ചിതറിക്കിടക്കുന്നതായിരുന്നു സ്ത്രീ എഴുത്തുകൾ. 1950കൾക്കു മുമ്പുള്ള കാലഘട്ടത്തിൽ സ്ത്രീകളുടെ യാത്രകളും യാത്രാനുഭവങ്ങളും കുറവായിരുന്നു. ആ അനുഭവത്തെക്കുറിച്ചുള്ള പഠനം ചരിത്രത്തിൽ സ്ത്രീകളുടെ സ്വത്വം എങ്ങനെ വിലയിരുത്തപ്പെട്ടു എന്ന് കണ്ടെത്താനുള്ള മാർഗ്ഗവുമാവുന്നു.

കുടുംബിനി എന്ന നിലയിൽ ഗൃഹനാഥന്റെ കീഴിൽ ജീവിച്ച സ്ത്രീകൾ എഴുതിയ ചെറുകുറിപ്പുകളാണ് ആദ്യകാല സ്ത്രീയാത്രാവിവരണങ്ങൾ. സമകാലിക സമൂഹത്തിൽ സ്ത്രീകൾക്ക് യാത്രാ സാധ്യതകൾ വർദ്ധിച്ചു. പക്ഷെ, കുടുംബ സംവിധാനത്തിൽ നിന്നും സ്ത്രീ പൂർണ്ണമായി വിമോചനം പ്രാപിച്ചിട്ടില്ല. അതിനാൽ പുരുഷന്മാർ നടത്തുന്നതുപോലുള്ള യാത്രകൾ സ്ത്രീക്ക് ഇന്നും അന്യമാണ്. കാര്യകാരണമില്ലാതെ സ്വതന്ത്രമായ യാത്ര നടത്താനുള്ള സാധ്യത സ്ത്രീകൾക്ക് ഇന്നും കൈവന്നിട്ടില്ല.

പുരുഷന്മാർ നടത്തുന്ന യാത്രകളിലും, തൻമൂലമുണ്ടാകുന്ന യാത്രാവിവരണങ്ങളിലും സ്ത്രീസ്വത്വം, സ്ത്രീയുടെ ജീവിതനിയമങ്ങൾ, സ്ത്രീജീവിതത്തെ നിർണ്ണയിക്കേണ്ട സാംസ്കാരിക വ്യവസ്ഥിതികൾ തുടങ്ങിയവയെല്ലാം രൂപപ്പെട്ടുവരുന്നതിനാൽ പുരുഷകേന്ദ്രീകൃതമായ കാഴ്ചപ്പാടാണ് അടിസ്ഥാനമായി വർത്തിക്കുന്നത്.

സ്ത്രീയുടെ കണ്ണിലൂടെ സ്ത്രീയെ രേഖപ്പെടുത്തണമെങ്കിൽ സ്ത്രീ എഴുതണം. സ്ത്രീക്ക് യാത്രാവിവരണമെഴുതാനുള്ള സാഹചര്യം സ്ത്രീയുടെ യാത്രയിലൂടെയാണ് ലഭിക്കുന്നത്. തൻമൂലമുണ്ടാകുന്ന യാത്രാവിവരണങ്ങളിലെ സ്ത്രീ

എന്നു പറയുന്നത് സ്വാതന്ത്ര്യം പ്രാപ്യമായ സ്ത്രീസ്വത്വത്തിന്റെ വലിയ അവതരണം കൂടിയാണ്. സ്ത്രീയെ സാമൂഹികമായി തന്നെ ജൈവികപ്രക്രിയയിലേക്ക് ഉയർത്തുന്ന തരത്തിലുള്ള മുതൽകൂട്ടാണ് യാത്രാവിവരണങ്ങൾ. അതിനാൽ സ്ത്രീയാത്രാവിവരണങ്ങൾ പഠനവിഷയമാക്കേണ്ടത് ആവശ്യവുമാണ്.

**കുറിപ്പുകൾ**


1. പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം. ശബ്ദതാരാവലി, കോട്ടയം: എൻ. ബി.എസ്സ്, 2003, പുറം 1471.
2. വാരിയർ, എം.ഐ. നാരായണഭട്ടതിരി, ഇ.പി. രാധാകൃഷ്ണവാരിയർ, കെ. മലയാളം ഇംഗ്ലീഷ് നിഘണ്ടു, കോട്ടയം: ഡി.സി. ബുക്സ്, 2007, പുറം 1003.
3. ഗുപ്തൻനായർ, എസ്. കേരളഭാഷാനിഘണ്ടു, തിരുവനന്തപുരം: 2002, പുറം 1231.
4. Julia Eliot. (Ed.) Oxford Dictionary and Theasaures, page 410, 865, 638, 821, 543.
5. രമേഷ് ചന്ദ്രൻ, വി. സാഞ്ചാരസാഹിത്യം മലയാളത്തിൽ, തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1989, പുറം 1.
6. അതേ പുസ്തകം പുറം 4.
7. ഹരികുമാർ, എൻ. വീട് യാത്ര എന്നീ പ്രമേയങ്ങൾ ആധുനിക മലയാളകവിതയിൽ. ഗവേഷണ പ്രബന്ധം. സ്കൂൾ ഓഫ് ലെറ്റേഴ്സ്,  മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം: 2017, പുറം 47.
8. മെറ്റഫർ എന്ന ആശയത്തെ സൂചിപ്പിക്കാൻ 'രൂപകം' സാമൂഹ്യകല്പന എന്നീ പദങ്ങൾ മലയാളത്തിൽ ഉപയോഗിക്കാറുണ്ട്. വ്യഗ്യാംർത്ഥത്തിനു പുറമെ മറ്റൊരു ആശയത്തെക്കൂടി സൂചിപ്പിക്കുന്നതാണ് മെറ്റോണമി എന്ന് സാമാന്യമായി പറയാം. ഗിരീഷ്, പി.എം. അറിവും ഭാഷയും, ധൈഷണിക ഭാഷാശാസ്ത്രം; ആമുഖം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012, പുറം 59, 79.
9. ആചാര്യനരേന്ദ്രഭൂഷൺ. ചതുർവേദസംഹിത, പുറം 11.
10. മോടയിൽ സിബു. കത്തുന്ന കാലുകൾ, തിരുവനന്തപുരം: സെഡ് ലൈബ്രറി, 2013, പുറം. 37.
11. മലയാള പഠനസംഘം (സമ്പാ) സംസ്കാരപഠനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം, കോട്ടയം: കറന്റ് ബുക്സ്, 2007, പുറം 270.

12. രവീന്ദ്രൻ, പി.പി. 'യാത്ര ഒരു ദാർശനിക വഴി', യാത്രികം, കണ്ണൂർ സർവ്വകലാശാല, 2015, പുറം 6.

13. അനിൽ ചേലേമ്പ്ര. 'പാന്ഥരും വഴിയമ്പലങ്ങളും', ദേശാഭിമാനി ഓണം വിശേഷാൽ പ്രതി, 2013, പുറം 38.

14. അതേപുസ്തകം, പുറം 39.

15. മുഹമ്മദ് അസദ്, എം.എൻ. കാരശ്ശേരി. (വിവ) മക്കയിലേക്കുള്ള പാത, കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ്ങ് ഹൗസ്, 1983, പുറം യാത്രാമംഗളം.

16. പ്രസാദ്, സി.ആർ. 'കഥാഖ്യാനത്തിലെ യാത്രകൾ', കലാകൗമുദി, 2000 ജൂലൈ, പുറം 52.

17. നാരായണൻ, കല്പറ്റ. 'ഖജുരാഹോ കാണുമ്പോൾ ഗാന്ധിയെ ഓർക്കരുത്', ദേശാഭിമാനി ഓണം വിശേഷാൽ പ്രതി, 2013, പുറം 34.

18. രാമചന്ദ്രൻ, പന്മന. സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, കോട്ടയം: 2008, കറന്റ് ബുക്സ്, പുറം 324.

19. അതേ പുസ്തകം, പുറം 325.

20. അതേ പുസ്തകം, പുറം 328.

21. രമേഷ് ചന്ദ്രൻ, വി. സഞ്ചാരസാഹിത്യം മലയാളത്തിൽ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പുറം 12.

22. നമ്പൂതിരി, എ.പി.പി. ഭാഷാപോഷിണി, 'യാത്രാവിവരണം മലയാളത്തിൽ', 1978, ലക്കം 798, പുറം 43.

23. ബിദൂർ, കെ. വിജ്ഞാനകൈരളി, 'സഞ്ചാരസാഹിത്യത്തിലെ ഉത്തരാധുനിക പ്രവണതകൾ', 2009 ആഗസ്ത്, പുറം 76.

24. ബാലകൃഷ്ണൻ, കൽപ്പറ്റ. മലയാളസാഹിത്യചരിത്രം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000, പുറം 262.

25. ജോർജ്ജ്, കെ.എം. (എഡി). ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, കോട്ടയം: ഡി.സി. ബുക്സ്, 2009, പുറം 537.

26. പ്രകാശ് ബാബു, പി.വി. വിജ്ഞാനകൈരളി, 'പ്രവാസം ആധുനിക മനുഷ്യാവസ്ഥയുടെ രൂപകം', 2008, പുറം 52.

27. പെൻമേലേത്ത്, കെ.കെ. ഗ്രന്ഥാലോകം, 'സഞ്ചാരസാഹിത്യവും മലയാളവും', 1993, നവംബർ, ലക്കം 2, പുറം 19.

28. വേലായുധൻ പണിക്കശ്ശേരി. കേരളം നാനൂറുകൊല്ലംമുമ്പ്, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007, പുറം 2.

29. ജോസഫ്,കെ.വി. വർത്തമാനപുസ്തകം ഒരു പഠനം, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 2012, പുറം 19.

30. രമേഷ് ചന്ദ്രൻ, വി. സഞ്ചാരസാഹിത്യം മലയാളത്തിൽ, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1985, പുറം 5.

31. വേലായുധൻ പണിക്കശ്ശേരി. സഞ്ചാരികൾ കണ്ട കേരളം, കോട്ടയം: കറൻറ് ബുക്സ്, 2012, പുറം 13.

32. വേലായുധൻ പണിക്കശ്ശേരി. (വിവ.). ഇബ്നുബത്തൂത്ത കണ്ട ഇന്ത്യ, കോട്ടയം: കറന്റ് ബുക്സ്, 2011, മുഖവുര.

33. അതേ പുസ്തകം, പുറം 223.

34. അതേ പുസ്തകം, പുറം 63.

35. അതേ പുസ്തകം, പുറം 37.

36. വിഷയി - വിഷയത്തിന്റെ വിപരീത പക്ഷത്തെയാണ് വിഷയി എന്ന സംജ്ഞ അടയാളപ്പെടുത്തുന്നത്. വിഷയി എന്ന അർത്ഥത്തിൽ സബ്ജെക്ട് എന്ന ആംഗലപദം ഉപയോഗിച്ചു തുടങ്ങുന്നത് പതിനെട്ടാം നൂറ്റാണ്ടോടുകൂടിയാണ്. മധു, ടി.വി. ഞാൻ എന്ന(അ) ഭാവം, തൃശ്ശൂർ: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പുറം 24.

37. പോൾ, മണലിൽ. യാത്രാവിവരണങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2015, പുറം 12.

38. രാമചന്ദ്രൻ, പന്മന. സമ്പൂർണ്ണമലയാളസാഹിത്യചരിത്രം, പുറം 827.

39. വേലായുധൻ പണിക്കശ്ശേരി. സഞ്ചാരികൾ കണ്ട കേരളം, കോട്ടയം: ഡി.സി. ബുക്സ്, കോട്ടയം: 2012, പുറം 400.

40. ശിവശങ്കരൻ നായർ. പ്രാചീനകേരളത്തിന്റെ രാഷ്ട്രീയചരിത്രം, കോട്ടയം: ഡി.സി. ബുക്സ്, 1998, പുറം 172.

41. അനിൽ ചേലേമ്പ്ര. 'എന്റെ ഹജ്ജ് യാത്ര, ദേശഭാവനയിൽ വിരിഞ്ഞ സഞ്ചാര സ്മരണ', ചന്ദ്രിക, 2013 നവംബർ, പുറം 30.

42. ഫ്രാൻസിസ് ബുക്കാനൻ. കരിം, സി.കെ. (വിവ) എന്റെ കേരളം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1981, പുറം 83.

43. അതേ പുസ്തകം, പുറം 198.

44. വീരകേരള വർമ്മ. നമ്പൂതിരി. (വിവ.), 'കൊച്ചി രാജാവിന്റെ കാശിയാത്ര' ദേശാഭിമാനി, 2012, ഫെബ്രുവരി, പുറം 32.

45. അതേ പുസ്തകം, പുറം 33.

46. അതേ പുസ്തകം, പുറം 34.

47. രാമചന്ദ്രൻ നായർ, പന്മന. (എഡി). സമ്പൂർണ്ണ മലയാളസാഹിത്യ ചരിത്രം, കോട്ടയം: കറന്റ് ബുക്സ്, 2008, പുറം 321.

48. ജോർജ്ജ്, കെ.എം. ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, കോട്ടയം: ഡി. സി. ബുക്സ്, 2009, പുറം 541.

49. കുമാരൻ, യു.കെ. (എഡി). എഴുത്തിന്റെ ചന്ദ്രകാന്തം, കൃഷ്ണൻനായർ, എം. 'മഹാസഞ്ചാരിയുടെ വഴികൾ', തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013, പുറം 119.

50. സെബാസ്റ്റ്യൻ, വട്ടമറ്റം. ഭാഷയും ആധിപത്യവും, കോട്ടയം: കറന്റ് ബുക്സ്, പുറം 23.

51. ബിദൂർ, കെ. വിജ്ഞാനകൈരളി, 'സഞ്ചാരസാഹിത്യത്തിലെ ഉത്തരാധുനിക പ്രവണതകൾ', 2009, ആഗസ്റ്റ്, പുറം 8.

52. അതേ ലേഖനം, പുറം 79.

53. അതേ ലേഖനം, പുറം 83.

54. അതേ ലേഖനം, പുറം 84.

55. വിനയകുമാർ, വി. 'ഹിമാലയ സഞ്ചാര വിവരണം മലയാളത്തിൽ', വിജ്ഞാന കൈരളി, 2013 ജൂലായ്,പുറം 20.

# അധ്യായം 2

## സ്ത്രീ-ചരിത്രം - യാത്രാവിവരണം, വിവരണവും സൈദ്ധാന്തിക സമീപനവും

സമൂഹത്തിൽ നിലനിന്നിരുന്ന പിതൃകേന്ദ്രിത വ്യവസ്ഥയുടെ ഭാഗമായി സ്ത്രീ എല്ലാ കാലങ്ങളിലും അടിച്ചമർത്തപ്പെട്ടിരുന്നു. ആദിമസമൂഹത്തിൽ പുറം ജോലികൾക്ക് പുരുഷന്മാർ നിയോഗിക്കപ്പെട്ടു. ശാരീരികമായ അവസ്ഥകൾകൂടി ഇതിന് കാരണമായിരുന്നു. സ്ത്രീകൾ വീട്ടിലും വീടിനുചുറ്റുമുള്ള പരിസരങ്ങളിലും കഴിഞ്ഞുകൂടി. പുരുഷൻ പുറം ജോലികളിൽ നിന്ന് നേടുന്ന സാമ്പത്തിക ബലം കൊണ്ട് അധികാരം നിലനിർത്തിയിരുന്നു. അതിന്റെ തുടർച്ചയെന്നോണം ഏതാണ്ട് 19-ാം നൂറ്റാണ്ടുവരെ സ്ത്രീ സാമ്പത്തികമായും സാമൂഹികമായും രണ്ടാം തട്ടിലായിരുന്നു. മതങ്ങളും സ്ത്രീയെ രണ്ടാം തട്ടിലാണ് നിർത്തിയത്. അതിന്റെ ഫലമായി കുടുംബത്തിലും സമൂഹത്തിലും സ്ത്രീ ചരിത്രപരമായി അടിമത്തം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ആൺകോയ്മയിലധിഷ്ഠിതമായ ഒരു വിചാരവ്യവസ്ഥയുടെ ഇരകളായി തീർന്ന ഈ വിഭാഗം അനുഭവിച്ചിരുന്ന അവഗണനയ്ക്കും പീഡനത്തിനും പാർശ്വവത്ക്കരണത്തിനുമെതിരെ പ്രതികരിക്കാനും അതിജീവിക്കാനുമുള്ള നീക്കങ്ങൾ തുടങ്ങിയത് പിൽക്കാലത്താണ്. പുരുഷാഭിലാഷങ്ങൾക്കനുസരിച്ച് രൂപപ്പെട്ട ഒരു സത്തയായിരുന്നു സ്ത്രീ. ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള സ്ത്രീമുന്നേറ്റങ്ങളെ പുരുഷകേന്ദ്രിത സമൂഹം പ്രാന്തവത്ക്കരിക്കുകയും നിഗൂഢവത്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ പുരുഷകേന്ദ്രീകൃതചരിത്രം മാത്രം പുനഃസൃഷ്ടിക്കപ്പെട്ടുകൊണ്ടിരുന്നു.

സാഹചര്യങ്ങൾക്കനുസരിച്ച് ജീവിച്ചിരുന്ന സമൂഹമായിരുന്നു സ്ത്രീകൾ. സ്ത്രീയുടെ സാമൂഹികസ്വത്വം രൂപപ്പെടേണ്ടത് വ്യക്തി അനുഭവങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. പുരുഷകേന്ദ്രീകൃതമായ എല്ലാ വ്യവസ്ഥിതിയിൽ

നിന്നും സ്വതന്ത്രമായ അസ്തിത്വത്തിൽ സ്ത്രീകൾ സ്വയം തിരിച്ചറിയേണ്ടത് ആവശ്യമാണ്. മാറിയ ചുറ്റുപാടിൽ സ്ത്രീസ്വത്വം പുനർനിർമ്മിക്കപ്പെടേണ്ടതുണ്ട്. അതിന് ഒരു പരിധിവരെ യാത്രകളും യാത്രാനുഭവങ്ങളും ഉപോത്ബലകങ്ങളാണ്. യാത്രകൾ വ്യക്തിപരിസരത്തിൽനിന്നും സാമൂഹിക പരിസരത്തിലേക്കുള്ള മാറ്റമാണ് സൃഷ്ടിക്കുന്നത്.

മുൻകാലങ്ങളിൽ കലാസാംസ്കാരിക രംഗങ്ങളിലെല്ലാം സ്ത്രീ പിന്നിലായിരുന്നു. സ്ത്രീക്ക് പലപ്പോഴും സാഹിത്യത്തിന്റേയും സംസ്കാരത്തിന്റേയും മേഖലകളിൽ തന്റെ സാന്നിധ്യം ഉറപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. എല്ലാ മേഖലകളിലും സ്ത്രീകൾക്ക് അസമത്വം അനുഭവപ്പെട്ടിരുന്നു.

യാത്രാനുഭവത്തിന്റെ തീക്ഷ്ണതയാണ് യാത്രാവിവരണത്തെ മികച്ചതാക്കുന്നത്. യാത്രാവിവരണത്തിലെ ലിംഗപരവും വർഗ്ഗപരവുമായ അനുഭവങ്ങൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. ഓരോ യാത്രികയും സമൂഹത്തിന്റെ വിവിധ തലങ്ങളിലായി വ്യത്യസ്ത അനുഭവങ്ങൾ നേരിടുന്നുണ്ട്. അതുകൊണ്ടുതന്നെ വ്യക്തിയുടെ കാഴ്ചപ്പാടുമായി അഭേദ്യമായി ബന്ധപ്പെടുകയും ചെയ്യുന്നു ഓരോ യാത്രയും. ഒരു കാലത്ത് യാത്രകളും യാത്രാവിവരണങ്ങളും പുരുഷസമൂഹത്തിന്റേത് മാത്രമായിരുന്നു. പിൽക്കാലത്ത് അതിന് മാറ്റം സംഭവിച്ചു.

ഈ മേഖലയിലേക്ക് സ്ത്രീകൾ കടന്നുവന്നതിന്റെ ചരിത്രം നിർണ്ണയിക്കുന്നതിനോടൊപ്പം യാത്രാനുഭവങ്ങൾ സ്ത്രീ ആഖ്യാനം ചെയ്യുമ്പോഴുള്ള പ്രത്യേകതകളും വിശകലനം ചെയ്യേണ്ടതുണ്ട്. യാത്രയിൽ സ്ത്രീ നടത്തിയിരിക്കുന്ന മുന്നേറ്റങ്ങളും യാത്രാനുഭവവിവരണങ്ങളിൽ സ്ത്രീകൾ കൈവരിച്ച നേട്ടങ്ങളും അപഗ്രഥിക്കേണ്ടതും ആവശ്യമാണ്.

വിജ്ഞാനവും വിനോദവും പകർന്നു നൽകുന്ന സാഹിത്യരൂപമാണ് യാത്രാവിവരണങ്ങൾ. പുരുഷനിൽ നിന്ന് വ്യത്യസ്തമായിട്ടാണ് സ്ത്രീകൾ അറിവിനെയും ആഹ്ലാദത്തെയും അനുഭവമായി സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ

സ്ത്രീയാത്രാവിവരണങ്ങളിലെ ആഖ്യാനം പുരുഷകേന്ദ്രീകൃതമായ എല്ലാ തലങ്ങ ളിൽ നിന്നും വ്യത്യസ്തമായിരിക്കുകയും ചെയ്യും.

### 2.1 ചരിത്രപരമായ അന്വേഷണം

''പരമ്പരാഗതമായ രീതിയിൽ സ്ത്രീയുടെ പൂർവ്വകാലചരിത്രനിർമ്മിതി പ്രയാസമാണ്. ചരിത്രത്തിൽ സ്ത്രീക്ക് അർഹമായ പ്രാധാന്യം കൊടുത്തു കാണു ന്നില്ല. അതുകൊണ്ടുതന്നെ പരമ്പരാഗതരീതിശാസ്ത്രത്തിൽ ഉപയോഗിക്കുന്ന സാമഗ്രികളായ അസംബ്ലിരേഖകൾ, ആർക്കൈവ്സിലെ രേഖകൾ എന്നിവ മാത്രമു പയോഗിച്ച് സ്ത്രീചരിത്രരചന സാധ്യമല്ല. മറ്റു രീതികളായ ഡയറി, വ്യക്തിപര മായ രേഖകൾ കുടുംബചരിത്രം എന്നിവയിൽ പോലും വിവരങ്ങൾ കുറവാണ്. ഡയറി എഴുതാനുള്ള സമയം സ്ത്രീകൾക്ക് ലഭിക്കാറില്ല. അധികാരകേന്ദ്രങ്ങളിൽ സ്ത്രീകൾ കുറവായിരുന്നതിനാലും ഉള്ളവർ നിശ്ശബ്ദരാക്കപ്പെടുന്നതിനാലും സ്ത്രീകളുടെ പങ്കാളിത്തത്തിന്റെ വിവരശേഖരണം ബുദ്ധിമുട്ടാണ്.''[1]

മാതൃത്വത്തിലധിഷ്ഠിതമാണ് ഇന്ത്യൻ സ്ത്രീസങ്കല്പം. സംസ്കാരമഹിമ മുഴുവൻ കാത്തുസൂക്ഷിക്കേണ്ടത് സ്ത്രീയാണെന്ന കാഴ്ചപ്പാടാണ് നിലനിൽക്കു ന്നത്. വേദങ്ങളിലും ഇതിഹാസങ്ങളിലും മനുസ്മൃതിയിലെയുമെല്ലാം തന്നെ സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളായിട്ടാണ് ചിത്രീകരിക്കുന്നത്.

#### 2.1.1 പ്രാചീനകാലഘട്ടത്തിലെ സ്ത്രീ

ആദ്യകാലസമൂഹത്തിൽ സ്ത്രീകൾ മികച്ച ജീവിതം നയിച്ചിരുന്നില്ല. സ്വത ന്ത്രമായ ചിന്തയെ ആവിഷ്ക്കരിക്കാനോ ആഗ്രഹങ്ങൾ പ്രകടിപ്പിക്കാനോ സ്ഥാന മാനങ്ങൾ നൽകാനോ ഉള്ള യാതൊരു സാധ്യതകളും ഒരു കാലഘട്ടം സ്ത്രീക്ക് നൽകിയിരുന്നില്ല. അതുകൊണ്ടുതന്നെ നിരവധി മേഖലകളിൽ സ്ത്രീയും പുരു ഷനും തമ്മിൽ അസമത്വങ്ങൾ നിലനിന്നിരുന്നു. സ്ത്രീകൾക്ക് മാനസിക വളർച്ചയ്ക്കും യാതൊരു ഇടവും നൽകിയിരുന്നില്ല. ചരിത്രത്തിൽ സ്ത്രീകളുടെ സ്ഥാനം വിലക്കുകളുടേത് മാത്രമായിരുന്നു.

''ഭൂമിയിൽ ജീവിതമാരംഭിച്ച പ്രാചീന മനുഷ്യൻ മുതൽ ക്രൊമാഗ്നനൻ വരെയുള്ള മനുഷ്യൻ സ്വതന്ത്രമായി കാടുകളിൽ വിഹരിച്ചത് സ്ത്രീയോടൊപ്പമായിരുന്നു. ക്രൊമാഗ്നനൻ മനുഷ്യന്റെ കാലത്തിനുശേഷം സമൂഹം ചരിത്രകാലങ്ങളിലേയ്ക്ക് കടക്കുന്ന ബി.സി. ആറായിരാമാണ്ടുവരെ മനുഷ്യസമൂഹത്തിൽ സ്ത്രീമേധാവിത്വ വ്യവസ്ഥ നിലനിന്നിരുന്നു.''[2] മധ്യകാലമായപ്പോഴേക്കും ഭൗമവ്യവസ്ഥയിൽ തന്നെ മാറ്റങ്ങൾ വന്നു. പുതിയ തരം പക്ഷിമൃഗാദികൾ പ്രത്യക്ഷപ്പെട്ടു. പശു, ആട്, കലമാൻ, കുതിര തുടങ്ങിയ മൃഗങ്ങളെ വേട്ടയാടിപ്പിടിക്കുകയും ഇണക്കി വളർത്തുകയും ചെയ്തതോടെ ജനജീവിതത്തിലും വ്യത്യാസമുണ്ടായി.

സ്ത്രീകൾ ഗുഹവിട്ട് പുറത്ത് പോകാതെയാവുകയും പുരുഷന്മാർ നായാട്ടിന് പോവാൻ തുടങ്ങുകയും ചെയ്തതോടെ സ്ത്രീ-പുരുഷന്മാരുടെ തൊഴിൽ വിഭജനത്തിനും തുടക്കമായി. സ്ത്രീകൾ വസ്ത്രമുണ്ടാക്കൽ, പാത്രനിർമ്മാണം, ധാന്യവിത്തുകളും മററും ശേഖരിച്ചു വെയ്ക്കൽ, കുട്ടനെയ്ത്ത് മുതലായ ജോലികളിൽ ഏർപ്പെട്ടു. പ്രാകൃതയുഗത്തിന്റെ അവസാനത്തോടെ പുറം തൊഴിലുകളായി കൃഷിപ്പണിയും കാലി വളർത്തലും അഭിവൃദ്ധി പ്രാപിച്ചു.

സിന്ധൂനദീതട സംസ്കാരകാലത്തെ സമൂഹത്തിൽ സ്ത്രീകൾക്ക് ലഭിച്ചിരുന്ന മാന്യമായ സ്ഥാനത്തിന്റെ തുടർച്ചയായിരുന്നു വേദകാലത്ത് സ്ത്രീകൾക്ക് ലഭിച്ചിരുന്ന പദവി.

''വേദകാലങ്ങളിൽ സ്ത്രീകൾക്ക് അർഹമായ സ്വാതന്ത്ര്യവും ഉന്നതസ്ഥാനവും ലഭിച്ചിരുന്നു. അവർ സഭകളിൽ സംബന്ധിക്കുകയും ഭർത്താക്കന്മാരോടൊപ്പം യാഗകർമ്മങ്ങളിൽ പങ്കെടുക്കുകയും സൂക്തങ്ങൾ രചിക്കുകയും ചെയ്തു. ഋഗ്വേദം അഞ്ചാം മണ്ഡലത്തിലെ 25-ാം സൂക്തം വിശ്വവാരയും എട്ടാം മണ്ഡലത്തിലെ 9-ാം സൂക്തം അപാലയും രചിച്ചവയാണ്. വേദകാലഘട്ടത്തിൽ സ്ത്രീവിദ്യാഭ്യാസത്തിന് പ്രത്യേക പരിഗണന ലഭിച്ചിരുന്നു. ഉയർന്ന തോതിൽ നിലനിന്നിരുന്ന സ്ത്രീവിദ്യാഭ്യാസത്തിന്റെ ഫലമായി മൈത്രേയി, ഗാർഗി, ലോപമുദ്ര തുട

ങ്ങിയ കവയിത്രികളും, ഘോഷ, അപാല, വിശ്വവാര എന്നീ പ്രതിഭാവതികളും ഉണ്ടായി.[3]

പിൽക്കാല വൈദികയുഗത്തിൽ കുടുംബത്തിൽ പിതാവിന്റെ അധികാര ങ്ങൾ വർദ്ധിച്ചു വന്നു. സ്ത്രീകൾക്ക് സമൂഹത്തിലുണ്ടായിരുന്ന സ്ഥാനം ക്രമേണ ക്ഷയിക്കാൻ തുടങ്ങി.

ഇതിഹാസ കാലമായപ്പോൾ രാജകന്യകമാർക്ക് സ്വയംവരത്തിനുള്ള സ്വാതന്ത്ര്യം കൈവന്നു. മനുസ്മൃതിയിൽ സ്ത്രീയെ സംരക്ഷിക്കപ്പെടേണ്ടവളായി ട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ബഹുഭാര്യാത്വം അനുവദനീയമായിരുന്നു. പിൽക്കാലത്ത് സ്ത്രീ വെറും ഭാര്യയും വംശവർദ്ധനവിനുള്ള ഉപാധിയും മാത്രമാ യതോടെ വേദകാലഘട്ടത്തിൽ സ്ത്രീക്കുണ്ടായിരുന്ന ഉയർന്ന സാമൂഹികപദവി നഷ്ടപ്പെട്ടു. ക്രി.പിൻപ് 14-ാം നൂറ്റാണ്ടിലുണ്ടായ ശങ്കരസ്മൃതിയിലും സ്ത്രീക്ക് തുല്യമായ സ്ഥാനം ലഭിച്ചിരുന്നില്ല. ''ഭാര്യ ഭർത്താവിനെ ദൈവതുല്യം കാണ ണം. അയാൾ ക്രോധിച്ചാലും മറുത്ത് പറയരുത്. സ്ത്രീകൾ സപത്നിമാരോട് സഖീതുല്യം പെരുമാറണം. സ്ത്രീയാത്രകൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു. അന്തർജ്ജനങ്ങൾ ദാസിയുടെ കൂട്ടില്ലാതെയോ മറക്കുടയില്ലാതെയോ പുറത്തുപോ വാൻ പാടില്ലായിരുന്നു. സംഗീതാദി കലാവിനോദങ്ങളിലേർപ്പെടാനോ സദസ്സുക ളിൽ പങ്കെടുത്ത് അവ ആസ്വദിക്കാനോ പാടില്ല.''[4] എന്നൊക്കെ ശങ്കരസ്മൃതിയിൽ പറയുന്നുണ്ട്.

സംഘകാലസാഹിത്യകൃതികളിൽ നിന്ന് കാക്കൈപ്പാടിനിയാർ, ഔവ്വയാർ, നച്ചെള്ളെയാർ, ഇളവെയിനി, വെണ്ണിക്കുയത്തി എന്നിങ്ങനെയുള്ള കവയിത്രി കളെക്കുറിച്ച് അറിവ് ലഭിക്കുന്നു. അക്കാലത്ത് ചാരവൃത്തിക്കായും സ്ത്രീകൾ നിയോഗിക്കപ്പെട്ടിരുന്നു. സ്ത്രീകളുടെ സമരവീര്യത്തെക്കുറിച്ചും ഈ കൃതികളിൽ വ്യക്തമാക്കുന്നുണ്ട്. സ്ത്രീകൾ യോദ്ധാക്കൾക്ക് പ്രചോദനം നൽകിയതായും

കൂടാതെ തുന്നൽപ്പണിയിലും നെയ്ത്തിലും കായികാധ്വാനം ആവശ്യമായിട്ടുള്ള കൃഷിപ്പണിയിലും ഏർപ്പെട്ടിരുന്നതായും മനസ്സിലാക്കാൻസാധിക്കുന്നു.

തിരുക്കുറൽ, തൊൽക്കാപ്പിയം തുടങ്ങിയ ഗ്രന്ഥങ്ങളിൽ അക്കാലത്തെ കുടുംബ ജീവിതത്തെക്കുറിച്ചും സ്ത്രീകളുടെ ജീവിതനിലവാരത്തെക്കുറിച്ചും സൂചന നൽകുന്നുണ്ട്.

ഇന്ത്യയിലെങ്ങുമുണ്ടായിരുന്ന സതിസമ്പ്രദായത്തിന്റെ ഉത്ഭവം ദ്രാവിഡരുടെ പ്രാചീനാചാരങ്ങളിൽ നിന്നാണെന്ന് ചരിത്രകാരന്മാർ പറയുന്നു. ഭർത്താവ് മരിച്ച സ്ത്രീകൾ ഭർത്താവിന്റെ ചിത കത്തിക്കൊണ്ടിരിക്കുമ്പോൾ അതിൽച്ചാടി ജീവനോടെ ദഹിക്കുന്ന ഈ സമ്പ്രദായത്തിന് 'മാലൈനിലൈ' എന്ന പേരാണ് തൊൽക്കാപ്പിയത്തിൽ കാണുന്നത്.

''സതി അനുഷ്ഠിക്കാത്ത സ്ത്രീക്ക് സമുദായത്തിൽ എറ്റവും താഴ്ന്ന പദവിയേ ലഭിക്കൂ. അവളുടെ തല മുണ്ഡനം ചെയ്യണം. പീന്നീടത് വളരാൻ അനുവദിക്കുകയില്ല. മംഗളകർമ്മങ്ങൾ ചെയ്യുന്നേടത്തൊന്നും അവൾക്ക് പ്രവേശിക്കാൻ പാടില്ല.''[5]

ഇതിഹാസങ്ങളിൽ സ്ത്രീക്ക് അർഹമായ സ്ഥാനം കിട്ടിയിരുന്നില്ല. മഹാഭാരതത്തിൽ അംബയുടെ പ്രതികാരം തന്റെ സ്ത്രീത്വത്തിനേറ്റ അപമാനത്തിനെതിരെയുള്ളതായിരുന്നു. മഹാഭാരതത്തിലെ സ്ത്രീ കഥാപാത്രങ്ങളിൽ കുന്തിദേവിയുടെ മനോവീര്യം മഹത്തരമാണ്. പഞ്ചകന്യകമാരായ അഹല്യ, ദ്രൗപദി, സീത, താര, മണ്ഡോദരി എന്നീ കഥാപാത്രങ്ങളും പുരുഷമേൽക്കോയ്മയുടെ കീഴിൽ കഴിയുന്നവർ തന്നെയാണ്.

മണിപ്രവാള കാവ്യങ്ങളിൽ കേരളത്തിലെ സമുദായ ജീവിതത്തിന്റെ യഥാർത്ഥ പ്രതിഫലനമാണെന്ന് പൂർണ്ണമായും വിശ്വസിക്കാൻ കഴിയുകയില്ല. ഉണ്ണിയച്ചിചരിതം, ഉണ്ണിയാടിചരിതം, ഉണ്ണിച്ചിരുതേവി ചരിതം എന്നീ പ്രാചീന

ചമ്പുകാവ്യങ്ങളിലെ പ്രമേയം ഗണികകളെ ആധാരമാക്കിയുള്ളതാണ്. ചെറിയച്ചി, ഇട്ടിയച്ചി, ഉത്തരാചന്ദ്രിക, കൗണോത്തര, തയ്യിൽ ഇളയച്ചി, മല്ലിനിലാവ്, മാരലേഖ, ചന്ദ്രിക എന്നിങ്ങനെ വിലാസവതികളെ നായികമാരാക്കിക്കൊണ്ടു രചിച്ച മറ്റനേകം ലഘുകാവ്യങ്ങളും അക്കാലത്തുണ്ടായി. കേരളത്തിലെ ക്ഷേത്രങ്ങളിൽ ഭഗവാന്റെ ദാസിയായി ഭഗവത് പ്രീതിക്കായി നൃത്തമാടുകയും സംഗീതം ആലപിക്കുകയും ചെയ്ത ദേവദാസികളുടെ ജീവിതാദർശത്തിന് പിന്നീട് വീഴ്ച്ച സംഭവിക്കുകയാണുണ്ടായത്.

നാടൻ പാട്ടുകളിൽ പുരുഷന്റെ ജീവിതപങ്കാളി എന്ന നിലയിൽ സ്ത്രീകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. വടക്കൻ പാട്ടുകളിലും തെക്കൻ പാട്ടുകളിലും ധീരവനിതകളുടെ വീരചരിതങ്ങൾ കാണാൻ സാധിക്കുന്നു. പുരുഷാദേവി, ഉണ്ണിയാർച്ച, മതിലേരിക്കന്നി, പൂമാതൈ പൊന്നമ്മ എന്നിവർ ധീരതയുടെ അടയാളങ്ങളാണ്.

സംഘകാലഘട്ടത്തിലും പിൽക്കാല വേദകാലഘട്ടത്തിലും സ്ത്രീയുടെ മഹത്വം, ഔന്നത്യം, സ്ഥാനം എന്നിവ പുരുഷകേന്ദ്രീകൃതമായ നിലയിൽ നിർണയിക്കപ്പെട്ടു. അതിന് ഇതിഹാസങ്ങളും സ്മൃതികളും അതുപോലുള്ള തത്വവിചാരങ്ങളടങ്ങിയ ഗ്രന്ഥങ്ങളും സഹായകമായിട്ടുണ്ട്. ദേവദാസി സമ്പ്രദായം വാസ്തവത്തിൽ സ്ത്രീയുടെ വ്യക്തിത്വത്തെ അപനവീകരിക്കയാണ് ചെയ്തത്. അത് സ്ത്രീയുടെ സ്വത്വത്തിനെതിരാണ്. അതിന്റെ ഗുണഭോക്താവ് പുരുഷനാണ്. അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീയുടെ വ്യക്തിത്വത്തെ അവർ പുനർനിർമ്മിക്കുകയാണ് ചെയ്തത്. പുരുഷന്റെ അത്തരം നിർമ്മിതികളൊക്കെ പുരുഷന്റെ ഏകപക്ഷീയമായ ഒരു സങ്കല്പത്തിൽ മാത്രം രൂപം കൊള്ളുന്നവയായിരിക്കും.

അതുകൊണ്ട് ആ കാലഘട്ടത്തിൽനിന്ന് സ്വയം സ്വീകരിച്ചതോ മറ്റുള്ളവർ നൽകിയതോ ആയ ഒരു സ്വത്വസാധ്യതയിൽനിന്ന് സ്വയം വിമുക്തമാവാൻ സ്ത്രീ ശ്രമിച്ചതിന്റെ ഭാഗം കൂടിയാണ് യാത്ര.

ഒരു സ്വയം സ്വത്വനിർമ്മിതിയുടെ സാധ്യത ലഭിക്കുന്നത് മറ്റു സംസ്കാരങ്ങളുടെ താരതമ്യത്തിലൂടെയാണ്. ഇതര സംസ്കാരങ്ങളുടെ താരതമ്യം സാധ്യമാകണമെങ്കിൽ സംസ്കാരത്തെകുറിച്ചുള്ള അറിവ് ലഭിക്കണം. അതിന് യാത്ര സഹായകമായിട്ടുണ്ട്.

### 2.1.2 സഞ്ചാരികളും സ്ത്രീകളും

വിദേശസഞ്ചാരികൾ തങ്ങളുടെ സഞ്ചാരക്കുറിപ്പുകളിൽ സ്ത്രീകളെ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. പ്ലീനിയുടെ സഞ്ചാരക്കുറിപ്പിൽ ഇവിടെ നിലവിലുണ്ടായിരുന്ന സാമുദായിക അനാചാരമായ സതിയെക്കുറിച്ച് വിവരിക്കുന്നുണ്ട്. മലവർഗ്ഗക്കാർക്കിടയിൽ രാജാവും റാണിയും സൈന്യവും ഉണ്ടായിരുന്നതായി പറയുന്നു.

ഒൻപതാം നൂറ്റാണ്ടിൽ നിരവധി തവണ ഭാരതത്തിലേക്കും ചൈനയിലേക്കും വ്യാപാരയാത്ര നടത്തിയ സുലൈമാൻ, കലിംഗരാജ്യത്തെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ സതി നിർബന്ധമില്ലെങ്കിലും കുലീനകളായ സ്ത്രീകൾ ചിതയിൽ ചാടി മരിക്കുമെന്ന് സൂചിപ്പിക്കുന്നു. സ്ത്രീകൾ ആഭരണങ്ങൾ അണിയുവാൻ താല്പര്യമുള്ളവരാണെന്നും ഋതുവായ സ്ത്രീകൾ ആരെയും സ്പർശിക്കാതിരിക്കുമെന്നും രേഖപ്പെടുത്തുന്നു.

പതിനൊന്നാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച അൽബിറുനി അദ്ദേഹത്തിന്റെ 'കിത്താബ് ഉൽഹിന്ദ്' എന്ന ഗ്രന്ഥത്തിൽ അക്കാലത്ത് ഭാരതിയർ അനുഷ്ഠിച്ചിരുന്ന ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും സ്ത്രീകളും പുരുഷൻമാരും അർദ്ധനഗ്നരായാണ് ജീവിക്കുന്നതെന്നും രേഖപ്പെടുത്തുന്നു. ഭർത്താവ് മരിച്ചാൽ ഭാര്യ മറ്റൊരു വിവാഹം ചെയ്യാൻ പാടില്ല. ജീവിതകാലം മുഴുവൻ വിധവയായി കഴിഞ്ഞുകൂടുകയോ ഭർത്താവിന്റെ ചിതയിൽ ചാടി സതി അനുഷ്ഠിക്കുകയോ ചെയ്യണം എന്നതാണ് പ്രസ്താവം.

പതിനാലാം നൂറ്റാണ്ടിൽ ഇവിടം സന്ദർശിച്ച ഇബ്നുബത്തൂത്ത സതി ആചാരത്തെക്കുറിച്ച് സുദീർഘമായി വിവരിക്കുന്നുണ്ട്. സതി അനുഷ്ഠിക്കാത്ത

സ്ത്രീകൾ മംഗളകാര്യങ്ങളിലും ആഘോഷങ്ങളിലും പങ്കെടുക്കാൻ പാടില്ലെന്നും പരുപരുത്ത വസ്ത്രങ്ങൾ ധരിച്ച് ഇരുട്ടുമുറികളിൽ കഴിയണമെന്നും പറയുന്നു.

15–ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ കേരളം സന്ദർശിച്ച ചൈനീസ് സഞ്ചാരി യായ ഫെയ്സൻ ആണ് കോഴിക്കോട്ടുള്ള സ്ത്രീകളിൽ ചിലർ ചെറിയ കുപ്പായം ധരിച്ചതായി രേഖപ്പെടുത്തിയത്.

15–ാം ശതകത്തിലെ കോഴിക്കോടിനെക്കുറിച്ച് അബ്ദുൾ റസാഖും വിവര ങ്ങൾ നൽകുന്നുണ്ട്. ''സ്ത്രീകൾക്ക് ബഹുഭർത്തൃത്വം അനുവദിച്ചിട്ടുള്ള ഒരു ജാതിക്കാരും ഇവിടെയുണ്ട്. ഇങ്ങനെ പുരുഷന്മാർ ഊഴമിട്ടുവരികയും ആർക്കും അവളുടെ നേരെ അസുഖമുണ്ടാകാതിരിക്കുകയും ചെയ്യും''.[6]

ഗോവയിലെ ആർച്ചു ബിഷപ്പിന്റെ സെക്രട്ടറിയായി ഭാരതത്തിൽ വന്ന ഡച്ചു സഞ്ചാരിയായ ലിൻഷോട്ടൻ തന്റെ സഞ്ചാരവിവരണത്തിൽ സ്ത്രീകളുടെ കാത് തോളറ്റം തൂങ്ങിക്കിടക്കുമെന്നും കാതിന് നീളവും വട്ടവും കൂടുന്നതിനനുസരിച്ച് മാന്യത കൂടുമെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. കൊട്ടാരത്തിലെ സ്ത്രീകൾ കഴു ത്തിൽ രത്നം പതിച്ച് ആഭരണങ്ങളും കൈത്തണ്ട നിറയെ വളകളും അണിയുന്നു എന്നും രേഖപ്പെടുത്തുന്നു.

കൊച്ചിയ്ക്കു തെക്കുള്ള രാജാക്കന്മാരുമായി കരാറുകൾ ഉണ്ടാക്കുവാനായി ഡച്ച് മേധാവിയായിരുന്ന ജേക്കബ് ഹുട്ട് സ്റ്റാർട്ട് നിയോഗിച്ച ഉദ്യോഗസ്ഥ നായിരുന്ന ന്യൂഹോഫ് സ്ത്രീകളും പുരുഷന്മാരും എപ്പോഴും വെറ്റില മുറുക്കുന്ന തുകൊണ്ട് അവരുടെ പല്ല് കറുത്തിരിക്കുന്നുവെന്നും വെറ്റില തിന്നാത്തവരെ മാന്യൻമാരായി കണക്കാക്കുന്നില്ലെന്നും പറയുന്നു. സതി എന്ന ആചാ രത്തെക്കുറിച്ചും ആചാരത്തിന്റെ ചടങ്ങുകൾ പതിനഞ്ചു ദിവസം ചടങ്ങുകൾ നീണ്ടുനിൽക്കുമെന്നും പറയുന്നു. ബ്രാഹ്മണ സ്ത്രീകൾ കൈയിലും കാലിലും കഴുത്തിലും ചെവിയിലും മാത്രമല്ല മൂക്കിലും ആഭരണങ്ങൾ ധരിക്കാറുണ്ടെന്നും പറയുന്നു.

ബർത്തലോമ്യോയുടെ വിവരണത്തിൽ സുന്ദരികളായ ബ്രാഹ്മണ സ്ത്രീക ളെക്കുറിച്ച് രേഖപ്പെടുത്തുന്നു. ഭാരതത്തിലെ ഭൂരിഭാഗം സ്ത്രീകൾക്കും നീളമുള്ള തലമുടിയും കറുത്തിരുണ്ട കണ്ണുകളും ഉണ്ടെന്നും അവരുടെ ജീവിതരീതിയെക്കു റിച്ചുള്ള വസ്തുതകളും പറയുന്നു. സ്ത്രീകളാണ് ഭക്ഷണം പാചകം ചെയ്യുന്നത്. ഭാര്യയും ഭർത്താവും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാറില്ല. മിഷനറി പ്രവർത്തന ങ്ങൾക്കായി വന്ന ബർത്തലോമ്യോ പതിമൂന്നു വർഷത്തോളം കേരളത്തിൽ താമ സിച്ച് കേരള സംസ്കാരത്തെ അടുത്തറിഞ്ഞ പണ്ഡിതനായിരുന്നു. അതുകൊണ്ടു തന്നെ ഇവിടത്തെ ഈ ജീവിതത്തെക്കുറിച്ചും സ്ത്രീകളുടെ സാമൂഹിക പദവിയെ ക്കുറിച്ചും അദ്ദേഹം വിവരിക്കുന്നു.

കീഴ്ജാതി സ്ത്രീകൾ മാറുമറയ്ക്കാതെയാണ് എല്ലായിടത്തും സഞ്ചരിക്കു ന്നത്. എന്നാൽ ബ്രാഹ്മണസ്ത്രീകൾ മറ്റൊരു വസ്ത്രംകൊണ്ട് അരയ്ക്കു മേൽഭാഗം മറച്ച് അതിന്റെ ഒരറ്റം ചുമലിൽക്കൂടി പിന്നാക്കമിടുന്നു. നഗ്നപാദരായി നടക്കുന്നു. ധാരാളം ആഭരണങ്ങൾ അണിയാറുണ്ട്. നെല്ല് പുഴുങ്ങിയുണക്കി കുത്തി അരിയാക്കുന്നത് സ്ത്രീകളുടെ ചുമതലയാണ്.

കൊച്ചിയിലെ ഡച്ചു പുരോഹിതനായിരുന്ന കാന്റർ വിഷർ 'വിഷേർസ് ലെറ്റേഴ്സ് ഫ്രം മലബാർ ' എന്ന കൃതിയിൽ സ്ത്രീകളെക്കുറിച്ച് പരാമർശിക്കുന്നു ണ്ട്. ഓലച്ചുരുളുകൾ കാതുകളിൽ ഇട്ട് വികസിപ്പിച്ചാണ് തോളറ്റം വരെ നീട്ടുന്ന ത്. തോൾവരെ നീണ്ടുകിടക്കുന്ന കാതിൽ തോടകൾ അണിയുന്നു. വസ്ത്ര ങ്ങൾകൊണ്ട് മാറ് മറയ്ക്കാറില്ല. ആഭരണങ്ങൾ കൊണ്ട് മാറിന്റെ അധികഭാഗവും മറഞ്ഞിരിക്കും. പ്രഭുകുടുംബത്തിലെ സ്ത്രീകൾക്ക് ആഭരണപ്പെട്ടിയും ചെല്ലപ്പെ ട്ടിയും ഉണ്ടായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലേയും പത്തൊമ്പതാം നൂറ്റാ ണ്ടിന്റെ ആരംഭത്തിലേയും മലബാറിനെക്കുറിച്ച് ഫ്രാൻസിസ് ബുക്കാനൻ വിശദ മായി വിവരിക്കുന്നുണ്ട്. നായൻമാർ, തിയ്യന്മാർ, ബ്രാഹ്മണർ, ക്രിസ്ത്യാനികൾ,

നായാടികൾ എന്നിവരെക്കുറിച്ചും സ്ത്രീകളുടെ സാമൂഹിക ജീവിതത്തെക്കുറിച്ചും അദ്ദേഹം വ്യക്തമാക്കുന്നു.

''സാധുകുടുംബങ്ങളിൽ ചെലവ് ചുരുക്കാൻ വേണ്ടി ഒരു ഈഴവ സ്ത്രീയെ തന്നെ സഹോദരന്മാർ ചേർന്ന് കല്യാണം കഴിക്കുന്നു. ഒന്നിലധികം സഹോദര ന്മാർ ചേർന്ന് ഒരുത്തിയെ വിവാഹം കഴിക്കുന്നതുമൂലം ധാരാളം സ്ത്രീകൾക്ക് ഭർത്താക്കന്മാരെ ലഭിക്കാതെ വരുന്നു. വ്യഭിചാരം കണ്ടുപിടിച്ചാൽ ഭാര്യമാരെ ദേഹോപദ്രവമേൽപ്പിക്കും. നമ്പൂതിരി തിയ്യത്തിയിൽ അനുരക്തനായി അവളുമായി ലൈംഗിക ബന്ധമുണ്ടായെന്ന് പുറത്തറിഞ്ഞാൽ നമ്പൂതിരിയുടെ കണ്ണ് കുത്തി പ്പൊട്ടിക്കുകയും ഇതിനിടവരുത്തിയ സ്ത്രീയേയും കുടുംബത്തെയും കൊല ചെയ്യുകയോ മാപ്പിളമാർക്ക് വിൽക്കുകയോ ചെയ്യുന്നു.''[7]

നമ്പൂതിരിമാർ ഓരോരുത്തർക്കും സംരക്ഷിക്കാൻ കഴിയുന്നത്ര ഭാര്യമാരെ വിവാഹം കഴിക്കാമെന്നും ബുക്കാനൻ രേഖപ്പെടുത്തുന്നു.

''വേട്ടുവന്മാരെ അശുദ്ധവർഗ്ഗമായാണ് കണക്കാക്കുന്നത്. വേട്ടുവസ്ത്രീ കൾ ചകിരി പിരിച്ച് കയറുണ്ടാക്കുന്നു. ഏക പത്നീവ്രതമനുഷ്ഠിക്കുന്ന ഇവർ ഭാര്യയുമൊത്ത് കുടുംബമായി ജീവിക്കുന്നു. പാതിവ്രത്യഭംഗം ചെയ്യുന്ന ഭാര്യയെ കൊല്ലാൻ ഭർത്താവിന് അധികാരമുണ്ടായിരുന്നു. വേട്ടുവസ്ത്രീകളെ മേൽജാതി ക്കാർ അയിത്തമുള്ളതിനാൽ സമീപിക്കുകയില്ല.''[8]

''പുലയൻമാരുടെ വിവാഹച്ചെലവ് നടത്തുന്നത് യജമാനൻമാരാണ്. തന്റെ ഭാര്യയുമായുള്ള ജീവിതം മടുക്കുകയും അവൾ വിവാഹബന്ധം വേർപെടുത്താൻ സമ്മതിക്കുകയും ചെയ്യുന്ന പക്ഷം അയാൾക്ക് അവളെ മറ്റാർക്കെങ്കിലും വിൽക്കാം. തന്റെ ഭർത്താവിനെ ഉപേക്ഷിച്ചു പോകുവാൻ ഭാര്യക്കും അവകാശമു ണ്ട്. ഭാര്യ തന്റെ ഭർത്താവിന്റെ യജമാനനുവേണ്ടി പണിയെടുക്കാൻ ബാധ്യസ്ഥയാ ണ്.''[9]

ഏതു നായർവീടും ഭരിക്കുന്നത് അവിടത്തെ വീട്ടമ്മമാരാണ്. ഇപ്രകാരം ബുക്കാനൻ സ്ത്രീകളെക്കുറിച്ചും അന്നത്തെ സമൂഹത്തെക്കുറിച്ചുമുള്ള തന്റെ കാഴ്ചപ്പാട് അവതരിപ്പിക്കുന്നുണ്ട്.

ആധുനിക സ്ത്രീസ്വത്വനിർവചനത്തിലെ സ്വതന്ത്രമായ ആവിഷ്കാര പദവിയോ ജീവിത സാധ്യതകളോ ലഭിക്കാതിരുന്ന ഒരു വിഭാഗമായിട്ടാണ് സഞ്ചാരികളുടെ വിവരണത്തിലെ സ്ത്രീകളുടെ ജീവിതം വെളിപ്പെടുത്തുന്നത്. സഞ്ചാരികൾ തന്നെ അവരുടെ പരിതോവസ്ഥകളിൽ സ്ത്രീകൾക്കുണ്ടായിരുന്ന ഏതെങ്കിലും തരത്തിലുള്ള വ്യത്യസ്തമായ ജീവിത അവസ്ഥകളെയോ സ്വാതന്ത്ര്യത്തെയോ മുൻനിർത്തി പരിശോധിക്കാനും തയ്യാറായി കാണുന്നില്ല. അന്നത്തെ സ്ത്രീകളുടെ ജീവിതാവസ്ഥകളെ വിവരിക്കുക എന്നതിനപ്പുറം ഏതെങ്കിലും മാറിയ പരിപ്രേക്ഷ്യത്തെ മുൻനിർത്തി കൊണ്ട് വിചിന്തനം നടത്താൻ അവർ തയ്യാറായിട്ടില്ല. കാലക്രമം അനുസരിച്ച് പ്രാകൃതയുഗത്തിൽ നിന്ന് സമൂഹം മുന്നോട്ട് നീങ്ങിയെങ്കിലും സാംസ്കാരികമായി ആ വളർച്ച പിന്തിരിഞ്ഞതായിരുന്നു. അതായത് വേദകാലഘട്ടത്തിലെ സ്ത്രീകൾക്കുണ്ടായിരുന്നു മാന്യമായ സ്ഥാനം. അതിനുശേഷം സ്മൃതികളിലും മറ്റു നിയമസംഹിതകളിലുമെല്ലാം ഏതൊക്കെയോ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്തിയിരിക്കുന്നതായിട്ടാണ് കാണുന്നത്. കാലം മുന്നോട്ടു നീങ്ങുമ്പോൾ പരിഷ്കൃതമാവുന്നതിനുപകരം അപരിഷ്കൃതമാവുന്നതാണ് സ്ത്രീയുടെ നില. അത്തരം ചരിത്ര വിവരണങ്ങളാണ് സഞ്ചാരികളുടെ വിശദീകരണങ്ങളിൽ നിന്ന് വ്യക്തമാവുന്നത്. സ്ത്രീസ്വത്വം തിരിച്ചറിഞ്ഞ മട്ടിലുള്ള ഒരു നിരീക്ഷണമാണ് ഇബ്നുബത്തൂത്തയുടെ സതി ആചാരത്തെക്കുറിച്ചുള്ള നിലപാട്. ഇപ്രകാരം വളരെ കുറഞ്ഞ തോതിലല്ലാതെ സമൂലമായ ഒരു പരിവർത്തന ഉദ്യമം സഞ്ചാരികൾ നടത്തിയതായി തോന്നുന്നില്ല. ബഹുഭർത്തൃത്വവും ബഹുഭാര്യാത്വവും വാസ്തവത്തിൽ പരിഷ്കൃത സമൂഹത്തിന്റെ ഉല്പന്നമല്ല. ഒരു സാമൂഹിക ജീവിയായി മനുഷ്യൻ മാറുമ്പോൾ മാത്രമേ പരിഷ്കൃതനാവുകയുള്ളൂ. ഒരു സമൂഹത്തെ ഏറ്റവും ഉയർന്ന തലത്തിൽ നിലനിർത്തുന്നതിന്റെ ഒരു ഘടകം സാമൂഹി

കബോധം സംരക്ഷിച്ചുകൊണ്ടുള്ള വ്യക്തിജീവിതമാണ്. അതിനെതിരാണ് ബഹുഭർതൃത്വവും ബഹുഭാര്യാത്വവും. ഇത് കുടുംബം പോലുള്ള സാമൂഹിക ചുറ്റുപാടിൽ ഒതുങ്ങുന്നുമില്ല. ഒരു റിപ്പോർട്ടുപോലെ കാര്യങ്ങൾ വിവരിക്കുകയാണ് സഞ്ചാരികൾ ചെയ്തത്. സമൂലമായ ഒരു പരിവർത്തനോദ്യമം സഞ്ചാരികളുടെ വിവരണങ്ങളിൽ കാണുന്നില്ല.

### 2.1.3 സ്ത്രീയും സമൂഹവും

നൂറ്റാണ്ടുകൾ പഴക്കമുള്ള സ്ഥാപിതമൂല്യങ്ങളെ തകർത്തുകൊണ്ട് സ്ത്രീ ഒരു പുതിയ സാമൂഹികസ്വത്വം രൂപീകരിക്കാനുള്ള അവബോധം നേടുകയുണ്ടായി. സ്ത്രീയെ സംബന്ധിച്ച് നിലനിൽക്കുന്ന പുരുഷകേന്ദ്രിത സാമൂഹികബോധത്തിന്റെ പുനർനിർണ്ണയത്തിലൂടെ മാത്രമേ സ്ത്രീസ്വത്വം സമത്വം നേടുകയുള്ളൂ. സ്ത്രീക്ക് കല്പിച്ചു നൽകിയ സദാചാര വ്യവസ്ഥകളിൽ അടിയുറച്ചുനിൽക്കുന്ന സമൂഹമാണ് ഇപ്പോഴും നിലനില്ക്കുന്നത്.

പുരുഷന്റെ സർവ്വാധിപത്യത്തേയും സ്വത്തുടമാവ്യവസ്ഥിതിയേയും മർദ്ദക സമീപനത്തേയും സ്ത്രീകൾ പ്രതിരോധിക്കാൻ തുടങ്ങി. സന്തതികളെ പ്രസവിച്ച് പരിപാലിക്കുകയും, എന്നാൽ സ്വത്തുടമാവകാശം അടക്കമുള്ള മറ്റൊന്നിലും അവൾക്ക് അവകാശമില്ല എന്ന കാഴ്ചപ്പാട് നിലനിർത്താൻ സ്ത്രീ തയ്യാറല്ല എന്ന് പറയുമ്പോൾ അത് സദാചാരത്തിന്റെ തകിടം മറിച്ചിലായിട്ടാണ് കണക്കാപ്പെടുന്നത്.

പുരുഷകേന്ദ്രീകൃതമായ അധികാര വ്യവസ്ഥിതി നിലനിൽക്കുന്ന സമൂഹത്തിലും കുടുംബത്തിലും സ്ത്രീസ്വത്വം അർഹമായ രീതിയിൽ നിർണ്ണയിക്കപ്പെട്ടില്ല. ഈ അധികാരവ്യവസ്ഥിതി എല്ലാ സമൂഹത്തിലും അതിന്റെ പ്രത്യയശാസ്ത്രങ്ങളിലും നിലനിൽക്കുന്നുണ്ട്. മതം, സാഹിത്യം, സംസ്കാരഘടന തുടങ്ങിയ മേഖലകളിലെല്ലാം സ്ത്രീയുടെ ഈ അധഃസ്ഥിതനില വെളിവാക്കപ്പെട്ടിട്ടുണ്ട്. സമൂഹത്തിന്റെ പൊതുമണ്ഡലങ്ങളിൽ സ്ത്രീ ശാരീരികമായും മാനസികമായും

അരക്ഷിതാവസ്ഥ നേരിടുന്നുണ്ട്. തുല്യസമയം ഒരേ ജോലിയിൽ ഏർപ്പെടുന്ന ഭാര്യാഭർത്തൃബന്ധങ്ങളിൽ സ്ത്രീമാത്രം അടുക്കള ജോലികളിൽ ഏർപ്പെടണമെന്നത് ആധുനിക സമൂഹത്തിലും അലിഖിത നിയമമായി തുടരുന്നുണ്ട്, ചരിത്രപരമായി നിലനിൽക്കുന്ന സദാചാരമൂല്യസങ്കല്പമാണ് ഈ വ്യവസ്ഥിതിക്ക് കാരണം.

സമൂഹത്തിന്റെ പൊതുമണ്ഡലങ്ങളിൽ സ്ത്രീസ്വത്വത്തിന്റെ സ്വതന്ത്രവും സ്വതസിദ്ധവുമായ നിലനില്പാണ് ആ സമൂഹത്തെ സാംസ്കാരികമായി മഹത്തരമാക്കുന്നത്. സ്ത്രീ സ്വത്വത്തിന്റെ വർഗ്ഗപരവും ലിംഗപരവുമായ സാധ്യതകൾ സ്വതന്ത്രവും നിർഭയവുമായി ആവിഷ്കരിക്കാനും പ്രകടിപ്പിക്കാനുമുള്ള സാധ്യതകൾ ഏത് സമൂഹത്തിലാണോ നിലനിൽക്കുന്നത് ആ സമൂഹമാണ് സാംസ്കാരികമായും വിദ്യാഭ്യാസപരമായും മഹത്തായ സാംസ്കാരിക ചരിത്രം വിലയിരുത്തേണ്ടത്. അത്തരത്തിൽ ചരിത്രത്തെ പുനർനിർണ്ണയിക്കാനുള്ള ഉപാധിയായിട്ടാണ് സ്ത്രീയാത്രകളെയും യാത്രാവിവരണങ്ങളേയും പരിഗണിക്കേണ്ടത്.

### 2.1.4 സ്ത്രീയും ഉല്പാദനവും

ഫ്രെഡറിക് ഏംഗൽസിന്റെ കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം എന്ന സുപ്രസിദ്ധ പ്രബന്ധം ഇന്നും സ്ത്രീകളെക്കുറിച്ചുള്ള ചർച്ചകളിൽ വളരെയേറെ പരാമർശിക്കപ്പെടുന്നു. ''സാമൂഹിക വ്യവസ്ഥിതിയുടെ സാമ്പത്തിക ഏകകം കുടുംബമായിരുന്നു. അതിന്റെ ഫലമായി സ്ത്രീകളുടെ സ്ഥാനം സ്വതന്ത്രരും തുല്യരുമായി ഉല്പാദന പ്രക്രിയകളിൽ പങ്കെടുത്തിരുന്ന അംഗങ്ങളെന്ന നിലയിൽനിന്ന് കേവലം ആശ്രിതരും അന്യജീവികളുമെന്ന നിലയിലേക്ക് അധഃപതിച്ചു. ഏംഗൽസിന്റെ അഭിപ്രായത്തിൽ പ്രാചീന സമൂഹങ്ങളിൽ സ്വത്ത്, ഉല്പാദനശേഷിയുള്ള വിഭവങ്ങൾ എന്നിവ ജനസമൂഹങ്ങളുടെ പൊതു ഉടമസ്ഥതയിലായിരുന്നു. കുടുംബത്തിനു പകരം സ്ത്രീകളും പുരുഷന്മാരും രക്തബന്ധത്തിന്റെയോ വാസസ്ഥലത്തിന്റെയോ അടിസ്ഥാനത്തിൽ ഒരു പൊതുപ്ര

ദേശത്ത് ഗോത്രങ്ങളായി ജീവിച്ചുപോന്നു. സ്ത്രീകളും പുരുഷന്മാരും ഗോത്രങ്ങ ളിൽ തുല്യപദവിയുള്ള അംഗങ്ങളായിരുന്നു. പക്ഷെ സ്ത്രീയും പുരുഷനും തമ്മിൽ ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനമുണ്ടായിരുന്നു.''[10]

പടയ്ക്കുപോവുക, നായാട്ടു നടത്തുക, മീൻ പിടിക്കുക, ആഹാരത്തിനുവേ ണ്ടിയുള്ള അസംസ്കൃതവിഭവങ്ങൾ തേടുക എന്നിവയെല്ലാം പുരുഷന്റെ ജോലി യിൽപെട്ടു. വീട്ടുകാര്യങ്ങൾ നോക്കുക, ആഹാരം തയ്യാറാക്കുക എന്നിവയെല്ലാം സ്ത്രീയുടെ ജോലിയായി മാറി. അങ്ങനെ പുരുഷനും സ്ത്രീയും അവരവരുടെ ജോലികളിൽ ആധിപത്യം വഹിച്ചു. ഓരോ പ്രവൃത്തിയിൽ ഏർപ്പെടുന്നവർക്ക് അതിന്റെ മേഖലയിൽ അധികാരവും വിഭവങ്ങളിൽ ഉടമസ്ഥതയും ലഭിച്ചു. ആദ്യ കാല കാർഷിക സമൂഹത്തിലെ ഉല്പാദന വ്യവസ്ഥിതിയിൽ തന്നെ പുരുഷാധിപ ത്യവും അതിനോടനുബന്ധിച്ച സ്ത്രീകളുടെ പരാധീനതയും ആവിർഭവിച്ചു. സ്വത്തവകാശ നിയമം നിലവിൽ വരുന്നതിനുമുൻപുതന്നെ പുരുഷാധിപത്യ വ്യവ സ്ഥിതി നിലനിന്നിരുന്നു.

### 2.1.5 മതവും സ്ത്രീയും

ഇന്ത്യയിലെ ആദ്യത്തെ ഫെമിനിസ്റ്റ് പ്രസിദ്ധീകരണങ്ങളിലൊന്നായ മാനു ഷിയുടെ 43-ാം ലക്കത്തിൽ സതി അനുഷ്ഠാനത്തിന് ഹിന്ദു ആചാര്യന്മാർ നൽകുന്ന പരസ്യമായ പിന്തുണയെക്കുറിച്ചും ഹിന്ദുനിയമസംഹിതകൾ സ്ത്രീക ളോട് പുലർത്തിയിരുന്ന മനുഷ്യത്വരഹിതമായ പൊതുപശ്ചാത്തലത്തെക്കുറിച്ചും വിവരിക്കുന്നുണ്ട്. രാമായണത്തിൽ സീത രാമന്റെ അടിമ തന്നെയാണ്. പാതി വ്രത്യം ലംഘിക്കുന്ന അടിമയല്ലാത്ത സീതക്ക് ഹൈന്ദവാചാരം മതിപ്പ് കൽപ്പിക്കു കയുമില്ല. തന്നോടും ജ്യേഷ്ഠനോടും പ്രണയാഭ്യർത്ഥന നടത്തിയ കുറ്റത്തിന് ശൂർപ്പണഖ എന്ന സ്ത്രീയുടെ മൂക്കും മുലയും അരിഞ്ഞുവീഴ്ത്തിയ ലക്ഷ്മണൻ സീതയുടെ സഞ്ചാരസ്വാതന്ത്ര്യത്തിന് നിശ്ചയിച്ച അതിര് ചരിത്ര അടയാളമായി ഇന്നും ഭാരതീയ സംസ്കാരം വിലയിരുത്തുന്നു. ''ആൺകോയ്മാ വ്യവസ്ഥയിൽ

ഇളയപുരുഷന് മൂത്തപുരുഷനോടുള്ള സമ്പൂർണ്ണമായ വിധേയത്വത്തെയും സ്ത്രീകളുടെ മേലുള്ള അധികാരത്തെയും സൂചപ്പിക്കുന്ന കഥാപാത്രമാണ് ലക്ഷ്മണൻ.''[11]

''ഭാരതത്തിലെ ഭൂരിഭാഗം മുസ്ലീം സ്ത്രീകളും പ്രധാനമായും രണ്ടു വിധത്തിലുള്ള അടിച്ചമർത്തലുകൾക്ക് വിധേയമാണ്. സാമൂഹ്യ സാമ്പത്തിക അന്യായങ്ങളുടെ ആഘാതങ്ങളും മുസ്ലീം വ്യക്തിനിയമത്തിലെ അനീതിയും അസമത്വവും അവരുടെ ജീവിതം ദുഷ്കരമാക്കുന്നു.''[12]

''നമ്പൂതിരി(മലയാളി ബ്രാഹ്മണൻ)യുടെ ശൃംഗാരകാവ്യങ്ങൾ സ്ത്രീയെ അവളെത്ര പഠിപ്പുള്ളവളായാലും കലാനൈപുണ്യമുള്ളവളായാലും ലൈംഗികവസ്തുവായാണ് കണ്ടിരുന്നത്. മാറുമറയ്ക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നു.''[13] സ്ത്രീകൾക്ക് പൂമുഖത്തേക്ക് പ്രവേശനമുണ്ടായിരുന്നില്ല. അടിയാളസ്ത്രീകളോട് അധികാരികൾക്കും ജന്മിമാർക്കുമുണ്ടായിരുന്ന സമീപനം ഒരുതരം ലൈംഗികാസക്തിയുടേത് തന്നെയായിരുന്നു.

1955 ലെ ഹിന്ദു നിയമസംഹിതയോ 1961 ലെ സ്ത്രീധനവിരുദ്ധനിയമമോ ഇതിൽ മാറ്റം വരുത്തുന്നില്ല. നിയമപരിഷ്കാരങ്ങൾക്കൊപ്പം സാമൂഹിക പരിവർത്തനങ്ങൾകൂടി സാധ്യമായാലേ സ്ത്രീകൾക്ക് തുല്യമായ സ്ഥാനം ലഭിക്കുകയുള്ളൂ.

### 2.1.6 ജാതീയതയും സ്ത്രീയും

''കേരളത്തിലെ എല്ലാ സ്ത്രീകൾക്കും ഒരുപോലെ ബാധകമായ ഒരു സ്ത്രീസങ്കല്പം അല്ലെങ്കിൽ സ്ത്രീത്വാദർശം പരമ്പരാഗത മലയാളി സമൂഹത്തിൽ ഉണ്ടായിരുന്നില്ല. ഒരു വ്യക്തി ഏത് ജാതിവിഭാഗത്തിൽ ജനിക്കുന്നുവോ ആ വിഭാഗത്തിന്റെ പൊതുനിയമങ്ങൾക്ക് അടിപ്പെട്ട് ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടിക്കൊള്ളണമെന്ന നിബന്ധന ഇതിന്റെ അടിസ്ഥാനപ്രമാണങ്ങളിലൊന്നായിരുന്നു.

മലയാള ബ്രാഹ്മണ സമുദായത്തിലെ ഉത്തമസ്ത്രീസങ്കല്പം നായർ സ്ത്രീകൾക്കോ കീഴ് ജാതിക്കാർക്കോ ബാധകമായിരുന്നില്ല. ഓരോ സമുദായ ത്തിനും ഇതൊക്കെ പ്രത്യേകം പ്രത്യേകമുണ്ടായിരുന്നു. പുരാണങ്ങളിലൂടെയും ശീലാവതിചരിതം പോലുള്ള കൃതികളിലൂടെയും ബ്രാഹ്മണരുടെ ലിംഗമൂല്യങ്ങൾ സമൂഹത്തിൽ പ്രചരിച്ചിരുന്നു.''[14]

താഴ്ന്ന ജാതിയിലുള്ള സ്ത്രീകളെ അപേക്ഷിച്ച് ബ്രാഹ്മണ സ്ത്രീകൾ അതികഠിനമായ നിയന്ത്രണങ്ങൾക്കു വിധേയമായിരുന്നു. ചേലപ്പുതപ്പും ഓലക്കു ടയും തുണയാളുമില്ലാതെ അന്തർജ്ജനങ്ങൾക്ക് പുറത്തേക്ക് ഇറങ്ങാൻ സാധിച്ചിരു ന്നില്ല. നായർ, അമ്പലവാസി സ്ത്രീകൾ പരമ്പരാഗത വ്യവസ്ഥയിൽ അതിസ്വത ന്ത്രരായിരുന്നു.

വരേണ്യ സമുദായക്കാരായ സ്ത്രീകളുടെ അനുഭവങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തമായിരുന്നു കീഴാളസ്ത്രീകളുടേത്. ഭൂമിയിൽ പണിയെടുത്തിരുന്ന പുല യ-പറയ-കുറവ ജാതിക്കാരും മുക്കുവരും മറ്റും പരമ്പരാഗതവ്യവസ്ഥയുടെ ക്രൂരത അനുഭവിച്ചവരായിരുന്നു. ഒരിക്കലും തീരാത്ത അദ്ധ്വാനത്തിൽ കഴിഞ്ഞ ജീവിത ങ്ങളായിരുന്നു കീഴാള സ്ത്രീകളുടേത്. കീഴാളരുടെയിടയിൽ കുടുംബത്തിനു ള്ളിൽ സ്ത്രീകൾ വളരെക്കാലം വലിയൊരളവുവരെ തുല്യതയനുഭവിച്ചു. ഇപ്ര കാരം കേരളത്തിലെ സ്ത്രീയവസ്ഥകൾ ജാതീയമായും ലിംഗപരമായും വ്യവസ്ഥാ പിതമായ നിയന്ത്രണങ്ങൾക്ക് വിധേയമായിരുന്നു.

### 2.1.7 കേരളത്തിലെ സ്ത്രീ ഇടം

കേരളത്തിലെ സ്ത്രീസമൂഹം ഒരു ഏകതാനവിഭാഗമല്ല. ജാതി, മതം, പ്രായം, സാമ്പത്തിക അവസ്ഥ തുടങ്ങിയ തലങ്ങളെ പരിഗണിക്കുമ്പോൾ എല്ലാ വിഭാഗം സ്ത്രീകളും ഒരേ തരം പ്രശ്നങ്ങളല്ല നേരിടുന്നത്. മരുമക്കത്തായ സമ്പ്ര ദായത്തിൽ സ്ത്രീവഴിക്കാണ് താവഴിയെങ്കിലും യഥാർത്ഥത്തിൽ സാമ്പത്തിക- രാഷ്ട്രീയാധികാരം കുടുംബത്തിലെ കാരണവർക്കായിരുന്നു. പുരുഷാധികാരം

സ്വയം പ്രഖ്യാപിതമായി നിലകൊണ്ടിരുന്ന കാലമായിരുന്നു. മരുമക്കത്തായം നില നിന്നിരുന്നുവെങ്കിലും സ്ത്രീ പുരുഷസമത്വം സാർവ്വത്രികമായിരുന്നില്ല.

പിതൃദായക്രമം പിൻതുടർന്നിരുന്ന നമ്പൂതിരിസ്ത്രീകളുടെ സ്ഥിതി അതി ദാരുണമായിരുന്നുവെന്ന് വി.ടി.ഭട്ടതിരിപ്പാടിന്റെയും ലളിതാംബിക അന്തർജ്ജന ത്തിന്റെയും കൃതികൾ വ്യക്തമാക്കുന്നു. കേരളത്തിലെ സ്ത്രീകൾക്ക് സഞ്ചാര സ്വാതന്ത്ര്യവുമില്ലായിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും പെരുമാറാൻ പ്രത്യേകം സ്ഥലമായിരുന്നു. നമ്പൂതിരി സമുദായത്തിലെ മൂത്ത ആൾക്കു മാത്രമെ സ്വന്തം സമുദായത്തിൽനിന്ന് വേളി കഴിക്കാൻ സാധിച്ചിരുന്നുള്ളൂ. മറ്റുള്ളവർ സംബന്ധത്തിൽ ഏർപ്പെടുകയായിരുന്നു പതിവ്. ബഹുഭാര്യാത്വം നിലനിന്നിരുന്ന തിനാൽ വിധവകളുടെ എണ്ണവും കൂടിവന്നു. അക്ഷരാഭ്യാസവും സ്കൂൾ വിദ്യാ ഭ്യാസവും നിഷേധിച്ചിരുന്നു. തിരണ്ടുകുളി, കെട്ടുകല്യാണം തുടങ്ങിയ ആചാര ങ്ങൾ നിലനിന്നിരുന്നു. സ്ത്രീക്ക് സ്വത്തവകാശം ഉണ്ടായിരുന്നെങ്കിലും സ്വത്തിന്റെ എല്ലാ ക്രയവിക്രയങ്ങളും നടത്തിയിരുന്നത് കുടുംബത്തിലെ മൂത്ത പുരുഷ നായിരുന്നു. ഈഴവർ അയിത്ത ജാതിക്കാരായിരുന്നു. ഇവർ സ്ത്രീകളെ വിദ്യാ ഭ്യാസം ചെയ്യിച്ചിരുന്നില്ല. ശ്രീനാരായണഗുരുവിനെപോലുള്ള സമുദായ പരി ഷ്കർത്താക്കൾ സ്ത്രീ വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കാനായി എസ്.എൻ.ഡി. പി.സംഘടന ആരംഭിച്ചു.

ബ്രാഹ്മണാധിപത്യമാണ് അന്നോളം നിലനിന്നിരുന്നത്. 19-ാം നൂറ്റാണ്ടോടു കൂടി ഇത് ചോദ്യം ചെയ്യപ്പെട്ടു തുടങ്ങി. ഭൂപ്രഭുക്കൻമാരുടെ അധികാരത്തിൽ വീഴ്ച സംഭവിച്ചു. മധ്യവർഗ്ഗ സമൂഹം നിലവിൽ വരുകയും നിലവിലുള്ള സാമ്പ്ര ദായിക സ്ഥാപനങ്ങളെ തകിടം മറിക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിൽ നടന്ന സമുദായ പരിഷ്കരണഫലമായി കേരളം അവർണ സമൂഹമെന്നും സവർണസമൂ ഹമെന്നും രണ്ടായി തിരിഞ്ഞു. സഞ്ചാര സ്വാതന്ത്ര്യത്തെയും വ്യക്തിസ്വാതന്ത്ര്യ ത്തെയും ഹനിക്കുന്ന നടപടികൾ ഉണ്ടായി.

സർക്കാർ മേഖലകളിൽ സവർണർക്കായിരുന്നു പ്രാമുഖ്യം. ബ്രിട്ടീഷ് ഭരണം ജന്മിമാരുടെ ഭൂമിയുടെ മേലുള്ള അവകാശത്തെ അനുകൂലിക്കുകയും എങ്ങും ബ്രാഹ്മണാധിപത്യം നിലനിൽക്കുകയും ചെയ്തു. 20-ാം നൂറ്റാണ്ടോടുകൂടി ജാതിക്കോട്ടക്ക് തകർച്ച സംഭവിച്ചു. ജന്മിമാർ കേവലം നികുതിദായകർ മാത്രമാ യി. മരുമക്കത്തായ സമ്പ്രദായം ചോദ്യം ചെയ്യപ്പെട്ടു. കുടുംബത്തിനകത്ത് സ്ത്രീ കൂടുതൽ സുരക്ഷിതയായെങ്കിലും സ്ത്രീ ഒരു ഭോഗവസ്തുവായി കുടുംബത്തിന കത്ത് തളച്ചിടുകയും ചെയ്തു.

### 2.1.8 സമരങ്ങളിലെ സ്ത്രീ സാന്നിധ്യം

ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്തിനു മുമ്പുതന്നെ സ്ത്രീക്ഷേമത്തിനാ യുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ടിപ്പുവിന്റെ കാലത്ത് ബഹുഭർതൃത്വത്തി നെതിരെയും മാറുമറയ്ക്കുന്നതിനുള്ള അവകാശത്തിനുവേണ്ടിയും ശബ്ദമുയരുക യുണ്ടായി.

1829-ൽ നടന്ന ചാന്നാർ ലഹള മുതൽ അതുവരെയുള്ള നവോത്ഥാന പ്രവർത്തനങ്ങളിൽ എപ്രകാരമാണ് സ്ത്രീകൾ കേരളത്തിൽ അവരുടെ പ്രശ്ന ങ്ങളെ പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിച്ചത് എന്നത് തിരിച്ചറിയുന്ന തിന്റെ ഭാഗമായി മേൽമുണ്ട് സമരം, കല്ലുമാല സമരം എന്നിങ്ങനെയുള്ള സമരങ്ങ ളിലെ സ്ത്രീ സാന്നിദ്ധ്യം കൂടി തിരിച്ചറിയേണ്ടതുണ്ട്.

### 2.1.9 മേൽമുണ്ട് സമരം

ജാതീയതയ്ക്കും സവർണ്ണ പുരുഷ മേധാവിത്വത്തിനും അടിമത്തത്തിനുമെ തിരായി കേരളത്തിൽ നടന്ന ആദ്യകലാപമായി ചാന്നാർ പോരാട്ടങ്ങളെ കണക്കാ ക്കാം. 1829 മുതൽ 1859 വരെ തിരുവിതാംകൂറിൽ നടന്ന ഈ പോരാട്ടങ്ങൾ ചാന്നാൽ ലഹള, മേൽമുണ്ടുവിപ്ലവം എന്നൊക്കെ അറിയപ്പെടുന്നു. നാടാർ, ഈഴവ സ്ത്രീകൾക്ക് മേൽമുണ്ട് ധരിക്കാനുള്ള അവകാശം നേടിയെടുക്കാനുള്ള സമരമായിരുന്നു ഇത്. മൂന്നു ദശകങ്ങളോളം നീണ്ടുനിന്ന ചാന്നാർ സമരം രാഷ്ട്രീ

യമായും സാമൂഹ്യമായും ഏറെ സ്വാധീനം ചെലുത്തി. അത് അനീതികൾക്കെതിരെ പോരാടാൻ മറ്റുസമുദായങ്ങൾക്കും പ്രേരകമായി.

### 2.1.10 കല്ലുമാലസമരം

പുലയർ, കുറവർ, പറയർ തുടങ്ങിയ വിഭാഗങ്ങൾക്ക് സ്വർണ്ണമോ വെള്ളിയോ കൊണ്ടുള്ള ആഭരണങ്ങൾ ധരിക്കാനുള്ള അവകാശമില്ലായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ശതകങ്ങളിൽപോലും ഇത് തുടർന്നു. സ്ത്രീകൾക്ക് മുട്ടോളം മാത്രമെത്തുന്ന ഒരു മുണ്ട് മാത്രമേ ധരിക്കാൻ അവകാശമുള്ളൂ. എന്നാൽ മാറിടത്തിൽ ധാരാളം കല്ലുമാലകൾ ധരിക്കാൻ അവർക്ക് അധികാരമുണ്ടായിരുന്നു. ഈ മാല ബഹിഷ്കരിക്കാനുള്ള സമരം സവർണ്ണമേധാവിത്വത്തിനെതിരെയുള്ള ദളിത് സ്ത്രീകളുടെ പോരാട്ടവുമായിരുന്നു. കല്ലുമാലാസമരം കല്ലയും മാലയും ബഹിഷ്ക്കരണം എന്ന പേരിലും ചരിത്രത്തിൽ അറിയപ്പെടുന്നുണ്ട്.

### 2.1.11 നമ്പൂതിരി സമുദായവിലക്കുകൾ

പുരുഷാധിപത്യത്തിന്റെ കെടുതികളും സാമുദായിക വിലക്കുകളും സവർണ്ണ സമുദായത്തിലെ സ്ത്രീകളാണ് കൂടുതലായി അനുഭവിച്ചിരുന്നത്. നമ്പൂതിരി യുവജനസംഘത്തിന്റെ രൂപീകരണത്തോടെ സ്ത്രീകളുടെ പ്രശ്നങ്ങൾ അവർ ഗൗരവത്തോടെ നോക്കി കാണാൻ തുടങ്ങി. ഘോഷ ബഹിഷ്കരിച്ചു കൊണ്ട് നമ്പൂതിരി സ്ത്രീകൾ മുന്നോട്ട് വന്നു. പാർവ്വതി മനഴി, പാർവ്വതി നെന്മിനിമംഗലം, ആര്യപള്ളം തുടങ്ങിയ അന്തർജ്ജനങ്ങൾ ഘോഷ ബഹിഷ്ക്കരിച്ചു. പലരും സമുദായത്തിന്റെ പീഡനത്തിന് ഇരയായി. ലളിതാംബിക അന്തർജ്ജനം, ദേവകി വാര്യർ, ദേവകി നരിക്കാട്ടിരി, പ്രിയദത്ത കല്ലാട്ട്, ഉമാദേവി അന്തർജ്ജനം, തുടങ്ങിയവരെല്ലാം ഇതിനായി മുന്നിട്ടിറങ്ങിയവരാണ്.

### 2.1.11 (a) കുറിയേടത്ത് താത്രി

സ്വസമുദായത്തിലെ ജീർണ്ണിച്ച വ്യവസ്ഥിതിക്കെതിരെ ഒറ്റയാൾ പോരാട്ടം നടത്തി കേരളത്തിന്റെ സാമൂഹ്യമുന്നേറ്റചരിത്രത്തിൽ ഇടം നേടിയ സ്ത്രീയാണ്

കുറിയേടത്ത് താത്രി. നമ്പൂതിരി സമുദായത്തിൽ പരിഷ്ക്കരണപ്രസ്ഥാനങ്ങൾ വളർന്നുവികസിച്ചതിൽ താത്രിയുടെ പ്രതിഷേധത്തിന്റെ അനുരണനമുണ്ടായിരുന്നു.

### 2.1.12 സ്വാതന്ത്ര്യസമരത്തിലെ സ്ത്രീപങ്കാളിത്തം

1921 ലെ മലബാർ കലാപത്തിൽ നേരിട്ടുള്ള സ്ത്രീ പങ്കാളിത്തം കുറവായിരുന്നെങ്കിലും കലാപകാരികളായ പുരുഷന്മാർക്ക് പിന്നിൽ സഹായവുമായി നിലകൊള്ളാൻ സ്ത്രീക്ക് സാധിച്ചിട്ടുണ്ട്. ഉപ്പു സത്യാഗ്രഹത്തിലും സ്ത്രീകൾ തങ്ങളുടെ സാന്നിദ്ധ്യമറിയിച്ചിരുന്നു. പ്രാദേശികമായി പല സ്ഥലങ്ങളിലും സ്ത്രീകൾ ഉപ്പു കുറുക്കി നിയമലംഘനം നടത്തി. കണ്ണൂരിൽ എം.കെ. പാറുവിന്റെ നേതൃത്വത്തിലായിരുന്നു ഉപ്പു കുറുക്കൽ നടന്നത്. ദേശീയ പതാകയുമായി സ്ത്രീകൾ പ്രകടനം നടത്തി. എ.വി.കുട്ടിമാളു അമ്മ, ഇ.നാരായണിക്കുട്ടിയമ്മ, ശ്രീമതി യു.ഗോപാലമേനോൻ, ടി.നാരായണിയമ്മ, മുക്കപ്പുഴ കാർത്ത്യായനിയമ്മ, കെ. ഇ.ശാരദ, പി.ജി. നാരായണിയമ്മ, ഗ്രേസി ആറോൺ, കുഞ്ഞിക്കാവമ്മ തുടങ്ങിയവർ നേതൃനിരയിലുണ്ടായിരുന്നു. തിരുവിതാംകൂറിൽ പലയിടങ്ങളിലും നിയമലംഘന സമരം നടന്നിരുന്നു.

കർഷക സംഘങ്ങളുടെ ആവിർഭാവവും അവരുന്നയിച്ച ആശയങ്ങളും സ്ത്രീകളെ അതിലേക്കാകർഷിച്ചു. മിനിമം കൂലി, എട്ടുമണിക്കൂർ പണിസമയം, ലൈംഗിക ചൂഷണത്തിൽനിന്നുള്ള സംരക്ഷണം എന്നിങ്ങനെ വിവിധ ആവശ്യങ്ങൾ സമരക്കാർ മുന്നോട്ടുവെച്ചു. ഇത് ദേശീയ പ്രസ്ഥാനം ശക്തിപ്പെടുന്നതിന് കാരണമായി. 20-ാം നൂറ്റാണ്ടിൽ സ്ത്രീകളുടെ സാമൂഹിക പദവിയിൽ വന്ന മാറ്റം 40കളിൽ എത്തുമ്പോഴേക്ക് ശക്തിപ്രാപിച്ചു. സ്ത്രീകൾ വിവിധ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെട്ട് സന്നദ്ധ പ്രവർത്തകരായിത്തീർന്നു.

''1921 ലെ മലബാർ കലാപത്തിൽ പങ്കെടുത്ത കമ്മത്ത് ചിന്നമ്മ, 1935 കളിൽ സ്ത്രീകളെ സംഘടിപ്പിച്ച് സജീവ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ച

ദേവകി പട്ടസ്യാർ, സവർണ്ണർക്കുമാത്രം പ്രവേശനമുണ്ടായിരുന്ന ക്ഷേത്രക്കുള ത്തിൽ കുളിച്ച് സാമൂഹ്യ അനീതിയ്ക്കെതിരെ പോരാടിയ തിരുമാല, അമ്പല ത്തിൽ നടത്തിയിരുന്ന മൃഗബലിയ്ക്കെതിരെ ശക്തമായ പോരാട്ടം നടത്തിയ സി. ആർ. ദേവകിയമ്മ (1934) ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത എം.കെ. പാറു നമ്പൂ തിരി, യോഗക്ഷേമ സഭയുടെ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്ന ദേവകി നരിക്കാട്ടിരി – തുടങ്ങി ഒട്ടേറെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം കേരളത്തി നുണ്ട്.''[15]

ഇത്തരം സമരങ്ങളെല്ലാം സ്ത്രീകൾക്ക് ഒരു പുതിയ സ്വത്വബോധം നൽകി. പുരുഷസ്വത്വവും പുരുഷകേന്ദ്രീകൃത നിയമവും ആണ് സമൂഹത്തെ നിർണ്ണയിക്കു ന്നത് എന്ന തിരിച്ചറിവ് പ്രബലമായതോടുകൂടി സ്ത്രീകൾ രംഗത്ത് ഇറങ്ങാൻ തുട ങ്ങി. പുരുഷ കേന്ദ്രീകൃതമായ വ്യക്തിസത്തയെ സ്ത്രീ കേന്ദ്രീകൃതമായ സ്വത്വ ബോധമായി മാറ്റിയെടുക്കാൻ തക്കവിധം പ്രതിജ്ഞാബദ്ധമായ ഒരു സ്ത്രീ നവോ ത്ഥാനം ഉടലെടുത്തു.

ഇന്ത്യൻ സ്വാതന്ത്ര്യസമരം ആരംഭിച്ചതോടുകൂടി ചെറിയ അളവിലെങ്കിലും ഭാരതത്തിലെ സ്ത്രീകൾ ദേശീയതയ്ക്കുവേണ്ടി പോരാട്ടം ആരംഭിച്ചു. ''കല യിലും സാഹിത്യത്തിലും ഭരണത്തിലും എന്നു വേണ്ട യുദ്ധത്തിൽപോലും പ്രശംസ പിടിച്ചുപറ്റിയിട്ടുള്ള ചുരുക്കം ചില വനിതകളേയുള്ളൂ. എങ്കിലും സ്വാത ന്ത്ര്യസമരങ്ങളിലും ചുരുങ്ങിയ തോതിലെങ്കിലും സ്ത്രീപ്രാതിനിധ്യം ഉണ്ടായി രുന്നു എന്നതിൽ സംശയമില്ല. നൂർജഹാൻ, റസിയ സുൽത്താന, ഝാൻസിറാണി, മീരാബായി, ആനിബസന്റ് തുടങ്ങിയവർ ഇതിന് ഉദാഹരണങ്ങളാണ്.''[16]

സമൂഹം പുരുഷമേധാവിത്വം വെച്ചു പുലർത്തുന്നതും പുരുഷനെ കേന്ദ്രീക രിച്ചുള്ളതുമാണെന്ന കാഴ്ചപ്പാടാണ് സ്ത്രീയെ പുതിയ ചിന്തകളിലേക്കും പ്രവർത്തനങ്ങളിലേക്കും നയിച്ചത്. ഒരു സാമൂഹിക മാറ്റത്തിന്റെ ആവശ്യം അനു പേക്ഷണീയമാണെന്ന് തോന്നിയ കാലഘട്ടത്തിലാണ് രാജാറാം മോഹൻ റായ്,

സ്വാമി ദയാനന്ദ സരസ്വതി, ആനിബസന്റ്, ഗോപാലകൃഷ്ണഗോഖലെ, ഗാന്ധിജി തുടങ്ങിയവർ സാമൂഹിക പരിഷ്കരണവും സ്ത്രീകളുടെ സാമൂഹികമോചനവും ലക്ഷ്യമാക്കി പ്രവർത്തിച്ചു മുന്നേറിയത്.

1829-ൽ സതി എന്ന ക്രൂരമായ സാമൂഹിക ദുരാചാരം നിർത്തലാക്കിയത് രാജാറാം മോഹൻറായിയുടെ പ്രവർത്തനഫലമായിരുന്നു. സ്വാമി ദയാനന്ദ സരസ്വതി, ആനിബസന്റ് എന്നിവർ സ്ത്രീ നീതിക്കും സമത്വത്തിനും വേണ്ടി അക്ഷീണം പ്രവർത്തിച്ചു. സ്ത്രീകൾക്ക് വിദ്യ അഭ്യസിക്കുന്നതിനുള്ള അവകാശം സമൂഹത്തിന്റെ ഒരു ആവശ്യകതയായി കണക്കാക്കി. രാഷ്ട്രീയ സ്വാതന്ത്ര്യത്തേക്കാൾ പ്രധാനം സാമൂഹിക സ്വാതന്ത്ര്യമാണെന്ന് വാദിച്ചവരാണിവർ.

ഇന്ത്യയിലെ വനിതാപ്രസ്ഥാനത്തിന്റെ ഭാവിക്ക് ഒരു വഴികാട്ടിയായിരുന്നു ആനിബസന്റ്. ഹോംറൂൾ പ്രസ്ഥാനത്തിൽ സജീവമായി പങ്കുചേരുന്നതിന് ആനിബസന്റ് സ്ത്രീകളോട് ആഹ്വാനം ചെയ്തു.

മഹാദേവ ഗോവിന്ദ റാനഡെ പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്തുന്നതിനും വിധവകളുടെ പുനർവിവാഹത്തിനും സ്ത്രീധനസമ്പ്രദായം നിർത്തലാക്കുന്നതിനും സ്ത്രീകൾക്കിടയിൽ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനും ജാതിവ്യവസ്ഥിതി, പർദ മുതലായവ നിർത്തലാക്കുന്നതിനും പരിശ്രമിച്ചു. റാനഡെയുടെ ശിഷ്യനായ ഗോപാലകൃഷ്ണ ഗോഖലെ ഒരു സ്വതന്ത്രസമൂഹം കെട്ടിപ്പടുക്കുന്നതിനുവേണ്ടി സ്ത്രീകളുടെയും പിന്നോക്കസമുദായങ്ങളുടെയും കുട്ടികളുടെയും വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി.

''സ്ത്രീകളുടെ സാമൂഹിക മോചനം എന്ന ആശയം ഗാന്ധിജി വികസിപ്പിച്ചെടുത്തു. സ്ത്രീകൾക്കുവേണ്ടി അദ്ദേഹം ദേശീയ പ്രസ്ഥാനത്തിന്റെ സാധ്യതകൾ തുറന്നിട്ടു. രാഷ്ട്രീയ മുന്നേറ്റത്തിൽ ധാരാളം സ്ത്രീകളെ പങ്കാളികളാക്കുകയും ചെയ്തു.''[17] സമൂഹത്തിലെ അസ്വാസ്ഥ്യങ്ങളും ദുഷ്ടതകളും തുടച്ചുനീക്കുക സമ

ത്വസുന്ദരമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്നീ വെല്ലുവിളികളെ സ്ത്രീകൾ ഒറ്റക്കെട്ടായി നിന്ന് നേരിടാൻ ശ്രമിച്ചു.

## 2.2 ആദ്യകാല വനിതാമാസികകളിലെ സ്ത്രീ

''സ്ത്രീ ജീവിതത്തിൽ നവോത്ഥാനത്തിനും ആധുനിക വിദ്യാഭ്യാസ ത്തിനും ചെയ്യാനാവാത്തത് അതിന്റെ ഫലമായുണ്ടായ വനിതാമാസികകൾക്കു സാധ്യമായിട്ടുണ്ട്. യുക്തികൊണ്ടും ഭാവനകൊണ്ടുമായിരുന്നു മാമൂലുകളുടെ ആക്രമണത്തിൽനിന്ന് സ്ത്രീകൾ രക്ഷപ്പെട്ടത്. എഴുത്തിനെക്കുറിച്ചും വായനയെ ക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും കഴിഞ്ഞ നൂറ്റാണ്ടിലെ മലയാളി സ്ത്രീകൾ എങ്ങനെയാണ് ചിന്തിച്ചിരുന്നതെന്നന്വേഷിക്കുമ്പോൾ നമ്മെ അത്ഭുതപ്പെടുത്തുന്ന കണ്ടെത്തലുകളാണ് ഇവിടെ രേഖപ്പെടുത്താനാവുന്നത്.''[18]

''1903-ൽ ഇറങ്ങിയ സുധർമയിൽ ജെ.കുഞ്ഞുലക്ഷ്മി അമ്മ എഴുതിയ 'കേരളീയ സ്ത്രീകൾക്കൊരുപദേശം' എന്ന ലേഖനത്തിൽ വായനയുടെ പ്രാധാന്യം എടുത്തു പറയുന്നുണ്ട്. വിശ്രമവും വിനോദവും സ്ത്രീകൾക്കാവശ്യ മാണെന്ന് വാദിക്കുന്ന കുഞ്ഞുലക്ഷ്മിയമ്മ പെണ്ണിന് സ്വന്തമായി ഒരു മുറിയുണ്ടാ വുന്നത് നല്ലതാണെന്ന് അഭിപ്രായപ്പെടുന്നു. വെർജീനിയ വൂൾഫ് 'സ്വന്തമാ യൊരു മുറി' എഴുതുന്നതിന് കാൽനൂറ്റാണ്ട് മുൻപാണ് കേരളത്തിലെ ഒരു സ്ത്രീ മറ്റൊരു സ്ത്രീയോട് സ്വന്തമായൊരു മുറിയെ പറ്റി പറയുന്നത്. കേരളത്തിലെ സ്ത്രീകളുടെ മാത്രമല്ല മലയാളഭാഷയുടെയും വിമോചന സാധ്യതകൾ വിളംബരം ചെയ്യുന്ന ലേഖനമായി ജെ. കുഞ്ഞുലക്ഷ്മിയമ്മയുടെ കേരളീയ സ്ത്രീകൾ ക്കൊരുപദേശം മാറിയിരിക്കുന്നു.''[19]

സാമൂഹികമായ പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന ചർച്ചകൾ സ്ത്രീകൾക്കിട യിൽ സാധ്യമായിരുന്ന ഒരു കാലമായിരുന്നു അത്.വിദ്യാഭ്യാസം, വിവാഹം, ഉദ്യോ ഗം, വസ്ത്രധാരണം, ബാല്യവിവാഹം, പിന്തുടർച്ചാവകാശം എന്നിങ്ങനെ എന്തി നെക്കുറിച്ചുമുള്ള സംവാദങ്ങളിൽ സ്ത്രീകൾ ഭാഗവാക്കായി. ആദ്യകാല വനിതാമാ

സികകൾ സുധർമ, ശാരദ, ലക്ഷ്മീബായി, മഹിള, വനിതാകുസുമം, മലയാള മാസിക തുടങ്ങിയവയായിരുന്നു. സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ച ചെയ്ത മാസികകളായിരുന്നു ശാരദ, മഹിള, ശ്രീമതി, വനിതാകുസുമം തുടുങ്ങിയവ.

സ്ത്രീകൾക്ക് വേണ്ടി സ്ത്രീകൾ നടത്തിയ മാസികയാണ് മലയാള മാസിക. 1930–31 കാലത്താണ് ഈ മാസിക തുടങ്ങുന്നത്. ബി. കല്യാണി അമ്മയുടെ 'സ്ത്രീ വിദ്യാഭ്യാസത്തിന്റെ മാതൃക', മിസിസ്.പി.കെ.വാര്യരുടെ 'സ്ത്രീവിദ്യാഭ്യാസവിമർശം' എന്നീ ലേഖനങ്ങൾ തുടർ സംവാദങ്ങൾക്ക് വഴിയൊരുക്കി.

''1933–ൽ പുറത്തിറങ്ങിയ വനിതാകുസുമത്തിൽ വന്ന ദീനാമ്മ മാത്യുവിന്റെ 'സ്ത്രീകളും വിദ്യാഭ്യാസവും' മിസിസ് സുബ്ബരായന്റെ 'സ്ത്രീവിദ്യാഭ്യാസ ന്യൂനത' എന്നീ ലേഖനങ്ങൾ ശ്രദ്ധേയങ്ങളാണ്. ശാരദയിൽ പ്രസിദ്ധീകൃതമായ 'സ്ത്രീകളും ഗവർമെണ്ടുദ്യോഗവും' വനിതാകുസുമത്തിലെ 'സ്ത്രീകളും സർക്കാർ സർവ്വീസും' എന്നീ ലേഖനങ്ങളിൽ സ്ത്രീകളുടെ ഉദ്യോഗകാര്യങ്ങളായിരുന്നു ചർച്ചാവിഷയം.''[20] കെ.എൻ.ഗൗരിയമ്മ എഴുതിയ 'മലയാളത്തറവാട് ഒരു സംശയം' എന്ന ലേഖനം മക്കത്തായത്തിനും മരുമക്കത്തായത്തിനും ഒരുപോലെ ബാധകമാണ്.

സ്നേഹം, സമത്വം, സ്വാതന്ത്ര്യം, ജ്ഞാനം എന്നിവയെപ്പറ്റി സ്ത്രീകൾ ധാരാളമായി ചിന്തിക്കുകയും ചിന്തിപ്പിക്കുന്ന വിധം വ്യാപകമായി എഴുതുകയും ചെയ്തു തുടങ്ങി. മലയാളമാസികയിൽ കുഞ്ഞിക്കുട്ടിവാരസ്യാർ 'സ്വാതന്ത്ര്യ' ത്തെക്കുറിച്ചെഴുതി. മാതൃത്വമഹിമ, സ്ത്രീധർമ്മം, ഭർതൃശുശ്രൂഷ, ഗൃഹഭരണം എന്നിങ്ങനെയുള്ള പരമ്പരാഗത വിഷയങ്ങളിൽപ്പോലും അവർ ഇടപെട്ടതായി കാണുന്നു. കെ.പത്മാവതി അമ്മ ശാരദയിൽ എഴുതിയ ലേഖനം ശ്രദ്ധേയമായ ഉദാഹരണമാണ്.

സ്ത്രീകൾ പരിഷ്കൃതരായി മാറിയതിനു പുരുഷചരിത്രം രേഖപ്പെടുത്തിയ കാരണങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യസമരം, ദേശീയ നവോത്ഥാനം, ആധുനിക വിദ്യാ

ഭ്യാസം എന്നിവയായിരുന്നു. എന്നാൽ ഇതെല്ലാം പുരുഷന്റെ കാഴ്ചപ്പാടിൽ സംഭ വിച്ച കാര്യങ്ങളായിരുന്നു. ഭാവനാശക്തിയും സ്വാതന്ത്ര്യബോധവും പെണ്ണിന്റെ മാനസികമായ ഊർജ്ജമായിരുന്നു. ശാരദ, മഹിള തുടങ്ങിയ ആദ്യകാല സ്ത്രീമാസികകളിൽ പ്രത്യക്ഷപ്പെട്ട സ്ത്രീകളുടെ ചിന്തകളും പ്രതികരണങ്ങളും തന്നെയാണ് പിൽക്കാല എഴുത്തുകാരികൾക്കും പിൻബലം നൽകിയത്.

സ്ത്രീകളുടെ സർഗാത്മകമായ ധൈര്യവും സന്നദ്ധതയും കേരളത്തിലെ സ്ത്രീകളെ പ്രലോഭിപ്പിക്കുക മാത്രമല്ല ഗദ്യഭാഷയെയും വികസിപ്പിച്ചെടുത്തു. അതുവരെ അപ്രാപ്യമെന്നു കരുതിയിരുന്ന നിരവധി വിഷയങ്ങൾ സ്ത്രീയുടെ ചിന്താപരിധിക്കുള്ളിൽ വരികയും അവ വികസിപ്പിച്ചെടുക്കുന്നതിനായി സ്വന്തമാ യൊരു ഭാഷ നിർമ്മിക്കേണ്ടതായും വന്നു.

ഇപ്രകാരം സ്വന്തമായൊരു ഭാഷ വികസിപ്പിച്ചെടുത്ത ഒരു ലേഖനമായി രുന്നു 1958-ൽ പുറത്തിറങ്ങിയ കെ. സരസ്വതിയമ്മയുടെ 'പുരുഷന്മാരില്ലാത്ത ലോകം' ഏറെ ശ്രദ്ധിക്കപ്പെട്ട ലേഖന സമാഹാരമായിരുന്നു ഇത്. പക്ഷെ എത്ര ആഴത്തിൽ വേരോടിയാലും ചരിത്രത്തിൽനിന്ന് സ്ത്രീകൾ മാഞ്ഞുപോകുന്ന ഒരു സ്വാഭാവികരീതിയാണ് കാണുന്നത്. എത്രയോ നൂറ്റാണ്ടുകളുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടാണ് സ്ത്രീ എഴുതി തുടങ്ങുന്നത്.

1919-ൽ കേരളത്തിൽ ജനിച്ച് 1976-ൽ രോഗബാധിതയായി മരിക്കും വരെ അവഗണനകളും കുറ്റപ്പെടുത്തലുകളും വ്യക്തിദുരന്തങ്ങളും മാത്രമെ സരസ്വതിയ മ്മക്ക് കൂട്ടിനുണ്ടായിരുന്നുള്ളൂ. പേനയെടുക്കുമ്പോഴും വായിക്കുമ്പോഴും സാഹി ത്യത്തെപ്പറ്റി ചിന്തിക്കുമ്പോഴും ശരീരമാകെയും വേദനയാണെന്നവർ പറഞ്ഞി രുന്നു. ഇവിടെ എഴുത്ത് സ്ത്രീയ്ക്ക് വേദനയായി മാറുകയായിരുന്നു. 1944 മുതൽ 1958 വരെ തുടർച്ചയായി സരസ്വതിയമ്മയുടെ പുസ്തകങ്ങൾ അച്ചടിച്ചുവന്നു കൊണ്ടിരുന്നു. എന്നാൽ 1960 കളോടെ അവരുടെ എഴുത്തും വായനയും പൂർണ്ണ മായും നിലച്ചുപോയി. വ്യക്തിജീവിതത്തിലെ അനാഥത്വവും സാഹിത്യജീവിത

ത്തിലെ നിരന്തരമായ തമസ്കരണവും അവരെ വൈകാരികമായി തളർത്തി. ആണധികാരവ്യവസ്ഥയെ ആയിരുന്നു അവർ ചോദ്യം ചെയ്തത്. യുക്തിയുടെയും വിചാരണയുടെയും ഭാഷയായിരുന്നു അവർ ഉപയോഗിച്ചത്. ചരിത്രത്തിൽ സരസ്വതിയമ്മയ്ക്ക് അർഹമായ സ്വാധീനം ലഭിക്കാതെ പോയെങ്കിലും സ്ത്രീ എഴുത്തുകാരികൾക്ക് ശക്തമായ വഴികാട്ടിയായിരുന്നു ഇത്തരം എഴുത്തുകൾ.

സ്ത്രീവാദ സൈദ്ധാന്തിക രംഗത്ത് ഇടപെടൽ നടത്തുന്ന ആദ്യമലയാള പുസ്തകമാണ് അരനൂറ്റാണ്ടു മുമ്പുണ്ടായ 'പുരുഷന്മാരില്ലാത്ത ലോകം'. സ്വന്തം പ്രശ്നങ്ങളെ സൈദ്ധാന്തികമായി അവതരിപ്പിക്കാനുള്ള പെൺശ്രമം വികസിക്കുന്നതിന് മുമ്പാണ് പുരുഷന്മാരില്ലാത്ത ലോകം പ്രസിദ്ധീകരിച്ചത്. ദേശീയ നവോത്ഥാനവുമായി ബന്ധപ്പെട്ടു പുരുഷന്മാരുന്നയിച്ച ചില പരിഷ്ക്കരണാശയങ്ങൾ മാത്രമാണ് സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പേരിൽ അതുവരെ കൊണ്ടാടപ്പെട്ടത്.

സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യത്തിന്റേയും പ്രവൃത്തിസ്വാതന്ത്ര്യത്തിന്റേയും അതിർത്തി നിശ്ചയിച്ചിരുന്ന കാലമായിരുന്നു അത്.

സാറാജോസഫിന്റെ 'പാപത്തറ'യ്ക്ക് സച്ചിദാനന്ദൻ എഴുതിയ ആമുഖത്തിൽ പെണ്ണെഴുത്ത് എന്ന വാക്ക് പ്രാമാണ്യം നേടിയതിനെതുടർന്നാണ് സ്ത്രീയും സാഹിത്യവും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി ഇവിടെ ഇന്നത്തെ തരത്തിലുള്ള സ്ത്രീവാദ ചിന്തകളും ചർച്ചകളും ഉണ്ടായിവന്നത്. എന്നാൽ അതിനെത്രയോ മുൻപ് തന്നെ സരസ്വതിയമ്മയുടെ 'പുരുഷന്മാരില്ലാത്ത ലോകം' പുറത്തുവന്നിരുന്നു.

മറ്റേതു കലയുടെയുമെന്നതുപോലെ സാഹിത്യത്തിന്റെയും സ്രോതസ്സിനെ സംബന്ധിച്ച സിദ്ധാന്തങ്ങൾ രൂപപ്പെട്ടത് പുരുഷനെ മാത്രം കേന്ദ്രീകരിച്ചായിരുന്നു. പാശ്ചാത്യവും പൗരസ്ത്യവുമായ എല്ലാ കാവ്യചർച്ചകളും നടന്നത് പുരുഷാധിപത്യ പ്രത്യയശാസ്ത്രത്തിനുള്ളിൽ വെച്ചായിരുന്നു. ''ആണിന്റെ എഴുത്തിൽ യഥാർത്ഥ സ്ത്രീസ്വത്വമല്ല ഉള്ളതെന്നും അത് അവളുടെ നിഴൽപോലുമല്ലെന്നും

ആണുങ്ങളുടെ സങ്കൽപ്പം മാത്രമാണവയെന്നും പ്രസ്തുത സ്ത്രീ രൂപങ്ങൾ വ്യാജ മാണെന്നും ലോകത്തെ അറിയിക്കുവാനുള്ള ശ്രമങ്ങൾ ആധുനികതയോടെ തന്നെ സ്ത്രീയുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്.''[21]

സ്ഥലം മാത്രമല്ല കാലവും നിഷേധിക്കപ്പെട്ട പെണ്ണ് ആണിന്റെ സ്ഥലകാല ങ്ങളിൽ അന്യയും അശരണയും മാത്രമല്ല അറിയപ്പെടാത്തവളുമായിരിക്കുന്നു. സാഹിത്യചിന്തയുടേയും കലാദർശനത്തിന്റേയും ചരിത്രത്തിൽ പെണ്ണിന്റെ ഇടം കണ്ടെത്തുകയെന്നത് എളുപ്പമല്ല. ഭാഷാപരവും ലിംഗപരവുമായ രണ്ട് ആധിപത്യ ബോധങ്ങൾ മലയാളത്തിൽ നിലനിൽക്കുന്നുണ്ട്. സർഗ്ഗാത്മകതയുമായി ബന്ധ പ്പെട്ട ചിന്തകളിൽ പുരുഷന് ഉണ്ടായിരുന്ന മേൽക്കൈ എളുപ്പത്തിൽ തട്ടി നീക്കാ വുന്ന തടസ്സമായിരുന്നില്ല.

പെണ്ണെഴുത്തിന് പല പ്രതിസന്ധികളുമുണ്ട്. എഴുത്തിന്റെ ഓരോ ഘട്ട ത്തിലും അവൾ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരുന്നു. ആണധികാരമൂല്യങ്ങൾ ഉൾക്കൊള്ളുന്ന കുടുംബം പെണ്ണിന്റെ എഴുത്തിനോട് എന്നും മുഖം തിരിച്ചേ നിന്നിരുന്നുള്ളൂ. ഗൃഹത്തിനുള്ളിൽ അവൾക്കിരുന്നെഴുതുവാൻ സ്ഥലമോ സമ യമോ ലഭിച്ചിരുന്നില്ല. ലളിതാംബിക അന്തർജ്ജനത്തെ ഉദാഹരണമായെടുത്താൽ എഴുത്തിൽ അവർക്കു നേരിടേണ്ടിവന്ന സംഘർഷങ്ങളും പ്രതിരോധങ്ങളും നിരവ ധിയായിരുന്നു എന്ന് 'ആത്മകഥയ്ക്കൊരാമുഖത്തിൽ' വ്യക്തമാക്കുന്നുണ്ട്.

ഇപ്രകാരം സ്ത്രീയും തന്റെ സാന്നിധ്യം എഴുത്തിലൂടെ പ്രകടമാക്കാൻ തുട ങ്ങിയത് ഒരു മാറ്റത്തിന് വഴിതെളിയിച്ചു. അകത്തിരുന്ന് എഴുതാൻപോലും സ്വാത ന്ത്ര്യമില്ലാത്ത സ്ത്രീയ്ക്ക് പുറത്തിറങ്ങി യാത്ര ചെയ്യുക എന്നത് ചിന്തിക്കാൻ പോലും കഴിയാത്ത ഒന്നായിരുന്നു. അതുകൊണ്ടു തന്നെ ആദ്യകാല വനിതാമാ സികകളും അതിലെ സ്ത്രീസാന്നിധ്യവും പുരുഷാധിപത്യവ്യവസ്ഥിതിയിൽ ചലന ങ്ങളുണ്ടാക്കാനുള്ള കാരണമായി. ഇത്തരം സംരംഭങ്ങളെ പുറത്തേക്കുള്ള സ്ത്രീ യാത്രയുടെ ആദ്യത്തെ ചവിട്ടുപടിയായി കണക്കാക്കാം. സാഹിത്യത്തിൽ

സ്ത്രീസാന്നിധ്യം ഉറപ്പിച്ചാൽ മാത്രമെ പുറത്തേക്കുള്ള യാത്രകളുടെ അനുഭവങ്ങൾ ആഖ്യാനം ചെയ്യാനുള്ള സ്വാതന്ത്ര്യവും സ്ത്രീക്കുണ്ടാവൂ. അങ്ങനെ കാലങ്ങളിലൂടെ വളർന്നുവികസിച്ച ഒരു സഞ്ചാരപാരമ്പര്യമാണ് സ്ത്രീയാത്രക്കുമുള്ളത്. പാർശ്വവൽക്കരിക്കപ്പെട്ട അവസ്ഥയിൽനിന്നാണ് ഒറ്റയ്ക്ക് പുറത്തുപോവാനാവുമെന്ന ചിന്ത സ്ത്രീതന്നെ വളർത്തിയെടുക്കുന്നത്.

## 2.3 സ്ത്രീവാദം

വിവിധവും വ്യത്യസ്തങ്ങളുമായ പ്രയോഗ സാധ്യതകളുള്ള ഒരു വിമോചന പ്രസ്ഥാനമാണ് ഫെമിനിസം. സ്ത്രീ വിമോചനമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. അവകാശങ്ങൾ, പദവി, അധികാരം എന്നിവയിൽ സ്ത്രീയ്ക്കും പുരുഷനും തുല്യസ്ഥാനം വേണമെന്നതിലാണ് ഫെമിനിസം ശ്രദ്ധയൂന്നുന്നത്. പണ്ടുമുതൽ എല്ലാ വ്യവഹാരങ്ങളിലും പുരുഷന് ഒന്നാം സ്ഥാനവും സ്ത്രീക്ക് രണ്ടാം സ്ഥാനവുമാണ് കല്പിച്ചിരുന്നത്.പുരാണങ്ങളിലും മറ്റും ഉത്തമ സ്ത്രീ പ്രതീകങ്ങൾ കാണാമെങ്കിലും പൊതുവായി സ്ത്രീ രണ്ടാംസ്ഥാനക്കാരിയായിരുന്നു. പുരുഷന് സർവ്വ അധികാരവും ലഭിച്ചിരുന്നു. ''ഹിന്ദു പുരാണങ്ങളിൽ ദേവിമാർ പലരും പുരുഷ ദൈവങ്ങളിൽനിന്ന് സൃഷ്ടിക്കപ്പെട്ടവരാണ്. സെന്റ് തോമസ് അക്വിനാസിന്റെ അഭിപ്രായത്തിൽ അപൂർണ പുരുഷനാണ് സ്ത്രീ. തെരെഞ്ഞെടുപ്പിലൂടെയുള്ള ജനാധിപത്യ സമ്പ്രദായം നടപ്പിലായിട്ടും സ്ത്രീകൾക്ക് വോട്ടവകാശമോ തൊഴിൽപരമായ അവകാശങ്ങളോ ഉണ്ടായിരുന്നില്ല. കേരളത്തിലാകട്ടെ ജാതി സമ്പ്രദായവുമായി ബന്ധപ്പെട്ട് കീഴാള സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം പോലും ഇല്ലായിരുന്നു.''[22] തുല്യനീതി വേണമെന്ന ആശയത്തിന് പ്രചോദനമായത് അമേരിക്കയിലേയും ഫ്രാൻസിലേയും വിപ്ലവങ്ങളാണ്.

പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് ബ്രിട്ടനിൽ ആദ്യമായി സ്ത്രീ മുന്നേറ്റങ്ങളുടെ തുടക്കം. 1642-ൽ നൂറോളം സ്ത്രീകൾ ചേർന്ന് സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് പൊതുസഭയിൽ നിവേദനം നൽകിയതാണ് ശ്രദ്ധേയമായ

സംഭവം. കൂടാതെ ''ഫ്രഞ്ചുവിപ്ലവാശയങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടു കൊണ്ട് 1792-ൽ മേരി വുൾസ്റ്റൻ ക്രാഫ്റ്റ് രചിച്ച 'ദി വിൻഡിക്കേഷൻ ഓഫ് ദ റൈറ്റ്സ് ഓഫ് വുമൺ' ഇംഗ്ലീഷ് ഫെമിനിസത്തിന്റെ ആദ്യമാനിഫെസ്റ്റോ ആയി അറിയപ്പെടുന്നു.''[23]

സ്ത്രീയെ അസ്വതന്ത്രമാക്കിയ വിക്ടോറിയൻ മൂല്യസങ്കല്പങ്ങളെ നിശിത മായി വിമർശിക്കുന്ന കൃതിയാണിത്. ജോൺ സ്റ്റുവർട്ട് മില്ലിന്റെ സ്ത്രീവാദ ചിന്ത കൾക്ക് പ്രചോദനമേകാനും ഈ പുസ്തകത്തിന് സാധിച്ചു. ഇംഗ്ലണ്ടിലെ സ്ത്രീമു ന്നേറ്റ ചരിത്രങ്ങളുടെ ഔദ്യോഗിക പാഠമാണ് സ്റ്റുവർട്ട് മില്ലിന്റെ 'സബ്ജക്ഷൻ ഓഫ് വിമെൻ' (1869) എന്ന ഗ്രന്ഥം. ആദ്യകാല സ്ത്രീപ്രക്ഷോഭങ്ങളെല്ലാം വോട്ട വകാശം, വിവാഹിതകൾക്ക് സ്വത്തവകാശം, വിദ്യാഭ്യാസത്തിനും തൊഴിലിനു മുള്ള അവകാശം എന്നിവയ്ക്കുവേണ്ടിയായിരുന്നു. ഒപ്പം ലിബറൽ ഫെമിനിസം എന്നറിയപ്പെടുന്ന ഈ ഒന്നാംഘട്ട ഫെമിനിസം പൗരാവകാശത്തിനേയും സാമൂ ഹിക നീതിയേയും ഉദ്ദേശിച്ചുള്ളതായിരുന്നു.

''ലോക്ക്, റൂസ്സോ, ബെന്നാം, ജോൺസ്റ്റുവർട്ട്മിൽ തുടങ്ങിയ ചിന്തകർ ഉദ്ഘോഷിച്ച തുല്യാവകാശം, വ്യക്തിസ്വാതന്ത്ര്യം, വിമോചനം, നീതിബോധം തുടങ്ങിയ മൂല്യങ്ങളുടെ സ്ത്രൈണവൽക്കരണമോ, സ്ത്രീവാദവൽക്കരണമോ ആണ് ലിബറൽ ഫെമിനിസം.''[24]

ഇന്ത്യയിൽ രാജാറാം മോഹൻ റായ്, ഈശ്വരചന്ദ്ര വിദ്യാസാഗർ, മഹാത്മാ ഗാന്ധി തുടങ്ങിയവർ ഈ രംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തവരാണ്. വ്യവസ്ഥാപിത മാർഗങ്ങളിലൂടെ സ്ത്രീസ്വാതന്ത്ര്യവും സാമൂഹികമായ അവകാ ശവും നേടിയെടുക്കാനാണ് ലിബറൽ ഫെമിനിസ്റ്റുകൾ ശ്രമിച്ചത്. രണ്ടാം തരംഗ ഫെമിനിസത്തിൽ കുടുംബജീവിതം, ലൈംഗികത, ശരീരം സുരക്ഷിതത്വം എന്നി മേഖലകളിലേക്കും അവർ ശ്രദ്ധ പതിപ്പിച്ചു. ലിബറൽ ഫെമിനിസത്തിനു പുറമെ

റാഡിക്കൽ ഫെമിനിസം, മാർക്സിസ്റ്റ് ഫെമിനിസം, സോഷ്യലിസ്റ്റ് ഫെമിനിസം, സാംസ്കാരിക ഫെമിനിസം തുടങ്ങിയ വിവിധ ധാരകൾ ഫെമിനിസത്തിലുണ്ടായി.

### 2.3.1 റാഡിക്കൽ ഫെമിനിസം

1960 കളിലാണ് റാഡിക്കൽ ഫെമിനിസം ശക്തിയാർജ്ജിക്കുന്നത്. വൈയ ക്തിക ബന്ധങ്ങളിലെ അസമത്വങ്ങളേയും അതൃപ്തികളേയും ഇത് വെളിപ്പെടു ത്തുന്നു. പുരുഷാധികാരത്തെ സ്ത്രീയുടെ അടിമത്തത്തിന്റെ പ്രതീകമായി കാണുന്ന ഫെമിനിസത്തിന്റെ ഈ ശാഖ സ്ത്രീ കാഴ്ചപ്പാടിലൂടെ സാമൂഹ്യപു നർനിർമ്മിതി നടത്തുകയാണിവിടെ. സ്ത്രീത്വം മഹത്തരമാണെന്നും അത് സ്ത്രീകൾ തന്നെ പ്രചരിപ്പേക്കേണ്ടതാണെന്നും അതിന്റെ വളർച്ചക്ക് തടസ്സമായ തൊക്കെ, അതു കുടുംബ സാമൂഹ്യബന്ധങ്ങളായാലും നിരാകരിക്കണമെന്നാണ് റാഡിക്കൽ ഫെമിനിസത്തിന്റെ നിലപാട്. പ്രസിദ്ധ റാഡിക്കൽ ഫെമിനിസ്റ്റായ ഷൂലോമിത്ത് ഫയർസ്റ്റോണിന്റെ അഭിപ്രായത്തിൽ കുടുംബം എന്ന സ്ഥാപനം സാമ്പത്തിക സംവിധാനം മാത്രമാണ്. സ്ത്രീകൾക്ക് മാത്രമായി സൃഷ്ടിച്ചെടുക്കാ വുന്ന ഒരു സമൂഹത്തിന്റെ പര്യാപ്തതയെക്കുറിച്ച് വ്യക്തമായ ധാരണയും ഉറപ്പും നിലനിർത്തുന്നു റാഡിക്കൽ ഫെമിനിസം.

### 2.3.2 മാർക്സിസ്റ്റ് ഫെമിനിസം

മാർക്സിസ്റ്റ് സിദ്ധാന്തവുമായി സ്ത്രീപക്ഷവാദ ചിന്തകളുടെ കൂടിച്ചേര ലാണ് മാർക്സിസ്റ്റ് ഫെമിനിസം. സ്വാതന്ത്ര്യം, സമത്വം, ചൂഷണത്തിൽനിന്നുള്ള മോചനം, ചൂഷകർക്കെതിരായ ശക്തമായ പ്രതിരോധം എന്നിവ ഇതിന്റെ അടി സ്ഥാനപ്രമാണങ്ങളാണ്. കുടുംബത്തിലെ വേതനമില്ലാത്ത ജോലിയിൽനിന്നും സാമൂഹിക ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളാവണമെന്നും സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവേശനം ലഭിക്കാൻ ഇതാണ് മാർഗ്ഗമെന്നും ഇവർ രേഖപ്പെടുത്തു ന്നു.

### 2.3.3 സോഷ്യലിസ്റ്റ് ഫെമിനിസം

സ്ത്രീകളുടെ വൈയക്തികവും ലിംഗപരവുമായ പ്രത്യേക പ്രശ്നങ്ങളെ വിശകലനം ചെയ്യുകയാണ് സോഷ്യലിസ്റ്റ് ഫെമിനിസത്തിൽ. കുടുംബജീവിതത്തി ലേക്കും വ്യക്തിബന്ധങ്ങളിലേക്കും സ്ത്രൈണാനുഭവങ്ങളിലേക്കും ഇവർ ശ്രദ്ധപ തിപ്പിക്കുന്നു. റാഡിക്കൽ ഫെമിനിസത്തെ ഇത് തീർത്തും നിരാകരിക്കുന്നില്ല.

ഈ വിഭാഗങ്ങൾ കൂടാതെ സ്ത്രീ വിമോചന സിദ്ധാന്തം അനേകം സമീപ നങ്ങളും പരിപ്രേക്ഷ്യങ്ങളുമായി വികസിച്ചിരിക്കുന്നു. ലിംഗബന്ധങ്ങൾ പഠനവി ധേയമാക്കുന്ന സ്ത്രീവാദ നരവംശശാസ്ത്രം, കറുത്ത വർഗ്ഗത്തിന്റെ സവി ശേഷതകളിൽ ഊന്നുന്ന ബ്ലാക്ക് ഫെമിനിസം, പാരിസ്ഥിതികപ്രശ്നങ്ങളുമായി താദാത്മ്യം പ്രാപിച്ചുകൊണ്ടുള്ള ഇക്കോ ഫെമിനിസം എന്നിങ്ങനെ സ്ത്രീവാദം പുതിയ മേഖലകളിലേക്കും വികാസം പ്രാപിക്കുന്നു.

ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ വികാസചരിത്രത്തിൽ മഹത്തായ സംഭാവന കൾ നൽകിയ ചില വനിതകളുണ്ട്. ''വെർജീനിയ വുൾഫിന്റെ സ്വന്തമായൊരു മുറി (A Room of one's own - 1925) എന്ന ഗ്രന്ഥം ഫെമിനിസ്റ്റ് ബൈബിൾ എന്നാണ് അറിയപ്പെടുന്നത്. സ്ത്രീ സമത്വവാദിയെന്നതിനെക്കാൾ സ്ത്രീകൾക്ക് അർഹതപ്പെട്ട അവകാശങ്ങൾക്കുവേണ്ടി തന്റെ ചിന്തയും സർഗശക്തിയും ഉപയോ ഗിച്ച സ്വതന്ത്രചിന്തകയാണ് വെർജിനീയാ വൂൾഫ്.''[25]

1938-ൽ പ്രസിദ്ധീകരിച്ച ത്രി ഗിനിയാസ് (Three Guineas) എന്ന ഗ്രന്ഥം ഇതിന്റെ തുടർച്ചയായി കണക്കാക്കാം. സ്ത്രീ പ്രശ്നങ്ങൾ കൂടുതൽ ശക്തമായി അവതരിപ്പിക്കുകയാണിതിൽ. വനിതകളുടെ വിദ്യാഭ്യാസം, സ്ത്രീകൾക്കുവേണ്ടി യുള്ള കോളേജ്, വിവാഹമോചന നിയമ നവീകരണം, സ്ത്രീകളുടെ സർഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കൽ എന്നിങ്ങനെ പല കാര്യങ്ങളെ കുറിച്ചും ഈ ഗ്രന്ഥം ചർച്ച ചെയ്യുന്നു.

''ഒരു സ്ത്രീയെന്ന നിലയിൽ എനിക്ക് രാജ്യങ്ങളില്ല. ഒരു സ്ത്രീയെന്ന നിലയിൽ എനിക്ക് രാജ്യങ്ങൾ വേണ്ട ഒരു സ്ത്രീയെന്ന നിലയിൽ എന്റെ രാജ്യം ഈ ലോകം മുഴുവനുമാണ് (As a woman I have no country, As a woman I want no country, As a woman my country is the whole world)''[26] വെർജിനിയ വൂൾഫ് ത്രി ഗിനിയാസ് (Three Guineas) ൽ സ്ത്രീയുടെ ലോകവീക്ഷണം പറഞ്ഞുവെച്ചിരിക്കുന്നു.

ഫെമിനിസ്റ്റ് ചിന്താപദ്ധതിയുടെ വളർച്ചയിൽ ഏറെ ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ് സിമോങ് ദ ബുവ്വെയുടേത്. 1949-ലാണ് 'ദ സെക്കൻഡ് സെക്സ്' എന്ന വിഖ്യാതമായ ഫെമിനിസ്റ്റ് കൃതി പ്രസിദ്ധീകരിച്ചത്. സോഷ്യലിസം സാധ്യമാകുമ്പോൾ മാത്രമേ സ്ത്രീകൾക്കു നേരെയുള്ള വിവേചനവും മർദ്ദനവും അവസാനിക്കൂ എന്നായിരുന്നു അവരുടെ നിലപാട്. അറുപതുകളിൽ അലയടിച്ച സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ രണ്ടാംതരംഗവും ഇവരിൽ മാറ്റങ്ങളുണ്ടാക്കി. എഴുപതുകളോടെ ഫ്രാൻസിലെ സ്ത്രീവിമോചന പ്രസ്ഥാനത്തിൽ അംഗമായി. ഫ്രഞ്ച് ലീഗ് ഓഫ് വിമെൻസ് റൈറ്റ്സിന്റെ പ്രസിഡണ്ടായിരുന്ന ബുവ്വ 'ഫെമിനിസ്റ്റ് ന്യൂസ്' എന്ന പത്രവും 'ഫെമിനിസ്റ്റ് ക്വസ്റ്റ്യൻസ്' എന്ന ആനുകാലികവും ആരംഭിച്ചു. ഒരാൾ സ്ത്രീയായി ജനിക്കുകയല്ല സ്ത്രീയായിത്തീരുകയാണ് എന്നതായിരുന്നു അവരുടെ വാദം.

ബെറ്റി ഫ്രിഡന്റെ, 'ദ ഫെമിനൈൻ മിസ്റ്റിക്' (The femine mystique - Betty Friedan, 1963) എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടെയാണ് ഫെമിനിസത്തിന്റെ രണ്ടാം തരംഗം ആരംഭിക്കുന്നത്. 1950 കളിലെ തൊഴിൽരഹിതരും വീട്ടമ്മമാരുമായ മധ്യവർഗവനിതകൾ അനുഭവിച്ച സ്വകാര്യ ഉത്കണ്ഠകളെ ഈ പുസ്തകം അവതരിപ്പിക്കുന്നു. ജെർമെയ്ൻ ഗ്രീറിന്റെ ' ദ ഫിമെയ്ൽ യൂനക് (The female Eunuch-Germaine Greer-1970), കെയ്റ്റ് മില്ലെറ്റിന്റെ സെക്ഷ്വൽ

പൊളിറ്റിക്സ് (Sexual Politics, Kate Millet 1969) തുടങ്ങിയ കൃതികളും രണ്ടാം തരംഗ ഫെമിനിസത്തിൽ ശ്രദ്ധേയങ്ങളാണ്.

ഫെമിനിസവുമായി ബന്ധപ്പെട്ട ഈ രണ്ടു തരംഗങ്ങളും പരസ്പരബന്ധിത ങ്ങളാണ്. ഒന്നാംതരംഗം സാമൂഹിക സമത്വം ലക്ഷ്യമിട്ടപ്പോൾ രണ്ടാം തരംഗം ലിംഗഭേദത്തിന് പ്രാധാന്യം നൽകി. ലൈംഗികതയുടെ രാഷ്ട്രീയം, ലൈംഗി കവും സാമൂഹികവുമായ അക്രമം, ലിംഗഭേദം എന്നിവയെല്ലാം പരിഗണനാവിഷയ ങ്ങളായി. രണ്ടും സമത്വസങ്കൽപ്പത്തിൽ ഉറച്ചുനിന്നു. ഫെമിനിസ്റ്റ് ആശയങ്ങളുടെ ആഗോളവ്യാപനമാണ് രണ്ടാം തരംഗത്തിന്റെ മറ്റൊരു സവിശേഷത.

### 2.3.4 സ്ത്രീ സമൂഹവും സാഹിത്യവും

പുരുഷന്റെ അപ്രീതിയും കർശനമായ അടിച്ചമർത്തലുകളുമെല്ലാം സമൂഹ ത്തിൽ മാത്രമല്ല സാഹിത്യത്തിലും പ്രത്യക്ഷമായിരുന്നു. നവോത്ഥാന കാലഘട്ട ത്തിനുശേഷം സാമൂഹികതയിൽ കൂട്ടുകുടുംബവ്യവസ്ഥിതി ആരംഭിച്ചു. കൂട്ടുകുടും ബത്തിൽനിന്ന് അണുകുടുംബത്തിലേക്കുള്ള സാമൂഹിക മാറ്റം സ്ത്രീക്ക് സംഘർഷങ്ങളിൽനിന്നുള്ള മോചനത്തിന് ഏറെക്കുറെ കാരണമായി. വിദ്യാഭ്യാ സപരമായി സ്ത്രീകൾക്ക് ഉയർച്ചയുണ്ടായെങ്കിലും കുടുംബത്തോടും ബന്ധുത്വങ്ങ ളോടും മുൻപേയുണ്ടായിരുന്ന ബാധ്യതക്കും കടപ്പാടിനും യാതൊരു മാറ്റവും സംഭവിച്ചില്ല. ആദ്യകാല സ്ത്രീ എഴുത്തുകൾ കൈകൊട്ടി കളിപ്പാട്ടുകൾ, കുറത്തി പ്പാട്ടുകൾ, ദൈവസ്തുതികൾ ഇത്തരം രചനകളിലായി ഒതുങ്ങിനിന്നു. ഇത്തരം എഴുത്തുകൾതന്നെ എല്ലാവിഭാഗത്തിലേയും സ്ത്രീകൾക്കു പ്രാപ്യവുമായിരുന്നില്ല.

ഇതിൽനിന്ന് വ്യത്യസ്തമായി 'സുഭദ്രാർജ്ജുനം' നാടകമെഴുതിക്കൊണ്ട് സാഹിത്യത്തിൽ ഇടം നേടിയ എഴുത്തുകാരിയാണ് തോട്ടക്കാട്ട് ഇക്കാവമ്മ. സംഘകൃതികളിലും വേദസാഹിത്യത്തിലും ഉപനിഷദ്ഘട്ടത്തിലും സ്ത്രീകളുടെ വ്യക്തിത്വം അംഗീകരിക്കപ്പെട്ടിരുന്നു. സംഘകാലത്തിനുശേഷമാണ് പ്രത്യേകിച്ചും

മണിപ്രവാള കൃതികളിലാണ് സ്ത്രീയെ ഉപഭോഗവസ്തുവായി തരം താഴ്ത്തുന്ന തായി കാണുന്നത്. പുരുഷാധിപത്യസമൂഹത്തിൽ പുരുഷന്റെ വീക്ഷണ ങ്ങൾക്കാണ് പ്രാധാന്യം. സ്ത്രീ ഒരു കാഴ്ചവസ്തു ആണെന്നു മാത്രമല്ല, സ്ത്രീയുടെ കാഴ്ചയും പുരുഷനിർമ്മിതമായ വീക്ഷണത്തിലൂടെയാണ് വ്യവസ്ഥി തമാക്കപ്പെട്ടത്. സാഹിത്യത്തിലെ പുരുഷവീക്ഷണത്തെ പ്രതിരോധിക്കുന്നതോ ടൊപ്പം സ്ത്രീയുടെതായ കാഴ്ചപ്പാട് വളർത്തിയെടുക്കുകയുമാണ് സ്ത്രീവാദം ചെയ്യുന്നത്.

ഇത്തരത്തിൽ സ്വയം വീക്ഷിക്കാനും വിലയിരുത്താനും തുടങ്ങിയ സ്ത്രീക്ക് അത് ആവിഷ്ക്കരിക്കേണ്ടിയും വന്നു. അതിനുവേണ്ടി ഭാഷയെ തയ്യാറാ ക്കുകയും നിലവിലുള്ള പ്രതീകങ്ങളെ പുനഃസൃഷ്ടിക്കുകയും ചെയ്തു. വിദ്യാഭ്യാ സമോ സ്വാതന്ത്ര്യമോ സ്ത്രീയ്ക്ക് ലഭിക്കാത്ത ഒരു കാലഘട്ടത്തിലാണ് പ്രതിസ ന്ധികളെ തരണം ചെയ്തുകൊണ്ട് സ്ത്രീ സർഗാത്മക സാഹിത്യരംഗത്തേയ്ക്ക് പ്രവേശിക്കുന്നത്.

എന്നാൽ കഥാപാത്രങ്ങളായാണ് പുരുഷന്മാർ സ്ത്രീകളെ അവതരിപ്പിച്ചത്. ചന്തുമേനോന്റെ 'ഇന്ദുലേഖ' പുരുഷന്റെ കാഴ്ചപ്പാടിലുള്ള സ്ത്രീയുടെ അവതര ണമാണ്. സ്ത്രീയുടെ സ്വത്വം ആവിഷ്കരിക്കണമെങ്കിൽ അത് അനുഭവിച്ച വ്യക്തി തന്നെ ആവിഷ്കരിക്കണം. അതിന് സ്വന്തം അനുഭവങ്ങൾ സ്വന്തമായ ഭാഷയിൽ സ്ത്രീ രേഖപ്പെടുത്തുകയും വേണം. അതിന് സ്വന്തമായ സ്ഥാനവും ഭാഷയും സ്വാതന്ത്ര്യവും സ്ത്രീക്കാവശ്യമാണ്. ഇത്തരം ഒരു രചന എല്ലാ വിഭാഗത്തിലും പെട്ട സ്ത്രീകൾക്ക് സാധ്യവുമായിരുന്നില്ല.

സവർണ്ണ സ്ത്രീകൾ, അവർ അനുഭവിച്ച ദുരിതങ്ങളെ പശ്ചാത്തലമാക്കി എഴുതിയിട്ടുണ്ട്. ലളിതാംബിക അന്തർജ്ജനം, ദേവകി നിലയംകോട് തുടങ്ങിയ സ്ത്രീകൾ സാമുദായിക പരിഷ്കരണവും സ്ത്രീ വിമോചനവും ലക്ഷ്യമിട്ട് എഴു തിയവരാണ്. എഴുത്തിനുവേണ്ടി ജീവിതം ബലിയർപ്പിക്കേണ്ടിവന്ന രാജലക്ഷ്മി,

സ്ത്രീപ്രശ്നങ്ങൾ കഥയിലൂടെ ആവിഷ്കരിച്ച സരസ്വതിയമ്മ, ആദിവാസി ജീവിതത്തിന്റെ ഇരുളടഞ്ഞ കാഴ്ചകളെ അനുവാചകർക്ക് എഴുത്തിലൂടെ മനസ്സിലാക്കി തന്ന വത്സല, സ്ത്രീത്വത്തിന്റെ വിവിധഭാവങ്ങൾ ആവിഷ്കരിച്ച മാധവിക്കുട്ടി, തന്റെ ജീവിത വീക്ഷണത്തിന്റെ അടിസ്ഥാനമായി ഫെമിനിസത്തെ പ്രഖ്യാപിച്ച സാറാജോസഫ് എന്നിങ്ങനെയുള്ളവർ സ്ത്രൈണ ജീവിതങ്ങളെ വ്യത്യസ്തരീതിയിൽ അവതരിപ്പിച്ചവരാണ്.

കവിതയിലൂടെ സ്ത്രീജീവിതങ്ങൾ അവതരിപ്പിച്ച ബാലാമണിയമ്മ, പ്രകൃതിയും പ്രണയവും കൃഷ്ണനും മഴയും മരണവുമെല്ലാം മലയാളിയുടെ പ്രിയപ്പെട്ട കാവ്യബിംബങ്ങളാക്കി മാറ്റിയ സുഗതകുമാരി, കടത്തനാട്ട് മാധവിയമ്മ, മേരി ജോൺ തോട്ടം എന്നിവർ മലയാള കവിതാരംഗത്തും ഇടംനേടി. ഇവരെക്കൂടാതെ വിജയലക്ഷ്മി, അനിതാതമ്പി, വി.എം.ഗിരിജ, ലളിതാലെനിൻ, സാവിത്രി രാജീവൻ, മ്യൂസ് മേരി, റോസ്മേരി, ഗിരിജാ പാതേക്കര, ആര്യാംബിക, ലോപ, ആര്യാഗോപി എന്നിങ്ങനെ ഒട്ടേറെ എഴുത്തുകാരികൾ കവിതയിലൂടെ ജീവിതത്തിന്റെ വ്യത്യസ്തരംഗങ്ങളെ ആവിഷ്കരിച്ചവരാണ്.

സ്ത്രീമനസ്സിന്റെ ഗതിവിഗതികളെ സൂക്ഷ്മമായി ആവിഷ്കരിച്ച ഗ്രേസി, അഷിത, മാനസി, ചന്ദ്രമതി, നളിനി ബേക്കൽ, ബി.എം.സുഹ്റ, കെ.ബി.ശ്രീദേവി, റോസി തോമസ്, കെ.ആർ.മീര, കെ.പി.സുധീര, സിതാര എസ്, ഇന്ദുമേനോൻ, പ്രിയ.എ.എസ്, കെ.രേഖ എന്നിങ്ങനെ കഥാരംഗത്ത് പേരെടുത്ത ഒട്ടറെ സ്ത്രീ എഴുത്തുകാരികൾ സാഹിത്യലോകം പങ്കിടുന്നതായി കാണാം.

മലയാള നാടകത്തിന്റെ ആരംഭഘട്ടത്തിൽ വേദികളിൽ സ്ത്രീസാന്നിധ്യം കാര്യമായുണ്ടായിരുന്നില്ല. മലയാളത്തിൽ നാടകസാഹിത്യം ആരംഭിച്ച് അധികകാലമാകുന്നതിനു മുമ്പേ സ്ത്രീകൾ നാടകമെഴുതിയിട്ടുണ്ട്. പക്ഷേ അവ പുരുഷനിർമ്മിത സൗന്ദര്യശാസ്ത്രത്തെ പിൻപറ്റിയായിരുന്നു. കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ

'അജ്ഞാതവാസം' (1890)) തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ 'സുഭദ്രാർജ്ജുനം' (1891) എന്നിവ ആദ്യകാല സ്ത്രീനാടകരചനകളാണ്.

നമ്പൂതിരിസമുദായപരിഷ്കരണം ലക്ഷ്യമാക്കി ലളിതാംബിക അന്തർജ്ജനം 'സാവിത്രി അഥവാ വിധവാവിവാഹം' (1935) എന്ന നാടകം എഴുതുന്നത് അരനൂറ്റാണ്ടിനുശേഷമാണ്. മുതുകുളം പാർവതിയമ്മയുടെ 'ഭുവനദീപിക' (1941) കെ. സരസ്വതിയമ്മയുടെ 'ദേവദൂതി' (1944) കമുകറ എൽ. ലീലാഭായിയുടെ ജീവിതം (1947) അന്തർജ്ജനങ്ങൾ അവർക്കുവേണ്ടി ആദ്യമായി എഴുതി അവതരിപ്പിച്ച 'തൊഴിൽകേന്ദ്രത്തിലേക്ക്' എൻ.ജി.തങ്കമ്മയുടെ 'ശിവാജി അഥവാ മഹാരാഷ്ട്രസിംഹം' (1950) കെ.ജി. കുഞ്ഞിക്കുട്ടിയമ്മയും പൊൻകുന്നം ദാമോദരനും ചേർന്നെഴുതിയ 'തടവുപുള്ളി' (1955), കെ.എം.സാവിത്രിയുടെ 'വാടിക്കരിഞ്ഞ പൂമൊട്ടുകൾ' (1963) സരോജിനി ചന്ദ്രന്റെ 'മുത്തശ്ശി സിംഗപ്പൂരിൽ' തുടങ്ങിയവ ആദ്യകാല സ്ത്രീ നാടക രചനകളാണ്. പിന്നീട് ഈ മേഖലയിൽ ഒട്ടേറെ കൃതികൾ സ്ത്രീകളുടേതായി ഉണ്ടായിട്ടുണ്ട്. എങ്കിലും മറ്റ് സാഹിത്യമേഖലകളെപ്പോലെതന്നെ മലയാള നാടകരംഗത്ത് സ്ത്രീ സാന്നിധ്യം വളരെക്കുറവാണ്. എങ്കിലും സജിത മഠത്തിൽ, ശ്രീലത, ശ്രീജ ആറങ്ങോട്ടുകര തുടങ്ങിയ സ്ത്രീ എഴുത്തുകാർ സ്ത്രീ നാടകവേദിയുടേയും രചനയുടേയും രംഗത്ത് സജീവമാണ്.

ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം എന്നീ മേഖലകളിലും സ്ത്രീ പങ്കാളിത്തം രേഖപ്പെടുത്തി കാണുന്നുണ്ട്. എങ്കിലും പുരുഷന് തുല്യമായ സ്ത്രീപ്രാതിനിധ്യം കാണുന്നില്ല. തന്റെ ജീവിതം ചരിത്രമാക്കി മാറ്റിയ സ്ത്രീസാന്നിധ്യം കേരളത്തെ സംബന്ധിച്ചിടത്തോളം പരിമിതമാണ്. ''സ്ത്രീകളെക്കുറിച്ച് പുരുഷൻമാർ എഴുതിയ ജീവചരിത്രഗ്രന്ഥങ്ങൾ മലയാളത്തിൽ ധാരാളമുണ്ടെങ്കിലും സ്ത്രീകൾ സ്ത്രീകളെക്കുറിച്ചെഴുതിയ ജീവചരിത്രഗ്രന്ഥം ഒന്നുപോലുമില്ല.''[27] മലയാളി സ്ത്രീകൾ മലയാളികളായ പുരുഷന്മാരെക്കുറിച്ചെഴുതിയ ജീവചരിത്രങ്ങൾ പരിശോധിക്കുമ്പോൾ തങ്ങളുമായി ഏറ്റവും അടുത്ത ബന്ധമുള്ള പുരുഷന്മാരെക്കുറിച്ചു മാത്രമേ അവർ എഴുതിയിട്ടുള്ളു എന്ന് വ്യക്തമാണ്. 1916-ൽ

പ്രസിദ്ധീകൃതമായ ബി.കല്യാണിയമ്മയുടെ 'വ്യാഴവട്ട സ്മരണ'കളിൽ ഭർത്താവായ സ്വദേശാഭിമാനിയെ സ്മരിക്കുകയാണ് ചെയ്യുന്നത്. റോസിതോമസിന്റെ 'ഇവൻ എന്റെ പ്രിയ സി.ജെ' (1970), ലീലാദാമോദരമേനോന്റെ 'ചേട്ടന്റെ നിഴലിൽ' (1984) ഫാത്തിമ ഗഫൂറിന്റെ 'ഓർമയിലെന്നും' (1988) കെ.ഗോമതിയമ്മയുടെ 'ധന്യയായ് ഞാൻ' (1979) എന്നിവ ഭാര്യമാർ ഭർത്താക്കൻമാരെ കുറിച്ച് സ്മരിക്കുന്നവയാണ്.

''ആത്മകഥാരംഗത്തും സ്ത്രീകളുടെ രചനകൾ ധാരാളം രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തം മനോവ്യാപാരങ്ങൾ ഏറ്റവും നന്നായി ആവിഷ്കരിക്കാൻ കഴിയുന്ന മാധ്യമം എന്ന നിലയ്ക്ക് ആത്മകഥയ്ക്കുള്ള പ്രാധാന്യം വിലയിരുത്തുമ്പോൾ സ്ത്രീരചനകളുടെ കാര്യത്തിൽ ജീവചരിത്രത്തെക്കാൾ പ്രാധാന്യം ആത്മകഥയ്ക്കു കൈവരുന്നു.''[28] ആദ്യകാലത്ത് പുരുഷന്മാരുടെ രചനകൾ മാത്രമേ ആത്മകഥാരംഗത്തുണ്ടായിരുന്നുള്ളൂ. സമൂഹത്തിലെ വിലക്കുകൾ മറികടന്ന് സ്ത്രീയ്ക്ക് എഴുതാൻ സാധിച്ചിരുന്നില്ല. എങ്കിലും ഈ രംഗത്ത് ശ്രദ്ധിക്കപ്പെട്ട ഒട്ടേറെ കൃതികളുണ്ട്. അന്നാചാണ്ടിയുടെ ആത്മകഥ (1973) യിൽ ഹൈക്കോടതി ജഡ്ജിപദം വരെ എത്തിയ ഒരു പെൺകുട്ടിയുടെ പടിപടിയായുള്ള ഉയർച്ചയും വളർച്ചയും പ്രതിപാദിക്കുന്നു. ഏറെ വിവാദങ്ങൾക്കിടയായ കൃതിയാണ് മാധവിക്കുട്ടിയുടെ 'എന്റെ കഥ' (1973). നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾ ഏറ്റവും സത്യസന്ധമായി ആവിഷ്കരിച്ചിരിക്കുന്നു ലളിതാംബിക അന്തർജ്ജനം 'ആത്മകഥയ്ക്കൊരാമുഖം' (1979) എന്ന കൃതിയിൽ. സ്ത്രീകളുടെ യഥാർത്ഥ പ്രശ്നങ്ങളെക്കുറിച്ച് വളരെ വ്യക്തമായി തന്നെ അന്തർജ്ജനം ഇതിൽ പറയുന്നുണ്ട്. ഗാർഹികവും സാമൂഹികവും സാഹിത്യപരവുമായ കർത്തവ്യങ്ങൾ ഒരേസമയം ചെയ്തുതീർക്കുന്ന, കുട്ടികളെ പ്രസവിച്ച് വളർത്തി എഴുതുകയും വായിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന തന്നിലെ സ്ത്രീയെയാണ് ലളിതാംബിക അന്തർജ്ജനം ആത്മകഥയിലൂടെ അവതരിപ്പിക്കുന്നത്. കെ.കല്യാണിക്കുട്ടിയമ്മയുടെ 'പഥികയും വഴിയോരത്തെ മണിദീപങ്ങളും' (1991) സി.കെ. രേവതിയമ്മ

യുടെ 'സഹസ്രസപൂർണ്ണിമ', ബി.കല്യാണിയമ്മയുടെ 'ഓർമ്മയിൽനിന്ന്' (1964) ഭാരതി ഉദയഭാനുവിന്റെ 'അടുക്കളയിൽനിന്ന് പാർലമെന്റിലേക്ക്' (1960) എന്നിവ യെല്ലാം മലയാളത്തിലെ ആദ്യകാല സ്ത്രീയാത്രാവിവരണങ്ങളാണ്.

സ്ത്രീവിമോചനവാദം ശക്തിപ്രാപിച്ചതോടെ സ്ത്രീകളുടെ ആത്മകഥാ രചനയിലും മാറ്റങ്ങൾ വന്നു. ആദ്യകാല ആത്മകഥകൾ ഏതെങ്കിലും തരത്തിൽ അറിയപ്പെടുന്ന സ്ത്രീകളുടെ രചനകളായിരുന്നു. എന്നാൽ പിന്നീട് എല്ലാ വിഭാഗ ത്തിലും പെട്ട സ്ത്രീകൾ എഴുതി തുടങ്ങി. സിസ്റ്റർ ജസ്മിയുടെ 'ആമേൻ', നളിനി ജമീലയുടെ 'ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥ', സുലോചന നാലപ്പാ ടിന്റെ 'ഞാനെന്ന അഭാവം', നിലമ്പൂർ ആയിഷയുടെ 'ജീവിതകഥ', ജാനുവിന്റെ 'ആത്മകഥ', പ്രിയ എ.എസിന്റെ 'ഒഴുക്കിൽ ഒരു ഇല', ദേവകി നിലയംകോടിന്റെ 'കാലപ്പകർച്ചകൾ', 'നഷ്ടബോധങ്ങളില്ലാതെ', ഷക്കീലയുടെ 'ആത്മകഥ' എന്നി ങ്ങനെ വിവിധങ്ങളായ ആത്മകഥകൾ മലയാളത്തിലുണ്ട്. പ്രതിരോധത്തിന്റെയും നിലനിൽപ്പിന്റെയും ഭാഗമായി മാറുകയാണ് ഇതിൽ ഒട്ടുമിക്ക ആത്മകഥകളും.

നിരൂപണ ശാഖയിൽ എം.ലീലാവതിയുടെ സ്ഥാനം അദ്വിതീയമാണ്. ആധുനികതയും നഗരവത്ക്കരണവും കുടുംബസംവിധാനവുമെല്ലാം അതിരുകൾ നിശ്ചയിക്കുന്ന കാലഘട്ടത്തിലും തങ്ങളുടേതായ ഇടം നേടിയെടുത്ത സ്ത്രീ എഴു ത്തുകാരികൾക്ക് ഇന്ന് സാഹിത്യത്തിൽ പ്രബലമായ സ്ഥാനം തന്നെയുണ്ട്.

### 2.3.5 സ്ത്രീയും യാത്രാവിവരണവും

മറ്റെല്ലാ മേഖലയിലും സ്ത്രീസാന്നിധ്യം ഉണ്ടായെങ്കിലും യാത്രാവിവരണ ത്തിന് അടിസ്ഥാനം യാത്രയായതുകൊണ്ട് ഈ മേഖലയിലേക്ക് കടന്നുവരാൻ സ്ത്രീകൾക്ക് ഏറെ പ്രയാസപ്പെടേണ്ടിവന്നു. പുരുഷൻ തടസ്സങ്ങളില്ലാതെ യാത്ര ചെയ്യുമ്പോൾ സ്ത്രീയാത്ര വ്യവസ്ഥാപിതമായ നിയമവ്യവസ്ഥകളിൽ പരിമിതമാ ക്കപ്പെട്ടു. സ്ത്രീയുടെ ഇടം അകമാണ് എന്ന പൊതുധാരണയാണ് സ്ത്രീയാത്ര യെയും നയിക്കുന്നത്. സ്ത്രീ എങ്ങനെയായിരിക്കണം, എവിടെപ്പോവണം, എന്ത്

ചെയ്യണം എന്നുള്ള നിഷ്കർഷ സമൂഹം സ്ത്രീക്ക് കല്പിച്ചു. ഇത്തരം ഒരു സാഹചര്യത്തിൽ സ്വതന്ത്രമായി യാത്ര ചെയ്ത് യാത്രാവിവരണമെഴുതാൻ സ്ത്രീക്ക് സാധിച്ചിരുന്നില്ല. തീർത്ഥയാത്രാസംബന്ധമായതോ അല്ലെങ്കിൽ ഭർത്താവിന്റെയോ ബന്ധുക്കളുടെയോ കൂടെ യാത്രപോയ അനുഭവങ്ങൾ രേഖപ്പെടുത്തിയതോ ആയിരുന്നു ആദ്യകാല സ്ത്രീയാത്രാവിവരണങ്ങളിൽ അധികവും. വിലക്കുകളും പരിമിതികളും മറികടന്ന് സ്ത്രീ സഞ്ചരിക്കാൻ തുടങ്ങിയത് 90 കൾക്ക് ശേഷമാണ്. പുരുഷനെ പോലെ സ്വതന്ത്രമായി സ്ത്രീ യാത്രചെയ്തു എന്നു പറയാനുമാവില്ല.

എങ്കിലും ചരിത്രത്തിൽ രേഖപ്പെടുത്താത്ത ഒട്ടേറെ യാത്രാവിവരണകൃതികൾ സ്ത്രീകളുടേതായിട്ടുണ്ട്. സ്ത്രീ എതിർപ്പുകളെ അവഗണിച്ച് പ്രതിരോധത്തിന്റെ ശബ്ദമായി എഴുതിയതാണ് ഇത്തരം യാത്രാവിവരണങ്ങൾ എന്ന് നിശ്ചയിക്കാനാവില്ല. യാത്ര ചെയ്യാൻ അവസരമില്ലാതിരുന്ന കാലഘട്ടത്തിൽ അനുയാത്രയായി പോയ അനുഭവങ്ങൾ രേഖപ്പെടുത്തി വെച്ചവയാണ് ആദ്യകാല യാത്രാവിവരണങ്ങളിൽ മിക്കതും.

1953-ൽ തരവത്ത് അമ്മാളുവമ്മ എഴുതിയ 'ഒരു തീർത്ഥയാത്ര'യാണ് സ്ത്രീ എഴുതിയ ആദ്യത്തെ യാത്രാവിവരണം. മിസ്സിസ്.സി.കുട്ടൻ നായരുടെ 'ഞാൻ കണ്ട യൂറോപ്പ്' മലയാളി വനിതയുടെ ആദ്യ വിദേശയാത്രാവിവരണമാണ്. സ്വാതന്ത്ര്യപൂർവ്വഘട്ടത്തിൽ സ്ത്രീ യാത്രാവിവരണങ്ങൾ എണ്ണത്തിൽ കുറവായിരുന്നു. 1950കൾക്ക് ശേഷം യാത്രാവിവരണകൃതികൾ കൂടുതൽ രേഖപ്പെടുത്താൻ തുടങ്ങി. ആനിജോസഫിന്റെ 'റഷ്യയിൽ', വിലാസിനിയുടെ 'ഒരു നാട്ടുപെൺകിടാവിന്റെ ലണ്ടൻയാത്ര', തരവത്ത് അമ്മിണിയമ്മയുടെ 'ബദരീനാഥയാത്ര', ആനി മസ്ക്രീനിന്റെ 'സോവിയറ്റ് യൂണിയ'നിൽ എന്നിങ്ങനെ ഒട്ടേറെ കൃതികൾ യാത്രാവിവരണ സാഹിത്യത്തിലുണ്ടായി. താൻ കണ്ടതും അനുഭവിച്ചതുമായ കാര്യങ്ങൾ തന്റേതായ ഭാഷയിൽ ആവിഷ്കരിക്കുകയാണ് യാത്രാവിവരണകൃതികളിൽ ചെയ്യുന്നത്.

## 2.4 സ്വത്വം

വർഗ്ഗപരമായും ലിംഗപരമായും സമാനമായിരിക്കുന്ന സവിശേഷതകളുടെ ആകെത്തുകയാണ് പൊതുവെ സ്വത്വം. സമാനസാധ്യതകൾ നിലനിൽക്കുന്ന ഒരു വർഗ്ഗത്തിനിടയിൽ സൂക്ഷ്മമായി, വ്യതിരിക്തമായി നിലകൊള്ളുന്ന ഏകതയെ യാണ് സ്വത്വം എന്ന വാക്ക് കൊണ്ട് സവിശേഷമായി അർത്ഥമാക്കുന്നത്. സ്വത്വം രണ്ടുതലങ്ങളിലൂടെ നിർണ്ണയിക്കപ്പെടുന്നു. അതായത് സ്വത്വം സാമൂഹികമായും വൈയക്തികമായും ജൈവികമായും വർഗപരമായും ലിംഗപരവുമായും നിർണ്ണയി ക്കപ്പെടുന്നതാണ്. സ്വത്വം എന്നതിന്റെ അടിസ്ഥാന അന്തർധാരകളിൽ ഒന്ന് എന്ന് പറയുന്നത് സാമൂഹികമായ പരിപ്രേക്ഷ്യമാണ്. പക്ഷെ സ്വത്വത്തിന്റെ സൂക്ഷ്മമായ നിർണ്ണയനാവസ്ഥ എന്ന് പറയുന്നത് അതിൽനിന്നും ഉരുത്തിരിയുന്ന ഒരു ഏകക മാണ്. ഏറെ വ്യക്തി സവിശേഷമായ അന്തർധാരകളുള്ള ഒരു ഘടകമാണത്.

യാത്രാവിവരണത്തിൽ ലിംഗപരമായും വ്യക്തിപരമായും ബന്ധപ്പെട്ട് നില കൊള്ളുന്നതാണ് സ്വത്വം. ''സ്വത്വം എന്ന പദം ഇന്ന് മലയാളത്തിൽ വ്യാപകമായി ഉപയോഗിച്ചുവരുന്നത് ഐഡന്റിറ്റി (identitity) എന്ന പദത്തിന്റെ അർത്ഥസാധ്യത യിലാണ്. ഒരു വ്യക്തിയോ സാമൂഹ്യവിഭാഗമോ എപ്പോഴും നിലനിർത്തിപ്പോരുന്ന തായി സങ്കൽപ്പിക്കപ്പെടുന്ന അനന്യതയെയാണ് (imagined sameness of a person or a social group at all times and in all circumstances) സ്വത്വം എന്ന പരികല്പന കൊണ്ട് സൂചിപ്പിക്കാൻ ശ്രമിക്കുന്നത്.''[29] 'സ്വ' എന്ന സംസ്കൃതധാതുവിൽ നിന്നാണ് സ്വത്വം എന്ന പദത്തിന്റെ നിഷ്പത്തി. 'സ്വ' എന്നാൽ തന്നെ സംബന്ധി ച്ചത് എന്നാണർത്ഥം. Self (വ്യക്തിയുടെ മനോനില) personality (വ്യക്തിത്വം) Individuality (വൈയക്തികത) എന്നീ പദങ്ങൾക്ക് സ്വത്വം എന്ന പദത്തോട് അർത്ഥസാമ്യമുണ്ട്.

''ഏകാത്മകവും അഖണ്ഡവുമായ വ്യക്തിസത്തയെക്കുറിച്ചും അത്തരം വ്യക്തിസത്തയുടെ പ്രകാശനവും ആവിഷ്കാരവുമായ മനുഷ്യജീവിതത്തെക്കുറി

ച്ചുമുള്ള ആധുനിക ധാരണകളുടെ ഉല്പന്നമാണ് സ്വത്വം എന്ന കല്പന.''[30] സ്വത്വം ഏറെ ചർച്ച ചെയ്യാൻ തുടങ്ങിയതും ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപകുതിയിലാണ്. സ്ത്രീസ്വത്വമെന്നത് സ്വയം തിരിച്ചറിവിന്റെയും ശാക്തീകരണത്തിന്റെയും തത്വചിന്തയാണ് മുന്നോട്ട് വെക്കുന്നത്. സ്ത്രീ രചനകൾക്ക് പുരുഷരചനകളിൽനിന്ന് വേറിട്ട അസ്തിത്വം കല്പിക്കുന്നതിന്റെ കാരണവും ഇതാണ്. സ്ത്രീകൾ ലിംഗപരമായി വേറിട്ട അസ്തിത്വവും സ്വത്വവും നിലനിർത്തുന്നവരാണ്. സ്വത്വം രൂപപ്പെടുന്നത് അപരത്തിന്റെ സാന്നിധ്യത്തിലാണ്. വ്യക്തിസ്വത്വം പ്രാഥമികമായി സാമ്പത്തികവും സാമൂഹികവുമായ വ്യവസ്ഥകളുമായി ബന്ധപ്പെട്ടതാണ്.

സ്കോട്ടിഷ് ചിന്തകനായ ഡേവിഡ് ഹ്യൂ മുതൽ മാർക്സും ഫ്രോയിഡും വരെയുള്ളവർ സത്താവാദപരമായ മനുഷ്യസങ്കല്പത്തെയും അതിൽനിന്ന് ഉടലെടുത്ത സ്വത്വധാരണകളെയും പല നിലകളിൽ വിമർശിക്കുന്നു.

''ഡെന്നറ്റ് എന്ന ചിന്തകന്റെ അഭിപ്രായത്തിൽ ആഖ്യാനങ്ങളുടെ ഗുരുത്വകേന്ദ്രമാണ് സ്വത്വം. ഒരാൾ തന്നെക്കുറിച്ചു നടത്തുന്ന ആഖ്യാനങ്ങളും അയാളെക്കുറിച്ച് മറ്റുള്ളവർ നടത്തുന്ന ആഖ്യാനങ്ങളും കൂട്ടിമുട്ടുന്ന അമൂർത്തമായ ബിന്ദുവായി സ്വത്വത്തെക്കാണാവുന്നതാണ്''[31]

### 2.4.1 യാത്രാവിവരണവും സ്വത്വാവിഷ്കാരവും

''ഭാഷ കൊണ്ടാണ് അനുഭവങ്ങൾക്ക് മൂർത്തത കൈവരുന്നത്. വാക്കുകൾ കൊണ്ടാണ് അനുഭവങ്ങളെ രൂപപ്പെടുത്തുന്നത്. ആ അനുഭവങ്ങളിൽ വ്യക്തി അവരുടെ സ്വത്വത്തെ കണ്ടെത്തുന്ന 'ഞാൻ' എന്ന ഉത്തമസർവനാമം യാത്രാവിവരണത്തിലെ പ്രധാന ആഖ്യാനോപാധിയാണ്. 'ഞാൻ' എന്ന സംജ്ഞ അഹം (ego) എന്ന അർത്ഥത്തിലും സ്വത്വം  എന്ന അർത്ഥത്തിലും വിഷയി (subject) എന്ന അർത്ഥത്തിലുമെല്ലാം ഉപയോഗിച്ചുവരുന്നു.''[32] യാത്രാവിവരണത്തിൽ കാഴ്ചകൾക്കൊപ്പം വ്യക്തിസ്വത്വത്തിനുകൂടി പ്രാധാന്യമുണ്ട്.

സ്വത്വം എന്നത് മൂർത്തവും സ്വത്വബോധം എന്നത് അമൂർത്തവുമാണ്. സ്വത്വബോധമെന്ന അമൂർത്തത മൂർത്തരൂപമായി മാറുന്നത് ആവിഷ്കരണത്തിലൂടെയാണ്. വ്യക്തി സ്വയം സ്വത്വത്തെ നിർമ്മിക്കുന്നതും തിരിച്ചറിയുന്നതും അതിന്റെ ആവിഷ്കരണത്തിലൂടെയാണ്. സ്ത്രീകൾ അപ്രകാരം തങ്ങൾക്ക് നിഷേധിക്കപ്പെട്ട സ്വത്വബോധത്തെ സ്വയം പുനർ നിർമ്മിച്ചെടുക്കുന്നത് സ്വത്വാവിഷ്ക്കരണമെന്ന ആഖ്യാനത്തിലൂടെയാണ്. അത്തരത്തിൽ നിഷേധിക്കപ്പെട്ട സമൂഹത്തിന്റെ വിദൂരമായ പൊതുമണ്ഡലങ്ങളിലേക്കുള്ള യാത്രകൾ വാസ്തവത്തിൽ സ്ത്രീ സ്വത്വത്തെ പുനർനിർണ്ണയിക്കാനുള്ള ആഖ്യാനങ്ങളാണ്, യാത്രയും ഒരുതരത്തിൽ ആഖ്യാനമാണല്ലോ. ചരിത്രത്തിൽ അന്യമാക്കപ്പെട്ട പൊതുമണ്ഡലത്തെ സ്വയം നിർമ്മിച്ചെടുക്കാനുള്ള ഒരു സാധ്യതയായിട്ടാണ് യാത്രകളെയും യാത്രാവിവരണത്തെയും പുനർനിശ്ചയിക്കേണ്ടത്.

ജൈവികവും വർഗ്ഗപരവും ലിംഗപരവുമായ അനുഭവങ്ങളിലൂടെയാണ് യാത്രകൾ നിർണ്ണയിക്കപ്പെടുന്നത്. പുരുഷയാത്രാവിവരണങ്ങളുടെ അടിസ്ഥാന സ്രോതസ്സുകളെല്ലാം പുരുഷസ്വത്വത്തിന്റെ അനുഭവ പശ്ചാത്തലത്തിൽ നിന്ന് രൂപപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ സ്വത്വ വ്യതിയാനങ്ങൾ യാത്രകളെയും യാത്രാവിവരണത്തെയും വ്യതിരിക്തമാക്കി നിർണിയിക്കുന്നുണ്ട്. യാത്രാനുഭവങ്ങളുടെ കാഴ്ചപ്പാട് രൂപീകരിക്കുന്നത് വ്യത്യസ്തതലത്തിലാണ്. അതുകൊണ്ടുതന്നെ സ്ത്രീയുടെയും പുരുഷന്റെയും യാത്രാവിവരണങ്ങൾ വ്യത്യസ്തമാവും. സ്വത്വബോധം മാറുമ്പോൾ യാത്രാനുഭവവും യാത്രാവിവരണ ആഖ്യാനവും മാറും. ചില കാഴ്ചകൾ സ്ത്രീ കാണുന്നേയില്ല. അതുപോലെ തന്നെ ചിലവ പുരുഷനും കാണുന്നില്ല. തന്നിക്ക് എന്താണോ പ്രധാനം അത് മാത്രമേ അവർ കാണുന്നുള്ളൂ. ഉൾക്കൊള്ളുന്നുള്ളൂ. ഇതിനെ നിയന്ത്രിക്കുന്ന ഘടകം സ്വത്വമാണ്. കെ.എ.ബീന 'ബ്രഹ്മപുത്രയിലെ വീട്' എന്ന യാത്രാവിവരണകൃതിയിൽ ഭക്ഷണത്തെക്കുറിച്ചും ഓരോ കറികളും ഉണ്ടാക്കുന്ന വിധത്തെക്കുറിച്ചും പാചകക്കുറിപ്പോടെ ആഖ്യാനം ചെയ്യുന്നു. മറ്റ് സ്ത്രീയാത്രികരുടെ യാത്രാവിവരണകൃതികളിലും ഇത്തരം ഒരു

രീതി കാണുന്നുണ്ട്. ഈ രീതിയിലുള്ള ഒരു എഴുത്തിന് അവരെ പ്രേരിപ്പിച്ച ഘടകം അവരുടെ സ്വത്വബോധമാണ്. സ്വത്വം, ഒരേസമയം മൂർത്തവും അമൂർത്തവുമായ കാഴ്ചപ്പാടുമാണ്. അതായത് യാത്രികരുടെ കാഴ്ചപ്പാടുകളെ രൂപപ്പെടുത്തുന്നത് ഈ അമൂർത്തമായ കാഴ്ചപ്പാടുകളാണ്. ഓരോ വ്യക്തിസ്വത്വത്തിനും രണ്ട് തലങ്ങളുണ്ട്. അത് സ്ത്രീയാണെങ്കിൽ സ്ത്രീ സമൂഹത്തിന്റെ സ്വത്വം അതിലേക്ക് സ്വയം ആരോപിക്കുന്ന സ്ത്രീസ്വത്വത്തോടുള്ള കാഴ്ചപ്പാട് - ഇത് രണ്ടും സ്വത്വത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളാണ്.

### 2.5 ആഖ്യാനം

ഭാഷയ്ക്കും ശ്രോതാവിനും ഇടയ്ക്ക് നടക്കുന്ന സംവേദനമാണ് ആഖ്യാനം. ആഖ്യാതാവിന്റെ വ്യക്തിസത്തയ്ക്ക് ആഖ്യാനത്തിൽ ഏറെ പ്രാധാന്യമുണ്ട്. അനുഭവത്തിന്റെയും ഭാവനയുടെയും പ്രത്യക്ഷീകരണം നടക്കുന്നത് ആഖ്യാനത്തിലൂടെയാണ്. നടന്ന സംഭവങ്ങൾ വിവരിക്കുക എന്നർത്ഥമുള്ള നറേവ് (Narrave) എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് നറേറ്റീവ് (Narrative) എന്ന പദത്തിന്റെ വ്യുൽപ്പത്തി. ആഖ്യാനം എന്ന പദം പറയുക എന്ന പ്രവൃത്തിയെക്കുറിക്കാനും പറച്ചിലിലൂടെ രൂപപ്പെടുന്ന ഭാഷാരൂപത്തെക്കുറിക്കാനും ഉപയോഗിക്കുന്നു.

''റൊളാങ്ങ് ബാർത്ത് നൽകുന്ന ഏറ്റവും ചുരുങ്ങിയ ആഖ്യാന നിർവ്വചനം, ഇന്ദ്രിയഗോചരമായ ക്രമിതവും പരസ്പരബന്ധിതവുമായ സംഭവശ്രേണി (a perceived sequence of non randomly connected events) എന്നാണ്. ജെറാർഡ് പ്രിൻസിന്റെ നിർവചനം, കാലനിബദ്ധമായി കോർത്തിണക്കപ്പെടുന്ന യഥാർത്ഥമോ കൽപ്പിതമോ ആയ സംഭവങ്ങളുടേയോ സാഹചര്യങ്ങളുടേയോ ആവിഷ്കാരമാണ് ആഖ്യാനം.''[33] കഥാകഥനം ആണ് ആഖ്യാനത്തിന്റെ പൊതുസ്വഭാവം. ഇതിവൃത്തത്തെ ക്രമീകരിക്കുന്നതിൽ ആഖ്യാനത്തിനുള്ള പങ്ക് വലുതാണ്. ഗ്രന്ഥകർത്താവിന്റെ ബോധപൂർവ്വമായ ഇടപെടലാണ് ആഖ്യാനത്തിൽ നടക്കുന്നത്. ഒരു

വസ്തുതയെ എങ്ങനെ അവതരിപ്പിക്കണമെന്ന് തീരുമാനിക്കപ്പെടുന്നത് ആഖ്യാതാവിന്റെ കാഴ്ചപ്പാടിലാണ്. ഭാഷയുടെ വ്യവഹാരതലത്തിൽ വളരെ ഉയർന്നു നിൽക്കുന്ന അർത്ഥതലമാണ് ആഖ്യാനത്തിനുള്ളത്. ''താനാഗ്രഹിക്കുന്ന ആസ്വാദന പ്രതികരണങ്ങൾ വായനക്കാരനിൽ സൃഷ്ടിക്കാൻ അഥവാ തന്റെ അനുഭൂതികളുടെ ലോകത്തിലേക്ക് വായനക്കാരെ പ്രത്യാനയിക്കാൻ കഴിയുന്ന വിധത്തിൽ എഴുത്തുകാരൻ രൂപപ്പെടുത്തിയെടുക്കുന്ന ഭാഷയും അതിന്റെ അനുബന്ധോപാധികളുമാണ് ആഖ്യാനം''[34] എന്ന് നിർമ്മിക്കപ്പെടുന്നു.

''ഭാഷകനും ശ്രോതാവിനും ഇടയ്ക്കുനിൽക്കുന്ന സംവേദനമണ്ഡലമാണ് ആഖ്യാനം. ഇവിടെ നടക്കുന്നത് ആശയ കൈമാറ്റമാണ്.''[35]

ഏറ്റവും ലളിതമായ അർത്ഥത്തിൽ പ്രകടിപ്പിക്കുന്ന രീതിയാണ് ആഖ്യാനം എന്ന് പറയാം. എഴുത്തുകാരുടെ ചിന്തയും ദർശനവും സാഹിതീയ ഭാഷയും ഒരുമിച്ച് ചേർന്നാണ് ആഖ്യാനം രൂപപ്പെടുന്നത്. രചനകളുടെ ഉപാധികളായ വസ്തുക്കളും കാഴ്ചപ്പാടുകളും ദർശനങ്ങളും എല്ലാം ഉൾക്കൊള്ളുന്ന വിശാലമായ ഒരു ഭൂമികയാണ് ആഖ്യാനം. എഴുത്തുകാരുടെ രീതിശാസ്ത്രം മാത്രമല്ല എഴുത്തിന് കാരണമായ എല്ലാ ഘടകങ്ങളും ആഖ്യാനശാസ്ത്രത്തിൽ പ്രസക്തമാണ്.

ഐതിഹ്യങ്ങൾ, കെട്ടുകഥകൾ, പുരാണങ്ങൾ, പുരാവൃത്തങ്ങൾ, അന്യാപദേശകഥകൾ എന്നിവ ആഖ്യാനത്തിന്റെ വ്യത്യസ്ത ചിത്രങ്ങളാണ് അവതരിപ്പിക്കുന്നത്. ഓരോന്നിന്റേയും ആഖ്യാനം വ്യത്യസ്തവുമാണ്.

കൃതിയും എഴുത്തുകാരും വ്യത്യസ്തമായ സംവേദന പാഠങ്ങൾ സൃഷ്ടിക്കുന്നത് ആഖ്യാനത്തിലൂടെയാണ്. അതിനാൽ സാഹിതീയ രചനയിൽ ആഖ്യാനം എന്നത് സവിശേഷമായ ഘടകമായി തീരുകയാണ്. ഭാഷ, പ്രമേയം, ഇതിവൃത്തം, കഥാപാത്രങ്ങൾ തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള പഠനത്തെക്കാൾ പ്രസക്തമാണ് ആഖ്യാനത്തെക്കുറിച്ചുള്ള പഠനം.

എഴുത്തിനേയും രചനാപരമായ പ്രത്യേകതകളെയും വ്യാഖ്യാനിക്കാനുള്ള ശ്രമമാണ് ആഖ്യാനശാസ്ത്രം കൈക്കൊള്ളുന്നത്. സാഹിത്യഭാഷയെയും അതിന്റെ വ്യവഹാര മണ്ഡലങ്ങളെയുമാണ് ആഖ്യാനശാസ്ത്രം വിശദീകരിക്കുന്നത്. എഴുത്തിന്റെ ആത്യന്തികമായ ഘടകങ്ങൾ അത് ചേർന്ന് നിൽക്കുന്ന ഉപഘടകങ്ങൾ, ഉപഘടകങ്ങളിൽനിന്ന് രൂപപ്പെടുന്ന ബൃഹത്തായ ഒരു ഘടന ഇങ്ങനെ ഒരു രീതിയാണ് ആഖ്യാനശാസ്ത്രത്തിന്റെ അടിസ്ഥാനം.

ആഖ്യാനപ്രക്രിയയിൽ ആഖ്യാതാവിനും ആഖ്യാനവസ്തുവിനും ആഖ്യാനമാധ്യമത്തിനും തുല്യപ്രാധാന്യവുമുണ്ട്. ഉത്തമപുരുഷാഖ്യാനം, ഗ്രന്ഥകാരാഖ്യാനം, സൂചിതാഖ്യാനം, ഭൂതാഖ്യാനം എന്നിങ്ങനെ വിവിധ ആഖ്യാനസമ്പ്രദായങ്ങൾ നിലവിലുണ്ട്. ഉത്തമ പുരുഷാഖ്യാനത്തിൽ ആഖ്യാതാവിനാണ് കൂടുതൽ പ്രാധാന്യം. പറയുന്ന ആളിന്റെ വ്യക്തിത്വത്തിന്റെ പ്രതിഫലനമാണിത്. ഉത്തമപുരുഷൻ പ്രധാനകഥാപാത്രമാണിതിൽ. യാത്രാവിവരണത്തിലും ആത്മകഥയിലുമെല്ലാം ഈ ആഖ്യാനരീതിയാണ് അവലംബിക്കുന്നത്. രചനയുടെ ഏതു സന്ദർഭത്തിലും ഇടപെടുകയും എന്നാൽ ഉത്തമപുരുഷനായി കടന്നുവരാതിരിക്കുകയും ചെയ്യുന്ന ആഖ്യാനസമ്പ്രദായമാണ് ഗ്രന്ഥകാരാഖ്യാനം.

സൂചിതാഖ്യാനത്തിൽ ആഖ്യാതാവ് അന്തർമുഖനായിരിക്കും. ആഖ്യാതവിന്റെ ചിന്തകൾക്കും വികാരങ്ങൾ, പ്രതികരണങ്ങൾ എന്നിവയ്ക്കും ഇത്തരം ആഖ്യാനത്തിൽ പ്രാധാന്യമുണ്ട്. നോവലിന്റെയും ചെറുകഥയുടെയും ആഖ്യാനത്തിൽ ഏറെക്കുറെ ഉപയോഗിക്കുന്ന ആഖ്യാന സമ്പ്രദായമാണിത്. ഭൂതകാലത്തെക്കുറിച്ച് വർത്തമാനകാലത്തിൽ ആവിഷ്കരിക്കുന്ന രീതിയാണ് ഭൂതാഖ്യാനം.

### 2.5.1 ആഖ്യാതാവ്

ആഖ്യാനത്തിന് ആഖ്യാതാവ് വേണം. ആഖ്യാതാവ് പ്രത്യക്ഷമായും പരോക്ഷമായും ആഖ്യാനത്തിൽ സംവദിക്കാറുണ്ട്. ഒരു എഴുത്ത് മനസ്സിലാവണമെങ്കിൽ അതിന്റെ ആഖ്യാതാവിനെ മനസ്സിലാക്കണം. അയാളുടെ വ്യക്തിത്വവും

സ്വഭാവവും മനസ്സിലാക്കുന്നതോടെ അയാളാവിഷ്ക്കരിക്കുന്ന സംഭവമെന്തെന്നും ആവിഷ്കാരത്തിൽ അയാളുപയോഗിക്കുന്ന പരിപ്രേക്ഷ്യം എന്തെന്നും മനസ്സിലാവും. ആഖ്യാതാവാണ് ആഖ്യാനത്തെ നിയന്ത്രിക്കുന്നത്.

### 2.5.2 യാത്രാവിവരണവും ആഖ്യാനവും

മറ്റ് സാഹിത്യരൂപങ്ങളുടെ ആഖ്യാനത്തിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് യാത്രാവിവരണത്തിലെ ആഖ്യാനം. യാത്രാവിവരണം ആത്മകഥയോട് ഏറ്റവും അടുത്ത് നില്ക്കുന്നു. യാത്രാവിവരണത്തിന്റെ ആഖ്യാനത്തിന് രണ്ടു തലമുണ്ട്. ഒന്ന് വസ്തുതകൾ, ആ വസ്തുതാതലത്തിന്റെ ചുറ്റുപാടിൽ നിന്ന് കണ്ട കാര്യത്തിന്റെ വസ്തുതയെ മുൻനിർത്തി നടക്കുന്ന ആഖ്യാനം. കാണുന്ന സ്ഥലം ഒന്നാണെങ്കിലും അത് വ്യത്യസ്ത വ്യക്തികളിൽ വ്യത്യസ്ത പ്രതിഫലനമാണുണ്ടാക്കുന്നത്. ഇവിടെ എഴുത്തുകാരന്റെ സ്ഥാനത്തെ അടയാളപ്പെടുത്തുന്നത് ആഖ്യാനമാണ്. യാത്ര ഒരു ജൈവിക പ്രകിയയാവുമ്പോൾ യാത്രാവിവരണം രണ്ടാമത്തെ തലത്തിലാണ് ആഖ്യാനം ചെയ്യുന്നത്.

പുരുഷനും സ്ത്രീയും വാസ്തവികതയെ നോക്കിക്കാണുന്നതും അവയെ അവതരിപ്പിക്കുന്നതും വ്യത്യസ്തതരത്തിലാണ്. എഴുത്തിന് കാരണമായ വസ്തുതകളെ ഓരോ വ്യക്തിയും നോക്കി കാണുന്നതിലും വ്യത്യാസമുണ്ട്. പുരുഷൻ പ്രാധാന്യം കൊടുക്കുന്ന കാഴ്ചയും സ്ത്രീപ്രാധാന്യം കൊടുക്കുന്ന കാഴ്ചയും വ്യത്യസ്തമാണ്. അതുകൊണ്ടു തന്നെ യാത്രാവിവരണ ഗ്രന്ഥങ്ങളിൽ ആഖ്യാനത്തെ കുറിച്ചുള്ള പഠനത്തിനും പ്രാധാന്യമുണ്ട്. ആത്മീയമായ ഒരു പിൻബലം മറ്റു സ്ത്രീകൾക്കും നൽകാൻ കഴിയുന്ന തരത്തിലുള്ള എഴുത്താണ് രാജനന്ദിനിയുടെ 'കൈലാസയാത്ര' എന്ന ഗ്രന്ഥം തരുന്ന വായനാനുഭവം. സ്വന്തം ആഗ്രഹത്തെയും അതിന്റെ ശക്തിയെയും ഉന്നയിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നത് ആഖ്യാനത്തിലൂടെയാണ്. ശാരീരികവും ജൈവികവുമായ ആവിഷ്കാരത്തി

ലൂടെ സാംസ്കാരികവും ആത്മീയവുമായ ഒരു ഉന്നമനം സാധ്യമാവും എന്ന് പ്രസ്താവിക്കുകയാണ് എഴുത്തുകാരി.

ഓരോ യാത്രാവിവരണവും വസ്തുനിഷ്ഠമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതോടൊപ്പം താൻ എങ്ങനെയാണ് അത് അനുഭവിച്ചത് എന്നുകൂടി വ്യക്തമാക്കുന്നു. സഞ്ചാരിയുടെ ആത്മത്തിന് വളരെയധികം പ്രാധാന്യം യാത്രാവിവരണത്തിലുണ്ട്. ആത്മകഥ എഴുതുന്ന വ്യക്തി നിതാന്ത സഞ്ചാരിയാണെങ്കിൽ യാത്രാനുഭവങ്ങളും വ്യക്ത്യാനുഭവങ്ങളും പരസ്പരബന്ധിതങ്ങളായിരിക്കും.

കാഴ്ചയാണ് യാത്രാവിവരണമെഴുത്തിനാധാരം. ജൈവികമായ കാഴ്ചകളാണ് സ്ത്രൈണ ആഖ്യാനത്തെ നയിക്കുന്ന ഘടകം. ലിംഗപരമായി കാഴ്ചകൾ നൽകുന്ന സമീപനം വ്യത്യസ്തമായിരിക്കും. ഓരോ വ്യക്തിയുടെയും സാമൂഹിക സാംസ്കാരിക ഘടകങ്ങളാണ് കാഴ്ചകളെ നിയന്ത്രിക്കുന്നത്. നല്ലത്, ചീത്ത എന്നീ മുൻധാരണകളില്ലാതെ കേവലം സാക്ഷിയായി നിരീക്ഷിക്കുന്നതും മുൻധാരണയോടുകൂടി സമീപിക്കുന്നതും വ്യത്യസ്തതരത്തിലാണ് ആഖ്യാനം ചെയ്യപ്പെടുന്നത്.

### 2.5.3 സ്ത്രൈണാഖ്യാനം

സങ്കല്പത്തിനനുസരിച്ച് സ്വകാര്യവും പൊതുവായതുമായ ഒരു ലോകം ഉണ്ടാക്കിയെടുക്കാനുള്ള സ്വാതന്ത്ര്യമാണ് ഓരോ എഴുത്തുകാരിയും സൃഷ്ടിക്കുന്നത്. മറ്റെല്ലാ കാര്യങ്ങൾ പോലെയും സർഗ്ഗാത്മകതയുമായി ബന്ധപ്പെട്ട ചിന്തകൾക്കുമേൽ പുരുഷനായിരുന്നു മേൽക്കോയ്മ നേടിയത്. നമ്മുടെ വായനാസംസ്കാരവും സ്വീകരിച്ചത് പുരുഷാഖ്യാനമായിരുന്നു.

സാമൂഹ്യാനുഭവങ്ങളാണ് സാംസ്കാരിക പാഠങ്ങളെ രൂപപ്പെടുത്തുന്നത്. ദേശ-സമുദായ-ലിംഗ പരിഗണനകൾക്കനുസരിച്ച് അനുഭവങ്ങൾ വ്യത്യസ്തമാവുന്നു. വ്യത്യസ്താനുഭവങ്ങൾ സ്ത്രീയും പുരുഷനും ഒരുപോലെ പങ്കിടുമ്പോൾ

ആ അനുഭവാവിഷ്കാരത്തിനും വ്യത്യസ്തത ഉണ്ടാകും. ഇതാണ് എഴുത്തിനെ നിയന്ത്രിക്കുന്ന ഘടകവും.

സ്ത്രീയെന്ന ജീവശാസ്ത്രപരമായ അവസ്ഥയിൽ നിന്ന് രൂപപ്പെടുന്ന സാമൂഹ്യനിർമ്മിതിയാണ് സ്ത്രീത്വമെന്ന പരികല്പന. സ്ത്രീത്വം അല്ലെങ്കിൽ സ്ത്രൈണം എന്നുപറയുന്നത് സാമൂഹ്യപാഠമാണ്. ഈ സാമൂഹ്യപാഠമാണ് സ്ത്രീയെ നിർമ്മിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീ അനുഭവങ്ങളുടെ ആവിഷ്കരണം സാധ്യമാവുന്നത്.

''സ്ത്രൈണാഖ്യാനത്തിൽ സാംസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ടു നിൽക്കുമ്പോൾ തന്നെ അതിനെ നിഷേധിക്കുന്ന ഘടകങ്ങളുമുണ്ടായിരിക്കും. സ്ത്രീ അനുഭവാഖ്യാനത്തിന്റെ നിയാമക ശക്തി എന്നു പറയുന്നത് സ്ത്രൈണാവബോധമാണ്. സ്ത്രീകഥാപാത്രങ്ങൾക്ക് അവരുടെ സ്വത്വം കണ്ടെത്താനുള്ള ശ്രമങ്ങളിൽ അവരുടെ ആന്തരികഭാവത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനായി സ്ത്രീ എഴുത്തുകാർ സൃഷ്ടിക്കുന്ന ആഖ്യാനരീതികളാണ് സ്ത്രീയവബോധം.''[36]

സാഹിതീയമായി നിലനിൽക്കുന്ന പുരുഷമൂല്യവ്യവസ്ഥകൾ എല്ലാം തകർത്ത് സ്ത്രീ കർത്തൃത്വസ്ഥാനത്ത് നിന്ന് കൊണ്ട് എഴുതുന്നതാണ് സ്ത്രൈണാഖ്യാനം. സ്ത്രീയുടേത് മാത്രമായ അനുഭവമണ്ഡലങ്ങളെപ്പറ്റി സ്ത്രീ എഴുതുന്നതും കാഴ്ചക്കാരനായി നിന്ന് കൊണ്ട് പുരുഷനെഴുതുന്നതുമായ ഭാഷയും തമ്മിൽ വ്യത്യാസമുണ്ട്. ബുദ്ധിയുടെയും ആദർശത്തിന്റെയും ഭാഷയ്ക്കു പകരം ശരീരത്തിന്റെയും മനസ്സിന്റെയും ഭാഷയാണ് സ്ത്രീകൾ ഉപയോഗിക്കുന്നത്. പുരുഷ കേന്ദ്രീകൃതമായ കാഴ്ചപ്പാടിൽ മാത്രം നിലനിന്നിരുന്ന സാഹിത്യചിന്തകളെ സ്ത്രീകേന്ദ്രീകൃതമായി ചിത്രീകരിക്കാൻ സ്ത്രൈണാഖ്യാനം ആവശ്യമാണ്. സ്ത്രീക്ക് അവളുടെ സർഗ്ഗാത്മകജീവിതത്തിലൂടെ ചെന്നെത്താവുന്ന സൂക്ഷ്മതരവും സ്വതന്ത്രവുമായ വ്യാപാരമാണ് സ്ത്രൈണഭാഷയിലുടെ സാധ്യമാവുന്നത്. സ്നേഹം പകരാനുള്ള സ്ത്രീമനസ്സിന്റെ കഴിവും സ്നേഹിക്ക

പ്പെടാനുള്ള ആഗ്രഹവും സ്ത്രൈണഭാഷയുടെ സവിശേഷതയാണ്. ഈ സവിശേഷതകളും ആഖ്യാനത്തിൽ പ്രതിഫലിക്കുന്നുണ്ട്. സ്ത്രീ തന്റേതായ അനുഭവങ്ങൾ ആവിഷ്കരിക്കുമ്പോൾ അത് സ്ത്രീസ്വത്വാവിഷ്കാരമായി മാറുന്നു. പൊതുമണ്ഡലം അംഗീകരിക്കുന്നതും സർവ്വസാധാരണവുമായ ഭാഷ പുരുഷന്റേതാണ്. അതിൽ നിന്ന് വ്യത്യസ്തമായ ഒരു ഭാഷ സൃഷ്ടിക്കുകയാണ് സ്ത്രീകൾ ചെയ്യുന്നത്.

### 2.5.4 സ്ത്രൈണാഖ്യാനവും യാത്രാവിവരണവും

യാത്രാവിവരണമെഴുത്തിന് അവലംബം കാണുന്ന വസ്തുതകളാണ്. ഈ വസ്തുതകൾ ഓരോ വ്യക്തിയുടെയും മനസ്സിൽ രൂപപ്പെടുത്തുന്ന സമീപനങ്ങൾ വ്യത്യസ്തതരത്തിലുള്ളവയാണ്. ഈ സമീപനമാണ് എഴുത്തിനെ രൂപപ്പെടുത്തുന്ന ഘടകവും. കാഴ്ചകളെ രൂപപ്പെടുത്തിയെടുക്കുന്നതിൽ വ്യക്തികളുടെ മാനസിക ഭാവത്തിനും ചിന്തകൾക്കും പ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെ കാഴ്ചകളോടുള്ള സ്ത്രീകളുടെ സമീപനവും വ്യത്യസ്തതരത്തിലായിരിക്കും.

യാത്രാവിവരണത്തിന്റെ ആഖ്യാനത്തിൽ ഇത്തരം വ്യത്യസ്തതകൾ കണ്ടെത്താനാവുന്നുണ്ട്. സ്ത്രീയെന്ന നിലയിൽ എങ്ങനെയാണ് വ്യത്യസ്തമായി കാര്യങ്ങൾ ഗ്രഹിക്കുന്നത് എന്ന് ദേവകി നിലയങ്ങോടിന്റെ 'ജൻമമുക്തികൾക്കപ്പുറം' എന്ന യാത്രാനുഭവത്തിൽ നിന്ന് മനസ്സിലാക്കാം. ആ ആഖ്യാനത്തിന്റെ സവിശേഷതയായി കാണാനാവുന്നത് ഭാവമാണ്. ശ്രാദ്ധകർമ്മം നടത്തുന്നതിനിടയിൽ ബലിച്ചോറ് കഴിക്കാനായി തിരക്ക് കൂട്ടുന്ന പട്ടിണി പാവങ്ങളായ ഒരു കൂട്ടം കുട്ടികളുടെ ചിത്രം ദേവകിനിലയങ്ങോട് വിവരിക്കുന്നുണ്ട്. ഈയൊരു മാതൃഭാവം സ്ത്രീയുടെ ആഖ്യാനത്തിൽനിന്ന് മാത്രം ലഭിക്കാവുന്ന ഒന്നുമാണ്. മാത്രമല്ല പുരുഷനും സ്ത്രീയ്ക്കും തുല്യ പങ്കാളിത്തമുള്ളതാണെങ്കിൽകൂടി മക്കളെ പരിപാലിക്കുക, സ്നേഹിക്കുക തുടങ്ങിയ കഴിവുകൾ പ്രകൃതിദത്തമായി തന്നെ സ്ത്രീയ്ക്ക് ലഭ്യമായിട്ടുണ്ട് എന്ന് കാണിക്കുന്ന തരത്തിലാണ് ഈ എഴുത്തുകാരി

യുടെ കുട്ടികളോടുള്ള പെരുമാറ്റം. അതുകൊണ്ട് ജൈവികവും സാംസ്കാരികവും സാമൂഹികവുമായിരിക്കുന്ന സ്ത്രീസ്വത്വത്തിന്റെ നിലപാടുകളിൽ അടിയുറച്ചു കൊണ്ടുതന്നെ ആ നിലപാടിനെ ഒരു വേള പ്രതിരോധിക്കുമ്പോൾ പോലും അത് തങ്ങളുടെ ജീവിതത്തിന്റെ ആവിഷ്കാരത്തിന്റെ ഭാഗമായി കാണുകയും യാത്ര യിൽ അത്തരത്തിലുള്ള ചില പ്രതികരണങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

അതുകൊണ്ടുതന്നെയാണ് ഭക്ഷണം, പാചകം എന്നിവയെക്കുറിച്ച് സ്ത്രീ കൂടുതലായി ആഖ്യാനം നടത്തുന്നതും. കെ.എ. ബീനയുടെ 'ബ്രഹ്മപുത്രയിലെ വീട്', അനിതാതമ്പിയുടെ 'കർലോട്ടിയിലെ വീട്' എന്നീ ഗ്രന്ഥങ്ങളിലെല്ലാം ജന ജീവിതത്തെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ അവരുടെ ഭക്ഷണത്തെക്കുറിച്ചും ഭക്ഷണമുണ്ടാക്കുന്ന പാചകക്കുറിപ്പുംകൂടി വിവരിക്കുന്ന ആഖ്യാനമാണ് സ്വീകരി ച്ചിരിക്കുന്നത്. സ്ത്രീയുടെ അടിസ്ഥാനസ്വത്വത്തിൽ സാമൂഹികമായോ സാംസ്കാ രികമായോ ഭക്ഷണം, പാചകം, കുട്ടികളോടുള്ള സ്നേഹം തുടങ്ങിയവയോടുള്ള ഭാവങ്ങൾ പ്രതിഫലിക്കുന്നുണ്ട്.

സാമൂഹ്യമായി നോക്കുമ്പോൾ ഒരു സ്ത്രീ ഒറ്റയ്ക്ക് നടത്തുന്ന യാത്ര, ഒരു വ്യക്തി ഒരു സമൂഹത്തോട് ഒറ്റയ്ക്ക് വിനിമയം ചെയ്യുന്നതിന്റെ അടിസ്ഥാനപരമാ യിട്ടുള്ള അടയാളമാണ്. അതുകൊണ്ട് ഒറ്റയ്ക്കുള്ള യാത്രകൾ സ്ത്രീയെ സമൂഹ ത്തിൽ പ്രതിഷ്ഠിക്കുന്നത് പൊതു സ്വത്വത്തിന്റെ ഭാഗമായിട്ടാണ്. ഒരു സ്ത്രീ ഒറ്റക്ക് ഒരു യാത്ര നടത്തി പ്രതികരിക്കുന്നുണ്ടെങ്കിൽ ആ സ്ത്രീ ഉൾപ്പെടുന്ന സമൂ ഹത്തിനുകൂടി അത് ബാധകമാണെന്നാണ് വിവരിക്കപ്പെടുന്നത്. ഈ പ്രതിക രണം ലോകത്തെ അറിയിക്കുന്നത് സ്ത്രൈണാഖ്യാനത്തിലൂടെയാണ്.

## 2.6 സ്ത്രീയാത്രയും പൊതുഇടവും

'സ്ത്രീ' എങ്ങനെയായിരിക്കണം, എവിടെപ്പോവണം, എന്ത് ചെയ്യണം എന്നുള്ള നിഷ്കർഷ സമൂഹം സ്ത്രീക്ക് കല്പിച്ചു നൽകിയിരുന്നു. ജീവിത ത്തിലെ അനിവാര്യതയാണ് യാത്ര എങ്കിലും ഓരോ വ്യക്തിയ്ക്കും ഭിന്നമാണ്

യാത്രകൾ. പുരുഷൻ തടസ്സങ്ങളില്ലാതെ യാത്ര ചെയ്യുമ്പോൾ സ്ത്രീയാത്ര വ്യവ സ്ഥാപിതമായ നിയമവ്യവസ്ഥകൾക്കുള്ളിലാണ്. സ്ത്രീയുടെ ഇടം അകമാണ് എന്ന പൊതുധാരണയാണ് സ്ത്രീയാത്രയെയും നിയന്ത്രിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ അകവും പുറവും തമ്മിലുള്ള വിനിമയങ്ങളാണ് യാത്രയെ നിയ ന്ത്രിക്കുന്നത് എന്ന് കാണാം.

20-ാം നൂറ്റാണ്ടുവരെ കേരളത്തിൽ പൊതുവഴികളോ പൊതുഇടങ്ങളോ ഉണ്ടായിരുന്നില്ല. 'പൊതു' എന്ന് സങ്കൽപ്പിക്കാൻ കഴിയാത്ത വിധം ജാതീയ മായായിരുന്നു ഓരോ ശരീരങ്ങളെയും വേർതിരിച്ചിരുന്നത്. തിരുവിതാംകൂറിലും കൊച്ചിയിലും പൊതുവഴിയിൽകൂടി നടക്കാൻ ചെറുമർ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ ഭയന്നിരുന്നു. നാടിന്റെ ഒരു ഭാഗത്തുനിന്ന് മറ്റൊരു ഭാഗത്തേക്ക് പോകാനായി അവർ മേൽജാതിക്കാരുടെ കണ്ണിൽ പെടാതെ ചെളിപ്പാടങ്ങളും ചുള്ളിക്കാടുകളും താണ്ടണമായിരുന്നു. പലപ്പോഴും മലകളും കാടുകളും കയറിയി റങ്ങണം. ആറുകളും തോടുകളും നീന്തിക്കടക്കണം.[37] ഇതായിരുന്നു ആദ്യകാ ലത്തെ യാത്രയുടെ അവസ്ഥ. വിദ്യാഭ്യാസം, തൊഴിൽ, വ്യാപാരം, വ്യവസായം, ഗതാഗതം തുടങ്ങിയവയുടെ പ്രചാരവും വികാസവും അതുവരെയുള്ള പരിധി കളെ ഇല്ലാതാക്കി.

ആദ്യകാലത്ത് ജാതീയത എപ്രകാരമാണോ യാത്രയെ നിയന്ത്രിച്ചിരുന്നത് അതുപോലെ ഇന്നിപ്പോൾ ലിംഗവ്യത്യാസം യാത്രകൾക്ക് തടസ്സമാവുന്നു. ഈ നിയന്ത്രണങ്ങൾക്കു പിന്നിൽ പ്രാചീന ഭാരതത്തിലെ സ്ത്രീസങ്കല്പമാണ് പ്രവർത്തിച്ചിരുന്നത്.

സ്ത്രീയ്ക്ക് സമുദായ ജീവിതത്തിലുള്ള പങ്കിനെക്കുറിച്ച് വിശദമായ പരാ മർശങ്ങൾ മനുസ്മൃതിയിലുണ്ട്. ''സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം, കുടുംബ ത്തിലെ പദവി, വിവാഹം, ദാമ്പത്യ ബന്ധം, സ്വത്തവകാശം, സുരക്ഷ തുടങ്ങി

അന്നത്തെ നിലയ്ക്ക് പരിഗണന അർഹിക്കുന്ന എല്ലാവിഷയങ്ങളിലും നിയമബ ദ്ധത നിലനിർത്താൻ മനു ശ്രമിച്ചിട്ടുണ്ടെന്നു കാണാം.''[38]

വേദങ്ങളും ഇതിഹാസങ്ങളും ഉയർത്തിക്കാട്ടുന്ന സ്വാധ്വീ സിദ്ധാന്തത്തിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല ഇത്. വിധി നിശ്ചയമനുസരിച്ച് തനിക്ക് ലഭിക്കുന്ന ഭർത്താവിനെ ഈശ്വരതുല്യം കണക്കാക്കി അദ്ദേഹത്തിന്റെ ഇഷ്ടത്തിനു പൂർണ്ണ മായി നിശ്ശേഷം വഴങ്ങി, കുടുംബകാര്യങ്ങൾ നിയന്ത്രിക്കുന്ന സ്ത്രീയാണ് ഭാരതീ യന് ഉത്തമ സ്ത്രീ. ഈ ഉത്തമ സ്ത്രീ സങ്കല്പം തന്നെയാണ് സ്ത്രീയാത്ര യെയും പൊതുഇടത്തിലെ ഇടപെടലുകളെയും സ്ത്രീ ഇടപെലുകളെയും നിയ ന്ത്രിച്ചത്.

''ന സ്ത്രീ സ്വാതന്ത്ര്യമർഹതി എന്ന സ്മൃതിവാക്യം മനുവിനെ സ്ത്രീ സമുദായത്തിന്റെ പ്രഥമ ശത്രുവായി പരിഗണിക്കാൻ കാരണമായിട്ടുണ്ട്. ബാല്യ ത്തിൽ പിതാവും, യൗവ്വനത്തിൽ ഭർത്താവും, വാർധക്യത്തിൽ പുത്രനും അവരെ സംരക്ഷിക്കപ്പെടേണ്ടവരാണ് എന്നും ഉറപ്പുവരുത്തിയിരിക്കുന്നു.''[39] ഇവിടെ സ്ത്രീക്ക് വിലക്കിയിരിക്കുന്ന സ്വാതന്ത്ര്യം തന്നെയാണ് അന്യത്ര വ്യക്തമാക്കിയി രിക്കുന്നത്. പിതാവ്, ഭർത്താവ്, പുത്രൻ എന്നിവരിൽനിന്ന് പിരിഞ്ഞ് തന്നിഷ്ടപ്ര കാരം ജീവിക്കാൻ സ്ത്രീ ഒരിക്കലുമാഗ്രഹിക്കരുതെന്നും, അത്തരം ജീവിതം ഭർത്തൃകുലത്തിലും സ്വകുലത്തിലും ചീത്തപ്പേരുണ്ടാക്കുമെന്നും കേട്ടുവളർന്ന സ്ത്രീക്ക് സ്വതന്ത്രമായ ചിന്തപോലും ഇല്ലായിരുന്നു. ഇത്തരം ഒരു വാർപ്പ് മാതൃക ഉപേക്ഷിച്ച് പുറത്തുപോകാൻ സ്ത്രീകൾ പലപ്പോഴും ഭയപ്പെട്ടിരുന്നു. പതിവ്രത, കുലസ്ത്രീ എന്നീ മുദ്രണങ്ങൾ സ്ത്രീയെ ഒരിടത്തുതന്നെ ഒതുങ്ങിക്കൂടാൻ പ്രേരി പ്പിക്കുന്ന ചങ്ങലകളായിരുന്നു. ആ ചങ്ങല പൊട്ടിച്ച് പുറത്തുകടക്കാൻ സ്ത്രീക്ക് ഒരുപാട് കാലം കാത്തിരിക്കേണ്ടിയും വന്നു.

ഋഗ്വേദകാലത്തെ സാമൂഹിക ഘടനയുടെ ശ്രദ്ധാർഹമായ സവിശേഷത യാണ് സ്ത്രീകൾക്കു നൽകിയിരുന്ന ഉന്നതപദവി. ''സുരക്ഷിതമായ വാസസ്ഥാന

ങ്ങളിൽ മാത്രമല്ല, പ്രക്ഷുബ്ധമായ പൊതുരംഗങ്ങളിലും ‘അവൾ’ ‘അയാളുടെ’ പങ്കാളിയായി.’’[40]

പുരുഷൻ പരസ്ത്രീകളെ ആഗ്രഹിക്കാതെ എപ്പോഴും സദാചാര നിരതനായിരിക്കണം എന്നു പറയുന്നുണ്ടെങ്കിലും പലപ്പോഴായി മറ്റു ജാതികളിൽനിന്ന് വിവാഹം കഴിക്കുന്നതിനെ അനുകൂലിക്കുന്നുമുണ്ട് മനുസ്മൃതി. അതായത് ബഹുഭാര്യാത്വം അനുവദനീയമായിരുന്നു. എന്നാൽ സ്ത്രീകൾക്ക് അത്തരമൊരു കാര്യത്തെക്കുറിച്ച് ചിന്തിക്കാനേ അവകാശമില്ല. ഈ വിധത്തിൽ പുരുഷ പക്ഷപാതത്തോടുകൂടിയ പാതിവ്രത്യത്തിന് പ്രാചീനഭാരതത്തിൽ നല്ല പ്രചാരവും ഉണ്ടായിരുന്നു. അടിസ്ഥാനപ്രമാണം അതാണെന്ന് വന്നതോടെ സ്ത്രീ വെറും ഭാര്യയും വംശവർദ്ധനവിനുള്ള ഉപാധിയും മാത്രമായി. വേദകാലത്തിനു മുൻപ് ഭാരതസ്ത്രീക്കുണ്ടായിരുന്ന ഉയർന്ന സാമൂഹിക പദവി ക്രമേണ നഷ്ടമാവുകയും ചെയ്തു.

കീഴാളരുടെയിടയിൽ കുടുംബത്തിനുള്ളിൽ സ്ത്രീകൾ വളരെക്കാലം വലിയൊരളവുവരെ തുല്യതയനുഭവിച്ചു. ഇപ്രകാരം കേരളത്തിലെ സ്ത്രീ അവസ്ഥകൾ ജാതീയമായും ലിംഗപരമായും വ്യവസ്ഥാപിതമായ നിയന്ത്രണങ്ങൾക്ക് വിധേയമായിരുന്നു.

‘‘സഞ്ചാര സ്വാതന്ത്ര്യകാര്യത്തിലും ഇത്തരം അതിർവരമ്പുകൾ കാണാൻ സാധിക്കുന്നുണ്ട്. കേരളത്തിന്റെ പല ഭൂഭാഗങ്ങൾക്കും അതിരിട്ടിരുന്ന നദികൾ കടന്നാൽ ശൂദ്രസ്ത്രീ ഭ്രഷ്ടയാകുമെന്ന വിശ്വാസം 19-ാം നൂറ്റാണ്ടിന്റെ അവസാനം വരെയും പലയിടത്തും ശക്തമായിരുന്നു. വടക്കെ മലബാറിൽ സ്ത്രീകൾ കോരപ്പുഴ കടക്കരുതെന്ന് നിയമമുണ്ടായിരുന്നു.’’[41] നമ്പൂതിരിമാർക്കിടയിലും കോരപ്പുഴ കടന്ന് വടക്കോട്ടു പോകുന്നതിന് വിലക്കുണ്ടായിരുന്നതായി കാണിപ്പയ്യൂരിനെ ഉദ്ധരിച്ചുകൊണ്ട് പി.കെ. ബാലകൃഷ്ണൻ സൂചിപ്പിക്കുന്നു.

കേരള രാഷ്ട്രീയത്തിന്റെ ഉന്നതങ്ങളിൽ വളരെകുറച്ചു സ്ത്രീകളെയുള്ളൂ. നമ്മുടെ ഭൂതകാലം ചികഞ്ഞു നോക്കിയാലും ഒന്നോ രണ്ടോ കഴിവുറ്റ റാണിമാരെ

കണ്ടെത്താൻ കഴിയും. സ്വാതന്ത്ര്യസമരകാലത്ത് ധാരാളം സ്ത്രീകൾ പൊതുരംഗ ത്തിറങ്ങിയെങ്കിലും രാഷ്ട്രീയം സ്ത്രീകളുടെ മേഖലയല്ലെന്ന ധാരണ പിന്നീട് പ്രബലമായി. സ്ത്രീയെ കുടുംബവുമായി ചേർത്തുവായിക്കാനാണ് രാഷ്ട്രീയക ക്ഷികൾ ശ്രമിച്ചിരുന്നത്. എന്നിരുന്നാലും ഈ ധാരണയ്ക്കപ്പുറത്തേയ്ക്ക് സ്ത്രീ കടന്നുചെന്നാലും ആത്യന്തികമായി സ്ത്രീ ഗൃഹാധിദേവതകളായി തുടരണം എന്നാണ് നിയതമായ കാഴ്ചപ്പാട്. നിലവിലുള്ള പ്രബലധാരണകളെ പൊളിച്ചെ ഴുതി കൊണ്ടാണ് മിക്കപ്പോഴും സ്ത്രീയുടെ ഇറങ്ങി നടപ്പ്. അതിന് തടസ്സം നിൽക്കുന്ന ഒട്ടേറെ ഘടകങ്ങൾ ഉണ്ട്. പാരമ്പര്യാധിഷ്ഠിതമായ വാർപ്പ് മാതൃക യിൽ ഒതുങ്ങി കഴിയുന്ന സ്ത്രീകൾക്ക് ഒരിക്കലും സ്വതന്ത്രമായി സഞ്ചരിക്കാനോ പൊതുഇടങ്ങളിൽ ഇടപെടാനോ സാധിക്കില്ല. താനെന്താണെന്നും തനിക്കപ്പുറ മുള്ള ലോകമെന്താണെന്നും തിരിച്ചറിയുകവഴി പാരമ്പര്യാധിഷ്ഠിതമായ വ്യക്തിത്വം ഒഴിവാക്കികൊണ്ട് സ്വന്തം സ്വത്വത്തിലേക്കുള്ള തിരിച്ചുപോക്കാണ് ഓരോ യാത്രയും സ്ത്രീക്ക് സമ്മാനിക്കുന്നത്. ഇത്തരം യാത്രാനുഭവങ്ങൾ രേഖ പ്പെടുത്താനുള്ള മുഖ്യോപാധി യാത്രാവിവരണ ഗ്രന്ഥങ്ങളാണെങ്കിലും 'യാത്ര' പ്രമേയമാകുന്ന ഒട്ടറെ സാഹിത്യകൃതികളിൽ യാത്രയുടെ സ്വത്വം ആവിഷ്കൃതമാ വുന്നുണ്ട്. ഇത്തരം ഭാവനായാത്രകളിലും യാത്രയുടെ സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കുന്നുണ്ട്.

അതുകൊണ്ടു തന്നെ വിലക്കുകൾക്കപ്പുറത്തേക്കുള്ള ഓരോ സ്ത്രീയാ ത്രയും വ്യത്യസ്തമായ അനുഭവങ്ങൾ നൽകുന്നു. അത് വ്യക്തിത്വത്തിൽ തന്നെ വലിയ മാറ്റങ്ങൾ വരുത്തുന്നു. യഥാർത്ഥ സ്വത്വം എന്താണെന്ന് തിരിച്ചറിയാനുള്ള ഒരു ഉപാധികൂടിയാണ് സ്ത്രീക്ക് യാത്ര. താൻ കണ്ണാടിയിൽ കാണുന്ന തന്റെ രൂപത്തിനും പുറത്താണ് താൻ എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുകയാണ് ഓരോ യാത്രയും. മനസ്സാണ് യാത്രയെ വ്യതിരിക്തമാക്കുന്നത്. താൻ എത്തിപ്പെട്ട അന്യ ദേശത്തെ നോക്കിക്കാണുമ്പോൾ അവൾക്ക് വസ്തുക്കളുടെയും അനുഭവങ്ങളു ടെയും മറ്റൊരു ലോകം അനാവൃതമാകുന്നു.

വസ്തുക്കൾക്കപ്പുറത്തേക്ക് അവയ്ക്കിടയിലെ സമൂഹത്തെയും വ്യക്തികളെയും തിരിച്ചറിയുമ്പോൾ അവിടെയുള്ള സമൂഹവുമായി സഞ്ചാരി ഇടപഴകുന്നു. ആ ഇടപെടൽ ഒരു പക്ഷേ പാരമ്പര്യാധിഷ്ഠിതമാവാം, പുതിയ ഒരു വ്യക്തിത്വത്തിലുമാകാം. അതുവരെയുള്ള തന്നെ മറന്നുകൊണ്ട് പുതിയ ഒരു സ്വത്വത്തെ തേടിയുള്ള യാത്രയുമാകാം.

ഇപ്രകാരം യാത്ര തരുന്ന അനുഭവപാഠങ്ങൾ വ്യത്യസ്തമാണ്. പതിവുകാഴ്ചകളിൽ നിന്നും അനുഭവങ്ങളിൽ നിന്നും വ്യത്യസ്തമായിട്ടുള്ള സ്ത്രീയുടെ യാത്രകൾ പുതിയ ഒരു യാത്രാനുഭവം തന്നെയാണ്. ഇപ്രകാരം അകം എന്ന ഇടത്തിൽനിന്നും 'പുറം' എന്ന ഇടം സ്വന്തമാക്കാൻ ഏറ്റവും നല്ല ഉപാധിയായി നിൽക്കുന്നത് യാത്രയാണ്. അത്തരം യാത്രകളാണ് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

സമൂഹത്തിലും വ്യക്തിജീവിതത്തിലും സ്ത്രീ ആദ്യകാലങ്ങളിൽ സ്വത്വനിരാസം അനുഭവിച്ച വർഗ്ഗമായിരുന്നു. ആ സ്വത്വ നിരാസത്തെ നേരിടാൻ യാതൊരു സാധ്യതകളും സമൂഹം സ്ത്രീയ്ക്ക് നൽകിയിരുന്നില്ല. സ്വത്വത്തേയും വ്യക്തിത്വത്തേയും കുറിച്ചുള്ള ചിന്തകളോ അതിനെ ആവിഷ്കരിക്കാനുള്ള മാർഗ്ഗങ്ങളോ അന്വേഷിക്കാൻ തക്ക തരത്തിലുള്ള ധൈഷണികമായ മണ്ഡലം സ്ത്രീയ്ക്ക് അന്യമായിരുന്നു. വ്യവസ്ഥാപിത നിയമങ്ങളും സ്മൃതികളും ഇതിഹാസപുരാണങ്ങളും സ്ത്രീക്ക് കല്പിച്ചുനൽകിയ പദവിയെ മറികടക്കാൻ സ്ത്രീ സമൂഹം തന്നെ ധൈര്യപ്പെട്ടിരുന്നില്ല. ഇത്തരത്തിൽ സ്ത്രീസ്വത്വത്തേയും വ്യക്തിത്വത്തെയും പുരുഷകേന്ദ്രീകൃതമായ സമൂഹവ്യവസ്ഥിതിയുടെ രണ്ടാം സ്ഥാനത്തേക്ക് പാർശ്വവൽക്കരിച്ചുകൊണ്ടുള്ള പൊതുരീതിയാണ് സമൂഹത്തിൽ ആദ്യകാലങ്ങളിൽ നിലനിന്നിരുന്നത്. വേദകാലഘട്ടം മുതൽ സംഘകാലഘട്ടം വരെയുള്ള കൃതികളിൽ സ്ത്രീയ്ക്ക് പലപ്പോഴും സൈദ്ധാന്തികമായും സാങ്കല്പികമായും ചില ഔന്നത്യങ്ങൾ നൽകിയതായി കാണുന്നുണ്ട്. ആ കാലഘട്ടത്തിലെ സ്ത്രീകൾ

സമൂഹത്തിൽ ഇത്തരം സ്വാതന്ത്ര്യം അനുഭവിച്ചതായിട്ടും ഏറെക്കുറെ മനസ്സിലാക്കാം. പക്ഷെ പില്ക്കാലത്ത് പുരുഷകേന്ദ്രീകൃതമായ സാമൂഹിക വ്യവസ്ഥിതിയും അതുമൂലം ഉണ്ടായ അധികാരവും ഉപയോഗിച്ച് സ്ത്രീയെകുടുംബത്തിലും കുടുംബബന്ധങ്ങളിലും മാത്രം ഒതുക്കി നിർത്തുന്ന അവസ്ഥയുണ്ടായി മാറി. ഇത്തരത്തിൽ സ്ത്രീകളുടെ ശോചനീയവും പാർശ്വവൽക്കൃതവുമായ സാമൂഹിക സ്വത്വത്തെ വീണ്ടെടുക്കാനുള്ള ശ്രമം ആരംഭിക്കുന്നത് ചരിത്രത്തിൽ സ്ത്രീകൾ നടത്തിയ സാഹിത്യ പ്രവർത്തനങ്ങളിലൂടെയാണ്.

മാനസികവും ശാരീരികവുമായ അവസ്ഥകളുടെ ഫലമെന്ന രീതിയിൽ ഒരു വിഭാഗം സ്ത്രീകൾ തങ്ങളുടെ സർഗാത്മക പ്രവർത്തനത്തിലൂടെ സ്ത്രീക്ക് നേരിടേണ്ടിവന്ന അധർമ്മത്തേയും അസ്വാതന്ത്ര്യത്തേയും മറികടക്കാൻ ശ്രമിച്ചു. അതിന് കാരണമായി കേരളത്തിലെ സ്ത്രീ നവോത്ഥാനപ്രവർത്തനങ്ങളെയും സ്ത്രീകളുടെ സാമൂഹിക പ്രവർത്തനങ്ങളെയും സാഹിത്യപ്രവർത്തനങ്ങളെയും വിലയിരുത്താം. സ്ത്രീകൾ സ്വമേധയാ സ്വതന്ത്രമായി സാഹിത്യസർഗാത്മക രചനകളിൽ ഏർപ്പെടാൻ തുടങ്ങിയതോടുകൂടി പൊതുമണ്ഡലത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ട സ്ത്രീ കേന്ദ്രീകൃത സങ്കല്പം ഉദയം ചെയ്തു. അതോടുകൂടി സാഹിത്യത്തിലും അതിന്റെ പിന്നണിയായ സമൂഹത്തിലും സ്ത്രീ നവോത്ഥാനവും ജീവിതവും ഒരു പൊതു സംരംഭമായി മാറി. അതിന്റെ ഭാഗമായി ചില സാഹിത്യകാരൻമാരും നവോത്ഥാന പ്രവർത്തകരും ദേശീയ നേതാക്കളും സ്ത്രീസ്വത്വത്തെയും വ്യക്തിത്വത്തെയും സ്ത്രീ സമൂഹത്തെയും സമുദ്ധരിക്കാനുള്ള സർവ്വവിധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടു. സാഹിത്യ പ്രവർത്തനത്തിലൂടെ സ്ത്രീകളും സ്ത്രീകൾക്കുവേണ്ടി എഴുത്തുകാരും സ്ത്രീസ്വത്വത്തെ വീണ്ടെടുക്കാനുള്ള ശ്രമം ആരംഭിച്ചു. അതിന്റെ ഭാഗമായിട്ടാണ് സ്ത്രീ മാസികകളെയും പെണ്ണെഴുത്തുകളെയും വിലയിരുത്തേണ്ടത്.

സൈദ്ധാന്തികമായും പ്രാവർത്തികമായും അന്യമാക്കപ്പെട്ട സമൂഹത്തിന്റെ പൊതുമണ്ഡലങ്ങൾ സ്ത്രീയ്ക്ക് സുഗമമാക്കി കൊടുക്കാനുള്ള ആഹ്വാനമായി ട്ടാണ് എഴുത്തുകാരികൾ മാസികകളിലേക്ക് തങ്ങളുടെ സർഗ്ഗാത്മക സൃഷ്ടികളെ എത്തിച്ചത്. അതിന്റെ ഭാഗമായി സ്ത്രീകൾക്ക് സമൂഹത്തിന്റെ പൊതുമണ്ഡലത്തി ലേക്ക് ഒരു സ്വതന്ത്ര വഴി ലഭിക്കുകയും ചെയ്തു.

സമൂഹവും സാഹിത്യവും സംസ്കാരവും പരസ്പരബന്ധിതമായ സഹ വർത്തിതമണ്ഡലങ്ങളാണ്. സമൂഹത്തിന്റെ ജൈവികതയെ, ക്രിയാത്മകതയെ പ്രവർത്തനനിരതയെ നിർണ്ണയിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന ശക്തമായ വൈചാരികമണ്ഡലമാണ് സാഹിത്യം. സാഹിത്യം സമൂഹത്തിന്റെ സൃഷ്ടി എന്ന തുപോലെ തന്നെ സാഹിത്യത്തിന്റെ സൃഷ്ടിയാണ് സമൂഹം എന്ന തിരിച്ചറിവിൽ എഴുത്തുകാർ സമൂഹത്തെ സാഹിത്യത്തിലൂടെ പുനർനിർമ്മിക്കാൻ ശ്രമിച്ചുകൊ ണ്ടിരുന്നു. ഈ പരിതോവസ്ഥയിലാണ് ധിഷണാശാലികളായ സ്ത്രീ എഴുത്തു കാർ തങ്ങൾക്ക് അന്യമാക്കപ്പെട്ട സാമൂഹിക മണ്ഡലത്തിലേക്ക് തങ്ങളുടെ സ്വത്വ ബോധത്തെ പുനർനിർണ്ണയിക്കാൻ വേണ്ടി ബോധപൂർവ്വം അവരുടെ സർഗ്ഗാത്മക ശേഷിയെ ഉപയോഗപ്പെടുത്തുന്നത്. അത്തരത്തിൽ കേരളത്തിലെ പൊതുമണ്ഡല ത്തിൽ സ്ത്രീക്ക് അന്യമായിരുന്ന പൊതു സ്ത്രീസ്വത്വത്തെയും വ്യക്തിത്വ സവി ശേഷതകളെയും സംസ്കാരത്തിന്റെ ഉല്പന്നങ്ങളാക്കിതീർക്കാനുള്ള വ്യഗ്രത യോടെ സാഹിത്യപ്രവർത്തനത്തിലേക്ക് കടന്നുവന്നു. അതിന്റെ ഭാഗമായി സാഹി തീയ മണ്ഡലത്തിൽ വ്യക്ത്യാനുഭവങ്ങളെ സ്ത്രീകേന്ദ്രീകൃതമായി പുരുഷകാഴ്ച പ്പാടിലൂടെ അവതരിപ്പിക്കുകയല്ല വേണ്ടത് എന്ന ഒരു തത്വചിന്ത സരസ്വതിയമ്മയെ പോലുള്ള എഴുത്തുകാരികൾ മുന്നോട്ടുവെച്ചു.

പാശ്ചാത്യലോകത്ത് വെർജീനിയ വൂൾഫിനെപ്പോലെയുള്ള ആളുകൾ മുന്നോട്ടുവെച്ച സ്ത്രൈണ അനുഭവങ്ങളുടെ നേരെഴുത്തുകൾ കേരളത്തിലെ സാഹിത്യത്തിൻ പൊതുവെ അന്യമായിരുന്നു. ആ സാഹചര്യത്തിലേക്കാണ്

സ്ത്രീവാദപരമായ കാഴ്ചപ്പാട് പ്രചരിക്കപ്പെട്ടത്. അതുപ്രകാരം മലയാള സാഹിത്യത്തിൽ ഒരു പൊതുവായ ദിശാബോധം സ്ത്രീവാദപരമായി ഉണ്ടാവുകയും ചെയ്തു. സ്ത്രീയുടേത് മാത്രമായ ജൈവികവും വ്യക്തിപരവും സ്വത്വാത്മകവുമായ ബഹുമുഖങ്ങളായ അനുഭവങ്ങളെ ആവിഷ്കരിക്കാനും പ്രകടിപ്പിക്കാനും സവിശേഷമായ സ്ത്രൈണഭാഷയും സ്ത്രൈണ ആശയങ്ങളും രൂപപ്പെട്ടുകൊണ്ടിരുന്നു. അത്തരം നിർമ്മിതികളെ ആശയപരമായി മുന്നോട്ടു വെയ്ക്കുന്ന സ്ത്രീവാദപരമായ കാഴ്ചപ്പാടുകൾ മലയാള സാഹിത്യത്തിലേക്ക് കടന്നുവന്നതോടുകൂടി സ്ത്രീ എഴുത്തുകാരികൾ അനുഭവത്തിന്റെ വക്താവ് സംസ്കാരത്തിന്റെ നിർമ്മാതാവ്, സമൂഹത്തിന്റെ ശില്പി തുടങ്ങിയ സ്ഥാനങ്ങളിൽ സ്വയം അവരോധിക്കപ്പെട്ടു. അത്തരത്തിൽ സ്ത്രീ സ്വത്വത്തെ വിലയിരുത്താനും നിർണ്ണയിക്കാനും സ്വീകരിക്കാനും ഉള്ള മാനസിക മണ്ഡലത്തിൽ പുരുഷന്മാരെ എത്തിക്കുന്ന തരത്തിൽ കൃത്യവും യുക്തിപരവുമായ ചില ആദർശങ്ങൾ സ്ത്രീ എഴുത്തുകാരികൾ മുന്നോട്ടുവെയ്ക്കുകയും ചെയ്തു. സരസ്വതിയമ്മ, ലളിതാംബിക അന്തർജ്ജനം, രാജലക്ഷ്മി, മാധവിക്കുട്ടി, സാറാജോസഫ്, ഗ്രേസി, ചന്ദ്രമതി, പ്രിയ എ.എസ്, സിതാര, കെ.ആർ. മീര എന്നിങ്ങനെ ഒട്ടേറെ സ്ത്രീ എഴുത്തുകാരികൾ ഈ രംഗത്ത് പ്രവർത്തിച്ചവരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

ഇത്തരം എഴുത്തുകാരികൾ ഓരേ സമയം സ്ത്രീയ്ക്ക് അന്യമായിരുന്ന ബോധത്തെ പുനർനിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തതോടൊപ്പം സ്ത്രീ സാന്നിധ്യത്തെ സ്വീകരിക്കാനുള്ള ഒരു പൊതുമണ്ഡല പുരുഷബോധം നിർമ്മിക്കുക കൂടി ചെയ്തു. ഇതിന് ഉപോത്ബലകമായി ശക്തമായ പിൻബലമേകിയത് സ്ത്രീവാദ കാഴ്പ്പാടുകളാണ്. ആ കാഴ്ചപ്പാടിന്റെ വക്താക്കളായി കേരളത്തിലുണ്ടായ ഇത്തരം എഴുത്തുകാരികളുടെ സാഹിതീയവും സാമൂഹികവുമായ പ്രവർത്തനങ്ങളെ വിലയിരുത്താവുന്നതാണ്.

വായനയും എഴുത്തും പരസ്പര ആവിഷ്കാരങ്ങളാണ്. വായനയിൽ ആശയങ്ങളുടെ പ്രതലത്തിൽ നിന്ന് ബഹുമുഖമായ നിർമ്മാണമാണ് നടക്കുന്നത്.

എഴുത്ത് ബഹുമുഖമായ അനുഭവങ്ങളുടെ ചുറ്റുപാടുകളിൽനിന്നുള്ള അർത്ഥസാധ്യതകൾക്ക് വിനിമയ സാധ്യത നൽകുന്ന ആവിഷ്കാരവുമാണ്. എഴുത്തിന്റെയും വായനയുടെയും അടിസ്ഥാനം സ്വത്വബോധമാണ്. സ്വത്വത്തിന്റെ ആവിഷ്കാരമോ സ്വത്വത്തിന്റെ പ്രകടനമോ ആണ് വാസ്തവത്തിൽ സർഗ്ഗാത്മകത. അനുഭവിക്കുന്നതും പ്രതിഫലിപ്പിക്കുന്നതും ഒരേസമയം സർഗ്ഗാത്മകതയുടെ ഇരുമുഖങ്ങളാണ്. അത്തരത്തിൽ വിനിമയ സാധ്യതയുടെ അടിസ്ഥാന സ്രോതസ്സായിരിക്കുന്ന സ്വത്വബോധമാണ് ആഖ്യാനത്തിന്റെ ഉറവിടം. അതുകൊണ്ട് ഉപരിതലത്തിൽ ആവിഷ്കൃതമാക്കപ്പെടുന്ന ഏത് വിനിമയ സാധ്യതകളുടെയും അടിത്തറയിൽ അന്തർലീനമായിരിക്കുന്നത് സ്വത്വബോധത്തിന്റെ സവിശേഷതകളാണ്. സ്വത്വത്തെ തിരിച്ചറിയാനുള്ള എളുപ്പമാർഗ്ഗം ആവിഷ്കാരത്തെ പരിശോധിക്കുകയാണ്. അത്തരത്തിൽ സ്ത്രീ യാത്രാവിവരണത്തിന്റെ ആഖ്യാനം യാത്രാവിവരണമെന്ന സർഗ്ഗാത്മക ഉല്പന്നത്തിന്റെ ബഹുമുഖമായ അർത്ഥ-ആശയ സാധ്യതകൾ, അനന്തമായ സൗന്ദര്യാവിഷ്കരണ സാധ്യതകൾ, തുടങ്ങിയവയെല്ലാം ഏകകേന്ദ്രീകൃതമായി ചെന്നെത്തുന്നത് സ്ത്രീസ്വത്വത്തിലേക്കാണ്. സ്ത്രീ സ്വത്വത്തിന്റെ ആഖ്യാനവും ആഖ്യാനത്തിലൂടെ സ്വത്വം വെളിപ്പെടുന്ന ഒരു സർഗ്ഗാത്മക പ്രവർത്തനവുമായി സ്ത്രീയാത്രാവിവരണങ്ങൾ പരിണമിക്കുന്നു. അതുകൊണ്ട് സ്ത്രീയാത്രാവിവരണങ്ങളുടെ അടിസ്ഥാനം എന്നു പറയുന്നത് സ്ത്രീസ്വത്വബോധത്തിന്റെ അന്തർധാരകളാണ്. ഇത്തരത്തിൽ സ്ത്രീ യാത്രകളെയും യാത്രാനുഭവങ്ങളിലെ വ്യത്യസ്തതകൾ ആഖ്യാനം ചെയ്യുമ്പോഴുള്ള സവിശേഷതകളേയും തുടർന്നുള്ള അധ്യായങ്ങളിൽ അന്വേഷിക്കുന്നു.

## കുറിപ്പുകൾ

1. ആനന്ദി, ടി.കെ. ജനകീയ സമരങ്ങളിൽ മലബാറിന്റെ പെൺപാതകൾ, കോഴിക്കോട്: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 2006, പുറം 8.
2. ലതികാ നായർ, പറവൂർ. ബി. ഭാരതസ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010, പുറം 19.
3. അതേ പുസ്തകം, പുറം 24.
4. അതേ പുസ്തകം, പുറം 51.
5. അതേ പുസ്തകം, പുറം 81.
6. വേലായുധൻ പണിക്കശ്ശേരി. സഞ്ചാരികൾ കണ്ട കേരളം, കോട്ടയം: കറന്റ് ബുക്സ്, 2012, പുറം 284.
7. ഫ്രാൻസിസ് ബുക്കാനൻ. കരിം, സി.കെ. (വിവ.) എന്റെ കേരളം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1981, പുറം 75.
8. അതേ പുസ്തകം, പുറം 149.
9. അതേ പുസ്തകം, പുറം 159.
10. രാജലക്ഷ്മി, വി.എം. (എഡി.). സ്ത്രീനീതി, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996, പുറം 74.
11. രാമകൃഷ്ണൻ,എം.കെ. വേണുഗോപാലൻ, കെ.എം. സ്ത്രീവിമോചനം ചരിത്രം, സിദ്ധാന്തം, സമീപനം, പയ്യന്നൂർ: നയനബുക്സ്, 1989, പുറം 52.
12. രാജലക്ഷ്മി, വി.എം. (എഡി.) സ്ത്രീ നീതി, റമ്ല എം. ഭാരതത്തിലെ മുസ്ലി വ്യക്തിനിയമം ഒരു ചരിത്ര ദർശനം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996, പുറം 10.
13. ആനന്ദി, ടി.കെ. ജനകീയ സമരങ്ങളിൽ മലബാറിന്റെ പെൺപാതകൾ, കോഴിക്കോട്: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 2006, പുറം 26.

14. ദേവിക, ജെ. കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ, തിരുവനന്തപുരം: സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ്, 2011, പുറം 31.

15. ആനന്ദി,ടി.കെ. ജനകീയ സമരങ്ങളിൽ മലബാറിന്റെ പെൺപാതകൾ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 2006, പുറം 32.

16. രാജലക്ഷ്മി, വി.എം. (എഡി.) സ്ത്രീ നീതി, പുറം 98.

17. അതേ പുസ്തകം, പുറം 103-104.

18. ഗീത, എഴുത്തമ്മമാർ. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പുറം 42-44.

19. അതേ പുസ്തകം, പുറം 44.

20. അതേ പുസ്തകം, പുറം 45.

21. അതേ പുസ്തകം, പുറം 125.

22. രാധിക,സി.നായർ. സമകാലിക സാഹിത്യസിദ്ധാന്തങ്ങൾ ഒരു പാഠപുസ്തകം, കോട്ടയം: കറന്റ് ബുക്സ്, പുറം 65.

23. ജ്യോതിലക്ഷ്മി, പി.എസ്. ഉറൂബിന്റെ സാഹിത്യദർശനം, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2005, പുറം 30.

24. ജാൻസി ജെയിസ്. (എഡി.) ഫെമിനിസം (1), തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000, പുറം 7.

25. അതേ പുസ്തകം, പുറം 8.

26. Virginia Woolf. Three Guineas, Florida: Harcourt, 1958.

27. ജയകൃഷ്ണൻ, എൻ. (എഡി.) പെണ്ണെഴുത്ത്, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011, പുറം 260.

28. അതേ പുസ്തകം, 266.

29. സുനിൽ, പി.ഇളയിടം. 'സ്വത്വരാഷ്ട്രീയവും ഇടതുപക്ഷവും', മലയാളം, 2010 ജൂലൈ, പുറം 24.

30. അതേ ലേഖനം, പുറം 24.

31. മധു, ടി.വി. ഞാൻ എന്ന (അ) ഭാവം, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2011, പുറം 14.

32. അതേ പുസ്തകം പു. 15.

33. രാധാകൃഷ്ണൻ നായർ, സി. ആഖ്യാനവിജ്ഞാനം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000, പുറം 11.

34. ശ്രീകണ്ഠക്കുറുപ്പ്, സി. 'ആഖ്യാനം: ദർശനവും പാരമ്പര്യവും' മലയാളം റിസേർച്ച് ജേർണൽ, 2005 ജനുവരി, വാല്യം 1, ലക്കം 1, പുറം 34.

35. ജിതേഷ്, ടി. ആഖ്യാനശാസ്ത്രം, കോഴിക്കോട്: ഒലിവ്, 2017, പുറം 15.

36. ജ്യോതിലക്ഷ്മി, പി.എസ്. സ്ത്രൈണസർഗ്ഗാത്മകത എഴുത്തും എഴുത്തുകാരികളും, ആലപ്പുഴ: സെന്റ് ജോസഫ്സ് കോളേജ്, ഡിപ്പാർട്ടുമെന്റ് ഓഫ് മലയാളം, 2013, പുറം 33.

37. വേലായുധൻ പണിക്കശ്ശേരി. കേരളചരിത്ര പഠനങ്ങൾ, കോട്ടയം: കറന്റ് ബുക്സ്, 1980,പുറം 142.

38. ചന്ദ്രശേഖരൻ നായർ, സി.കെ. ''മനുസ്മൃതിയും സ്ത്രീയും'', ഭാഷാപോഷിണി, 1995 ഒക്ടോബർ, പുസ്തകം 19, ലക്കം, 5, പുറം 59.

39. അതേ ലേഖനം, പുറം 61.

40. ലതികാനായർ, പറവൂർ ബി. ഭാരതസ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010, പുറം 27.

41. ദേവിക, ജെ. ചന്തപ്പെണ്ണും കുല സ്ത്രീയും ഉണ്ടായതെങ്ങനെ, തിരുവനന്തപുരം: സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ്, 2011. പുറം 41

# അദ്ധ്യായം 3

# സ്ത്രീയാത്രാവിവരണം – സാമാന്യ അവലോകനം

## 3.1 പെൺയാത്ര

പെൺയാത്ര എന്ന പരികല്പനകൊണ്ട് ഉദ്ദേശിക്കുന്നത് സ്ത്രീകൾ നടത്തുന്ന യാത്രകളാണ്. അതിൽ പ്രായത്തിന്റെയോ മതത്തിന്റെയോ ജാതിയുടെയോ മറ്റൊരു തരത്തിലുള്ള വർഗ്ഗീകരണവുമില്ല. എന്നാൽ സ്ത്രീക്ക് ജീവിതത്തിലെ പലതും വെല്ലുവിളിയായിരിക്കെ പെൺയാത്രകൾക്ക് സമൂഹം കല്പിക്കുന്ന ദൂരവും സമയവും പരിമിതമാണ്. അതുകൊണ്ടുതന്നെ സ്ത്രീയാത്രക്ക് ധാരാളം നിയന്ത്രണങ്ങളുമുണ്ട്. ഈ വിലക്കുകൾ, മറികടക്കുക ക്ലേശകരവുമാണ്. എന്നിരുന്നാലും അജ്ഞാതമായ സ്ഥലങ്ങളിൽ വ്യാപരിക്കാനുള്ള ജിജ്ഞാസ യാത്രയെ സ്വകാര്യവും സമ്പന്നവുമാക്കുന്നു.

ഒഴിച്ചുകൂടാനാവാത്ത ജീവിതാനുഭവമാണ് യാത്ര. മനസ്സുകൊണ്ടെങ്കിലും ദിനം പ്രതി യാത്രചെയ്യാത്തവരുണ്ടാവില്ല. ''സ്വകാര്യവും സാമാന്യവുമായ ഒട്ടനവധി ലിംഗാധിഷ്ഠിതമായ ധാരണകളെ സ്വയം മറികടന്നും മറ്റുള്ളവരെ മറികടക്കാൻ പ്രേരിപ്പിച്ചുമാണ് പെൺയാത്രികർ സഞ്ചരിക്കുന്നത്.''[1] പുറത്തേക്കുള്ള യാത്രകൾ യാത്രികരിലും അവരെ നോക്കിക്കാണുന്നവരിലും നവലോകങ്ങൾ തുറക്കുന്നു. ഭയം എന്ന വികാരവും സുരക്ഷിതത്വത്തെകുറിച്ചുള്ള വിഹ്വലതകളും സ്ത്രീയെ പിൻതുടരുന്നുണ്ടെങ്കിലും അതിനെ അനുനിമിഷം ചെറുത്തുനിൽക്കാൻ സ്ത്രീ ശ്രമിക്കുന്നുണ്ട്. പെൺയാത്രകളെ പ്രോത്സാഹിപ്പിക്കുന്ന പെൺയാത്രാസംഘങ്ങൾ ഇന്ന് നിലവിലുണ്ട്. യാത്രയുടെ വഴികൾ സ്ത്രീകൾക്കു കൂടി അവകാശപ്പെട്ടതാണെന്ന് തെളിയിക്കുകയാണ് ഇത്തരം യാത്രാസംഘങ്ങൾ. ഒറ്റയ്ക്കും കൂട്ടായും സ്ത്രീകളും സഞ്ചരിച്ചു തുടങ്ങിയിരിക്കുന്നു. ഇഷ്ടപ്പെട്ട സ്ഥലത്തേക്ക് ഒറ്റക്കൊരു യാത്ര, അല്ലെങ്കിൽ സുഹൃത്തുക്കൾക്കൊപ്പം ബൈക്കിലോ കാറിലോ ഉള്ള യാത്ര, ഇതെല്ലാം പെൺയാത്രികർക്കും ഇന്ന് സാധ്യമാണ്.

ഓരോ യാത്രയിലും ചലനം ക്രിയാത്മകമാകുന്നു. ‘‘സാമ്പത്തിക മേഖല യിൽ സ്വയം പര്യാപ്തത കൈവന്നിരിക്കുന്ന ഇന്നത്തെ ഒരു വലിയ സ്ത്രീ സമൂഹത്തെ യാത്ര ചെയ്യിപ്പിക്കാനായി വിപണിയും ഭരണകൂടവും പ്രയത്നിക്കുന്നു. സ്ത്രീകളും പെൺകുട്ടികളും അവതരിപ്പിക്കുന്ന ടെലിവിഷൻ സഞ്ചാരങ്ങൾ ജന പ്രീതി നേടുന്നു. പാചകവും സഞ്ചാരവും ഒന്നിച്ചു കൊണ്ടുപോവുന്ന പരിപാടി കൾ വീടിനകത്തെ കുടുംബിനിയെയും വീടിനുപുറത്തെ സഞ്ചാരപ്രിയയെയും ഒരുപോലെ അഭിസംബോധന ചെയ്യുന്നു.’’[2]

കേരളത്തിലെ സ്ത്രീകൾ തങ്ങളുടെ ദൈനംദിന യാത്രകളുടെ ആവർത്തന ങ്ങളിൽ നിന്ന് കണ്ടെടുക്കുന്ന യാത്രാനുഭവങ്ങൾ പലതാണ്. എന്നാൽ ദൈനംദിന ജീവിതത്തിന്റെ ഭാഗമായ യാത്രകളും അവയിൽ അനുഭവിക്കേണ്ടിവരുന്ന മാനസി കക്ലേശങ്ങളും പിരിമുറുക്കങ്ങളും ചെറിയ സന്തോഷങ്ങളും രേഖപ്പെടുത്താതെ പോകുന്നുണ്ട്. ആ അനുഭവങ്ങൾ തികച്ചും വ്യത്യസ്തവുമാണ്.വിനോദവും സാഹ സികതയും മാത്രമല്ല ഇവയുടെ യാത്രോദ്ദേശ്യങ്ങൾ. ഇത്തരം യാത്രകൾ മിക്കതും ജീവനോപാധികളായ യാത്രകളാണ്.

മുൻകാലങ്ങളിൽ അടുക്കളയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന സ്ത്രീസ്വത്വം ഇന്ന് ആ അന്തരീക്ഷത്തിൽനിന്നും അസ്വാതന്ത്ര്യങ്ങളിൽ നിന്നും സ്ത്രീകൾ രക്ഷ നേടിയിട്ടുണ്ട്. എങ്കിലും സാങ്കേതികമായ അർത്ഥത്തിലാണ് ആധുനിക കാലഘട്ട ത്തിലെ സ്ത്രീകളും ഒരു പരിധിവരെ സ്വാതന്ത്ര്യം അനുഭവിക്കുന്നത്. കുടുംബ ത്തിലും സമൂഹത്തിലും നിലനില്ക്കുന്ന അലിഖിതമായ പല നിയമങ്ങളിലും സ്ത്രീ ഇപ്പോഴും വിലക്കുകൾക്കുള്ളിൽ തന്നെയാണ്.

‘‘സ്കൂളിലേക്കുള്ള യാത്ര, തൊഴിൽ തേടിയുള്ള യാത്ര, തൊഴിൽ കേന്ദ്ര ത്തിലേക്കുള്ള യാത്ര, ഉൾപ്രദേശങ്ങളിൽ രാവിലെ വീട്ടാവശ്യത്തിനായുള്ള വെള്ളം ശേഖരിക്കാനുള്ള പുറപ്പെടൽ – അങ്ങനെ ഓരോ ദിവസവും സ്ത്രീകൾ നടത്തുന്ന ഹ്രസ്വവും ദീർഘവുമായ അനവധി യാത്രകൾ, കടുത്ത സംഘർഷങ്ങളെ നേരിടു

വാൻ മധ്യവയസ്കകളും യുവതികളും വൃദ്ധകളും നടത്തുന്ന നാലമ്പലയാത്രകൾ, എന്നിങ്ങനെ വിവിധതരത്തിൽ സ്ത്രീ യാത്രകൾ നീളുന്നു. തീർത്ഥാടനങ്ങൾ ആൺകോയ്മയ്ക്കകത്തും സ്ത്രീകൾക്ക് അനുവദിച്ചുകൊടുത്ത അവസരങ്ങളാണ്.''[3]

''യാത്രയ്ക്ക് ഭർത്താവിനേയും മറ്റും ആശ്രയിച്ചിരുന്ന സ്ത്രീ ഇന്ന് ഒറ്റയ്ക്ക് യാത്ര ചെയ്യാൻ നിർബന്ധിതയായിരിക്കുന്നു. അങ്ങിനെ ബസ്സിലും ട്രെയിനിലും മറ്റുമായി യാത്രചെയ്യുന്ന സ്ത്രീ കൂടുതൽ  അനുഭവങ്ങൾ നേടിക്കൊണ്ടിരിക്കുകയാണ്.  ഓരോ യാത്രയും അവൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്നു. അവളുടെ ലോകത്തെ വിശാലമാക്കുന്നു. അവൾ സ്വാതന്ത്ര്യത്തിന്റെ വഴിയിലാണെന്ന് ലോകത്തെ അറിയിക്കുന്നു.''[4]

പല ആവശ്യങ്ങൾക്കായി വീട്ടിൽനിന്ന് പുറത്തേക്ക് ഇറങ്ങേണ്ടിവരുന്ന സ്ത്രീയ്ക്ക് ഇന്നും പൂർണ്ണസ്വാതന്ത്ര്യത്തോടെ യാത്ര ചെയ്യാൻ സാധിക്കുന്നില്ല. പുരുഷൻ സ്വതന്ത്രനായി സഞ്ചരിക്കുമ്പോൾ സ്ത്രീയ്ക്ക് അതിനുവേണ്ടി പോരാടേണ്ടി വരുന്നു.

യാത്രയിലൂടെ സ്വാതന്ത്ര്യത്തിലേക്കാണ് സ്ത്രീ പ്രവേശിക്കുന്നതെങ്കിലും അതിന് പരിമിതികളുണ്ട്. സുരക്ഷിതത്വത്തെക്കുറിച്ചുള്ള ഉൾഭയം സ്ത്രീയെ പിൻതുടരുന്നു.

എങ്കിലും സ്ത്രീയുടെ യാത്രാമോഹങ്ങൾക്ക് പാരമ്പര്യവും പഴമയും തുടർച്ചയുമുണ്ടെന്ന് ഇതിഹാസങ്ങളിലെയും പുരാണങ്ങളിലെയും  പഴങ്കഥകളിലെയും സ്ത്രീകഥാപാത്രങ്ങൾ തെളിയിക്കുന്നുണ്ട്.

സ്വയം തിരിച്ചറിയാനും നിർമ്മിക്കാനുമുള്ള അനുഭവങ്ങൾക്ക് കാരണമാവുന്നു യാത്രകൾ.  ചെറിയ യാത്രകൾ പോലും അനുഭവങ്ങളുടെ പുതിയ പശ്ചാത്തലങ്ങൾ യാത്രികർക്ക് നൽകുന്നുണ്ട്. യാത്രയും ജീവിതവും അന്യോന്യപൂരകങ്ങളാണ്. അതുകൊണ്ടുതന്നെ യാത്രയെക്കുറിച്ചുള്ള പഠനങ്ങളും ശ്രദ്ധാർഹമാണ്.

### 3.1.1 പെൺയാത്രയും സാമൂഹ്യപശ്ചാത്തലവും

സ്ത്രീയാത്രകൾ രൂപപ്പെടുന്ന സമയം, സ്ഥലം, സന്ദർഭം തുടങ്ങിയവയാണ് സാങ്കേതികമായ അർത്ഥത്തിൽ ഭൗതികമായ സാമൂഹിക പശ്ചാത്തലം. സമൂഹമാണ് സ്ത്രീയാത്രയെ നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും. പരമ്പരാഗതമായി കൈയടക്കി വെച്ചിരിക്കുന്ന യാത്രാസുഖം പുരുഷന്റേതാണ്. വീട്ടിൽ ചടഞ്ഞുകൂടുന്ന ആൺകുട്ടിയോട് പുറത്ത് പോവാത്തതിന്റെ പേരിൽ പരാതിപ്പെടുമ്പോൾ 'അവൾക്ക് വീട്ടിലിരിക്കാൻ നേരമില്ല' എന്ന് പരിഭവപ്പെടുന്നതും വീട്ടുകാർ തന്നെയാണ്. അങ്ങനെ നോക്കുമ്പോൾ വീട്ടിൽ നിന്നു തന്നെയാണ് യാത്രാസ്വാതന്ത്ര്യത്തിന്റെ ലിംഗഭേദം ആരംഭിക്കുന്നത്. വീട്ടിൽനിന്ന് പുറത്തിറങ്ങുകയും സമൂഹത്തോട് സംവദിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു സ്ത്രീ - പൊതുഉപഭോഗത്തിനുള്ള ചരക്കായി കണക്കാക്കപ്പെടുന്ന പുരുഷമനോഭാവം സമൂഹത്തിൽ നിലനിൽക്കുന്നു. ഇരുട്ടാവുമ്പോഴേക്കും വീട്ടിലെത്തണമെന്ന് പെണ്ണിനെ പഠിപ്പിക്കുന്നത് സമൂഹം തന്നെയാണ്. ഇരുളിൽ ശത്രുക്കൾ പതിയിരിക്കുന്നുണ്ടെന്ന ബോധം സമുഹത്തിന്റെ അബോധമനസ്സിൽനിന്നും (Collective Unconscious) ഉത്ഭവിക്കുന്നതാണ്.

പുരുഷഗുണങ്ങളായി കരുതുന്ന ശക്തി, അധികാരം, വിജയം, കൈയേറ്റം എന്നിവയാണ് കൂടുതൽ മതിക്കപ്പെടുന്നത്. ഈ അധികാരപദവി അല്ലെങ്കിൽ കാലങ്ങളായി കൈയടക്കിവച്ചിട്ടുള്ള ഈ അവകാശങ്ങൾ പങ്കിടുന്നതിന്റെ അസ്വസ്തതയോടെയാണ് പുരുഷസമൂഹം സഹയാത്രികരായ സ്ത്രീകളെ നോക്കിക്കാണുന്നത്.

കാലങ്ങൾക്കുമുമ്പ് സ്ത്രീ വീട്ടിലെ ജോലി ചെയ്യുകയും പുരുഷൻ പുറത്ത് പോയി അധ്വാനിച്ച് കുടുംബം പുലർത്തുകയും ചെയ്യുകയായിരുന്നു പതിവ്. അന്ന് സ്ത്രീ വീട്ടിൽ ഒതുങ്ങിക്കൂടുകയായിരുന്നു. നമ്പൂതിരി സ്ത്രീകൾക്ക് താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകളുടെ അത്രപോലും യാത്രാസ്വാതന്ത്ര്യമുണ്ടായിരു

ന്നില്ല. ‘‘കുളിക്കാനുള്ള കുളം മുതൽ തൊഴാൻ പോകുന്ന അമ്പലം വരെ എന്നി ങ്ങനെ അവരുടെ യാത്രയുടെ അകലങ്ങൾ നിശ്ചയിക്കപ്പെട്ടിരുന്നു.’’[5] ദളിത് സ്ത്രീകൾ അവരുടെ പണിസ്ഥലങ്ങൾ വരെയായിരുന്നു യാത്ര ചെയ്തിരുന്നത്. ആ യാത്രയ്ക്കും തൊഴിലിനുമിടയിൽ അവർ ആണുങ്ങളുടെ അശ്ലീലനോട്ട ങ്ങൾക്കും പീഡനങ്ങൾക്കും വിധേയരായിരുന്നു.

എന്നാൽ ഇന്നത്തെ സ്ഥിതിഗതികൾ മാറിയിരിക്കുന്നു. മറ്റു സംസ്ഥാന ങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ വിദ്യാഭ്യാസപരവും തൊഴിൽപരവു മായി വളരെയധികം മുൻപന്തിയിലാണ്. എന്നിട്ടുകൂടി കേരളത്തിലെ സ്ത്രീകൾ പൊതുസ്ഥലത്ത് ആക്രമിക്കപ്പെടുന്നു. വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കേണ്ട സംസ്കാരസമ്പന്നതയും സ്വാതന്ത്ര്യബോധവും ഈ വിഷയങ്ങളിൽ ഉന്നതരെന്ന് കരുതുന്ന കേരളസമൂഹത്തിൽപോലും പൂർണ്ണതയിൽ എത്തിയിട്ടില്ല. വിദ്യാസമ്പ ന്നരായ പുരുഷസമൂഹംപോലും ഒരു പരിധിവരെ മാത്രമേ ഇക്കാര്യത്തിൽ നവീക രിക്കപ്പെട്ടിട്ടുള്ളൂ.

യാത്രകളും യാത്രാനുഭവങ്ങളും കൈയ്യടക്കി വെച്ചിരുന്ന പുരുഷസമൂഹ ത്തിന്റെ അബോധമനസ്സ് സ്ത്രീയാത്രകളെയും യാത്രാനുഭവങ്ങളെയും ബോധ പൂർവ്വമായിട്ടല്ലെങ്കിലും പ്രതിരോധിക്കുന്നുണ്ട്.

വിദ്യാഭ്യാസത്തിനും ജോലിക്കുമായി വീടിനുപുറത്തുപോകുന്ന സ്ത്രീക ളുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചു വരികയാണ്. പുതിയ തൊഴിൽ മേഖലകൾ അതിനുവേണ്ടിയുള്ള പഠനങ്ങൾ എന്നിവയ്ക്കെല്ലാം യാത്രകൾ അനിവാര്യമായിരി ക്കുന്നു. അതുകൂടാതെ സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ ഉണ്ടായ മാറ്റങ്ങളുടെ ചുവടുപിടിച്ച് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകളിൽ നിന്നും അവർ യാത്രാസ്വാദ കരും യാത്രചെയ്യാനാഗ്രഹിക്കുന്നവരുമായി മാറിയിരിക്കുന്നു എന്ന് കണ്ടെത്താൻ കഴിയും. ഇങ്ങനെ പുറംലോകയാത്രകൾ സ്ത്രീകളുമായി പങ്കിട്ടാൽ മാത്രമെ സമൂഹത്തിന്റെ അബോധതലങ്ങളിൽ അടിയുറച്ച സങ്കല്പങ്ങൾ മാറ്റാൻ സാധി

ക്കുകയുള്ളൂ. അപ്പോഴേ സ്ത്രീകളെയും അംഗീകരിക്കാൻ പൊതുസമൂഹം തയ്യാറാകൂ. അതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടത് അനിവാര്യമാണ്.

സ്ത്രീ യാത്ര ചെയ്യുന്നതിനെ വിലക്കിയിരുന്ന നിരവധി ഘടകങ്ങളുണ്ടായിരുന്നു. വിലക്കുകൾ കൂടുതൽ അനുഭവിച്ചത് സവർണ്ണസ്ത്രീകളായിരുന്നു. 'യാത്ര കാട്ടിലും നാട്ടിലും' എന്ന ദേവകി നിലയങ്ങോടിന്റെ അനുഭവക്കുറിപ്പിൽ അന്നത്തെ സാമൂഹികാവസ്ഥയെക്കുറിച്ചും സ്ത്രീ വിലക്കുകളെക്കുറിച്ചും സൂക്ഷ്മമായി വ്യക്തമാക്കുന്നുണ്ട്. പ്രസവത്തിൽ പെണ്ണുപിറന്നാൽ തന്നെ പല കുടുംബങ്ങളിലും മ്ലാനത മാത്രമായിരുന്നു. ഈ വ്യത്യാസം അവരുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലുമുണ്ട്. ''ആൺകുട്ടികളുടെ പിറന്നാളുകളും മറ്റടിയന്തിരങ്ങളും വരുമ്പോൾ നടക്കുന്ന വലിയ ആഘോഷങ്ങൾ ഒന്നും പെൺകുട്ടികളുടേതിനില്ല. കുടുംബത്തിലെ രണ്ടാംകിട പൗരത്വമേ തനിക്കുള്ളൂവെന്ന തോന്നലുളവാക്കുന്ന സംസാരവും പെരുമാറ്റവും ആണ് പെൺകുട്ടികൾക്ക് എപ്പോഴും അനുഭവപ്പെട്ടത്.''[6]

അന്തർജ്ജനങ്ങൾ ഒന്നുകിൽ അവിവാഹിത, അല്ലെങ്കിൽ സപത്നി, അതുമല്ലെങ്കിൽ വിധവ ഇതിലേതെങ്കിലുമൊരു നിലയിൽ ദീർഘകാലം ഒറ്റയ്ക്ക് കഴിയേണ്ടിവരും. വൃദ്ധന്മാർ പത്തോ പതിനഞ്ചോ വയസ്സ് പ്രായമുള്ള പെൺകുട്ടികളെ വിവാഹം ചെയ്യുക പതിവായിരുന്നു. അതുകൊണ്ട് മിക്ക വീടുകളിലും വൃദ്ധന്മാരുടെ മരണത്തിനു ശേഷം പ്രായപൂർത്തിപോലും എത്താത്ത വിധവകൾ ധാരാളം ഉണ്ടായിരുന്നു. അന്തർജ്ജനങ്ങളെയോ വിധവകളെപോലും വിവാഹം ചെയ്യാനുള്ള വ്യവസ്ഥ അപ്ഫൻ നമ്പൂതിരിമാർക്ക് ഇല്ലായിരുന്നു. അതുകൊണ്ടു തന്നെ പഴയകാലത്ത് നമ്പൂതിരി സ്ത്രീകൾക്ക് മരണം വരെ വലിയ ദുരിതം അനുഭവിക്കേണ്ടി വന്നു. പുരുഷന് ധാരാളമായി ലഭിച്ചിരുന്ന ലൈംഗിക സ്വാതന്ത്ര്യം പോലും സ്ത്രീയ്ക്ക് നിഷിദ്ധമായിരുന്നു.''[7]

തെക്കൻ തിരുവിതാംകൂറിൽ ചാന്നാർ സ്ത്രീകളുടെ മാറു മറയ്ക്കാനുള്ള

അവകാശത്തിനു വേണ്ടി നടന്ന മേൽമുണ്ട് സമരം, കല്ലുമാലകൾ ധരിക്കണമെന്ന സവർണ ശാസനക്കെതിരെ അയ്യങ്കാളിയുടെ ആഹ്വാനപ്രകാരം പുലയ സ്ത്രീകൾ നടത്തിയ കല്ലുമാല സമരം തുടങ്ങിയവയിൽ സ്ത്രൈണലൈംഗികതയോടുള്ള പുരുഷന്റെ ഇടപെടലിനെതിരെയുള്ള സ്ത്രീയുടെ പ്രതിരോധശ്രമങ്ങളാണ് ഉണ്ടായിരുന്നത്.

ജാതീയമായ അസമത്വങ്ങൾ അവർണ്ണസമൂഹങ്ങളുടെ മുന്നേറ്റത്തിന് അവസരമൊരുക്കിയത് പോലെതന്നെ ജാതിക്കുള്ളിലെ അന്ധവിശ്വാസങ്ങളും അനാചരങ്ങളും സവർണ്ണസമൂഹങ്ങളിലേയും പ്രശ്നമായിരുന്നു.

ദേശീയ പ്രസ്ഥാനം ഏറ്റവും സജീവമായ 1920 കൾക്ക് ശേഷമാണ് ഊർജ്ജസ്വലതതോടെ ഇന്ത്യൻ സ്ത്രീത്വം ഒരു കർമ്മശക്തിയായി മുന്നോട്ടു വന്നത്.

വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നടന്ന സാമൂഹ്യ പരിഷ്ക്കരണ ശ്രമങ്ങൾ കേരളത്തിലെ മുഴുവൻ സ്ത്രീകളുടെയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടാനുള്ള ശ്രമങ്ങളായി കരുതാം.

കേരളത്തിൽ നടന്ന കർഷകമുന്നേറ്റങ്ങളിലും സ്ത്രീപ്രാതിനിധ്യമുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളോട് ബന്ധപ്പെട്ടുകൊണ്ടാണ് സ്ത്രീകൾ തൊഴിൽ രംഗത്തെത്തിയത്. മുതലാളിത്തത്തോട് പ്രതികരിക്കുകയും സ്വന്തം അവകാശങ്ങൾ ചോദിച്ചു വാങ്ങുകയും ചെയ്യാൻ ആരംഭിച്ചു. കമ്യൂണിസ്റ്റ് സംഘടിതമുന്നേറ്റങ്ങളിൽ സ്ത്രീകളുടെ സജീവമായ പങ്കാളിത്തമുണ്ടായിട്ടുണ്ട്. സ്ത്രീ വർഗ്ഗപരമായും സ്വത്വപരമായും അനുഭവിച്ചിരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അന്ന് ശ്രമിച്ചിട്ടില്ലായിരുന്നു.

അറുപതുകളോടെ ലോകത്തിന്റെ പല ഭാഗങ്ങളിലും ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ ശക്തമായി. 1975-ൽ പൂനെയിൽ 'സ്ത്രീസംഘർഷ്' സംഘടിപ്പിച്ച സമ്മേളനം സ്ത്രീകളുടെ കൂട്ടായ്മക്ക് വ്യത്യസ്തമായ വേദിയൊരുക്കി.

1980–കളിലാണ് സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ സജീവമാകുന്നത്. സ്ത്രീ ശാക്തീകരണം എന്ന ആശയത്തിന് ഏറെ പ്രാമുഖ്യം ലഭിച്ചു. മാനുഷി, ബോധന, പ്രചോദന തുടങ്ങിയ സംഘടനകൾ കേരളത്തിലെ സ്ത്രീ പ്രശ്നങ്ങൾ ഉയർത്തി പ്പിടിച്ചു.

പരിഷ്കരണ പ്രക്ഷോഭകാലത്താണ് സ്ത്രീയുടെ പ്രശ്നങ്ങൾ ഒരു ചിന്താ വിഷയമായിത്തീരുന്നത്. കൊളോണിയൽ ആധുനികതയും ഇംഗ്ലീഷ് വിദ്യാഭ്യാ സവും നൽകിയ വ്യക്തിബോധത്തിൽ നിന്നാണ് കേരളത്തിൽ നവോത്ഥാനപ്ര സ്ഥാനങ്ങൾ രൂപം കൊണ്ടത്. ജാതിവ്യവസ്ഥ അനേകം അസമത്വങ്ങളും അസംബ ന്ധങ്ങളും മുന്നോട്ടു വെക്കുന്ന ഒരു സമൂഹത്തിൽ വ്യക്തിക്ക് അംഗീകാരം ലഭിക്കു കയില്ല എന്ന തിരിച്ചറിവ് അതിനെതിരെ തിരിയാനുള്ള പ്രേരണയായി.

സ്ത്രീകൾ പരിഷ്ക്കരിക്കപ്പെട്ടതിന് പുരുഷബോധം കണ്ടെത്തിയ കാരണ ങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യസമരം, ദേശീയ നവോത്ഥാനം, ആധുനിക വിദ്യാഭ്യാസം എന്നിവയായിരുന്നു. എന്നാൽ ഇതെല്ലാം പുരുഷന്റെ തന്നെ മേൽനോട്ടത്തിൽ സംഭവിച്ച കാര്യങ്ങളായിരുന്നു. ഭാവനാശക്തിയും സ്വാതന്ത്ര്യബോധവും പെണ്ണിന്റെ മാനസിക ഊർജ്ജമായിരുന്നു. ശാരദ, മഹിള തുടങ്ങിയ ആദ്യകാലമാ സികകളിൽ പ്രത്യക്ഷപ്പെട്ട സ്ത്രീകളുടെ ചിന്തകളും പ്രതികരണങ്ങളും തന്നെ യാണ് പിൽക്കാല എഴുത്തുകാരികളുടെ പിൻബലമായി തീർന്നത്.

സ്ത്രീകളുടെ സർഗ്ഗാത്മകമായ ധൈര്യവും സന്നദ്ധതയും കേരളത്തിലെ സ്ത്രീകളെ മാത്രമല്ല ഗദ്യഭാഷയെയും വികസിപ്പിച്ചെടുത്തു. അതുവരെ അപ്രാപ്യ മെന്നു കരുതിയിരുന്ന നിരവധി വിഷയങ്ങൾ സ്ത്രീയുടെ ചിന്താപരിധിക്കുള്ളിൽ ഉടലെടുക്കുകയും അത് വികസിപ്പിച്ചെടുക്കുന്നതിനായി സ്വന്തമായൊരു ഭാഷ രൂപ പ്പെടുത്തിയെടുക്കുകയും ചെയ്തു. എങ്ങനെയാണോ കുടുംബിനിയായ സ്ത്രീ ഒരു എഴുത്തുകാരിയായി അറിയപ്പെടാൻ തുടങ്ങിയത് അതുപോലെ നിരവധി വില ക്കുകൾക്കും ചെറുത്തുനിൽപ്പുകൾക്കും ശേഷമാണ് സ്ത്രീയാത്രയും സാഫല്യം

കണ്ടെത്തിയത്. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ആദ്യകാല യാത്രാനുഭവങ്ങൾ ചിതറിയ കുറിപ്പുകളായേ രേഖപ്പെടുത്താൻ സാധിച്ചിരുന്നുള്ളൂ.

### 3.1.2 ചിതറിയ യാത്രാനുഭവങ്ങൾ

യാത്ര ജീവിതഗന്ധിയാണെങ്കിലും സ്ത്രീയ്ക്ക് യാത്ര എന്നും ഉത്തരവാദിത്വത്തിന്റെയും അനുയാത്രയുടെതുമായിരുന്നു. യാത്രയ്ക്ക് ദൂരവും സമയവും നിശ്ചയിച്ചതു കൊണ്ടു തന്നെ 'നല്ല സ്ത്രീ' എന്ന കാഴ്ചപ്പാടിനകത്തു നിന്നവർക്ക് സഞ്ചാരം തങ്ങളുടെ വീട്ടിലും പറമ്പിലും ഒതുങ്ങിനിൽക്കുന്നതായിരുന്നു. കലാസാംസ്കാരിക രംഗങ്ങളുമായും തൊഴിൽ ആവശ്യവുമായും ബന്ധപ്പെട്ട് സ്ത്രീകൾ പുറത്തേക്ക് സഞ്ചരിച്ചിരുന്നു. ഇത്തരം യാത്രാനുഭവങ്ങൾ ഓർമ്മക്കുറിപ്പുകളും ചിതറിയ യാത്രാനുഭവങ്ങളുമായി രേഖപ്പെടുത്തിവെയ്ക്കുകയും ചെയ്തു.

ഇന്നും പരിമിതമായ യാത്രാവകാശങ്ങൾ ഉള്ളവരും പെരുമാറേണ്ടുന്ന ഇടം ഇന്നതെന്ന് മുൻകൂട്ടി നിർവചിക്കപ്പെട്ടവരും ആണ് സ്ത്രീകൾ. തൊഴിലുമായി ബന്ധപ്പെട്ട യാത്രകളെ സമൂഹം അവഗണിക്കുന്നില്ല. എന്നാൽ സ്ത്രീകൾ നടത്തുന്ന മറ്റു യാത്രകളെയും സംഘടനാ പ്രവർത്തനങ്ങളെയും സമൂഹം വിലമതിക്കുന്നുമില്ല.

### 3.1.3 തൊഴിലും യാത്രയും

ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടതും എന്നാൽ തമസ്കരിക്കപ്പെട്ടുപോയതുമായ പെൺയാത്രാചരിത്രം തന്നെയാണ് 1960 കളിൽ ക്രിസ്ത്യൻ പെൺകുട്ടികൾ നഴ്സിങ്ങ് പഠിക്കാനായി ജർമ്മനിയിലേക്ക് നടത്തിയ കുടിയേറ്റം. അവരുടെ യാത്രാനുഭവങ്ങൾക്ക് ഓർമ്മക്കുറിപ്പുകളോടാണ് ഏറെ അടുപ്പമെങ്കിലും അതൊന്നും രേഖപ്പെടുത്താതെപോയി. ഇപ്രകാരം രേഖപ്പെടുത്താതെ പോയ ക്രമീകൃതമല്ലാത്ത യാത്രാനുഭവങ്ങളാണിവിടെ പരാമർശവിധേയമാക്കുന്നത്.

ഏകദേശം അയ്യായിരത്തോളം കൗമാരപ്രായക്കാരികൾ നഴ്സിങ്ങ് പഠിക്കാൻ വേണ്ടി ജർമനിയിലേക്ക് കുടിയേറിയത് 1960 കാലഘട്ടത്തിലാണ്. ''ഒരുപ

ക്ഷേ, ലോകത്തിലെ തന്നെ ആദ്യത്തെ സമ്പൂർണ്ണ പെൺകുടിയേറ്റം, യൂറോപ്പിലെ ആദ്യത്തെ മലയാളികുടിയേറ്റ സമൂഹം - 'ഡയാസ്പോറ' അവരാണ് സ്ഥാപിച്ച ത്.''[8]

പത്താം ക്ലാസ്സ് പാസായ ഉടൻ ജർമ്മനിയിൽ എത്തിയവരായിരുന്നു അവർ. പതിനാറ്-പതിനേഴ് വയസ് പ്രായം. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതിക ളിൽ നിന്ന് കരകയറാനുള്ള യ്തനത്തിലായിരുന്നു അപ്പോൾ ജർമ്മനി. ചുരുക്കം ചില വിദ്യാർത്ഥികളും കത്തോലിക്ക സഭാപ്രവർത്തകരുമല്ലാതെ അധികം മലയാ ളികൾ യൂറോപ്പിൽ അന്ന് ഉണ്ടായിരുന്നില്ല. എല്ലാം തകർന്ന ജർമനിയിലെ ആശു പത്രികളിൽ നഴ്സുമാർ വിരളമായിരുന്നു. അങ്ങനെയാണ് ഗ്ലോബൽ നെറ്റ് വർക്ക് ഓഫ് കാത്താലിക്ക് ചർച്ചുമായി ചേർന്ന് ജർമ്മനി, പത്താംക്ലാസ്സ് ജയിച്ച പെൺകു ട്ടികളെ ഇന്ത്യയിൽ നിന്ന് നഴ്സിങ്ങ് പരിശീലനത്തിനായി കൊണ്ടുവരാനുള്ള ധാര ണയുണ്ടാക്കിയത്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നായിരുന്നു കൂടുതൽ പെൺകുട്ടികൾ ജർമ്മനിയിലേക്ക് പോകാൻ തയ്യാറായത്. തങ്ങളുടെ ചെറുഗ്രാമങ്ങളല്ലാതെ വേറൊരു ലോകപരിചയവും ഇല്ലാത്തവർ, ധാരാളം അംഗ ങ്ങൾ ഉള്ള കുടുംബങ്ങളിൽ നിന്ന്, അറിയപ്പെടാത്ത ഏതോ രാജ്യത്തേക്ക് ഒറ്റ യ്ക്കുള്ള യാത്ര ഏറെ വേദനാജനകമായിരുന്നു

''യാത്രയുടെ രസകരമായ അനുഭവങ്ങൾ അവർ പങ്കുവെക്കുന്നുണ്ട്. കപ്പ ലിലെ പതിനെട്ട് ദിവസത്തെ യാത്ര, ആദ്യമായി കാണുന്ന യൂറോപ്യൻ ക്ലോസെ റ്റിന് മുകളിൽ ചെരുപ്പുമായി കയറിയിരുന്നത്. കപ്പൽ ജോലിക്കാരുടെ ശകാരങ്ങൾ ഒന്നും മനസ്സിലാവാതെ ചിരിച്ചുകൊണ്ട് കേട്ടിരുന്നത്. ആദ്യമായി വിമാനം ഉയർന്ന പ്പോൾ നിലവിളിച്ച് സഹയാത്രികരെ പരിഭ്രമത്തിലാക്കിയത്. തിരുവനന്തപുരത്ത് നിന്ന് മദ്രാസിലേക്ക് പോയ വിമാനത്തിലിരുന്ന് പൊട്ടിക്കരഞ്ഞ തങ്ങളെ നടൻ സത്യൻ ആശ്വസിപ്പിച്ചത്.''[9]

ഉദ്യോഗം അത്യാവശ്യം ആയതുകൊണ്ടു മാത്രമാണ് ഇത്തരം ഒരു യാത്ര നടന്നത്. യാത്ര ചെയ്ത് അന്യദേശത്തേയ്ക്ക് പോയതുകൊണ്ടുമാത്രമാണ് പുത്തൻ കാര്യങ്ങൾ കണ്ടറിയാനും പ്രതികൂല അവസ്ഥകളെ അതിജീവിക്കാനും പുതിയ കാഴ്ചകളുടെ ആനന്ദം അനുഭവിക്കാനും കഴിഞ്ഞത്.

ഭാഷയായിരുന്നു പ്രധാന പ്രശ്നം. ജർമ്മനിയിൽ പോയി വന്ന വൈദികർ പഠിപ്പിച്ച ചില വാക്കുകൾ മാത്രമായിരുന്നു കൈമുതൽ. വീട്ടുകാരെ പിരിഞ്ഞ ദുഃഖത്തിൽ ഉച്ചത്തിൽ നിലവിളിച്ച അവർ ഒട്ടെല്ലാ പ്രശ്നങ്ങളെയും അതിജീവിച്ചു. യാത്ര അതിജീവനത്തിന്റേതാണെന്ന് തെളിയിക്കുകയായിരുന്നു ഈ മലയാളി പെൺകുട്ടികൾ. ഭക്ഷണം അവർക്ക് അതിലേറെ പ്രശ്നമായിരുന്നു. പച്ചിലകൾ അരിഞ്ഞിട്ട സാലഡും പച്ച ഇറച്ചിപോലെ തോന്നിയ സോസേജും പരിചിതമല്ലാത്ത മണമുള്ള ചീസും കണ്ട് അവർ പകച്ചെങ്കിലും, പുതിയ പ്രകൃതിയും പുതിയ ഭാഷയും പുതിയ സാഹചര്യങ്ങളുമായി അവർ വേഗം ഇണങ്ങി.

ആദ്യകാലം പാശ്ചാത്യശൈലിയിലുള്ള കഠിനപരിശീലനത്തിന്റേതായിരുന്നു. ശുചീകരണം തുടങ്ങി പാചകം വരെ ചെയ്യേണ്ടി വന്നു. 'ബ്രൗൺ ഏയ്ഞ്ചൽസ്' എന്ന് പൊതുവെ അറിയപ്പെട്ടിരുന്ന ഇവരുടെ സേവനം ജർമനിക്ക് ഏറെ പ്രയോജനപ്പെട്ടു. കിട്ടുന്ന ശമ്പളം മിച്ചം പിടിച്ച് അവർ കേരളത്തിലെ അവരുടെ കുടുംബങ്ങളെ കൈപിടിച്ചുയർത്തി. കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഏറ്റവും വലിയ സംഭാവന നൽകാൻ ആരുമറിയാത്ത ഈ കുടിയേറ്റക്കാർക്ക് കഴിഞ്ഞു. ജർമ്മൻ പൗരത്വം നേടി അവർ ജർമ്മൻകാരെപോലെയായി. അന്നത്തെ പെൺകുട്ടികളുടെ ആദ്യ തലമുറ ഇന്ന് വിശ്രമജീവിതത്തിലേക്ക് കടന്നിരിക്കുന്നു. അവരുടെ മക്കൾ ജർമൻ സമൂഹത്തോടൊപ്പമാണ് വളർന്ന് വന്നത്. അതുകൊണ്ടുതന്നെ അവരുടെ സംസ്കാരവും കാഴ്ചപ്പാടും വ്യത്യസ്തമാണ്. സാമൂഹിക പദവികളിൽ അസൂയാവഹമായ പുരോഗതിയിലേക്ക് നഴ്സുമാരുടെ രണ്ടാം തലമുറ വളർന്നിരിക്കുന്നു. ഇത്തരം യാത്രകളും സ്ത്രീ അനുഭവങ്ങളും

ചരിത്രം രേഖപ്പെടുത്തി വെച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇത്തരം യാത്രകളുടെ അനുഭവങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്.

അത്ര ചെറുപ്പത്തിലേ നാടുവിട്ടുപോയ, ഭാഷയറിയാതെ, വേണ്ടപ്പെട്ടവരെ പിരിഞ്ഞ, മറ്റൊരു സംസ്കാരത്തിലേക്ക് പറിച്ചുനടപ്പെട്ട ഈ പെൺകുട്ടികളുടെ ജീവിതം, യാത്ര പഠിപ്പിച്ച പാഠങ്ങൾ എന്നിവ വൈവിധ്യമുള്ളതാണ്. പക്ഷെ ഇത്തരം അനുഭവങ്ങൾ പുറം ലോകം മനസ്സിലാക്കിയില്ല.

സ്ത്രീകൾ യാത്ര ചെയ്യുന്നത് ഇന്ന് വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. സെലിബ്രിറ്റികളായവരെക്കൊണ്ട് യാത്രാലേഖനങ്ങൾ എഴുതിക്കുന്ന രീതിയും ഉണ്ടാവുന്നുണ്ട്. എന്നാൽ അത്തരം പുസ്തകങ്ങളെക്കാളേറെ യാത്ര പഠിപ്പിക്കുന്ന പാഠങ്ങൾ ഇത്തരം ചിതറിയ അനുഭവങ്ങളിൽനിന്ന് ലഭിക്കുന്നു.

''സ്ത്രീകളുടെ യാത്രകൾ മിക്കപ്പോഴും മതവിശ്വാസത്തിന്റെ ഭാഗമായാണ് സംഭവിക്കുന്നത്. ഉദാഹരണത്തിന് മലബാറിൽനിന്ന് പ്രതിവർഷം എത്രയോ സ്ത്രീകൾ ഹജ്ജിന് പോകുന്നു. പക്ഷെ അവരുടെ ഹജ്ജ് യാത്രാനുഭവം കൂടുതലായി എഴുതപ്പെടുന്നില്ല. എന്നാൽ പുരുഷന്മാരുടെ എത്രയോ ഹജ്ജ് യാത്രാനുഭവങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സി.എച്ച്. മുഹമ്മദ് കോയ, യു.എ. ഖാദർ യൂസഫലി കേച്ചേരി തുടങ്ങി നിരവധി പേർ ഹജ്ജ് അനുഭവങ്ങൾ എഴുതിയിട്ടുണ്ട്. ഞങ്ങളാരും എഴുത്തുകാരികളല്ല, പിന്നെ എങ്ങനെ എഴുതും എന്നാണ് മിക്കവരും ചൂണ്ടിക്കാട്ടാറുള്ളത്. എന്നാൽ എഴുത്തുകാരികളായവർ ഹജ്ജിന് പോയിട്ടും ഇത് സംബന്ധിച്ച എഴുത്തുണ്ടായിട്ടില്ല എന്നത് വിചിത്രമായി തോന്നും.''[10]

സമുദായ പരിഷ്ക്കരണപ്രത്യയശാസ്ത്രമാണ് ദേവകിനിലയങ്ങോട് 'യാത്ര കാട്ടിലും നാട്ടിലും' എന്ന അനുഭവക്കുറിപ്പിലൂടെ പങ്കുവെയ്ക്കുന്നതെങ്കിലും 1940 കാലഘട്ടങ്ങളിലെ സ്ത്രീ അനുഭവങ്ങൾ തന്നെയാണത്. തീർത്തും അസ്വതന്ത്രകളായിരുന്ന അന്തർജ്ജനങ്ങൾ ആധുനികതയിലൂടെ സ്വതന്ത്രകളായിത്തീർന്നു എന്ന് ഈ കുറിപ്പുകളിൽ നിന്ന് മനസ്സിലാവുന്നു. പുരുഷന്മാരെ കാണുന്നതു

പോലും നിഷിദ്ധമായിരുന്ന കാലത്ത് നിന്ന് ഭർത്താവോടൊത്തു യാത്ര ചെയ്യുന്ന കാലത്തിലേക്കുള്ള മാറ്റം ചെറുതൊന്നുമല്ല.

'അനുഭവിച്ചു കഴിഞ്ഞാൽ പിന്നെ എഴുതാനെന്തിരിക്കുന്നു' എന്നാണ് ശ്രീദേവി അന്തർജ്ജനം യാത്രയെക്കുറിച്ചഭിപ്രായപ്പെടുന്നത്. ''ഏകാന്തതയാണ് അവരെ യാത്രക്കാരിയാക്കിയത്. ചെറുപ്പം മുതൽ കേട്ട അരുതായ്മകളും അനുഭ വിച്ച അസ്വാതന്ത്ര്യവും അവരെ യാത്രകൾക്ക് തീവ്രമായി പ്രേരിപ്പിച്ചു കൊണ്ടിരു ന്നു. ആസ്ട്രേലിയ ഒഴികെ മനുഷ്യവാസമുള്ള ഭൂഖണ്ഡങ്ങളിലൊക്കെയും അവർ സഞ്ചരിച്ചു.''[11] ഹൈസ്കൂൾ അധ്യാപിക ആയിരുന്ന അന്തർജ്ജനം 1998-ൽ റിട്ട യർ ചെയ്തു. ഭർത്താവിന്റേയും, അഞ്ചിൽ മൂന്ന് ആൺമക്കളുടെ വിയോഗവും അതിജീവിച്ചു കഴിഞ്ഞാണ് അവർ യാത്രകൾക്ക് പുറപ്പെട്ടത്. ''ഇന്ത്യ മുഴുവൻ മൂന്നു നാലു പ്രാവശ്യം കറങ്ങി ഹിമാലയത്തിൽ ആറ് പ്രാവശ്യം പോയി. 2005 ലാണ് കൈലാസം കയറിയത്. കേരളത്തിൽനിന്ന് കൈലാസയാത്രയ്ക്ക് പോകുന്ന ആദ്യത്തെ പെണ്ണാണ് ഞാൻ.''[12] മാളയ്ക്കടുത്ത് പുത്തൻചിറ ദേശക്കാരിയായ ശ്രീദേവി അന്തർജ്ജനത്തിന് ഇപ്പോൾ 70 വയസ്സ് കഴിഞ്ഞു. തനിച്ചാണ് ജീവിതം. പെൻഷൻ പണം ആർക്കും കൊടുക്കാനില്ലാത്തതുകൊണ്ടുതന്നെ അത് കൈയിൽ കിട്ടുമ്പോൾ ഇഷ്ടമുള്ള ദിക്കിലേക്ക് ഇറങ്ങിപ്പോകുന്ന അന്തർജ്ജനത്തിന് യാത്ര പഠിപ്പിച്ച പാഠങ്ങൾ നിരവധിയാണ്. തീർത്തും അസ്വതന്ത്രകളായിരുന്ന അന്തർജ്ജ ന സ്ത്രീയായിരുന്നു ഇവരും. കേവലം ഓട്ടുപാത്രങ്ങൾ മാത്രമായിരുന്നില്ല അന്തർജ്ജനങ്ങൾ എന്ന് തെളിയിക്കുകയാണ് തന്റെ ഇറങ്ങിനടപ്പിലൂടെ അന്തർജ്ജ നം. സാന്നിധ്യം തന്നെയാണ് സ്ത്രീ ആദ്യം നേടിയെടുക്കേണ്ടത് എന്ന പാഠം നൽകുകയാണ് അന്തർജ്ജനത്തിന്റെ യാത്രാനുഭവങ്ങൾ. ചുറ്റും ചുരുളഴിയുന്ന ദൈനംദിന ജീവിതത്തെ മുഖവിലക്കെടുക്കാൻ വിസമ്മതിച്ചിരുന്ന ഒരു തലമുറ യുടെ പ്രതീകമായിരുന്നു അന്തർജ്ജനവും.

റ്റിസി മറിയം തോമസ് 'പെൺവഴി' എന്ന ഗ്രന്ഥത്തിൽ സ്ത്രീകളുടെ വേറിട്ട യാത്രാനുഭവങ്ങൾ വിശദമാക്കുന്നുണ്ട്. 1966-ൽ സർക്കസിൽ എത്തുന്ന

പതിനൊന്നുകാരിയായ കണ്ണൂർ ജില്ലയിലെ ധർമ്മടം സ്വദേശി പ്രേമ വ്യക്തമാക്കുന്നത് തന്റെ 32 വർഷക്കാലത്തെ സർക്കസ് ജീവിതാനുഭവങ്ങളാണ്. ദാരിദ്ര്യം നൽകുന്ന ധൈര്യം മാത്രമാണ് സർക്കസ് അഭ്യാസങ്ങൾക്ക് പ്രേരിപ്പിച്ചത്. അവിടുത്തെ നീറുന്ന അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന പ്രേമ അവിടെ യാതൊരു ചൂഷണങ്ങളും നടന്നിരുന്നില്ല എന്ന് പറയുന്നു.

'സ്ത്രീ യാത്രചെയ്യുമ്പോൾ എന്താണ് സംഭവിക്കുന്നത്' എന്ന ശീർഷകത്തിൽ മഹിളാചന്ദ്രിക 2012 ഒക്ടോബർ ലക്കത്തിൽ ഇപ്രകാരത്തിലുള്ള ചിതറിയ യാത്രാനുഭവങ്ങളാണ് പങ്കുവെയ്ക്കുന്നത്. ദൂരവും അകലവും എപ്രകാരമാണ് യാത്രയെ നിർണ്ണയിക്കുന്നത് എന്ന് വ്യക്തമാക്കുകയാണ് യാത്രാനുഭവങ്ങൾ.

ചാനൽ റിപ്പോർട്ടറായ ലക്ഷ്മി 'ഒരു തിരുവനന്തപുരം യാത്രയുടെ ഓർമ്മ' യാണ് രേഖപ്പെടുത്തുന്നത്. യാത്രകൾ എപ്പോഴും ഓർമകളാണ്, വരാനിരിക്കുന്ന യാത്രകൾ പ്രതീക്ഷകളും. പഠനവിഷയത്തിന്റെ ഭാഗമായി പത്തുദിവസത്തെ തിരുവനന്തപുരം ചലച്ചിത്രമേളയ്ക്കായുള്ള യാത്ര. ആ യാത്രയിൽ വിവിധ ഭാഷകൾ, വ്യത്യസ്തചിന്തകൾ, ഒരു തിയേറ്ററിൽ നിന്നും മറ്റൊന്നിലേക്കുള്ള യാത്ര, രാത്രികളിൽ കൂടണയാനുള്ള യാത്ര, ഇപ്രകാരം വ്യത്യസ്തതകളുടെ അത്ഭുതലോകം സമ്മാനിച്ചത് യാത്രയായിരുന്നു.

ഹൈദരാബാദിൽ വിമൻസ് സ്റ്റഡീസ് കോഴ്സ് ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് സുനീത ടി.വി.ക്കും കൂട്ടുകാരിക്കും ഉണ്ടായ അനുഭവങ്ങളാണ് 'കേരളത്തിന് പുറത്ത് ഒരു സ്ത്രീ യാത്ര ചെയ്താൽ' എന്ന യാത്രാക്കുറിപ്പിലൂടെ വ്യക്തമാക്കുന്നത്. സിറ്റിയിലൂടെ കാഴ്ചകൾ കാണാമെന്ന ഉദ്ദേശ്യത്തോടെ യാത്ര ചെയ്തു. ആൽത്തറയിൽ അല്പം വിശ്രമിക്കാമെന്ന് വിചാരിച്ച് മയങ്ങിയ അവർ വമ്പൻ ഉറക്കത്തിലേക്ക് വഴുതി വീഴുകയും ഉറക്കമുണർന്നപ്പോൾ രാത്രി ഏറെ വൈകി എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ചുറ്റും ചില നാടോടികളെ മാത്രം കാണാൻ സാധിച്ചു. ബസ് സമയവും കഴിഞ്ഞിരിക്കുന്നു. ടാക്സി വിളിച്ച്

ഹോസ്റ്റലിലേക്ക് പോകാനുള്ള പണം കൈവശമില്ലാത്തതിനാൽ വഴിയിൽ കണ്ട ലോറിക്ക് കൈകാണിച്ച് ബസ്സ് സ്റ്റാന്റിലിറങ്ങിയ അവർക്ക് പറയാനുള്ളത് കേരളത്തിന് പുറത്ത്, സ്ത്രീയുടെ സഞ്ചാര സ്വാതന്ത്ര്യം ചോദ്യം ചെയ്യാൻ ആരും വ്യഗ്രത കാട്ടില്ലെന്നാണ്.

'മനസ്സിൽ തീ കോരിയിട്ട നിമിഷം' എന്ന യാത്രാക്കുറിപ്പിലൂടെ യാത്രയുടെ ഭീതിയും അരക്ഷിതാവസ്ഥയുമാണ് കെ. ആർ. മീര വ്യക്തമാക്കുന്നത്. പത്രപ്രവർത്തകയും എഴുത്തുകാരിയുമായ കെ.ആർ. മീരക്ക് യാത്ര മനസ്സിന്റെ സ്വാതന്ത്ര്യമായിരുന്നു. പത്രസ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന സമയത്ത് ചില അന്വേഷണവുമായി ബന്ധപ്പെട്ടു നടത്തിയ യാത്രാനുഭവമാണിത്. ബോട്ടിൽ കയറുന്ന സമയത്തുണ്ടായ ആളുകളെല്ലാം ഒരു കടവെത്തിയപ്പോൾ ഇറങ്ങിപ്പോവുകയും യാത്രികയും കണ്ടക്ടറും ഡ്രൈവറും മാത്രമാവുകയും, ഈ സമയത്ത് കാലാവസ്ഥ ആകെ മാറുകയും ചെയ്യുന്നു. മാനം കറുത്തു, അതിശക്തമായ കാറ്റും. പെട്ടെന്ന് ശക്തമായ മഴ പെയ്യാൻ തുടങ്ങി. കായലിന്റെ ഒത്ത നടുവിൽ യാത്രിക ആക്രമിക്കപ്പെട്ടാലും ആരും അറിയില്ല, എന്ന ചിന്ത മാത്രമായിരുന്നു യാത്രികയുടെ മനസ്സുനിറയെ. യാത്ര ഹൃദയത്തിൽ തീ കോരിയിട്ട നിമിഷങ്ങളായിരുന്നു അത്. പത്ത് പതിനഞ്ച് മിനിട്ട് യാത്രിക അനുഭവിച്ച മാനസിക വ്യഥകൾ, എവിടെയും സ്ത്രീക്ക് അനുഭവപ്പെടുന്ന അരക്ഷിതാവസ്ഥയുടെ സൂചകങ്ങൾ കൂടിയാണ്. നല്ല സഹകരണവും സ്നേഹവുമുള്ളവരായിരുന്നു ബോട്ടിലെ ജീവനക്കാർ എന്ന് പിന്നീട് പറയുന്നുണ്ടെങ്കിലും ഒറ്റപ്പെടുമ്പോഴുള്ള സ്ത്രീയുടെ അനുഭവങ്ങൾ തന്നെയാണ് ലേഖികയും പറഞ്ഞുവെക്കുന്നത്. പൊതുസമൂഹവുമായി ഏറെ പരിചയമുള്ള ലേഖികയ്ക്കുപോലും അരക്ഷിതത്വബോധം അനുഭവിക്കേണ്ടി വരുന്നു.

പത്ത് വർഷത്തോളം കുവൈറ്റിൽ താമസമാക്കിയ കെ.എം. ജമീല തന്റെ ആദ്യ വിമാനയാത്രാനുഭവങ്ങൾ രേഖപ്പെടുത്തുന്നു. കുവൈറ്റിലെ സൗഹൃദങ്ങളും അറബി റിസപ്ഷനിസ്റ്റുമാരുടെ പെരുമാറ്റദൂഷ്യവും അവിടത്തെ സാംസ്കാരിക പൈതൃകവുമെല്ലാം വിവരിക്കുന്നു, ഖമറുന്നീസ അൻവർ, സുഹ്റാബി (നടൻ മാ

മുക്കോയയുടെ ഭാര്യ) ശരണ്യ, (റിപ്പോർട്ടർ) എല്ലാവർക്കും പങ്കുവെയ്ക്കാനുള്ളത് യാത്രയുടെ വിവിധ വശങ്ങളാണ്.

കലാ-സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ട് സ്ത്രീകൾ നടത്തിയ യാത്രകൾ വളരെ ചുരുക്കമായേ രേഖപ്പെടുത്തിയിട്ടുള്ളൂ. അത് ചികഞ്ഞെടുക്കാൻ സാധിക്കുന്നത് ഇത്തരം ഓർമ്മകളിലൂടെയാണ്. ഒരു സ്ത്രീയ്ക്ക് യാത്ര ചെയ്യാനോ അനുഭവങ്ങളെ തിരിച്ചറിയാനോ മടങ്ങിവരാനോ പറ്റുന്ന ഒരു അന്തരീക്ഷമായിരുന്നില്ല. എന്നിട്ടും അറബി വധുവായും സർക്കസുകാരിയായും നാടകക്കാരിയായും വിവിധ കലാസാംസ്കാരികരംഗങ്ങളുമായി ബന്ധപ്പെട്ടു നടത്തിയ യാത്രകളുടെ അനുഭവങ്ങളാണ് മേൽസൂചിപ്പിച്ചവ. ഇത്തരം അനുഭവങ്ങളാണ് സ്ത്രീയാത്രകളുടെ ആദ്യഭൂമിക.

ക്രമീകൃതമായോ ചിട്ടയൊപ്പിച്ചോ ഉള്ള എഴുത്തുകളായിട്ടല്ലാതെ മലയാളത്തിൽ ചില യാത്രാനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രത്യേകമായ ഒരു വായനാ സമൂഹത്തെ മുൻനിർത്തിയല്ലാതെ അനുഭവങ്ങളെ അസ്വാഭാവികതകളില്ലാതെ തീക്ഷ്ണമായി യാത്രികർ ആവിഷ്ക്കരിച്ചിട്ടുണ്ട്. സ്ത്രീകൾ എഴുതിയ ലഘുവായ യാത്രാ വിവരണങ്ങളെയാണ് യാത്രാനുഭവക്കുറിപ്പുകൾ എന്നു പറയുന്നത്. മുൻകൂട്ടി നിശ്ചയിച്ചതും സമൂഹബോധത്തിൽ രൂപപ്പെട്ടതുമായ ഒരു വായനാസമൂഹത്തെ ഉദ്ദേശിച്ചുകൊണ്ട് ബോധപൂർവ്വമല്ലാതെയുള്ള എഴുത്തുകളായതുകൊണ്ടു തന്നെ ഇത്തരം യാത്രാകുറിപ്പുകളിൽ അനുഭവത്തിന്റെയും വൈയക്തിക ഇടപെടലിന്റെയും തനി പകർപ്പ് കാണുവാൻ സാധിക്കുന്നുണ്ട്. മറ്റ് യാത്രാവിവരണങ്ങളിൽ ആഖ്യാനത്തിലും ആശയപ്രകടനത്തിലും വിവരണത്തിലും ബോധപൂർവ്വമായ ഇടപെടൽ പലപ്പോഴും കാണുന്നുണ്ട്. എന്നാൽ ഇത്തരം യാത്രാനുഭവകുറിപ്പുകളിൽ ആത്മകഥാഖ്യാനത്തിന് സമാനമായ വസ്തുതാ വിവരണങ്ങളും അനുഭവങ്ങളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യാത്രാവിവരണത്തെ സമഗ്രമായും സൂക്ഷ്മമായും പഠിക്കാനുള്ള വസ്തുതയായി സ്വീകരിക്കാൻ പറ്റുന്ന ഉപാധി കൂടിയാണ് ഇത്തരം യാത്രാനുഭവക്കുറിപ്പുകൾ.

ഘടന, വസ്തുതകളുടെ തെരെഞ്ഞെടുപ്പ്, അതിന്റെ ലഘുത്വം എന്നീ മൂന്ന് ഘടകങ്ങളാണ് യാത്രാനുഭവക്കുറിപ്പുകളെ പൊതു യാത്രാവിവരണങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. ഒരു യാത്രാവിവരണത്തെ ഒരു നോവലിനോട് താരതമ്യം ചെയ്യുമ്പോൾ യാത്രാനുഭവക്കുറിപ്പുകളെ ഒരു ചെറുകഥാ രൂപത്തോട് സാദൃശ്യപ്പെടുത്താം.

## 3.2 സ്ത്രീയാത്രകൾ: വിവിധതലങ്ങൾ

മനുഷ്യന്റെ ദീർഘമായ യാത്രയുടെ ഫലമാണ് ഭൂമിയിൽ നിർമ്മിക്കപ്പെട്ടതെല്ലാം. നിരന്തരമായ ചലനപഥങ്ങളിലൂടെ ലോകം നിരന്തരം സ്പന്ദിക്കുന്നു. ആഗോളവൽക്കരണത്തിന്റെ ഭാഗമായുള്ള നഗരവൽക്കരണം ത്വരിതഗതിയിൽ മുന്നോട്ടു പോകുന്നു. എന്നാൽ സ്ത്രീയാത്രികരും അവരുടെ അനുഭവസാഹിത്യവും ഏറെയൊന്നും വളർന്നിട്ടില്ല. അതുകൊണ്ടുതന്നെ ആ അദൃശ്യതയിലേക്ക് എത്തിച്ചേരാനുള്ള പരിശോധനകളാണ് ഈ പഠനത്തിൽ നടക്കുന്നത്.

സ്ത്രീ യാത്രകളെ നാലായി വർഗീകരിക്കാം.

1. അനുയാത്രകൾ
2. സംഘ യാത്രകൾ (സാംസ്കാരികയാത്രകൾ, തീർത്ഥയാത്രകൾ, വിനോദ യാത്രകൾ എന്നിവയെല്ലാം ഈ വിഭാഗത്തിൽപ്പെടുത്താം)
3. ഔദ്യോഗിക യാത്രകൾ
4. ഒറ്റക്കുള്ള യാത്രകൾ

മിക്കവാറും എല്ലാ സ്ത്രീ യാത്രാവിവരണങ്ങളും ഈ നാലുവിഭാഗങ്ങളിൽ ഒന്നിൽ പെടുന്നതാണ്. ആദ്യകാലയാത്രകൾ മിക്കതും അനുയാത്രകളായിരുന്നു. 19-ാം നൂറ്റാണ്ടുമുതൽ യൂറോപ്യൻ സ്ത്രീകൾ കോളനികളിൽ ജോലി ചെയ്തിരുന്ന തങ്ങളുടെ ഭർത്താക്കന്മാരെ അനുഗമിച്ച് ആ ദേശങ്ങളിൽ ചെന്ന് ജീവിക്കുക പതിവുണ്ടായിരുന്നു. അവർക്കിടയിലെ സാഹിത്യവാസന ഉള്ളവർ കത്തുകളായും

ഡയറിക്കുറിപ്പുകളായും പുറംലോകം കണ്ടറിഞ്ഞു. അനുഭവങ്ങൾ നിറഞ്ഞ യാത്രാക്കുറിപ്പുകളായാണ് ഇവയെല്ലാം പ്രസിദ്ധീകൃതമായത്.

''ജൈവികമായ ഒരു പൊക്കിൾക്കൊടി ബന്ധമാണ് സ്ത്രീക്ക് യാത്രയുമായുള്ളത്. സമൂഹത്തിന്റെ അടിസ്ഥാനം കുടുംബം എന്ന വ്യവസ്ഥിതിയിൽ അടിയുറച്ചതിനാൽ വിവാഹത്തോടെ, ജനിച്ചു വളർന്ന നാടും വീടും മാതാപിതാക്കളെയും ഉപേക്ഷിച്ച് പുതിയ ഒരിടത്ത് ജീവിതം പറിച്ചുനടപ്പെട്ടവരാണിവർ. ഗംഗ, യമുന, സരസ്വതി, കാവേരി എന്നിങ്ങനെ നിത്യസഞ്ചാരിണികളായി നദികളുടെ പേരുകൾ സ്ത്രീകൾക്ക് നൽകാറുള്ളതും അതുകൊണ്ടാവാം.''[13]

പുരുഷ എഴുത്തുപോലെ ചിട്ടയായി കിട്ടുന്നില്ല സ്ത്രീകളുടെ അനുഭവങ്ങൾ. ചിട്ടയില്ലായ്മയാണിതിന്റെ രീതി. കൂത്ത്, കൂടിയാട്ടം തുടങ്ങിയ ക്ലാസ്സിക്കൽ കലകളുമായി ബന്ധപ്പെട്ടവരുടെ ഓർമ്മകൾ, സിനിമയുമായി ബന്ധപ്പെട്ട് മദിരാശിയിൽ താമസമാക്കിയ സ്ത്രീകളുടെ ഓർമ്മകൾ തുടങ്ങിയവ സ്ത്രീസഞ്ചാരത്തിന്റെ ആദ്യകാല മാതൃകകളായി.

അനുയാത്രകളെല്ലാം ഒരു കുടുംബിനിയുടെ കാഴ്ചപ്പാടിലൊതുങ്ങുന്നു. ശരാശരി ഇന്ത്യൻ സാംസ്കാരികബോധത്തിന് താല്പര്യം കുറഞ്ഞമേഖലയായിരുന്നു യാത്ര. 1990-കൾക്ക് ശേഷമാണ് യാത്ര ജീവിതത്തിന്റെ ഭാഗമാകുന്നത്. അരക്ഷിതമായ ജീവിതമായിരുന്നു ആദ്യകാല മനുഷ്യരുടേത്. യാത്രയ്ക്ക് പണവും സമയവും ഒരുപോലെ ആവശ്യമായതുകൊണ്ടുതന്നെ പരമാവധി യാത്ര ചെയ്യാതിരിക്കുകയായിരുന്നു മുൻതലമുറ. ഈ ഒരു സാഹചര്യം സ്ത്രീയാത്ര കുറയാനും കാരണമായി തീർന്നിട്ടുണ്ട്. ദീർഘകാലം സ്വന്തം വീട്ടിലും വീടിന്റെ പരിസരത്തും ഒരു ആവാസവ്യവസ്ഥയുണ്ടാക്കുകയും അവിടെ ജീവിതം നയിക്കുകയുമായിരുന്നു ആദ്യകാല മലയാളി. 'യാത്ര' എന്ന പരികല്പനയുടെ പകരമായി മലയാളി കണ്ടിരുന്നത് ഉത്സവങ്ങളും ആഘോഷങ്ങളുമായിരുന്നു. ഇന്ത്യക്കാരുടെ ഉള്ളിലുള്ള യാത്രാ സങ്കല്പം വിശ്വാസത്തിന്റെ ഭാഗമായിരുന്നു. പുരാണങ്ങളിലെ

യാത്ര, ബൗദ്ധയാത്രകൾ എന്നിങ്ങനെ യാത്രകൾ മലയാളി മനസ്സിനെ സ്വാധീനിക്കാൻ തുടങ്ങി. എങ്കിലും നിലവിലുള്ള യാത്രാസങ്കല്പങ്ങൾ പുരുഷകേന്ദ്രീകൃതമായി ചുരുങ്ങുകയാണുണ്ടായത്.

സ്ത്രീയുടെ യാത്രാസങ്കല്പം തുടക്കത്തിൽ അനുയാത്ര മാത്രമായി ചുരുങ്ങിയിരുന്നു. കുടുംബിനികളായ സ്ത്രീകളാണ് ഭർത്താവിന്റെ ഉദ്യോഗസംബന്ധമായ യാത്രകളിൽ കൂടെ ചേർന്നത്. അപ്പോൾ, കുടുംബിനി എന്ന തന്നിലെ അപരത്വമാണ് കാഴ്ചകളിലൂടെ, അനുഭവങ്ങളിലൂടെ പുറത്ത് വരുന്നത്. അതായത് കോളനിഘട്ടത്തിൽ പുരുഷന്റെ അധികാരസംസ്കാരത്തിന്റെ ഇച്ഛയിൽ നിന്നുകൊണ്ട് കുടുംബിനി എങ്ങനെയാണ് ലോകത്തെ കണ്ടത് എന്നതിന് തെളിവാണ് ആദ്യകാല യാത്രാവിവരണങ്ങൾ. കുടുംബിനിയുടെ ലോകവീക്ഷണം കുടുംബിനിയുടെത് തന്നെയായിരുന്നോ, നിയന്ത്രണങ്ങൾക്ക് അകത്തുനിന്നു കൊണ്ടുതന്നെ അവൾ എങ്ങനെയാണ് ലോകത്തെ കണ്ടത് എന്നീ കാര്യങ്ങളായിരുന്നു അനുയാത്രാ വിവരണങ്ങളിലൂടെ ആവിഷ്കൃതമായത്.

സംഘയാത്രകളിൽ തീർത്ഥയാത്രകളും വിനോദയാത്രകളും ഉൾപ്പെടുന്നുണ്ട്. ഇവയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കൂടുതലായി കാണപ്പെടുന്നു. അതിനൊരു കാരണം സാമ്പത്തിക സ്വാതന്ത്ര്യമാണ്. ഹിമാലയൻ യാത്രകൾ, മിക്കവയും ആത്മീയതയുടെ ഭാഗമായി നടത്തുന്ന യാത്രകളാണ്. ഹിമാലയ പ്രദേശങ്ങളിലേക്ക് തീർത്ഥാടകരായും പ്രകൃത്യാസ്വാദകരായും സാഹസികരായും മലയാളി നടത്തിയ യാത്രകളുടെ നിരവധി വിവരണങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. ഭൂരിഭാഗവും ഭക്തിസാന്ദ്രമോ അത്ഭുതസ്തബ്ധമോ ആയുള്ള ദർശനങ്ങളാണെങ്കിലും ചിലത് വ്യത്യസ്തമായ സൗന്ദര്യദർശനാവിഷ്കാരങ്ങളാണ്. രാജനന്ദിനിയുടെ 'കൈലാസയാത്ര', റോസിതമ്പിയുടെ 'ഇസ്രായേൽ യാത്ര' തുടങ്ങിയവ ആത്മീയയാത്രകളിൽ മികച്ചു നിൽക്കുന്ന യാത്രകളാണ്.

വർഷം പ്രതി ഇസ്‌ലാം മതവിശ്വാസികൾ സംഗമിക്കുന്ന ഹജ്ജ് എന്ന

മാനവതീർത്ഥാടനത്തിൽ പങ്കുചേർന്ന് നിർവൃതിയടഞ്ഞ ഒട്ടേറെ പെൺതീർത്ഥാടകരും തങ്ങളുടെ ആത്മാനുഭൂതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. സാഹസികതയും ത്യാഗവും നിറഞ്ഞതാകയാൽ ആദ്യകാലങ്ങളിൽ രാജകുടുംബങ്ങളിലെ സ്ത്രീകൾക്കുമാത്രമെ വിദൂരദിക്കുകളിൽ നിന്നും ഹജ്ജിനെത്താൻ സാധിച്ചിരുന്നുള്ളൂ. എന്നാൽ യാത്രാമാർഗ്ഗങ്ങളും സാങ്കേതികവിദ്യയും വിപുലമായ ഇന്ന് സ്ത്രീകളും തങ്ങളുടെതായ സാന്നിദ്ധ്യമറിയിക്കുന്നു. ഹജ്ജ് യാത്രപോകുന്ന സ്ത്രീകൾ ധാരാളമുണ്ടെങ്കിലും രേഖപ്പെടുത്തി വെയ്ക്കുന്നവർ പരിമിതമാണ്. ''മദ്രാസ്സിൽ ബ്രിട്ടീഷ് ക്യാപ്റ്റനായിരുന്ന സഫാമുസ്തഫയുടെ ഭാര്യ സൈനബ കലാഹിൻ എഴുതിയ 'ഹജ്ജ് വിവരങ്ങൾ', ബീഗം സിക്കന്ദറയുടെ 'മക്കയിലേക്കുള്ള തീർത്ഥാടനം', വി.എ. സമീനയുടെ 'ഹജ്ജ് ഒരു അനുഭവസാക്ഷ്യം', കല്ലടി മുംതാസ് ഹമീദിന്റെ 'ഒരു തീർത്ഥാടകയുടെ നിനവുകൾ' തുടങ്ങിയവ തീർത്ഥാടന വഴികളിലെ പെൺസാന്നിധ്യമറിയിക്കുന്ന രചനകളാണ്.''[14]

ഇന്നിപ്പോൾ ഉദ്യോഗസംബന്ധമായും വിവിധ ആവശ്യങ്ങൾക്കുമായി സ്ത്രീ സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു. യാത്രയുടെ സാമ്പത്തികശാസ്ത്രം സ്ത്രീയാത്രയിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്. ഒരു തരത്തിലും അറിയപ്പെടാതിരുന്ന മധ്യവർഗ്ഗക്കാരി സ്ത്രീകൾ അനുയാത്രയോ സംഘയാത്രയോ ഒറ്റയ്ക്കുള്ള യാത്രകളോ നടത്തി യാത്രാക്കുറിപ്പുകൾ രേഖപ്പെടുത്തിവെക്കുന്നുണ്ട്.

വിദൂരദേശങ്ങൾ തേടി തിരക്കുകളുടെ അതിവേഗങ്ങൾക്കിടയിൽ വീണുകിട്ടുന്ന സമയത്തിന് അർത്ഥം കൊടുത്ത് ജീവിതം പൊലിപ്പിച്ചെടുക്കുന്ന പെൺസഞ്ചാരിക്കൂട്ടായ്മകളും ഇന്ന് നിലവിലുണ്ട്. സ്ത്രീകൾക്ക് അചിന്ത്യമെന്ന് കരുതിയിരുന്ന യാത്രകളും ഇന്ന് സംഭവിക്കുന്നുണ്ട്. ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ തേടിയും യാത്ര ചെയ്യുന്നു. അതോടൊപ്പം സാഹസിക യാത്രകളിലും സ്ത്രീസാന്നിധ്യം സജീവമാണ്.

''തിരുവനന്തപുരം കഴക്കൂട്ടത്തെ ടെക്നോപാർക്കിൽ സോഫ്റ്റ് വെയർ

എൻജിനീയറായ സജ്ന അലിയുടെ മനസ്സിലാണ് അപ്പൂപ്പൻതാടിയെന്ന ആശയം ആദ്യം പാറി വീണത്. പിന്നീടത് കൂട്ടുകാരികളിലെത്തി.''[15] മടുപ്പിക്കുന്ന ഏകാന്ത യാത്രകളിൽ നിന്നൊരു മോചനമാഗ്രഹിച്ചാണ് സജ്ന അലി സംഘയാത്രയെക്കുറിച്ചാലോചിച്ചത്. 2015 ഏപ്രിൽ 24ന് തിരുവനന്തപുരം ജില്ലയിലെ കുരിശുമലയിലേക്ക് സജ്നയടക്കം ഒമ്പത്പേർ യാത്രപോയി. കേരളത്തിന്റെ വിവിധ ജില്ലകളിൽ കഴിയുന്ന വനിതകളാണ് ഒത്തുകൂടിയത്. നേരത്തെയുള്ള ഏകാന്തയാത്രയുടെ അനുഭവസമ്പത്തുകൊണ്ട് പ്രസ്തുത യാത്രയുടെ മുഴുവൻ രൂപരേഖയും തയ്യാറാക്കിയത് സജ്നയാണ്.

ഏകാന്തസഞ്ചാരങ്ങളെയാണ് സജ്ന എന്നും ഇഷ്ടപ്പെട്ടിരുന്നത്. ആദ്യത്തെ ഒറ്റയ്ക്കുള്ള യാത്ര ഒഡീഷയിലേക്കായിരുന്നു. ഭാഷപോലും ശരിയായി അറിയാതെ പുരി, ഭുവനേശ്വർ, തുടങ്ങിയ സ്ഥലങ്ങളെല്ലാം സന്ദർശിച്ചു. മടക്കയാത്രയിലെ ട്രെയിൻ അനുഭവങ്ങൾ സജ്നയ്ക്ക് പുതിയ പാഠങ്ങളായി.

യാത്ര ചെയ്യുന്നവർ പുത്തൻ കാര്യങ്ങൾ കണ്ടറിയുന്നവരും പ്രതികൂലാവസ്ഥകളെ തരണം ചെയ്യാൻ പഠിക്കുന്നവരും പുത്തൻ കാഴ്ചകളുടെ ആനന്ദം അനുഭവിക്കുന്നവരുമാണ്. തുണയോടുകൂടി പരിമിതമായി മാത്രം സഞ്ചരിച്ചിരുന്ന സ്ത്രീയുടെ യാത്രയുടെ അതിരുകൾ കൊട്ടിയമ്പലവും കഴിഞ്ഞിരിക്കുന്നു എന്ന് വ്യക്തമാക്കുകയാണ് ഇത്തരം യാത്രാനുഭവങ്ങൾ.

അടുക്കളയുടെ ചുറ്റുമതിൽ തുറന്ന് രണ്ട് സ്ത്രീകൾ ഒരു യാത്രപോയി. അവിശ്വസനീയ കാഴ്ചകളിലൂടെ അഡ്വ. രാധിക എസ് നായരും സുഹൃത്ത് ലക്ഷ്മിയും പങ്കു വെക്കുന്നത് സ്ത്രീ പെരുമാറേണ്ട ഇടങ്ങൾ മുൻകൂട്ടി നിശ്ചയിച്ചവ മാത്രമല്ല എന്ന തിരിച്ചറിവാണ്. അത്ര പെട്ടെന്ന് ആരും തെരെഞ്ഞെടുക്കാൻ ഇടയില്ലാത്ത സിക്കിമിലേക്കാണ് അവർ യാത്ര പോയത്. 2015 ആഗസ്റ്റ് 22-ന് രാവിലെ ബാംഗ്ലൂർ വിമാനത്താവളത്തിൽ നിന്ന് പറന്നുയർന്ന എയർ ഏഷ്യ വിമാനം ബാഗം ഡോഗ്ര എയർപോർട്ടിലെത്തുന്നു. യാത്രക്കിടയിലും സിക്കിമിലെ

ടിബറ്റൻ ഭക്ഷണരുചികളും അവിടത്തെ സാംസ്കാരിക ചുറ്റുപാടുകളുമെല്ലാം തികച്ചും സജീവമായി അവതരിപ്പിക്കുന്നു രാധിക എസ്. നായർ. ''കൃത്യമായ പ്ലാനിംഗ് ഉള്ളതുകൊണ്ടുമാത്രമാവും ഞങ്ങൾ രണ്ട് സ്ത്രീകൾ നടത്തിയ സിക്കിംയാത്ര മനോഹരമായ ഒരനുഭവമായത്. തിരിച്ച് കൊച്ചിയിലേക്ക് വരുമ്പോൾ ഞാൻ ലക്ഷ്മിയോട് ചോദിച്ചു. അടുത്ത യാത്ര എങ്ങോട്ടാണ്? സംശയമെന്താ? 'കാശ്മീർ', ലക്ഷ്മിയുടെ മറുപടി പെട്ടെന്നായിരുന്നു.''[16]

സ്വതന്ത്രബുദ്ധികളായ അവർ ആഹ്ലാദത്തിനും സംഘം ചേരലിനും പ്രാധാന്യം കൊടുക്കുന്നതുകൊണ്ടുമാത്രമാണ് ഇത്തരം ഒരനുഭവം അവർക്കുണ്ടായത്. യാത്ര അനുഭവപാഠവും അറിവും ആണ്. ഓരോ കാലഘട്ടത്തിലെയും അറിവധികാരങ്ങളാണ് ആ കാലത്തെ നിയന്ത്രിക്കുന്നത്. അതുകൊണ്ട് യാത്രാരംഗത്തും സ്ത്രീസാന്നിധ്യമറിയിച്ചാലേ യാത്രയുടെമേലുള്ള ശക്തമായ പുരുഷാധിപത്യനിയന്ത്രണങ്ങൾ ഇല്ലാതാവൂ.

മനക്കരുത്തിന്റെയും സാഹസികതയുടെയും അനുഭവങ്ങളാണ് 'കാട് കയറിയ പെണ്ണുങ്ങൾ' എന്ന യാത്രാനുഭവം. ക്യാമറയും കാടും ആണിനുമാത്രമുള്ളതല്ലെന്ന് തെളിയിക്കുകയാണിവർ. നിഷ പുരുഷോത്തോമൻ (പരവൂർ, ഫോട്ടോഗ്രാഫി) അപർണാപുരുഷോത്തമൻ (അധ്യാപിക ശ്രീപുരം, ഗവ. എച്ച്.എസ്.എസ്. കണ്ണൂർ) സി.ആർ പുഷ്പ (അധ്യാപിക, ചേളാരി, വി.എച്ച്.എസ്. മലപ്പുറം) ലതാ പ്രഭാകരൻ (അഭിഭാഷക) സീമാ സുരേഷ് (പത്രപ്രവർത്തക). ഇവർ അഞ്ചുപേരുടെ യാത്രാനുഭവങ്ങൾ നവലോകം തുറന്നു തരുന്നവയത്രെ.

ഇതിഹാസകാവ്യങ്ങളിൽ കാട്ടിലൂടെ യാത്ര ചെയ്ത കഥാപാത്രങ്ങളെല്ലാം നേരിട്ട ദുരിതങ്ങൾ പറഞ്ഞു പാടി നടക്കുന്ന മലയാളി, സ്ത്രീയാത്രയെ വിലങ്ങുതടിയായി കാണുകയാണ് ചെയ്യുന്നത്. സ്ത്രീയാത്ര അപകടകരമാണ് എന്ന് പഠിപ്പിക്കുകയാണ് സീതായനം. എന്നാൽ കാലം മാറിയിരിക്കുന്നു എന്ന് തെളിയിക്കുന്നു ഇത്തരം സ്ത്രീയനുഭവങ്ങൾ.

''പ്രകൃതിയെ കൂടുതൽ ആഴത്തിൽ അറിയാനും അതിനോട് അടുക്കാനും സാധിക്കുന്നത് കാട്ടിനുള്ളിലായിരിക്കുമ്പോഴാണ്. എത്രയധികം സമയം കാട്ടിൽ ചെലവഴിക്കാൻ കഴിയുന്നുവോ അത്രയധികം സംതൃപ്തിയും സന്തോഷവുമുണ്ടാകും.''[17] കേരളത്തിലെ കാടിന്റെ പച്ചപ്പു നൽകുന്ന മനോഹാരിത, വന്യമൃഗങ്ങളെ മുഖാമുഖം കാണുമ്പോഴുള്ള ജീവൻ കൈയിൽ വെച്ചുള്ള ഓട്ടങ്ങൾ, കാടിന്റെ വന്യതയ്ക്കൊപ്പമുള്ള സഞ്ചാരം, ചിത്രങ്ങൾ, കാടനുഭവങ്ങൾ ഇതെല്ലാം കൈമുതലാക്കിയ തികച്ചും സജീവമായ സഞ്ചാരാനുഭവങ്ങൾ അന്തരീക്ഷത്തിലും കാലാവസ്ഥയിലും കാഴ്ചയിലും ശബ്ദത്തിലും ഗന്ധത്തിലുമെല്ലാം ഈ യാത്രികർ തേടുന്നത് തന്നിലെ അപരത്വത്തെ തന്നെയായിരുന്നു.

### 3.3 സ്ത്രീയാത്രാ വിവരണങ്ങൾ – പ്രാചീനകാലം (1950 കൾക്കു മുമ്പ്)

ജാതീയവും സാംസ്കാരികവും മതപരവും വിദ്യാഭ്യാസാധിഷ്ഠിതവുമായ വ്യത്യസ്തതകൾക്ക് അതീതമായി സ്ത്രീശാക്തീകരണത്തിനെതിരെ ആൺകോയ്മ ഇന്നും എല്ലാ രംഗത്തും തുടരുന്നുണ്ട്. സ്ത്രീകളുടെ ഇടത്തെ ചൊല്ലിയുള്ള വാദങ്ങൾ ആദ്യകാലം മുതൽ സാഹിത്യത്തിലും സമൂഹത്തിലും പ്രബലമായിരുന്നു. ''സാഹിത്യത്തിലും സാംസ്കാരിക ജീവിതത്തിലും തൊഴിൽ ശാലകളിലും ആരാധനാലയങ്ങളിലും ദൃശ്യ-ശ്രാവ്യമാധ്യമ രംഗങ്ങളിലും സ്ത്രീകൾ അവരുടേതായ ഇടങ്ങളിൽ തന്നെ തമസ്കരിക്കപ്പെടുകയും പുരുഷകേന്ദ്രീകൃതമായ ഒരു അന്തരീക്ഷം ബോധപൂർവ്വമായി തന്നെ അവിടെ ഉടലെടുക്കുകയും ചെയ്തു. ഈ അന്തരീക്ഷം സ്ത്രീകളുടെ യാത്രകളെയും പൊതുമണ്ഡലത്തിലെ ഇടപെടലുകളെയും നിയന്ത്രിക്കുന്നുണ്ട്.''[18]

പൊതുഇടങ്ങളിൽ നിന്നും യാത്രകളിൽനിന്നും സ്ത്രീകളെ അകററി നിർത്തുന്നത് ആൺകോയ്മയിലധിഷ്ഠിതമായ പ്രത്യയശാസ്ത്രമാണ്. എങ്കിലും ഈ പ്രത്യയശാസ്ത്രത്തെയെല്ലാം മറികടന്നുകൊണ്ട് സ്ത്രീകൾ അവരുടേതായ പാത വെട്ടിത്തെളിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതിന് മലയാളത്തിലെത്തന്നെ ഒട്ടേറെ

യാത്രാകൃതികൾ ഉദാഹരണമാണ്. എന്നിട്ടും മുഖ്യധാരാസാഹിത്യത്തിൽ ഇങ്ങനെയൊരു വിഭാഗത്തിന് ഇടം കൊടുക്കുന്നില്ല.

നൂറ്റാണ്ടുകളായുള്ള പോരാട്ടത്തിലൂടെ സ്ത്രീ ആർജ്ജിച്ചെടുത്തതാണ് പുറത്തിറങ്ങാനുള്ള സ്വാതന്ത്ര്യം. സ്ത്രീയുടെ ഇടം 'അക'മാണ് എന്ന പൊതുബോധം തന്നെയാണ് ഇന്നും നിലനിൽക്കുന്നത്. പല രംഗങ്ങളിലുമുള്ള സ്ത്രീകൾ വിവിധ പരിതസ്ഥിതികളിൽ അനുഭവിച്ച വേദനകളും യാതനകളും നിരവധിയാണ്. പണിയെടുക്കുന്ന പാവപ്പെട്ട സ്ത്രീകൾ, ഗ്രാമീണർ, തൊഴിലിനായി അകലങ്ങളിൽ അലയേണ്ടിവരുന്നവർ, തനിച്ചുപാർക്കുന്നവർ, ഉണ്ണാനും ഉടുക്കാനും വകയില്ലാതെ കുടുംബം പുലർത്താൻ ചുമതലപ്പെട്ടവർ, മന്ത്രവാദത്തിന്റെ മറവിൽ ദേഹോപദ്രവമേറ്റവർ, ജാതി-മതലഹളകളിൽ പീഢനം പേറിയവർ, കൂട്ടബലാൽസംഗത്തിന് ഇരയായവർ, ജാതീയമായി ഉയർന്നവരുടെ ശിക്ഷാമുറകളിൽ അകപ്പെട്ടവർ ഇങ്ങനെ എത്രയോ പേരുടെ അനുഭവങ്ങളുടെ തീവ്രതയിൽപ്പെട്ട് നീറിയ സ്ത്രീകൾ സ്വന്തമായൊരു പാത വെട്ടിത്തെളിയിക്കാൻ സമയമെടുത്തു. വർഗത്തിന്റെയും സമുദായത്തിന്റെയും മതത്തിന്റെയും ജാതിയുടെയും പേരിൽ സ്ത്രീകൾ വിവിധങ്ങളായ വിഭജനങ്ങളും വിവേചനവും അനുഭവിക്കുന്നുണ്ട്. 1920-നു മുമ്പുതന്നെ വനിതാ സംഘടനകൾ പ്രവർത്തിച്ചിരുന്നുവെങ്കിലും ജീവിതത്തിന്റെ സമസ്തമേഖലകളിലും സമത്വത്തിനായി പൊരുതുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ സമഗ്രമായി ഉന്നയിച്ചിരുന്നില്ല.

''അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷനും മറ്റു വനിതാ സംഘടനകളും ഒറ്റയ്ക്കും കൂട്ടായും നടത്തിയ കഴിഞ്ഞ രണ്ടു ദശകങ്ങളിലെ പ്രവർത്തനഫലമായി ഇന്ത്യയിലെ സ്ത്രീകളുടെ ജീവിതസാഹചര്യത്തിൽ മാറ്റംവന്നു.''[19] സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും മേഖലകളിൽ സ്ത്രീകൾ എത്രമാത്രം പുരോഗതി നേടി? പീഢനങ്ങളിൽ നിന്നു വിടുതൽനേടി ജിവിതം നയിക്കാൻ സ്ത്രീയ്ക്ക് സാധിക്കുന്നുണ്ടോ? സ്ത്രീയുടെ അധഃസ്ഥിതിക്ക് വഴിവെക്കുന്ന സാമൂഹികവും സാംസ്കാരികവുമായ വേലിക്കെട്ടുകൾ എങ്ങനെ

തകർക്കാം. ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരം തേടൽകൂടിയാണ് സ്ത്രീയാത്രയിലൂടെ സംഭവിക്കുന്നത്.

ചരിത്രാതീതകാലം മുതൽക്കേ മനുഷ്യർ യാത്രചെയ്യുന്നു. യാത്രാനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നു. പൊറ്റെക്കാട്ടിന്റെ യാത്രാവിവരണങ്ങൾ ചരിത്രത്തിൽ ലബ്ധപ്രതിഷ്ഠ നേടിയവയാണ്. രാമചന്ദ്രന്റെ ഹിമാലയ തീർത്ഥാടന കഥനങ്ങൾ ഒരു നൂതനയാത്രാസംസ്കാരത്തിനു തന്നെ തുടക്കമിട്ടു.

എന്നാൽ ഈ പാരമ്പര്യത്തിൽ യാത്രികയുടെ സ്ഥാനം അന്വേഷണവിധേയമാണ്. സ്ത്രീകളുടെ യാത്രകൾ സംഭവിക്കുന്നതും അപൂർവ്വമാണ്. സംഭവിച്ച യാത്രകൾ, രേഖപ്പെടുത്തിവെയ്ക്കുന്നതും വളരെ പരിമിതമാണ്. അടയാളപ്പെടുത്തിവെച്ചവ തന്നെ രേഖീകൃതവുമല്ല. അതുകൊണ്ടുതന്നെ ഇത്തരം കൃതികളെക്കുറിച്ചുള്ള അന്വേഷണത്തിന് വളരെ പ്രസക്തിയുണ്ട്.

മലയാളത്തിലെ സ്ത്രീയാത്രാവിവരണങ്ങളെ 1950-കൾക്കുമുമ്പ് 1950 മുതൽ 1990 വരെ, 1990-കൾക്കുശേഷം എന്നിങ്ങനെ മൂന്ന് കാലഘട്ടങ്ങളായി തിരിക്കാം. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് യാത്രാവിവരണകൃതികൾ വളരെ കുറവായിരുന്നു. അതിനു പ്രധാന കാരണം യാത്രാസൗകര്യത്തിന്റെ അഭാവവും പൊതുബോധത്തിൽ യാത്രാപ്രാതിനിധ്യം കൂടുതൽ സ്ഥാനം പിടിക്കാത്തതുമായിരുന്നു. അനുയാത്രകളാണ് അന്ന് കൂടുതലായി സംഭവിച്ചതും. രാജ്യത്തിന്റെ രാഷ്ട്രീയ-സാംസ്കാരികസാഹചര്യങ്ങൾ ജനങ്ങളെ ബാധിക്കുക സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ 1950-കൾക്കുശേഷമാണ് യാത്രാവിവരണകൃതികൾ കൂടുതൽ ഉണ്ടാവുന്നത്. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള യാത്രാനുഭവത്തെക്കുറിച്ച് അറിവ് ലഭിക്കുന്നത് ആനുകാലികങ്ങളിലും വാരാന്തപ്പതിപ്പുകളിലും വന്ന അനുഭവക്കുറിപ്പുകളിൽനിന്നാണ്.

''ഇന്ത്യയിൽ സ്ത്രീയാത്രാവിവരണങ്ങളുടെ ആരംഭം പണ്ഡിത രമാഭായിയിൽനിന്നാണ്. മഹാരാഷ്ട്രക്കാരിയായ അവർ 1883-ൽ ഇംഗ്ലണ്ടിലേക്ക് പോയി.

സംസ്കൃതാധ്യാപികയായി മൂന്നു കൊല്ലം അവിടെ താമസിച്ചതിന്റെ വിവരണമാണ് 'ഇംഗ്ലണ്ട് കാ പ്രവാസ്'. അതിനുശേഷം അവർ അമേരിക്കയിൽ മൂന്നുവർഷം താമസിച്ചു. ക്രിസ്തുമതം സ്വീകരിച്ച അവർ ക്രിസ്തുദേവന്റെ ജീവചരിത്രം മറാത്തിയിൽ എഴുതിയിട്ടുണ്ട്. പണ്ഡിത രമാഭായി ഒരു സാമൂഹികപരിഷ്ക്കർത്താവും വിദ്യാഭ്യാസപ്രവർത്തകയുമായിരുന്നു. പൂനെയിൽ മുക്തി എന്ന അനാഥാലയം സ്ഥാപിച്ചത് അവരാണ്.''[20]

1921–ൽ തരവത്ത് അമ്മാളുവമ്മ എഴുതിയ 'ഒരു തീർത്ഥയാത്ര'യാണ് മലയാളത്തിലെ ആദ്യത്തെ സ്ത്രീയാത്രാവിവരണഗ്രന്ഥമായി പരിഗണിക്കുന്നത്. ഇതിനെയാണ് സ്ത്രീകളുടേതായുള്ള മലയാളത്തിലെ ആദ്യയാത്രാവിവരണ ഗ്രന്ഥമായി പരിഗണിക്കുന്നത്. ''വിഖ്യാതനായ സഹോദരൻ ഡോ.ടി.എം.നായരുടെ ഭൗതികാവശിഷ്ടങ്ങൾ ഗംഗയിൽ നിക്ഷേപിക്കുന്നതിനുവേണ്ടി തരവത്ത് അമ്മാളു അമ്മ ബന്ധുക്കളും ബ്രാഹ്മണരും ഒരുമിച്ച് 1921–ൽ നടത്തിയ കാശിയാത്രയുടെ വിവരണമാണ് 'ഒരു തീർത്ഥയാത്ര'. മദ്രാസിൽനിന്ന് ആരംഭിക്കുന്ന യാത്രയിൽ പുരി ജഗന്നാഥ്, കൽക്കത്ത, ഗയ, കാശി, അലഹബാദ്, അയോധ്യ, രാമേശ്വരം എന്നീ സ്ഥലങ്ങൾ തീർത്ഥാടകസംഘം സന്ദർശിക്കുന്നു. സ്ഥലപുരാണങ്ങളും പ്രാർത്ഥനാശ്ലോകങ്ങളും കാശിയിലെ സ്നാനഘട്ടങ്ങളുടെ വർണനയുമാണ് ഗ്രന്ഥത്തിന്റെ സിംഹഭാഗവും.[21]''

വിദേശയാത്ര ചെയ്യാൻ അധികം പണം ആവശ്യമുള്ളതുകൊണ്ടും പല രാജ്യങ്ങളിലും ഇന്ത്യക്കാർക്ക് പ്രവേശനം ദുഷ്കരമായിരുന്നതുകൊണ്ടും തനിയെ വിദേശയാത്ര ചെയ്യുന്ന സ്ത്രീകൾ കുറവാണ്. മിസ്സിസ്സ് സി.കുട്ടൻനായരുടെ 'ഞാൻ കണ്ട യൂറോപ്പ്' മലയാളി വനിതയുടെ ആദ്യവിദേശയാത്രാവിവരണമാണ്. യൂറോപ്പിലെ വിവിധ രാജ്യങ്ങൾ അവർ മൂന്നുമാസക്കാലംകൊണ്ടു സന്ദർശിച്ചു.

ഇപ്രകാരം വിരലിലെണ്ണാവുന്ന യാത്രാവിവരണകൃതികൾ മാത്രമേ സ്വാതന്ത്ര്യപൂർവ്വഘട്ടത്തിലുണ്ടായിട്ടുള്ളു. കാരണം ആ കാലഘട്ടം സ്ത്രീകളുടെ അവ

കാശപോരാട്ടങ്ങളുടെതായിരുന്നു. മാറുമറയ്ക്കൽ കലാപത്തിന്റെ രേഖകളിൽ കീഴാളസ്ത്രീകളുടെ ചെറുത്തുനിൽപ്പുകൾ മിന്നിമറയുന്നുണ്ട്. മരുമക്കത്തായ തറവാടുകളിൽ സ്ത്രീകൾക്ക് കൂടുതൽ അധികാരമുണ്ടായിരുന്നെങ്കിലും അവിടെയും സ്ത്രീകൾക്ക് ചെറുത്തുനിൽപ്പ് വേണ്ടിവന്നിരുന്നു.

പ്രത്യയശാസ്ത്രപരമായി സ്വാതന്ത്ര്യബോധം ജീവിതത്തിന്റെ സമസ്തമേഖലകളിലും അവശ്യഘടകമാണെന്ന് കണ്ടെത്തിയ ഒരു കാലഘട്ടമായിരുന്നു സ്വാതന്ത്ര്യപൂർവ്വകാലഘട്ടം. ആൺ-പെൺ ഭേദമില്ലാതെ രാഷ്ട്രത്തിനും വ്യക്തിക്കും സമൂഹത്തിനും സമഗ്രമായ അർത്ഥത്തിൽ സ്വാതന്ത്ര്യം ലഭിക്കണമെന്നായിരുന്നു പൊതുതാല്പര്യം. കോളനിശക്തികളിൽനിന്നും പാശ്ചാത്യശക്തികളിൽനിന്നും ഭൗതികസ്വാതന്ത്ര്യം ആഗ്രഹിച്ചുകൊണ്ട് ഇന്ത്യൻസമൂഹം ഒരുമിച്ചുനടത്തിയ വിപ്ലവങ്ങളും സമരങ്ങളുമാണ് സ്വാതന്ത്ര്യസമരത്തിന് ഒരു ഏകീകൃതസ്വഭാവം നൽകിയത്. ആഭ്യന്തരമായി ഇന്ത്യൻ ജനതയിൽ വർഗ്ഗപരമായ അസമത്വം ആ കാലത്തും സ്ത്രീകൾ അനുഭവിച്ചിട്ടുണ്ട്.

സ്ത്രീയും പുരുഷനും ചേർന്ന് സ്വാതന്ത്ര്യമെന്ന പൊതുലക്ഷ്യത്തെ മുൻനിർത്തി ബ്രിട്ടീഷ്ശക്തികളോട് പൊരുതുമ്പോൾപോലും ഭൗതികമായും മാനസികമായും സ്ത്രീക്ക് സ്വാതന്ത്ര്യമെന്ന അവകാശം പൂർണ്ണമായ അർത്ഥത്തിൽ അനുവദിച്ചുകൊടുക്കാൻ ഇന്ത്യയിലെ പുരുഷസമൂഹം മുതിർന്നില്ല. സ്വാതന്ത്ര്യത്തെ ഭൗതികമായി മാത്രം കാണുകയും ആത്മീയവും മാനസികവുമായി അതിനെ വേണ്ടത്ര പരിഗണിക്കാതിരിക്കുകയും ചെയ്തിരുന്ന പൊതുസമൂഹത്തിന്റെ ഉപോത്പന്നം എന്നനിലയിൽ ഇന്ത്യൻസ്ത്രീകൾ അസ്വാതന്ത്ര്യം ജീവിതത്തിന്റെ സമസ്ത മേഖലകളിലും അനുഭവിച്ചതായി കാണുന്നുണ്ട്.

ആ കാലഘട്ടത്തിലെ ഉൽപതിഷ്ണുക്കളായ സ്ത്രീകൾപോലും ബ്രിട്ടീഷുകാരിൽനിന്നോ പാശ്ചാത്യശക്തികളിൽനിന്നോ പുതുസ്വാതന്ത്ര്യം ലഭിക്കണമെന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ് സമരങ്ങളെ സമീപിച്ചിരുന്നത്. അതിൽകവിഞ്ഞ്

സ്ത്രീകൾ സ്വാതന്ത്ര്യത്തിന്റെ അസ്തിത്വം നേടണമെന്നൊരു കാഴ്ചപ്പാടിലേക്ക് പല സാഹചര്യങ്ങൾകൊണ്ട് ഉണർന്നുചിന്തിക്കാൻ കഴിയാതെപോയവരാണ് അവർ. അതുകൊണ്ടുതന്നെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ഭാഗമായോ സ്വാതന്ത്ര്യം നേടുന്നതിന്റെ ഭാഗമായോ സ്വതന്ത്രമായ ഒരു യാത്രാനുഭവം സ്വായ ത്തമാക്കാൻ ശ്രമിച്ചുകാണുന്നില്ല. അനുയാത്രയായിട്ടും സംഘയാത്രയായിട്ടും യാത്രയുടെ ഏതെങ്കിലും സവിശേഷതകളെ മുൻനിർത്തിക്കൊണ്ടുമാത്രം നടത്ത പ്പെട്ട സ്ത്രീയാത്രകളായിരുന്നു മിക്കതും. ആധുനികകാലത്ത് സ്ത്രീവ്യക്തി ത്വത്തെ പുനർനിർണ്ണയിക്കുവാനോ സ്വത്വത്തെ പുനർനിർമ്മിക്കുവാനോ സ്വാത ന്ത്ര്യത്തെ ജൈവികമായും സാംസ്കാരികമായും അനുഭവിക്കാനുള്ള മാർമായി യാത്രയെ സ്വീകരിച്ചതുപോലെ പൂർവ്വകാലസ്ത്രീസമൂഹം യാത്രയെ സമീപിച്ചിട്ടി ല്ല.

കേവലം സാമൂഹികമായ ഒരു പ്രക്രിയായിട്ട് മാത്രമെ ഈ കാലഘട്ടത്തിലെ സ്ത്രീകൾ യാത്രയെ കണ്ടിരുന്നുള്ളു. വൈയക്തികമോ സ്വത്വപരമോ ആയ നിർമ്മിതിയുടേയോ തിരിച്ചറിവിന്റെയോ ഒരു ജൈവികപ്രക്രിയയായി പൂർവകാല സ്ത്രീകൾ യാത്രയെ കണ്ടിരുന്നില്ല. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിലെ യാത്രയെയും യാത്രാനുഭവത്തെയും ഏതെങ്കിലും തരത്തിൽ സ്ത്രീകൾ അനുഭവി ക്കുന്ന അസ്വാതന്ത്ര്യത്തിന്റെയോ അസമത്വത്തിന്റെയോ പൊളിച്ചെഴുത്തായിട്ടോ പുനർനിർമ്മിതിയായിട്ടോ സമീപിക്കാൻ കഴിയില്ല. ദൈനംദിന ചെറുത്തുനിൽപ്പു കൾ തുറന്നരീതിയിലുള്ള ഉറച്ച സമരങ്ങളായിത്തീർന്നു. ഇത്തരം പല പ്രശ്നങ്ങളി ലൂടെയും കടന്നുവരുന്ന സ്ത്രീയ്ക്ക് സ്വതന്ത്രമായി പുറംലോകം കാണാനുള്ള അവകാശമുണ്ടായിരുന്നുമില്ല. സ്ത്രീയുടെ തനിച്ചുള്ള യാത്രകളെ ഒരുതരത്തിലും പ്രോത്സാഹിപ്പിക്കാതിരിക്കുക എന്നത് ആൺകോയ്മാവ്യവസ്ഥിതിയുടെ പ്രത്യേക തകളിൽപെടുന്നു. ''വിവാഹിതയാവുന്നതുവരെ സ്വന്തം വീടുകളിൽനിന്ന് ആൺതുണ (ആൾതുണ)യോടുകൂടി പെൺകുട്ടിക്ക് അമ്മവീട്ടിലോ ബന്ധുഗൃഹ ത്തിലോ ആരാധനാലയങ്ങളിലോ പോകാൻ സാധിച്ചിരുന്നു. വിവാഹിതയായതിനു

ശേഷം ഒരു വർഷത്തിൽ രണ്ടോ മൂന്നോ തവണ സ്വന്തം വീട്ടിലേക്കോ ബന്ധുഗൃഹത്തിലേക്കോ ആൺതുണയോടുകൂടി പോകാൻ അനുവാദം ലഭിച്ചിരുന്നു.''[22] അനുവാദത്തോടെ പരിമിതമായി മാത്രം യാത്രാവകാശങ്ങൾ അനുഭവിച്ചിരുന്ന ഒരു വിഭാഗമായിരുന്നു അക്കാലത്തെ സ്ത്രീകൾ. അധികാരരാഷ്ട്രീയം യാത്രാനുഭവം നിഷേധിക്കുന്നിടത്ത് മുന്നിലായിരുന്നു. ഇത്തരമൊരന്തരീക്ഷത്തിൽ സ്ത്രീയാത്രാ വിവരണങ്ങൾ കുറഞ്ഞുപോയതിൽ അത്ഭുതപ്പെടാനില്ല.

## 3.4 സ്ത്രീയാത്രാ വിവരണങ്ങൾ - രണ്ടാംഘട്ടം (1960 മുതൽ 1990 വരെ)

ഈ ഘട്ടത്തിൽ യാത്രാവിവരണകൃതികൾ കുറേക്കൂടി വിപുലമായി; എണ്ണത്തിലും വണ്ണത്തിലും. സമ്പന്നരും സമൂഹത്തിൽ സ്വാധീനമുള്ളവരുമായ വനിതകൾ, കുടുംബത്തോടൊപ്പം സഞ്ചരിച്ച് എഴുതിയ യാത്രാവിവരണങ്ങളാണ് ഈ കാലഘട്ടത്തിലെ മിക്ക കൃതികളും. മിസ്സിസ്. കെ.എം.മാത്യു, അന്നമ്മ ജെ. വെള്ളാപ്പിള്ളി, മിസ്സിസ് മാമ്മൻ വർഗീസ് തുടങ്ങീ ഒട്ടേറെ സ്ത്രീ യാത്രകർ ഈ കാലഘട്ടത്തിൽ എഴുതിത്തുടങ്ങി.

1955-ൽ സ്വിറ്റ്സർലണ്ടിലെ വനിതാസമ്മേളനത്തിൽ പങ്കെടുത്ത ആനിജോസഫ് അതിനുശേഷം നടത്തിയ രണ്ടാഴ്ചത്തെ സോവിയറ്റ് സന്ദർശനത്തിന്റെ വൃത്താന്തങ്ങളാണ് അവർ രചിച്ച 'റഷ്യ'യിൽ എന്ന പുസ്തകം. ''കമ്മ്യൂണിസ്റ്റ് അനുഭാവിയല്ലാത്ത ആനി ജോസഫ് റഷ്യയിലെങ്ങും ദൃശ്യമായ സ്നേഹവും വികാരവായ്പ്പും ചിത്രീകരിക്കുന്ന ഈ ഗ്രന്ഥം മനോഹരമായ ഭാഷയിൽ വിരചിതമാണ്. ഈ കാലഘട്ടത്തിൽ തന്നെ ശ്രീമതി ആനിമസ്ക്രീനും സോവിയറ്റ് യാത്രയെപ്പറ്റി പുസ്തകരചന നടത്തിയിട്ടുണ്ട്.''[23]

'ഒരു നാട്ടുപെൺകിടാവിന്റെ ലണ്ടൻയാത്ര' എന്ന പേരിൽ തിരുക്കൊച്ചിക്കാരിയായ വിലാസിനി എന്ന പെൺകുട്ടി 1956-ൽ നടത്തിയ യാത്രാ വിവരണം സ്വാതന്ത്ര്യലബ്ധിക്കുശേഷം പുറത്തുവന്ന യാത്രാകുറിപ്പുകളിൽ ശ്രദ്ധേയമാണ്. 1956 ഏപ്രിൽ, മെയ് ലക്കത്തിൽ പ്രസിദ്ധീകരിച്ചു വന്നതാണീ യാത്രാകുറിപ്പ്. വിലാ

സിനി തന്റെ മലയാളി സുഹൃത്തിനൊപ്പം കപ്പൽ മാർഗ്ഗമാണ് ലണ്ടനിലേക്ക് പോവുന്നത്. ഇംഗ്ലീഷ് സംസാരിക്കുന്നതിൽ അവർക്കുള്ള പ്രാവീണ്യവും മനോഹരമായ ഭാഷാശൈലിയുംകൊണ്ട് വ്യത്യസ്തമായി നിൽക്കുന്ന യാത്രാനുഭവങ്ങളാണിതിൽ വിവരിക്കുന്നത്. കപ്പലിലെ ജീവിതം ഭക്ഷണസാധനങ്ങൾ, അടുക്കുന്ന തുറമുഖങ്ങൾ, നീലിച്ച ചെങ്കടൽ എന്നിവയെക്കുറിച്ച് അതീവഹൃദ്യമായി ആഖ്യാനം ചെയ്തിരിക്കുന്നു.

1950-1990 കാലഘട്ടത്തിൽ സ്ത്രീയാത്രാവിവരണങ്ങളിൽ ഭൂരിഭാഗവും രേഖപ്പെടുത്തപ്പെട്ടത് ആനുകാലികങ്ങളിലായിരുന്നു. തരവത്ത് അമ്മിണിയമ്മ 'ബദരീനാഥയാത്ര' (1950), ആനിമസ്ക്രീൻ 'സോവിയറ്റ് യൂണിയനിൽ' (1953), എലിസബത്ത് രാജകുമാരിയുടെ കിരീടധാരണത്തിൽ പങ്കെടുക്കാനും യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിക്കാനുമായി അന്നമ്മ ജെ.വെള്ളാപ്പിള്ളി കുടുംബത്തോടൊപ്പം നടത്തിയ യാത്രയുടെ വിവരണമായ 'ഞങ്ങൾ യൂറോപ്പിലൂടെ', 1956-ൽ ആനിജോസഫിന്റെ 'റഷ്യയിൽ', വിലാസിനിയുടെ 'ഒരു നാട്ടുപെൺകിടാവിന്റെ ലണ്ടൻയാത്ര', 1957-ൽ സുശീലാകുഞ്ഞികൃഷ്ണന്റെ 'ജപ്പാൻ പര്യടനം', ആദ്യകേരള നിയമസഭയിലെ എം.എൽ.എ ആയിരുന്ന ലീലാദാമോദരമേനോന്റെ 'ന്യൂയോർക്കിലേക്ക്' എന്നിവ ശ്രദ്ധേയങ്ങളാണ്.''[24]

ഇതുകൂടാതെ സൂസിയുടെ 'കേരളമക്കൾ യൂറോപ്പിൽ' (1964), രുഗ്മിണി രാഘവൻനാരുടെ 'ഞാൻ കണ്ട യൂറോപ്പ്' (1965), ശ്രീദേവി ശ്രീപതിയുടെ 'ഇന്നത്തെ അമേരിക്ക' (1960), വിവ: ജി.ശ്രീധരൻ, കുഞ്ഞുമോളുടെ 'മധ്യകേരളം മുതൽ മദ്രാസുവരെ' (1967), ജെന്നി ഐസക്കിന്റെ, 'അയർലണ്ടിൽ നാലുവർഷം' (1973), ജോഷ്വാ കെ. മിസ്സിസിന്റെ 'ലോകതലസ്ഥാനങ്ങൾ' (1974), കമല വി. എസിന്റെ 'ഒരിന്ത്യൻ പെൺകിടാവ് മോസ്കോവിൽ' (1975), റാണിചന്ദ്രയുടെ 'പൂർണ്ണകുംഭം' വിവ:വി.വി.ഗോവിന്ദൻനായർ (1977), കനകലതയുടെ 'വംഗദേശത്തേയ്ക്കൊരു യാത്ര' (1978), വിജയലക്ഷ്മി സി.എന്നിന്റെ 'പരിവ്രാജകനായ ഗുസിലിന്റെ കൂടെ ഒരു അത്ഭുതയാത്ര' (1979), കെ.എ.ബീനയുടെ 'ബീന കണ്ട

റഷ്യ' (1979), സാവിത്രി ശേഖരൻ നായരുടെ 'ഞങ്ങളുടെ അമേരിക്കൻ യാത്ര'(1977), വിമലാ രാജകൃഷ്ണന്റെ 'സോഷ്യലിസത്തിന്റെ നാട്ടിൽ' (1985), ലീലാവതി എസ്.എയുടെ 'ഭാരതത്തിന്റെ ഊർദ്ധരേഖയിലൂടെ' (1983), ഗീതാ ഇടമറുകിന്റെ സ്കാർണർ 'ഒറ്റയ്ക്ക് ഒരു ദേശാടനം'(1990) എന്നിങ്ങനെ ഒട്ടേറെ സ്ത്രീയാത്രാവിവരണങ്ങൾകൊണ്ട് സമ്പന്നമാണ് 1950-കൾ മുതൽ 1990 വരെയുള്ള കാലഘട്ടം. പക്ഷെ ഇവയൊന്നും ചരിത്രത്തിൽ രേഖപ്പെടുത്തി കാണുന്നുമില്ല.

1960-നും '65-നും ഇടയിൽ പല ആനുകാലികങ്ങളിലായി കല്യാണിക്കുട്ടിയമ്മ എഴുതിയ യാത്രാനുഭവങ്ങൾ 'യാത്രാസ്മരണകൾ' എന്നപേരിൽ പുസ്തകമാക്കിയിട്ടുണ്ട്. തീർത്ഥയാത്രാനുഭവങ്ങളാണിതിൽ മിക്കതും. കല്യാണിക്കുട്ടിയമ്മ യാത്രചെയ്യുന്നത് മക്കളോടൊപ്പമാണ്. തീർത്ഥയാത്രയായതുകൊണ്ടുതന്നെ ആത്മാംശമുള്ള വിവരണങ്ങൾ കാണുന്നില്ല. പോയ സ്ഥലം, കാഴ്ച, അതിനിടയിൽ താനെന്ന സ്വത്വത്തെക്കുറിച്ചുള്ള ഒരു വെളിപ്പെടുത്തൽ എന്നിവ ഇതിൽ കാണാൻ സാധിക്കുന്നില്ല.

എപ്രകാരമാണ് ഒരു കുടുംബിനി ലോകത്തെക്കാണുന്നത് എന്നൊരു രേഖപ്പെടുത്തലാണ് ഇവിടെ. കുടുംബിനി ആയിരിക്കെത്തന്നെ പുറംകാഴ്ചകൾ രേഖപ്പെടുത്തുമ്പോഴും തന്നിലെ അപരത്വത്തെ വെളിപ്പെടുത്താതെ ഒരു ഗൃഹസ്ഥ എന്ന സ്ഥാനം വിട്ട് പരിമിതിയെ അതിലംഘിക്കാൻ ഈ കാലഘട്ടത്തിലെ മിക്ക യാത്രികരും തയ്യാറാവുന്നില്ല. അതിനു കാരണം ഒട്ടുമിക്കയാത്രകളും കെട്ടുപാടിനുള്ളിൽ തന്നെയായിരുന്നു എന്നതാവാം.

കനകലതയുടെ 'തിരുവനന്തപുരം-ബർലിൻ ഡയറി' പതിനാലു വയസ്സുകാരിയായ ഒരു വിദ്യാർത്ഥിയുടെ യാത്രാനുഭവം അവതരിപ്പിക്കുന്നു. ബാലവേദിയുടെ സംസ്ഥാന അധ്യക്ഷ എന്ന നിലയിലാണ് കനകലതയ്ക്ക് ബർലിൻ മേളയിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചത്. ഒരു വിദ്യാർത്ഥിയുടെ ജിജ്ഞാസയും

കൗതുകവും ഉണർത്തുന്ന ആഖ്യാനം ഈ കൃതിയെ വ്യത്യസ്തമാക്കുന്നു. യാത്ര യുടെ ആരംഭമല്ല ഈ കൃതിയിൽ ആദ്യം വിവരിക്കുന്നത്. 'ബാലവേദി' ഉദയം ചെയ്തതിനെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും വിവരിച്ചതിനു ശേഷം പന്ത്രണ്ട് അധ്യായങ്ങളിലായി യാത്രാനുഭവങ്ങൾ ആഖ്യാനം ചെയ്യുന്നു. ലളിതമായ വാക്യഘടനയിലാണ് ഈ കൃതി നിർവ്വഹിച്ചിരിക്കുന്നത്.

അടിയന്തിരാവസ്ഥാകാലഘട്ടത്തിൽ 1976-ൽ കേരളത്തിന്റെ രമണീയമായ ഭൂവിഭാഗങ്ങളിലൂടെ സഞ്ചരിച്ച മാധവിക്കുട്ടിയുടെ യാത്രക്കുറിപ്പുകൾ 2011-ലാണ് പരിഭാഷപ്പെടുത്തി മലയാളത്തിൽ പ്രസിദ്ധീകരിച്ചത്. അക്കാലത്തെ ചരിത്രസാം സ്കാരിക പശ്ചാത്തലം കൂടിയാണീ കൃതി വ്യക്തമാക്കിത്തരുന്നത്.

ദേശവും ഭാഷയും സംസ്കാരവും ഇഴപിരിക്കാനാവാത്തവണ്ണം ഇതിൽ കണ്ണി ചേർന്നിരിക്കുന്നു. അതുകൊണ്ടുതന്നെ ഇവയുടെ കൂടിച്ചേരലായ യാത്രാവി വരണകൃതികളിൽ ഇത്തരം വായനക്കേറെ പ്രാധാന്യമുണ്ട്. ഇത്തരം ഒരു വായന സാധ്യമാക്കുന്ന കൃതിയാണ് കേരളസഞ്ചാരം.

ജനജീവിതത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ അടിസ്ഥാനഘടക ങ്ങളിലൂണ്ടാവുന്ന മാറ്റങ്ങൾ സാംസ്കാരിക ജീവിതത്തിലും സ്വാധീനം ചെലുത്തു ന്നു. ഇത്തരം മാറ്റങ്ങൾ കേരളസഞ്ചാരത്തിലൂടെ നമുക്ക് വായിച്ചറിയാം. കേരള ത്തിന്റെ രാഷ്ട്രീയ സാംസ്കാരികതലം തന്നെയാണിവിടെ ആവിഷ്കരിക്കുന്നത്.

മുത്തങ്ങയിലേക്കുള്ള യാത്രക്കിടയിൽ സ്ത്രീയായതുകൊണ്ടു നേരിട്ട ബുദ്ധിമുട്ടിനെക്കുറിച്ച് റേച്ചർ ഓർമ്മിപ്പിച്ചപ്പോൾ അത്തരം യാത്രകൾ പുരുഷന്റേത് മാത്രമല്ലെന്നും സ്ത്രീകൾക്കും നന്നായി ആസ്വദിക്കാൻ പറ്റുമെന്നും ഈ കൃതി കൾ തെളിയിക്കുന്നു.

സാവിത്രിശേഖരൻനായരുടെ 'ഞങ്ങളുടെ അമേരിക്കൻ യാത്ര' ഒരു അനു യാത്രാകൃതിയാണ്. ന്യൂജേഴ്സി കോളേജ് ഓഫ് മെഡിസിനിൽ ഡോക്ടറായി

സേവനമനുഷ്ഠിക്കുന്ന ഭർത്താവായ വിജയനോടൊപ്പം മൂന്നുമാസം ചെലവഴിച്ച തിന്റെ അനുഭവങ്ങളാണ് കൃതി ഉൾക്കൊള്ളുന്നത്. ഇരുപത് അധ്യായങ്ങൾ ഉൾക്കൊള്ളുന്ന ഈ കൃതിയിൽ ആത്മാംശം കലർന്ന ആഖ്യാനമാണ് നിർവ്വഹിച്ചി രിക്കുന്നത്. അമേരിക്കൻ ജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള അവസ്ഥാവിശേ ഷങ്ങൾ ഈ കൃതി ഉൾക്കൊള്ളുന്നുണ്ട്.

സ്ഥലകാലങ്ങളിൽനിന്നുള്ള മുക്തിനേടലാണ് മനുഷ്യന് യഥാർത്ഥത്തിൽ യാത്ര. അത് ചരിത്രരചനയുടെ ഉപാദാനങ്ങളായും ദേശസംസ്കൃതിയുടെ രേഖ പ്പെടുത്തലായും നേരനുഭവങ്ങളായും മാറിക്കൊണ്ടിരിക്കുന്നു. യാത്രചെയ്യുന്ന സ്ഥലം, വ്യക്തി, ജീവിതരീതികൾ എന്നിവ സംസ്കാരത്തിന്റെ പശ്ചാത്തലം മാത്ര മല്ല അതിന്റെ സാക്ഷാത്കാരം കൂടിയാണ്. അതുകൊണ്ടുതന്നെ യാത്രാകൃതികൾ സാഹിത്യകൃതികളായിരുന്നിട്ടും സാംസ്കാരിക വിമർശനത്തിന്റെ ഉപാധിയും ആയിത്തീരുന്നു.

കെ.എ.ബീന ഒൻപതാംക്ലാസ്സിൽ പഠിക്കുമ്പോൾ എഴുതിയ യാത്രാനുഭവ മാണ് 'ബീന കണ്ട റഷ്യ'. 1977-ൽ ബീന റഷ്യയിലെ ആർത്തേക്കിലേക്ക് പോയത് യങ് പയനിയർ ക്യാമ്പിൽ പങ്കെടുക്കാനായിരുന്നു. അവിടെയുള്ള അനുഭവമാണ് തന്റെ ആദ്യയാത്രാവിവരണഗ്രന്ഥത്തിൽ ആവിഷ്കരിക്കുന്നത്.

റബേക്കാ ജോസഫിന്റെ 'ഞങ്ങൾ കണ്ട ഇസ്രായേൽ' ക്രിസ്തുദേവന്റെ ജനനവും ജീവിതവുമായി ബന്ധപ്പെട്ട ഇസ്രായേൽ മണ്ണിലൂടെ സഞ്ചരിച്ച തീർത്ഥ യാത്രാനുഭവമാണ്പങ്കുവെയ്ക്കുന്നത്. 16 അധ്യായങ്ങളിലൂടെ പുരാതനഇസ്രായേ ലിന്റെയും ഇന്നത്തെ ഇസ്രായേലിന്റെയും സാമൂഹ്യവും ചരിത്രപരവും ഭൂമിശാ സ്ത്രപരവുമായ എല്ലാ കാര്യങ്ങളും ഈ കൃതിയിൽ പ്രതിപാദിക്കുന്നു.

യാത്രയോടുള്ള അമിതമായ ആഗ്രഹമാണ് അധ്യാപികയായ എസ്. എ. ലീലാവതിയെ യാത്രയ്ക്ക് പ്രേരിപ്പിച്ചത്. യാത്രപോവാനുള്ള അനുവാദം കിട്ടാത്ത പ്രശ്നമല്ല, സാമ്പത്തിക പ്രശ്നമായിരുന്നു ലീലാവതിയെ അലട്ടിയത്. ലീലാവതി

യുടെ ഡൽഹിയാത്ര സംഘയാത്രയായിരുന്നു. 'ഭാരതത്തിന്റെ ഊർദ്ധ്വരേഖയി ലൂടെ'എന്ന ഈ യാത്രാവിവരണഗ്രന്ഥത്തിൽ സംഘയാത്രയ്ക്കിടയിലെ തന്റെ സ്വത്വം ആവിഷ്കരിക്കാനാണ് ലീലാവതി ശ്രമിക്കുന്നത്.

റോസിതോമസിന്റെ 'അമേരിക്കയിൽ ഒരു മലയാളിപ്പെണ്ണ്' അമേരിക്കൻ യാത്രാനുഭവങ്ങൾ ഉൾക്കൊള്ളുന്നു. റോസിതോമസിന്റെ അനുജത്തി തങ്കവും കുടുംബവും അമേരിക്കയിലാണ് താമസിക്കുന്നത്. അവിടേക്ക് മൂന്നുമാസത്തെ വിസിറ്റിംഗ് വിസയ്ക്ക് മറ്റൊരു അനുജത്തിയ്ക്കൊപ്പം പോവുന്ന റോസിയുടെ അനുഭവങ്ങളാണിതിൽ വിവരിക്കുന്നത്.

സ്വാതന്ത്ര്യമെന്നത് ഉത്തമവും ആത്യന്തികവുമായ ഒരു മൂല്യമായി ഭാരതീയ പൊതുമനസ്സിൽ സ്ഥാനം പിടിച്ചു എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ് ആ കാലഘട്ടത്തിലെ സമരങ്ങളും രചനകളും. സമൂഹത്തിന്റെ സ്പന്ദനങ്ങളെ പ്രത്യേ കിച്ചും നവോത്ഥാന നവീകരണപ്രവർത്തനങ്ങളെ ധൈഷണികമായും ക്രിയാത്മക മായും ഉൾക്കൊള്ളുന്ന ഉപാധികളാണ് സാഹിത്യ നിർമ്മിതികളും യാത്രാവിവര ണങ്ങളും. സ്വാതന്ത്ര്യമെന്ന വലിയ മൂല്യത്തിനപ്പുറത്തേക്ക് ഏതെങ്കിലും അർത്ഥ ത്തിൽ സ്ത്രീകൾക്ക് മാത്രമായി വ്യക്തിസ്വാതന്ത്ര്യവും പൊതുസ്വാതന്ത്ര്യവും ലഭ്യ മാവണമെന്നൊരു ചിന്ത ആ കാലഘട്ടത്തിലെ എഴുത്തുകാരികൾക്കോ സ്ത്രീസമ രനേതാക്കൾക്കോ ഉണ്ടായിരുന്നിതായി കാണുന്നില്ല. അതുകൊണ്ടുതന്നെ ആ കാലഘട്ടത്തിലെ സ്ത്രീയാത്രാവിവരണങ്ങളിൽ സ്ത്രീയെ നവീകരിക്കുവാനോ സ്ത്രീസ്വത്വത്തെ പുനർ നിർണ്ണയിക്കാനോ ശ്രമിക്കുന്നതരത്തിൽ ഉള്ള യാത്രാവിവ രണഗ്രന്ഥങ്ങൾ ലഭിച്ചുകാണുന്നില്ല. അതിനാൽ അത്തരത്തിൽ യാത്രകളും നടന്നി ട്ടില്ല എന്നാണ് മനസ്സിലാവുന്നത്.

സ്വാതന്ത്ര്യാനന്തര കാലഘട്ടം സമൂഹത്തിൽ വരുത്തിയ മാറ്റം വിപ്ലവകരമാ യിരുന്നു. സമൂഹത്തിൽ സ്ത്രീവർഗ്ഗം അനുഭവിച്ച അസ്വാതന്ത്ര്യത്തിന്റെ തുട ക്കവും അതിന്റെ അടിസ്ഥാനവും സാമ്പത്തികഭദ്രതയുമായി ബന്ധപ്പെട്ടുകിടക്കു

ന്നു. പിതൃകേന്ദ്രീകൃതവ്യവസ്ഥിതിയുടെ ഭാഗമായിട്ടാണ് ചരിത്രത്തിൽ സ്ത്രീയുടെ അസ്വാതന്ത്ര്യത്തെയും അസമത്വത്തെയും വിലയിരുത്തുന്നത്. എല്ലാ സമൂഹങ്ങളി ലും ഭരണവ്യവസ്ഥിതി പിതൃകേന്ദ്രീകൃതമായിരുന്നു. ഇത്തരം ഭരണത്തിന്റെ അടി സ്ഥാനം സാമ്പത്തികഭദ്രതയാണ്. പുരുഷന്റെ സാമ്പത്തികനിലയ്ക്ക് അനുസൃത മായി സംഭവിച്ച അടിമത്തവും അസമത്വവുമാണ് സ്ത്രീകൾ ചരിത്രപരമായും വ്യക്തിപരമായും സാമൂഹികമായും ഇന്നും അനുഭവിക്കുന്നത്.

എന്നാൽ സ്വാതന്ത്ര്യാനന്തര കാലഘട്ടമായപ്പോൾ പൊതുസമൂഹത്തിന് സ്വാതന്ത്ര്യം കിട്ടിയതിന്റെ ഭാഗമായി സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം ലഭിച്ചു. സാമ്പത്തികസ്വാതന്ത്ര്യം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ സ്വകാര്യ മായി സമ്പത്തിന്റെ ഉടമകളും കൈവശാധികാരികളും ആയിത്തീർന്നു. അതിന്റെ ഭാഗമായിട്ടാണ് സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ ഒറ്റപ്പെട്ടും കൂട്ടായും സ്ത്രീകൾ ദീർഘയാത്രയ്ക്ക് തയ്യാറായത്. അതിന് അനുസരിച്ചാണ് യാത്രകളെ തിരഞ്ഞെടു ക്കുന്നതും സ്വീകരിക്കുന്നതും. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിനുശേഷം സ്ത്രീകൾ നടത്തിയ യാത്രകളെയും അതിന്റെ ഭാഗമായുണ്ടായ യാത്രാവിവരണ ങ്ങളെയും സ്ത്രീകൾക്ക് ലഭിച്ച സാമ്പത്തിക അധികാരത്തിന്റെ ഭാഗമായി വിലയി രുത്താവുന്നതാണ്.

ഭൗതികജീവിതത്തിന്റെ സമത്വം ആൺ പെൺ ഭേദങ്ങളിൽ തന്നെ സാമ്പത്തിക അധികാരത്തിലാണ് നിലകൊള്ളുന്നത്. സാമ്പത്തിക അധികാരം സമത്വവും സ്വതന്ത്രവുമായി ഒരു സമൂഹത്തിൽ പൊതു കേന്ദ്രത്തിൽ നിന്ന് വിത രണം ചെയ്യപ്പെടുമ്പോൾ മാത്രമാണ് ആ പൊതുമണ്ഡലം സമൂഹത്തിലെ എല്ലാ വ്യക്തികളിലേക്കും തുല്യ പങ്കാളിത്തത്തോടുകൂടി വിതരണം ചെയ്യപ്പെടുന്നത്. ആനുകാലികങ്ങളും മാസികകളും അത്തരത്തിൽ ഒരു പൊതുസമൂഹത്തെ സ്വത ന്ത്രമായി നിശ്ചയിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഉപാധികളാണ്.

ഈ ഒരു സാഹചര്യത്തിലാണ് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിനുശേഷം

സ്ത്രീകളുടെ യാത്രകളും അനുഭവങ്ങളും പൊതുസമൂഹത്തിലും പൊതുമണ്ഡലത്തിലും സമത്വപൂർണ്ണമായി പ്രചരിപ്പിക്കപ്പെടുന്നത്. അതിന്റെ ഭാഗമായി സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിനുശേഷം ഇന്ത്യയിലെ വിവിധ മാസികകളും ആനുകാലികങ്ങളും സ്ത്രീയാത്രകളെയും യാത്രാവിവരണത്തെയും പ്രോത്സാഹിപ്പിക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുന്ന ഉപാധികളായി മാറി. അത്തരത്തിൽ സ്ത്രീകളുടെ വ്യക്തിപരവും സാമൂഹികവുമായ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെയും സമത്വപ്രഖ്യാപനത്തിന്റെയും ഭാഗമായി യാത്രകളും യാത്രാവിവരണങ്ങളും മാറിയിട്ടുണ്ട്.

ഒരു നവീകരണ പ്രവർത്തനവും ഏതൊരു സമൂഹത്തിലും പൂർണ്ണ ലക്ഷ്യത്തോടെയും ഉദ്ദേശ്യത്തോടെയും നടപ്പിലാക്കപ്പെടുന്നില്ല. സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിനുശേഷം സ്ത്രീകൾ സാമ്പത്തികാധികാരത്തിന്റെ ഉടമസ്ഥകളായി മാറിയെങ്കിൽപോലും വ്യക്തിപരമായി പൊതുമണ്ഡലം എപ്രകാരമാണോ സ്ത്രീയെ പുരുഷകേന്ദ്രീകൃതമായി നോക്കിക്കാണുന്നത് ആ ചട്ടക്കൂടിനുള്ളിൽനിന്ന് ചിന്തിക്കാനും പ്രവർത്തിക്കാനും സ്വാതന്ത്ര്യം അനുഭവിക്കാനും മാത്രമേ സ്ത്രീകളിൽ ഭൂരിഭാഗവും ശ്രമിച്ചിട്ടുള്ളൂ. അതിന്റെ ഭാഗമായി യാത്രകൾ നടത്തിയ സ്ത്രീകൾ പോലും അവരുടെ നിശ്ചിതമായ പരിധിയ്ക്കും പരിമിതിയ്ക്കും ഉള്ളിൽ നിന്നുകൊണ്ട് യാത്രയെയും യാത്രാവിവരണത്തെയും സമീപിക്കുകയും അതിനപ്പുറത്തേക്ക് കടക്കാനുള്ള ശ്രമം നടത്താതിരിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ട്.

ഒരു സമൂഹത്തിന്റെ സ്വാതന്ത്ര്യബോധം സാംസ്കാരികമായി തീരുന്നത് ആ പൊതുമണ്ഡലത്തിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ സമൂഹത്തിനും വ്യക്തികൾക്കും സമാനമായി അത് ബാധിക്കുമ്പോഴാണ്. ഇത്തരത്തിൽ സ്ത്രീകൾ സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിനുശേഷം നേടിയ സ്വാതന്ത്ര്യത്തെയും സമത്വത്തെയും ഭാരതത്തിന്റെ പൊതുമണ്ഡലത്തിന്റെ ഒരു സാംസ്കാരിക ഉല്പന്നമായി നിരീക്ഷിക്കാൻ കഴിയുന്നില്ല. എല്ലാവരിലും പ്രാവർത്തികമാവാതെ ചുരുക്കം ചില

രിൽ മാത്രം കാണുന്ന ഒരു സ്വാതന്ത്ര്യബോധമായി മാത്രം സ്ത്രീസമത്വവും സ്ത്രീ സ്വാതന്ത്ര്യബോധവും പരിമിതപ്പെട്ടു. എന്നതാണ് സ്ത്രീയാത്രാവിവരണ കൃതിക ളിൽ നിന്നു കിട്ടുന്ന തെളിവുകൾ, കൊളോണിയലിസത്തിന്റെയും ബ്രിട്ടീഷ് ഭരണ ത്തിന്റെയുമൊക്കെ ഭാഗമായി പാശ്ചാത്യവിദ്യാഭ്യാസം പരക്കുകയും മാമൂലുക ളായി ഭാരതീയ ജനതകളിൽ അവശേഷിച്ചിരുന്ന സ്ത്രീ വിദ്യാഭ്യാസ കാഴ്ചപ്പാടു കൾക്ക് എതിരായ ഒരു ചിന്താമാറ്റം വരികയും ചെയ്തു. അതിന്റെ ഭാഗമായി വിദ്യാഭ്യാസം അവരുടെ മാനസികതലത്തെ നവീകരിച്ചു. ഒരർത്ഥത്തിൽ കുറഞ്ഞ പക്ഷം ആളുകൾക്കെങ്കിലും മാനസികമായ സ്വാതന്ത്ര്യബോധമുണ്ടായിട്ടുണ്ട്. സമൂഹത്തിലും കുടുംബത്തിലും അത് പ്രാവർത്തികമായില്ല. എങ്കിലും ആ ഒരു വിദ്യാഭ്യാസപരമായ ബോധത്തിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് സ്വാതന്ത്ര്യാ നന്തര കാലഘട്ടത്തിൽ സ്ത്രീകൾ യാത്രകൾ നടത്താൻ തുടങ്ങിയത്.

### 3.5 സ്ത്രീയാത്രാ വിവരണങ്ങൾ: സമകാലികം (1990 കൾക്ക് ശേഷം)

കാലം യാത്രയിൽ അന്തർലീനമായതുകൊണ്ടുതന്നെ കാലത്തിൽ വരുന്ന മാറ്റങ്ങൾ യാത്രയിലും പ്രതിഫലിക്കുന്നു. ഫ്യൂഡൽ കാലഘട്ടത്തിൽ നിന്നും നവോത്ഥാന കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായ ആഗോളവത്ക്കരണത്തിന്റെ കാലഘട്ടമാണ് 1990 കൾക്ക് ശേഷം. അതുകൊണ്ടുതന്നെ ഈ പരിവർത്തനങ്ങൾ പെൺയാത്രയെയും സ്വാധീനിച്ചിട്ടുണ്ട്. ജാതി, മത, സവർണ, പുരുഷാധിപത്യമൂ ല്യങ്ങൾക്കും പ്രാമാണ്യമുണ്ടായിരുന്ന ഫ്യൂഡൽ കാലഘട്ടത്തിൽ പെൺയാത്ര കൾ വിലക്കപ്പെട്ടതായിരുന്നു. ഗതാഗതമാർഗ്ഗങ്ങൾ തീർത്തും ദുർബലമായിരുന്ന തിനാലും നിലനിന്നിരുന്ന മാമൂലുകൾ പുരുഷന്മാർക്കു പോലും യാത്ര ദുഷ്കരമാ ക്കുന്നതായിരുന്നതിനാലും സ്ത്രീകൾക്ക് യാത്രകൾ അസാധ്യമായിരുന്നു. അവർണ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളടങ്ങുന്ന ചെറുസമൂഹങ്ങൾ സംഘമായി സഞ്ചരിച്ചിരുന്നുവെങ്കിലും യാത്രാനുഭവങ്ങൾ രേഖപ്പെടുത്താനുള്ള വിദ്യാഭ്യാ സമോ രീതിയോ അന്യമായിരുന്നതിനാൽ അത്തരം സ്ത്രീയാത്രകളുടെ അനുഭവ ങ്ങൾ പരിചയപ്പെടാൻ സാധിച്ചിരുന്നില്ല.

സഞ്ചാരികളെല്ലാം പുരുഷന്മാരായിരുന്നു എന്നതിനാൽ തന്നെ ചരിത്രം രചിച്ചതും ചരിത്രത്തിൽ ഇടം നേടിയതും പുരുഷന്മാരായിരുന്നു. രാജാധികാരം കയ്യിലുള്ളവരോ സമാനപദവി ലഭിച്ചിരുന്നവരോ ആയ സ്ത്രീകൾ യുദ്ധഭൂമിയിൽ പട നയിച്ചിരുന്നതായും വേഷപ്രച്ഛന്നരായി യാത്ര ചെയ്തതായും കാണപ്പെടുന്നു. എന്നാൽ കാലം പുരോഗമിച്ചതോടെ ജനാധിപത്യം, മതേതരത്വം, സോഷ്യലിസം തുടങ്ങിയ നൂതനാശയങ്ങൾ കടന്നു വന്നു. ഇന്ത്യയിലാകമാനം അലയടിച്ച സ്വാത ന്ത്ര്യബോധത്തിന്റെയും വിദേശാധിപത്യത്തിനെതിരായ സമരങ്ങളുടെയും പശ്ചാ ത്തലത്തിൽ കേരളത്തിൽ ഉദയം കൊണ്ട നവോത്ഥാനപ്രസ്ഥാനങ്ങളുടെ പ്രവർത്ത നങ്ങളിലൂടെയും കേരളീയസമൂഹത്തിൽ സമൂലമായ മാറ്റം ഉണ്ടായ കാലഘട്ടമായി രുന്നു ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധം. അക്കാലത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാ സം, തൊഴിൽ എന്നിവ നേടാനും മാന്യമായി വസ്ത്രം ധരിക്കാനും ആവശ്യം പോലെ സഞ്ചരിക്കാനും കഴിയുന്ന അവസ്ഥ നിലവിൽ വരികയും, സ്ത്രീകളുടെ യാത്രകൾ വിദ്യാഭ്യാസം, തൊഴിൽ, വിവാഹം എന്നിവയുമായി ബന്ധപ്പെട്ട് വ്യാപ കമാവുകയും ചെയ്തു. സ്കൂൾ-കോളേജ് തലങ്ങളിൽ പഠനയാത്രകൾ വിദ്യാഭ്യാ സത്തിന്റെ ഭാഗമാക്കുകയും യാത്രയ്ക്ക് സാർവ്വത്രികമായ അംഗീകാരം ലഭിക്കു കയും ചെയ്തു.

ഈ മാറ്റം സ്ത്രീ സഞ്ചാരത്തെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. പല ആവശ്യങ്ങൾക്കായി സ്ത്രീകൾക്ക് പുറത്ത് പോയേ മതിയാവൂ എന്ന് വന്നതു കൊണ്ടും സ്ത്രീ സഞ്ചരിക്കാൻ തുടങ്ങി. അതിൽ ചിലതെല്ലാം രേഖപ്പെടുത്താനും തുടങ്ങി. ഇപ്രകാരം വിജ്ഞാനം തേടി ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥല ത്തേക്ക് പോകുമ്പോൾ അത് പങ്ക് വെക്കാനുള്ള കൗതുകവും ഓരോ യാത്രിക യിലും ഉണ്ടാവും.

സ്വന്തം ഇഷ്ടത്തോടെയും കുടുംബത്തിന്റെ അകമ്പടിയോടെയും അല്ലാ തെയും ഒറ്റയ്ക്കും സുഹൃത്തുക്കൾക്കൊപ്പവും സ്ത്രീ യാത്രചെയ്യാൻ തുടങ്ങിയിട്ട്

അധികകാലമായിട്ടില്ല. എങ്കിലും ഓർമ്മകളിലൂടെയും അനുഭവക്കുറിപ്പിലൂടെയും യാത്രാനുഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

1990 കൾ മുതൽക്കിങ്ങോട്ടുള്ള യാത്രാകൃതികളാണിവിടെ പരാമർശവിധേയമാക്കുന്നത്. ''മനക്കരുത്തിന്റെയും സാഹസികതയുടെയും പര്യായമായിട്ടാണ് യാത്രകളെ മിക്കവാറും നാം മനസ്സിലാക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും എഴുതപ്പെട്ട പെൺയാത്രാക്കുറിപ്പുകൾ സാമ്രാജ്യത്വത്തെ പിന്തുണയ്ക്കുകയായിരുന്നെന്ന് സ്ത്രീപക്ഷ വായനക്കാർ വിലയിരുത്തിയിട്ടുണ്ട്.''[25]

മലയാളസാഹിത്യത്തിൽ കഥയിലോ നോവലിലോ കവിതയിലോ കാണുന്ന പോലുള്ള നിരന്തരമായ സ്ത്രീസാന്നിധ്യം യാത്രാവിവരണവിഭാഗത്തിൽ കാണുന്നില്ല. എങ്കിലും ഒന്നിലധികം യാത്രാഗ്രന്ഥങ്ങളിലൂടെയും അനേകം തീർത്ഥയാത്രകളിലൂടെയും സ്ത്രീകൾ തങ്ങളുടെതായ സാന്നിധ്യം ഉറപ്പിക്കുന്നതായി കാണപ്പെടുന്നു.

കാഴ്ചയിൽ കാലം പ്രതിഫലിക്കുന്നതുകൊണ്ടു തന്നെ ആദ്യകാല യാത്രകളിൽ നിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടാണ് ഈ കാലഘട്ടത്തിൽ രചിച്ചിരിക്കുന്ന യാത്രാവിവരണ കൃതികളിൽ തെളിയുന്നത്. 1990 കൾക്ക് ശേഷമുണ്ടായ കൃതികൾ താഴെ പറയുന്നവയാണ്.

'കാടുകളുടെ താളം തേടി' സുജാതദേവി (1992), 'വിയറ്റ്നാമിലൂടെ' ഗീതാ ഇടമറുക് സ്കാർണർ (1992), 'ഗംഗയുടെ കഥ' സരസ്വതി രാമനാഥൻ (1994), 'വിശുദ്ധസ്വപ്നങ്ങളുമായി വിശുദ്ധനാട്ടിൽ' സരോജ വർഗീസ് (2000), 'സ്വപ്നം നിലച്ച റഷ്യയിൽ' ബോബി അലോഷ്യസ് (2003), 'കാശി ചതുർധാമ ഹിമാലയയാത്ര' വത്സമോഹൻ (2004), 'വേറിട്ടൊരു അമേരിക്ക' വത്സല പി, (2007), 'ദേവദാരു പൂക്കുന്ന താഴ്വരകൾ' പ്രൊഫ ഗോമതിയമ്മ, 'ബ്രഹ്മ പുത്രയിലെ വീട്' ബീന, കെ.എ. (2007), (2008), 'മഞ്ഞുമലകളിൽ മോക്ഷം തേടി' ഭവാനി, കെ.പി. (2008),

‘അമരപദത്തിൽ’ വത്സലാമോഹൻ (2009), ‘സൽമയുടെ പാക്കിസ്ഥാൻ യാത്ര’ വിവ. ടി.ഡി. രാമകൃഷ്ണൻ (2010), ‘ആസ്ട്രേലിയൻ യാത്രാനുഭവങ്ങൾ’ പ്രൊഫ. പൊന്നറ സരസ്വതി (2011), ‘മൺതരിമുതൽ മഹാകാശം വരെ’ കെ.പി. സുധീര (2011), ‘ഹിമാലയോ നാമ നഗാധിരാജ’ ‘കാഴ്ചകളുടെ ഉത്തരായനം’ സ്വർണലത എം. (2012), ‘ഉത്തരേന്ത്യൻ യാത്രാക്കുറിപ്പുകൾ’ ജ്യോതിർമയി ശങ്കരൻ (2012), ‘ദേവഭൂമിയിലെ ഒരാഴ്ച’ ഗീതാസുരാജ് (2012), ‘ഖജുരാഹോ കൊണാർക്ക് വത്സ ലാമോഹൻ (2012), ‘ദേവഭൂമിയിലൂടെ ഒരു തീർത്ഥയാത്ര’ വിമലാരാജകൃഷ്ണൻ (2012), ‘ഞാൻ കണ്ട വിശുദ്ധനാട്’ പ്രൊഫ. പ്രമീള ജേക്കബ് (2012), ‘പെൺയാത്ര’ (എഡി) സുമംഗല (2013), ‘കൂകൂ കൂ കൂ തീവണ്ടി’ അനിതാ നായർ (2013) ‘ബ്രൂണ യാത്രയുടെ വസന്തം’ ഇന്ദിര. ബി. (2013), ‘കാശ്മീർ സ്വർഗീയ സുന്ദരഭൂമി’ വത്സല മോഹൻ (2014), ‘പെൺപ്രവാസം’ എഡി. റഫീഖ് മേമുണ്ട (2014), ‘എബ്രഹാം ലിങ്കന്റെ നാട്ടിൽ’ സത്യവതി വി. (2014), ‘കൊണാർക്കിലെ സൂര്യതേജസ്’, ‘ഗംഗോത്രി യമുനോത്രി’ പ്രൊഫ. ഗോമതിയമ്മ (2014), ‘ചുവടുകൾ’ ബീന കെ.എ. (2015), ‘കൈലാസയാത്ര’ രാജനന്ദിനി (2015), ‘ഷേക്സ്പിയറിന്റെ നാട്ടിൽ’ ജമീല, കെ.എം. (2015), ‘റാണിമാർ പദ്മിനിമാർ മലയാളസ്ത്രീകളുടെ കൈവിട്ടസഞ്ചാര ങ്ങൾ’ (എഡി) ദിലീപ് രാജ് (2015), ‘നദി തിന്നുന്ന ദ്വീപ്’ ബീന കെ.എ. (2016), ‘പെൺവഴി’ ടി.സി. മറിയം തോമസ് (എഡി), ‘യൂറോപ്പിലൂടെ ഒരു ആത്മീയയാത്ര’ നളിനി ശശിധരൻ (2016). ഇപ്രകാരം ഒട്ടേറെ കൃതികൾകൊണ്ട് സമ്പന്നമാണ് ഈ മേഖല. എന്നിട്ടും അത് തിരസ്കൃതചരിത്രങ്ങളുടെ ആഖ്യാനപാഠങ്ങളായിതീരുക യാണ്. ചില കൃതികൾ വസ്തുതാവിവരണങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു ണ്ടെങ്കിലും മിക്ക കൃതികളും കാഴ്ചകളിലും സമീപനങ്ങളിലും വ്യത്യസ്ത പുലർ ത്തുന്നു. ഓരോ യാത്രയും അനുഭവങ്ങൾ ശേഖരിക്കാനും അതിലൂടെ ലോകത്തെ അറിയാനുമുള്ള ഉപാധി കൂടിയാണ്. ഈ അറിവാണ് യാത്രാവിവരണത്തിലൂടെ പുറത്ത് വരുന്നത്.

ആൺ യാത്രാ വിവരണങ്ങളിൽ നിന്നും ഘടനാപരമായും സൗന്ദര്യശാ

സ്ത്രപരമായും പെൺയാത്രാ വിവരണങ്ങൾ വേറിട്ടു നിൽക്കുന്നു. ഇത്തരം ഒരു വായന സാധ്യമായ പുസ്തകമാണ് സുജാതാദേവിയുടെ 'കാടുകളുടെ താളം തേടി' എന്ന രചന 1992-ൽ ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ പരിസ്ഥിതി പഠനഫെലോഷിപ്പിന്റെ ഭാഗമായി ലേഖിക നടത്തിയ യാത്രകളുടെ കാടനുഭവങ്ങളാണ് ഈഗ്രന്ഥം. ഹിമാലയത്തിലെ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെ നിലനിൽപ്പും ചുറ്റുമുള്ള ജനപ്രദേശങ്ങളിലെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളും തമ്മിലുള്ള ബന്ധം എന്ന വിഷയത്തിലായിരുന്നു രണ്ടു മാസത്തെ പഠനം.

സഹോദരിയായ പ്രശസ്ത കവയിത്രി സുഗതകുമാരിക്ക് ഈ കാലയളവിൽ അയക്കുന്ന കത്തിന്റെ രൂപത്തിലാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം തയ്യാറാക്കിയിട്ടുള്ളത്. കാടനുഭവവും ഹിമാലയാനുഭവവും താളത്തിന്റേതിനേക്കാൾ താളപ്പിഴയുടെ അപായ സൂചനകളായിട്ടാണ് യാത്രികക്ക് അനുഭവപ്പെടുന്നത്. കാടുകളുടെ താളം തേടി, നിറവും മണവുമുള്ള കാട്, വഴി തെറ്റിയ ചിപ്കോ പ്രസ്ഥാനം എന്നിങ്ങനെ നിരവധി അധ്യായങ്ങളിലൂടെ യാത്രാനുഭവങ്ങൾ ക്രോഡീകരിച്ചിരിക്കുന്നു. കാടിന് സംഭവിക്കുന്ന ദുരന്തങ്ങൾക്ക് പിന്നിലുള്ള സാമൂഹിക കാരണങ്ങൾ തിരിച്ചറുയുന്നുണ്ട് ലേഖിക. ഒരു വിനോദസഞ്ചാരി എന്ന നിലയിലോ കേവല പഠിതാവ് എന്ന നിലയിലോ അല്ല എഴുത്തുകാരി ഈ കാടനുഭവങ്ങൾ പകർത്തുന്നത്. കാട് സാമൂഹിക ജീവിതത്തിന്റെ താളം തന്നെയാണെന്ന സൂക്ഷ്മമായ തിരിച്ചറിവ് ഈ കൃതി പങ്കുവെയ്ക്കുന്നു.

രേഖപ്പെടുത്തിയ സ്ത്രീയാത്രകളിൽ മിക്കതും അനുയാത്രകളാവുമ്പോൾ സുജാതാദേവിയുടെ യാത്ര ഒറ്റയ്ക്കുള്ളതായിരുന്നു. കാടും മലകളും സ്ത്രീയ്ക്ക് അപ്രാപ്യമാണെന്ന പൊതുബോധത്തെ തിരുത്തി എഴുതുകയാണീ കൃതി. പല സ്ഥലങ്ങളും പരിചയപ്പെടുത്തുന്ന വനപാലകരുടെ സഹായവും ഗവേഷക എന്ന പരിവേഷവും മാത്രമായിരുന്നു അവർക്ക് പലയിടത്തും തുണയായത്.

ഹിമാലയൻ കാടുകളുടെ മനോഹാരിത, കാടുകളിൽ വസിക്കുന്ന ഗ്രാമീണരുടെ പ്രശ്നങ്ങൾ എന്നിങ്ങനെയുള്ള വസ്തുതകൾക്ക് കൃതിയിൽ ഏറെ പ്രാധാന്യമുള്ളതുപോലെ, അവിടത്തെ ഗ്രാമീണരായ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങളും വിവരിക്കുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ കൂടുതൽ വിവരിക്കാൻ ശ്രമിച്ചിട്ടുണ്ട്.

അഞ്ചിലധികം യാത്രാവിവരണഗ്രന്ഥങ്ങൾ എഴുതിയ കെ.എ. ബീന യാത്രാനുഭവങ്ങളെ കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. ''യാത്രയുടെ ലോകത്ത് ജനിച്ചുവീണ് അതിന്റെ ആനന്ദവും നൊമ്പരങ്ങളും അറിഞ്ഞ് വളർന്നതിനാലാവണം യാത്ര എന്നു കേൾക്കുമ്പോൾത്തന്നെ സമസ്തകോശങ്ങളും അസാധാരണമായൊരു ഊർജ്ജപ്രവാഹത്താൽ നിറയുന്നത്. ലോകം മുഴുവൻ യാത്ര ചെയ്തിരുന്ന അച്ഛൻ ഒരിക്കലും വീട് മാത്രമാണ് സ്ത്രീയുടെ ലോകം എന്ന് പഠിപ്പിച്ച് വളർത്താൻ തയാറാകാത്ത അമ്മ. യാത്രാപഥങ്ങൾ തുറന്നു തന്നത് അവരാണ്''.[26]

ഇപ്രകാരം താൻ യാത്രിക ആയ സാഹചര്യം വ്യക്തമാക്കുകയാണ് കെ.എ. ബീന. അധികാരശക്തിയുടെ സമ്മർദ്ദങ്ങൾ തന്നെയാണ് ഇന്നും സ്ത്രീയാത്രയെ നിയന്ത്രിക്കുന്നതെങ്കിലും 1990 കൾക്കുമുമ്പുള്ള സ്ത്രീയാത്രാനുഭവങ്ങളിൽനിന്നും കാഴ്ചകളിൽനിന്നും വിലക്കുകളിൽ നിന്നും ഇന്ന് സ്ത്രീ വളരെ ദൂരം മുന്നോട്ടു പോയിരിക്കുന്നു. താൻ കാണാനാഗ്രഹിക്കുന്ന സ്ഥലത്തേക്ക് ഒറ്റക്ക് ബൈക്കോടിച്ചു പോവാനും റോഡരികിലെ തട്ടുകടക്കടിയിൽ കിടന്നുറങ്ങാനും സ്ത്രീകളിൽ ചിലർക്കെങ്കിലും ചെയ്യാൻ സാധിക്കുന്നുണ്ടെങ്കിൽ അതിനു പിൻബലം നൽകിയത് നവോത്ഥാന പൊതുമണ്ഡലത്തിൽ വന്ന വ്യത്യസ്തമായ കാഴ്ചപ്പാടാണ്.

2000–ാം ആണ്ടിനുശേഷം ഈ മേഖലയിൽ ഒട്ടേറെ കൃതികൾ പുറത്തുവന്നിട്ടുണ്ട്. ഒട്ടുമിക്കതും അനുയാത്രയും തീർത്ഥയാത്രയുമാണെങ്കിലും കുടുംബത്തിനകത്തുനിന്നു കൊണ്ടു തന്നെ സ്ത്രീ തന്റെ അപരത്വത്തെ എങ്ങനെ നോക്കി കാണുന്നുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. കെ.എ.ബീനയുടെ 'ബീന കണ്ട റഷ്യ'

എന്ന കുട്ടിക്കാല യാത്രാ വിവരണത്തിൽ നിന്ന് വളരെ വ്യത്യസ്തമാണ് 'ബ്രഹ്മപുത്രയിലെ വീട്' എന്ന യാത്രാകൃതി.

ജി.ഗോമതിയമ്മയുടെ 'ദേവതാരു പൂക്കുന്ന താഴ്വരകൾ' ഹിമവാന്റെ നാട്ടിലേക്കുള്ള 18 ദിവസം നീണ്ടുനിൽക്കുന്ന യാത്രാനുഭവമാണ് പങ്കുവെക്കുന്നത്. 2007 മാർച്ച് 31 മുതൽ ഏപ്രിൽ 17 വരെ നീണ്ട ശ്രമകരമായ ഒരു യാത്രയായിരുന്നു ഇത്. ഹിമാലയം മാത്രമല്ല ഉത്തരേന്ത്യയിലെ ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ, ഡൽഹി, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ചരിത്രപ്രധാനമായ പല നഗരങ്ങളും കേന്ദ്രങ്ങളും യാത്രാപഥത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. സഞ്ചാരമാർഗ്ഗത്തിലെ പുതുമയാണ് കടുത്ത സാഹസികത ഏറ്റെടുക്കാൻ ഗ്രന്ഥകാരിയെ പ്രേരിപ്പിച്ചത്.

സ്ത്രീകൾ, അയൽപക്കം, കുടുംബം എന്നിവ യോജിച്ചുചേരുന്ന ഒരു കാഴ്ചയാണ് ബീനയുടെ 'ബ്രഹ്മപുത്രയിലെ വീട്.' ഏകാത്മമായി താമസിച്ചും അലഞ്ഞും പുറംകാഴ്ചകൾ കണ്ടുംനടക്കുന്ന പതിവു യാത്രാവിവരണ കൃതികളിൽനിന്നും വ്യത്യസ്തമായി അവിടത്തെ ജീവിതം അനുഭവിക്കുക തന്നെയാണവർ. ജീവിക്കുന്ന ദേശം കൂടുതൽ വ്യക്തമാവുന്നതും അതുകൊണ്ടുതന്നെയാണ്. അവിടത്തെ മിക്ക കാഴ്ചകളിലേക്കും താൻ, തന്റെ നാട്, നാട്ടിലെ അനുഭവങ്ങൾ എന്നിങ്ങനെ ഗൃഹാതുരത്വം തുളുമ്പി നിൽക്കുന്ന അവസ്ഥകൾ ഇതിൽ ധാരാളമായി രേഖപ്പെടുത്തുന്നുണ്ട്. കാലം പ്രതിഫലിക്കുന്ന യാത്രാനുഭവങ്ങൾ തന്നെയാണ് പുതിയകാലത്തെ യാത്രാവിവരണകൃതികൾ ഉൾക്കൊള്ളുന്നത്.

തീർത്ഥാടന അനുഭവങ്ങളാണ് സഞ്ചാര സാഹിത്യത്തിലെ മുക്കാൽ പങ്കും. സാറാതോമസിന്റെ 'ഇസ്രായേലിന്റെ മാറിലൂടെ' എന്ന യാത്രാവിവരണം തീർത്ഥയാത്രാ ഗ്രന്ഥമാണ്. നിരീക്ഷണം, ചരിത്രാവലോകനം, കഥനപാടവം എന്നിവ കൊണ്ട് മുൻകൂട്ടി നിശ്ചയിച്ച കാര്യപരിപാടികളും യാത്രാസരണിയുമുള്ള ഒരു യാത്രയാണെന്നിരിക്കലും അത്യന്തം ഹൃദ്യമായ വിവരണങ്ങൾ ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നു. ചരിത്രമുറങ്ങുന്ന വിശുദ്ധഭൂമി. ക്രിസ്ത്യാനിക്കും ജൂതനും

മുസൽമാനും ഒരുപോലെ പുണ്യഭൂമിയായ ഇസ്രായേൽ, ഇതെല്ലാം ഏറെ മനോഹ രമായി ചിത്രീകരിച്ചിരിക്കുന്നു. ശ്രീയേശുവിന്റെ നാട്, യെറുശലേമും ഗാഗുൽത്താമ ലയും ഗലീലിയോ കടലും എല്ലാം ചിത്രത്തിലെന്നപോലെ വർണ്ണിച്ചിരിക്കുന്നു. നാട്ടുകാരുമായി ഇടപെടാനോ, ഗ്രാമങ്ങൾ സന്ദർശിക്കാനോ അവർക്ക് അവസരങ്ങ ൾ കിട്ടുന്നില്ല. എങ്കിലും ഇസ്രായേലിലെ കൃഷിയും വ്യാവസായിക അഭിവൃദ്ധിയും ജൂതന്മാരുടെ ബുദ്ധിയും സ്ഥിരോത്സാഹവും കണ്ട് അവർ അത്ഭുതപ്പെടുന്നു.

എസ്.ഗീതാകുമാരിയുടെ ഫറവോയുടെ നാട്ടിൽ (2010) ഒരു അനുയാത്രാഗ്ര ന്ഥമാണ്. ഈജിപ്തിൽ ഏകദേശം ഒരു മാസത്തോളം ചെലവഴിച്ച യാത്രാനുഭവ മാണ് കൃതിയിൽ വിവരിക്കുന്നത്. ഇന്ന് മുസ്ലിം രാഷ്ട്രമായി മാറികഴിഞ്ഞിരിക്കുന്ന ഈജിപ്തിന്റെ ഗതകാലം ദേവീദേവന്മാരുടെ ആരാധനയ്ക്കു പ്രാമുഖ്യം നൽകിയി രിക്കുന്നതായിരുന്നു. യാത്രാവിവരണത്തിൽ കൂടുതൽ പരാമർശിക്കുന്നത് ക്ഷേത്ര ങ്ങളെക്കുറിച്ചാണ്. ക്ഷേത്രവും ക്ഷേത്രാരാധനയും ഒരു നാടിന്റെ സംസ്കാരവു മായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന തലത്തിനാണ് ഈ യാത്രാവിവരണകൃ തിയിൽ ഊന്നൽ നൽകിയിരിക്കുന്നത്.

കെ.പി. സുധീരയുടെ 'മൺതരി മുതൽ മഹാകാശം'വരെ എന്ന യാത്രാ ഗ്രന്ഥം സിംഗപ്പൂർ, മലേഷ്യ, തായ്ലന്റ് തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള യാത്രയാ ണ്. വി.സത്യവതിയുടെ 'എബ്രഹാം ലിങ്കന്റെ നാട്ടിൽ' ഒരു അനുയാത്രാകൃതിയാ ണ് വിവരിക്കുന്നത്. അമേരിക്കൻ കമ്പിനിയിൽ ജോലിചെയ്യുന്ന മരുമകന്റെ കൂടെ യാണ് ഇവർ യാത്രപോകുന്നത്. ഒരു കുടുംബിനിയുടെ കാഴ്ചകൾക്കാണ് ഈ കൃതിയിൽ ഏറെ പ്രാധാന്യം കൊടുത്തത്. ആദ്യമായി വിമാനം കയറുന്നതി ന്റെയും വിദേശത്ത് പോയതിന്റെയുംമെല്ലാം ഉത്കണ്ഠകൾ നിറഞ്ഞതാണ് ഈ ഗ്രന്ഥം.

പൊന്നറ സരസ്വതിയുടെ 'ആസ്ട്രേലിയൻ യാത്രാനുഭവങ്ങൾ' അനു യാത്രാ കൃതിയാണ്. 60 വയസ്സിലധികം പ്രായമുള്ള സ്ത്രീയാണ് ഗ്രന്ഥകർത്രി.

മകന്റെ ജോലി സ്ഥലത്തേക്കെത്തുന്ന വൃദ്ധദമ്പതികളിൽ ഒരാളായ ഇവർ കാഴ്ച യും വൈജ്ഞാനികത ഇടകലർത്തിയാണ് ആവിഷ്കരിക്കുന്നത്. അടുക്കള, പാചകം, പ്രകൃതി നിരീക്ഷണം, ജീവികളെ വിവരിക്കുമ്പോഴുള്ള പ്രത്യേകതഇവ യെല്ലാം സ്ത്രൈണാഖ്യാനത്തിന്റെ സവിശേഷതകളാണ്. ''ഭക്ഷ്യവസ്തുക്കൾ ഇല ക്കറികൾ, കുപ്പച്ചീര മുതൽ ചേമ്പിൻ തണ്ടുവരെ വൃത്തിയായി പ്രദർശിപ്പിച്ചിരിക്കു ന്നു.''[27] ഇത്തരം നിരീക്ഷണങ്ങൾ ഗ്രന്ഥത്തിലുടനീളം കാണാൻ സാധിക്കുന്നുണ്ട്.

ജി.ഗോമതിയമ്മയുടെ ഗംഗോത്രിയമുനോത്രി (2014) കൊണാർക്കിലെ സൂര്യ തേജസ്സ്, (2014), ദേവദാരു പൂക്കുന്ന താഴ്വരകൾ (2008), പ്രമീള ജേക്ക ബിന്റെ ഞാൻ കണ്ട വിശുദ്ധ നാട് (2012), ഭവാനി കെ.പി.യുടെ 'മഞ്ഞുമലകളിൽ മോക്ഷം തേടി' (2015) വത്സലാ മോഹനന്റെ കൃതികൾ എന്നിവ തീർത്ഥയാത്രക ളിൽപ്പെടുന്നു.

ഒരു പ്രവാസി വീട്ടമ്മയായ കെ.എം.ജമീലയുടെ 'ഷേക്സ്പിയറിന്റെ നാട്ടിൽ' (2015) അനുയാത്രാനുഭവം വിവരിക്കുന്നു. ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്ന മകനെയും ഭാര്യയെയും സന്ദർശിക്കാനായി നെടുമ്പാശ്ശേരിയിൽനിന്നും ദുബായ് വഴിയ്ക്കാണ് അവർ യാത്ര പോവുന്നത്. ഇംഗ്ലണ്ടിലെ ദീർഘകാലത്തെ താമ സവും വിനോദത്തിന്റെയും വിജ്ഞാനത്തിന്റെയും കേന്ദ്രങ്ങളായ വിവിധ സ്ഥലങ്ങ ളിലെ സന്ദർശനവും ഇംഗ്ലണ്ടിനെക്കുറിച്ച് കൂടുതൽ അറിയാനുള്ള ജിജ്ഞാസയു മാണ് ഈ കൃതിയ്ക്ക് പിന്നിൽ. നഗരം സന്ദർശിക്കാനെത്തുന്ന ടൂറിസ്റ്റുകളിൽ ഒരാളാണ് യാത്രിക. അതുകൊണ്ടുതന്നെ അവിടെയുള്ള കാഴ്ചകൾ ഏതെല്ലാമാ യിരിക്കും എന്നൊരു ധാരണ ഇത്തരം യാത്രകൾക്കു പിന്നിലുണ്ടാവും. അപ്പോൾ കാഴ്ചപ്പാടുകൾക്കുള്ളിൽ നിന്നുകൊണ്ടാണ് യാത്രികയുടെ കാഴ്ചകളും സമീപന ങ്ങളും എന്ന് വ്യക്തമാണ്.

ബി.ഇന്ദിരയുടെ, 'ബ്രൂണ-യാത്രകളുടെ വസന്തം' എന്ന യാത്രാവിവരണ കൃതി ചരിത്ര കാഴ്ചകൾക്കാണ് കൂടുതൽ പ്രാമുഖ്യം കൽപ്പിക്കുന്നത്. നേരിട്ടുള്ള

കാഴ്ചകളിൽ കാലവും ചരിത്രവും ഒരുപോലെ ഉൾക്കൊള്ളുന്നു. ചരിത്രത്തെ പുനർനിർമ്മിക്കാനുള്ള ഒരു പാഠമായി മാറുകയാണ് ബി.ഇന്ദിരയുടെ യാത്രാകൃതി. യാത്ര ഒരു അന്വേഷണവും യാത്രാവിവരണം ഒരു സാംസ്കാരിക വിനിമയവും ചരിത്രദായകവുമാണ്. കാഴ്ചയും ആതിഥേയത്വവും സ്വയം അനുഭവിയ്ക്കുന്നതിനപ്പുറം അത് രേഖപ്പെടുത്തി പകർന്നു നൽകുമ്പോഴാണ് ഓരോ യാത്രാവിവരണവും പൂർണമാവുന്നത്. ബ്രൂണെ രാജ്യത്തിന്റെ ദേശചരിത്രം, ഭാഷ, കാലാവസ്ഥ, ഭൂപ്രകൃതി എന്നീ സവിശേഷതകളും ജനജീവിതവും 'ബ്രൂണെ'യെ നേരിട്ട് അനുഭവിപ്പിക്കും മട്ടിലാണ് 18 അധ്യായങ്ങളിലായി ആഖ്യാനം ചെയ്തിരിക്കുന്നത്. ചരിത്രപാഠത്തിന്റെ പുതുവഴി അന്വേഷിക്കുകയാണ് ഈ കൃതി.

റഫീക്ക് മേമുണ്ട എഡിറ്റ് ചെയ്ത് 'പെൺ പ്രവാസം' (2014) എന്ന ഗ്രന്ഥത്തിൽ ഇരുപത്തൊന്നോളം സ്ത്രീകൾ തങ്ങളുടെ പ്രവാസാനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.

മൈന ഉമൈബാന്റെ 'ചുവപ്പു പട്ടയംതേടി' എന്ന യാത്രാനുഭവം ചെറിയൊരു യാത്രാവിവരണമാണെങ്കിലും സ്ത്രീയാത്രയുടെ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്. മൈന വയനാടൻ യാത്രാനുഭവത്തെക്കുറിച്ചും ആകാശം തൊടാനായി ചെമ്പ്രയിലേക്കുള്ള മലകയറ്റത്തെക്കുറിച്ചും വിവരിക്കുന്നു. വയനാട് ചുരം കയറി വൈത്തിരി കഴിയുമ്പോഴുള്ള വലതുവശത്തെ മഞ്ഞുമൂടിയ ചെമ്പ്രമലയിലേക്കുള്ള യാത്രികയുടെയും കൂട്ടുകാരുടെയും യാത്രാനുഭവങ്ങൾ സ്ത്രീസഹജമായ എല്ലാ പ്രത്യേകതകളും നിറഞ്ഞതാണ്. ഓരോ മലയും കയറിച്ചെന്നാണ് ചെമ്പ്രമലയിൽ എത്തുന്നത്. കയറ്റം സൃഷ്ടിച്ച ശാരീരിക അസ്വസ്തതകളെ മറികടന്നുകൊണ്ടായിരുന്നു യാത്ര. പ്രകൃതിയുടെ ഭാഗമായിട്ടാണ് യാത്രിക അനുഭവം ആവിഷ്കരിക്കുന്നത്. വയനാടൻ മണ്ണും മറ്റു പ്രദേശങ്ങളും വിവരിക്കുമ്പോൾത്തന്നെ സാഹിത്യസൂചകമായി ഈ പ്രദേശത്തിനുള്ള സ്ഥാനം കൂടി ബന്ധിപ്പിച്ചുപറയുന്നു. ഇതിഹാസപുരാണങ്ങളുമായും മറ്റു സാഹിത്യകൃതികളുമായും തന്റെ യാത്രാപ്രദേശത്തെ ബന്ധിപ്പിച്ചു പറയാനാണ് മൈന ശ്രമിക്കുന്നത്.

റ്റി.സി മറിയം തോമസ് എഡിറ്റ് ചെയ്ത 'പെൺവഴി' (2015) പതിനെട്ടോളം സ്ത്രീകളുടെ ഓർമ്മയിലൂടെയുള്ള യാത്രാനുഭവമാണ് വിവരിക്കുന്നത്. ചെറിയ യാത്രാനുഭവങ്ങൾ ആണെങ്കിൽ കൂടി സ്ത്രീയാത്രയുടെ ആശങ്കയും അരക്ഷിതാവ സ്ഥയും അതിനെ തരണം ചെയ്യുമ്പോഴുള്ള സന്തോഷവും യാത്രാനുഭവം ഉൾക്കൊള്ളുന്നുണ്ട്. ഇതിൽ ആനക്കാഴ്ചകൾക്കായി കാട്ടിലേക്ക് പോകുന്ന സുബൈദയുടെയും വീട്ടാനാവാത്ത കടങ്ങളെക്കുറിച്ചെഴുതുന്ന ദീപാ നിശാന്തി ന്റെയും സാഹിക അനുഭവങ്ങളെക്കുറിച്ചോർക്കുന്ന പ്രേമയുടെയും അനുഭവങ്ങൾ വ്യത്യസ്തത പുലർത്തുന്നു.

നളിനി ശശിധരന്റെ 'യൂറോപ്പിലൂടെ ഒരു ആത്മീയ യാത്ര' ഭൗതിക കാഴ്ച കൾക്കപ്പുറം ആത്മീയമായ ദർശനത്തിനും സാക്ഷാത്കാരത്തിനും പ്രാധാന്യം കൊടുക്കുന്നു. യാത്രാസംഘത്തിന്റെ കൂടെയാണ് നളിനിയുടെ യാത്ര. പതിമൂന്ന് അധ്യായങ്ങളിലായി ആവിഷ്കരിക്കുന്ന യാത്രാനുഭവങ്ങൾ സാംസ്കാരികവും മത പരവും ആത്മീയവുമായ ഔന്നത്യം കണ്ടറിഞ്ഞ് ആവിഷ്കരിക്കുകയാണ്.

കെ.എ.ബീന നടത്തിയ ഹ്രസ്വയാത്രകളുടെ അനുഭവങ്ങളാണ് 'നദി തിന്നുന്ന ദ്വീപ്' എന്ന യാത്രാവിവരണകൃതി ഉൾക്കൊള്ളുന്നത്. സൈലന്റ് വാലി, ബ്രഹ്മപുത്ര, രാജസ്ഥാൻ, തമിഴ്നാട്, കേരളം എന്നിങ്ങനെ പല സ്ഥലങ്ങളിലും സന്ദർശിച്ചതിന്റെ അനുഭവങ്ങളാണ് ഈ കൃതി ഉൾക്കൊള്ളുന്നത്.

'റാണിമാർ പത്മിനിമാർ: സ്ത്രീകളുടെ കൈവിട്ട സഞ്ചാരം' (2016) എന്ന പുസ്തകം മുപ്പത്തഞ്ചോളം സ്ത്രീകളുടെ യാത്രാനുഭവങ്ങൾ വിവരിക്കുന്നു. പല യാത്രാനുഭവങ്ങളും പുസ്തകത്തിന്റെ പേര് സൂചിപ്പിക്കുന്നപോലെ കൈവിട്ട സഞ്ചാരമായി തോന്നുന്നുമില്ല.

ആത്മകഥയോട് അടുത്തു നിൽക്കുന്ന യാത്രാനുഭവങ്ങളാണ് ഇതിൽ മിക്ക തും. ആഷിക് അബുവിന്റെ 'റാണി പത്മിനി' എന്ന സിനിമയാണ് ഇത്തരം ഒരു പുസ്തകം വിപണിയിലെത്താനുള്ള കാരണം. ദൂരം കൂടിവരുന്ന യാത്രകൾ മാത്ര

മല്ല, ചെറിയ യാത്രയിലുമുണ്ട് അനുഭവ തീക്ഷ്ണത എന്ന് വ്യക്തമാക്കുകയാണ് ഇത്തരം യാത്രാനുഭവങ്ങൾ. ഒറ്റക്കുള്ള യാത്രകൾ, ദീർഘദൂരയാത്രകൾ, കാട്, കടൽ, പർവതം ഇവയിലേക്കുള്ള സാഹസികയാത്ര തുടങ്ങിയ വ്യത്യസ്തമായ കാഴ്ചാനുഭവങ്ങൾ ഈ കൃതിയിലുണ്ട്.

ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ട ഒരു പെണ്ണ് കുറ്റവാളിയെപ്പോലെ വിചാരണ ചെയ്യപ്പെടുന്നുവെന്നാണ് ഷംസാദ് ഹുസൈൻ തന്റെ യാത്രാനുഭവത്തിലൂടെ വ്യക്തമാക്കുന്നത്. രണ്ട് ആൺ സുഹൃത്തുക്കൾക്കൊപ്പം ഇറങ്ങിത്തിരിച്ച യാത്രിക യുടെ അനുഭവം രാത്രി പുരുഷന്റേതുമാത്രമാണെന്ന പൊതുബോധത്തെ ഏറെ ക്കുറെ ഇല്ലായ്മ ചെയ്യാൻ സാധിക്കുന്നതാണ്.

കെ.ആർ. രാഗി, പി. വനജ, അപർണ, മഡോണ, ജയശ്രീ, വൈഖരി ആര്യാട്ട്, വി. പി. സുഹറ, ക്ഷേമ എന്നിങ്ങനെ വിവിധ എഴുത്തുകാർ അനുഭവ ങ്ങൾ പങ്കുവെക്കുന്നു. കൈവിട്ട സഞ്ചാരം എന്ന് പൂർണ്ണമായി പറയാനാവി ല്ലെങ്കിലും ചില യാത്രാനുഭവങ്ങൾ ശീർഷകത്തെ അന്വർത്ഥമാക്കുന്നുണ്ട്.

ഒരു കൂട്ടം സ്ത്രീ എഴുത്തുകാരികളുടെ യാത്രാനുഭവങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിച്ച 'പെൺയാത്ര (2013) എന്ന പുസ്തകം ശ്രദ്ധയും ചർച്ചയും അർഹി ക്കുന്നതാണ്. മാനസി, എം. സുചിത്ര, ലീല സോളമൻ, ഇ.കെ. ശാന്ത, അനിത തമ്പി, മൈന ഉമൈബാൻ, റോസി തമ്പി. കെ.വി. സുമംഗല എന്നിങ്ങനെ വ്യത്യ സ്തമായ കർമ്മമണ്ഡലങ്ങളിൽ പെടുന്നവർ സുരക്ഷിതമായ ഇടം വിട്ട് യാത്ര ചെയ്യുന്നതിന്റെ അന്വേഷണവും സന്ദേഹവും ഈ യാത്രക്കുറിപ്പുകളിൽ ഉൾക്കൊ ള്ളുന്നു.

ചൈനയിലൂടെയുള്ള മാനസിയുടെ ഇരുപതു ദിവസം നീണ്ട യാത്ര സാധാ രണ സന്ദർശനങ്ങളിൽ നിന്ന് വ്യത്യസ്തമായ നോട്ടങ്ങൾക്ക് പ്രാധാന്യം നൽകു ന്നു. ഈ ലേഖനത്തിലെ ജനജീവിതത്തെ വിവരിക്കുന്ന സന്ദർഭങ്ങളിൽ സ്ത്രീക

ളുടെ ജീവിതത്തിന്റെ പ്രത്യേകതകളും സങ്കീർണ്ണതകളും സവിശേഷ ശ്രദ്ധ നേടുന്നു.

ബസ്തറിലെ ദൈനംദിന ജീവിതത്തിന്റെ ഭീതിദമായ അവസ്ഥയാണ് എം. സുചിത്രയുടെ യാത്രാകുറിപ്പ് ഉൾക്കൊള്ളുന്നത്. ഭരണകൂട ഭീകരതയും തീവ്ര വാദ രാഷ്ട്രീയവും കൊണ്ട് കലുഷമായ സ്ഥലങ്ങളിലൂടെയുള്ള യാത്ര വ്യത്യസ്ത മായ യാത്രാനുഭവമാണ് തരുന്നത്.

അനിത തമ്പിയുടെ 'കർലോട്ടിയിലെ ഗ്രാമവീട്' സ്ത്രൈണ കാഴ്ചകൾക്ക് പ്രാധാന്യം കൊടുക്കുന്നതാണ്. ഹിമാചൽ പ്രദേശിൽ സ്ഥിതിചെയ്യുന്ന ഈ ഗ്രാമ ത്തിന്റെ സൗന്ദര്യവും മനുഷ്യബന്ധങ്ങളെ തിക്തമാക്കുന്ന ജാതീയതയുടെ ഭീക രതയും അനിത തമ്പി ആഖ്യാനം ചെയ്യുന്നുണ്ട്.

മൈന ഉമൈബാന്റെ വട്ടവടയിലേക്കുള്ള ചെറിയ യാത്ര അകലങ്ങളിലേ ക്കുള്ള യാത്ര മാത്രമല്ല തീക്ഷ്ണവും സൗന്ദര്യാത്മകവുമായ തലമാണ് ആവിഷ്ക്ക രിക്കുന്നത്. ഇടുക്കിയിൽ ജനിച്ചു വളർന്ന മൈന തൊട്ടടുത്തുള്ള പ്രദേശത്ത് നീല ക്കുറിഞ്ഞി പൂത്തു നിൽക്കുന്നത് കാണാനായിട്ടാണ് ഇറങ്ങിത്തിരിക്കുന്നത്. രാജ മലയിലേക്കായിരുന്നു പോയതെങ്കിലും വട്ടവടയിൽ എത്തിച്ചേരുന്ന മൈനയുടെ വഴി തെറ്റിയ യാത്രയിലൂടെ സ്വരൂപിച്ചെടുക്കുന്ന ഉൾക്കാഴ്ചകൾ വ്യത്യസ്തതയു ള്ളതാണ്.

പത്മാ ജയരാജിന്റെ കടലിലേക്കുള്ള സാഹസികയാത്രയും, നൃത്തത്തിന്റെ നിറങ്ങൾ കലർന്ന സംപ്രീതയുടെ 'യാത്ര തുടരുമ്പോൾ' എന്ന യാത്രാക്കുറിപ്പും യാത്രാവിവരണത്തിലെ സാമ്പ്രദായിക ധാരണകളിൽ നിന്ന് വ്യത്യസ്തമാണ്. ചെറിയ യാത്രാനുഭവങ്ങൾ ആണെങ്കിൽക്കൂടി ഇതിലെ ചിന്തകളും രചനാശൈ ലിയും സമീപനത്തിലെ ആഴവും ആത്മാർത്ഥതയും ഈ പെൺയാത്രാവിവര ണങ്ങളെ വ്യത്യസ്തമാക്കുന്നു.

വി. അബ്ദുൾലത്തീഫ് എഡിറ്റ് ചെയ്ത 'കണ്ടെടുക്കാത്ത പറുദീസകൾ' എന്ന ഗ്രന്ഥം ഒരേ സ്ഥലം തന്നെ സ്ത്രീയും പുരുഷനും കാണുമ്പോഴുള്ള വ്യത്യസ്തതകൾ അറിയാൻ ഉപകരിക്കുന്നു. ആസ്സാം, അരുണാചൽ പ്രദേശ്, നാഗാലാന്റ്, മേഘാലയ എന്നിവിടങ്ങളിലേക്ക് ഒരു യാത്രാകൂട്ടായ്മ സംഘടിപ്പിച്ച യാത്രാനുഭവങ്ങൾ വിവരിക്കുകയാണീ കൃതികളിൽ.

സുനിൽ വർഗ്ഗീസ് എഡിറ്റ് ചെയ്ത 'യാത്ര' (2010) എന്ന പുസ്തകത്തിൽ സ്ത്രീയും പുരുഷനും അടങ്ങുന്ന 27 പേരുടെ യാത്രാനുഭവങ്ങൾ അവതരിപ്പിക്കുന്നു. ഇതിൽ സ്ത്രീ എഴുത്തുകാരികളിൽ, ബീന, കെ.എ, ദേവകി നിലയങ്ങോട്, സിതാര എസ്. എന്നിവരുടെ യാത്രാനുഭവങ്ങൾ വ്യത്യസ്തത പുലർത്തുന്നു. സ്ത്രീയുടെ തനതായ ശൈലിയിലുള്ള ആവിഷ്കാരമാണിതിൽ കാണപ്പെടുന്നത്. ദേവകിനിലയങ്ങോടിന്റെ എഴുത്ത് മാതൃഭാവത്തെയും സമൂഹത്തിലെ പട്ടിണി പ്രശ്നങ്ങളെയും അവതരിപ്പിക്കുമ്പോൾ സിതാര യാത്രയ്ക്കിടയിലെ പ്രണയാനുഭവത്തെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതിൽ പല യാത്രകളും ഒറ്റയ്ക്കുള്ള യാത്രകളുമാണ്.

അയനം അധ്യാപകയാത്രാക്കൂട്ടായ്മയുടെ 'യാത്രയുടെ കയ്യൊപ്പ് (2017) സ്ത്രീയുടെയും പുരുഷന്റെയും യാത്രാനുഭവങ്ങൾ വിവരിക്കുന്നു. യാത്രാവിവരണ കൃതിയിൽ മാത്രമല്ല മഹത്തായ യാത്രാനുഭവങ്ങൾ എന്ന് ഈ യാത്രാവിരണക്കുറിപ്പുകൾ വ്യക്തമാക്കുന്നു. 46 പേരുടെ യാത്രാനുഭവകുറിപ്പുകളിൽ പതിനാറോളം സ്ത്രീയാത്രികരുടെ കുറിപ്പുകളാണ് ഉള്ളത്. ഇതിൽ ആര്യസുരേന്ദ്രന്റെ 'ഗുരുവായൂരിലെ അമ്മ' ചെറിയ ഒരു യാത്രാനുഭവമാണ് പങ്കുവെയ്ക്കുന്നതെങ്കിൽ കൂടി ഒരു സ്ത്രീ എഴുത്തിന്റെ സവിശേഷതകൾ പ്രകടിപ്പിക്കുന്ന രചനയാണ്. യാത്ര പോവുമ്പോഴുള്ള അനുഭവമല്ല 'ആര്യ' കൂടുതൽ വിവരിക്കുന്നത്. ആ സ്ഥലത്തെത്തി പരിചയപ്പെടുന്ന ആരോരുമില്ലാത്ത വൃദ്ധയായ ഒരു കഥാപാത്രത്തോട് തോന്നുന്ന സഹാനുഭൂതിയും സ്ത്രീസഹജമായ അടുപ്പവുമാണ് യാത്രാക്കുറിപ്പിനെ വ്യത്യസ്തമാക്കുന്നത്.

ഇത്തരം യാത്രാനുഭവങ്ങൾ കൂടാതെ ഒറ്റയ്ക്ക് ബൈക്കിൽ യാത്ര ചെയ്യുന്ന സ്ത്രീകളും ഈ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നുണ്ട്. ഇപ്രകാരം ഒറ്റക്ക് ബൈക്കിൽ യാത്ര ചെയ്യുന്ന സ്ത്രീയാണ് കണ്ണൂർക്കാരിയായ ലെസ്ലി അഗസ്റ്റിൻ. അവനവനെ കണ്ടെത്താനുള്ള ഏറ്റവും നല്ല വഴിയാണ് ഓരോ യാത്രകളുമെന്നാണ് ലെസ്ലി പറയുന്നത്. ആ കാഴ്ചപ്പാടുകൊണ്ടാണ് ഹോണ്ട യൂണികോൺ ബൈക്കുമെടുത്ത് തൃശ്ശൂരിൽ നിന്നും ആറായിരം കിലോമീറ്ററുകൾക്കുപ്പുറമുള്ള തവാംഗിലേക്ക് ഒറ്റയ്ക്ക് ഓടിച്ചു പോയതും. അവധി ദിനങ്ങളിൽ ലക്ഷ്യമില്ലാതെ യാത്ര ചെയ്യാൻ ലെസ്ലി ചെറുപ്പത്തിൽ തന്നെ തുടങ്ങിയിരുന്നു. അടുക്കും ചിട്ട യുമില്ലാത്ത യാത്രകളാണ് ലെസ്ലി മിക്കവാറും നടത്താറുള്ളത്. യാത്ര ഏറെ ഇഷ്ടപ്പെടുന്ന ലെസ്ലിക്ക് യാത്ര ചെയ്യാൻ വേറെ കാരണങ്ങൾ വേണ്ടായിരുന്നു. ഇപ്രകാരം കാരണങ്ങളില്ലാതെ സ്ത്രീ യാത്ര ചെയ്യാൻ തുടങ്ങിയിരിക്കുന്നു എന്നത് യാത്രയെക്കുറിച്ചുള്ള പൊതുബോധത്തിൽ വന്ന മാറ്റമായി കണക്കാക്കാം.

ഇങ്ങനെ കാലഘട്ടങ്ങളിലൂടെ വികസിച്ചുവന്ന യാത്രാപാരമ്പര്യം വിവിധ മാനങ്ങൾ കൈവരിക്കുന്നതായി കാണാൻ സാധിക്കുന്നു. യാത്ര ചെയ്യുക എന്നത് അസാധ്യമായ ഒരു കാലഘട്ടത്തിൽ നിന്ന് എത്രയോ അകലങ്ങളിലേക്ക് സ്ത്രീ യാത്ര ചെയ്തു കഴിഞ്ഞു. എങ്കിലും പരിമിതികളിൽ നിന്ന് സ്ത്രീ പൂർണ്ണമായും മുക്തി നേടിയിട്ടില്ല എന്നതിന് തെളിവാണ് ലഭ്യമായ യാത്രാകൃതികൾ മിക്കതും അനുയാത്രയിലും തീർത്ഥയാത്രയിലും ഒതുങ്ങുന്നു എന്നുള്ളത്.

യാത്രയിലും യാത്രാവിവരണത്തിലും പ്രധാനമായും ഒരു ഏകീകരണ സ്വഭാവം ഈ കാലത്ത് രൂപപ്പെട്ടിട്ടുണ്ട്. സ്ത്രീ യാത്രാവിവരണത്തിലും യാത്രിക രുടെ യാത്രാബോധത്തിലും സംഭവിച്ച മാറ്റത്തിന്റെ അടിസ്ഥാനം പൊതുമണ്ഡല ത്തെക്കുറിച്ച് സ്ത്രീയാത്രികർക്കുള്ള ധാരണയാണ്. വ്യക്തിയുടെ സ്വത്വം, സ്വാത ന്ത്ര്യം, സമത്വം എന്നിവ പൊതുസമൂഹത്തിലും പൊതുമണ്ഡലത്തിലും സ്വതന്ത്ര മായി നിലനിൽക്കാനും പ്രവർത്തിക്കാനും പ്രതിഫലിപ്പിക്കാനും കാരണമായി.

അതിന് വേണ്ട അടിസ്ഥാന ഊർജ്ജം തന്നെക്കുറിച്ചും സമൂഹത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാടാണ്. അത്തരത്തിൽ സമകാലീന സ്ത്രീയാത്രികർ പൊതുമണ്ഡല ത്തിൽ സ്ത്രീക്ക് മുൻകാലങ്ങളിൽ അനുഭവിക്കേണ്ടതായി വന്ന പ്രതിബന്ധങ്ങളും പ്രശ്നങ്ങളും അത്ര തീവ്രതയോടെ അനുഭവിക്കുന്നില്ല എന്ന തിരിച്ചറിവാണ് വെളിപ്പെടുത്തുന്നത്. അതിന്റെ ഭാഗമായിട്ടാണ് പുരുഷനോടൊപ്പം യാത്രയിലും യാത്രാനുഭവത്തിലും സമാനമായിരിക്കുന്ന അവസ്ഥയിലേക്ക് സ്ത്രീയാത്രികരും പ്രവേശിക്കുന്നത്. സമൂഹം സ്വതന്ത്രമാണെങ്കിലും സ്ത്രീ ഒറ്റയ്ക്കും കൂട്ടായും മാനസികതലത്തിൽ അസ്വതന്ത്രമാണെങ്കിൽ യാത്ര അവൾക്ക് സാധ്യമാവില്ല. ഒരേ സമയം പൊതുമണ്ഡലത്തിലും സ്ത്രീയുടെ മനോമണ്ഡലത്തിലും സമാനമാ യിരിക്കുന്ന സ്വാതന്ത്ര്യബോധം നിലനിൽക്കുന്ന ഒരു കാലഘട്ടമായി സമകാലിന സാഹചര്യത്തെ സ്ത്രീ എഴുത്തുകാരികൾ വിലയിരുത്തുന്നു. അതിന്റെ ഭാഗമായി ട്ടാണ് സ്ത്രീ എഴുത്തുകളും സ്ത്രീ യാത്രാവിവരണങ്ങളും മുമ്പത്തെക്കാൾ കൂടു തൽ വ്യാപകമായി ഉണ്ടാകുന്നത്.

സ്ത്രീയാത്രയിൽ അടിസ്ഥാനപരമായ ഏകീകരണങ്ങൾ സംഭവിച്ചിട്ടുണ്ട്. ആധുനികാനന്തര വിദ്യാഭ്യാസമൂല്യനിർണ്ണയത്തിന്റെയും പൊതുവിദ്യാഭ്യാസനയ ത്തിന്റെയും ഭാഗമായി പരിസ്ഥിതി മലിനീകരണം തുടങ്ങിയ ആഗോളകാഴ്ചപ്പാടു കൾ കടന്നു വന്നു. ഇന്ത്യയിലും വ്യാപകമായി വിദ്യാഭ്യാസമേഖലകളിൽ ഇത്തരം കാഴ്ചപ്പാടുകൾ പ്രാവർത്തികമാക്കാനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരി ക്കപ്പെട്ടു. അതിന്റെ ഭാഗമായി ഏകീകരിക്കപ്പെട്ട ഒരു യാത്രാമേഖല ഈ കാലത്ത് രൂപപ്പെടുന്നുമുണ്ട്. അപ്രകാരം പരിസ്ഥിതിയെകുറിച്ചും നിലനിൽക്കുന്ന വികസന ത്തെകുറിച്ചും മലിനീകരണം തടയൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഔദ്യോഗി കമായി അന്താരാഷ്ട്ര തലത്തിൽ വിവിധ പ്രവർത്തനങ്ങൾ വ്യാപകമായി നട ത്തുന്ന ഒരു കാലഘട്ടമാണ് ആധുനികാനന്തര കാലഘട്ടം. അതിന്റെ ഭാഗമായി നടത്തിയ യാത്രകളെയാണ് ഒന്നാമത്തെ ഏകീകരണ സ്വഭാവമുള്ള യാത്രകളുടെ പട്ടികയിൽപ്പെടുത്തുന്നത്.

സ്ത്രീകളിൽ തന്നെ ഉദ്യോഗസ്ഥകളും ഭരണകർത്താക്കളും പൊതുപ്രവർത്തകരും മറ്റുമായി വിശ്രമജീവിതവും ഔദ്യോഗികജീവിതവും വിനോദത്തിന് വേണ്ടി ഉപയോഗിക്കുന്ന ഒരു കൂട്ടായ്മ ഈ കാലഘട്ടത്തിൽ ഉണ്ടാവുന്നുണ്ട്. വിദ്യാഭ്യാസം, സാമൂഹികസ്വാതന്ത്ര്യം, സാമ്പത്തികാധികാരം, ഇൻഫർമേഷൻ ടെക്നോളജിയിൽ നേടിയ വൈഭവം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സ്ത്രീകൾ ഒറ്റയ്ക്കും കൂട്ടായും ജീവിതത്തെ വിനോദത്തിന്റെ മേഖലയിലേക്ക് കൂടി സംക്രമിപ്പിക്കാൻ ഇടയായി. അതിന്റെ ഭാഗമായി രൂപപ്പെട്ടതാണ് രണ്ടാമത്തെ യാത്രകളുടെ ഏകീകരണം.

സ്ത്രീയാത്രാവിവരണങ്ങൾ കേവലം സാഹിത്യകൃതികൾ എന്നതിലുപരി വിവരങ്ങളുടെ സമാഹൃതരൂപമായും സമാന്തരവിദ്യാഭ്യാസത്തിന്റെ ഭാഗമായും രൂപം കൊള്ളുന്നുണ്ട്. വൈയക്തിമോ സാമൂഹികമോ ആയ ഒരു പരിപ്രേക്ഷ്യത്തിൽ നിന്ന് യാത്രയുടെ മണ്ഡലം ആധുനികാനന്തരകാലഘട്ടത്തിൽ രാഷ്ട്രത്തിന്റേയും ദേശത്തിന്റേയും ഭരണാധികാരികളുടെയും സർക്കാറിന്റേയും പ്രഖ്യാപിത അജണ്ടകളുടെയും ഭാഗമായി മാറുന്നുണ്ട്.

ചരിത്രത്തിലൂടെ ക്രിയാത്മകമായി വികസിച്ച ഒരു സാഹിത്യപ്രസ്ഥാനമാണ് യാത്രാവിവരണം. ഘടനാപരമായും വിഷയപരമായും വൈവിധ്യങ്ങളുടെയും അപൂർവ്വതയുടെയും സമാഹൃതരൂപം എന്ന നിലയിൽ യാത്രാവിവരണത്തെ സാഹിത്യത്തിൽ അടയാളപ്പെടുത്തേണ്ടതുണ്ട്. ഓരോ കാലത്തും അതത് ദേശത്ത് രൂപപ്പെട്ടുവരുന്ന വിവിധങ്ങളായ സാമൂഹിക സാമ്പത്തിക മേഖലകളുടെ ഉപോത്പന്നമാണ് യാത്രാവിവരണഗ്രന്ഥങ്ങൾ. സമൂഹത്തിന്റെ പൊതു ഇടങ്ങളിൽ സ്ത്രീകളുടെ നിലയും നിലപാടുകളും സ്വാതന്ത്ര്യവുമായി ബന്ധപ്പെടുത്തി നിർണ്ണയിക്കാൻ സാധിക്കുന്ന ഏറ്റവും മൂല്യവത്തായ ലിഖിതരൂപങ്ങളാണ് യാത്രാവിവരണങ്ങൾ. പ്രത്യേകിച്ചും സ്ത്രീ യാത്രാവിവരണങ്ങൾ. സ്ഥലകാലഭേദമെന്യേ ചരിത്രത്തിൽ ഓരോ കാലത്തും സ്ത്രീ അനുഭവിച്ച സ്ത്രീസ്വത്വത്തിന്റെ പൂർണ്ണത

യുമായി ബന്ധപ്പെട്ട വ്യത്യസ്തഘടകങ്ങളായിട്ടാണ് ഓരോ കാലഘട്ടത്തിലുമുണ്ടായിരുന്ന യാത്രാവിവരണങ്ങളെയും യാത്രാകുറിപ്പുകളെയും മനസ്സിലാക്കേണ്ടത്. അത്തരത്തിൽ പ്രത്യയശാസ്ത്രപരമായി സ്ത്രീ എങ്ങനെയൊക്കെ നിർണ്ണയിക്കപ്പെട്ടു എന്നും ഭൗതികവും ആത്മീയവുമായി സ്ത്രീസ്വത്വം ഏതൊക്കെ കാലഘട്ടത്തിലുടെ നിരന്തരം പരിഷ്ക്കരിക്കപ്പെട്ടു എന്നും ഇത്തരം കൃതികളിൽ നിന്ന് മനസ്സിലാക്കാം. വ്യത്യസ്തമായ കാലദേശങ്ങളിൽ സ്ത്രീകൾ പുരുഷകേന്ദ്രീകൃതമായ അനുഭവങ്ങളിൽ നിന്ന് ഏത് തരത്തിൽ പാർശ്വവല്ക്കരിക്കപ്പെട്ടു എന്നും ഒടുവിൽ സ്ത്രീ അവളുടെ സ്വത്വം കണ്ടെത്താനുള്ള കാരണമായി യാത്രയെയും യാത്രാവിവരണത്തെയും എങ്ങനെ ഒരു സാമൂഹിക ഉൽപ്പന്നമാക്കി മാറ്റി എന്നും ഇത്തരം യാത്രാകൃതികൾ വ്യക്തമാക്കുന്നു. കാര്യങ്ങളെ ചരിത്രപരമായും വസ്തുതാപരമായും മനസ്സിലാക്കാനുള്ള ഉപാധികളാണ് യാത്രയും യാത്രാവിവരണങ്ങളും.

ഇന്ത്യൻ സാഹചര്യങ്ങളിൽ സ്വാതന്ത്ര്യപൂർവ്വഘട്ടം, സ്വാതന്ത്ര്യാനന്തര കാലഘട്ടം എന്നിങ്ങനെയുള്ള വ്യത്യസ്തമായ കാലങ്ങളിൽ സമൂഹത്തിന്റെ ഭാഗമായി സ്ത്രീ ഏതെല്ലാം തരത്തിൽ നിർണ്ണയിക്കപ്പെട്ടു എന്നതിന്റെ നേരനുഭവസാക്ഷ്യങ്ങളാണ് അതത് കാലഘട്ടങ്ങളിലുണ്ടായിട്ടുള്ള യാത്രാകുറിപ്പുകളും യാത്രാവിവരണങ്ങളും. ഭൗതികവും മാനസികവുമായി സ്ത്രീ ഇക്കാലങ്ങളിൽ നേടിയ സ്വാതന്ത്ര്യാനുഭവത്തിന്റെ ഭാഗമായിട്ടാണ് അതത് കാലഘട്ടത്തിൽ സ്ത്രീകൾ നടത്തിയ യാത്രകളെയും വിലയിരുത്തേണ്ടത്. ഇപ്രകാരം ആദ്യത്തെ മൂന്നു കാലഘട്ടത്തിലും സ്ത്രീകൾ യാത്രകൾ നടത്തുമ്പോഴും യാത്രാവിവരണങ്ങൾ എഴുതുമ്പോഴും കേവലമായ സ്വാതന്ത്ര്യബോധത്തിനും സമത്വത്തിനും മാത്രമെ ശ്രമിച്ചിട്ടുള്ളൂ എന്ന് മനസ്സിലാക്കൻ സാധിക്കുന്നു.

എന്നാൽ ആധുനികാനന്തരകാലഘട്ടത്തിലേക്കെത്തുമ്പോൾ സ്ത്രീസമൂഹം പഴയതിൽ നിന്ന് വ്യത്യസ്തമായി പരിമിതമായ സ്വാതന്ത്ര്യത്തെ പൂർണ്ണമായും അനുഭവിക്കാനുള്ള ശേഷി നേടുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ആധുനികാനന്തര കാലഘട്ടത്തിൽ സ്ത്രീകൾ പുരു

ഷന്മാർക്കുപോലും അസാധ്യമെന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ള യാത്രകളുടെ വിവിധങ്ങളായ മേഖലകളിലേക്ക് സഞ്ചരിക്കുന്നതും യാത്രാവിവരണത്തിലൂടെ അത്തരം അനുഭവങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നത്. ഇത്തരം അനുഭവങ്ങൾ സ്ത്രീ പ്രകടിപ്പിക്കുമ്പോൾ എഴുത്തിലും സമീപമനത്തിലും എന്ത് മാറ്റങ്ങളാണ് ഉണ്ടാവുന്നത് എന്ന് പരിശോധിക്കാനായി ഓരോ വിഭാഗത്തിലും പെടുന്ന കൃതി കളെ പ്രത്യേകം പഠിക്കേണ്ടതുമുണ്ട്.

## കുറിപ്പുകൾ

1. ജാനകി. 'പെണ്യാത്രകൾ', പച്ചക്കുതിര, വാല്യം 16, ലക്കം 8, 2014 ഡിസംബർ, പുറം 34.
2. അതേ ലേഖനം, പുറം 34.
3. അതേ ലേഖനം, പുറം 34.
4. റഹ്ന. 'യാത്രകളും ദുരിതങ്ങളും', ഗൃഹലക്ഷ്മി, 1994 മാർച്ച്, പുറം 60.
5. ആനന്ദി, ടി.കെ. ജനകീയസമരങ്ങളിൽ സ്ത്രീ മുന്നേറ്റം, കോഴിക്കോട്: ലിപി, 2006, പുറം 17.
6. രശ്മി ബിനോയ്. ചരിത്രത്തിലെ പെണ്ണിടങ്ങൾ, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008, പുറം 23.
7. ഭാസ്കരനുണ്ണി, പി. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, തൃശ്ശൂർ: കേരളസാഹിത്യ അക്കാമദി, 2000, പുറം 473.
8. ഷൈനി ജേക്കബ് ബെഞ്ചമിൻ. 'മലയാളിയുടെതാണ് ആദ്യത്തെ സമ്പൂർണ്ണ പെൺകുടിയേറ്റം', മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം. 8, 2014, ആഗസ്റ്റ്, പുറം 34.
9. അതേ ലേഖനം, പുറം 36.
10. മുസഫിർ അഹമ്മദ്, വി. 'എസ്.കെ. പൊറ്റെക്കാട്ട് ആഫ്രിക്കൻ വിരുദ്ധനോ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, വാല്യം 6, ലക്കം 5, 2015 ഏപ്രിൽ, പുറം 75.
11. വേണുകള്ളാർ. 'യാത്രാന്തർജ്ജനം', വാരാദ്യമാധ്യമം, ലക്കം 1473, 2016 ജൂലൈ.
12. അതേ ലേഖനം.
13. മീരാ അശോക്. 'യാത്രയുടെ തത്വശാസ്ത്രം', സംഘടിത, 2013 ഡിസംബർ, പുറം 31.
14. മുബശ്ശിർ മുഹമ്മദ്. 'ഹാജിയുടെ വഴിക്കുറിപ്പുകൾ', പച്ചക്കുതിര, വാല്യം 16, ലക്കം 8, 2014 ഡിസംബർ, പുറം 51.

15. സുരേഷ് ഗോപി. 'അപ്പൂപ്പൻ താടിപോലെ', ദേശാഭിമാനി വാരാന്തപ്പതിപ്പ്, 2016 ജൂൺ.

16. രാധിക, എസ്. നായർ. 'കൂട്ടുകൂടി സിക്കിമിൽ', ഗൃഹലക്ഷ്മി, 2015 ഒക്ടോബർ, പുറം 93.

17. നിഷ പുരുഷോത്തമൻ. 'കാട്ടിലാണെന്റെ മനസ്സ്', വനിത 2016 സെപ്തംബർ, പുറം 36.

18. രശ്മി ബിനോയ്. ചരിത്രത്തിലെ പെണ്ണിടങ്ങൾ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008, പുറം 18,

19. വൃന്ദ കാരാട്ട്. അതിജീവനവും വിമോചനവും, ചിന്ത, 2006, മുഖവുര.

20. കേശവമേനോൻ, കെ.പി. പണ്ഡിതരമാഭായി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1960 നവംബർ, പുറം 18.

21. രമേഷ് ചന്ദ്രൻ, വി. സഞ്ചാരസാഹിത്യം മലയാളത്തിൽ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989, പുറം 84.

22. മ്യൂസ്മേരി ജോർജ്ജ്. ഉടലധികാരം, കോഴിക്കോട്: ഒലീവ്, 2015, പുറം 11.

23. ഗീതാഞ്ജലി കൃഷ്ണൻ. 'സ്ത്രീകൾ എഴുതിയ യാത്രാവിവരണങ്ങൾ', സംഘടിത, 2013 ഡിസംബർ, വോള്യം 6, ലക്കം 6, പുറം 20.

24. അതേ ലേഖനം, പുറം 22.

25. ജാനകി. 'പെണ്യാത്രകൾ', പച്ചക്കുതിര, 2014 ഡിസംബർ, പുറം 35.

26. ബീന, കെ.എ. 'യാത്രമനസ്സ്', ഗ്രന്ഥാലോകം, ലക്കം 5, വോള്യം 65, 2015 മെയ് 2015, പുറം 30.

# അദ്ധ്യായം 4

# സ്ത്രീയാത്രാവിവരണങ്ങൾ എഴുത്തും സമീപനവും

## 4.1 എഴുത്തും സമീപനവും

ചലനാത്മകമാണ് യാത്ര, പ്രപഞ്ചത്തിന്റെ ഗതി തന്നെ ചലനാത്മകമാണ്. സാഹിത്യവും വാസ്തവത്തിൽ ഇപ്രകാരം ചലനാത്മകമാണ്. ചലനാത്മകമായ ജൈവികപ്രക്രിയയോട് സ്ത്രീയ്ക്കുള്ള സമീപനം എങ്ങനെയാണ്, ആ സമീപന ത്തിൽ നിന്നും ഉണ്ടാവുന്ന എഴുത്ത് എപ്രകാരത്തിലായിരിക്കും, മറ്റ് സാഹിത്യ ജനുസ്സുകളിൽ നിന്ന് വ്യത്യസ്തമായി ജൈവികമായ വസ്തുസ്ഥിതിയിൽ നിന്നു ണ്ടാകുന്ന സമീപനവും എഴുത്തും എങ്ങനെ സ്ത്രീ യാത്രാവിവരണങ്ങളിൽ വ്യത്യസ്തമാവുന്നു എന്നുമാണ് ഈ അധ്യായത്തിൽ അന്വേഷിക്കുന്നത്.

### 4.1.1 എഴുത്ത്

വൈയക്തികവും സാമൂഹികവുമായ സമീപനങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്നതും നിരന്തരം പരിഷ്ക്കരിക്കപ്പെടുന്നതുമായ ക്രിയാത്മകപ്രവർത്തന മാണ് എഴുത്ത്. ജ്ഞാനാത്മകധൈഷണികതയുടെയും സാമൂഹിക ധൈഷണികത യുടെയും അടിസ്ഥാനത്തിൽ ഉദ്ദീപിപ്പിക്കപ്പെടുന്ന സർഗ്ഗാത്മകതയാണ് എഴുത്ത്. യാത്രാവിവരണത്തെ സംബന്ധിച്ചിടത്തോളം പ്രാഥമിക സമീപനത്തിൽ നിന്നും ഉണ്ടാകുന്ന ദ്വിതീയ സമീപനമാണ് എഴുത്ത്.

എഴുത്തിന്റെ ഘടകങ്ങളായ ഭൂമിശാസ്ത്രപശ്ചാത്തലം, സ്ഥലകാലവിവരണ ങ്ങൾ, യാത്രപോകുന്ന സ്ഥലം, മാർഗ്ഗം, സാംസ്കാരിക സവിശേഷതകൾ ഇത്യാദി കൾ ഉൾപ്പെടുന്ന പ്രതലത്തെയാണ് പ്രാഥമികസമീപനം കൊണ്ടുദ്ദേശിക്കുന്നത്.

യാത്രാവിവരണ എഴുത്തുകാരെ സംബന്ധിച്ച് മേൽപ്പറഞ്ഞ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം രൂപപ്പെടുത്തുന്ന സമീപനമാണ് ദ്വിതീയസമീപനം.

യാത്രാവിവരണത്തിലെ സൗന്ദര്യാത്മകതലം ക്രിയാത്മകമാകുന്നത് ദ്വിതീയസമീപനത്തിന്റെ സവിശേഷതമൂലമാണ്. ദ്വിതീയ സമീപനത്തിലാണ് എഴുത്തുകാരുടെ വർഗ്ഗപരവും വ്യക്തിപരവുമായ ജൈവികാവസ്ഥയുടെ നേർപങ്ക് പ്രതിഫലിപ്പിക്കപ്പെടുന്നത്.

ഒരേസമയം വിവരണാത്മകവും അതേസമയം സാഹിതീയവുമായ എഴുത്താണ് യാത്രാവിവരണത്തിലെ എഴുത്തിന്റെ പ്രത്യേകത. ചരിത്രകാരന്റെയും സാംസ്കാരിക നിരൂപകന്റെയും സാഹിത്യകാരന്റെയും പങ്കുകൾ സൗന്ദര്യാത്മകമായി കൈകാര്യം ചെയ്യുമ്പോഴാണ് യാത്രാവിവരണം സാഹിതീയവും സാഹിതീയേതരവുമായ വൈജ്ഞാനികസാഹിത്യമാകുന്നത്. വസ്തുനിഷ്ഠതയും ആത്മനിഷ്ഠതയും പരസ്പരം ഇഴചേർന്നുനിൽക്കുന്ന എഴുത്താണ് യാത്രാവിവരണത്തെ മറ്റുള്ളവയിൽനിന്ന് വ്യത്യസ്തമാക്കുന്നത്. ചരിത്രം ജീവചരിത്രം ആത്മകഥ എന്നിങ്ങനെയുള്ള വിവിധ സമീപനങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള സാഹിതീയപ്രവർത്തനമാണ് യാത്രാവിവരണമെഴുത്ത്.

### 4.1.2 സ്ത്രീയാത്ര-സമീപനം

സ്ത്രീയാത്ര എന്ന പരികല്പനത്തിന്റെ സമീപനത്തിന് രണ്ട് അടിസ്ഥാനതലങ്ങൾ ഉണ്ട്. സ്ത്രീകൾ യാത്രയെ ജൈവികമായി, വസ്തുനിഷ്ഠമായി എങ്ങനെ സ്വീകരിക്കുന്നു, ഇടപെടുന്നു എന്നതാണ് സമീപനം കൊണ്ടുദ്ദേശിക്കുന്നത്. സമീപനം രണ്ടുതരത്തിലാണ്.

1. പ്രാഥമികമായി യാത്രയോട് ഉണ്ടാകുന്ന ജൈവികമായ സമീപനം.
2. ആ യാത്രയുമായി ബന്ധപ്പെട്ട അനുഭവപശ്ചാത്തലങ്ങളോട് സ്ത്രീയുടെ പിന്നീടുള്ള പ്രതികരണം.

അതായത് ഏതെങ്കിലും വസ്തുതയോടോ വസ്തുവിനോടോ തോന്നുന്ന പ്രതികരണങ്ങളാണ് സമീപനങ്ങൾ. ബാഹ്യപരിതോവസ്ഥകളോടുള്ള പ്രതികര

ണമാണത്. മനഃശാസ്ത്രപരമായി ഇങ്ങനെ വിവിധതരത്തിൽ സമീപനങ്ങൾ രൂപപ്പെടുന്നുണ്ട്. വസ്തുതകളുമായും വസ്തുക്കളുമായും ഒരു വ്യക്തിക്കുണ്ടാകുന്ന നേരിട്ടുള്ള അനുഭവങ്ങളാണ് സമീപനങ്ങളായി മാറുന്നത്. എഴുത്തിനെ സംബന്ധിച്ച് സർഗ്ഗാത്മകപ്രക്രിയകളിൽ സ്ത്രീ-പുരുഷ വ്യത്യാസം വളരെ വ്യക്തമായി പ്രതിഫലിക്കുന്ന ഒന്നാണ് സമീപന വ്യതിരിക്തതകൾ. യാത്രാവിവരണത്തിൽ പുരുഷനിൽനിന്ന് വളരെ വ്യത്യസ്തമായ ഒരു തലം സ്ത്രീ സമീപനങ്ങളിൽ കാണാൻ സാധിക്കും.

സ്ത്രീ എഴുത്തുകാരികൾ വിവിധ ദേശത്തിലൂടെ കടന്നുപോകുമ്പോൾ വാസ്തവത്തിലുള്ള പ്രകൃതി എപ്രകാരമാണോ സ്ത്രീമനസ്സുകളിൽ ഒരു ലോകമായി മാറുന്നത് അതാണ് അവരുടെ എഴുത്തിന്റെ സമീപനം. രുചിബോധം, സ്പർശാനുഭവങ്ങൾ, മാനസിക-ശാരീരിക പ്രതികരണങ്ങൾ, ഘ്രാണാനുഭവങ്ങൾ ഇത്യാദികളായ ശാരീരിക വൈകാരികാനുഭവങ്ങൾ വ്യക്തികൾക്കനുസരിച്ച് ഭിന്നമാണ്. ഈ ഭിന്നത തന്നെ ദേശങ്ങളുടെ കാഴ്ചയിലും വ്യത്യാസം ജനിപ്പിക്കും. കാലങ്ങൾക്കുമുമ്പ് വ്യക്തിയിൽ ഒരു സ്ഥലം എന്തെല്ലാം പ്രതികരണങ്ങൾ ഉളവാക്കിയോ ആ പ്രതികരണമാവില്ല സമീപകാലത്ത് ആ സ്ഥലം വ്യക്തിയിൽ രൂപപ്പെടുത്തുന്നത്.

ഒരു സ്ഥലം വ്യത്യസ്ത വ്യക്തികളിൽ വ്യത്യസ്ത പ്രതികരണമാണുണ്ടാക്കുന്നത്. ആ സ്ഥലം വ്യക്തികളിലുണ്ടാക്കുന്ന ജൈവികമായ പ്രതികരണം ഏറെക്കുറെ ഒന്നുതന്നെയാണ്. പിന്നീട് ആ സ്ഥലം കണ്ടതിനുശേഷം വ്യക്തികളുടെ മനസ്സിലുണ്ടാക്കുന്ന പ്രതികരണങ്ങളുടെ അടിസ്ഥാനത്തിലാണ് എഴുത്തിന്റെ സമീപനം രൂപപ്പെടുന്നത്.

മനോഭൗതികശാസ്ത്രസിദ്ധാന്തപ്രകാരം നമുക്കു ചുറ്റുമുള്ള ലോകത്തെ അറിയാൻ ചുറ്റുമുള്ള വസ്തുക്കളെക്കുറിച്ചുള്ള വിവരങ്ങൾ സ്വീകരിക്കുകയും ആ വിവരങ്ങൾ അർത്ഥപൂർണ്ണമായി ക്രോഡീകരിക്കുകയും, ആഗ്രഹിക്കുന്ന പ്രതിക

രണം പ്രകടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. യാത്രാവിവരണത്തെ സംബന്ധിച്ചിടത്തോളം ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ് എഴുത്ത് രൂപപ്പെടുന്നത്. 'യാത്ര' എന്ന ജൈവികപരിസരം ഉണ്ടെങ്കിൽ മാത്രമേ യാത്രാവിവരണസാഹിത്യത്തിനുള്ള മുന്നറിവ് നടക്കുകയുള്ളൂ. ആ മുന്നറിവാണ് യാത്ര. അതിനായി ആദ്യം ചെയ്യുന്നത് യാത്രപോയ സ്ഥലങ്ങളിലെ ബാഹ്യവും ആന്തരികവുമായ പരിസരങ്ങളിലെ വിവരങ്ങൾ ശേഖരിക്കുക, വിവരങ്ങളെ സമന്വയിപ്പിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതാണ്. സമീപനം എന്നത് വിവരങ്ങളോട് പ്രതികരിക്കുന്ന പ്രക്രിയയാണ്. ഈ പ്രതികരണമാണ് ആഖ്യാനം.

വ്യക്തി എപ്രകാരമാണോ ഒരു സ്ഥലത്തെ അവലോകനം ചെയ്യുന്നത് അതിന്റെ അടിസ്ഥാനത്തിലാണ് അയാളുടെ ലോകം രൂപപ്പെടുന്നത്. ഈ മാറ്റം വ്യക്തിപരമായും ലിംഗപരമായും വ്യത്യസ്തമാണ്. ഒരു വ്യക്തി എങ്ങനെയാണോ തന്റെ മുമ്പിലുള്ള പ്രപഞ്ചത്തെ തന്റെ മനസ്സിലേക്ക് സ്വീകരിച്ചത് അതാണ് ആ വ്യക്തിയുടെ ലോകം. ഒരു മുറിയിലിരുന്ന് യാത്രാവിവരണം എഴുതുകയാണെങ്കിലും അതിന് ജൈവികമായ പ്രതികരണത്തിന്റെ മുന്നറിവ് വേണം. അപ്പോൾ വാസ്തവികതയാണ് യാത്രാവിവരണത്തിന്റെ മുഖ്യഘടകം. സ്ത്രീ വാസ്തവികതയെ എങ്ങനെ നോക്കിക്കാണുന്നുവോ ആ നോക്കിക്കാണലിൽനിന്ന് രൂപപ്പെടുന്നതാണ് അവളുടെ സമീപനം. സംവേദനത്തിന്റേയും പ്രതികരണത്തിന്റേയും അടിസ്ഥാനത്തിലാണ് സമീപനം രൂപപ്പെടുന്നത്. അത് ഒരു അനുഭവത്തോടോ വികാരത്തോടോ സ്ഥലത്തോടോ കാഴ്ചയോടോ തോന്നുന്ന തീർത്തും വൈയക്തികമായ കാഴ്ചപ്പാടാണ്.

### 4.1.3 സ്ത്രീയാത്ര-സമീപനത്തിന്റെ തത്വം

സ്ത്രീപ്രകൃതം പുരുഷനിൽനിന്ന് മാനസികമായും ശാരീരികമായും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ പ്രത്യക്ഷവസ്തുക്കളോടുള്ള ശാരീരികമായ പ്രതികരണത്തിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീകളുടെ സമീപനം രൂപപ്പെടുന്നത്.

സമീപനത്തിന്റെ തത്വം എന്നത് മനഃശാസ്ത്രപരവും ശാരീരികവുമാണ്. സ്ത്രീ എപ്പോഴും സമൂഹത്തിൽ ഒരു അരക്ഷിതാവസ്ഥ അനുഭവിക്കുന്നുണ്ട്. യാത്രയിൽ സ്വകാര്യമായ ഇടത്തിലല്ല സ്ത്രീ വ്യവഹരിക്കുന്നത്. യാത്രയുമായി ബന്ധപ്പെട്ട ഒരു സ്വതന്ത്രഇടത്തിലാണ്. തുറന്ന ഇടത്തിൽ സ്ത്രീ അപരമായ സ്വത്വ ത്തിനുടമയാണ്. അവിടെ താനെന്ന യഥാർത്ഥസ്വത്വത്തെ അന്വേഷിക്കാനും കണ്ടെ ത്താനുമുള്ള ശ്രമമാണ് സ്ത്രീ നടത്തുന്നത്.

സർഗ്ഗാത്മകപ്രക്രിയകളിൽ സ്ത്രീ-പുരുഷ വ്യത്യാസം വളരെ ശക്തമായി പ്രതിഫലിക്കുന്ന ഒന്നാണ് സഞ്ചാരസാഹിത്യം. അപ്പോൾ മാനസികവും ശാരീരിക വുമായ ഒരു പ്രതലത്തിൽനിന്നുകൊണ്ടാണ് സ്ത്രീയുടെ യാത്രയിൽ, ആ യാത്രാ പ്രദേശത്തിന്റെ സമീപനം രൂപപ്പെടുന്നത്. ശാരീരികമായും മാനസികമായും അവർക്ക് അനുഭവവേദ്യമാക്കുന്നത് അത്തരത്തിലുള്ള സമീപനങ്ങളായിരിക്കും.

### 4.1.4 യാത്രാവിവരണത്തിന്റെ സ്ത്രൈണ സംവേദനീയത

ഭാവുകത്വത്തിന് അടിസ്ഥാനം സംവേദനമാണ്. എഴുത്തുണ്ടാകുന്നതും വായിക്കുന്നതും സർഗ്ഗാത്മകകൃതി ആസ്വദിക്കുന്നതും ഭാവുകത്വത്തിന്റെ അടി സ്ഥാനത്തിലാണ്. ഭാവുകത്വത്തിൽനിന്ന് രൂപപ്പെടുകയും ഭാവുകത്വത്തെ പരിണമി പ്പിക്കുകയും ചെയ്യുന്നത് സംവേദനമാണ്. സംവേദനിയത യാത്രയെഴുത്തിന്റെ ഒരു മുഖ്യഘടകമാണ്. സംവേദനമാകട്ടെ അവബോധത്തിന് അത്യന്താപേക്ഷിതവും പ്രാഥമികവുമായ ഘടകവുമാണ്. യാത്രപോയ സ്ഥലത്തെ ബാഹ്യഘടകങ്ങളുടെ ഫലമായി ഇന്ദ്രിയങ്ങൾ ഉദ്ദീപിപ്പിക്കപ്പെടുമ്പോഴാണ് സംവേദനം നടക്കുന്നത്.

''വാർനർ, ബ്രൗൺ, ഹോവാർഡ് സി ഗിൽഹൗസൻ എന്നിവരുടെ അഭിപ്രാ യത്തിൽ ജ്ഞാനേന്ദ്രിയങ്ങളുടെ ഉദ്ദീപനങ്ങളിൽനിന്നും ഉടലെടുക്കുന്ന അനുഭവ ങ്ങളുടെ അവബോധമാണ് സംവേദനം''[1] ഈ നിർവ്വചനത്തിൽ അവബോധത്തി നാണ് കൂടുതൽ സ്ഥാനം നൽകിയിരിക്കുന്നത്. അവബോധംതന്നെയാണ് യാത്രാ വിവരണ ആഖ്യാനത്തെ നയിക്കുന്ന പ്രധാന ഘടകവും. വ്യക്തിവ്യത്യാസം പ്രധാ

നമായും സംവേദനക്ഷമതയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അത് വ്യക്തി കൾക്കനുസരിച്ച് വ്യത്യാസപ്പെടുന്നു.

''ഓരോ ജ്ഞാനേന്ദ്രിയവും തലച്ചോറിന്റെ നിശ്ചിതഭാഗവുമായി ബന്ധപ്പെ ട്ടിരിക്കുന്നു. എല്ലാ അറിവുകളും ജ്ഞാനാനുഭവങ്ങളിലൂടെ ലഭിച്ചതാണ്. കാണുക, കേൾക്കുക, സ്പർശിക്കുക തുടങ്ങിയ മാനസികാനുഭവങ്ങൾ കണ്ണ്, ചെവി, ചർമ്മം തുടങ്ങിയ ജ്ഞാനേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടതാണ്''[2] യാത്രാവേളയിലെ പ്രധാന ഘടകങ്ങളാണ് കാണുക, കേൾക്കുക തുടങ്ങിയവ. ബാഹ്യമായി കാണു ന്നതിന്റെയും കേൾക്കുന്നതിന്റെയും ഫലമായാണ് ജ്ഞാനേന്ദ്രിയത്തിൽ അവ ബോധം രൂപപ്പെടുന്നത്. ഇങ്ങനെ നോക്കുമ്പോൾ കാഴ്ചയെ നിയന്ത്രിക്കുന്ന പ്രധാന ഘടകമാണ് മനസ്സ് എന്ന് വരുന്നു. സംവേദനം എന്നത് ജ്ഞാനേന്ദ്രിയ ത്തിന് ബാഹ്യമായ ഉദ്ദീപനത്തിലൂടെ ലഭിക്കുന്ന മാനസികാവസ്ഥയാണ്. ഈ മാന സികാവസ്ഥതന്നെയാണ് ഓരോ കാഴ്ചയേയും നിയന്ത്രിക്കുന്നത്. അതുകൊണ്ട് ഭാവുകത്വത്തെ പരിണമിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നത് സംവേദനീ യതയാണ്. ഈ ഭാവുകത്വത്തിനും സംവേദനീയതയ്ക്കും ഇടയിൽ വർത്തിക്കുന്ന താണ് എഴുത്ത്.

സംവേദനീയതയിൽനിന്ന് ഭാവുകത്വം രൂപപ്പെടുന്നതിന്റെ അടിസ്ഥാന ത്തിൽ ഉണ്ടാകുന്ന കാഴ്ചപ്പാടാണ് പരിപ്രേക്ഷ്യം. സാഹിത്യം സൃഷ്ടിക്കുന്നതിന്റെ പിന്നിലും സാഹിത്യം ആസ്വദിക്കുന്നതിന്റെ പിന്നിലും പരിപ്രേക്ഷ്യമുണ്ട്. പരി പ്രേക്ഷ്യം മാറുന്നതുകൊണ്ടാണ് കാലം യാത്രാവിവരണത്തെ സ്വാധീനിക്കുന്നത്. കാലങ്ങൾക്കുമുമ്പുള്ള ഒരു കാഴ്ചയാവില്ല യാത്രിക ഇന്നുകാണുന്നത്. ഭാവുകത്വം മാറിയതാണ് അതിനു കാരണം. ഇത്തരത്തിൽ ആൺ-പെൺ എഴുത്തിനെ സമീപി ച്ചാൽ പെണ്ണിനുണ്ടാകുന്ന വൈകാരിക അനുഭവമാവില്ല പുരുഷനുണ്ടാവുക. അതു കൊണ്ടുതന്നെ അവരുടെ ഭാവുകത്വപരിസരം വ്യത്യസ്തമായിരിക്കും.

യാത്രാവിവരണം യാത്ര എന്ന അനുഭവത്തിലും ആ അനുഭവത്തിൽ നിന്നു

ണ്ടാകുന്ന പ്രതികരണത്തിലും വ്യത്യസ്തമാവുന്നുണ്ട്. അതിനുകാരണം ഈ സംവേദനീയ അനുഭവങ്ങളിൽനിന്നുണ്ടാകുന്ന പരിജ്ഞാനവും ഭാവുകത്വപരിണാമവുമാണ്. ഇത് പുരുഷനിൽനിന്ന് വ്യത്യസ്തമാണ് സ്ത്രീക്ക്. അതുകൊണ്ടുതന്നെ ആ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന പരിപ്രേക്ഷ്യത്തിൽനിന്നാണ് സ്ത്രീഎഴുത്തുകൾ രൂപപ്പെടുന്നതും വായിക്കപ്പെടുന്നതും.

പരിപ്രേക്ഷ്യത്തിന്നാധാരം അഭിരുചി (Aptitude) ആണ്. അഭിരുചി സ്വതസിദ്ധമാണ്. ''ഓരോ മാനസികശാരീരിക പ്രവർത്തനത്തിന് അടിസ്ഥാനമായി വ്യക്തിസത്തയിൽ നിർലീനമായിരിക്കുന്ന ശേഷികളാണ് അഭിരുചി അഥവാ അഭിക്ഷമത''[3] അഭിക്ഷമതയെ പാരമ്പര്യവും പരിസ്ഥിതിയും സ്വാധീനിക്കുന്നു.

ഓരോരുത്തരും ഓരോ കഴിവിലും വ്യത്യസ്തത പുലർത്തുന്നവരാണ്. യാത്രയിലെ ഓരോ കാഴ്ചയും വ്യത്യസ്ത വ്യക്തികളിൽ വ്യത്യസ്ത അനുഭവമാണുണ്ടാക്കുന്നത്. അതിനാൽ അഭിരുചിയും കാഴ്ചയെ സ്വാധീനിക്കുന്ന ഘടകമാണ്. ഒരാൾക്ക് ഒരു കാഴ്ചയോട് അഭിരുചിയുണ്ടാകുമ്പോൾ മറ്റൊരാൾക്ക് മറ്റു കാഴ്ചയിലായിരിക്കും അഭിരുചിയുണ്ടാകുക. സാമ്പത്തികം, പാണ്ഡിത്യം, വിദ്യാഭ്യാസം എന്നിവയ്ക്കനുസരിച്ച് അഭിരുചിയിലും വ്യത്യാസം വരുന്നു. അതുകൊണ്ട് നേരിട്ടുള്ള കാഴ്ചയല്ല മറിച്ച് ആ കാഴ്ച വളർത്തിയെടുത്ത അവബോധമാണ് യാത്രാ എഴുത്തിനെ സ്വാധീനിക്കുന്നത്. അതിന് അടിസ്ഥാനം അഭിക്ഷമതയുമാണ്. .

അപ്പോൾ എഴുത്ത് രൂപപ്പെടുത്തുന്നത് സമീപനമാണെന്നും സമീപനം തന്റെ മുന്നിലുള്ള വസ്തുപ്രപഞ്ചത്തെ മാനസികമായി ഉൾക്കൊള്ളുന്ന രീതിയാണെന്നും മനസ്സിലാക്കാം.

**4.1.5 കാഴ്ചയും ആഖ്യാനവും**

കാഴ്ചയും ആഖ്യാനവും പരസ്പരബന്ധിതങ്ങളാണ്. ലിംഗപരമായ അസമത്വം സമൂഹത്തിന് ദൂരവ്യാപകമായ ദോഷം ചെയ്യുന്നതാണ്. ജീവിതത്തിന്റെ

നാനാമേഖലകളിലും സ്ത്രീപുരുഷസമത്വം നിലനിൽക്കേണ്ടതാണ്. ലിംഗനീതി, ലിംഗ ജനാധിപത്യം, ജെന്റർ ബജറ്റിങ്ങ് എന്നീ വ്യവഹാരങ്ങൾ നമ്മുടെ സംവാദമ ണ്ഡലത്തെ സജീവമാക്കിക്കൊണ്ടാണ് കഴിഞ്ഞ ദശകം കടന്നുപോയത്. പക്ഷെ യാത്രയുടെ കാര്യത്തിൽ ഈ ലിംഗസമത്വം പൂർണ്ണമായും നടപ്പിലായിട്ടില്ല.

'കെട്ടിലമ്മ ചാടിയാൽ കൊട്ടിയമ്പലത്തോള'മെന്നത് ഇന്നും പൊതുസമൂ ഹത്തെ/പുരുഷാധിഷ്ഠിതസമൂഹത്തെ നിയന്ത്രിക്കുന്ന ധാരണയാണെന്ന വസ്തുത വീണ്ടും ഉറപ്പിക്കുന്നതരത്തിലാണ് സ്ത്രീകളുടെ യാത്രാനുഭവങ്ങൾ. യാത്രകൾ അനുഭവപാഠവും അറിവുമാണെന്നിരിക്കെ ഒരു ശരാശരി സ്ത്രീയെ സംബന്ധിച്ചിടത്തോളം ഓരോ യാത്രയും അനുഭവമാണ്. വിദ്യാഭ്യാസത്തിനും ഉപ ജീവനത്തിനുമായി സ്ത്രീകൾക്കിന്ന് യാത്രകൾ കൂടിയേ തീരൂ.

സ്ത്രീയുടെ സ്വത്വനിർമ്മിതിയെ യാത്ര എന്ന സാംസ്കാരികരൂപകം എത്ര മാത്രം സ്വാധീനിക്കുന്നു എന്നത് അന്വേഷണവിധേയമാണ്. ഓരോ യാത്രയും നൽകുന്ന അനുഭവങ്ങൾ വ്യത്യസ്തമാണെന്നിരിക്കെ ഓരോ വ്യക്തിയ്ക്കും ഓരോ യാത്രയിലേയും കാഴ്ചകളും വ്യത്യസ്തമായിരിക്കും. മുതിർന്നവരുടെ നോട്ടവും കുട്ടികളുടെ നോട്ടവും വ്യത്യസ്തമാണ്. യാത്രയിലെ അനുഭവകാഴ്ച കൾ വ്യത്യസ്തമാണ്. അതായത് ബാഹ്യമായ കാഴ്ചകൾ എല്ലാവരും ഒരുപോലെ അനുഭവിക്കുന്നുണ്ടെങ്കിലും മനസ്സാണ് കാഴ്ചയുടെ ഇഷ്ടാനിഷ്ടങ്ങളെ നിയന്ത്രി ക്കുന്നത്. അതിനാൽ ഒരു ആദിവാസിയുടെ കാഴ്ചയാവില്ല സാധാരണക്കാരന്റെ കാഴ്ച. യാത്രികന്റെ മനോമണ്ഡലമാണ് കാഴ്ചയെ മാറ്റിമറിക്കുന്നത്. കൊച്ചി രാജാവിന്റെ കാശിയാത്രയിൽ രാജാവിന്റെ നോട്ടങ്ങൾക്ക് പ്രാധാന്യം സിദ്ധിക്കു മ്പോൾ ബുക്കാനന്റെ കേരളയാത്രയിൽ ഒരു കൊളോണിയൽ കണ്ണാണ് വായന ക്കാരന് കാണാനാകുന്നത്.

ചില കാഴ്ചകൾ മുൻധാരണകളെ മുൻനിർത്തിക്കൊണ്ടാവും. തന്റെ കാഴ്ച കളും മുൻവിധികളും പല യാത്രാവിവരണത്തിലും ഒന്നുചേരാറുണ്ട്. ''എസ്.കെ.

പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻ യാത്രാവിവരണം യൂറോപ്യന്മാരുടെ കണ്ണിന്റെ തുടർച്ചയിലാണ് എസ്.കെ.കാണുന്നത്.''[4] ചരിത്രത്തിനു മുമ്പിൽ നടക്കുന്നത് തങ്ങളാണെന്നും മറ്റ് സംസ്കാരങ്ങൾ പിന്നിലാണെന്നും അതിനാൽ അവരെ മുന്നിലെത്തിക്കേണ്ട ചുമതല തങ്ങൾക്കാണെന്നുമുള്ള കൊളോണിയൽ മുൻവിധിയാണ് പൊറ്റെക്കാട്ട് സ്വീകരിക്കുന്നത്. കാപ്പിരിയെ വ്യക്തിത്വമില്ലാത്ത വൈരുദ്ധ്യങ്ങളുടെ കലവറയായി എസ്.കെ. ചിത്രീകരിക്കുമ്പോൾ എസ്.കെയുടെ നോട്ടം മുൻവിധിയ്ക്കനുകൂലമായി നിലകൊള്ളുകയാണ്.

യൂറോപ്യൻ കോളനീകരണത്തിന്റെ ഇരകളാണ് ഇന്ത്യക്കാരും ആഫ്രിക്കക്കാരും. എന്നാൽ സാഹോദര്യത്തോടെ ആഫ്രിക്കക്കാരനെ നോക്കിക്കാണാൻ എസ്.കെ.ക്ക് സാധിക്കുന്നില്ല. ഈ ഒരു നോട്ടത്തിന്റെ പിൻതുടർച്ചയാണ് സ്വന്തം നാട്ടിലെ പിന്നോക്കഗ്രാമീണരെയും സമീപിക്കുന്നതിൽ ആധുനിക പാശ്ചാത്യപരിഷ്ക്കാരികളായ തദ്ദേശീയരും പിൻതുടരുന്നത്.

അങ്ങനെ നോക്കുമ്പോൾ യാത്രപോകുന്ന വ്യക്തികൾക്കനുസരിച്ച് അവരുടെ കാഴ്ചാകേന്ദ്രിതസ്ഥാനങ്ങളിലും വ്യത്യാസമുണ്ടാവും. സൂക്ഷ്മമായ ഉൾക്കാഴ്ചയുള്ള ഒരാൾക്കു ഹ്രസ്വമായ ചില സന്ദർശനംകൊണ്ട് ഒരു ഗ്രാമത്തിന്റെ ബാഹ്യവും ആന്തരികവുമായ സവിശേഷതകൾ മനസ്സിലാക്കാൻ സാധിക്കും. ഈ മനസ്സിലാക്കൽ വ്യക്തികൾക്കനുസരിച്ച് വിഭിന്നവുമായിരിക്കും. അപ്പോൾ സഞ്ചാരിയുടെ ലിംഗഭേദം കാഴ്ചയെ നിയന്ത്രിക്കുന്ന പ്രധാന ഘടകവുമായിത്തീരുന്നു. അതുകൊണ്ടുതന്നെ ആൺനോട്ടവും പെൺനോട്ടവും വ്യത്യസ്തമാണ്. തന്റെ ഉള്ളിലെ ആഗ്രഹവും ആവശ്യവും കൂടിയാണ് നോട്ടത്തെ രൂപപ്പെടുത്തുന്നത്. ഈ കാഴ്ചയെ ആഖ്യാനംചെയ്യുമ്പോൾ തന്റെ ഉള്ളിലെ വൈജ്ഞാനികതലം കൂടി ആവിഷ്കൃതമാകുന്നു. സ്ത്രീയുടെ ആവിഷ്കാരങ്ങൾ കൂടുതൽ ജൈവികബന്ധമുള്ളതായിരിക്കും. സുഗതകുമാരിയുടെ 'കാലിഫോർണിയൻ സ്കെച്ചുകൾ' എന്ന ലേഖനത്തിൽ ഒരേ കാഴ്ചതന്നെ സ്ത്രീമനസ്സിലും സഹപ്രവർത്തകരായ പുരുഷയാത്രികരിലും എങ്ങനെ വ്യത്യസ്തമാവുന്നു എന്നു വ്യക്തമാക്കുന്നുണ്ട്.

പരിസ്ഥിതി പ്രവർത്തകയായ സുഗതകുമാരിയുടെ ഈ ലേഖനം യാത്രാവിവരണത്തിന്റേതായ ഹൃദ്യതയും സമഗ്രതയും ഉൾക്കൊള്ളുന്നുണ്ട്. 1988 ജൂണിൽ കാലിഫോർണിയയിലെ സാൻഫ്രാൻസിസ്കോ നഗരത്തിൽ പ്രകൃതിസ്നേഹികളുടെ ലോകസമ്മേളനത്തിൽ പങ്കെടുത്തതിന്റെ അനുഭവങ്ങളാണ് സാമാന്യം ദീർഘമായ ഈ ലേഖനത്തിൽ ചർച്ച ചെയ്യപ്പെടുന്നത്. വൻകിട അണക്കെട്ടുകളും ഹൈഡ്രോഇലക്ട്രിക് പദ്ധതികളും ഉയർത്തുന്ന പരിസ്ഥിതി പ്രതിസന്ധി, ലോക ബാങ്ക് വായ്പകളുടെ ഫലമായി അവികസിതരാജ്യങ്ങളിൽ രൂപംകൊള്ളുന്ന പുതിയ സാമ്പത്തിക അടിമത്തം വലിച്ചെറിയൽ സംസ്കാരത്തിന്റെ പ്രശ്നങ്ങൾ, മരിക്കുന്ന മണ്ണിനും രാസവളങ്ങൾക്കും എതിരെ ഉയർന്നുവരുന്ന 'ഇക്കോളജിഫാമുകൾ' എല്ലാം ലേഖനത്തിന്റെ ഭാഗമാണ്. ഭക്ഷണം, മനോഹരമായ പാത്രങ്ങൾ, പേനകൾ തുടങ്ങി ഉപയോഗിച്ചതും അല്ലാത്തതുമായ സാധനങ്ങൾ, വേദിയിൽ കൊണ്ടുവെച്ച് തൊട്ടുപോലും നോക്കാത്ത പാനീയങ്ങൾ എന്നിവയെക്കുറിച്ചെല്ലാം സംസാരിക്കുമ്പോൾ ഒരു കുടുംബിനിയുടെ കാഴ്ചകൂടി അവിടെ പ്രതിഫലിക്കുന്നു. അതായത് ചൈതന്യവത്തായി സംസാരിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നുണ്ട് സുഗതകുമാരി. ഒരു പക്ഷേ ഒരു ആൺകാഴ്ചയിലില്ലാത്ത പല ഘടകങ്ങളും സ്ത്രീനോട്ടത്തിലൂടെ ആവിഷ്കൃതമാവുന്നു.

കണ്ണും കാതും തുറന്നുവെച്ചുകൊണ്ടുള്ള ഓരോ യാത്രയും വ്യത്യസ്ത അനുഭവങ്ങളുടെ കലവറയാണ്. സ്ത്രീപരിപ്രേക്ഷ്യത്തിന്റെയും പരിസ്ഥിതി അവബോധത്തിന്റെയും സ്വാധീനഫലമായാണ് സുഗതകുമാരിക്ക് അത്തരത്തിൽ പ്രതികരിക്കാൻ കഴിഞ്ഞത്. നിരന്തരമായ നിരീക്ഷണപാടവമാണ് ഉൾക്കാഴ്ചയെ രൂപപ്പെടുത്തുന്നത്. ഈ ഉൾക്കാഴ്ച വ്യക്തികൾക്കനുസരിച്ച് മാറുന്നുമുണ്ട്. അതിനാൽ സ്ത്രീയുടെ ബൗദ്ധികമണ്ഡലം രൂപപ്പെടുത്തിയ അതേ ചട്ടക്കൂട്ടിലായിരിക്കില്ല പുരുഷന്റെ വൈജ്ഞാനികബോധം പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ സ്ത്രീയുടെ യാത്രാനുഭവങ്ങൾ വ്യത്യസ്തമാണ്.

ഒരു സ്ത്രീ ആയതുകൊണ്ടും പരിസ്ഥിതിപ്രവർത്തകയായതുകൊണ്ടും

മാത്രമാണ് അത്തരത്തിൽ പ്രതികരിക്കാൻ അവർക്ക് സാധിച്ചത്. അമേരിക്കൻ ഐക്യനാടുകളിലെ ആഡംബരങ്ങളിൽ അഭിരമിക്കുകയല്ല, അവരുടെ ആഡംബര ത്തിനുപിന്നിൽ അവികസിതരാജ്യമായ ഇന്ത്യയുടെ വിയർപ്പുകൂടിയാണ് എന്ന് തിരിച്ചറിഞ്ഞുള്ള പ്രതികരിക്കൽ തികച്ചും സ്വാഭാവികമായിരുന്നു. ഇത്തരം കാഴ്ച കളാണ് യാത്രയുടെ ജീവൻ. കാഴ്ചകളെ ആഖ്യാനം ചെയ്യുമ്പോൾ സമീപന ങ്ങൾകൂടി അതിന് ഉൾക്കരുത്താകുന്നു.

ഭൂമുഖത്ത് മനുഷ്യന്റെ ആവിർഭാവം മുതൽ യാത്ര അവിഭാജ്യമായ ഘടക മാണ്. ഒറ്റപ്പെട്ട വ്യക്തികളായും ചെറുസംഘങ്ങളായും ഗോത്രങ്ങളായും അവർ അവരുടെ അധിവാസകേന്ദ്രങ്ങളിൽനിന്ന് മറ്റിടങ്ങളിലേക്ക് യാത്രചെയ്യുകയും പുതിയ താവളങ്ങൾ കണ്ടെത്തുകയും ചെയ്തു. ഇത്തരം യാത്രകൾക്കു പിന്നിൽ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങളുണ്ട്. ദൂരവും കാലവും ദേശവും വിഭിന്നമായിരിക്കുമെങ്കിലും മനുഷ്യൻ നിരന്തരയാത്രയിലാണ്. യാത്ര മനുഷ്യജീവിതത്തിന്റെ അനിവാര്യഘടകമായതിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്.

എല്ലാ യാത്രകൾക്കും ലക്ഷ്യമുണ്ട്. അന്വേഷണത്തിന്റെയും അറിവിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതോ അതിനെ ലക്ഷ്യമാക്കിയിട്ടുള്ളതോ മാത്ര മല്ല യാത്രകൾ. മാനസികവും ശാരീരികവുമായ ചലനാത്മകതയും അതിൽനിന്ന് ഉളവാകുന്ന സന്തോഷത്തിനുംവേണ്ടി യാത്രകൾ നടത്തപ്പെടുന്നുണ്ട്. അത്തരം യാത്രകൾ ഈ പഠനത്തിൽ സൂക്ഷ്മമായി അന്വേഷിക്കുന്നില്ല.

ഇന്ത്യയുടെ ചരിത്രഗതിയാകെ മാറ്റിമറിക്കുന്നതിൽ പുറത്തുനിന്നുള്ളവരുടെ കടന്നുവരവും പടയോട്ടവും വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം ചരിത്രമായി രേഖപ്പെടുത്തുകയാണ് പതിവ്. ചരിത്രഗ്രന്ഥങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ചരിത്രമാണിത്. സത്യാത്മകവും വിവരണാത്മകവുമായ ചരിത്രപരാ മർശങ്ങൾ യാത്രാവിവരണകൃതികളിൽ കണ്ടെത്താം.

സർഗ്ഗാത്മക സാഹിത്യകൃതികളിൽ ചരിത്രനിർമ്മിതിക്ക് ഏറെ സഹായകമായി നിൽക്കുന്നത് യാത്രാവിവരണകൃതികളാണ്. അതിന് അവലംബമായി നിൽക്കുന്നത് യാത്രപോയ സ്ഥലങ്ങളിലെ പ്രകൃതിയും ജനജീവിതവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുമാണ്. ചരിത്രാത്മകത, കാലാത്മകത, ഭൂമിശാസ്ത്ര സാമൂഹിക സാംസ്കാരിക ഘടകങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്നതുകൊണ്ട് യാത്രാവിവരണകൃതികൾ ചരിത്രകൃതികളോട് പാരസ്പര്യം പുലർത്തുന്നു.

### 4.2 സ്ത്രീയാത്രാവിവരണം: വിവിധതലങ്ങൾ

വിവിധ ലക്ഷ്യങ്ങളാണ് ഓരോ യാത്രകൾക്കും പിന്നിലുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീയാത്രാ രചനകളെ നാല് വിഭാഗങ്ങളായി തിരിക്കാം. സംഘയാത്ര, അനുയാത്ര, ഔദ്യോഗികയാത്ര, ഒറ്റയ്ക്കുള്ള യാത്ര. സംഘയാത്രയിൽ തീർത്ഥയാത്രകൾ, വിനോദയാത്രകൾ എന്നിവ ഉൾപ്പെടുന്നു.

### 4.3 തീർത്ഥയാത്ര

വൈദികവും പൗരാണികവും ദൈവശാസ്ത്രപരവുമായ ലക്ഷ്യങ്ങളുടെ അന്തർധാരയാണ് തീർത്ഥയാത്രയ്ക്കുള്ള പ്രചോദനം. ഐഹികജീവിതത്തിൽ ഭാരതീയ പാരമ്പര്യമനുസരിച്ചുള്ള വാനപ്രസ്ഥത്തോട് ബന്ധപ്പെട്ടുകൊണ്ടാണ് തീർത്ഥയാത്രയെ വിലയിരുത്തുന്നത്. വ്യക്തിനവീകരണം, മാനസികശുചീകരണം, ദൈവികാനുഭവം ഉണ്ടാവുക തുടങ്ങിയവയാണ് തീർത്ഥയാത്രകളുടെ ലക്ഷ്യങ്ങൾ.

അമ്പലങ്ങൾ, ദൈവികപരിവേഷമുള്ള ഐതിഹ്യവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ, പുരാണങ്ങളിലും ഇതിഹാസങ്ങളിലും മറ്റും പ്രതിപാദ്യവിഷയമായി വന്നിട്ടുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് നടത്തിയ യാത്രയാണ് തീർത്ഥയാത്ര. സ്ത്രീയാത്രകളിൽ ഒട്ടുമിക്ക കൃതികളും ഈ വിഭാഗത്തിൽപ്പെടുന്നവയാണ്. ഭൗതികമായ അർത്ഥത്തിൽ മേൽപ്പറഞ്ഞവയാണെങ്കിലും മാനസികതലത്തിൽ

ആത്മീയയാത്ര ഭൗതികേതരമായ ഉദ്ദേശ്യത്തോടുകൂടിയാണ് നടത്തുന്നത്. ഇത്തരം യാത്രകളാണ് തീർത്ഥയാത്രകൾ. ആത്മീയമായി നടത്തുന്ന യാത്രകളാണെങ്കിലും ചില കൃതികൾ ആത്മീയതയ്ക്കുപരി ഭൗതികമായ കാഴ്ചകൾക്കും പ്രാധാന്യം കൊടുത്തുകാണുന്നു.

അതുകൊണ്ടുതന്നെ അവലോകനം ചെയ്യുന്ന ആൾക്കനുസരിച്ച് ആഖ്യാനത്തിൽ വ്യത്യാസംവരുന്നു. സാഹിത്യകാരികളായ സ്ത്രീകൾ കാണുന്ന കാഴ്ചയല്ല സാധാരണക്കാരായ സ്ത്രീകൾ കാണുന്നത്. പുരുഷന്മാർ തീർത്ഥയാത്രാസ്ഥലങ്ങളെ അവലോകനം ചെയ്യുന്ന രീതിയിലല്ല സ്ത്രീകൾ അവലോകനം ചെയ്യുക.

ഇന്ത്യ യാത്രകൾക്ക്-തീർത്ഥയാത്രകൾക്ക് വളരെയധികം പ്രാധാന്യം നൽകിയിരുന്നു. 'സഞ്ചരിക്കൂ' എന്നാണ് ഉപനിഷത്തുക്കൾപോലും ഉപദേശിക്കുന്നത്. നാട്ടുപുക്കു സഞ്ചരിച്ചാൽ പാപകർമ്മം തീരുമെന്നായിരുന്നു സാമാന്യജനതയുടെ വിശ്വാസം. ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ച് യാത്രാവിവരണങ്ങൾ വേറിട്ട സ്വരൂപമാണ് പ്രകടിപ്പിക്കുന്നത്.

സഞ്ചാരാനുഭവങ്ങൾ വ്യക്ത്യധിഷ്ഠിതമായി വിഭിന്നമായ പ്രകാരഭേദങ്ങൾ സൃഷ്ടിക്കുന്നു. വ്യക്തിഭേദങ്ങളുടെ അഭിരുചിയും സർഗ്ഗാത്മകതയുമാണ് സാഹിത്യത്തിൽ വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കുന്നത്. അതുകൊണ്ടാണ് ഓരോ യാത്രയും വിവിധങ്ങളായ യാത്രികരിലൂടെ പുതിയതായി നിർവ്വചിക്കപ്പെടുന്നത്. തീർത്ഥയാത്രാവിവരണങ്ങളെയും ഇത്തരത്തിൽ വായിക്കാവുന്നതാണ്.

ആത്മീയത കാത്തുസൂക്ഷിക്കുന്നതാണ് തീർത്ഥയാത്രകളെങ്കിലും ഭൗതികമായ സമീപനങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹികവും ചരിത്രപരവും സാംസ്കാരികവുമായ സ്ഥലങ്ങൾ യാത്രകളെ ബഹുമുഖമായി നിർണ്ണയിക്കുന്നു. ഓരോ ജനുസ്സിനും വ്യതിരിക്തമായ ആഖ്യാനഭേദമുണ്ട്. അത്തരം ജനുസ്സിന്റെ സംവേദനീയതയിലേക്ക് അനുവാചകരെ എത്തിക്കാൻ അതത് എഴുത്തിന്റെ രീതികൾ സ്വീകരിക്കേണ്ടതുണ്ട്. അപ്രകാരം യാത്രാവിവരണങ്ങളെ ഭാവുകത്വത്തിന്റെ

നവീനതയിലേക്ക് എത്തിക്കാൻ പ്രാപ്തമായ എഴുത്തിന്റെ രീതിശാസ്ത്രം മറ്റ് സാഹിത്യജനുസ്സുകളിൽനിന്നും വിഭിന്നമാക്കേണ്ടതുണ്ട്.

ആത്മീയയാത്രകൾ മറ്റ് യാത്രകളിൽനിന്ന് വ്യത്യസ്തമാണ്. ''ഒരു വ്യക്തിക്ക് സ്വന്തം സ്വത്വത്തിന്റെ സമഗ്രത കണ്ടെത്താനുള്ള മാർഗ്ഗമാണ് ആത്മീയത. വേദങ്ങളിൽ 'ആത്മൻ' എന്ന പദത്തിന് ശരീരം എന്നും സ്വത്വം (self) എന്നും രണ്ടർത്ഥങ്ങളുണ്ട്. ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ട് വശങ്ങളാണ് ശരീരവും സ്വത്വവും''[5]

സ്ത്രീ അവളുടെ സ്വത്വത്തിൽനിന്ന് തന്റേതായ ഭാവത്തിലും രൂപത്തിലും സ്വഭാവത്തിലും ആത്മീയതയെ അന്വേഷിക്കുമ്പോൾ നിലവിലുള്ള ആത്മീയതയിൽനിന്ന് അത് ഏറെ വ്യത്യസ്തമാകുന്നു. ജൈവികതയിലാണ് സ്ത്രൈണ ആത്മീയത അധിഷ്ഠിതമായിരിക്കുന്നത്. സ്വന്തം ശരീരത്തിന്റെയും സഹജാവബോധത്തിന്റെയും പൂർണ്ണവും സ്വതന്ത്രവും സർഗ്ഗാത്മകവുമായ ആവിഷ്കാരമാണത്.

യാത്രാവിവരണത്തിൽ എഴുത്തിന്റെ അടിസ്ഥാനം കാഴ്ചയാണ്. കാഴ്ചയാണ് എഴുത്തിന്റെ രീതിയെ വ്യത്യസ്തമാക്കുന്നത്. സമഗ്രവും സൂക്ഷ്മവുമായ ദൃശ്യാനുഭവത്തിന്റെ സ്വാഭാവികമായ പ്രതികരണമാണ് ദൃശ്യാവിഷ്കാരം. ആത്മീയതലത്തെ പൂരിപ്പിക്കാനുള്ള ഉപാധിയാണ് തീർത്ഥാടനം. തീർത്ഥയാത്രയിൽ പങ്കെടുക്കുന്ന സ്ത്രൈണതത്വചിന്തയുടെ പ്രകടരൂപമാണ് സ്ത്രീ തീർത്ഥാടനയാത്രകൾ. സ്ത്രീയിലെ ആത്മീയതലം സന്നിവേശിക്കപ്പെട്ടത് വ്യത്യസ്തതലത്തിലാണ്. ഇത്തരത്തിൽ ആത്മീയതയ്ക്കും ഭൗതികതയ്ക്കും പ്രാധാന്യം കൊടുക്കുന്ന കൃതികളെ സാമാന്യമായി പറയുകയും രാജനന്ദിനിയുടെ 'കൈലാസയാത്ര' വിശദപഠനത്തിന് വിധേയമാക്കുകയും ചെയ്യുന്നു.

യാത്രാവിവരണസാഹിത്യത്തിൽ സ്ത്രീകളുടെ തീർത്ഥയാത്രാകൃതികൾ വളരെയധികം ഉണ്ടായിട്ടുണ്ടെങ്കിലും യാത്രാവിവരണം എഴുതുന്ന രീതിശാസ്ത്ര

ത്തിൽ അവ വൈവിധ്യം പ്രകടിപ്പിക്കാറുണ്ട്. ഡയറിക്കുറിപ്പുകളുടെയും, കത്തുക ളുടെയും രൂപത്തിൽ രചിക്കുക, വിവരണാത്മകരചനാരീതി പുലർത്തുക, കല്പിത കഥയുടെ മാനങ്ങൾ പ്രകടിപ്പിക്കുക എന്നിവ ഇതിൽ പ്രധാനമാണ്.

### 4.3.1 തീർത്ഥയാത്രകൾ മലയാളത്തിൽ

സ്ത്രീകൾ എഴുതിയ തീർത്ഥയാത്രാകൃതികളെ സാമാന്യമായി പരിചയപ്പെ ടുത്തുകയാണിവിടെ. ലഭ്യമായിട്ടുള്ള തീർത്ഥയാത്രാകൃതികളിൽ മിക്കതും ആത്മീ യതയ്ക്കും ഭൗതികതയ്ക്കും ഒരുപോലെ പ്രാധാന്യം കൊടുക്കുന്ന കൃതികളാണ്.

ലഭ്യമായിട്ടുള്ള തീർത്ഥയാത്രാകൃതികൾ താഴെ പറയുംപ്രകാരമാണ്. 'ഒരു തീർത്ഥയാത്ര' (അമ്മാളുവമ്മ തരവത്ത്) (1925), ഞങ്ങൾ കണ്ട ഇസ്രായേൽ' (റ ബേക്കാ ജോസഫ്) (1982), 'ഇസ്രായേലിന്റെ മാറിലൂടെ' (സാറാതോമസ്) (2000), 'വിശുദ്ധസ്വപ്നങ്ങളുമായി വിശുദ്ധനാട്ടിൽ' (സരോജവർഗീസ്) (2002), 'കാശിച തുർധാമ ഹിമാലയയാത്ര' (വത്സലാമോഹൻ) (2004), 'അമരപദത്തിൽ' (വത്സലാ മോഹൻ (2007), 'കൈലാസപരിക്രമണം'(2012), ഖജുരാഹോ കൊണാർക്ക് (2012), (വത്സലാ മോഹൻ), 'ഹിമാലയോ നാമ നഗാധിരാജ' (2012), 'ദേവഭൂമിയിലൂടെ ഒരു തീർത്ഥയാത്ര' (വിമലാരാജകൃഷ്ണൻ) (2012), (എം.സ്വർണ്ണലത), 'ഞാൻ കണ്ട വിശുദ്ധനാട്' (പ്രമീള ജേക്കബ്ബ്) (2012), 'ഗംഗോത്രി യമുനോത്രി' (2014), 'കൊണാർക്കിലെ സൂര്യതേജസ്' (ഗോമതിയമ്മ ജി) (2014), 'യൂറോപ്പിലൂടെ ഒരു ആത്മീയയാത്ര', (നളിനി ശശിധരൻ) (2016) എന്നിവയും മുതലായവ തീർത്ഥയാ ത്രാകൃതികളിൽ പെടുന്നു.

സഞ്ചാരാനുഭവങ്ങൾ വ്യക്ത്യാധിഷ്ഠിതമായി വിഭിന്നമായ പ്രകാരഭേദങ്ങൾ സൃഷ്ടിക്കുന്നു. വ്യക്തിഭേദങ്ങളുടെ വ്യത്യാസമനുസരിച്ച് യാത്രാസമീപനത്തിലും എഴുത്തിലും വ്യത്യാസം വരും. തീർത്ഥയാത്ര എന്ന പൊതുഇനത്തിൽ ഉൾപ്പെടു ന്നുണ്ടെങ്കിലും വ്യക്ത്യധിഷ്ഠിതമായി അവ വ്യത്യാസപ്പെടുന്നു. ആത്മീയത എന്ന

മൂല്യവ്യവസ്ഥയ്ക്കകത്താണ് തീർത്ഥയാത്രയുടെ സ്ഥാനമെങ്കിലും ഭക്തിക്കതീത മായ നോട്ടങ്ങൾക്കും സമീപനങ്ങൾക്കും തീർത്ഥയാത്രകളിൽ സാധ്യതയുണ്ട്.'

### 4.3.2 തീർത്ഥയാത്രാ വിവരണങ്ങൾ: വിവിധമാനങ്ങൾ

തീർത്ഥയാത്രകൾതന്നെ ഒരേസമയം വിവിധ ഭാവങ്ങൾക്ക് രൂപം നൽകാറു ണ്ട്. സ്ത്രീയുടെ അടിസ്ഥാനപരമായ ഭാവമാണ് മാതൃഭാവം. ആത്മീയതക്കിട യിലും മാതൃഭാവത്തിന്റെ തീക്ഷ്ണത അവതരിപ്പിക്കുന്ന ഒരു യാത്രാനുഭവമാണ് ദേവകി നിലയങ്ങോടിന്റെ 'ജന്മമുക്തിക്കപ്പുറം'. ഭർത്താവിന്റെ ചിതാഭസ്മം ഗംഗ യിൽ നിമഞ്ജനം ചെയ്യാൻ പന്ത്രണ്ടുപേരടങ്ങുന്ന ഒരു ചെറുസംഘമായാണ് അവർ യാത്ര തിരിച്ചത്. യാത്രക്കിടയിൽ കൂടെയുള്ളവരുമായുള്ള അടുപ്പങ്ങൾ പങ്കുവെക്കുന്നതിനിടയിൽ പ്ലാറ്റ്ഫോമിൽ ബഹളംകൂടി കളിച്ചുകൊണ്ടിരിക്കുന്ന ഒരു കൂട്ടം പട്ടിണിപ്പാവങ്ങളായ കുട്ടികളെ കാണുന്നുണ്ട്. തങ്ങളുടെ കൈയ്യിൽ അവശേഷിച്ചിരുന്ന പലഹാരങ്ങൾ ഓരോന്നായി ആ തെരുവുകുട്ടികൾക്ക് വീതിച്ചു നൽകുകയാണ് എഴുത്തുകാരി. ഭക്ഷണം അമ്മയുമായി നേരിട്ടു ബന്ധപ്പെട്ടതാണെ ന്ന് വ്യക്തമാക്കുകയാണ് ഈ രംഗം. മറ്റൊരിടത്ത് കാശിയിലെ താമസവേളയി ലെല്ലാം അവരെ അലട്ടിയ കാഴ്ച വിശപ്പുകൊണ്ടു സമനില തെറ്റിയ കുട്ടികളുടെ നോട്ടങ്ങളാണ്. പിരിഞ്ഞുപോയ പ്രിയപ്പെട്ടവർക്കുവേണ്ടിയുള്ള അവസാന ബലി യായ ഗയാശ്രാദ്ധം എഴുത്തുകാരി വിവരിക്കുന്നത് ഇപ്രകാരമാണ്. ''വേവാത്ത ഒരു പിടി ബലിച്ചോറ് ആഴമില്ലാത്ത നദിയിലേക്കൊഴുക്കാൻ ഞങ്ങളെല്ലാവരും വെള്ള ത്തിലിറങ്ങി. ബലിയർപ്പിക്കുന്നവർക്ക് അഭിമുഖമായെന്നോണം ചെറിയ ആൺകുട്ടി കളുടെ ഒരു നീണ്ടനിര വെള്ളത്തിൽ കാത്തുനിൽപ്പുണ്ട്. എല്ലാവരുടെയും കയ്യിൽ സാമാന്യം വലിയ അരിപ്പകളുണ്ട്. വേഷം നിക്കർ മാത്രം. പക്ഷെ എല്ലാവരും ഒരു തോർത്തുമുണ്ട് ചുമലിലൂടെ നെഞ്ചിനു കുറുകെയായി സഞ്ചിപോലെ കെട്ടി ഞാത്തിയിട്ടുണ്ട്.ബലിച്ചോറ് വെള്ളത്തിൽ വീഴുന്നതും അസാധാരണമായ കൈത്ത ഴക്കത്തോടെ ഒറ്റ വറ്റുപോലും നഷ്ടപ്പെടാതെ അത് അരിപ്പയിൽ കോരിയെടുത്ത്

ചുമലിലെ തോർത്തുസഞ്ചിയിൽ അവർ ഇടും''[6] വെള്ളം കലങ്ങി ചേറും ചളിയും കൊണ്ട് കൊഴുത്ത നിറമായിരുന്നു കോരിയെടുക്കുന്ന വറ്റിനുമുണ്ടായിരുന്നത്. കിട്ടിയ വറ്റുമായി ഓടി അവരുടെ അമ്മമാരുടെ പാത്രങ്ങളിൽ നിറയ്ക്കുന്നതും വെള്ളത്തിലെ വരിയിലെത്താനുള്ളതുമായ സാഹസികതയും അതിനിടയിലെ ഉന്തും തള്ളുമെല്ലാം ഹൃദയസ്പർശിയായി ആവിഷ്കരിക്കുന്ന എഴുത്തുകാരിയുടെ സാമൂഹികാവബോധവും സഹാനുഭൂതിയുമാണിവിടെ ആവിഷ്കൃതമാവുന്നത്.

മറ്റ് തീർത്ഥയാത്രാവിവരണകൃതികളിൽനിന്ന് ദേവകി നിലയങ്ങോടിന്റെ യാത്രാനുഭവം വ്യത്യസ്തമാവുന്നത് ഇത്തരം കാഴ്ചപ്പാടിന്റെ തീക്ഷ്ണത യിലൂടെയാണ്. ദാരിദ്ര്യത്തിന്റെ ഭീകരതയും വിശക്കുന്ന കുട്ടികളുടെ വയറിന്റെ വേദനയും തീക്ഷ്ണമായി ആവിഷ്കരിക്കാനാവുക ഒരു സ്ത്രീക്ക് മാത്രമാണ്. തീർത്ഥയാത്രയായിരുന്നിട്ടും കാഴ്ചകൾക്കാണ് ഇവിടെ പ്രാധാന്യം കൊടുക്കുന്ന ത്. യാത്രയിലെ മാതൃഭാവം ആത്മീയതയ്ക്കും അപ്പുറമുള്ള ഭൗതിക കാഴ്ച കൾക്കാണ് പ്രാധാന്യം കൽപ്പിക്കുന്നത്. ദൈവിക പരിവേഷം തിങ്ങിനിറച്ച് വായന ക്കാരന് മടുപ്പുളവാക്കുന്നതിനുപകരം ഒരു നൂതന ദൃശ്യാനുഭവം ആവിഷ്കരിക്കു കയാണ് ദേവകി നിലയങ്ങോട്. 'ജന്മമുക്തി' തരണേ എന്ന് കൂടെയുള്ളവർ പ്രാർത്ഥിക്കുമ്പോൾ എഴുത്തുകാരി നിശ്ശബ്ദമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നത് വിശന്നുവലഞ്ഞ കുഞ്ഞുങ്ങളുടെ മുഖം കാണാനിടവരുത്തരുതേ എന്നായിരുന്നു.

ഭക്ഷണം, പാചകം, വിശപ്പ് ഇത്തരം ഘടകങ്ങൾ അമ്മയുമായി നേരിട്ടുബ ന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് യാത്രക്കിടയിൽ ഇത്തരം കാഴ്ച കളെ തീക്ഷ്ണമായി ആവിഷ്കരിക്കാൻ സ്ത്രീക്ക് സാധിക്കുന്നതും. അതിനാൽ തന്നെയാണ് ജൻമമുക്തിക്കപ്പുറം ഇത്തരം കാഴ്ചകളെ തന്റെ ജൈവികസ്വത്വ ത്തിന്റെ ഭാഗമായി പുനർനിർമ്മിക്കാൻ എഴുത്തുകാരിക്ക് കഴിഞ്ഞതും. തീർത്ഥ വസ്തുവിനെപോലും സാമൂഹികവും ജൈവികവുമായ ഒരു ഘടകമായി കാണാൻ ദേവകി നിലയങ്ങോടിന് സാധിക്കുന്നു.

### 4.3.3 കൈലാസയാത്ര : രാജനന്ദിനി

ആത്മീയതയ്ക്കും ഭൗതികതക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന കൃതിയാണ് രാജനന്ദിനിയുടെ കൈലാസയാത്ര. മനുഷ്യരുടെ അനുഭവലോകങ്ങളുമായി ബന്ധപ്പെട്ട പല ഘടകങ്ങളും സഞ്ചാര സാഹിത്യത്തെ വ്യത്യസ്തമാക്കുന്നു. സഞ്ചരിക്കുന്ന വ്യക്തിയുടെ നിലപാടാണ് കാഴ്ചകളെ മേൽക്കാഴ്ചകളോ കീഴ്ക്കാഴ്ചകളോ ആക്കി മാറ്റുന്നത്. ഇപ്രകാരം ആത്മീയയാത്രക്കിടയിലെ വ്യതിരിക്തത തന്നെയാണ് കൈലാസ യാത്രയും പങ്കു വെയ്ക്കുന്നത്.

ആത്മീയതയുടെ തത്വം തീർത്ഥാടനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആത്മീയത കേവലമായ ഒരു സത്തയാണ്. മനുഷ്യനെ ഭാഷാപരമായും സാംസ്കാരികമായും വിശേഷബുദ്ധിയുള്ളവനാക്കിയതിന്റെ പിന്നിൽ ഒരു ആത്മീയതലമുണ്ട്. ഈ ആത്മീയതലത്തെ പൂരിപ്പിക്കാനുള്ള ഉപാധിയാണ് തീർത്ഥാടനം. തീർത്ഥാടനം ചെയ്തതുകൊണ്ട് ഒരാളുടെ ആത്മീയതലം വികസിക്കുകയോ ഉണ്ടാവുകയോ ചെയ്യുന്നില്ല. സ്ത്രീയുടെ ആത്മീയതലത്തെ പൂരിപ്പിക്കാനുള്ള ഒരു സാധ്യതമാത്രമാണ് തീർത്ഥയാത്രകൾ.

എന്നാൽ ഒരു സ്ത്രീയാത്രയും ആത്മീയതയിൽ മാത്രം ഊന്നിനിൽക്കുന്നില്ല. അതിനപ്പുറം യാത്രയെ അനുഭവിക്കുകയാണവർ. ഈ അനുഭവം എന്നത് മാനസികതലവുമായി ബന്ധപ്പെട്ടതുമാണ്. കാരണം ആദ്യകാഴ്ചയിൽ അനുഭവിച്ച യാത്രാവേളകളെ എഴുത്തിലേക്ക് മാറ്റുമ്പോൾ എഴുത്തുകാരിയുടെ സമീപനമാണവിടെ പ്രാവർത്തികമാകുന്നത്. താൻ എങ്ങനെ ആ സ്ഥലത്തെ അനുഭവിച്ചു എന്നതാണ് യാത്രാവിവരണകൃതികൾ തരുന്ന പാഠം.

### 4.3.4 ആത്മീയതയും ഭൗതികതയും കൈലാസയാത്രയിൽ

സാഹസിക സ്വഭാവമുള്ളതും ആത്മീയാനുഭൂതി നിറഞ്ഞതുമായ യാത്രകളും അവയുടെ വിവരണങ്ങളും സഞ്ചാരസാഹിത്യത്തിലെ പ്രധാനശാഖയാണ്.

ഹിമാലയം കേന്ദ്രീകരിച്ചും അല്ലാത്തതുമായ തീർത്ഥയാത്രകൾ അനേകമുണ്ട്. ആദ്ധ്യാത്മിക പരിവേഷമാണ് ഹിമാലയത്തെയും കൈലാസത്തെയും കേവലമായ പർവ്വതകാഴ്ചകളിൽനിന്ന് ഭിന്നമായ കാഴ്ചയാക്കുന്നത്. ദുർഘടമായ യാത്ര ആയ തുകൊണ്ടുതന്നെയാവാം സ്ത്രീയാത്രികർ ഇത്തരം സ്ഥലങ്ങളിൽ കൂടുതലായി സഞ്ചരിക്കുകയും ചെയ്തിട്ടില്ല. സ്ത്രീക്ക് അഗമ്യങ്ങളാണ് ഇത്തരം സ്ഥലങ്ങൾ എന്ന പൊതുധാരണയ്ക്കപ്പുറത്തേക്കാണ് രാജനന്ദിനിയുടെ കൈലാസയാത്ര നല്കുന്ന വായനാനുഭവം.

കൈലാസം കാണണം എന്ന അതിതീവ്രമായ ആഗ്രഹമാണ് രാജനന്ദിനിയെ കൈലാസയാത്രക്ക് പ്രേരിപ്പിക്കുന്നത്. അറുപത്തഞ്ചോളം വരുന്ന സഹയാത്രികർക്കൊപ്പമുള്ള അനുഭവങ്ങളും കാഴ്ചകളും തന്റേതുമാത്രമായ കാഴ്ചകളാക്കി മാറ്റുകയാണ് രാജനന്ദിനി.

ജൻമസിദ്ധമായ സഞ്ചാരതൃഷ്ണയും അതിലൂടെ ലഭ്യമാകുന്ന അനുഭവങ്ങളും വായനക്കാരനിൽ എത്തിക്കാനും രാജനന്ദിനിക്ക് സാധിച്ചിട്ടുണ്ട്. കൈലാസം എന്ന ലക്ഷ്യപ്രാപ്തിയിലേക്കുള്ള യാത്ര വായനക്കാരനെ അനുഭവിപ്പിക്കുന്നതിൽ കൈലാസയാത്ര എന്ന കൃതി വ്യതിരിക്തത പുലർത്തുന്നു.

ഈ കൃതി വായനക്കാരനിൽ ആകാംക്ഷ ജനിപ്പിക്കുന്നതിനോടൊപ്പം വൈകാരികതയും സൃഷ്ടിക്കുന്നു. കൈലാസത്തിന്റെ ഗാംഭീര്യവും മാസ്മരികതയും എടുത്ത് കാണിച്ച് അതിലെ അപകടകരമായ പാതകളിലൂടെ നടത്തിയ യാത്രികയുടെ അനുഭവം എന്ന നിലയിൽ അതിലെ സാഹസികതയുടെ അംശം, ഈ യാത്രാവിവരണത്തെ വ്യത്യസ്തമാക്കുന്നു. ‘‘ഹിമാലയ ഭൂമിക ഹൃദയത്തെ അലൗകികാനുഭൂതികളുടെ ഉച്ചകോടിയിലേക്ക് ഉയർത്തുന്നതോടൊപ്പം മരണസമാനമായ അവസ്ഥയിലേക്ക് ജീവനെ എറിയുന്ന, കൈലാസയാത്രയുടെ ഈ ദുഷ്കരണ സ്വഭാവമായിരിക്കണം ആ ലക്ഷ്യസ്ഥാനത്തെ ഈശ്വരന്മാരുടെ ആസ്ഥാനമായി വച്ച് നാട്ടാൻ പുരാതനഭാവനയെ പ്രേരിപ്പിച്ചത്.’’[7]

ആധ്യാത്മികചിന്തകളെയും പുരാണപരാമർശങ്ങളെയും തീർത്തും ഒഴിവാക്കിക്കൊണ്ട് ഒരു കൈലാസയാത്രാവിവരണവും പൂർത്തിയാവില്ല. ഒരു ഹിമാലയ യാത്രയും ഇതിൽനിന്ന് അന്യമല്ല. പശുപതിനാഥ ക്ഷേത്രം, ഗണേശപർവ്വതം, മാനസസരസ്സ് എന്നിവിടങ്ങളെക്കുറിച്ചെല്ലാം സൂചിപ്പിക്കുമ്പോൾ ചില പുരാണകഥകൾ യാത്രിക പരാമർശിച്ചുപോകുന്നുണ്ട്.

ആധ്യാത്മികതയുടെ വളരെ വ്യത്യസ്തമായ അവതരണമാണ് ഈ കൃതിയിലൂടെ രാജനന്ദിനി നടത്തിയിരിക്കുന്നത്. അമിതമായ പരിവേഷങ്ങളില്ല. ''അന്ധമായ ഭക്തി ഇല്ലാത്ത എനിക്ക് സമചിത്തതയോടെ കാര്യങ്ങൾ നോക്കിക്കാണാമെന്ന ഒരു വിശ്വാസമുണ്ടായിരുന്നു.''[8] യുക്തിക്ക് നിരക്കാത്ത പരമാർശങ്ങൾ കൃതിയിൽ കൂടുതലായില്ലെങ്കിലും യാത്രാവേളയിൽ ഒരു കാര്യം ഓർത്തെടുക്കുന്നിടത്ത് തന്റെ വീട്ടിലേക്ക് മഞ്ഞ പുഷ്പവർഷമുണ്ടായതിനെക്കുറിച്ച് അതിഭാവനയോടെ വിവരിക്കുന്നു.

''ദേവഭൂമിയിലേക്കുള്ള യാത്രയായതിനാൽ പേരും സ്ഥാനമാനങ്ങളും പണവും ഒന്നും അവിടെ ആവശ്യമില്ല.''[9]

''പശുപതിനാഥ ക്ഷേത്രത്തിലെ നാലുകവാടങ്ങളിലേയും ദർശനത്താൽ ഞാൻ സായൂജ്യമടഞ്ഞു.''[10] ഇത്തരം പരാമർശങ്ങൾ കൃതിയിൽ ആത്മീയത നിറയ്ക്കുന്നു. എങ്കിലും ഇത്തരം കാഴ്ചകൾക്കൊപ്പം തന്നെ ആത്മീയേതര കാഴ്ചകൾക്കും രാജനന്ദിനി പ്രാധാന്യം കൊടുക്കുന്നുണ്ട്.

കാഴ്ചകൾ അദ്ഭുതദൃശ്യങ്ങൾക്കും മനോഹരകാഴ്ചകൾക്കും വഴിമാറുന്ന കാലഘട്ടത്തിൽ തന്നെയാണ് വേദനിക്കുന്നവരുടെയും കഷ്ടപ്പെടുന്നവരുടെയും ജീവിതക്രമത്തിലേക്ക് രാജനന്ദിനിയുടെ കാഴ്ചകൾ നയിക്കപ്പെടുന്നത്. ഇത് സാധ്യമാക്കിയത് സവിശേഷമായ വിചാരമണ്ഡലങ്ങളാണ്. കാഴ്ചയെ ചരിത്രത്തിലേക്ക് നയിക്കുന്ന സന്ദർഭങ്ങളും കൃതിയിലുണ്ട്. കൈലാസയാത്രക്ക് ഉതകുന്ന മാർഗ്ഗനിർദ്ദേശക ഗ്രന്ഥമായും ഇത് മാറുന്നു. കൈലാസയാത്രക്കിടയിൽ കാണുന്ന

ഓരോ മലയെക്കുറിച്ചും അതിന്റെ ഉയരത്തെക്കുറിച്ചും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെക്കുറിച്ചും വ്യക്തമായി പരാമർശിക്കുന്നുണ്ട്. ഈയൊരു വ്യക്തത കൃതിയിലുടനീളം പുലർത്തിപ്പോരുന്നു. ശിവപാർവ്വതിമാരുടെ വിഹാരരംഗമെന്ന് വിശ്വസിക്കപ്പെടുന്ന കൈലാസവുമായി ബന്ധപ്പെട്ട ചില ഐതിഹ്യങ്ങളും ഉമാമ ഹേശ്വരന്മാരുടെ ദിവ്യദാമ്പത്യത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങളും ഉചിതമായ സന്ദർഭത്തിൽ യാത്രാനുഭവത്തെ സമ്പന്നമാക്കിക്കൊണ്ട് ചേർത്തിണക്കുന്നു. ആത്മാവിഷ്കാരവും ആത്മീയതയും ഉൾച്ചേർന്നുകൊണ്ടുള്ള ആഖ്യാനരീതിയാണ് കൃതിയിൽ അവലംബിച്ചിരിക്കുന്നത്.

### 4.3.5 കൈലാസയാത്ര : സാമൂഹികതലം

സമൂഹവുമായുള്ള ഇടപെടലും സമൂഹത്തിന്റെ ഇടപെടലും സമൂഹത്തെ ക്കുറിച്ചുള്ള കാഴ്ചപ്പാടുകളും ചേർന്ന മനോഭാവത്തെയാണ് യാത്രയുടെ സാമൂഹി കതലം കൊണ്ട് ഉദ്ദേശിക്കുന്നത്. യാത്രിക തന്റെ സംസ്കാരം സാമൂഹികനില എന്നിവയുടെ അടിസ്ഥാനത്തിൽ യാത്ര പോയ സ്ഥലത്തിന്റെ സാമൂഹിക പശ്ചാ ത്തലത്തെയും സമൂഹത്തെയും പരസ്പരാശ്രിതമായി വിലയിരുത്തുകയും നിരീ ക്ഷിക്കുകയും തിരിച്ചറിയുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നത് എപ്രകാരമാണ് എന്നാണ് സാമൂഹികതലത്തിൽ പഠിക്കാൻ ശ്രമിക്കുന്നത്.

രാജനന്ദിനിയുടെ കൈലാസയാത്രയെ മറ്റ് സ്ത്രീയാത്രികരുടെ തീർത്ഥാടന യാത്രകളിൽ നിന്ന് വ്യതിരിക്തമാകുന്നത് അതിന്റെ സാമൂഹികപരിപ്രേക്ഷ്യത്തെ ക്കൂടി അടിസ്ഥാനപ്പെടുത്തിയാണ്. യാത്രയുടെ ദുഷ്കര സ്വഭാവം വിവരിക്കുന്നതി നോടൊപ്പം തന്റെ കാഴ്ചയിൽ വന്നുപെട്ട യഥാർത്ഥ മനുഷ്യജിവിതത്തെ അതിന്റെ പൂർണ്ണതയിൽ ആവിഷ്ക്കരിക്കുകയാണ് രാജനന്ദിനി. നേപ്പാളി സ്ത്രീകളെക്കു റിച്ചും അവിടത്തെ കുട്ടികളെക്കുറിച്ചും ഹുക്കയും സിഗരറ്റും വലിക്കുന്ന സ്ത്രീക ളെക്കുറിച്ചും പറയുമ്പോൾ തന്നെ സ്ത്രീകളുടെ അധ്വാനശീലത്തെക്കുറിച്ചും പറ യാൻ മറക്കുന്നില്ല. നേപ്പാളിൽ ഓരോ ക്യാമ്പിലേക്കുമുള്ള ഭക്ഷണ സാധനങ്ങൾ

തലച്ചുമടായി കൊണ്ടുപോവുക മിക്കവാറും സ്ത്രീകളായിരിക്കും. പല സ്ത്രീകളുടെയും തോളിൽ ഒരു കുഞ്ഞുമുണ്ടായിരിക്കും. ഒട്ടിയവയറും ദയനീയമുഖവുമുള്ള ഈ സ്ത്രീകളെ ഉദ്യോഗസ്ഥർ ദേഹോപദ്രവം ഏൽപ്പിക്കുന്നു. ദാരിദ്ര്യവും വിശപ്പും ശമിപ്പിക്കാൻവേണ്ടി വ്യഭിചാരത്തിൽ ഏർപ്പെടുന്ന സ്ത്രീകളെക്കുറിച്ചും കൃതിയിൽ പരാമർശമുണ്ട്.

തദ്ദേശീയ ജീവിതത്തിന് തന്റെ കൃതിയിൽ ഉന്നതസ്ഥാനം രാജനന്ദിനി നൽകിയിരിക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാന ജനജീവിതത്തെക്കുറിച്ചുള്ള സൂചനകൾ തദ്ദേശീയരുടെ സംസ്കാരം, ജീവിതരീതി, ജീവിതനിലവാരം എന്നിവയെക്കുറിച്ചുള്ള അറിവും അനുഭവവും രൂപപ്പെടുത്താൻ വായനക്കാരെ സഹായിക്കുന്നു.

നാടിനെയും നാട്ടിലെ ജനതയുടെ ജീവിതമാർഗ്ഗങ്ങളും അടുത്തറിഞ്ഞുകൊണ്ടാണ് കാൽനട യാത്ര നടത്തുന്നത്. ''പച്ചപ്പുപകർന്ന പുൽമേടുകളിൽ യാക്കിനെയും ആട്ടിൻപറ്റങ്ങളെ മേയ്ക്കുന്ന ആട്ടിയടന്മാരേയും ഒരു വടിയും തൂക്കുപാത്രവുമായി പിറകെ നടക്കുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും മുഖങ്ങൾ കരിവാളിച്ചിരുന്നു. അഴുക്കുപുരണ്ട വസ്ത്രങ്ങളും കല്ലുമാലയുമാണ് സ്ത്രീകൾ അണിഞ്ഞിരുന്നത്.''[11]

ഒരിടത്ത് പ്രകൃതിയൊരുക്കിയ മനോഹരദൃശ്യങ്ങളും മറ്റൊരിടത്ത് തിബറ്റൻ ജനതയുടെ ദൈന്യതയും അരക്ഷിതാവസ്ഥയുമാണ് നിഴലിക്കുന്നത്. യാത്രയെ നിഷ്പക്ഷമായും സ്വതസിദ്ധമായും സ്വീകരിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന രീതിക്ക് പകരം തന്റെ ഏകപക്ഷീയമായ മനോനിലയ്ക്കനുസരിച്ച് യാത്രാസ്ഥലങ്ങളിലെ ജനജീവിതത്തെ വിലയിരുത്താനാണ് ശ്രമിച്ചിരിക്കുന്നത്.

### 4.3.6 പാരിസ്ഥിതികതലം

യാത്രയുടെ പരിസ്ഥിതി വിജ്ഞാനവും പാരിസ്ഥിതിക അവബോധവും സൃഷ്ടിക്കുന്ന നിരന്തരമായ ചിന്തകളുടെ ഉപോത്പന്നമായി യാത്രയുടെ പാരി

സ്ഥിതിക തലത്തെ വിലയിരുത്താം. ഇത്തരം ചിന്തകളെ പ്രതിഫലിപ്പിക്കാൻ യാത്രാവിവരണത്തിൽ ശ്രമിക്കുമ്പോഴാണ് യാത്രയുടെ പാരിസ്ഥിതികതലം പഠന സാധ്യതയുള്ളതായി മാറുന്നത്. യാത്രയുടെ പാരിസ്ഥിതിക മണ്ഡലത്തെ യാത്ര ചെയ്യുന്ന പാരിസ്ഥിതികമണ്ഡലവുമായി സാമ്യപ്പെടുത്തുകയോ താരതമ്യം ചെയ്യുകയോ വ്യതിരിക്തമാക്കുകയോ ചെയ്യുന്ന പ്രക്രിയ യാത്രയിലുടനീളം സംഭവിക്കുന്നുണ്ട്. ഗൃഹാന്തരീക്ഷത്തിലും സാമൂഹിക തലത്തിലും ആധുനികവും പരിഷ്കൃതവുമായ ജീവിതത്തിന്റെ അവസ്ഥകളെ വെച്ച് പുലർത്തുന്ന വ്യക്തിക്ക് പ്രകൃതിയിലേക്കുള്ള ജൈവികമായ ഒരു തിരിച്ചുപോക്കാണ് യാത്രയിലെ പാരിസ്ഥിതികതലം കൊണ്ട് അർത്ഥമാക്കുന്നത്. വ്യക്തിപരമായി അനുഭവിക്കുന്ന പ്രാകൃതമായ ഭാവങ്ങളെ സാമൂഹികമായി മാറ്റുന്ന പ്രക്രിയയാണ് യാത്രാവിവരണത്തിലൂടെ സംഭവിക്കുന്നത്.

മനുഷ്യന്റെ ജൈവിക സ്വത്വത്തിനാധാരം പ്രകൃതിയാണ്. പ്രകൃതിയിലെ മൂലകങ്ങളുടെയും ദ്രവ്യങ്ങളുടെയും ശാസ്ത്രീയവും ഘടനാപരവുമായ ചേർച്ചയാണ് മനുഷ്യൻ. അതുകൊണ്ട് വ്യക്തി സ്വത്വത്തിനടിസ്ഥാനം പ്രകൃതിയാണ്. പ്രകൃതിയോട് ശാരീരികവും മാനസികവുമായി അടുത്തുനിൽക്കുന്ന ജൈവിക സ്വരൂപം മറ്റു മൃഗങ്ങളിൽനിന്ന് വ്യത്യസ്തമായി മനുഷ്യനുണ്ട്. പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കും പ്രകൃതിയോട് ഇണങ്ങി ജീവിക്കാനുള്ള കഴിവും മനുഷ്യന് സ്വതസിദ്ധമാണ്. അത്തരത്തിൽ പ്രകൃതിയെ കണ്ടെത്താനുള്ള ത്വരയുടെ അടിസ്ഥാനത്തിലാണ് യാത്രകൾ വ്യക്തിയിൽ ആകാംക്ഷ ഉണർത്തുന്നത്. പ്രകൃതിയോട് ചേർന്ന് നിൽക്കുന്ന ഭൗതിക ഘടനയാണ് ക്ഷേത്രങ്ങൾക്കും തീർത്ഥസ്ഥാനങ്ങൾക്കും ഉള്ളത്. വൃക്ഷലതാദികളോടും പുഴ പർവ്വതം തുടങ്ങിയ ഭൂമിശാസ്ത്രപ്രതിഭാസങ്ങളോടുമുള്ള സഹഭാവമാണ് ഭാരതത്തിലെ തീർത്ഥസ്നാനങ്ങൾക്കും ക്ഷേത്രങ്ങൾക്കും ഉള്ളത്. ആയതിനാൽ ഇത്തരത്തിലുള്ള സ്ഥലങ്ങളിലേക്ക് നടത്തുന്ന യാത്രകൾ ഈ അർത്ഥത്തിൽ തീർത്തും പാരിസ്ഥിതികമാണ്.

ജാതീയമായ ആത്മീയതയുടെ അടിസ്ഥാനം പ്രകൃതിപരമാണ്. നദി, പർവ്വതം, വൃക്ഷലതാദികൾ തുടങ്ങിയവ ഭാരതീയമായ ആത്മീയ വിചാരത്തിന്റെ അടിസ്ഥാനങ്ങളാണ്. അതുകൊണ്ടുതന്നെ അങ്ങോട്ട് നടത്തുന്ന യാത്രകൾ പ്രത്യ ക്ഷത്തിൽ തന്നെ പാരിസ്ഥിതികയാത്രകളാണ്.

പ്രകൃതിയുമായി മനുഷ്യനുള്ള സഹസാന്നിദ്ധ്യ വിചാരം തീർത്ഥാടന യാത്രകളെ പാരിസ്ഥിതികാവബോധത്തിന്റെതുകൂടിയാക്കുന്നു. ഇത്തരം പാരിസ്ഥി തികാവബോധം കൈലാസയാത്രയെയും മഹത്തരമാക്കുന്നു. ''നേപ്പാൾ-ചൈന ബോർഡറായ കോടാരിയിലെ രൗദ്രതാളങ്ങളോടെ ഒഴുകുന്ന കോശിനദി, മുക ളിൽനിന്ന് ഊക്കോടെ പതിക്കുന്ന ജലസമൃദ്ധിയുടെ ഹുങ്കാരം പ്രകൃതിയുടെ ഏത് ഭാവത്തോടാണ് ഉപമിക്കുക.''[12]

''മഞ്ഞിന്റെ കുളിരു പുതച്ച് വെയിൽ കായുന്ന പ്രകൃതി, മഞ്ഞുരുകി വരുന്ന നീർച്ചാലുകൾ, തടാകങ്ങൾ, സ്വർണ്ണനിറമാർന്ന മണൽത്തരികൾ.''[13] ഇത്തരം കാഴ്ചകൾക്കുള്ള പ്രാധാന്യവും പ്രകൃതിയും പ്രകൃതിദൃശ്യങ്ങളും യാത്രികയുടെ മനസ്സിലുണ്ടാക്കുന്ന അവബോധവും ആത്മീയതക്കപ്പുറമാണ്. തീർത്ഥയാത്രയാ ണെങ്കിൽ കൂടി ചുറ്റുപാടിനെ തന്റെ കാഴ്ചയുടെ ഭാഗമാക്കി മാറ്റാനാണ് യാത്രിക ശ്രമിക്കുന്നത്. ലോകത്തിലെ ഏറ്റവും ഉത്കൃഷ്ടവും പ്രകൃതിരമണീയവുമായ സ്ഥലമാണ് കൈലാസം. സ്വാഭാവിക കാഴ്ചകളെക്കൂടി തന്റെ യാത്രാകൃതിയിൽ സമ്പന്നമാക്കാൻ രാജനന്ദിനിക്ക് സാധിക്കുന്നുണ്ട്.

### 4.3.7 സാമൂഹികവിമർശനം

സാമൂഹിക സാഹചര്യങ്ങളെ എഴുത്തിലേക്ക് കൊണ്ടുവരികയും അതിന്റെ പരിവർത്തനപരമായ ആവശ്യകത ഊന്നിപ്പറയുകയും ചെയ്യുക എന്നത് കൈലാ സയാത്രയെ ശ്രദ്ധേയമാക്കുന്ന ഘടകമാണ്. ആത്മീയതയ്ക്കും പ്രകൃതിപരാമർശ ത്തിനും തുല്യമായ സ്ഥാനമാണ് സാമൂഹ്യയാഥാർത്ഥ്യത്തിനും നൽകിയിരിക്കു ന്നത്.

''ഒറ്റമുറിയും നടക്കല്ലുകൾ ഉള്ളതുമായ യമദ്വാരത്തിന്റെ അപ്പുറം കടന്നാൽ പാപമെല്ലാം കഴുകിക്കളയാം''.[14] എഴുത്തുകാരിയുടെ ഈയൊരു പരാമർശം ആവശ്യങ്ങൾക്കുമാത്രം ദൈവസന്നിധിയിൽ എത്തുന്നവർക്കുള്ള വിമർശനമാണ് കാര്യസാദ്ധ്യത്തിനും പകരംവീട്ടലിനും പാപപരിഹാരത്തിനും വേണ്ടി ദൈവത്തെ കൂട്ടുപിടിക്കുന്ന ആളുകളെ കൃതിയിൽ വിമർശിക്കുന്നുണ്ട്.

ടർച്ച-ഡ്ഡറാപുക്ക് യാത്ര എന്ന അധ്യായത്തിൽ ആധുനികകാലത്തെ തീർത്ഥയാത്രകൾക്കും തീർത്ഥാടകർക്കും അതിന്റെ തനത് സ്വഭാവം നഷ്ടപ്പെട്ടതിനെക്കുറിച്ചുള്ള സൂചനകൾ നൽകുന്നതാണ് ഈ പരാമർശം. ''മൂന്ന് ദിവസത്തെ വ്രതമെടുത്ത് ചോറ്റാനിക്കര അമ്പലത്തിൽ നിന്നും അടിച്ചു മാറ്റിയ ചെരിപ്പുമായിട്ടായിരുന്നു.''[15]

മൂന്ന് ദിവസത്തെ വ്രതവും ക്ഷേത്രദർശനവും പാഴായിപ്പോയ അവസ്ഥയെക്കുറിച്ച് യാത്രിക വിമർശിക്കുന്നുണ്ട്. ഇന്ന് തീർത്ഥാടനങ്ങൾ വാണിജ്യവത്ക്കരണത്തിന്റെയും കമ്പോളവത്ക്കരണത്തിന്റെയും ഭാഗമായി മാറിയിരിക്കുന്നു. അതിൽനിന്ന് വ്യത്യസ്തമായ ഒരു ആത്മീയ വ്യക്തിത്വമാണ് രാജനന്ദിനിക്കുള്ളത്.

എഴുത്ത് സാമൂഹികനവീകരണത്തിന്റെ സർഗ്ഗാത്മക പ്രതികരണമാണ്. ക്രിയാത്മകമായി സാഹിത്യത്തെ സാമൂഹികവിമർശനത്തിന് ഉപയോഗിക്കുമ്പോൾ സാഹിത്യപ്രവർത്തനം സാമൂഹികപ്രവർത്തനമായി മാറുന്നു. ഇത്തരത്തിൽ വ്യത്യസ്തസമൂഹങ്ങളെ ചരിത്രപരമായും വസ്തുതാപരമായും വിലയിരുത്താനും വിവരിക്കാനുമുള്ള ശേഷി മറ്റ് സാഹിത്യജനുസ്സുകളിൽ കൂടുതൽ യാത്രാവിവരണങ്ങൾക്കാണുള്ളത്. അതുകൊണ്ടുതന്നെ അതിനടിസ്ഥാനമായ യാത്രയും അതിന്റെ ഉപോത്പന്നമായ യാത്രാവിവരണവും കൃത്യവും നിശിതവുമായ സാമൂഹിക വിമർശന ഉപാധിയാണ്.

സാമൂഹിക സാഹചര്യങ്ങളെ എഴുത്തിലേക്ക് കൊണ്ടുവരികയും അതിന്റെ പരിവർത്തനപരമായ ആവശ്യകത ഊന്നിപ്പറയുകയും ചെയ്യുക എന്നത് കൈലാ

സയാത്രയെ ശ്രദ്ധേയമാക്കുന്ന ഘടകമാണ്. ആത്മീയതയ്ക്കും പ്രകൃതിപരാമർശ ത്തിനും തുല്യമായ സ്ഥാനമാണ് സാമൂഹ്യയാഥാർത്ഥ്യത്തിന് നൽകിയിരിക്കുന്നത്.

ഒറ്റമുറിയും നടക്കല്ലുകൾ ഉള്ളതുമായ യമദ്വാരത്തിന്റെ അപ്പുറം കടന്നാൽ പാപമെല്ലാം കഴുകികളയാം. ഈയൊരു പരാമർശം എഴുത്തുകാരിയുടെ ഭൗതിക യാഥാർത്ഥ്യത്തെ അതിലംഘിക്കുന്ന ആത്മീയവും ഊഹനീയവും ആയ പ്രതിപാദ നമായികൂട്ടി കണക്കാക്കാം. ഭൗതികയാഥാർത്ഥ്യത്തെ അതിലംഘിക്കുന്ന അതിഭാ വുത്വമുള്ള ഇത്തരം പരാമർശങ്ങൾ കൃതിയിൽ കാണാൻ സാധിക്കുന്നുണ്ട്.

ചരിത്രഗ്രന്ഥത്തിൽ നിന്ന് ലഭിക്കാവുന്ന തരത്തിലുള്ള വിജ്ഞാനവും ഈ കൃതി ഉൾക്കൊള്ളുന്നുണ്ട്. നേപ്പാൾ രാജാവിന്റെ കൊട്ടാരവും ക്ഷേത്രവും വസ്തു തകളും വിവരിക്കുന്നിടത്തെല്ലാം ഈയൊരു സമീപനം കാണാവുന്നതാണ്.

**4.3.8 ഭാഷാതലം**

സ്വാഭാവികവും ലളിതവുമായ ഭാഷാപ്രയോഗമാണ് ഈ കൃതിയുടെ സവി ശേഷത. സ്ത്രൈണസങ്കല്പങ്ങളെയും ഭാവങ്ങളെയും സ്വതസിദ്ധമായി ആവി ഷ്കരിക്കാൻ അനുയോജ്യമായ തരത്തിലുള്ള ഭാഷാപ്രയോഗങ്ങളാണ് കൃതിയിൽ കാണുന്നത്.

പുതിയ പ്രദേശത്തോടും സാഹചര്യത്തോടും ഇണങ്ങാൻ സ്ത്രീയ്ക്ക് പെട്ടെന്ന് സാധിക്കുന്നു. അതിനുകാരണം കാഴ്ചയിലും ബോധത്തിലും ഉള്ള വ്യത്യസ്തതയാണ്. ഓരോ വ്യക്തിയിലും തന്നിലെ അപരത്വം കാണാൻ ശ്രമിക്കു കയാണ് സ്ത്രീകൾ. അതുകൊണ്ടുതന്നെ പോയ ഇടം തന്റെ ചുറ്റുപാടായി തീരു കയാണ് സ്ത്രീകൾക്ക്. അപ്പോൾ അവിടത്തെ രീതികളും സ്വഭാവികമായിത്തീ രുന്നു. ഏതൊരു സാഹചര്യത്തെയും അതിജീവിക്കാനുള്ള ശേഷിയാണ് രാജന ന്ദിനിയുടെ കരുത്ത്. യാത്രയിൽ എന്ത് അസ്വസ്ഥതകൾ ഉണ്ടായാലും അതെല്ലാം യാത്രയുടെ ഭാഗമായി കരുതി സന്തോഷം കൈവിടാതെ നോക്കുക. ഈയൊരു കാഴ്ചപ്പാടാണ് യാത്രയിലുടനീളം കൈക്കൊള്ളുന്നത്.

കവിയും ചിത്രകാരിയുമാണ് യാത്രിക. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള ഭാഷാപ്രയോഗങ്ങളും നിരവധിയാണ്. ''പക്ഷിക്കുള്ളിലെ പക്ഷിയായി ഞാൻ പറന്നു കൊണ്ടിരുന്നു. പച്ചപ്പിന്റെ തരിപോലുമില്ലാത്ത ഊഷരഭൂമിയിലൂടെയാണ് ഇനിയുള്ള യാത്ര, ഹരിതഭംഗിയില്ലെങ്കിലും ഇരുണ്ട നിറമാർന്ന മലനിരകൾ, സർപ്പ സൗന്ദര്യം വഴിഞ്ഞൊഴുകുന്ന മദാലസ മോഹിനികൾ ലാസ്യനൃത്തം കഴിഞ്ഞ് മയങ്ങുന്നതു പോലെ വശ്യമനോഹരമായിരുന്നു''[16] എന്നിങ്ങനെ കാവ്യാത്മകത ഭാഷയിൽ നിറഞ്ഞുനിൽക്കുന്നു.

### 4.3.9 ആഖ്യാനം: വസ്തുതയും വിവരണവും

''മാനസ സരോവറിലേക്കുള്ള ക്ലേശപൂർണ്ണവും സാഹസികവുമായ യാത്ര ഒരർത്ഥത്തിൽ പരലോകയാത്ര തന്നെയാണെന്നാണ് സക്കറിയ നിരീക്ഷിക്കുന്നത്. കൈലാസയാത്രാനുഭവത്തെ അതിശയോക്തിയുടെ സ്പർശം അല്പംപോലും കലരാതെ യഥാർത്ഥമായി അവതരിപ്പിക്കുകയാണിവിടെ. അനുഭവങ്ങളുടെ ആത്മാർത്ഥതയും അവതരണത്തിലെ സത്യസന്ധതയും ഈ കൃതിക്ക് അവകാശപ്പെടാവുന്നതാണ്. ആസൂത്രിതഭക്തിയുടെ വ്യാജഭാവങ്ങൾ ഇതിൽ കാണാനാവുന്നില്ല. ഒരേ സമയം സുഖദവും പ്രയോജനകരവുമായ ഒരു യാത്രാവിവരണമാണ് ഇത്''[17] എന്ന് സച്ചിദാനന്ദൻ അഭിപ്രായപ്പെടുന്നു.

വ്യക്തിപരമായ അനുഭവങ്ങളും അനുഭൂതികളും കൃതിയെ കൂടുതൽ സജീവമാക്കുന്നു. ഒരു തരത്തിൽ ആത്മാവിഷ്കാരമായി രൂപപ്പെടുമ്പോൾ തന്നെ അതിൽ ആത്മീയതയും ഉൾച്ചേർന്നിരിക്കുന്നു.

അതിസാഹസികമായ കൈലാസപരിക്രമണം, ഏകാന്തത, ക്ഷീണം, തളർച്ച, മരണത്തെ മുഖാമുഖം കണ്ട നിമിഷങ്ങൾ എന്നിങ്ങനെ വൈവിധ്യവും ആകാംക്ഷയും ജനിപ്പിക്കുന്ന ആഖ്യാനമാണ് യാത്രികയുടേത്. സാഹിത്യപരിചയവും അനുഭവ വർണ്ണനകളിൽ യഥാസ്ഥാനത്തുള്ള അവയുടെ സന്നിവേശവും ഈ യാത്രാവിവരണത്തിന്റെ ആസ്വാദ്യത വർദ്ധിപ്പിക്കുന്നു.

എം.കെ.രാമചന്ദ്രൻ തന്റെ യാത്രാവിവരണഗ്രന്ഥമായ 'ഉത്തർഖണ്ഡിലൂടെ-കൈലാസ് മാനസ സരസ്സ് യാത്ര' എന്ന ഗ്രന്ഥത്തിൽ ''കൈലാസയാത്ര ചെറുപ്പക്കാരികളായ സ്ത്രീകൾക്ക് പാടില്ല''[18] എന്നാണ് വെളിപ്പെടുത്തുന്നത്.

ഗീതാജ്ഞലി കൃഷ്ണൻ തന്റെ പെൺയാത്ര എന്ന ഗ്രന്ഥത്തിലും ഇപ്രകാരം പരാമർശിക്കുന്നുണ്ട്: ''തികച്ചും അനൗദ്യോഗികമായ മുന്നറിയിപ്പ്, കൈലാസ് മാനസ സരസ്സ് യാത്രകൾക്ക് സ്ത്രീകൾക്കും അപേക്ഷിക്കാവുന്നതാണ്. ശബരിമലയാത്രപോലെ സ്ത്രീകൾക്ക് നിയമപരമായ വിലക്കുകൾ ഒന്നും ഇല്ല. ഈ യാത്ര 35 ദിവസത്തോളം നീണ്ടുപോകുമെന്നതിനാൽ മാസമുറയുള്ള സ്ത്രീകൾ ഈ യാത്ര ഒഴിവാക്കുന്നതാണ് നല്ലത്. തികച്ചും പരിപാവനമായ യാത്രയായതിനാൽ ഇത്തരം അശുദ്ധികൾ ഒഴിവാക്കുന്നതാണ് നമ്മുടെ സംസ്കാരത്തിനു യോജിച്ചത്. വിനോദ സഞ്ചാരത്തിനെന്നപോലെ വടക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ചെറുപ്പക്കാരികൾ പല ബാച്ചുകളിലും കടന്നുകൂടുന്നുണ്ട്. യാദൃച്ഛികമാവാമെങ്കിലും ദുരന്തങ്ങൾ ഭൂരിഭാഗവും സംഭവിക്കുന്നത് ഇത്തരം ബാച്ചുകൾക്കാണെന്ന് ഓർക്കുക. അതുകൊണ്ട് 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾ പോകുന്നതാണ് അഭികാമ്യം.''[19]

ഈ കാര്യത്തോട് ബന്ധിപ്പിച്ചു പറയാവുന്ന ഒരു കാര്യം രാജനന്ദിനി തന്റെ ഗ്രന്ഥത്തിലും വ്യക്തമാക്കുന്നുണ്ട്. ''മാനസ സരസ്സിന്റെ തീരത്ത് എല്ലാ വാഹനങ്ങളും നിർത്തിയിട്ടുണ്ട്. യാത്രക്കാർ ഇറങ്ങി തീർത്ഥം ശേഖരിക്കുന്നു. ഞാൻ ഇറങ്ങിയില്ല. കഠിനമായ യാത്രയുടെ ഫലമായി തിയതിക്കുമുൻപേ വന്ന മാസമുറ കാരണം തീർത്ഥമെടുക്കാതെ ഞാൻ കുണ്ഠിതപ്പെട്ടിരുന്നു. ഞാനിത് ഇവിടെ കുറിക്കുന്നത് സ്ത്രീയാത്രക്കാരുടെ സംശയ ദൂരികരണത്തിനു കൂടിയാണ്. അമ്പലങ്ങളുടെ സാന്നിധ്യമില്ലാത്തതുകൊണ്ട് ഇത്തരം സാഹചര്യങ്ങൾ കൈലാസ തീർത്ഥാടനത്തിന് തടസ്സമല്ല. ഇവിടെ പ്രകൃതിയാണ് ക്ഷേത്രം, പ്രകൃതിതന്നെയാണ് ഈശ്വരനും. പരിയാങ്ങിൽ വന്നതും ഞാൻ വീട്ടിലേക്ക് വിളിച്ചു. മകളാണ് എടുത്തത്.

അതീവ സന്തോഷത്തോടെ അവൾ പറഞ്ഞു. അവൾക്ക് സർക്കാർ ജോലി കിട്ടിയെന്ന്. ഗസറ്റഡ് റാങ്കിലാണ് അപ്പോയ്ന്റ്മെന്റ് എന്നവൾ പറഞ്ഞപ്പോൾ കൈലാസനാഥാ എന്ന് മാത്രമായിരുന്നു എന്റെ മറുവാക്ക്.''[20]

അന്ധവിശ്വാസത്തിനെതിരെയുള്ള അറിവായിട്ടാണ് സ്ത്രീ ഇപ്രകാരം രേഖപ്പെടുത്തുന്നതെങ്കിലും ആ അന്ധവിശ്വാസത്തിന്റെ പുറകിൽ തന്നെയല്ലേ യാത്രികയും മാസമുറ സമയത്ത് അവിടെ പോയിട്ടും ഒന്നും സംഭവിച്ചില്ല എന്ന് പറയുമ്പോൾ തന്നെ 'തീർത്ഥമെടുക്കാതെ ഞാൻ കുണ്ഠിതപ്പെട്ടിരുന്നു' എന്ന് പറയുന്നിടത്ത് അന്ധവിശ്വാസത്തെ സാധൂകരിക്കാൻ ശ്രമിക്കുകയാണവർ. അത്തരം വിശ്വാസം ഒന്നും മനസ്സിലില്ലായിരുന്നെങ്കിൽ അവർക്ക് യാതൊരു സങ്കോചവും കൂടാതെ തീർത്ഥജലം സ്വീകരിക്കാമായിരുന്നു. അമ്പലങ്ങളുടെ സാന്നിധ്യമില്ലാത്തതുകൊണ്ട് ഇത്തരം സാഹചര്യങ്ങൾ കൈലാസ തീർത്ഥാടനത്തിന് തടസ്സമല്ലെന്നും പറയുന്നു. പ്രകൃതി തന്നെയാണ് ക്ഷേത്രവും ഈശ്വരനുമെങ്കിൽ ശുദ്ധാശുദ്ധത്തെക്കുറിച്ച് എന്തിന് വ്യാകുലപ്പെടണം?

യാത്ര എല്ലാ കെട്ടുപാടുകളിൽനിന്നുമുള്ള മോചനമാണ് എന്ന് സ്ത്രീ തന്നെ നിരീക്ഷിക്കുന്ന സന്ദർഭത്തിൽ ഇത്തരം വിശ്വാസങ്ങളെ എവിടെപ്പോയാലും ഉൾക്കൊള്ളാൻ ശ്രമിക്കുന്ന വൈരുദ്ധ്യമാണിവിടെ കാണാൻ സാധിക്കുന്നത്. ഇത്തരം വിശ്വാസങ്ങൾ മനസ്സിൽ സൂക്ഷിക്കുന്നതുകൊണ്ടു മാത്രമാണ് യാത്രികതന്റെയും സ്ത്രീ സ്വത്വത്തിന്റെയും വിമോചനത്തെ ഉദ്ഘോഷിക്കാതിരുന്നത്.

സാമൂഹികവും മതപരവുമായ വിശ്വാസങ്ങൾ ആത്മീയതയുടെ ഭാഗമായി തീർന്നിട്ടുണ്ട്. ആത്മീയയാത്രയിൽ ഇത്തരം വിശ്വാസങ്ങൾ യാത്രികരെ സ്വാധീനിക്കുന്നുണ്ട്. അത്തരത്തിൽ ഉള്ള ശക്തമായ സ്വാധീനത്തിന്റെ അടിസ്ഥാനത്തിലാണ് ലേഖിക സ്ത്രീക്കെതിരെ രൂപപ്പെട്ട ചില വിശ്വാസങ്ങളും അംഗീകരിക്കുന്നത്.

കൈലാസയാത്രയെയും തീർത്ഥയാത്രയെയും ലേഖിക മതപരവും സാമൂഹികവുമായ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് നിരീക്ഷിക്കുന്നത്. അതു

കൊണ്ട് ആത്മീയതയുടെയും ദൈവികതയുടെയും സ്ത്രീസഹജമായ, സ്ത്രീപക്ഷ മായ വിലയിരുത്തലോ നിരീക്ഷണമോ കൃതിയിൽ നടന്നുകാണുന്നില്ല. ശാരീരിക വും മാനസികവുമായി സ്ത്രീക്ക് പ്രകൃത്യാപരമായി ലഭിച്ച ചില അവസ്ഥകളെ സ്വാഭാവികമായി കാണാൻ യാത്രിക ശ്രമിക്കുന്നില്ല. അതുകൊണ്ടാണ് മാസമുറ സമയത്ത് പോയിട്ടും തീർത്ഥമെടുക്കുന്നത് തെറ്റാണെന്ന് രേഖപ്പെടുത്തുന്നത്. ആത്മീയയാത്രകൊണ്ട് വാസ്തവത്തിൽ സ്ത്രീ ഒറ്റയ്ക്കും കൂട്ടായും നേടേണ്ടുന്ന വിമോചനാത്മകമായ ഒരു തലം കൈലാസ യാത്രകൊണ്ടും നേടിയിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

തീർത്ഥയാത്രയും അമ്പലവും ഈശ്വരനും പ്രകൃതിയുടെ രൂപത്തിലാണ് ഇവിടെ ദർശിക്കപ്പെടുന്നത്. അപ്രകാരം യാത്രിക പ്രകൃതിയിൽനിന്നും സമദൂരം പാലിക്കാൻ ശ്രമിക്കുന്നതിന്റെ തെളിവാണ് ഈ നിരീക്ഷണം.

അമ്പലങ്ങളുടെയും ദൈവത്തിന്റെയും സ്വരൂപം പ്രകൃതിക്കുണ്ട് എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് തീർത്ഥജലം കൈക്കൊള്ളുന്നത് അശുദ്ധം എന്ന് കൽപ്പിച്ചത്. അപ്പോൾ പ്രകൃതിയിൽ നിന്നും ഈശ്വരനിൽനിന്നും ക്ഷേത്രങ്ങ ളിൽ നിന്നും സമദൂരം പാലിക്കേണ്ടവളാണ് സ്ത്രീ എന്ന ഒരു സാമൂഹിക നിയ മത്തെ ലേഖിക പിൻതുടരുന്നതിന്റെ തെളിവാണ് ഈ പരാമർശം.

### 4.3.10 നിരീക്ഷണവും വിവരണവും

കൈലാസവും മാനസസരസ്സും സൃഷ്ടിക്കുന്ന അലൗകികാന്തരീക്ഷത്തിന്റെ വിവരണം നിരീക്ഷണ പാടവത്തിന് ദൃഷ്ടാന്തമാണ്. എന്നാൽ ഭക്തിലഹരി മൂത്ത് ആ ദേശത്തിന്റെ ആചാര വിശേഷങ്ങളെ ചോദ്യം ചെയ്യാനൊന്നും രാജനന്ദിനി തയ്യാറാകുന്നില്ല. ഓരോ വസ്തുത രേഖപ്പെടുത്തുന്നിടത്തും വായനക്കാർക്കുള്ള നിർദ്ദേശങ്ങൾ കൂടി നൽകുന്നു. ജീവിതത്തിന്റെ നശ്വരത വിളിച്ചറിയിക്കുന്നതായി രുന്നു യാത്രയിലെ ഓരോ നിമിഷവും. അതുകൊണ്ടുതന്നെ തന്റെയുള്ളിലെ 'ഞാൻ' എന്ന ഭാവം അലിഞ്ഞില്ലാതായി എന്നവർ പറയുന്നുണ്ട്.

സമുദ്രനിരപ്പിൽനിന്നും 16000 അടി മുകളിലാണ് മാനസസരസ്സെന്നും അതിന്റെ ഐതിഹ്യവും വ്യക്തമാക്കുന്നു. ചരിത്രവും വിജ്ഞാനവും ഒന്നിച്ച് ലഭിക്കുന്ന അവസ്ഥ. വിഷ്ണുതടാകത്തിലെ സ്വർണ്ണ അരയന്നങ്ങൾ, മഞ്ഞുകട്ടകൾ നിറഞ്ഞുനിൽക്കുന്ന മാനസസരസ്സ് എന്നിങ്ങനെ ഇത്തരം കാഴ്ചകൾ നിരന്തരം വ്യക്തമാക്കുന്നുണ്ട്.

ഇന്നുവരെ കാണാത്ത തരത്തിലും നിറത്തിലുമുള്ള പൂക്കളും ചിത്രശലഭങ്ങളും യാത്രികയുടെ ക്യാൻവാസിൽ പകർത്തുകയായിരുന്നു. ന്യാലം, സാഗ, പര്യാജ്, മാനസ സരോവർ, ടർച്ചൻ എന്നീ ക്യാമ്പുകൾ പിന്നിട്ട് ഷെർസോം താഴ്വാരത്തു നിന്നാണ് യഥാർത്ഥ പരിക്രമണം ആരംഭിക്കുന്നത്. സഹയാത്രികരിൽ പലരും പലയിടത്തുനിന്നും കൊഴിഞ്ഞുപോയി. ചുമയും ശ്വാസം മുട്ടലും തലവേദനയും പേറിയുള്ള മലകയറ്റം അതീവ ദുർഘടമായിരുന്നു. മനസാന്നിദ്ധ്യം കൊണ്ടും കൈലാസനാഥൻ തുണച്ചതുകൊണ്ടുമാണ് തനിക്ക് മല കയറാൻ സാധിച്ചതെന്ന് അവർ വ്യക്തമാക്കുന്നു. ഇത്തരം സ്ത്രീ അനുഭവങ്ങൾ മനസ്സിലാക്കണമെങ്കിൽ സ്ത്രീ എഴുത്ത് കൂടിയേ തീരൂ. ഇത്തരത്തിലുള്ള ആഖ്യാനങ്ങൾ അനുഭവത്തിന്റെ ഉള്ളറകളിൽ നിന്നാണ് ഉരുവം കൊള്ളേണ്ടത്.

ഭക്തിഭാവത്തിന് പ്രാധാന്യം നൽകുമ്പോഴും ദേശത്തിന്റെ തനിമകൾ, ജീവിതാവസ്ഥകൾ, പ്രകൃതി എന്നിവയെല്ലാം യാത്രാനുഭവങ്ങളുടെ ഭാഗമായി തീരുന്നുണ്ട്. അവയുടെ ചിത്രീകരണത്തിന് ഭക്തിഭാവം വിഘാതമാവുന്നില്ല. പ്രകൃതിയും മനുഷ്യനും ഈശ്വരചിന്തയും പാരമ്പര്യബോധവും എല്ലാം കൂടി കലർന്ന സവിശേഷ രീതിയാണിതിൽ രാജനന്ദിനി പിൻതുടരുന്നത്.

തീർത്ഥയാത്രകൾ ആത്മീയതയ്ക്ക് മാത്രം പ്രാധാന്യം കൊടുക്കുന്നതല്ല. ഭൗതികവും പാരിസ്ഥിതികവും ഭൂമിശാസ്ത്രപരവുമായ തലങ്ങൾ യാത്രാവിവരണത്തെ സാമൂഹികമാക്കി മാറ്റുന്ന ഉപാധികൾകൂടിയാണ്. വ്യക്തിയെയും സമീപനത്തെയും പരിപ്രേക്ഷ്യത്തെയും സത്യസന്ധമായി വിലയിരുത്താനുള്ള എഴു

ത്തിന്റെ സ്രോതസ്സാണ് യാത്രാവിവരണം. ഈ അർത്ഥത്തിൽ പാഠത്തേയും കവിഞ്ഞ് എഴുത്തുകാരിയുടെ വ്യക്തിത്വത്തെയും സാമൂഹികപ്രതിനിധാനത്തെയും അടയാളപ്പെടുത്താനുള്ള ഉപാധിയായി യാത്രാവിവരണം മാറുന്നുണ്ട്.

വ്യക്തിപരമായി സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന അസ്വാതന്ത്ര്യത്തെക്കുറിച്ചും അസമത്വത്തെക്കുറിച്ചും വ്യാകുലപ്പെടുന്ന എഴുത്തുകാരിയായി രാജനന്ദിനിയെ കൈലാസയാത്ര എന്ന യാത്രാവിവരണത്തെ മുൻനിർത്തി പൂർണ്ണമായും നിരീക്ഷിക്കുവാൻ കഴിയുന്നില്ല. ആത്മീയത, തീർത്ഥയാത്രയിൽ സാമൂഹികമോ വ്യക്തിപരമോ ആയ വിമോചനത്തിന്റെയോ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെയോ ഭാഗമായിട്ടല്ല യാത്രിക അനുഭവിക്കുന്നത്; പകരം ഭൗതിക ജീവിതനേട്ടത്തിന്റെ ഉപാധിയായിട്ടും കാരണമായിട്ടും കൈലാസയാത്രയെ വിലയിരുത്തിയതായി കാണുന്നു.

യാത്രയുടെ വിശുദ്ധവും ദൈവികവുമായ തലമാണ് തീർത്ഥയാത്രയുടെ അടിസ്ഥാനം. യാത്രകൾ കേവലമായ മാനസിക-ശാരീരിക ആവശ്യങ്ങളെ മുൻനിർത്തിയുള്ള പൊതു ഉപാധിയാണ്. ദൈവിക പരിവേഷത്തിൽ ആത്മീയസാന്നിധ്യത്തിൽ അനുഭവിക്കുന്ന ജലമാണ് തീർത്ഥം. ഈ രൂപകം തന്നെയാണ് യാഥാക്രമം യാത്രയ്ക്കും തീർത്ഥയാത്രയ്ക്കും അടിസ്ഥാനമായിരിക്കുന്നത്.

യാത്രകൾ എപ്പോഴാണോ കേവലമായ ആവശ്യങ്ങൾക്കു മുകളിൽ ആത്മീയവും വിശുദ്ധവും ദൈവികവുമായ തലത്തിലേക്കുയർത്തപ്പെടുന്നത് അവിടെ തീർത്ഥയാത്രകൾ രൂപം കൊള്ളുന്നു. തീർത്ഥയാത്ര വ്യക്തിപരവും സാമൂഹികവും ആണെങ്കിൽ കൂടി അതിൽ പൊതുവായ ഒരു സാംസ്കാരിക മത സാന്നിദ്ധ്യം നിലനിൽക്കുന്നുണ്ട്. ഓരോ സംസ്കാരത്തിന്റെയും പാരമ്പര്യത്തിലും വിശ്വാസത്തിലും മതത്തിലും ഉൾച്ചേർന്നിരിക്കുന്ന അടിസ്ഥാനപരമായ വിശ്വാസങ്ങളുടെ ചൈതന്യവത്തായ ഒരു പ്രവർത്തനമാണ് തീർത്ഥയാത്ര.

സ്ത്രീ തീർത്ഥയാത്രയിൽ ഏർപ്പെടുമ്പോൾ, സ്ത്രീപക്ഷ സമീപനത്തിൽ

മതം നിശ്ചയിക്കുന്ന അനുഷ്ഠാനവും ആചാരവും അനുസരിച്ചുകൊണ്ട് നടത്തപ്പെ ടുന്നതാകുമ്പോൾ അത് വിമോചനാത്മകമായി തിരുന്നില്ല. സ്ത്രീപക്ഷ സമീപന ത്തിൽ യാത്രകൾ നിലവിലിരിക്കുന്ന ഏതൊരു കെട്ടുപാടുകളെയും അതിലംഘി ക്കുന്നതാവണം എന്ന പ്രത്യയശാസ്ത്രമുണ്ട്. അത്തരത്തിൽ സ്ത്രീയാത്രകൾ കേരളത്തിൽ നടത്തിപ്പെട്ടിട്ടുണ്ടോ, തീർത്ഥയാത്രകളിൽ വിമോചനാത്മകമായ സ്ത്രീപക്ഷസമീപനം സാധ്യമായിട്ടുണ്ടോ-എന്ന അന്വേഷണമാണ് ഈ ഭാഗ ത്തിൽ നടത്തിയത്. രാജനന്ദിനിയുടെ തീർത്ഥയാത്ര ഇത്തരത്തിൽ വിമോചനാത്മ കമല്ല. പാരമ്പര്യത്തെയും മതത്തെയും സാമൂഹികസാംസ്കാരിക നിയമങ്ങളെയും അനുസരിച്ചുകൊണ്ടുള്ള തീർത്ഥയാത്ര ആയതുകൊണ്ടുതന്നെ അതിന് സാമൂഹി കതലം പൊതുവായി അവകാശപ്പെടാൻ അർഹതയില്ല.

സാമൂഹിക ജീവിതത്തിൽ സ്ത്രീ അസമത്വവും അസ്വാതന്ത്ര്യവും അനുഭ വിക്കുന്നുണ്ടെങ്കിലും ആത്മീയ ജീവിതത്തിൽ സ്ത്രീക്ക് വിമോചനം നൽകുന്നുണ്ട് എന്ന കാഴ്ചപ്പാടാണ് രാജനന്ദിനി കൈലാസയാത്രയിലൂടെ വെളിപ്പെടുത്തുന്നത്. അതുകൊണ്ടാണ് ആ അസ്വാതന്ത്ര്യത്തെ സ്വീകരിക്കുകയും ആത്മീയമായി കൈലാസനാഥനെ സ്മരിക്കുകയും ചെയ്യുന്നത്. അത് ഭൗതിക നേട്ടത്തിനാണുതാ നും. ഒരേ സമയം സാമൂഹികമായ പ്രതലത്തിലും ചുറ്റുപാടിലും വ്യക്തിസ്വാ തന്ത്ര്യം ആർജ്ജിക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾ യാത്രയെ കാണുന്നുവെ ങ്കിലും ജീവിതത്തിന്റെ സമഗ്രമായ തലങ്ങളിൽ ആത്മീയതയെയോ മതത്തെയോ സാമൂഹിക സാംസ്കാരിക ചിട്ടകളെയോ വ്യവസ്ഥകളെയോ അതിലംഘിക്കാൻ ധൈര്യം കാണിക്കാത്ത കേവലമായ സ്ത്രീവ്യക്തിത്വം തന്നെയാണ് മിക്കയാത്രാ വിവരണകൃതികളിലും എഴുത്തുകാരികളുടേതായി പ്രത്യക്ഷപ്പെടുന്നത്.

ആൺ-പെൺ വ്യത്യാസമില്ലാതെ മനുഷ്യവർഗ്ഗം സ്വതന്ത്രമായി സമത്വഭാവ ത്തോടെ പൊതുവായ മൂലധനത്തെ സുഗമമായി ഉപയോഗിക്കുന്ന ആധുനിക പരി ഷ്കൃത കൂട്ടായ്മയാണ് സമൂഹം. വൈജ്ഞാനികമായും പാരമ്പര്യമായും സാമൂ

ഹ്യശാസ്ത്രപരമായും ഇത്തരത്തിലുള്ള മാതൃകാ കൂട്ടായ്മയിലേക്ക് എത്തിച്ചേരാനുള്ള ശ്രമങ്ങളാണ് സാഹിത്യമുൾപ്പെടെയുള്ള എല്ലാ സർഗ്ഗാത്മക പ്രക്രിയകളുടെയും അടിസ്ഥാന ചോദന. യാത്രാവിവരണകൃതികൾ ഒറ്റയ്ക്കോ കൂട്ടായോ ഇത്തരത്തിൽ സമൂഹത്തിൽ വ്യക്തിയുടെ സ്ഥാനത്തെ സ്വയം തിരിച്ചറിയുന്നതും സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കപ്പെടുന്നതുമായ ഉപാധിയാണ്. സ്ത്രീയാത്രികർ യാത്രയിലും യാത്രാവിവരണത്തിലും സമൂഹത്തിൽ സമഭാവനയോടുകൂടി വർത്തിക്കാൻ യോഗ്യതയുള്ളവളാണ് എന്ന തിരിച്ചറിവിന്റെ ഭാഗമായി യാത്രയെ സമീപിച്ച് കാണുന്നില്ല രാജനന്ദിനിയുടെ കൃതിയിൽ.

വിമോചനാത്മാകമായ എഴുത്താണ് സ്ത്രീയാത്രാവിവരണങ്ങൾ. സ്ത്രീ എഴുത്തുകാരികളിൽ പലരും ജൈവികമായും വ്യക്തിപരമായും തങ്ങൾ അനുഭവിക്കുന്ന അസമത്വത്തിനെ പ്രതിരോധിക്കാനോ പ്രതികരിക്കാനോ ഇത്തരം യാത്രാവിവരണങ്ങളിൽ ശ്രമിച്ചിട്ടില്ല.

### 4.4 അനുയാത്രകൾ

തീർത്ഥയാത്രയിൽനിന്നും ഔദ്യോഗിക യാത്രയിൽനിന്നും വ്യത്യസ്തമാണിത്. ഭർത്താവിന്റെ കൂടെ യാത്രപോവുന്ന സ്ത്രീയനുഭവങ്ങളാണ് ഇവിടെ പഠനവിധേയമാക്കുന്നത്. അതായത് കുടുംബിനി ആയിരിക്കെത്തന്നെ താൻ എങ്ങനെ ലോകം കാണുന്നു? കാഴ്ചകളും സമീപനങ്ങളും അനുയാത്രയിൽ പങ്കെടുക്കുന്ന സഹയാത്രികരുടെ സാന്നിദ്ധ്യത്തിൽ മാറുന്നുണ്ടോ? അനുയാത്രകളിൽ കാഴ്ചയുടെ സമഗ്രതയ്ക്കനുസരിച്ച് ആഖ്യാനം രൂപപ്പെടുന്നുണ്ടോ? ഇത്തരത്തിലുള്ള അന്വേഷണമാണിവിടെ നടത്തുന്നത്.

#### 4.4.1 മലയാളത്തിലെ അനുയാത്രകൾ

മലയാളത്തിൽ ധാരാളം അനുയാത്രകൾ ഉണ്ടായിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന ഭർത്താവിന്റെ അടുത്തേക്ക്, മക്കളുടെ അടുത്തേക്ക് നടത്തുന്ന യാത്രക

ളാണ് മിക്കവാറും ഇതിൽപെടുന്നത്. കുടുംബത്തോടൊപ്പമുള്ള യാത്രകളും ഇതിൽ ഉൾപ്പെടുന്നു. മറ്റുള്ളവരുടെ സഹായത്തോടെ നടത്തുന്ന ഈ യാത്രകളിൽ സ്ത്രീ എത്രമാത്രം സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട് എന്നിവ പഠനത്തിൽ പരിശോധിക്കുന്നുണ്ട്. തന്റെ അപരസ്വത്വത്തെ വെളിപ്പെടുത്താനും അനുഭവിക്കാനും ഉള്ള ഉപാധിയായി സ്ത്രീകൾ ഇത്തരം യാത്രകളെ ഉപയോഗിച്ചിട്ടുണ്ടോ, അനുയാത്രകളിൽനിന്നുണ്ടായ സ്ത്രീ അനുഭവങ്ങൾ, അവയുടെ സവിശേഷതകൾ എന്നിവ എന്തെല്ലാമാണ്, ഇത്തരം യാത്രകളിൽ സ്ത്രീകൾ എപ്രകാരമാണ് തന്റെ സ്വത്വത്തെ നിർമ്മിക്കുന്നത്, സ്വത്വാവിഷ്കാരം നടത്തുന്നത് തുടങ്ങിയ വസ്തുതകളാണ് അന്വേഷണ വിധേയമാക്കുന്നത്.

ഈ വിഭാഗത്തിൽപ്പെടുന്ന യാത്രാകൃതികൾ താഴെ പറയുന്നവയാണ്. 'കല്യാണിക്കുട്ടിയമ്മയുടെ യാത്രാസ്മരണകൾ', ബി.ഇന്ദിരയുടെ 'ബ്രൂണ യാത്രയുടെ വസന്തം', കെ.എം.ജമീലയുടെ 'ഷേക്സ്പിയറിന്റെ നാട്ടിൽ', പി.വത്സലയുടെ 'വേറിട്ടൊരു അമേരിക്ക', വി.സത്യവതിയുടെ 'എബ്രഹാംലിങ്കന്റെ നാട്ടിൽ', മിസ്സിസ് എം.പി.പോളിന്റെ 'അമേരിക്കയിൽ ഒരു മുത്തശ്ശി', വിലാസിനിയുടെ 'ഒരു നാടൻപെൺകിടാവിന്റെ ലണ്ടൻയാത്ര', പൊന്നറ സരസ്വതിയുടെ 'ആസ്ട്രേലിയൻ യാത്രാനുഭവങ്ങൾ', സാവിത്രി ശേഖരൻനായരുടെ 'ഞങ്ങളുടെ അമേരിക്കൻയാത്ര', ഗീതാഇടമറുക് സ്കാർണറുടെ 'വിയറ്റ്നാമിലൂടെ', എസ്. ഗീതാകുമാരിയുടെ 'ഫറവോയുടെ നാട്ടിൽ' തുടങ്ങി അനേകം അനുയാത്രാവിവരണങ്ങൾ മലയാളത്തിലുണ്ട്.

മേൽപ്പറഞ്ഞ കൃതികളിൽ മിക്കവയും ഭർത്താവ്, ബന്ധുക്കൾ തുടങ്ങിയവരുടെ കൂടെപോയ യാത്രാനുഭവങ്ങളാണ് പങ്കുവെയ്ക്കുന്നത്. ഈ കൃതികൾ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല. ''സ്ത്രീരചനകളെക്കുറിച്ച് പഠനം നടത്തിയവർ സ്ത്രീകളുടെ യാത്രാവിവരണങ്ങളെ വേണ്ടത്ര പരിഗണിച്ചിട്ടില്ല. കൂടാതെ പുരുഷന്മാരുടെ യാത്രാവിവരണങ്ങളുടെ പരിധിയിൽപോലും വരാൻ യോഗ്യതയില്ലെന്ന് കല്പിക്കപ്പെട്ടതുകൊണ്ടാവാം ഒരു നാടൻ പെൺകിടാവിന്റെ ലണ്ടൻയാത്രയും

'ഞാൻ കണ്ട യൂറോപ്പു'മൊന്നും അധികം വായിക്കപ്പെടുകയോ അറിയപ്പെടുകയോ ചെയ്യാതെപോയത്''[21] ഇത്തരം ഒരു അനുഭവംതന്നെയാണ് മിക്ക സ്ത്രീയാത്രാവി വരണഗ്രന്ഥങ്ങൾക്കുമുള്ളത്.

1956-ൽ മലബാറിൽനിന്ന് ലണ്ടനിലേക്ക് യാത്രതിരിച്ച ഒരു സ്ത്രീയുടെ യാത്രാനുഭവമാണ് 'ഒരു നാടൻ പെൺകിടാവിന്റെ ലണ്ടൻയാത്ര.' ഈ കൃതി തുട ങ്ങുന്നത് ഇപ്രകാരമാണ്: ''മലബാറിലെ ഒരു സാധാരണ നാട്ടിൻപുറത്താണ് ഞാൻ ജനിച്ചുവളർന്നത്. വെട്ടുവഴിയിൽനിന്ന് തിരിഞ്ഞ് ഊടുപാതയിൽക്കൂടി നട ന്നുപോയി. കുണ്ടും കുഴിയും നിറഞ്ഞ പറമ്പും പാടവും അറ്റക്കഴായകളും കടന്നു വേണം ഒരുയർന്ന പ്രദേശത്തുള്ള എന്റെ വീട്ടിലെത്താൻ എന്റെ വീട്ടിൽനിന്ന് നാലുനാഴിക അകലെയുള്ള പട്ടണത്തിലെ ഹൈസ്കൂളും സിനിമാതിയറ്ററുമാണ് ബാഹ്യലോകത്തെക്കുറിച്ചറിയാനുള്ള എന്റെ രണ്ടു ദൂരദർശിനികളായി വർത്തിച്ചി രുന്നത്. അങ്ങനെയിരിക്കെ എനിക്ക് പെട്ടെന്ന് ലണ്ടനിലേക്ക് പോകാൻ അവസരം കിട്ടി.''[22]

മലബാറിലെ ഏതു നാട്ടിൻപുറത്താണ് ഈ നാടൻ പെൺകിടാവ് ജനിച്ച തെന്നെന്നോ അച്ഛനമ്മമാരുടെ പേരുകളോ കുടുംബപ്പേരോ എന്തിനുവേണ്ടി ലണ്ട നിലേക്ക് പോയി എന്നുള്ള വിവരങ്ങളോ ഒന്നും ഇതിൽ വിശദീകരിച്ചിട്ടില്ല. കപ്പ ലിലെ സഹയാത്രികയുമായുള്ള സംഭാഷണത്തിനിടയിലാണ് അവർ തന്റെ പേര് വെളിപ്പെടുത്തുന്നത്.

നാടൻപെൺകിടാവെന്ന പേരിൽ അറിയപ്പെടുന്നുണ്ടെങ്കിലും ആ പേരിനു ചേരുന്ന നാണംനിറഞ്ഞ പെരുമാറ്റമൊന്നും യാത്രികയിൽ കാണാൻ സാധിക്കുന്നി ല്ല. കൂസലില്ലായ്മയും ഫലിതബോധവും കാണുന്നുണ്ട്. ഒലവക്കോട് തീവണ്ടിയാ പ്പീസ് ആദ്യമായി കാണുമ്പോഴുള്ള അനുഭവങ്ങളും തീവണ്ടിയിലെ തിരക്കുകളും നർമ്മമധുരമായി ആവിഷ്കരിക്കുന്നു.

തെളിച്ചമുള്ള ഗദ്യത്തിലാണ് ഈ കൃതിയുടെ ആഖ്യാനം. തന്റെ കൂടെ

പോയ സുഹൃത്ത് ആരാണെന്ന് വെളിപ്പെടുത്തുന്നില്ല. ഉൾനാട്ടുകാരിയാണെങ്കിലും എസ്ക്കലെറ്റർ, ലിഫ്റ്റ് തുടങ്ങിയവയെപ്പറ്റി ആധികാരികമായി വിവരിക്കുന്നുണ്ട്. എഴുത്തുകാരിക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുണ്ട്. ആഖ്യാനത്തിൽ മലയാള ഭാഷയെ ലാവണ്യാത്മകമായി ഉപയോഗിച്ചിട്ടുണ്ട്. യാത്രാനുഭവങ്ങളാണ് കൂടുതലായും വിവരിക്കുന്നത്. കണ്ട സ്ഥലങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠവിവരണങ്ങൾ ഈ കൃതിയിൽ കൂടുതലായി കാണുന്നില്ല. കപ്പലിലെ ജീവിതത്തെക്കുറിച്ചും ഭക്ഷണസാധനങ്ങളെക്കുറിച്ചും തുറമുഖങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്. സായിപ്പിന്റെ ആർഭാടത്തെയും പൊങ്ങച്ചത്തെയും എഴുത്തുകാരി പരിഹസിക്കുന്നു. പ്രതിപാദനത്തിലും വിവരണത്തിലും എഴുത്തുകാരിയുടെ സ്വത്വാധികാരത്തെ പ്രയോഗിക്കുന്നില്ല. തന്റെ സ്വത്വത്തെ മറികടന്ന് യാത്രിക യാത്രയെ സമീപിക്കാൻ ശ്രമിച്ചിട്ടില്ല. ഈയൊരു സവിശേഷതയാണ് മറ്റു കൃതികളിൽനിന്നും പ്രസ്തുത കൃതിയെ വ്യത്യസ്തമാക്കുന്നത്.

അനുയാത്രയുടെ മറ്റൊരു അനുഭവതലമാണ് മിസ്സിസ്.എം.പി.പോൾ അവതരിപ്പിക്കുന്നത്. അമേരിക്കയിൽ ജോലിയുള്ള മകളെ കാണാൻ മിസ്സിസ്. എം.പി. പോൾ അമേരിക്കയിലേക്ക് നടത്തിയ യാത്രയും മൂന്നുമാസക്കാലം അവിടെ കഴിഞ്ഞുകൂടിയതിന്റെ അനുഭവങ്ങൾക്കൊപ്പം നാട്ടുകാരോ ബന്ധുക്കളോ തന്നെ നിയന്ത്രിക്കാനോ പരിശോധിക്കാനോ ഇല്ലാത്തതുകൊണ്ടുതന്നെ യാത്ര ഏറെക്കുറെ സ്വതന്ത്രമായ അനുഭവം നൽകിയിട്ടുണ്ട് എന്ന് യാത്രിക രേഖപ്പെടുത്തിയിട്ടുണ്ട്. പ്ലെയിൻ യാത്രക്കിടയിൽ മദ്യംകഴിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുന്ന യാത്രിക മകനോട് പറയുന്നത് ഇപ്രകാരമാണ്: ‘‘ഈ പ്ലെയിനിൽ നമ്മെ ആരു ശ്രദ്ധിക്കാൻ’, ആരെങ്കിലും ശ്രദ്ധിച്ചെന്നിരിക്കട്ടെ നമുക്കൊന്നും വരാനില്ല.’’[23]

പ്രസ്തുത യാത്ര അനുയാത്രയാണെങ്കിലും തന്റെ വ്യക്തിപരമായ കാഴ്ചപ്പാട് സൂക്ഷിക്കുന്നതിനും പ്രയോഗിക്കുന്നതിനും യാത്രികയ്ക്ക് ധാരാളം അവസരങ്ങൾ നൽകിയിട്ടുണ്ട്. അതിനാൽ ഈ കൃതി വ്യത്യസ്ഥമായ യാത്രാനുഭവതലമാണ് അനുവാചകർക്ക് നൽകുന്നത്.

'നോവോസ്റ്റി പ്രസ് ഏജൻസി' എന്ന വാർത്താവിതരണ സംഘടനയുടെ ക്ഷണം സ്വീകരിച്ച്, കേരളശബ്ദം, കുങ്കുമം ഗ്രൂപ്പ് പത്രങ്ങളുടെ പ്രമുഖ പ്രവർത്ത കരായ ഡോ.ബി.എ.രാജാകൃഷ്ണനും ശ്രീമതി വിമല രാജകൃഷ്ണനും 1984 ജൂലൈ 15 മുതൽ 27 വരെ പന്ത്രണ്ടുദിവസം സോവിയറ്റ്യൂണിയനിൽ പര്യടനം നടത്തിയതിന്റെ അനുഭവങ്ങളാണ്, വിമല രാജകൃഷ്ണന്റെ 'സോഷ്യലിസത്തിന്റെ നാട്ടിൽ പന്ത്രണ്ടു ദിനങ്ങൾ' എന്ന ഗ്രന്ഥത്തിലുള്ളത്. സോവിയറ്റ് യൂണിയന്റെ തലസ്ഥാനമായ മോസ്കോ നഗരത്തിനു പുറമെ ഒരു ഏഷ്യൻ റിപ്പബ്ലിക് ആയ ഉസ്ബക്കിസ്ഥാന്റെ തലസ്ഥാനമായ താഷ്ക്കെന്റും യൂറോപ്യൻ റഷ്യയിൽ ബാൾക്ക് കടൽത്തീരത്തുള്ള ലാക്മിയൻ റിപ്പബ്ലിക്കിന്റെ തലസ്ഥാനമായ റിഗയും എസ്റ്റേണിയൻ റിപ്പബ്ലിക്കിന്റെ തലസ്ഥാനമായ മാലിനും ഇവർ സന്ദർശിച്ചു. സോവിയറ്റ് യൂണിയനിലെ ജനജീവിതത്തിന്റെ വിവിധവശങ്ങൾ സാമാന്യമായും പത്രപ്രവർത്തനം, സിനിമാനിർമ്മാണം, നഴ്സറി സ്കൂളുകൾ, പയനിയർ ക്യാമ്പു കൾ, സാമൂഹ്യഭദ്രതാ സംവിധാനങ്ങൾ മുതലായവയെപ്പറ്റി കുറെയൊക്കെ ആഴ ത്തിൽ മനസ്സിലാക്കിത്തരുന്നു. കേരളശബ്ദം വാരികയിൽ അനുജത്തിക്ക് എഴു തുന്ന കത്തിന്റെ രൂപത്തിലാണ് ഈ പുസ്തകം.

''ഞാൻ കണ്ട, എന്റെ മനസ്സിനെയും ബുദ്ധിയെയും ബാധിച്ച, വിഷയങ്ങളെ ക്കുറിച്ച് അത്ഭുതംകൊണ്ട് ഞാൻ വാ പൊളിച്ച് ഇരുന്നുപോയ ചില അപൂർവ്വദൃശ്യ ങ്ങളെക്കുറിച്ച് സോവിയറ്റ് ജനജീവിതത്തിന്റെ ഉപരിതലത്തിൽനിന്ന് ഞാൻ മനസ്സി ലാക്കിയ ചില വ്യത്യസ്ത ഘടകങ്ങളെക്കുറിച്ച് മാത്രമാണ് ഞാൻ ഇവിടെ കുറി ക്കുന്നത്.''[24] എന്ന് ആമുഖത്തിൽ വിമല രാജകൃഷ്ണൻ വ്യക്തമാക്കിയിട്ടുണ്ട്.

കെ.എം.ജമീലയുടെ 'ഷേക്സ്പിയറിന്റെ നാട്ടിൽ' മറ്റൊരു അനുയാത്രാകൃ തിയാണ്. കോഴിക്കോട് ജില്ലയിലെ കരുമശ്ശേരിയിൽ ജനിച്ച കെ.എം.ജമീല ആനു കാലികങ്ങളിൽ കഥ, കവിത, യാത്രാവിവരണങ്ങൾ, ലേഖനങ്ങൾ എന്നിവ എഴുതാ റുണ്ട്. ഒരു പ്രവാസി വീട്ടമ്മയാണവർ. കാഴ്ചയിലെ വ്യതിരിക്തത, ആഖ്യാന

ത്തിലെ നൈർമ്മല്യം എന്നിവ കൃതിയെ വേറിട്ടുനിർത്തുന്നു. ഇരുപത്തഞ്ച് അധ്യാ യങ്ങളിലാണ് താൻ കണ്ട ദേശസംസ്കൃതിയെയും നേർക്കാഴ്ചകളെയും ആഖ്യാനം ചെയ്തിരിക്കുന്നത്. ഇംഗ്ലണ്ടിൽ ജോലിചെയ്യുന്ന മകനെയും ഭാര്യ യെയും സന്ദർശിക്കാനായിരുന്നു യാത്ര.

എഴുത്തുകാരിയുടെ ഈ വിദേശയാത്രയിൽ രാജ്യങ്ങളിലൂടെ സഞ്ചരിച്ച് അവിടുത്തെ ഭൗതികചുറ്റുപാടിലേക്ക് കാഴ്ചയെ കേന്ദ്രീകരിക്കുന്നു. ബ്രിട്ടന്റെ തല സ്ഥാനമായ ലണ്ടൻനഗരം സന്ദർശിക്കുക എന്നത് യാത്രികയുടെ മനസ്സിൽ നിറഞ്ഞ ഒരു യാത്രാമോഹമായിരുന്നു.

1804-ൽ നെപ്പോളിയൻ ബോണാപാർട്ടിനെ നെൽസൺ രാജാവ് യുദ്ധത്തിൽ പരാജയപ്പെടുത്തിയ സ്ഥലത്തെക്കുറിച്ചും ചരിത്രത്തിന്റെ താളുകളിൽ ഇടംനേടിയ തെയിംസ് നദിയെക്കുറിച്ചും ലണ്ടൻ പാർലമെന്റ് മന്ദിരത്തെക്കുറിച്ചുമെല്ലാംം ഇവർ വിവരിക്കുന്നു.

കാഴ്ചാസ്ഥാനങ്ങളെ നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് കാഴ്ചക്കാരിതന്നെയാണ് എന്ന നിലപാടാണ് ഈ പുസ്തകത്തിന്റെ വ്യതിരിക്തത. ബ്രിട്ടന്റെ ചരിത്ര സാംസ്കാരികതലങ്ങൾകൂടി ഈ കൃതി ഉൾക്കൊള്ളുന്നുണ്ട്.

പൊന്നറ സരസ്വതിയുടെ 'ആസ്ട്രേലിയൻ യാത്രാനുഭവങ്ങൾ' അനുയാത്ര യുടെ സവിശേഷതകൾ ഉൾക്കൊള്ളുന്ന കൃതിയാണ്. യാത്രാനുഭവങ്ങളെക്കാൾ കാണുന്ന ദൃശ്യങ്ങൾക്കാണ് യാത്രിക കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്നത്. ആസ്ട്രേലിയക്കാരുടെ സ്വഭാവസവിശേഷതകൾ, ഭൂപ്രകൃതി, ആഫ്രിക്കൻ വന്യജീ വികൾ, മറ്റ് ചരിത്രസാംസ്കാരികതലങ്ങൾ എന്നിവ കൃതി ഉൾക്കൊള്ളുന്നു. മകന്റെ ജോലിസ്ഥലത്തേക്കെത്തുന്ന വൃദ്ധദമ്പതികളിൽ ഒരാളായ യാത്രിക താൻ എഴുതുന്ന ഓരോ കാര്യവും കൃത്യവും വ്യക്തവുമായി മാത്രമേ എഴുതിയിട്ടുള്ളൂ.

ആസ്ട്രേലിയൻ മലയാളികളുടെ സൗഹൃദകൂട്ടായ്മ എഴുത്തുകാരി വിവരി ക്കുന്നു. അവരുടെ സൗഹൃദങ്ങൾ, ആതിഥേയത്വം, ഭക്ഷണം ഉണ്ടാക്കുന്നതിലും

അത് വന്നവരെ കഴിപ്പിക്കാൻ വെമ്പുന്നതിന്റെയും തിടുക്കം എന്നിവ എല്ലാം സ്ത്രീസഹജമായ ഭാഷയിൽ ആവിഷ്കരിക്കുകയാണിവിടെ. ഒരു കുടുംബിനി യുടെ കാഴ്ചപ്പാടിലാണ് പ്രസ്തുത യാത്രാവിവരണം രൂപപ്പെട്ടിരിക്കുന്നത്.

''ഊണുകഴിഞ്ഞു പതിവുപോലെ ലോകവർത്തമാനത്തിൽ മുഴുകി അടുക്ക ളക്കാര്യം മുതൽ അന്താരാഷ്ട്രപ്രശ്നങ്ങൾ വരെ ചർച്ചാവിഷയമായി. കേരള ത്തിലെ രാഷ്ട്രീയ സ്ഥിതിഗതികളിൽ പ്രവാസി മലയാളികൾക്കുള്ള ഉൽക്കണ്ഠ ചെറുപ്പക്കാരുടെ വാക്കുകളിൽ പ്രകടമായി. നേതൃത്വത്തിന്റെ മൂല്യശോഷണത്തെ ക്കുറിച്ചും അധികാരത്തിനുവേണ്ടിയുള്ള ചരടുവലികളെക്കുറിച്ചും അവർ വാചാല മായി സംസാരിച്ചു''[25]

ഇപ്രകാരം കാഴ്ചകൾക്കുപരി മറ്റ് പല മേഖലകളിലേക്കും ചർച്ചകൾ വ്യാപിക്കുന്ന തരത്തിലുള്ള ഒരു ആഖ്യാനരീതികൊണ്ട് മറ്റ് യാത്രാവിവരണങ്ങ ളിൽ നിന്നും മാറ്റി നിർത്തേണ്ടതല്ല, പാർശ്വവൽക്കരിക്കേണ്ടതല്ല സ്ത്രീയാത്രാവിവ രണങ്ങൾ എന്ന് സമർത്ഥിക്കാൻ പര്യാപ്തമത്രെ ഈ കൃതി. ഇങ്ങിനെ ഒട്ടേറെ അനുയാത്രാകൃതികൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. കൂട്ടത്തിൽനിന്ന് സവിശേഷ പഠനത്തിന് വിധേയമാക്കുന്നത് പി.വത്സലയുടെ 'വേറിട്ടൊരു അമേരിക്ക' എന്ന ഗ്രന്ഥമാണ്.

### 4.4.2 അമേരിക്കൻ യാത്രാവിവരണങ്ങൾ

അമേരിക്ക കണ്ട നിരവധി മലയാളികളുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടിയും തൊഴിൽതേടിയും, അമേരിക്കയിലെ മലയാളികളായ ബന്ധുക്കളെ സന്ദർശിക്കാനാ യിട്ടും നിരവധി അമേരിക്കൻയാത്രകൾ നടക്കുന്നുണ്ട്. ഔദ്യോഗികകൃത്യനിർവ്വഹ ണം, വിദ്യാഭ്യാസം, സാങ്കേതികപരിശീലനം, രാഷ്ട്രീയകാര്യങ്ങൾ, സമ്പദ്സമാഹ രണം, വിദഗ്ധചികിത്സ തുടങ്ങിയവയുമായി ബന്ധപ്പെട്ട് അമേരിക്കയിലേക്ക് യാത്ര ചെയ്യുന്നവരുടെ എണ്ണം ഇന്ന് ഏറിവരുന്നുണ്ട്. 1950-കൾക്കുശേഷമാണ് അമേരി ക്കൻ യാത്രകൾ വർധിച്ചത്.

‘‘1940-ൽ പ്രസിദ്ധപ്പെടുത്തിയ ഇ.ഐ.വർഗീസിന്റെ-‘നവലോക പര്യ ടനം’-ആണ് മലയാളത്തിൽ അമേരിക്കയെപ്പറ്റി മാത്രമായുണ്ടാകുന്ന ആദ്യയാത്രാ വിവരണം. കെ.ഭാസ്കരൻ നായരുടെ ‘പുതുമയുടെ ലോകം’ (1956), സി.ബി.കുമാ റിന്റെ ‘മെക്സിക്കൻ നാടുകൾ’ (1989) എൻ.വി.കൃഷ്ണവാര്യരുടെ ‘അമേരിക്കയി ലൂടെ’ (1961), തകഴിയുടെ ‘അമേരിക്കൻ തിരശ്ശീല’ (1966), സി. ചന്ദ്രശേഖരന്റെ ‘കാനഡയിലൂടെ’ (1966), ‘ന്യൂയോർക്കുമുതൽ ബാങ്കോക്കുവരെ’ (1966), ഡോ. കെ. എം. ജോർജിന്റെ ‘അമേരിക്കയിൽ പോയകഥ-രണ്ടാംഭാഗം ’(1972), എം.ടി.വാസു ദേവൻനായരുടെ ‘ആൾക്കൂട്ടത്തിൽ തനിയെ’ (1972), വി.പി.മരയ്ക്കാരുടെ ‘അമേരി ക്കയിൽ’ (1975), ഇ.എം.കോവൂരിന്റെ ‘അമേരിക്കയിൽ ആറാഴ്ച’ (1975), വി.ആർ കൃഷ്ണയ്യരുടെ ‘അമേരിക്കൻ യാത്ര- ചിത്രങ്ങളും ചിന്തകളും’ (1980) ഇ.കെ.നായ നാരുടെ ‘അമേരിക്കൻ ഡയറി’ (1996), വി.സാംബശിവന്റെ ‘കഥാപ്രസംഗം അമേരി ക്കയിൽ’, ബാബുഭരദ്വാജിന്റെ ‘വഴിപോക്കന്റെ വാക്കുകൾ-അമേരിക്ക! അനുഭവങ്ങ ളിലും ചരിത്രത്തിലും’ (2009), സി.ആർ.ദാസിന്റെ ‘അമേരിക്ക-യാത്രകളുടെ പുസ്തകം’ (2014)’’[26] തുടങ്ങി അമേരിക്കൻ യാത്രാനുഭവങ്ങളെക്കുറിച്ച് മലയാള ത്തിൽ ഒട്ടേറെ കൃതികളുണ്ടായിട്ടുണ്ട്.

കൂടാതെ സ്ത്രീകൾ എഴുതിയ അമേരിക്കൻ യാത്രാനുഭവങ്ങളുണ്ട്. മിസ്സിസ് മാമ്മൻവർഗ്ഗീസിന്റെ ‘ഞങ്ങൾ അമേരിക്കയിൽ’ (1976), മിസ്സിസ് എം.പി.പോളിന്റെ ‘അമേരിക്കയിൽ ഒരു മുത്തശ്ശി’ (1982), റോസി തോമസിന്റെ ‘അമേരിക്കയിൽ ഒരു മലയാളിപ്പെണ്ണ്’ (1992), പി.വത്സലയുടെ ‘വേറിട്ടൊരു അമേരിക്ക’ (2007), പി.ജി.രമാ ദേവിയുടെ ‘അമേരിക്കയെ അടുത്ത് കണ്ടപ്പോൾ’, വി.സത്യവതിയുടെ ‘എബ്രഹാം ലിങ്കന്റെ നാട്ടിൽ’ (2014). എന്നിങ്ങനെ സ്ത്രീകൾ രചിച്ച അമേരിക്കൻ യാത്രാവിവ രണങ്ങളും ശ്രദ്ധേയങ്ങളാണ്.

### 4.4.3 വേറിട്ടൊരു അമേരിക്ക -പി.വത്സല

ഒരു അനുയാത്രാ കൃതിയാണ് പി.വത്സലയുടെ ‘വേറിട്ടൊരു അമേരിക്ക’.

ഇതിന്റെ മുഖവുരയിൽ അവർ പറയുന്നത് ഇപ്രകാരമാണ്. ''ഒരു സിനിമയേക്കാളേറെ ഞാൻ അന്നും ഇന്നും സ്നേഹിക്കുന്നത് യാത്രാവഴികളിലെ കാഴ്ചകളാണ്. അതിൽ ഞാൻമാത്രം കാണുന്ന എന്റെ സിനിമയുണ്ട്. ഞാൻമാത്രം വായിക്കുന്ന എന്റെ ഗ്രന്ഥമുണ്ട്. പ്രൊഡ്യൂസറും, ഡിറക്ടറും, ആർട്ടിസ്റ്റുമെല്ലാം ദൈവം തെരഞ്ഞെടുത്തത്.''[27] ഈ കാഴ്ചപ്പാട് യാത്രയുടെ ആദ്യഭാഗങ്ങളിലെ ആത്മാംശം കൂടുതലുള്ള ആഖ്യാനത്തിലേക്ക് നയിക്കുന്നുണ്ടെങ്കിലും തുടർന്നുള്ള ഭാഗങ്ങൾ ചരിത്ര-സാംസ്കാരികചിന്തകളും വിലയിരുത്തലുകളും കൊണ്ട് ശ്രദ്ധേയമാണ്.

ഫ്ളോറിഡായിൽ മകനോടൊപ്പം താമസിച്ച വത്സല, അമേരിക്കൻ ഇന്ത്യക്കാരുടെ പല ആവാസകേന്ദ്രങ്ങളും സന്ദർശിക്കുന്നു. അവിടെ അവർ അമേരിക്കൻ ഇന്ത്യക്കാർക്ക് യഥാർത്ഥ ഇന്ത്യക്കാരുമായുള്ള സാദൃശ്യത്തിൽ അത്ഭുതംകൊള്ളുന്നു. അമേരിന്ത്യക്കാരുടെ ടാക്കോബെൻ ഹോട്ടലിൽ നിന്ന് കഴിക്കുന്ന മലബാർ കോഴിക്കറി, പുഴക്കലരിചോറ്, വെസ്പാഅട എന്ന പേരിൽ അറിയപ്പെടുന്ന മധുരമുള്ള വിഭവങ്ങൾ എന്നിവയെല്ലാം ഇന്ത്യാക്കാരുടെ ഭക്ഷണവിഭവങ്ങളുമായി താരതമ്യപ്പെടുത്തുന്നതും ഭക്ഷണത്തിന്റെ പ്രത്യേകതയെ ശരിയായി വിവരിച്ചുതരുന്നതും എന്നതും ഓരോ സ്ത്രീ യാത്രാവിവരണങ്ങളുടെയും സവിശേഷതയാണ്.

### 4.4.4 അനുയാത്രയുടെ സാമൂഹിക സാംസ്കാരികതലം

കൂട്ടായ്മയിലാണ് വ്യക്തിക്ക് സാമൂഹികസാംസ്കാരികബോധം പ്രസക്തമാവുന്നത്. ഒറ്റയ്ക്കാവുമ്പോൾ അതിന് വ്യത്യാസം ഉണ്ടാവും. തനിച്ചാകുമ്പോൾ ഒളിച്ചുവെയ്ക്കാൻ ഒന്നുമില്ല. കൂടെ ഒരാളുള്ളപ്പോഴാണ് സ്വകാര്യതയ്ക്ക് നമ്മൾതന്നെ കടിഞ്ഞാണിടുന്നത്. അനുയാത്രകളിൽ ഇത്തരം സാമൂഹികപരത നമ്മൾക്ക് കണ്ടെത്താൻ സാധിക്കും.

അവിടെയുള്ള അടുക്കളയെക്കുറിച്ച് വത്സല രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്: ''അടുക്കള, അടുക്കളയല്ല. ഒരു കൗണ്ടർ, പുറകിലൊരു മുറി, ഷെൽഫുക

ളിൽ നിറയെ കറിക്കൂട്ടുപായ്ക്കറ്റുകൾ, ഒന്നും തെറ്റിയിട്ടില്ല. ഭസ്മമാക്കിയ ജീരകം, ട്യൂബുകളിൽ നിറച്ച ഇഞ്ചി-വെളുത്തുള്ളി പെയ്സ്റ്റുകൾ, കലാഭംഗിയോടെ നുറുക്കിയ പച്ചക്കറികൾ, പാക്കറ്റ് പൊട്ടിച്ച് കുത്തനെ പാചകപ്പാത്രത്തിലിട്ടാൽ മതി, അടുക്കളജോലി ഒരു ജോലിയേ അല്ല. ഇവിടെത്തന്നങ്ങുകൂടിയാലോ എന്നാലോചിക്കാം.''[28] നമ്മുടെ അടുക്കള തിരിച്ചുപിടിക്കണം എന്ന് പെൺവാദികൾ പറയുന്നത് കേട്ടു. ഈയൊരു പ്രസ്താവന ഓരോ ദേശത്തും സാമൂഹികസാസ്കാരിക ഘടകങ്ങൾ വ്യത്യസ്തമാണ് എന്ന് ഉദാഹരിക്കുന്നു.

അമേരിക്കൻ ജീവിതത്തിന്റെ അന്തർധാരയായ തിരക്ക്, മത്സരബുദ്ധി, കുടുംബബന്ധങ്ങളുടെ ശൈഥില്യം, സ്ത്രീപുരുഷബന്ധങ്ങൾ, വസ്ത്രധാരണരീതി എന്നിവയെക്കുറിച്ചെല്ലാം ഈ കൃതിയിൽ വിവരിക്കുന്നുണ്ട്.

അമേരിക്കയിൽ പോയിട്ടും അയൽവീട്ടിലെ നീതു എന്ന പെൺകുട്ടിയുമായുള്ള സൗഹൃദം ഇന്ത്യൻ സാംസ്കാരികതനിമ നിലനിർത്തുന്ന തരത്തിലാണ്. എപ്പോഴും ഒരു മലയാളിപ്പെണ്ണിനെ ഓർമ്മിപ്പിക്കുകയും ഒരു തെലുഗു ബ്രാഹ്മണസ്ത്രീയെപ്പോലെ ജീവിക്കുകയും ഒരു അമേരിക്കൻ ഉദ്യോഗസ്ഥയെപ്പോലെ വേവലാതികൊള്ളുകയും ചെയ്യുന്ന നീതുറെഡ്ഡിക്ക് കുറേക്കാലമായിട്ടും അമേരിക്കൻ പൗരത്വം കിട്ടിയിരുന്നില്ല.

പണം ജീവിതമാക്കിയ പെൺകുട്ടിയുടെ ഒരു പ്രത്യേകതയെ ഇങ്ങനെ രേഖപ്പെടുത്തുന്നു ''ഞാൻ പത്ത് ഇഡ്ഢലി ഉണ്ടാക്കും. ഓരോന്നും നാലായി മുറിക്കും. ഓരോരുത്തരും ഓരോ കഷണമേ എടുക്കൂ. നാല്പതുപേർക്കു കഴിക്കാം.''[29] പല വിദേശയാത്രാവിവരണഗ്രന്ഥങ്ങളിലും കാക്ക, പരുന്ത്, പൂച്ച ഇത്യാദികളായ ജീവികളെക്കുറിച്ചുള്ള പരാമർശങ്ങൾ കാണുന്നില്ല. എന്നാൽ വത്സലയുടെ അമേരിക്കൻ യാത്ര അതിൽനിന്ന് വ്യത്യസ്തമാണ്. ''കാടിനകത്ത് ലക്ഷോപലക്ഷം കീടങ്ങൾ കലമ്പി, കാക്കകൾ കരഞ്ഞു, ചെറുപക്ഷികൾ ഒച്ചവെച്ചു, മരക്കൊത്തന്മാർ വൃക്ഷങ്ങളുടെ നെഞ്ചിൽ ഈർഷ്യയോടെ ഇടിച്ചു. അണ്ണാന്മാർ വൃക്ഷങ്ങളിലേക്കും ലതാകുഞ്ജങ്ങളിലേക്കും തത്തിക്കളിച്ചു.''[30]

ഇത്തരത്തിലുള്ള ചില പ്രത്യേകതകൾ ഈ കൃതികളിലുണ്ട്. സ്വകാര്യത സ്വന്തം കാഴ്ചപ്പാടിനകത്താണ് എന്നാണ് അവിടത്തെ സ്ത്രീകളുടെ വസ്ത്രധാരണരീതിയെക്കുറിച്ച് പറയുന്നത്. സ്ത്രീകൾ മൂന്നിഞ്ച് വസ്ത്രം ധരിച്ച് നഗ്നത പ്രദർശിപ്പിച്ചുനടന്നാലും ഒരു പ്രശ്നവുമില്ല. പക്ഷെ പുരുഷന്മാർ നമ്മുടെ കേരളീയവസ്ത്രമായ മുണ്ടുടുത്താൽ നഗ്നമായി നടക്കുന്നതിന് തുല്യമാണെന്ന് പറയുന്നു. ജനലുകളൊന്നും തുറന്നിടാൻ മകൻ സമ്മതിക്കുന്നില്ല. പുറംലോകം കാണണമെങ്കിൽ കർട്ടൻ നീക്കി കണ്ടാൽമതിയെന്ന് പറയുന്നു. അങ്ങനെ ഒരിക്കൽ കണ്ട ദൃശ്യം വിവസ്ത്രരായ അയലത്തെ ഗൃഹനാഥനേയും പത്നിയേയും വിരുന്നുവന്ന വേറെ പെണ്ണുങ്ങളേയുമായിരുന്നു. എന്നാൽ പെണ്ണുങ്ങളുടെ നഗ്നതയ്ക്കുചുറ്റും ആൺകണ്ണുകൾ ഇവിടുത്തേതുപോലെ ആർത്ത് ആഘോഷിക്കുന്നില്ലെന്നും പറയുന്നു. നൂറുകൂട്ടർ നൂറു തരക്കാർ എന്ന് ചിന്തിക്കാനാണ് എഴുത്തുകാരി ശ്രമിക്കുന്നത്.

മറിച്ച് നഗ്നതയെ ആഘോഷമാക്കാനല്ല. ഇതേ അനുഭവത്തെ പുരുഷനോട്ടം ഇപ്രകാരമാണ് രേഖപ്പെടുത്തുന്നത്. നടരാജൻ (ദക്ഷിണായനകാലം) എന്ന കൃതിയിൽ ഇപ്രകാരം കുറിച്ചിടുന്നു. ''എന്നോടൊപ്പം ബസ് കാത്തുനിൽക്കുന്ന കുറേ പേരുണ്ട്. അതിൽ യുവതികളുടെ വേഷം, ബ്രസീലിന്റെ ദേശീയവേഷം തന്നെ. ഇറുകിക്കിടക്കുന്ന ജീൻസും മാറിന്റെ മുക്കാൽപങ്കും പുറത്തുകാട്ടുന്ന ടോപ്പും. ടോപ്പ് ആകട്ടെ, വയറിനുമുകളിൽ അവസാനിക്കും. അതായത് വയറിന്റെ മുൻപും പിൻപും നഗ്നം. കടഞ്ഞെടുത്ത മേനിയഴക് പ്രദർശിപ്പിക്കാൻ ഇതിലും നല്ലൊരു വേഷം അവരുടെ സ്നാനവസ്ത്രമായ ഡെന്റൽ ഫ്ളോസ് ബിക്കിനി മാത്രം. കണ്ണിന് പാല്പായസം കുടിച്ച പ്രതീതി വശ്യം ഹൃദ്യം.''[31]

ആൺ-പെൺ കാഴ്ചപ്പാടുകൾ തമ്മിലുള്ള വ്യത്യാസമാണിത്. ഓരോ നാട്ടിലും കാലാവസ്ഥയ്ക്കും സംസ്കാരത്തിനും ഇണങ്ങിയ വേഷമാണ് ധരിക്കുക എന്ന് ചിന്തിക്കാൻ സ്ത്രീയ്ക്കാവുന്നുണ്ട്. സ്വന്തം കാഴ്ചയെ നിശ്ചയിക്കുന്നത് സ്വന്തം കാഴ്ചപ്പാടാണ് എന്ന് തെളിയിക്കുകയാണ് ഇത്തരം യാത്രാവിവരണങ്ങൾ.

സ്വാഭാവിക കാഴ്ച എന്നതിലപ്പുറം 'ഞാൻ കാണുന്ന കാഴ്ചകളായി മാറുകയാണ് മിക്ക കാഴ്ചകളും. അതുകൊണ്ടാണ് വ്യക്തികൾക്കനുസരിച്ച് കാഴ്ചകൾക്കും വ്യത്യാസം വരുന്നത്. അതുകൊണ്ട് ഇത്തരം കാഴ്ചപ്പാടുകൾതന്നെയാണ് വത്സലയും പിൻതുടരുന്നത്.

ഞാവൽപാർക്കിലെ വീട്, ഒന്നാംതീരം, ഡീഗോകോളൺ, മനുഷ്യരെവിടെ, പാലാട്ക്ക, ഭൂമിയുടെ ഉപ്പ് എന്നിങ്ങനെ വ്യത്യസ്ത അധ്യായങ്ങളിലായി ചരിത്ര സാംസ്കാരികചിന്തകളും വിലയിരുത്തലുകളുംകൊണ്ട് ശ്രദ്ധേയമാണ് ഈ കൃതി. ഒരു അനുയാത്ര ആയതുകൊണ്ടുതന്നെ കാഴ്ചകളും അനുഭവങ്ങളും സ്വന്തം സ്വത്വം കൂടുതലായി വെളിപ്പെടുത്തുന്ന രീതിയിലല്ല, കൂടെയുള്ളവരെക്കൂടി കാഴ്ചകൾക്കൊപ്പം ഉൾപ്പെടുത്തിയുള്ള അനുഭവങ്ങളാണ് വത്സല വിവരിക്കുന്നത്. മകനെക്കുറിച്ചും യാത്രയ്ക്കിടയിൽ മകന്റെ ഇടപെടലുകളെക്കുറിച്ചുമെല്ലാം വ്യക്തമാക്കുന്നുണ്ട്. ഒറ്റയ്ക്കുള്ള യാത്രയിൽ ഇത്തരം അനുഭവങ്ങൾ കാണാൻ സാധിക്കയില്ല. യാത്ര, യാത്രയിലെ അരക്ഷിതത്വം, യാത്രയ്ക്കിടയിലെ പ്രശ്നങ്ങൾ എന്നിവയെല്ലാം ഒറ്റയ്ക്കുള്ള യാത്രകൾ പങ്കുവെക്കുന്നു. ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് അനുയാത്രകളിൽ സ്ത്രീ പാരമ്പര്യമുക്തമാകാതെ തനിക്ക് നിർണ്ണയിച്ചുവെച്ചിട്ടുള്ള സാമൂഹികവും കുടുംബപരവുമായ നിയന്ത്രണങ്ങളുടെ പരിധിക്കുള്ളിലാണ് സഞ്ചരിക്കുന്നത് എന്നാണ്. അത്തരത്തിൽ വിലയിരുത്തുമ്പോൾ അനുയാത്രകൾ സ്ത്രീസ്വത്വത്തെ വിമോചനാത്മകമായി ഉല്പാദിപ്പിക്കുന്ന ഒരു പ്രക്രിയയായി വിലയിരുത്താൻ സാധിക്കില്ല.

അനുയാത്രകളിൽ ആണെങ്കിൽപോലും ചില പെൺയാത്രികർ തങ്ങളുടെ സഹയാത്രികരുടെ സാന്നിധ്യത്തെ മാനസികമായെങ്കിലും അവഗണിച്ചതിന്റെ ഭാഗമായി അത്തരം അനുയാത്രകളിൽ സ്വതന്ത്രവും മൗലികവുമായ ഒരു യാത്രാപരിപ്രേക്ഷ്യത്തെ നിർമ്മിച്ചെടുത്തതായി കാണാൻ സാധിക്കുന്നു. അനുയാത്രകൾ സ്ത്രീയ്ക്കുവേണ്ടി സ്ത്രീ ഒറ്റയ്ക്ക് തെരഞ്ഞെടുത്തതും നടത്തപ്പെട്ടതുമായിട്ടല്ല ചരിത്രം രേഖപ്പെടുത്തിവെച്ചിരിക്കുന്നത്. ഇതിഹാസപുരാണങ്ങൾ മുതൽ സമകാ

ലീനമായ ജീവിതത്തിന്റെ സമസ്തമേഖലകളിലും സ്ത്രീ അനുയാത്രക്ക് വിധേയമാക്കപ്പെടുന്നുണ്ട്. സാമൂഹികമോ കുടുംബപരമോ ആയ ചില നിബന്ധനകളിൽ സ്ത്രീ ഉൾപ്പെട്ടുപോകുന്നതിന്റെ ഭാഗമായിട്ടാണ് അനുയാത്രകൾ ഉണ്ടാകുന്നതും നിലനിർത്തപ്പെടുന്നതും. എന്നാൽ സാമൂഹിക നിയന്ത്രണങ്ങൾക്കപ്പുറത്ത് കുടുംബബന്ധങ്ങളുടെ അസ്വാതന്ത്ര്യങ്ങളിൽനിന്ന് വിമോചിതരാവാൻ അനുയാത്ര നടത്തിയ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല എന്ന് അവരുടെ വിവരണങ്ങൾ തെളിയിക്കുന്നു.

സ്ത്രീയാത്രാവിവരണത്തിന്റെ സവിശേഷമായ പരിപ്രേക്ഷ്യത്തിൽ ഒറ്റയ്ക്ക് സ്ത്രീനടത്തുന്ന പല യാത്രകളിൽനിന്നും അനുയാത്രകൾ ഇത്തരം കാരണങ്ങൾകൊണ്ട് പരിമിതപ്പെടുന്നുണ്ട്.

### 4.5 ഒറ്റയ്ക്കുള്ള യാത്രകൾ

തന്റെ സുഹൃത്തുക്കളോ ബന്ധുക്കളോ ഇല്ലാതെ ഒറ്റയ്ക്ക് നടത്തുന്ന യാത്രകളാണിത്. സ്ത്രീയുടെ സമഗ്രമായ സ്വത്വത്തെ ആവിഷ്കരിക്കുന്നത് ഒറ്റയ്ക്ക് നടത്തിയ യാത്രാനുഭവങ്ങളാണ്. ഇത്തരത്തിൽ ഒറ്റയ്ക്കുള്ള യാത്രാനുഭവങ്ങൾ എണ്ണത്തിൽ കുറവാണ്. ലഭ്യമായ കൃതികളെ സാമാന്യമായി പരിചയപ്പെടുത്തിക്കൊണ്ട് സുജാതാദേവിയുടെ 'കാടുകളുടെ താളംതേടി' എന്ന കൃതി വിശദപഠനത്തിന് വിധേയമാക്കുന്നു.

മൈന ഉമൈബാന്റെ 'കാട്ടുപൊന്തയിലെ സഞ്ചാരം', അനിതാനായരുടെ 'കൂകൂ കൂകൂ തീവണ്ടി', ഗീതാ ഇടമറുക് സ്കാർണറുടെ 'ഒറ്റയ്ക്ക് ഒരു ദേശാടനം' തുടങ്ങിയ യാത്രാകൃതികളും, എം.പ്രേമയുടെ 'ദാരിദ്ര്യം+ സാഹസികത=ജീവിതം', ദീപാ നിശാന്തിന്റെ 'വീട്ടാനാകാത്ത ചില കടങ്ങൾ', സുബൈദയുടെ 'ആനക്കാഴ്ചകൾക്കായി കാട്ടിലേക്ക്', അമൃതയുടെ 'ഇനി ആത്മാവിലേക്കൊരു യാത്ര', രാധാലക്ഷ്മി പത്മരാജന്റെ 'ഓർമ്മകളിലേക്ക് ഒരു യാത്ര', രജനിയുടെ 'ബൈക്ക് യാത്ര', ലെസ്‌ലിയുടെ 'ബൈക്ക് യാത്രകൾ', ശ്രീദേവി അന്തർജ്ജനത്തിന്റെ 'ഒറ്റയ്ക്കുള്ള യാത്രകൾ', വി.പി.സുഹറയുടെ 'മാവൂർ സമരത്തിനൊപ്പം', പി..വനജയുടെ

'കാണാക്കടൽ', ക്ഷേമ കെ.തോമസിന്റെ 'ഒറ്റയ്ക്ക് ഒരു രാത്രിയിൽ', വീണാദേവി മീനാക്ഷിയുടെ 'യാത്രയുടെ ചതുരാശ്രമങ്ങൾ' എന്നിവ ഒറ്റയ്ക്കുള്ള യാത്രാനുഭവങ്ങൾ അവതരിപ്പിക്കുന്നു.

''പെണ്ണിന് വീടിനുപുറത്തുപോയാലും ഒട്ടേറെ വിലക്കുകളുണ്ട്. തനിച്ച് യാത്രയ്ക്ക് പോയിട്ട് തിരിച്ചു വീടെത്തിയാൽ സമാധാനമോ സ്വൈരമോ കിട്ടുമെന്നുറപ്പില്ല. വീടിനകത്തേക്കു കയറ്റുമോ എന്നുതന്നെ തീർച്ചയില്ല. എങ്കിലും യാത്രകൾക്കുവേണ്ടി സ്ത്രീകൾ എത്ര ദാഹിക്കുന്നുവെന്നതിനുദാഹരണമാണ് മൈന ഉമൈബാന്റെ 'കാട്ടുപൊന്തയിലെ സഞ്ചാരവും', സുജാതാദേവിയുടെ 'കാടുകളുടെ താളംതേടി' എന്ന പഠനയാത്രയും. സാധാരണ ജനപഥങ്ങളിൽപ്പോലും സഞ്ചാരം അപ്രാപ്യമാണെന്നിരിക്കെയാണ് ഈ സ്ത്രീകൾ വനയാത്ര നടത്തി ചരിത്രം സൃഷ്ടിച്ചിരിക്കുന്നത്. ഇവർ എന്തുകൊണ്ട് യാത്രകൾ വിവരിക്കുന്നുവെന്നാൽ, തന്റെ യാത്രകൾ മറ്റുള്ളവർക്ക് പ്രചോദനമാവട്ടെ എന്ന് കരുതിമാത്രമാണ്.''[32]

മൈന ഉമൈബാൻ തന്റെ യാത്രാനുഭവത്തെക്കുറിച്ച് എഴുതുന്നത് ഇപ്രകാരമാണ്. ''കയ്യിൽ വെട്ടുകത്തി കരുതും, കരിങ്കുറിഞ്ഞി വെട്ടിയും വകഞ്ഞുമാറ്റിയും വഴിയുണ്ടാക്കും.യാത്രക്കിടയ്ക്ക് ജീപ്പിലും മറ്റും വരുന്ന മനുഷ്യരുടെ കണ്ണിൽപ്പെടാതിരിക്കാൻ കാട്ടുപൊന്തയിലോ മരച്ചുവട്ടിലോ പതുങ്ങിയിരിക്കേണ്ടതായും വരും.''[33] കാട്ടുപൊന്തയ്ക്കുള്ളിലെ മൈനയുടെ സഞ്ചാരം സാഹസികതയുടെ മികച്ച തെളിവാണ്. യാത്രയോടുള്ള അതിയായ താല്പര്യമാണ് ഇത്തരം ഒരു യാത്രയ്ക്ക് ഉമൈബാനെ പ്രേരിപ്പിച്ച ഘടകവും.

യാത്രയിലുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായിട്ടല്ല യാത്രിക ഇവിടെ വെട്ടുകത്തി കയ്യിൽ കരുതുന്നത്. ഇടുക്കിക്കാരിയായ യാത്രികയ്ക്ക് കാടും മലകളും നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു. വീട്ടാവശ്യങ്ങൾക്കുള്ള യാത്രയ്ക്കിടയിലാണ് ഇത്തരം കാര്യങ്ങൾ സംഭവിക്കുന്നത്. സാഹചര്യങ്ങളോട് അപ്പോൾ പ്രതികരിക്കുന്ന രീതിയായിട്ടുവേണം ഇത്തരം യാത്രകളെ മനസിലാക്കാൻ.

അനിതാനായരുടെ 'കൂകൂ കൂകൂ തീവണ്ടി' വ്യക്തിപരമായ സ്വദേശ-വിദേശ യാത്രകളുടെ അനുഭവം ആഖ്യാനം ചെയ്യുന്നു. ആത്മനിഷ്ഠത ഇത്തരം യാത്രകളുടെ സവിശേഷതയാണ്. സ്വാതന്ത്ര്യം അനുഭവിക്കാനും ആസ്വദിക്കാനുമുള്ള അഭിനിവേശം അനിതാനായരിൽ കാണാം. യാത്രയെന്ന പ്രലോഭനത്തിനു കീഴടങ്ങി ഗ്രാമത്തിലും നഗരത്തിലും കായലിലും കാട്ടിലും ദ്വീപിലും തെരുവിലും അലഞ്ഞുനടക്കുന്ന ഏകാന്തസഞ്ചാരിയാണ് 'കൂകൂ കൂകൂ തീവണ്ടി'യിലെ യാത്രിക. ഗ്രന്ഥത്തിൽ ഒരിടത്ത് അവർ പറയുന്നത് ഇപ്രകാരമാണ്: ''ഞാനും അലഞ്ഞു തിരിയുന്ന സഞ്ചാരിയാണ്. ഏകാകിയായ സഞ്ചാരി. ഒരു യാത്ര ചെയ്യാൻ എനിക്ക് പ്രത്യേകിച്ച് കാരണമൊന്നും വേണ്ട.[34]'' യാത്രയുടെ ത്രിൽ അനുഭവിക്കാൻവേണ്ടി മാത്രം സഞ്ചരിച്ച വ്യക്തിയാണ് അനിതാനായർ. ഓരോ യാത്രയും ഓരോ തരത്തിൽ വ്യത്യസ്തമായിരുന്നു. യാത്രയിൽ നിരന്തരം വ്യത്യസ്തതകളെ അന്വേഷിക്കുകയാണ് അനിതാനായർ. എല്ലാവരും തെരഞ്ഞെടുക്കുന്നതിൽനിന്ന് വ്യത്യസ്തമായ സ്ഥലങ്ങൾ കണ്ടെത്തി യാത്രയുടെ വൈവിധ്യം അനുഭവിക്കാൻ അനിതാനായർക്ക് സാധിക്കുന്നുണ്ട്.

'''കൂകൂ കൂകൂ തീവണ്ടി' വ്യത്യസ്ത സ്ഥലങ്ങളിലൂടെയുള്ള യാത്രാനുഭവമാണ് ആവിഷ്കരിക്കുന്നത്. കേരളത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിലുമെല്ലാം ഒരൊറ്റ പുസ്തകത്തിലൂടെ യാത്രിക വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നു. അങ്ങാടിത്തെരുവുകൾ മുതൽ പഞ്ചനക്ഷത്ര ഹോട്ടലുകൾവരെ എഴുത്തുകാരി സഞ്ചരിക്കുന്ന മാർഗ്ഗങ്ങൾ വിഭിന്നമാണ്.''[35]

യാത്രയുടെ സ്വാതന്ത്ര്യവും വ്യത്യസ്തതകളും ഇത്രയധികം അനുഭവിക്കാൻ സാധിച്ചത് ഒറ്റയ്ക്കുള്ള യാത്ര ആയതുകൊണ്ടുമാത്രമാണ്. കണ്ട സ്ഥലങ്ങളെ വീണ്ടും കാണാനും എത്രനേരമെന്നറിയാതെ ആസ്വദിച്ചുനിൽക്കാനും സാധിക്കുന്നത് പിന്നിൽ കെട്ടുപാടുകളില്ലാത്തതുകൊണ്ടാണ്. അനുയാത്രയായാലും ഔദ്യോഗികയാത്രയായാലും യാത്രയുടെ വ്യത്യസ്തതകൾ ഇഷ്ടങ്ങൾ ആസ്വദിക്കാൻ ഒറ്റയ്ക്കുള്ള യാത്രയ്ക്കേ സാധിക്കൂ. അനിതാനായർക്ക് പ്രധാനം

യാത്രയാണ്. ''ഒരു വിനോദസഞ്ചാരിയേയും യാത്രികനേയും വേർതിരിക്കുന്നതെന്താണെന്ന് ചിലപ്പോൾ ഞാൻ ആലോചിക്കാറുണ്ട്. ഒരു വിനോദസഞ്ചാരിക്ക് അജണ്ടകളുണ്ടാകും. എന്തുകാണണം, ചെയ്യണം, കഴിക്കണം, അറിയണം. പക്ഷേ, ഒരു യാത്രികൻ ആ നിമിഷത്തിനുവേണ്ടി ജീവിക്കുന്നവനാണ്. ലക്ഷ്യങ്ങളൊന്നുമില്ലാതെ സഞ്ചരിക്കുന്നവൻ. അനുഭവങ്ങൾ അത് നല്ലതോ ചീത്തയോ ആകട്ടെ. അതിൽ ആവേശം പൂകുന്നവൻ, മുൻകൂട്ടി ഒരഭിപ്രായവും രൂപപ്പെടുത്താതെ, വിധിയെഴുതാതെ, അവിടുന്നും ഇവിടുന്നും ഓരോന്നു കണ്ടെടുത്ത് അവൻ യാത്ര തുടരുന്നു.''[36]

സ്വന്തം ആഗ്രഹങ്ങൾക്കും ഇഷ്ടമുള്ള കാഴ്ചകൾക്കുമാണ് ഇത്തരം യാത്രികർ പ്രാധാന്യം കൊടുക്കുന്നത്. മറ്റുള്ളവർക്ക് എന്തുതോന്നും എന്ന് കരുതി സ്വന്തം ഇഷ്ടങ്ങളെ മാറ്റിവെയ്ക്കേണ്ടതില്ല. അതുകൊണ്ടുതന്നെ എല്ലാം കണ്ടും അനുഭവിച്ചും സ്വച്ഛന്ദമായൊരു യാത്രതന്നെയാണ് അനിതാനായരുടേത്.

'യാത്രയുടെ ചതുരാശ്രമങ്ങൾ' – എന്ന യാത്രാനുഭവത്തിലൂടെ വീണാദേവി മീനാക്ഷി അവതരിപ്പിക്കുന്നതും ഒറ്റയ്ക്കുള്ള യാത്രാനുഭവങ്ങൾതന്നെയാണ്. സ്ത്രീയുടെ യാത്രകളെപ്പറ്റി അവർ പറയുന്നത് ഇപ്രകാരമാണ്. ''ഒരു വിവാഹിതയുടെ യാത്രകൾ എന്തിന്? എവിടെ? എത്രനേരം? എന്നുതുടങ്ങുന്ന ചോദ്യാവലിക്ക് ഉത്തരം പറഞ്ഞതിനുശേഷം മാത്രം വൈമുഖ്യത്തോടെ അപൂർവ്വമായി അനുവദനീയമായ ഒന്നാണ്.''[37]

''ഒരു പെണ്ണിന്റെ ഏകാന്തതയിൽ അവളുടെ കാവൽമാലാഖ സ്വന്തം സ്വത്വം (innerserlf) തന്നെയാണ്. അതിന്റെ സ്വരം കേൾക്കാൻ സ്വയം പാകപ്പെട്ട ഒരുവൾക്ക് കൂടുതൽ കരുത്തുണ്ടാകും.''[38]

''സ്ത്രീയാകട്ടെ പുരുഷനാകട്ടെ, സഹയാത്രികരില്ലാതെ തനിച്ചാവുന്ന യാത്ര, ലിംഗ വേർതിരിവുകൾ അവിടെ പ്രസക്തമല്ല. ഇനി അഥവാ വേർതിരിവുകളും കെട്ടുപാടുകളും ഇല്ലാതാക്കാൻ കഴിഞ്ഞില്ല എങ്കിൽ പിന്നെ എന്തിനാണ്

അത്തരം ഒരു യാത്ര.''[39] ചെറിയൊരു യാത്രാനുഭവമാണെങ്കിലും ഗ്രാമം ഉറങ്ങി ക്കൊണ്ടിരിക്കെ രാത്രിയാത്രയിൽ ബസ്സിൽ ഒറ്റയ്ക്കാവുന്ന യാത്രികയ്ക്ക് വേണ്ട സഹായം ഒരുക്കിക്കൊടുക്കുന്നത് ബസ്സ് ജീവനക്കാരാണ്. ഇരുൾനിറഞ്ഞ പാത യിൽ നക്ഷത്രവിളക്കുമായെത്തുന്ന ഇത്തരം ആളുകൾ പതിവ് ചിന്തകളിൽനിന്നും കാഴ്ചകളിൽനിന്നും വ്യത്യസ്തമായ അനുഭവമാണ് യാത്രികയ്ക്ക് നൽകുന്നത്.

ഓർമ്മകളും സ്വപ്നങ്ങളും ശ്രീലക്ഷ്മിക്ക് പലതായിരുന്നു. ചായക്കടകൾ ആൺകോയ്മയുടേതാണെന്ന പൊതുബോധംതന്നെയായിരുന്നു. ഒറ്റയ്ക്ക് ചായകു ടിക്കാൻ കയറിയപ്പോൾ അനുഭവപ്പെട്ട പ്രശ്നങ്ങൾ ''അപരാധം ചെയ്തപോലെ തീർത്തും അവജ്ഞയോടെ അവരെനിക്ക് ചായ തന്നു. പിന്നീടത് പതിവുശീല മായി.''[39] സാന്നിധ്യംതന്നെയാണ് ഏറ്റവും വലിയ സമരമെന്ന് കാണിച്ചുതരിക യാണ് യാത്രിക.''

'ഒറ്റയ്ക്ക് ഒരു രാത്രിയിൽ' എന്ന ക്ഷേമയുടെ യാത്രാനുഭവം ഇരുട്ട് സ്ത്രീയ്ക്കെന്നും ഭയം നൽകുന്നതാണ് എന്ന കാഴ്ചപ്പാടിനെ ഉറപ്പിക്കുന്നതാണ്. ദൂരവും സമയവും നിശ്ചയിച്ചിട്ടുള്ള സ്ത്രീയാത്രികർ ആ ചട്ടക്കൂട്ടിനകത്ത് ഒതുങ്ങി കഴിഞ്ഞുകൂടുന്ന അനുഭവമാണ് ഈ കൊച്ചുയാത്രാനുഭവം പങ്കുവെക്കുന്നത്. ഇടു ക്കിയിൽനിന്നും നാട്ടിലേക്കുള്ള യാത്രയ്ക്കിടയിൽ ബസ്സ് കേടാവുന്നതും, രാത്രി ആയതുകൊണ്ടുതന്നെ സഹയാത്രികരായി ഒരു സ്ത്രീപോലും ബസ്സിലില്ലാത്ത അവസ്ഥയുമായിരുന്നു. മറ്റുള്ള യാത്രക്കാർ കിട്ടുന്ന ചരക്കുലോറിയിലും മറ്റുമായി കയറിപ്പറ്റിപ്പോകുന്നുണ്ട്. ആ സന്ദർഭത്തിൽ ഇരുട്ടിൽ ഒറ്റയ്ക്കായ ക്ഷേമയെ രക്ഷി ക്കാൻ ആ നാട്ടുകാരനായ ഒരു തമിഴൻ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇരുട്ടത്ത് മനസ്സിലുണരുന്ന നൂറായിരം ചോദ്യങ്ങൾക്ക് ഉത്തരമില്ലാതെ അയാളുടെ പിന്നാലെ പോയി ആ രാത്രി അവിടെ തങ്ങി തിരിച്ചുപോന്ന ക്ഷേമയ്ക്ക് മുന്നിൽ വർത്തമാന കാലം മാത്രമെ ഉണ്ടായിരുന്നുള്ളൂ. തമിഴൻമാരെക്കുറിച്ചുള്ള മുൻധാരണകൾ മറിക ടക്കുംവിധമാണ് യാത്രികയുടെ അനുഭവം. ലോക പരിചയത്തിൽ ശൈശവദശ

പിന്നിടാത്ത ആ ഇരുപതുകാരി നടുറോട്ടിൽ ഇരുട്ടത്ത് കാട്ടിൽനിന്ന് കേൾക്കുന്ന ഒറ്റപ്പെട്ട ശബ്ദങ്ങൾക്കിടയിൽ വല്ലാതെ ഭയപ്പെട്ട് പകച്ചുനിൽക്കുകയാണ് ചെയ്യുന്നത്. താനേറെ ഇഷ്ടപ്പെടുന്ന രാത്രിയുടെ സൗന്ദര്യം വൈരൂപ്യമായി മാറുന്നു. ആ ബസ്സിലുണ്ടായിരുന്ന ഏക പെൺകഥാപാത്രം ക്ഷേമ മാത്രമായിരുന്നു. അതുകൊണ്ടുതന്നെ ഒരു വിചിത്രജീവിയെ കാണുംമട്ടിലാണ് ആളുകൾ ക്ഷേമയെ നോക്കിയത്.

സ്ത്രീക്ക് ചുറ്റും രൂപപ്പെട്ട പുരുഷസങ്കല്പങ്ങളെ സ്വതന്ത്രമായും നിഷ്പക്ഷമായും വിലയിരുത്താനും സ്ഥിരീകരിക്കാനും കഴിയുന്നത് പലപ്പോഴും സമൂഹത്തിലേക്ക് സ്ത്രീ ഒറ്റയ്ക്ക് ഇറങ്ങി പുറപ്പെടുമ്പോഴാണ്. അത്തരത്തിൽ ഒറ്റയ്ക്കുള്ള യാത്രകൾകൊണ്ട് സ്ത്രീയ്ക്ക് ഒരു പുതിയ ലോകസങ്കല്പമുണ്ടാകുന്നുണ്ട്. അഥവാ സ്ത്രീക്ക് പുതിയ ലോകസങ്കല്പവും സാമൂഹികസങ്കല്പവും നിർമ്മിച്ചെടുക്കുന്നതിനുള്ള ഉപാധിയായി ഒറ്റയ്ക്കുള്ള യാത്രകൾ മാറുന്നുണ്ട്.

മറ്റുള്ള പുരുഷന്മാർ കിട്ടുന്ന വണ്ടിക്ക് കയറിപ്പറ്റി നാട്ടിലെത്താൻ ശ്രമിക്കുമ്പോൾ ഒരു സ്ത്രീയാത്രിക ആയതുകൊണ്ടുമാത്രമാണ് ഇരുട്ടിനെ ഭയപ്പെട്ടുകൊണ്ട് അവർ അവിടെ നിൽക്കുന്നത്. ഇരുട്ടിനെ ഭയപ്പെടുന്ന ഒരു അരക്ഷിതത്വബോധമാണ് സ്ത്രീകളെ ഇപ്പോഴും പിൻതുടരുന്നത്. പെൺസാന്നിധ്യത്തിന്റെ അഭാവംതന്നെയാണ് ഇത്തരം ഭയത്തിനുപിന്നിൽ പ്രവർത്തിക്കുന്നതും. സ്ത്രീ ഒറ്റയ്ക്ക് സമയവും ദൂരവും പരിഗണിക്കാതെ യാത്രചെയ്താൽ മാത്രമെ ഇത്തരം പ്രശ്നങ്ങളിൽനിന്ന് ഒരു മോചനം ഉണ്ടാവൂ.

സ്ത്രീയ്ക്ക് വാസ്തവത്തിൽ ഉള്ളത് അരക്ഷിതത്വമല്ല, അരക്ഷിതത്വബോധമാണ്. ആ അരക്ഷിതത്വബോധത്തിന്റെ സ്വന്തം ഇരയാണ് ഓരോ സ്ത്രീയും. അപ്പോൾ ആ അരക്ഷിതത്വബോധത്തിൽനിന്ന് എപ്പോഴാണോ മോചനം നേടുന്നത് അപ്പോഴാണ് അവൾ മാനസികമായ സ്വാതന്ത്ര്യം നേടുന്നത്. മാനസികമായ സ്വാതന്ത്ര്യത്തിൽ വിഹരിക്കാത്ത ഒരു സ്ത്രീക്ക് ശാരീരികവും വ്യാവഹാരികവുമായ

സ്വാതന്ത്ര്യത്തിലേക്ക് എത്തിനോക്കാൻപോലും കഴിയില്ല. അരക്ഷിതത്വബോധ ത്തിൽനിന്നുള്ള വിടുതലിനുവേണ്ടിയുള്ള ഒരു ശ്രമം എന്ന നിലയ്ക്കാണ് വാസ്ത വത്തിൽ സ്ത്രീയാത്രകളെ നോക്കിക്കാണേണ്ടത്.

ഗ്വാളിയോർ റയൺസ് ഫാക്ടറി സമരവുമായി ബന്ധപ്പെട്ട് ഒരു പൊതുയോ ഗത്തിൽ പങ്കെടുത്ത് തിരിച്ചുവരുന്ന വി.പി.സുഹ്റ, രാത്രി മഴയിൽ കറന്റുപോലുമി ല്ലാത്ത വഴിയോരത്തിൽ തോണിസഞ്ചാരത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. ആ ഒരു തോണി സഞ്ചാരമാണ് അവരുടെ ജീവിതത്തിലെ നിർണ്ണായകസംഭവമായി മാറുന്നത്.

ആനക്കാഴ്ചകൾക്കായി ചിന്നാർകാട്ടിലേക്ക് ഒറ്റയ്ക്കുപോയ സുബൈദ യുടെ സ്ത്രീഅനുഭവം, സ്ത്രീയുടെ സമഗ്രമായ സ്വത്വത്തെ അനുഭവിപ്പിക്കുന്നതാ ണ്. ഒറ്റയ്ക്കാവുന്ന യാത്രകളാണ് അതിന്റെ തനിമയെ കൂടുതൽ അനുഭവിപ്പിക്കു ന്നത്. ''എനിക്ക് കൂട്ടിന് ഞാനും കാടും മൃഗങ്ങളും മാത്രം, പ്രകൃതിയോട് വല്ലാത്ത ആസക്തിതോന്നിയ നിമിഷങ്ങൾ.''[41]

യാത്ര എന്നത് വാസ്തവത്തിൽ പ്രകൃതിയോട് നേരിട്ട് ഇണചേരാനുള്ള മനഃശാസ്ത്രപരമായ ആഗ്രഹത്തിന്റെ ഫലമാണ്. കാട്ടിലേക്ക് തിരിച്ചുപോകാനുള്ള ആവേശം എല്ലാ മനുഷ്യനിലുമുണ്ട്. പക്ഷെ സ്ത്രീക്ക്മാത്രമേ ഇത് വിലക്കുകളുടെ ലോകമായി മാറിയിട്ടുള്ളൂ. പുരുഷന് ഏറെക്കുറെ അത് സാധിക്കുന്നുണ്ട്. അതു കൊണ്ടാണ് മിക്കവാറും പുറം ജോലികൾക്കെല്ലാം പുരുഷന്മാർ പോകുന്നത്. അവിടെ അവർ ജോലിക്ക് പോവുമ്പോൾപോലും അവർ അവരുടെ പ്രകൃതത്തി ലേക്ക് തിരിച്ചുപോവുകയാണ് ചെയ്യുന്നത്. ഓരോരുത്തരും അവരുടെ സ്വാഭാവിക മായ പ്രകൃതത്തിലേക്ക് തിരിച്ചുപോകാനുള്ള ശ്രമം ആന്തരികമായി നടത്തുന്നുണ്ട്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു അവസരം നൽകുന്നത് ഒറ്റ യ്ക്കുള്ള യാത്രകളാണ്. ഒറ്റയ്ക്കുള്ള യാത്രയിൽ വാസ്തവത്തിൽ കണ്ണും കാതും തുറന്നുവെയ്ക്കുന്നത് നേരിട്ട് പ്രകൃതിക്ക് അഭിമുഖമായിട്ടാണ്. അതുകൊണ്ട് ഒറ്റ

യ്ക്കുള്ള യാത്രയിലാണ് സ്ത്രീ സൂക്ഷ്മമായും സമഗ്രമായും പ്രകൃതിയെ ആസ്വദിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത്.

ഒരു ദിവസത്തെ കാടനുഭവം, രാത്രി കാട്ടിനുള്ളിൽ ആദിവാസികുടിലിനരികിൽ പാറപ്പുറത്ത് നക്ഷത്രമെണ്ണി തനിച്ച് കിടക്കുന്ന സ്ത്രീയെ പൊതുബോധം അംഗീകരിക്കാൻ പ്രയാസമാണ്. പതിവ് കാഴ്ചകളിൽനിന്ന് വ്യത്യസ്തമായൊരു കാഴ്ചയാണ് ഈ കാടനുഭവം സുബൈദയ്ക്ക് പകർന്നുനൽകുന്നത്. ചിന്നാർകാടിനുള്ളിലേക്ക് ആനയെ കാണാനായി ആദ്യമായി ഒറ്റയ്ക്ക് പോകുന്ന സ്ത്രീയാണ് സുബൈദ. സ്ത്രീസഹജമായ ആഖ്യാനം ഈ യാത്രാനുഭവത്തെ സ്ത്രീയുടേത് മാത്രമാക്കി മാറ്റുന്നു.

'വീട്ടാനാകാത്ത ചില കടങ്ങൾ' എന്ന യാത്രാനുഭവത്തിലൂടെ ദീപ നിശാന്ത് ഒരു മഴക്കാല ബസ്സ് യാത്രയുടെ അനുഭവം പങ്കുവെക്കുകയാണ്. വെറും സാധാരണമെന്ന് തോന്നാവുന്ന ദൈനംദിന സംഭവങ്ങൾ പെണ്ണിനു കടമ്പകൾ ആകുന്നതും അതു പിന്നീട് ഒരു ജീവിതകാലത്തേക്കുള്ള ഓർമ്മക്കുറിപ്പാവുന്നതും വിവരിക്കുന്നു. പരിചിതമായ നാടും ബസ്സും കാഴ്ചകളും പെട്ടെന്ന് അന്യമായി അനുഭവപ്പെടുമ്പോൾ വന്നുപെടുന്ന അപ്രതീക്ഷിത ഇടപെടൽ യാത്രികയെ അതിശയിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

'ദാരിദ്ര്യം+സാഹസികത-ജീവിതം'-ഈയൊരു ശീർഷകംതന്നെയായിരുന്നു എം.പ്രേമയുടെ പരദേശവാസങ്ങൾ. 32 വർഷക്കാലം സർക്കസിൽ നിറഞ്ഞുനിന്ന കണ്ണൂർ ജില്ലയിലെ ധർമ്മടം സ്വദേശി എം.പ്രേമയുടെ സർക്കസ് അനുഭവങ്ങളും സർക്കസുമായി ബന്ധപ്പെട്ട യാത്രകളും ഇതിൽ വിവരിയ്ക്കുന്നു.

ഇപ്രകാരം ഒറ്റയ്ക്കുള്ള യാത്രകൾ യാത്രികർക്ക് വ്യത്യസ്തതലങ്ങൾ നൽകുന്നുണ്ട്. ഒറ്റയ്ക്കുള്ള ഓരോ യാത്രയും അതിന്റെ സമയം, സ്ഥലം, കർതൃത്വം എന്നിവയ്ക്കനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു സ്ത്രീയുടെ ബോധത്തെ വളർത്തുന്നതിൽ അവളുടെ കാഴ്ചകൾക്കും കേൾവികൾക്കും

ശീലങ്ങൾക്കും വളരെ പ്രധാനപ്പെട്ട പങ്കുണ്ട്. പതിവുകാഴ്ചകളെയും കേൾവികളെയും മാറ്റിമറിച്ചാണ് ഓരോ യാത്രയും സംഭവിക്കുന്നത്.

### 4.5.1 കാടുകളുടെ താളംതേടി-സുജാതാദേവി

ലോകത്തെവിടെയും മനുഷ്യജീവിതം അടിസ്ഥാനപരമായി ഒന്നാണ് എന്ന തിരിച്ചറിവ് നൽകുന്നു യാത്ര. ഓരോ യാത്രികരും അവരിലൂടെത്തന്നെയാണ് യാത്രചെയ്യുന്നത്. ചില തുടർച്ചകളെ തകർത്തുകളയുന്നതാണ് യാത്രകൾ. ഇന്നലെകളെയും ഓർമ്മകളെയും മായ്ച്ചുകളഞ്ഞ് പുതിയൊരു ലോകത്തെ മുന്നിൽ കൊണ്ടുനിർത്തുന്നതാണ് യാത്രകൾ. ഇപ്രകാരം പുതിയൊരു അന്തരീക്ഷമാണ് കാടനുഭവങ്ങൾ സുജാതാദേവിക്ക് നൽകിയത്. കഴിഞ്ഞുപോയ ചുറ്റുപാടുകളിൽനിന്നെല്ലാം വ്യത്യസ്തമായ, ഒരു സാഹചര്യത്തെ തന്റേതാക്കിമാറ്റാൻ സുജാതാദേവിക്ക് കഴിഞ്ഞു. പുതിയ ഗന്ധത്തെയും പുതിയ മനുഷ്യരെയും പുതിയ കാഴ്ചയെയും പുതിയ ലഹരിയായി അനുഭവിക്കുകയാണ് യാത്രിക. ഹിമാലയൻ നിരകളിലേയ്ക്കുള്ള അത്യപൂർവ്വമായ ഒരു സാഹസികയാത്രയാണ് സുജാതാദേവിയുടെ 'കാടുകളുടെ താളംതേടി' എന്ന പുസ്തകം. അവർ അനുഭവിച്ച അതേ തനിമയോടെ ആസ്വാദകലോകം ആ യാത്രയെ സ്വീകരിക്കുന്നു.

### 4.5.2 ഒറ്റയ്ക്കുള്ള യാത്രകളിലെ സ്ത്രീസ്വത്വം

അപരന്റെ സാന്നിധ്യത്തിൽ ചുരുങ്ങിപ്പോകുന്ന വ്യക്തി സ്വത്വം വീണ്ടെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് സ്ത്രീകൾ ഒറ്റയ്ക്ക് യാത്രകൾ നടത്തുന്നത്. സ്ത്രീയാത്രകളുടെ മുഖ്യലക്ഷ്യം സ്വന്തം സ്വത്വത്തെ നിർണ്ണയിക്കുകയും പുനർനിർണ്ണയിക്കുകയും ചെയ്യുകയാണ്. അത് വഴി ഒരു പുതിയ സ്വത്വനിർമ്മിതിയാണ് ലക്ഷ്യംവെക്കുന്നത്. പുരുഷയാത്രകളിൽ പുരുഷൻ നിലവിലുള്ള വ്യക്തിസ്വാതന്ത്ര്യത്തിനപ്പുറം സർഗ്ഗാത്മക സ്വാതന്ത്ര്യത്തെ ആർജ്ജിച്ചെടുക്കുന്നുണ്ട്. സമാന സാഹചര്യത്തിൽ സ്ത്രീയും ഒരു പരിധിവരെ ഒറ്റയ്ക്കുള്ള യാത്രയിൽ ഈ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നുണ്ട്.

മറ്റ് കെട്ടുപാടുകളില്ലാത്ത സ്വതന്ത്രമായ ഇത്തരം യാത്രകളിലാണ് സ്ത്രീയുടെ സമഗ്രമായ സ്വത്വം ആവിഷ്കരിക്കുന്നത്. അന്നുവരെ താൻ അനുഭവിച്ചതും അറിഞ്ഞതുമായ സാഹചര്യത്തിൽനിന്ന് വ്യത്യസ്തമായ സാഹചര്യത്തിലേക്ക് എത്തിയപ്പോൾ ആ ലോകത്തെയും സാഹചര്യത്തെയും തന്റേതാക്കിമാറ്റാൻ യാത്രികയ്ക്ക് സാധിക്കുന്നുണ്ട്. 45 വയസ്സായ ഒരു സ്ത്രീ കൂടെ ഒരാളുമില്ലാതെ ദുർഘടങ്ങളായ പാതകൾ താണ്ടിയതിന്റെ അനുഭവമാണിതിൽ പങ്കുവെയ്ക്കുന്നത്. കാഴ്ചകളെയെല്ലാം മുൻവിധിയില്ലാതെ സ്വീകരിക്കാൻ യാത്രികയ്ക്ക് കഴിയുന്നുണ്ട്. ഭൂതകാലമോ വർത്തമാനകാലമോ അല്ല ഇത്തരം യാത്രകളെ ഭരിക്കുന്നത്. ആ നിമിഷത്തിൽ ജീവിക്കാനാണവർ തയ്യാറാകുന്നത്. സാധാരണ സ്ത്രീയാത്രാവിവരണങ്ങളിൽനിന്ന് ഈ കൃതിയെ വ്യത്യസ്തമാക്കുന്ന ഘടകം സാഹസികതയാണ്. സ്ത്രീ ഒറ്റയ്ക്ക് യാത്രചെയ്യുമ്പോൾ സാഹചര്യങ്ങളെ തനിക്ക് അനുകൂലമാക്കിമാറ്റാൻ യാത്രികയ്ക്ക് സാധിക്കുന്നുണ്ട്.

മ്യൂസ്മേരി സൂചിപ്പിച്ചപോലെ ആണായിരം തുണപോകണം എന്ന പൊതുബോധത്തെ മറികടന്നുകൊണ്ടാണ് ഇത്തരം ഒരു യാത്ര സംഭവിക്കുന്നത്. പൊതുവെ സ്ത്രീകൾക്കുള്ളിൽ ഉറഞ്ഞുകൂടിക്കിടക്കുന്ന അരക്ഷിതത്വബോധമോ ഭയമോ യാത്രികയെ പിൻതുടരുന്നില്ല. തന്റെ ലിംഗപദവിയെ അപ്രസക്തമാക്കിക്കൊണ്ടാണ് അവർ സഞ്ചരിക്കുന്നത്. അന്യനാട്ടിൽനിന്നും വന്ന ഏതോ പത്രപ്രവർത്തകയാണെന്ന പരിവേഷമോ, ധനികയായ ഏതോ ടൂറിസ്റ്റാണെന്ന ധാരണയോ നാട്ടിലെ ജനങ്ങൾക്ക് ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവർ ബഹുമാനപൂർവ്വം പെരുമാറിയത് എന്നുപറയുന്നു. ഇങ്ങനെയൊരു യാത്രപോവാനുള്ള കാരണം അവർ പറയുന്നത് ഇപ്രകാരമാണ്: ‘‘1982-ൽ ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളി (സി.എസ്.ഇ) എന്ന സംഘടന ഹിമാലയപരിസ്ഥിതി പഠനത്തിന് നൽകുന്ന ഒരു ഫെലോഷിപ്പ് എനിക്കുകിട്ടി. ഹിമാലയത്തിലെ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളുടെ നിലനിൽപ്പും ചുറ്റുമുള്ള ഈ സ്ഥാനങ്ങളുടെ സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങളും തമ്മിലുള്ള ബന്ധം എന്നതായിരുന്നു ഞാൻ തെര

ഞ്ഞെടുത്ത പഠനവിഷയം. അനുവദിച്ച സമയം 45 ദിവസമായിരുന്നു. പലകാരണങ്ങളാൽ അത് രണ്ടുമാസമായി നീണ്ടു. ഒറ്റയ്ക്കൊരു യാത്ര, ഒരു വേനലവധിക്കാലം മുഴുവനും.''[42]

ഒറ്റക്കുള്ള യാത്ര ആയതുകൊണ്ടുതന്നെ മറ്റ് യാത്രാവിവരണങ്ങളിൽനിന്ന് വ്യത്യസ്തമാണിത്. കടപ്പാടുകളോ, കടമകളോ, ബോധ്യപ്പെടുത്തലുകളോ ഇല്ലാത്ത യാത്ര. യാത്രാവേളയിൽ ശാരീരികമായും മാനസികമായും പല പ്രശ്നങ്ങളും അവർ അനുഭവിക്കുന്നുണ്ട്.യാത്രയിലെ സാഹസികതയെക്കുറിച്ചും യാത്ര തനിക്ക് ഉണ്ടാക്കിയ മാറ്റത്തെക്കുറിച്ചും യാത്രിക രേഖപ്പെടുത്തുന്നു. ''ഈ യാത്ര എല്ലാ അർത്ഥത്തിലും എനിക്കൊരു ഹിമാലയൻ യാത്രയായിരുന്നു. പന്ത്രണ്ടു വർഷത്തെ സാധാരണജീവിതത്തിൽനിന്നു നേടുന്നതിലെത്രയോ അധികം അനുഭവപാഠങ്ങൾ രണ്ടുമാസത്തെ യാത്രയിൽനിന്നു ഞാൻ പഠിച്ചു. ഇക്കോളജിയേക്കാളും സോഷ്യോളജിയെക്കാളും പരുക്കൻ ജീവിതപാഠങ്ങളാണ് ഞാൻ നന്നായി പഠിച്ചതെന്നു തോന്നുന്നു. വഴിവക്കിലെ പെട്ടിക്കടയിൽനിന്ന് ഭക്ഷണംകഴിക്കാൻ, പീടികത്തിണ്ണയിലും ചായക്കടയിലും അന്തിയുറങ്ങാൻ, അപരിചിതരുടെ സൈക്കിളിന്റെ പിന്നിലും ലോറിയിലുമൊക്കെ കയറി യാത്രചെയ്യാൻ, റിസർവേഷനില്ലാത്ത ട്രെയിനിൽ ഇടനാഴിയിലെ പെട്ടിയിൽ കുത്തിയിരുന്ന് ഉറങ്ങാൻ, രോഗങ്ങളെ ചെറുക്കാൻ, സ്വന്തം ഭാരം സ്വയം ചുമക്കാൻ, മര്യാദക്കാരോടും മര്യാദയില്ലാത്തവരോടും പെരുമാറാൻ, സ്വയം സൂക്ഷിക്കാൻ, തനിച്ചിരിക്കാൻ, പോരേ, മറ്റൊരാളാവാൻ ഇത്രയൊക്കെ പോരേ? ഒക്കെ പ്രായോഗികജീവിതപാഠങ്ങൾ.''[43]

യാത്ര സ്ത്രീസ്വത്വത്തെത്തന്നെ അടിമുടി മാറ്റിമറിക്കുകയാണ്. രണ്ടുമാസത്തെ ഒറ്റയ്ക്കുള്ള യാത്രകൊണ്ട് താൻപഠിച്ച ജീവിതപാഠങ്ങൾ തന്നെ മറ്റൊരാളാക്കി മാറ്റുകയായിരുന്നു എന്നാണ് അവർ പറയുന്നത്. കാട്ടിനുള്ളിലെ ജീവിതത്തിന്റെ താളം വേറെയാണ്. ആ താളം തന്റേതാക്കിമാറ്റാൻ യാത്രികയ്ക്ക് സാധിക്കുന്നുണ്ട്. അനുഭവങ്ങളുടെ, ഭൂതകാലങ്ങളുടെ മാറാപ്പ് പേറാത്ത ഒരു സഞ്ചാരിക്ക്

മാത്രമേ വളരെദൂരം, വളരെനേരം പോകാനാവൂ. സാക്ഷിയായി നിരീക്ഷിക്കുക എന്ന പ്രവർത്തനത്തിലൂടെ യാത്രികയും പോയ ഇടവും മാത്രമെ മനസ്സിലുണ്ടാവൂ. അതാണ് പിന്നീട് എഴുത്തായി രൂപപ്പെടുന്നത്. കാടും മലയും പുഴയും തന്ന ഐന്ദ്രികാനുഭൂതി യാത്രികയെത്തന്നെ മറ്റൊരാളാക്കിമാറ്റുന്നു.

യാത്രയുടെ മീഡിയം ശരീരം മാത്രമല്ലെങ്കിലും ശരീരത്തിന് യാത്രയിൽ നല്ല പങ്കാളിത്തമുണ്ട്. സ്ത്രീശരീരമാണ് പലപ്പോഴും യാത്രയ്ക്ക് തടസ്സമായി നിൽക്കുന്നത്. എന്നാൽ അത്തരം ഒരു സ്ത്രീശരീരവും പേറിക്കൊണ്ടാണ് വനപാലകരുടെ സഹായത്താൽ അവർ മലകയറുന്നത്.

യഥാർഥസഞ്ചാരി അലഞ്ഞുതിരിയുന്നയാളാണ്. ആഹ്ലാദങ്ങളും പ്രലോഭനങ്ങളും കൂടിച്ചേർന്ന് കടമകളില്ലാതെ അലഞ്ഞുതിരിയുക. ഈ അലഞ്ഞുതിരിയലിനിടയിലാണ് താൻ തന്റെതന്നെ സ്വത്വത്തെ കണ്ടെത്തുന്നത്. നിയന്ത്രണങ്ങളും തടസ്സങ്ങളുമില്ലാത്ത ഒരുലോകത്ത് കാഴ്ചയ്ക്കും സമീപനത്തിനും ഒരു സ്വാഭാവികമായ ഒഴുക്ക് ഉണ്ടാവുന്നു. ആ ഒരു ഒഴുക്കുതന്നെയാണ് സ്വന്തം കാഴ്ചപ്പാടായി രൂപംകൊള്ളുന്നത്. അന്യരുടെ ജീവിതത്തെ തന്റെ ജീവിതവുമായി ചേർത്ത് വായിക്കുകയാണവർ. ‘‘അന്യരായ മനുഷ്യരുമായി ഇടപഴകിയപ്പോൾ അവരുടെയൊക്കെ ജീവിതാനുഭവങ്ങൾ എന്റേതായി മാറിയതുപോലെ കണ്ണീരും നോവും ചിരിയും കലർന്ന കഥകൾ.’’[44]

നാഗരികയായ ഒരു സ്ത്രീ പ്രാഥമികാവശ്യങ്ങൾക്കുകൂടി സൗകര്യമില്ലാത്ത കാടിനുള്ളിൽ രണ്ടുമാസം യാത്രചെയ്ത് സാഹചര്യങ്ങൾക്കനുസരിച്ച് മാറുകയായിരുന്നു. സാഹചര്യങ്ങളോട് പെട്ടെന്ന് ഇണങ്ങാൻ സ്ത്രീക്ക് സാധിക്കും. ‘‘ഇന്നലെ രാത്രി ചായക്കടയിലാണ് ഉറങ്ങിയത്. പൈൻമരപ്പലകകൾകൊണ്ട് നിർമ്മിച്ച കെട്ടിടം. രണ്ടുനിലയിലാണ്. താഴെ ആടുമാടുകൾക്കും വിറകിനും ഇടം. മുകളിലും മനുഷ്യവാസം പതിവില്ല. അതുകൊണ്ടുതന്നെ ഉള്ളിൽ കട്ടിലില്ല. മെത്തയില്ല.....കമ്പിളി തുടങ്ങിയ അത്യാവശ്യസാധനങ്ങളൊന്നുമില്ല. ഒരു നാറിയ ചാക്ക്

തറയിൽവിരിച്ച് അതിനുമുകളിൽ സ്ലീപ്പിങ്ങ് ബാഗ് നിവർത്തി കൊണ്ടുവന്ന വസ്ത്ര മൊക്കെ ഒന്നിനുമുകളിൽ ഒന്നായി ധരിച്ചുകിടന്നു. മഴയത്തുപോലും വിറക്കുന്ന ഞാൻ, തണുപ്പു പൂജ്യം ഡിഗ്രിക്കു താഴേക്കുപോകുമ്പോൾ എങ്ങനെ വിറയ്ക്കുന്നു ണ്ടാകുമെന്ന് ഊഹിക്കാമല്ലോ. കുത്തിയിരുന്ന് നേരംവെളുപ്പിച്ചു.''[45]

ഇത്തരമൊരു പ്രതിസന്ധിയെ തരണംചെയ്യാൻ സ്ത്രീക്ക് സാധിച്ചത് യാത്ര യോടുള്ള അമിതമായ താല്പര്യവും മനഃക്കരുത്തുമാണ്. ഇത്തരം ഒരു സാഹചര്യ ത്തിൽ എന്തിന് ഒറ്റയ്ക്ക്പോയി എന്ന പൊതുബോധത്തെ തകർക്കുന്ന വിധത്തി ലായിരുന്നു സുജാതാദേവിയുടെ യാത്രാനുഭവങ്ങൾ.

``ചൂളം പിൻവലിയുന്ന കാറ്റ്, തണുപ്പിന്റെ ചില്ലുകൾ വാരിയെറിഞ്ഞ് കുത്തിനോവിക്കുന്ന മഴ, ഇരുളും മഞ്ഞും പെയ്തിറങ്ങുന്ന പൈൻമരക്കാടുകൾ, ഗതികിട്ടാത്ത ഒരാത്മാവിന്റെ കുറവ് തീർക്കാനെന്നപോലെ ഈ കാറ്റിലൂടെ, മഴയി ലൂടെ ഞാനൊരു രണ്ടു ഫർലോങ് പോയി. ഇത്തിരിമറവുള്ള ഒരിടംതേടി. കക്കൂസും കുളിമുറിയുമൊന്നും അത്യാവശ്യങ്ങളിൽപ്പെടുന്ന ഭൂവിഭാഗങ്ങളല്ലല്ലോ ഇതൊന്നും.''[46]

പോയ ഇടം തന്റേതാക്കി മാറ്റുന്നതോടൊപ്പം സാഹചര്യത്തോട് പൊരുതി ജീവിക്കാനുള്ള കരുത്തും നേടിയെടുക്കുകയാണിവിടെ യാത്രിക. താൻ അതുവരെ എന്തായിരുന്നു അതിൽനിന്ന് വ്യത്യസ്തമായ ഒരു സ്വത്വമാണ് യാത്രയിലൂടെ രൂപ പ്പെടുന്നത്. ഓരോ യാത്രയും തന്നിലെത്തന്നെ അപരത്വത്തെ പുറത്ത് കൊണ്ടുവ രുകയാണ് ചെയ്യുന്നത്. കാഴ്ചകളെ കാഴ്ചപ്പാടുകളാക്കി അവതരിപ്പിക്കാനും അത് സ്വന്തം സമീപനങ്ങൾക്കനുസരിച്ച് ആവിഷ്കരിക്കാനും ഓരോ യാത്രികയ്ക്കും സാധിക്കുന്നുണ്ട്. യാത്രാവസാനത്തിൽ അവർതന്നെ പറയുന്നുണ്ട്: ഇത്രയും കാലത്തെ ജീവിതത്തിൽനിന്നും വ്യത്യസ്തമായ ഒരു പാഠമാണ് ഈ യാത്രാനു ഭവം നൽകിയത്. അത് ഒറ്റക്കുള്ള യാത്ര ആയതുകൊണ്ടുമാത്രം.

### 4.5.3 കാടും ജൈവികതയും

കാടിന്റെ ജൈവികത തിരിച്ചറിയുകയും സർക്കാറിന്റെ പ്രകൃതിവനസംരക്ഷ ണത്തെ പലയിടങ്ങളിലും വിമർശിക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീയും പ്രകൃതിയും ഇവിടെ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു.''ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീയെപ്പോലെ പ്രകൃതിയും ഗ്രാമങ്ങളുടെ കടന്നാക്രമണത്തിൽ ക്ഷീണിച്ചു വരുന്നു. അരിച്ചരിച്ചു മുകളിലേക്കു കയറുന്ന ജനവാസകേന്ദ്രങ്ങൾ എവറസ്റ്റിന്റെ മുടിവരെ എത്താത്തത് ഉരുകാത്ത മഞ്ഞ് അവിടെ തമ്പടിച്ചിരിക്കുന്നതുകൊണ്ടുമാ ത്രമാണ്. കലപ്പയുന്തി കൃഷിഭൂമി മുകളിലേക്കു കയറ്റുന്തോറും കാടുകൾ ആകാശ ത്തേക്ക് അപ്രത്യക്ഷമാവുന്നു. ഈ ഹിമാലയൻ ഗ്രാമങ്ങൾ ഇങ്ങനെ വളർന്നുവിക സിച്ചാൽ ഹിമാലയം ബാക്കിയുണ്ടാവുമോ?''[47]

എന്നാൽ അത്തരം ആളുകളുടെ പുനരധിവാസത്തിനുള്ള സ്ഥലംകണ്ടെ ത്താൻ സർക്കാർ ശ്രമിക്കുന്നില്ല. കാടിന്റെ മക്കളായ മൃഗങ്ങളെയും പക്ഷികളെയും അതിന്റെ ജൈവികതയോടെ ആവിഷ്കരിക്കുന്നുണ്ട്. ''എത്ര പൂക്കളാണ്, പുഴകളാ ണ്, കൊച്ചുകൊച്ചു നൂറുവെള്ളച്ചാട്ടമുണ്ട് വഴിനിറയെ. അവയൊക്കെ താഴെ ചാടി കുലുങ്ങിക്കുലുങ്ങി ചിരിച്ച് ഓടിപ്പോകുന്നു. ഒക്കെ കൊച്ചു പെൺകുട്ടികളെപ്പോ ലെ, പുഴയിലെ പാറക്കെട്ടിൽ നമ്മുടെ വണ്ണാത്തിയേക്കാളും ഇത്തിരി റിവർചാറ്റ് അഥവാ വെള്ളത്തേപ്പിക്കാൻ ചുവപ്പൻ സ്റ്റാർട്ട് ഇരതേടി നിൽപ്പുണ്ട്. കരിംചുവപ്പു വാലും വയറും നീല ദേഹവും ചിറകുള്ള ഒരുണ്ടക്കിളി തലയിൽ വെണ്ണ പൊത്തി യതുപോലെ അല്പം വെളുപ്പും അടുത്തുതന്നെയുണ്ട്. മുറിവാലൻ ഉണ്ടക്കിളി, വര യൻ ലാഫിങ്ത്രഷ്, മൂളക്കാരൻ നീല ത്രഷ്, കുയിലോളം പോന്ന കിളികൾ, കൊച്ചു നീൽത്താവ, ഖലീജ് എന്ന കാട്ടുകോഴി, തവിട്ടുകോഴി, ഹിമാലയൻ മരം കൊത്തി, ഹിമാലയത്തിലെ അഭിമാനമായ മൊണാൻ (മയിലിന്റെ കൊച്ചെതിരാ ളി)''[48] എന്നിങ്ങനെ എത്രയോതരം പക്ഷികളെക്കുറിച്ച് വിവരിക്കുകയാണ് എൻ.എ. നസീറിന്റെ 'കാട്ടിലെ കിളിക്കൂട്ടം' എന്ന ലേഖനത്തെ അനുസ്മരിപ്പിക്കുംവിധം മനോഹാരിത തിളങ്ങുന്ന ദൃശ്യങ്ങളിലൂടെ വിവരിക്കുന്നു.

കാടിന്റെ മക്കളുടെ ജനജീവിതവും വളരെ ജൈവികതയോടെ വീക്ഷിക്കുന്നു. ''അതിമനോഹരമായ കാടിന്റെ നടുവിലെ ദുരിതമയമായ ജനസ്ഥലിയാണ് തലൂക്കാ. മനുഷ്യരുടെയും മൃഗങ്ങളുടെയും മുഖത്ത് നിറഞ്ഞുകണ്ട ഭാവം അസംതൃപ്തിയുടേതോ വിശപ്പിന്റേതോ? ഒരുണക്ക ചപ്പാത്തിക്കഷണം വായിൽവെക്കുമ്പോഴേക്കും ചുറ്റും വന്നുനിറയുന്ന കുട്ടികളുടെയും നായ്ക്കളുടെയും കണ്ണിൽ ഒരേഭാവം.''[49] ഇത്തരത്തിൽ ആളുകളുടെ ദൈന്യത ആവിഷ്കരിക്കുന്നതോടൊപ്പം സർക്കാറിനെ വിമർശിക്കുന്നുമുണ്ട് പല സന്ദർഭങ്ങളിലും.

അവിടത്തെ സ്ത്രീകളുടെ ജീവിതം അതിലും ദൈന്യതനിറഞ്ഞതായിരുന്നു. ജീവിതക്ലേശങ്ങളേക്കാളും പാരമ്പര്യത്തിന്റെ കനത്ത ചങ്ങലയാണിവരെ ബന്ധിച്ചിരിക്കുന്നത്. പണി ചെയ്യാനായിമാത്രം ജനിച്ചവരായിരുന്നു അവിടത്തെ സ്ത്രീ. പുലരുംമുമ്പ് കാട്ടിലേക്ക് കുട്ടയുമായി പോകുന്ന സ്ത്രീ നടുനിവർത്തുന്നത് രാവേറെ ചെന്നതിനുശേഷമാണ്. വിറകുവെട്ടുക, കൃഷിപ്പണി ചെയ്യുക, പുല്ലരിയുക, പച്ചിലവളം ശേഖരിക്കുക, വീട്ടുജോലികൾ നോക്കുക, കുഞ്ഞുങ്ങളെ വളർത്തുക, പ്രായമായവരെ പരിചരിക്കുക, ആടുമാടുകളെ പോറ്റുക അങ്ങനെ നീളുന്ന ജോലികൾ സ്ത്രീകൾ തനിച്ച് ചെയ്തുതീർക്കണം.''പുരുഷൻ പലപ്പോഴും സംഘം ചേർന്നിരുന്ന് പുകവലിക്കുന്നു, മദ്യപിക്കുന്നു, ചീട്ടുകളിക്കുന്നു. പാടത്തും പറമ്പിലും കൃഷിചെയ്യുന്നവരെ കണ്ടില്ലെന്നു തന്നെ പറയാം.''[50]

പല സ്ഥലങ്ങളിലായി സ്ത്രീകളുടെ പ്രശ്നങ്ങൾ ആവിഷ്കരിക്കുന്നുണ്ട്. പുരുഷന്റെ ഉത്തരവാദിത്തമില്ലായ്മയെക്കുറിച്ചും വിമർശിക്കുന്നുണ്ട്. ഇവിടെയെല്ലാം സ്ത്രീ പ്രകൃതിയെ നോക്കിക്കാണുന്നത് ഉപഭോഗവസ്തുവായിട്ടല്ല. തന്റെ സ്വത്വത്തിനോട് സമാനമായ തരത്തിലാണ്. അതാണ് പുരുഷയാത്രികരും സ്ത്രീയാത്രികരും തമ്മിലുള്ള സമീപനത്തിന്റെ വ്യത്യാസം. പുരുഷൻ പ്രകൃതിയെ തന്റെ സ്വത്വത്തിന്റെ ഭാഗമായി കാണുന്നില്ല. തന്റെ ആഹ്ലാദത്തെയും സൗന്ദര്യത്തെയും അഭിനിവേശത്തെയും പൂരിപ്പിക്കാനുള്ള സമൃദ്ധമായ ഉപഭോഗവസ്തുവായേ കാണാൻ സാധിക്കുന്നുള്ളു. അതുകൊണ്ട് പുരുഷൻ എങ്ങനെയാണോ

സ്ത്രീയോട് അഭിനിവേശം വെച്ചുപുലർത്തുന്നത് ആ തരത്തിലാണ് പ്രകൃതിയെ സമീപിക്കുന്നത്.

സ്ത്രീ പ്രകൃതിയെ തന്റെ സ്വത്വത്തിന്റെ സമാനമായ പകുതി എന്ന നിലയിലാണ് കാണുന്നത്.

**4.5.4 സ്ത്രീ : ശരീരം, യാത്ര**

വ്യക്തിസ്വത്വത്തെ സമൂഹത്തിൽ ഭൗതികമായി അടയാളപ്പെടുത്തുന്ന ഉപാധിയാണ് ശരീരം. ശാരീരികമായ പ്രത്യക്ഷവൽക്കരണത്തിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീ പുരുഷസമൂഹത്തിൽ സ്വാതന്ത്ര്യം പ്രകടിപ്പിക്കപ്പെടുന്നതും മറച്ചുവെയ്ക്കപ്പെടുന്നതും. സ്ത്രീയെ സംബന്ധിച്ച് സ്ത്രീസ്വത്വത്തിന്റെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും ഭൗതികതയെയും സാമൂഹികപരതയിലേക്ക് പുരുഷനെപ്പോലെ കൊണ്ടുവരുന്നതിൽ താല്ക്കാലികമായെങ്കിലും പ്രതിബന്ധം സൃഷ്ടിക്കുന്നത് ശരീരമാണ്. ശരീരത്തിന്റെ പരിമിതികളെ മാനസികമായി മറികടക്കാനുള്ള ശ്രമമാണ് സർഗ്ഗാത്മകതലത്തിൽ എഴുത്തുകാരികൾ നേടിയെടുക്കുന്നത്.

ഭൗതികവും മാനസികവുമായ അർത്ഥത്തിൽ സ്ത്രീ നേടിയിട്ടുള്ള സ്വാതന്ത്ര്യസമത്വബോധങ്ങളെ ചരിത്രപരമായി തടസ്സപ്പെടുത്തുന്ന പൊതുപ്രതിബന്ധമായിട്ടാണ് സ്ത്രീശരിരം വിലയിരുത്തപ്പെടുന്നത്. സ്ത്രീശരീരം ചരക്കുവൽക്കരിക്കപ്പെടുന്ന ഒരു പൊതുബോധത്തിലാണ് സ്ത്രീ തന്റെ ശരീരത്തെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ഉപാധിയായി പുറത്തെടുക്കുന്നത്. അങ്ങനെ എഴുത്തുകാരികളും അല്ലാത്തവരുമായ സ്ത്രീസമൂഹം, തങ്ങളുടെ വ്യക്തിസ്വാതന്ത്ര്യത്തിനും സ്വത്വസ്വാതന്ത്ര്യത്തിനും മാനസികമായതലത്തിൽനിന്ന് വ്യത്യസ്തമായി ശാരീരികതലത്തിലേക്ക് കൊണ്ടുവന്ന സർഗ്ഗാത്മക ഉപാധിയായിട്ടാണ് സ്ത്രീയാത്രകളെ ഈ പഠനത്തിൽ പാഠ്യവസ്തുവായി ഉപയോഗിച്ചിരിക്കുന്നത്.

യാത്ര എന്ന മാധ്യമത്തിന്റെ പൊതുലക്ഷ്യവും സൂക്ഷ്മ ഉദ്ദേശ്യവും സമഗ്രമായ അർത്ഥത്തിൽ സ്ത്രീ നേടുന്ന വ്യക്തിപരവും സാമൂഹികവുമായ സ്വാതന്ത്ര്യ

മാണ്. ആ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ അവർക്ക് തടസ്സമായി നിൽക്കുന്നതും ശരീരംതന്നെയാണ്. ശരീരത്തിന്റെ പരിമിതികളെ മറികടന്നുകൊണ്ട് സ്ത്രീ നടത്തിയ യാത്രകളെല്ലാം അത്തരത്തിൽ പുരുഷന്മാരേക്കാളുപരി സാഹസികമാവുന്നു. ഭൗതികമായ സാഹസികതക്കപ്പുറം സ്ത്രീകൾ നടത്തുന്ന യാത്രയുടെ മാനസികമായ സാഹസികതയാണ് സ്ത്രീയാത്രാവിവരണങ്ങളെ സംബന്ധിച്ച് സൂക്ഷ്മമായി പഠിക്കേണ്ടതും വിലയിരുത്തേണ്ടതും. സ്ത്രീ ഒറ്റയ്ക്കു നടത്തുന്ന യാത്രകളിൽ അവർ ഉദ്ദേശിക്കുന്നത് തന്റെ ശാരീരികപരിസ്ഥിതിയും ഭൗതികപരിസ്ഥിതിയും ഒന്നാണ് എന്ന സമഭാവനയിലേക്ക് എത്തിച്ചേരുക എന്നതിനാണ്. അങ്ങനെ പ്രകൃതിയിൽനിന്നും പൊതുസമൂഹത്തിൽനിന്നും അന്യവൽക്കരിക്കപ്പെട്ടുപോയ സ്ത്രീകൾ അർത്ഥമാക്കുന്നത് അന്യവൽക്കരണത്തെ പൂരിപ്പിക്കുകയാണ്. അന്യവൽക്കരണത്തിന്റെയും അസമത്വത്തിന്റെയും ഈ ഒഴിഞ്ഞവേളകളെ പ്രകൃതിയോട് തന്റെ ശരീരത്തെ ചേർത്തുകൊണ്ടുള്ള സമീകരണപ്രക്രിയയായി മാറ്റുകയാണ് സുജാതാദേവി.

അവിടെ ഈ പ്രകൃതിയുടെയും പരിസ്ഥിതിയുടെയും പ്രതലത്തെ മാനസികമായും ശാരീരികമായും തന്നിലേക്ക് ഉൾക്കൊള്ളാനുള്ള അദമ്യമായ ആഗ്രഹത്തിന്റെ ഫലമായിട്ടുതന്നെ വേണം ഇത്തരം യാത്രകളെ നോക്കിക്കാണാൻ.

സ്ത്രീക്ക് ചുറ്റും സംരക്ഷിതകവചം ഒരുക്കി സൂക്ഷിക്കപ്പെടേണ്ടവളാണെന്ന ബോധം നിർണ്ണയിച്ചുകൊടുത്ത സാമൂഹികബോധത്തിൽ സ്ത്രീയ്ക്ക് വളർച്ചയും വികാസവും സാധ്യമല്ല. സ്ത്രീയുടെ സ്വത്വത്തെയും സ്വത്വത്തിൽ സംഭവിക്കുന്ന ഭൗതികഘടനയെയും വളർത്തുവാനല്ല പകരം ഇകഴ്ത്തുവാൻ മാത്രമെ ഇത്തരത്തിലുള്ള സുരക്ഷിതത്വബോധവും നിയമങ്ങളും ഇന്നേവരെ പ്രയോജനപ്പെട്ടിട്ടുള്ളൂ. ഒറ്റയ്ക്കും കൂട്ടായും സ്ത്രീകളെ ഭയം ഉള്ളിൽ നിലനിർത്തുന്നവരായി വളർത്താനാണ് സമൂഹം ശ്രമിച്ചുകൊണ്ടിരുന്നത്. അത് ഒരു അധികാരവത്ക്കരണം കൂടിയാണ്. പുരുഷസമൂഹവും പൊതുസമൂഹവും സ്ത്രീയ്ക്ക് മുന്നിൽ തുറന്നിട്ട എല്ലാതരം സുരക്ഷിതത്വബോധത്തിന്റെയും ആന്തരികമായ അടിത്തറയെ ചോദ്യം

ചെയ്യുന്ന ഒന്നായിട്ടാണ് സ്ത്രീ ഒറ്റയ്ക്കുള്ള യാത്രയെ സ്വീകരിച്ചിരിക്കുന്നത്. അങ്ങനെ തന്റെ ശരീരത്തിലും മനസ്സിലും നേടിയെടുത്ത ധൈര്യത്തിന്റെ പ്രകടന മായിട്ടാണ് സുജാതാദേവി തന്റെ അനുഭവങ്ങളെ ആവിഷ്കരിച്ചിരിക്കുന്നത്. ഒരു വ്യക്തിയുടെ വളർച്ച സാമൂഹികമായും വ്യക്തിപരമായും രൂപപ്പെടേണ്ടതാണ്. സ്ത്രീ ഒറ്റയ്ക്കു നടത്തുന്ന യാത്രകൾ വാസ്തവത്തിൽ സമൂഹത്തിനെതിരെയുള്ള വ്യക്തിപരമായ ഒരു സമരപദ്ധതികൂടിയാണ്. പാരമ്പര്യമായി സ്ത്രീയെ തളച്ചിട്ടിരി ക്കുന്ന പൊതുബോധത്തിന്റെ കെട്ടുകൾക്കപ്പുറത്തേക്ക് കടക്കാനുള്ള ഉപാധിയായി ഈ യാത്രാവിവരണങ്ങൾ സ്വീകരിക്കപ്പെടുന്നുണ്ട്.

സുഗതകുമാരിക്ക് എഴുതുന്ന കത്തുകളുടെ രൂപത്തിലാണ് ഓരോ അധ്യാ യവും. ഭാഷയുടെ ലാളിത്യവും വാക്കുകളുടെ ഒഴുക്കും ഈ കൃതിയെ വായനാ യോഗ്യമാക്കിമാറ്റുന്നു. പ്രകൃതിയെയും ജനജീവിതത്തെയും അതുപോലെ ഒപ്പിയെ ടുക്കാൻ ഒരു സ്ത്രീ ആയതുകൊണ്ടു മാത്രമാണ് സാധിച്ചത്. മാത്രവുമല്ല കെട്ടുപാ ടുകളില്ലാത്തവിധം തനിച്ചുള്ള യാത്രയായതുകൊണ്ടുതന്നെ തന്റെ ജീവിത ത്തെയും ചിന്തകളെയും മാറ്റിമറിക്കുന്ന തരത്തിൽ പുതിയ ഒരു അനുഭവംതന്നെ യാണ് യാത്രികയ്ക്ക് സമ്മാനിച്ചത്. കാടുകളുടെ താളം തേടിപോയ യാത്രിക അനുഭവിച്ചത് കാടിന്റെ താളപ്പിഴകളായിരുന്നുവെങ്കിലും അനുയാത്രയിൽനിന്നും മറ്റ് യാത്രകളിൽ നിന്നും വ്യത്യസ്തമായ ഒരു തലംതന്നെയാണ് ഒറ്റയ്ക്കുള്ള യാത്രകൾ അവതരിപ്പിക്കുന്നത്.

### 4.6 ഔദ്യോഗിക യാത്രകൾ

ഓരോ യാത്രയിലും സഞ്ചാരികൾ ഓരോ ലക്ഷ്യവുമായിട്ടാണ് മുന്നോട്ട് നീങ്ങുന്നത്. സ്വപ്നഭൂമികൾ, തീർത്ഥാടനകേന്ദ്രങ്ങൾ, ഔദ്യോഗികസന്ദർശനങ്ങൾ, സുഹൃദ് സന്ദർശനങ്ങൾ എന്നിങ്ങനെ വ്യത്യസ്തമായ ലക്ഷ്യങ്ങളുണ്ടാവാം. അതു കൊണ്ട് തെരഞ്ഞെടുക്കുന്ന സ്ഥലം യാത്രയുടെ ലക്ഷ്യം എന്നിവയ്ക്കനുസരിച്ച് യാത്രയും വ്യത്യസ്തമാവുന്നു. ഔദ്യോഗികമായി എന്തെങ്കിലും ആവശ്യം നിറവേ

റ്റാനായി പോകുന്ന യാത്രകളാണ് ഔദ്യോഗികയാത്രകൾ. വെറും സ്ഥലംകാണുക എന്ന ലക്ഷ്യത്തിനപ്പുറത്തേക്കുള്ള ആവശ്യങ്ങളാണ് ഔദ്യോഗികയാത്രകളെ നയിക്കുന്നത്. യാത്രചെയ്യാനുള്ള പ്രവണത ഇന്ന് കൂടിക്കൂടിവരികയാണ്. സമൂഹത്തിനുണ്ടായ ഈ മാറ്റം യാത്രയുടെ സ്വഭാവത്തെയും മാറ്റിമറിച്ചു. വർഷങ്ങൾക്കുമുമ്പ് വ്യക്തിജീവിതത്തിൽ ഇത്തരം യാത്രകൾ കുറവായിരുന്നെങ്കിൽ ഇന്ന് യാത്രകൾ സർവ്വസാധാരണമാണ്. ഇപ്രകാരം ഔദ്യോഗിക യാത്രകളിൽപ്പെടുന്ന ചില കൃതികൾ പരാമർശവിധേയമാക്കുകയും മാധവിക്കുട്ടിയുടെ 'കേരളസഞ്ചാരം' എന്ന കൃതി വിശദപഠനത്തിന് വിധേയമാക്കുകയും ചെയ്യുന്നു.

കെ.എ.ബീനയുടെ 'ബീന കണ്ട റഷ്യ', ബോബി അലോഷ്യസിന്റെ 'സ്വപ്നം നിലച്ച റഷ്യയിൽ' വി.വി. കനകലതയുടെ തിരുവനന്തപുരം ബർലിൻ ഡയറി, ജ്യോതിർമയി ശങ്കരന്റെ 'ഉത്തരേന്ത്യൻ യാത്രാക്കുറിപ്പുകൾ', കവിതാബാലകൃഷ്ണന്റെ 'ആർത്തേക്ക് അനുഭവങ്ങൾ' മുതലായവ ഈ വിഭാഗത്തിൽപ്പെടുന്ന ചില കൃതികളാണ്.

റഷ്യയിൽ നടന്ന കുട്ടികളുടെ അഖിലലോകക്യാമ്പിൽ ഇന്ത്യൻ പ്രതിനിധിയായി പങ്കെടുത്ത ബീനയുടെ ജിജ്ഞാസയും ആവേശവും നിറഞ്ഞ സഞ്ചാരകൃതിയാണ് 'ബീന കണ്ട റഷ്യ'. റഷ്യൻ സാഹചര്യങ്ങളോട് ബീന പെട്ടെന്ന് പൊരുത്തപ്പെടുന്നതുകൊണ്ടുതന്നെ സമയക്രമത്തിനുള്ളിൽ സംവിധാനം ചെയ്ത യാത്രയായിട്ടുകൂടി പിന്നിട്ട വഴികൾ ഓരോന്നും മനസ്സിൽ രേഖപ്പെടുത്തി അനുവാചകർക്ക് പകർന്നുനൽകുന്നു. ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ബീനയ്ക്ക് റഷ്യ കാണാനവസരമുണ്ടാകുന്നത്. 1977-ൽ ആണ് ബീനയുടെ റഷ്യയാത്ര. കൈയ്യടക്കമുള്ള ഭാഷയാണ് ബീനയുടേത്. റഷ്യയിൽ പുരുഷമേധാവിത്വമല്ല, സ്ത്രീ-പുരുഷസമത്വമാണ് ഉള്ളതെന്ന് ബീന മനസ്സിലാക്കുന്നുണ്ട്. അവിടത്തെ കുട്ടിയുടെ കാഴ്ചപ്പാടിൽനിന്ന് ഭിന്നമായ അഭിപ്രായമാണ് ബീന പ്രകടിപ്പിക്കുന്നത്. ''ഒരു കുട്ടി വളർന്നുവരുമ്പോൾത്തന്നെ അവന്റെ വാസനയ്ക്കൊത്ത് വളരാ

നുള്ള സൗകര്യങ്ങൾ റഷ്യയിലുണ്ട്, പ്രാഥമിക വിദ്യാഭ്യാസം റഷ്യയിൽ നിർബന്ധ മാണ്. ഏഴു വയസ്സുള്ളവൻ കിന്റർഗാർട്ടനിൽ പഠിക്കണം. ഈ കിന്റർഗാർട്ടനുക ളിൽ കുട്ടികളുടെ കായികം, ബുദ്ധിപരം, ധാർമ്മികം തുടങ്ങിയ അനേകം കഴിവു കൾ വികസിപ്പിക്കാൻവേണ്ട സൗകര്യമുണ്ട്.''[51] ഇപ്രകാരം വസ്തുനിഷ്ഠത ഈ സഞ്ചാരകൃതികളുടെ സവിശേഷതയാണ്.

ബീനയുടെ റഷ്യൻ പര്യടനത്തിലൂടെ 1977-ലെ സോവിയറ്റ് റഷ്യയുടെ ചിത്രം പെൺവീക്ഷണത്തിൽ സാഹിത്യത്തിനു ലഭിച്ചു. ഔപചാരികമായ യാത്ര യുടെ നിയന്ത്രണങ്ങളുണ്ടായിരുന്നെങ്കിലും, പ്രകൃതിദൃശ്യങ്ങൾ, റഷ്യയുടെ സാംസ്കാരിക സവിശേഷതകൾ, ഭക്ഷണരീതി, വിദ്യാഭ്യാസ ഗതാഗതസംവിധാന ങ്ങൾ എന്നിവ ബീന കൃത്യമായി രേഖപ്പെടുത്തുന്നു. ലോകത്തിന്റെ നാനാഭാഗങ്ങ ളിൽനിന്നുമെത്തിയ കുട്ടികൾ ഒരു സമൂഹമായി മാറുന്ന കാഴ്ച ബീനയുടെ യാത്രാവിവരണത്തിലുണ്ട്. സമൂഹത്തിൽ ആയിരിക്കുമ്പോഴും തന്റെ കാഴ്ചകളെ തന്റേതുമാത്രമാക്കി മാറ്റാൻ ബീനയ്ക്ക് സാധിക്കുന്നുണ്ട്.

കായികപരിശീലനത്തിനായി റഷ്യയിലെത്തുന്ന ബോബിയുടെ റഷ്യൻ കാഴ്ചകളാണ് 'സ്വപ്നം നിലച്ച റഷ്യയിൽ'. പുനത്തിൽ കുഞ്ഞബ്ദുള്ളയും (വോൾഗയിൽ മഞ്ഞുപെയ്യുമ്പോൾ) ബോബി അലോഷ്യസും ഒരേകാലത്താണ് റഷ്യ സന്ദർശിക്കുന്നത്. കണ്ടിരിക്കുന്ന ആളുകളും കാഴ്ചകളുമെല്ലാം ബാഹ്യാ ർത്ഥത്തിൽ ഒന്നുതന്നെയാണ്. എന്നാൽ കാഴ്ചകൾ കാഴ്ചപ്പാടുകളായി മാറു മ്പോൾ ഒരു സ്ത്രീനോട്ടവും പുരുഷനോട്ടവും തമ്മിലുള്ള വ്യത്യാസം മനസ്സിലാ ക്കാൻ സാധിക്കും.

പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സ്ത്രീനോട്ടങ്ങൾ ബോബിയുടേ തിൽനിന്ന് വളരെ വ്യത്യസ്തമാണ്. മദ്യപിക്കുന്ന യുവതികളെയും ടിക്കറ്റെടുത്തു കൊടുത്താൽ രാവിലെവരെ കമ്പനിതരാമെന്നു പറയുന്ന സ്ത്രീകളെയുമാണ് പുന ത്തിൽ കുഞ്ഞബ്ദുള്ള കാണുന്നത്. ഒരു സ്ത്രീ കുലീനയാണെന്ന് പുനത്തിൽ

കുഞ്ഞബ്ദുള്ള നിശ്ചയിക്കുന്നത് ഇപ്രകാരമാണ്. ''ഹെർമിറ്റേജിലൂടെ നടക്കുമ്പോൾ ഒരു പെൺകുട്ടി ഞങ്ങളെ പരിചയപ്പെടാൻ വന്നു. പേര് പലീന. കാഴ്ചയിൽത്തന്നെ അവൾ കുലീനയാണെന്ന് തോന്നി. റഷ്യൻ പെൺകുട്ടികളിൽ ഒരിക്കലും കാണാത്ത നാണം അവളുടെ മുഖത്ത് തെളിഞ്ഞുകണ്ടു. നുണക്കുഴികളുമുണ്ട്.''[52]

''നാണം കുണുങ്ങികളായ, തൊട്ടാവാടികളായ, വാതിലിനു പിന്നിൽ മറഞ്ഞുനിന്ന് കാലുകൊണ്ട് ചിത്രംവരയ്ക്കുന്ന സ്ത്രീകളാണ് കുലീനകൾ എന്നാണ് ഇദ്ദേഹം കരുതുന്നത്. ചില പരാമർശങ്ങൾ ഇപ്രകാരമാണ്. 'വിശ്വസുന്ദരിയുടെ കഴുത്തുപോലെ നീണ്ട് മനോഹരമായ പാത്രത്തിന്റെ പിടി', 'വരണ്ട മുലകൾപോലുള്ള ചീസിന്റെ കഷണങ്ങൾ''[53] ഇത്തരം പരാമർശങ്ങൾ സ്ത്രീയാത്രാവിവരണങ്ങളിൽ കാണാൻ കഴിയില്ല.

മദ്യപിച്ച് ലക്കുകെട്ട് വഴിയിൽ വീണുകിടക്കുന്ന സ്ത്രീകളെക്കുറിച്ച് ബോബിയും എഴുതുന്നുണ്ട്. ഒന്നരവർഷത്തെ പരിശീലനത്തിനിടയിൽ ഇത്തരം കാഴ്ചകൾ ബോബിയെ സങ്കടപ്പെടുത്തിയിരുന്നു.

റഷ്യക്കാർക്ക് ഏറ്റവും പ്രധാനപ്പെട്ട ദേശീയ ആഘോഷങ്ങൾ മാർച്ച് എട്ടിലെ വിമൻസ് ഡെയും മെയ് ഒൻപതിലെ വിക്ടറി ഡേയുമാണ്. സ്ത്രീകൾക്ക് ആഘോഷിക്കാനും ഉല്ലസിക്കാനുമുള്ള ദിവസമാണ് വിമൻസ് ഡേ. അന്ന് വഴിയോരങ്ങളിൽ പുരുഷന്മാരെ കണ്ടെത്തുക പ്രയാസം.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീസ്വാധീനം വളരെയധികമാണ് റഷ്യയിൽ. ''കണ്ടക്ടർമാരും ഡ്രൈവർമാരും 99 ശതമാനവും സ്ത്രീകളാണ്. റഷ്യയുടെ സാമൂഹ്യജീവിതത്തിൽ എല്ലായിടത്തുംതന്നെ സ്ത്രീകളുടെ സ്വാധീനം കനത്തതാണ്. ചന്തകളിലും സൂപ്പർമാർക്കറ്റുകളിലുമൊക്കെ ചൂണയുള്ള സ്ത്രീകൾ മാത്രം. വാഹനം ഓടിക്കുന്നവരായാലും നഗരസഭയുടെ തൂപ്പുകാരായാലും മഹാഭൂരിപക്ഷവും സ്ത്രീകൾതന്നെ.''[54]

പരിശീലനത്തിനുവേണ്ട സമയം പരിമിതമാക്കിയല്ല ബോബി യാത്രചെയ്യുന്നത്. ഔദ്യോഗിക യാത്രയ്ക്കിടയിലും കാഴ്ചകളെ സ്വാഭാവികമായി നിരീക്ഷിക്കാൻ ബോബിയ്ക്കാവുന്നുണ്ട്. റഷ്യക്കാരുടെ സ്നേഹവായ്പിനെക്കുറിച്ച് ബോബി തുറന്നെഴുതുന്നു. ഒരു സാഹിത്യകാരി ആയിരുന്നില്ല ബോബി. എന്നിട്ടും ഭാഷയുടെ ലാളിത്യം കൃതിയെ സാഹിത്യഗുണമുള്ളതാക്കുന്നു. താൻ കണ്ടതും അനുഭവിച്ചതും ആത്മാർത്ഥതയോടെ മറ്റുള്ളവരെ അറിയിക്കാനുള്ള പ്രവണതയാണ് ഇത്തരം കൃതിക്ക് രൂപം നൽകാൻ കാരണമായത്. ഒരു ഔദ്യോഗികയാത്രയായിട്ടും തന്റെ കാഴ്ചയിൽനിന്ന് ആരെയും മാറ്റിനിർത്താൻ ബോബി ശ്രമിക്കുന്നില്ല. സ്ഥലം കാണാനായി പോയ ഒരു യാത്രികയുടെ യാത്രാവിവരണഗ്രന്ഥം പോലെത്തന്നെ അനുഭവപ്പെടുകയാണ് ഈ ഗ്രന്ഥം.

### 4.6.1 കേരളസഞ്ചാരം-മാധവിക്കുട്ടി

1976-ലെ അടിയന്തിരാവസ്ഥക്കാലത്ത് കേരളത്തിലെ വിനോദസഞ്ചാരത്തിന് സാധ്യമായ സ്ഥലങ്ങൾ കണ്ടെത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ മാധവിക്കുട്ടിയെ നിയോഗിച്ചു. ആ ഒരു യാത്രയാണ് കേരളത്തെ ഒരു കണ്ണാടിയിലെന്നപോലെ നമുക്ക് കാണിച്ചുതരുന്നത്. വർഷങ്ങൾക്കുമുമ്പുള്ള കേരളത്തിന്റെ രാഷ്ട്രീയസാംസ്കാരിക നിലകളാണ് മാധവിക്കുട്ടി നമുക്ക് മുന്നിലവതരിപ്പിക്കുന്നത്.

ജനജീവിതത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ അടിസ്ഥാനഘടകങ്ങളിലുണ്ടാവുന്ന മാറ്റങ്ങൾ സാംസ്കാരികജീവിതത്തിലും സ്വാധീനം ചെലുത്തുന്നു. ഇത്തരം മാറ്റങ്ങൾ കേരളസഞ്ചാരത്തിലൂടെ നമുക്ക് വായിച്ചറിയാം. കേരളത്തിന്റെ രാഷ്ട്രീയസാംസ്കാരികതലം തന്നെയാണിവിടെ ആവിഷ്കരിക്കുന്നത്. കേരള ഹരിജനക്ഷേമവകുപ്പുമന്ത്രി വെള്ള ഈച്ചരനെക്കുറിച്ചും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന സി.അച്യുതമേനോനെക്കുറിച്ചും ആഭ്യന്തരമന്ത്രിയായിരുന്ന കെ.കരുണാകരനെക്കുറിച്ചും വിശദമായ പരാമർശങ്ങളുണ്ട്. 1936-ൽ ക്ഷേത്രപ്രവേശനവി

ഉംബരം നടന്നു. 1976 ആയിട്ടും അമ്പലങ്ങൾ എല്ലാ മതസ്ഥർക്കുംവേണ്ടി തുറന്നു കൊടുത്തിരുന്നില്ല. നമ്മൾ പരമ്പരാഗതമായി പുലർത്തിപ്പോരുന്ന സങ്കുചിതചിന്ത കളും അന്ധവിശ്വാസങ്ങളും വരുംതലമുറയെ അർത്ഥമില്ലാത്ത ക്രൂരതയിലേക്കും വർഗീയകലാപങ്ങളിലേക്കും തള്ളിവിടുമെന്ന മാധവിക്കുട്ടിയുടെ കാഴ്ചപ്പാട് ഒരു പ്രവചനമെന്നതുപോലെ ഇന്ന് യാഥാർത്ഥ്യമായിത്തീർന്നിരിക്കുകയാണ്.

കേരളത്തിലെ അമ്പലങ്ങളോട് മാധവിക്കുട്ടിക്ക് ആദരവ് തോന്നിയിരുന്നില്ല. കാരണം അമ്പലങ്ങൾ മിക്കതും തിരക്കേറിയതാണ്. ''പിറകിൽനിന്ന് എന്നെ തള്ളുന്ന ജനങ്ങൾക്കിടയിൽനിന്ന് ഞാൻ ശ്വാസംകഴിക്കാൻപോലും പാടുപെട്ടു. പുരുഷന്മാർക്ക് ഷർട്ട് ധരിച്ച് ഉള്ളിൽ പ്രവേശിക്കാൻ പാടില്ല. ഇതു കൂടുതൽ വിഷ മമുണ്ടാക്കുന്നു. പുരുഷന്മാർ തങ്ങളുടെ വിയർപ്പുനിറഞ്ഞ മാറിടംകൊണ്ട് ഞങ്ങളുടെ പിറകുവശത്ത്, ശ്രീകോവിലിനു മുന്നിലുണ്ടാകുന്ന തിരക്കിനിടയിൽ ഉരയ്ക്കുന്നു. തടിയനും ബലഹീലനുമായ ഒരാൾ ഒരു തടിച്ച സ്ത്രീയുടെ മുതുക ത്തേക്ക് ചാഞ്ഞുകിടക്കുന്നു. ഞാൻ ഇനി ഒരിക്കലും ക്ഷേത്രങ്ങൾ സന്ദർശിക്കുക യില്ല എന്നു പ്രതിജ്ഞചെയ്യുന്നു.''[55]

ഈ കാഴ്ച ഒരു സ്ത്രീയ്ക്കുമാത്രമേ കാണാൻ സാധിക്കൂ. ഇത്തരത്തിൽ പ്രതികരിക്കാനും സ്ത്രീ ആയതുകൊണ്ട് മാത്രമാണ് സാധിക്കുന്നത്. ഔദ്യോഗിക യാത്രയ്ക്കിടയിലും സ്ത്രീ തന്റെ തനത് രീതികൾ പിൻതുടർന്നുപോരുകയാണ് ചെയ്യുന്നത്. യാത്രയ്ക്കിടയിലെ ഓരോ അനുഭവങ്ങളും പുതിയ പാഠങ്ങളാണ് യാത്രികയ്ക്ക് നൽകിയത്.

### 4.6.2 ഔദ്യോഗികയാത്രയിലെ സ്ത്രീസ്വത്വം

സ്ത്രീ തന്റെ കൃത്യനിർവ്വഹണത്തിൽപ്പോലും തന്റെ തനത് സ്വത്വത്തെ ആവിഷ്കരിക്കാൻ തന്നെയാണ് ശ്രമിച്ചത്. യാത്രായോഗ്യമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുകയാണ് തന്റെ കർത്തവ്യമെന്നിരിക്കിലും അതിനിടയിലെ കാഴ്ചകൾ സ്ത്രൈണഭാവത്തിൽ അവതരിപ്പിക്കുന്നു.

സ്ത്രീയെ ഒരു ലൈംഗികഉപകരണം മാത്രമായാണ് അന്നത്തെ സമൂഹം കണ്ടിരുന്നതെന്നും ഭൂപരിഷ്കരണനിയമത്തെപ്പറ്റിയോ 44-ാം ഭേദഗതിയെപ്പറ്റിയോ പറയണമെങ്കിൽ പുരുഷനെപ്പോലെ വസ്ത്രധാരണം ചെയ്യുകയോ കള്ളത്താടിവെക്കുകയോ ചെയ്യണം. അല്ലെങ്കിൽ സ്ത്രീയുടെ മാറിടത്തിലും അരക്കെട്ടിലും ഒതുങ്ങിനിൽക്കുന്നതായിരിക്കും അവരുടെ ചിന്തകൾ എന്ന് എത്രയോ കാലങ്ങൾക്കു മുമ്പ് വ്യക്തമാക്കുകയായിരുന്നു മാധവിക്കുട്ടി.

കേരളത്തിൽ ഓരോ ഫർലോങ്ങിലും ഒരു കള്ളുഷാപ്പ് അല്ലെങ്കിൽ ചാരായ ഷാപ്പ് കാണാം. മൂന്നെണ്ണം അടിച്ച് നിയന്ത്രണമില്ലാതെ കരയുന്ന കേരളത്തിലെ ആൺവർഗ്ഗങ്ങളെയും മാധവിക്കുട്ടി ആക്ഷേപിക്കുന്നു. ''ഭർത്താവും കൂട്ടുകാരും സന്തോഷത്തോടുകൂടി കുടിച്ചുതുടങ്ങുകയും അവസാനം സ്കൂൾകുട്ടികളെപ്പോലെ തേങ്ങിക്കരഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുമെന്ന് ഒരു സുഹൃത്ത് എന്നോട് പറഞ്ഞിട്ടുണ്ട്. അവർക്ക് അതിന്റെ കാരണങ്ങൾ കേവലം നിസ്സാരങ്ങളാണ്.''[56]

എല്ലാ ഗസ്റ്റ്ഹൗസുകളിലും അവർക്ക് വി.ഐ.പി മുറി അനുവദിച്ചുകൊടുത്തതിനാൽ അതെല്ലാം എയർകണ്ടീഷൻ റൂമുകളായിരുന്നുവെന്നും തന്റെ അലക്കിയ വസ്ത്രങ്ങൾ ഫാനിന് ചുവട്ടിൽ ഉണക്കാനിടാൻ സാധിച്ചില്ലെന്നും സാരി അലക്കി ജനലഴികളിൽ കെട്ടിയിട്ടു എന്നെല്ലാം സ്ത്രീസഹജമായ ഭാഷയിൽ ആവിഷ്കരിക്കുന്നു.

സ്ത്രീകൾ പുറത്ത് യാത്രചെയ്താലും ഇല്ലെങ്കിലും സ്ത്രീകളുടെ സ്വത്വത്തെ നിർണ്ണയിക്കുന്ന മാനസികവും ശാരീരികവും ബാഹ്യവും ആന്തരികവുമായ പ്രക്രിയകളെ ഒരു പരിധിവരെ മനസ്സിൽ സംരക്ഷിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ടാണ് യാത്രയ്ക്കിടയിലും ഭക്ഷണത്തെക്കുറിച്ചും അതിന്റെ പ്രത്യേകതകളെക്കുറിച്ചും വിവരിക്കുന്നത്. യാത്രയ്ക്കിടയിൽ പാചകക്കുറിപ്പുപുസ്തകങ്ങൾ ധാരാളമെഴുതുന്ന മിസ്സിസ് കെ.എം.മാത്യുവിനെ സന്ദർശിക്കുകയും അവരുടെ

പാചകവൈദഗ്ധ്യത്തെക്കുറിച്ച് പറയുകയും ചെയ്യുന്നു. ഭക്ഷണം പാചകംചെയ്യുക, അത് മറ്റുള്ളവരിലെത്തിക്കുക എന്ന കാര്യം സ്ത്രീയുടെ ജൈവികപ്രക്രിയയാണ്. ആ പ്രക്രിയയുടെ ഓർമ്മപ്പെടുത്തൽ തന്നെയാണ് യാത്രയ്ക്കിടയിലെ ഭക്ഷണ ത്തെക്കുറിച്ചുള്ള വിവരണങ്ങളും.

### 4.6.3 സാംസ്കാരിക സവിശേഷതകൾ

സാമൂഹികബന്ധങ്ങൾക്കകത്താണ് സംസ്കാരം നിർമ്മിക്കപ്പെടുന്നത്. സമൂ ഹത്തിന്റെ പൊതുമണ്ഡലത്തിലാണ് സംസ്കാരം രൂപപ്പെടുന്നതും വികസിക്കുന്ന തും. ദേശവും ഭാഷയും സംസ്കാരവും ഇഴപിരിക്കാനാവാത്തവണ്ണം ഇണങ്ങി നിൽക്കുന്നു. അതുകൊണ്ടുതന്നെ ഇവയുടെ സമഗ്രതയെ അടയാളപ്പെടുത്തുന്ന യാത്രാവിവരണകൃതികൾ വായനക്കാർക്ക് സാംസ്കാരിക പുനർനിർമ്മിതിക്കുള്ള സർഗ്ഗാത്മക ഉപാധിയായിമാറുന്നു. അതുകൊണ്ടുതന്നെ ഈ ജനുസ്സ് സാഹിത്യച രിത്രത്തിലും സാമൂഹികചരിത്രത്തിലും ഏറെ പ്രധാനപ്പെട്ടതാണ്.

ചരക്കുകൈമാറ്റവുമായി ബന്ധപ്പെട്ട് പല നാടുകളിൽ ചുറ്റിസഞ്ചരിച്ച കച്ചവ ടക്കാരും അവരുടെ കൂടെപ്പോയ സഹയാത്രികരുമാണ് അന്യരുമായി ഇടപെടു കയും അവരുടെ ഭാഷ ഉൾപ്പെടെയുള്ള ആചാരവിചാരാദികളുടെ അന്യത്വം തിരി ച്ചറിയുകയും ചെയ്തത്. ഉപജീവനത്തിനും അതിജീവനത്തിനുമായി മനുഷ്യൻ സ്വരൂപിച്ചതെല്ലാം സംസ്കാരമാണ്. അതുകൊണ്ടുതന്നെ യാത്രാവിവരണം ദേശച രിത്രസംസ്കൃതിയുടെ ഊട്ടിയുറപ്പിക്കൽ തന്നെയാണ് നടത്തുന്നത്. ഈയൊരു സാംസ്കാരികാന്വേഷണവും മാധവിക്കുട്ടി തന്റെ കൃതിയിൽ നിർവ്വഹിക്കുന്നുണ്ട്.

കേരളത്തിന്റെ സാംസ്കാരികചരിത്രം കാവുകളുടെയും കഴകങ്ങളുടെയും പള്ളിയറകളുടെയും മുറ്റത്ത് നിന്നാരംഭിക്കുന്നു. നൂറ്റാണ്ടുകളിലൂടെ സമൂഹം ആർജ്ജിച്ച വിശ്വാസപ്രമാണങ്ങളും ജീവിതചര്യകളുമാണ് ആ സമൂഹത്തെ സംസ്കാരമായി കരുപ്പിടിപ്പിക്കുന്നത്. ഇത്തരം വിശ്വാസപ്രമാണങ്ങൾ തന്നെയായി

രുന്നു കൊച്ചിക്ക് സമീപമുള്ള ചോറ്റാനിക്കരക്ഷേത്രത്തിലും നിലനിന്നിരുന്നത്. നിരവധി ഭ്രാന്തന്മാർ അവിടെ രോഗശാന്തിക്കായി എത്തിയിരുന്നു.

മുത്തങ്ങയിൽനിന്നും രണ്ട് ഫർലോങ്ങ് അകലെ സ്ഥിതിചെയ്യുന്ന ദേവീ ക്ഷേത്രത്തിലെ മീനുകൾക്ക് തീറ്റകൊടുക്കുന്ന ഒരു ആചാരത്തെക്കുറിച്ച് പറയുന്നു. മീനുകൾക്ക് തീറ്റ കൊടുത്താൽ ശരീരത്തിലെ തടിപ്പുകൾ ഇല്ലാതാകും എന്നാണ് അവരുടെ വിശ്വാസം. ഓരോ വിശ്വാസങ്ങളും ജീവിതരീതികളുമാണല്ലോ സംസ്കാരം. എല്ലാ നിരീക്ഷകരും അന്യസംസ്കാരങ്ങളെ അവലോകനം ചെയ്യുന്നത് സ്വന്തം സംസ്കാരങ്ങൾ പ്രദാനംചെയ്ത പ്രത്യയശാസ്ത്രപരമായ കാഴ്ചപ്പാടുകളിലൂടെയാണ്.

നൂറ്റാണ്ടുകളായി ഒരു പ്രത്യേക കായികസംസ്കാരം കേരളത്തിൽ നിലനിന്നിരുന്നു. ഇവിടത്തെ കലകളിലും സാഹിത്യത്തിലും ഈ സംസ്കാരം നൂറ്റാണ്ടുകളായി സ്വാധീനംചെലുത്തിയിരുന്നു. ഇവിടെ നൂറ്റാണ്ടുകളായി നിലനിന്ന ആയോധനകലയായ കളരിയെക്കുറിച്ചും ചാത്തന്മാരുടെ ബാധ കൂടുന്ന ആചാരവിശ്വാസത്തെക്കുറിച്ചും വിവരിക്കുന്നു.

സാംസ്കാരിക അവലോകനം മാത്രമല്ല ഇത്തരത്തിൽ സംസ്കാരത്തിന്റെ വ്യത്യസ്തതലങ്ങളെ സമീകരിക്കുകകൂടി ചെയ്യുന്നു ഇത്തരം കൃതികൾ. ഔദ്യോഗികയാത്രയായിരുന്നിട്ടും  കാഴ്ച, കേൾവി, സ്പർശം,ഗന്ധം,രുചി ഇവയെല്ലാം യാത്രയിൽ അനുഭവിക്കുകയാണ് മാധവിക്കുട്ടി. സമയബന്ധിതമായി നടത്തുന്ന യാത്രകൾ യഥാർത്ഥത്തിൽ വീട്ടിലോ ജോലിസ്ഥലത്തോ ഇരിക്കുന്നതുപോലെത്തന്നെ ശുഷ്കമായ അനുഭവങ്ങളാവുകയാണ് പതിവ്. എന്നാൽ മാധവിക്കുട്ടിയുടെ കേരളസഞ്ചാരം അങ്ങനെ ശുഷ്കമായി പോവുന്നില്ല. ഓരോ വർത്തമാനനിമിഷത്തിലും മനസ്സുകൊണ്ടുപോയ സ്ഥലത്തെ നിരീക്ഷിക്കുകയാണ് യാത്രിക. ഔദ്യോഗികയാത്രയായിരുന്നിട്ടുകൂടി ഓരോ പ്രദേശത്തിന്റെയും കിട്ടാവുന്നത്ര വിവരങ്ങൾ അവർ ശേഖരിക്കുകയും കണ്ടതും കേട്ടതും അറിഞ്ഞതുമായ വിവര

ങ്ങൾ തന്റെ കാഴ്ചപ്പാടിൽ അവതരിപ്പിക്കുകയുമായിരുന്നു. ഔദ്യോഗികമായ കൃത്യനിർവ്വഹണത്തിന്നാവശ്യമായ കാര്യങ്ങൾക്കൊപ്പം യാത്രയുടെയും സംസ്കാരത്തിന്റെയും പല ഘടകങ്ങൾ തിരിച്ചറിയാനും വിലയിരുത്താനും മാധവിക്കുട്ടിക്ക് സാധിച്ചിട്ടുണ്ട്.

സാംസ്കാരികപ്രവർത്തകയുടെ സൂക്ഷ്മനിരീക്ഷണ പാടവത്തോടെയും ഒരു ചരിത്രകാരിയുടെ ഭൂതകാല അഭിരുചിയോടെയും യാത്രാനുഭവങ്ങളെ വിലയിരുത്തി വിവരിക്കാനും ലേഖികയ്ക്ക് സാധിച്ചിട്ടുണ്ട്.

ഔദ്യോഗികയാത്രകൾക്ക് മേന്മകളും പരിമിതികളുമുണ്ട്. നിശ്ചിതസമയത്തിനുള്ളിലും ചട്ടക്കൂട്ടിനുള്ളിലും സംവിധാനം ചെയ്യപ്പെട്ടവയാണെങ്കിൽത്തന്നെ തന്റെ കർത്തവ്യനിർവ്വഹണത്തിനൊപ്പം ലാഘവത്തോടെ സഞ്ചരിക്കാൻ സാധിക്കുന്നു. യാത്രയുടെ നിയന്ത്രണങ്ങളും തടസ്സങ്ങളും മാധവിക്കുട്ടിക്ക് പ്രശ്നമാകുന്നില്ല. പ്രത്യേക ലക്ഷ്യത്തിൽ അധിഷ്ഠിതമാണ് ഔദ്യോഗികയാത്ര. ലക്ഷ്യസാക്ഷാത്ക്കാരത്തിനൊപ്പം തന്റെ സ്വതന്ത്രമായ കാഴ്ചകൾക്കും നിരീക്ഷണങ്ങൾക്കും തുല്യപ്രാധാന്യം കൽപ്പിക്കാൻ യാത്രികയ്ക്ക് സാധിക്കുന്നുണ്ട്.

വിവിധരാജ്യങ്ങളിലും സംസ്കാരങ്ങളിലും നിലവിലിരിക്കുന്ന ഭരണസംവിധാനത്തെക്കുറിച്ചും തൊഴിൽ സംവിധാനത്തെക്കുറിച്ചും അറിയുന്നതോടൊപ്പം അതിൽ എത്രമാത്രം സ്ത്രീപങ്കാളിത്തം സാങ്കേതികമായി നിൽക്കുന്നുണ്ട് എന്ന അറിവ് ഔദ്യോഗികയാത്രകൾ നൽകുന്നു.

ബോബി അലോഷ്യസിന്റേത് ഔദ്യോഗികയാത്രയായിരുന്നിട്ടും കാഴ്ചകളെ ഔദ്യോഗികം, അനൗദ്യോഗികം എന്ന് വേർതിരിക്കുന്നില്ല. സ്ത്രീ കർമ്മമേഖലയിൽ ഏതുതരം പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും ഔദ്യോഗികമാണ് എങ്കിൽപ്പോലും അത് അതിന്റേതായ തലത്തിൽമാത്രം നിർണ്ണയിക്കുന്നതോ നിശ്ചയിക്കുന്നതോ അവുന്നില്ല. സ്ത്രീയുടെ സ്വതസിദ്ധമായ സൗന്ദര്യബോധവും സൗന്ദര്യവൽക്കരണവും അതിൽ അന്തർലീനമായിരിക്കും.

സാമൂഹികരാഷ്ട്രീയ ഭരണകാര്യങ്ങളുടെ ഉപാധി എന്ന നിലയിലാണ് ഔദ്യോഗികയാത്രകൾ നിശ്ചയിക്കപ്പെടുന്നത്. സ്വതന്ത്രമായ തെരഞ്ഞെടുപ്പും വൈയക്തികമായ അനുഭവസാക്ഷാത്ക്കാരമോഹവും പ്രവർത്തിക്കാത്ത ഇത്തരം യാത്രകൾ ഒരർത്ഥത്തിൽ യാന്ത്രികമാണ്. യാത്രയുടെയും യാത്രാവിവരണത്തി ന്റെയും പരമലക്ഷ്യം സൗന്ദര്യാവിഷ്കാരവും സൗന്ദര്യാനുഭവസ്വീകരണവും ആണെന്നിരിക്കെ ഔദ്യോഗികയാത്രകളിൽ ഇതിൽകവിഞ്ഞൊരു ലക്ഷ്യംകൂടിയു ണ്ട്. അത് വിവരശേഖരണത്തിന്റെ തലത്തിലാണ് ഊന്നുന്നത്. യാത്രാവിവരണ ത്തിന്റെ ദ്വിതീയലക്ഷ്യം സാംസ്കാരിക പുനർനിർമ്മിതിയും സാംസ്കാരിക അവ ലോകനവുമാണ്. സംസ്കാരത്തിന്റെയും സാമൂഹികാവസ്ഥയുടെയും വിവിധങ്ങ ളായ തലങ്ങളെ ചിട്ടയോടെയും ക്രമത്തോടെയും നിരീക്ഷിക്കാനും രേഖപ്പെടു ത്താനും ഔദ്യോഗികയാത്രക്കാവുന്നു.

സർഗ്ഗാത്മകശേഷിയുള്ള എഴുത്തുകാർ ഔദ്യോഗികയാത്രകളിൽ ഏർപ്പെടു മ്പോൾ യാത്രാവിവരണം ഒരേസമയം കലയുടെയും വിദ്യയുടെയും സമാഹൃതരൂപ മായി മാറുന്നു. ആഹ്ലാദത്തിനും സൗന്ദര്യത്തിനുമപ്പുറം സാംസ്കാരികചരിത്ര ത്തിന്റെ സത്യാത്മകമായ തലം രൂപീകരിച്ചെടുക്കാൻ ഏറെ പ്രയോജനകരമാവുന്ന ഒന്നാണ് ഔദ്യോഗികയാത്രകൾ. അത്തരത്തിൽ വൈജ്ഞാനിക വിഭവസമ്പത്ത് ഉൾക്കൊള്ളുന്ന യാത്രാവിവരണകൃതികളായി ഈ മേഖലയിലെ എഴുത്തുകളെ പരിഗണിക്കാവുന്നതാണ്.

യാത്രാവിവരണം ഒരേസമയം വിവരവിനിമയവും വിവരസമാഹരണവും നടത്തുന്നുണ്ട്. അത്തരത്തിൽ ഒരു രാജ്യത്തിന്റെയും സമൂഹത്തിന്റെയും സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവുമായ അഭ്യുന്നതിക്ക് കാരണമായി ത്തീരുന്നുണ്ട് ഇത്തരം യാത്രകൾ. സ്ത്രീകൾ ഈ മേഖലയിൽ ഏർപ്പെടുമ്പോൾ നാലാമത് ഒരുതലത്തിലേക്കുകൂടി ഈ മേഖലയിലെ എഴുത്തും യാത്രാവിവര ണവും വഴിമാറുന്നു. മാധവിക്കുട്ടിയെപ്പോലുള്ള എഴുത്തുകാരികളുടെ ഔദ്യോഗി കയാത്രകൾ സ്ത്രീസ്വത്വത്തിന്റെ മനശാസ്ത്രപരമായ തലത്തെ അപഗ്രഥിക്കുന്നു

ണ്ട്. ഔദ്യോഗികവും അനൗദ്യോഗികവുമായിട്ടുള്ള എല്ലാ ഉത്തരവാദിത്തങ്ങളെയും കലാപരമായിട്ടാണ് സ്ത്രീ സ്വീകരിക്കുന്നതും ആവിഷ്കരിക്കുന്നതും. അത്തരത്തിൽ സ്ത്രീയുടെ സ്വത്വപുനർനിർമ്മിതി ഔദ്യോഗികമായിപ്പോലും നിർവ്വഹിക്കുന്നത് കലാത്മകമായിട്ടാണ് എന്നൊരു പരികല്പനയിലേക്ക് എത്തിച്ചേരാൻ 'കേരളസഞ്ചാരം' എന്ന ഔദ്യോഗിക യാത്രയ്ക്കാവുന്നുണ്ട്.

### 4.7 സംഘയാത്രകൾ

സംഘയാത്രകൾ മിക്കവയും വിനോദസഞ്ചാരങ്ങൾതന്നെയാണ്. എന്നാൽ വിനോദയാത്രകൾ ഉല്ലാസത്തിന് മാത്രം പ്രാധാന്യം കൊടുക്കുമ്പോൾ സംഘയാത്രകൾക്ക് മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങളുമുണ്ടാവും. ലക്ഷ്യഭേദങ്ങൾക്കനുസരിച്ച് യാത്രാവിവരണത്തിലും വ്യത്യസ്തത പ്രകടമാവും. എങ്കിലും ഭൗതികമായ ആഹ്ലാദമാണ് ഇത്തരം യാത്രകളുടെ പ്രധാന ഉദ്ദേശ്യം. കണ്ടക്ടഡ് ടൂർ തന്നെയാണിത്. നിയതമായ സ്ഥലവും സമയവും തീരുമാനിച്ച് മുൻകൂട്ടി നിശ്ചയിച്ച പ്രകാരമാണ് ഇത്തരം യാത്രകൾ സംഭവിക്കുന്നത്. ഇത്തരത്തിൽ സംഘയാത്രക്കായി തെരഞ്ഞെടുക്കുന്ന ഒരേ സ്ഥലംതന്നെ വ്യത്യസ്ത വ്യക്തികൾ കാണുമ്പോൾ അവരുടെ ഉൾക്കാഴ്ചകളിലെ വിഭിന്നത ദർശിക്കാൻ സാധിക്കും. താല്പര്യവും മനസ്സും കാഴ്ചയെ നിയന്ത്രിക്കുന്ന പ്രധാന ഘടകങ്ങളാണ്. മനസ്സിലെ താല്പര്യമാണ് ഓരോ കാഴ്ചയെയും അവബോധത്തോടെ കാണാൻ സഞ്ചാരിയെ പ്രേരിപ്പിക്കുന്നത്.

കെ.എ.ബീനയുടെ ''ചുവടുകൾ'', വി. അബ്ദുൾ ലത്തീഫ് എഡിറ്റ് ചെയ്ത 'കണ്ടെടുക്കാത്ത പറുദീസകൾ' എന്നീ സംഘയാത്രാ കൃതികളാണ് ഇവിടെ പരാമർശിക്കുന്നത്. കുടുംബങ്ങളുടെ ദേശാന്തരഗമനമാണ് 'കണ്ടെടുക്കാത്ത പറുദീസകൾ'.

''ഒരു കൂട്ടമാളുകൾ യാത്ര ചെയ്യുമ്പോൾ പല യാത്രകളാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. മനസ്സുകൊണ്ട് ചേർച്ചയുള്ളവരെങ്കിലും പ്രതിജനഭിന്നമായ കാഴ്ചകളും അനുഭവങ്ങളും സംഘയാത്രകളെ അർത്ഥപൂർണമാക്കുന്നു.''[57]

ആസാം, അരുണാചൽപ്രദേശ്, നാഗാലാന്റ്, മേഘാലയ എന്നീ നാല് സംസ്ഥാനങ്ങളിലേക്കായിരുന്നു ഈ സംഘയാത്ര. ഇതിൽ സ്ത്രീകളും കുട്ടികളും പുരുഷന്മാരും എല്ലാം അടങ്ങുന്നു. എഴുതിത്തെളിഞ്ഞവരും ആദ്യമായി എഴുതുന്ന വരും ഈ കൂട്ടത്തിലുണ്ട്. ഒരേ സ്ഥലംതന്നെ സ്ത്രീയും പുരുഷനും കാണുമ്പോൾ നോട്ടങ്ങൾക്കും സമീപനങ്ങൾക്കും വ്യത്യാസമുണ്ടാകുന്നു. ഓരോ വ്യക്തിയു ടെയും കാഴ്ചകൾക്ക് മാനസികമായ അടുപ്പമുണ്ട്. മനസ്സാണ് ഏത് കാണണം, കണ്ടതിൽ തന്നെ ഏതിനെ ഉൾക്കൊള്ളണം എന്നെല്ലാം തീരുമാനിക്കുന്നത്. ആഹ്ലാദമാണ് ഇത്തരം യാത്രകളുടെ ലക്ഷ്യം.

എല്ലാ യാത്രകളുടെയും ജൈവികമായ പ്രതികരണം ചലനാത്മകമാണ്. എല്ലാ മാനസികഭാവങ്ങളും ഉല്പാദിപ്പിക്കപ്പെടുന്നത് ചലനത്തിൽനിന്നാണ്. എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത് ഉല്ലാസമാണ്. തീർത്ഥയാത്രകളിൽനിന്നും മറ്റു യാത്രകളിൽനിന്നും വ്യത്യസ്തമായി മനസ്സിന്റെ ആഹ്ലാദത്തെ പൂരിപ്പിക്കാൻ മാത്രം ലക്ഷ്യംവെച്ചിട്ടുള്ളതാണ് ഇത്തരം സംഘയാത്രകൾ.

'യാത്രയുടെ പെണ്ണനുഭവങ്ങൾ' എന്ന യാത്രാക്കുറിപ്പെഴുതിയ സാഹയാത്രി കയായ കലിതയ്ക്ക് യാത്ര സ്വയം തിരിച്ചറിയാനുള്ള ഉപാധിയാണ്. നാഗാ ലാന്റിലെ ജനങ്ങളുടെ ജീവിതരീതി, നായ് ഇറച്ചിയുടെ മേന്മ, പുഴു, തവള എന്നി വയെ ഭക്ഷണമാക്കിയ അവരുടെ ശീലങ്ങൾ, കാസിരംഗ നാഷണൽ പാർക്കിലെ കാഴ്ചകൾ എല്ലാം വിശദമാക്കുന്നു. ബ്രഹ്മപുത്രയിലൂടെ മജുലിയിലേക്കുള്ള ജങ്കാർ യാത്രയിൽ സ്ത്രീ ആയതുകൊണ്ടുമാത്രമുള്ള ഒരു പ്രശ്നം വിവരിക്കുന്നു. ജങ്കാറിനുമുകളിൽ കയറിയാൽ ബ്രഹ്മപുത്രയുടെ വിശാലതമുഴുവൻ ആസ്വദിക്കാം. അതിനായി കുറെ പുരുഷന്മാർക്കൊപ്പം കലിതയും ജങ്കാറിനുമുകളിൽ കയറി. എന്നാൽ സ്ത്രീ അതിനുമുകളിൽ കയറാൻ പാടില്ലെന്ന് പറഞ്ഞ് അവരെ ഇറക്കിയ തിനുശേഷം മാത്രം ജങ്കാർ വിട്ടു. ഈ സമയത്ത് പുരുഷന്മാരെല്ലാം ഞങ്ങൾ ഈ നാട്ടുകരേയല്ല എന്ന മട്ടിൽ നിന്നുകളഞ്ഞു എന്നു പറയുന്നുണ്ട്. ഇത് വിവരി

ക്കുന്നതിനിടയിൽ യാത്രയും സ്ത്രീയും തമ്മിലുള്ള അകലത്തെക്കുറിച്ചും പറയുന്നുണ്ട്. ഇതേ സ്ഥലത്തേക്കുള്ള ജങ്കാർ യാത്രയെക്കുറിച്ച് സഹയാത്രികനായ ബിനോയ് പറയുന്നത് ഇപ്രകാരമാണ്. ''ജങ്കാർ പുകയൂതി പുറപ്പെട്ടു. ബോട്ടിൽ പകുതിയിലധികവും സ്ത്രീകൾ ആയിരുന്നു. ആസാമിലെ സ്ത്രീകൾ സുന്ദരികളാണ്.ഗോത്രസ്ത്രീകൾ അതിസുന്ദരികൾ. അവരുടെ കണ്ണുകളിൽ റിഹുമത്സ്യത്തിന്റെ പിടച്ചിലുണ്ട്. അരക്കെട്ടെപ്പോഴും ബിഹുനൃത്തത്തിന് ഒരുക്കിവെച്ചപോലെ, ചുണ്ടുകളിൽ ഒരു നാടോടിശീലിന്റെ സ്വരഗണന ചെമപ്പുചാലിച്ചു വെച്ചിട്ടുണ്ടാകും. കൈവിരലുകൾ ബിഹുസംഗീതത്തിന് മുദ്ര നടനം നടത്തുമ്പോൾ വന്യമായ ഒരു ശലഭസാന്നിധ്യമറിയും നാം. ഓർമ്മകളിൽ മതിൽപ്പച്ചയെപ്പോലെ പറ്റിനിൽക്കുന്ന ജലയാത്ര ആയിരുന്നു അത്.''[58]

രണ്ടുപേരും ഒരേ യാത്രാനുഭവം വിവരിക്കുന്നത് ഇപ്രകാരമാണ്. സ്ത്രീനോട്ടങ്ങളിലേയും പുരുഷനോട്ടങ്ങളിലേയും വ്യതിരിക്തത മനസ്സിലാക്കാൻ സാധിക്കുന്നു. 37 പേരടങ്ങുന്ന യാത്രാസംഘത്തിൽ ഒട്ടുമിക്കപേരും യാത്രാനുഭവങ്ങൾ പങ്കുവെക്കുന്നു. ഈ സംഘയാത്ര ഒരു വിനോദയാത്രയുടെ എല്ലാ ഗുണങ്ങളും നിറഞ്ഞതായിരുന്നു.

ഇത്തരം ഒരു യാത്രാനുഭവമല്ല കെ.എ.ബീനയുടെ 'ചുവടുകൾ' എന്ന കൃതിയിലുള്ളത്. 'ചുവടുകൾ' എന്ന ഗ്രന്ഥം ഒരു കണ്ടക്ടഡ് റെയിൽവേ ടൂർ അനുഭവങ്ങൾ അവതരിപ്പിക്കുകയാണ്. ഐ.ആർ.സി.ടി.സി.യുടെ വില്ലേജ് ഓൺ വീൽസ്-യാത്രാപരിപാടിയിൽ ബീനയും കൂട്ടുകാരി ആൻസിയും സഹയാത്രികർക്കൊപ്പം പങ്കുവെച്ച യാത്രാനുഭവങ്ങൾ ചരിത്രപരമായ വസ്തുതകൾകൂടി ആഖ്യാനം ചെയ്യുന്നു. ഉത്തരേന്ത്യയിലും പൂർവ്വേന്ത്യയിലും യാത്രികരെ കൊണ്ടുചെന്നെത്തിക്കുന്ന റെയിൽവേ യാത്രയുടെ വിവരണം. കാശി വിശ്വനാഥക്ഷേത്രം, അലഹബാദിലെ ത്രിവേണി സംഗമം, ഗയയിലെ ബുദ്ധദർശനം എന്നിങ്ങനെ പരസ്പരബന്ധിതങ്ങളായ സ്ഥലങ്ങളിലൂടെയുള്ള യാത്രാനുഭവങ്ങൾ സമകാലികഇന്ത്യയിലും ലോകത്തും മനുഷ്യർ കടന്നുപോകുന്ന രൂപഭാവങ്ങളെക്കുറിച്ചും വിവരിക്കുന്നു.

സംഘയാത്രയ്ക്കിടയിലും യാത്രയുടെ തീവ്രതയും ആഹ്ലാദവും ബീനയും നന്നായി അനുഭവിക്കുന്നുണ്ട്. ഈ യാത്രയിൽ ബീനയുടെ കുടുംബം കൂടെയില്ല. മറ്റ് സഹയാത്രികർക്കൊപ്പം ഒരു കൂട്ടുകാരിയുണ്ട്.

യാത്രാവേളയിൽ തന്റെ സഹയാത്രികനിൽനിന്നും തനിക്കനുഭവപ്പെട്ട ഒരു പ്രശ്നം ബീന വിവരിക്കുന്നുണ്ട്. ''ഒറ്റയ്ക്കല്ലേ.... നമുക്ക് ഒരുമിച്ച് ഒരു മുറിയെടുത്ത് ജോളിയായാലോ?'' ''അടുത്തതവണ വരുമ്പോൾ ഭാര്യയെ കൊണ്ടുവരാൻ മറക്കണ്ട. ഇപ്പഴേ വേണമെങ്കിൽ ഹോട്ടൽ റൂം ബുക്കുചെയ്തിട്ട് പൊയ്ക്കോളൂ.''[59]

സഹയാത്രികന്റെ ചോദ്യത്തിന് മറുപടി കൊടുത്തതിനുശേഷം 'ഞരമ്പു രോഗികളുടെ സ്വന്തം നാട്' എന്നൊരു ലേഖനം പത്രത്തിൽ കൊടുക്കുന്നു. എന്നിട്ടും കൂടെയുള്ളവർ എഴുതിയതിനെ ന്യായീകരിക്കാനല്ല ഒരുങ്ങിയത് എന്നു പറയുന്നു.

സ്ത്രീകൾ ഒറ്റയ്ക്ക് യാത്രചെയ്യുന്നത് ഉൾക്കൊള്ളാൻ വിഷമമുള്ള ചില ആളുകൾ യാത്രികരായുണ്ടായിരുന്നു. അവർ ചില അലോസരങ്ങൾ ഉണ്ടാക്കുകയും ചെയ്തു. എങ്കിലും ഈ യാത്രയുടെ സുഖം ബീന നന്നായി അനുഭവിക്കുന്നുണ്ട്.

''ജീവിതയാത്രകളിൽ കൂട്ടുകൂടാൻ മടിക്കുന്നവർ അവരുടെ സീറ്റുകളിൽ ബലം പിടിച്ചുതന്നെയായിരുന്നു. ഞങ്ങൾ ട്രെയിൻ മുഴുവൻ അലഞ്ഞുനടന്നു. ചിരിച്ചും ചിരിപ്പിച്ചും യാത്രയുടെസത്ത് മുഴുവൻ ഊറ്റിക്കുടിച്ചു. യാത്ര ആസ്വദിക്കാനുള്ളതല്ലെങ്കിൽ പിന്നെന്തിനുള്ളതാണ്.''[60]

ചെറിയ പ്രശ്നങ്ങൾ ഒഴിച്ചാൽ ഒരു വലിയ കുടുംബത്തോടൊപ്പം യാത്ര ചെയ്യുന്ന സുരക്ഷിതത്വം ബീന അനുഭവിക്കുന്നുണ്ട്. യാത്രയെക്കുറിച്ച് ബീനയുടെ അഭിപ്രായം ഇപ്രാകരമാണ്. ''യാത്ര മനസ്സിലാക്കിത്തരുന്ന പാഠങ്ങൾ ഒരു സർവ്വകലാശാലയിൽ നിന്നും പഠിച്ചെടുക്കാനാവില്ല. യാതനയും ആനന്ദവും തരുന്ന യാത്ര

കൾ ജീവിതത്തിന്റെ നേരറിവുകൾ പകർന്നുതരുമ്പോൾ അറിയാനും ഉൾക്കൊള്ളാനും കണ്ണും കാതും മനസ്സും തുറന്നു പിടിക്കണം. ഞാനെന്റെ അകക്കണ്ണുകളും പുറംകണ്ണുകളും തുറന്നു തന്നെ വെച്ചു. ഒരു കാഴ്ചയും കാണാതെ പോകരുത്. ഒരനുഭവവും നഷ്ടമാവരുത്. യാത്ര പെണ്ണിനു വിധിച്ചതല്ലെന്ന് ആരു പറഞ്ഞു? യാത്രയെക്കാൾ ഉന്മാദം നൽകുന്നത് മറ്റെന്താണ്.''[61]

ഈയൊരു കാഴ്ചപ്പാടുതന്നെയാണ് ബീന തന്റെ യാത്രയിലുടനീളം പിൻതുടരുന്നത്. അനുയാത്രയായാലും സംഘയാത്രയായാലും ഒറ്റയ്ക്കുള്ള യാത്രയായാലും ഇതെല്ലാം ഒരുപോലെ ആസ്വദിക്കാൻ ബീനയ്ക്ക് കഴിയുന്നു. എന്നാൽ ഓരോ യാത്രയുടെയും ലക്ഷ്യഭാവങ്ങൾക്കനുസരിച്ച് യാത്രാവിവരണത്തിന്റെ ആഖ്യാനത്തിൽ വ്യത്യാസം വരുമെന്ന് മാത്രം. പോകുന്ന സ്ഥലത്തിനും കാലത്തിനും അനുസരിച്ചും യാത്രാവിവരണ കൃതികൾ വ്യത്യസ്തമാവും.

### 4.8 സ്ഥലകാലങ്ങൾ യാത്രാവിവരണത്തിൽ

സ്ഥലമെന്നത് അതിഭൗതികവും അമൂർത്തവുമായ ഒന്നല്ല. അത് മൂർത്തവും ഭൗതികവുമായ ഒന്നാണ്. ആ സ്ഥലത്തിനോടാണ് കാലം ബന്ധപ്പെടുന്നത്. സ്ഥലകാലങ്ങൾ യാത്രാവിവരണത്തിലെ ആഖ്യാനത്തെ രൂപപ്പെടുത്തുന്ന ഘടകങ്ങളിൽ പ്രധാനമാണ്, സ്ഥലം എന്നത് സവിശേഷമായ അർത്ഥത്തെ കുറിക്കുന്നു. ഭൂമി ഒന്നാണെങ്കിലും ഭൂമിശാസ്ത്രം വ്യത്യസ്തമാണ്. സ്ഥലത്തിന്റെ അടിസ്ഥാനത്തിലാണ് അവിടത്തെ സംസ്കാരം രൂപപ്പെടുന്നത്. സ്ഥലത്തിന്റെ ഭൂമിശാസ്ത്ര പ്രത്യേകതകൾക്കനുസരിച്ച് അവിടത്തെ ജനജീവിതവും തൊഴിലും വ്യത്യസ്തമാവുന്നു. അപ്പോൾ വ്യത്യസ്ത ഭൂവിഭാഗങ്ങൾക്കനുസരിച്ച് സംസ്കാരത്തിലും വിഭിന്നതകൾ ദർശിക്കാം.

ഒരു സ്ഥലം സന്ദർശിക്കുമ്പോൾ ആ സ്ഥലത്തിന്റെ സാംസ്കാരിക സാമൂഹിക അവസ്ഥകൾ രൂപപ്പെട്ടുവരുന്നത് ആ സ്ഥലത്തിന്റെ മനഃശാസ്ത്രമനുസരിച്ചായിരിക്കും. അവിടേക്ക് യാത്ര ചെയ്യുകയോ അവിടെ താമസിക്കുകയോ ചെയ്യുന്ന

ആളുകളുടെ മനഃശാസ്ത്രവും അത്തരത്തിൽ രൂപപ്പെടും. സ്ഥലത്തിന്റെ മനഃശാസ്ത്രവും ഭൂമിശാസ്ത്ര പശ്ചാത്തലവും അതിൽ നിന്ന് രൂപപ്പെടുന്ന കാഴ്ചകളും എല്ലാം കൂടിച്ചേർന്ന് സ്ത്രീയ്ക്ക് കൊടുക്കുന്ന സമഗ്രമായ അനുഭൂതി വ്യത്യസ്തമാണ്. ഏറ്റവും സമ്പന്നമായ ഭൂപ്രകൃതിയും ജീവസ്സുറ്റ ജനതയും ഉള്ള ഭൂവിഭാഗം സന്ദർശിക്കുന്ന യാത്രികയുടെ യാത്രാവിവരണത്തിൽ ആ ഭൂമിശാസ്ത്രത്തിന്റെ പ്രത്യേകതകളും ഉണ്ടായിരിക്കും. അത് കാഴ്ചയുടെയും അനുഭവങ്ങളുടെയും കേന്ദ്രമായി വർത്തിക്കുന്നു.

യാത്രയിൽ ഒരു സ്ഥലം താൽക്കാലികമായെങ്കിലും ഉപേക്ഷിച്ച് മറ്റൊരു സ്ഥലത്തേക്ക് പോകുകയാണ് ചെയ്യുന്നത്. സാമൂഹികപരിസരത്തിൽ സംഭവിക്കുന്ന പരിണാമങ്ങൾക്കൊപ്പം വ്യക്തികളുടെ മാനസികലോകത്തിന്റെ സങ്കീർണ്ണഭാവങ്ങളും അനാവരണം ചെയ്യുന്നു യാത്രാസങ്കല്പം. രാഷ്ട്രീയ ചരിത്ര സംഭവങ്ങളുടെ ഭൂമിയായി മാറുകയാണ് ചില സ്ഥലങ്ങൾ.

സ്ഥലം യാത്രയിലുടനീളം നിറഞ്ഞു നിൽക്കുന്ന സാന്നിധ്യമാവുന്നു. സ്വദേശം വിട്ടുള്ള യാത്രകൾ ദേശരാഷ്ട്രത്തിന്റെ വിശാലമായ സ്ഥലവിസ്തൃതിയിലേക്കും പുത്തൻ പൗരത്വത്തിന്റെ ഇടങ്ങളിലേക്കുമാണ് എത്തിച്ചേരുന്നത്. പോയ സ്ഥലം പോലെ പ്രധാനമാണ് യാത്ര പോയ കാലവും. വാർത്താവിനിമയോപാധികൾ അന്യമായിരുന്ന കാലഘട്ടത്തിലെ വിവിധ ജനവിഭാഗങ്ങളുടെ ജീവിതത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും മനസ്സിലാക്കിത്തന്നത് യാത്രകളായിരുന്നു.

''കാലങ്ങൾക്കുമുമ്പ് സഞ്ചാരികൾ എല്ലാം പുരുഷന്മാരായിരുന്നു എന്നതിനാൽ തന്നെ ചരിത്രം രചിച്ചതും ചരിത്രത്തിൽ ഇടം നേടിയതും പുരുഷന്മാരായിരുന്നു. നൂറ്റാണ്ടുകളിലൂടെ കണ്ണോടിച്ചാൽ അത്യപൂർവ്വമായി മാത്രം ചില വനിതകളെ യുദ്ധഭൂമിയിൽ പട നയിച്ചതായോ യാത്ര ചെയ്തതായോ കണ്ടെത്താം. സഞ്ചാരം സംസ്കാരത്തിനും കലയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകൾ വിലമ

തിയ്ക്കാനാകാത്തതാണെന്നിരിക്കെ അതിന്റെ കുത്തക പുരുഷന്മാർക്കായി ചുരുങ്ങിപ്പോയതിന്റെ കാരണം സ്ത്രീകൾക്ക് മേൽ നിലനിന്നിരുന്ന കടുത്ത സാമൂഹ്യ നിയന്ത്രണങ്ങളായിരുന്നു.''[62]

എന്നാൽ സ്ത്രീയ്ക്കുമേലുള്ള ആ വിലക്കുകളെല്ലാം കാലം ഇല്ലാതാക്കി. 1990 കൾക്കുശേഷം സ്ത്രീയാത്രകളിലും പരിവർത്തനങ്ങളുണ്ടായി. ആരാധനാലയങ്ങളിലേക്കു മാത്രമായി യാത്രചെയ്യാനും അത് രേഖപ്പെടുത്തി വെയ്ക്കാനും തുടങ്ങി. ആദ്യകാലത്ത്പരിമിതമായി സ്ത്രീ സഞ്ചരിച്ച് യാത്രാവിവരണമെഴുതുമ്പോഴും കാലം യാത്രാവിവരണകൃതികളെ സ്വാധീനിച്ചിരുന്നു.

''1956 ൽ കെ. ഗൗരിയമ്മ ലണ്ടനിലേക്ക് യാത്ര ചെയ്യുമ്പോൾ കുടുംബത്തേയും കുട്ടികളെയും വിട്ട് ആറുമാസം മാറിനിൽക്കേണ്ടതിന്റെ വേവലാതി പ്രകടിപ്പിക്കുന്നുണ്ട്. ടെലഫോണും ഇന്റർനെറ്റും മറ്റു സൗകര്യങ്ങളും ഇല്ലാത്ത അക്കാലത്ത് ഒരദ്യോഗികയാത്രയിൽ ഗൃഹാതുരത്വം അനുഭവിച്ചത് സ്വാഭാവികം. മാത്രമല്ല യാത്രയും ഉദ്യോഗവും സ്ത്രീകളുടെ ചുമതലയല്ല എന്ന സാമൂഹ്യ പരിസ്ഥിതിയായിരുന്നല്ലോ അന്ന് നിലവിലിരുന്നത്. എന്നാൽ പിൽക്കാല യാത്രാവിവരണങ്ങളിലൊന്നും ഈ ദുഃഖം പ്രകടിപ്പിച്ചു കാണാനില്ല.''[63]

കാലം യാത്രാവിവരണകൃതികളിലെ ആഖ്യാനത്തെയും സ്വാധീനിക്കുന്നു. 1923 –ൽ യാത്ര നടത്തിയ തരവത്ത് അമ്മാളുവമ്മയുടെ തീർത്ഥയാത്രയിൽ വിവരിക്കുന്ന കാശി, പ്രയാഗ എന്നീ തീർത്ഥാടന കേന്ദ്രങ്ങളെക്കുറിച്ച് 2015 ൽ യാത്ര നടത്തിയ കെ.എ ബീനയുടെ 'ചുവടുകൾ' എന്ന ഗ്രന്ഥത്തിലും പറയുന്നുണ്ട്. ഒരേ സ്ഥലത്തിന് കാലം വരുത്തിവെച്ച പരിവർത്തനങ്ങൾ ഇരു കൃതികളിൽ നിന്നും കണ്ടെത്താൻ സാധിക്കുന്നു.

''പ്രയാഗഘട്ടത്തിൽ നിന്നും ത്രിവേണി സംഗമ സ്ഥലത്തിലേക്ക് ¾ നാഴിക ദൂരമുണ്ട്. അവിടേക്ക് പോകുവാൻ തോണികൾ ധാരാളം കിട്ടും പുഴയിൽ കൂടെ പോകുന്നതിൽ ഭയപ്പെടാനില്ല.''[64]

''അലഹാബാദിൽ നിന്ന് 7 കിലോമീറ്റർ ദൂരമേയുള്ളൂ ത്രിവേണി സംഗമത്തിലെത്താൻ, ത്രിവേണി സംഗമത്തിലേക്കു പോകാനുള്ള ബസ്സ് റെയിൽവെ സ്റ്റേഷനു മുന്നിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു.''[65]

ആഖ്യാനത്തിൽ വന്ന വ്യതിയാനം, വാഹന സൗകര്യത്തിൽ വന്ന മാറ്റം എല്ലാം ഇതിൽ തെളിയുന്നുണ്ട്.

''ത്രിവേണീം മാധവം സോമം
ഭാരദ്വാജഞ്ചവാസുകീം
വന്ദേ അക്ഷയവടം ശേഷം
പ്രയാഗം തീർത്ഥനായകം''[66]

എന്നിങ്ങനെ പ്രയാഗയിൽ സ്നാനദർശനങ്ങൾ ചെയ്യേണ്ടതായ മുഖ്യ സ്ഥലങ്ങളെയാണ് തരവത്ത് അമ്മാളുവമ്മ ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ ഒരു രീതി കെ. എ ബീനയുടെ ഗ്രന്ഥത്തിൽ കാണാനാവുന്നില്ല. രാജനന്ദിനിയുടെ 'കൈലാസയാത്ര'യുടെ ഭൂമിശാസ്ത്രപശ്ചാത്തലമല്ല കെ.എ. ബീനയുടെ 'ബ്രഹ്മപുത്രയിലെ വീട്' എന്ന കൃതിയിലുള്ളത്. ഒന്ന് ദുർഘടമായ പാതകളെ ഓർമ്മിപ്പിക്കുന്ന എഴുത്താണെങ്കിൽ ബ്രഹ്മപുത്രനദിയും വെള്ളപ്പൊക്കം സൃഷ്ടിക്കുന്ന ഭീകരത കളുമാണ് കെ.എ ബീന ആവിഷ്കരിക്കുന്നത്. ഈ രണ്ടു ഭൂവിഭാഗങ്ങളിലും വസിക്കുന്ന ജനജീവിതത്തിനും വ്യത്യാസമുണ്ട്. ആ ജനജീവിതം കൂടി ആഖ്യാനത്തിൽ വരുന്നു. ഇപ്രകാരം സ്ഥലകാലങ്ങൾ യാത്രാവിവരണത്തിന്റെ മുഖ്യഘടകങ്ങളെയാണ് അവതരിപ്പിക്കുന്നത്.

### 4.9 സ്ത്രൈണ ആഖ്യാനം: യാത്രാവിവരണത്തിൽ

സ്ത്രീ രചനയിലെ അനുഭവമെന്ന ഘടകം സ്ത്രൈണാഖ്യാനത്തിന്റെ കണ്ടെത്തലിന് അനിവാര്യമാണ്. ഒരു സ്ത്രീ എന്ന നിലയിൽ അവളുടെ അനുഭവങ്ങളെ അവയുടെ ശാരീരിക പരതയോടെ സ്വയം നിയന്ത്രണം കൊണ്ട് പരിമിതമാ

ക്കാതെയും മറ്റുള്ള വിലയിരുത്തൽ അടിച്ചേൽപ്പിക്കാതെയും ആവിഷ്കരിച്ചാൽ പുതിയൊരു ഭാഷ അവിടെ ഉടലെടുക്കും. സ്ത്രീയുടെ അനുഭവങ്ങൾ സ്ത്രീ തന്നെ ആവിഷ്കരിക്കുമ്പോൾ അതിന് ജൈവികത വർദ്ധിക്കും.

പ്രകടിപ്പിക്കുന്ന രീതിയാണ് ആഖ്യാനം. എഴുത്തുകാരിയുടെ ചിന്തയും ദർശനവും സാഹിതീയ ഭാഷയും പ്രത്യയശാസ്ത്രവും ഒരുമിച്ച് ചേരുമ്പോഴാണ് ആഖ്യാനം രൂപപ്പെടുന്നത്. ഇത് ഓരോ വ്യക്തിയിലും വ്യത്യസ്ത തരത്തിലായിരിക്കും. അതുകൊണ്ട് എഴുത്തിന്റെ രീതിശാസ്ത്രം മാത്രമല്ല എഴുത്തിന് കാരണമായ എല്ലാ കാഴ്ചകളും ഉൾക്കാഴ്ചകളും ആഖ്യാനത്തിൽ പ്രസക്തമാവുന്നു. പരമ്പരാഗതമായി ശീലിച്ചു വന്ന വായനയുടെയും എഴുത്തിന്റെയും രീതിശാസ്ത്രത്തിനു പകരം ഒരു പുതിയ വിനിമയ മാർഗ്ഗവും സംവേദന മാർഗ്ഗവുമാണ് ആഖ്യാനശാസ്ത്രം വിഭാവനം ചെയ്യുന്നത്.

പുറത്തുള്ള പ്രകൃതിക്കതീതമായി മനുഷ്യന്റെ ഉള്ളിലുള്ള പ്രകൃതിയാണ് കാഴ്ചകളെ മാറ്റിമറിക്കുന്നത്. പ്രകൃതിയെ ആഖ്യാതാവ് തന്റെ അന്തർജ്ഞാനത്തിനനുസരിച്ചാണ് അവതരിപ്പിക്കുന്നത്.

യാത്രാവിവരണത്തിൽ ആഖ്യാതാവിന്റെ ആത്മാംശത്തിന് നിർണായക സ്ഥാനമുണ്ട്. യാത്രായിടങ്ങൾ തെരെഞ്ഞടുക്കുന്നതിലും യാത്രാഖ്യാനത്തിലും ഈ ആത്മാംശത്തിന് പ്രാധാന്യമുണ്ട്. അതുകൊണ്ടാണ് യാത്രാവിവരണത്തിന് ഏറെ അടുപ്പം ആത്മകഥയോടാണ് എന്ന് പറയുന്നത്.

ആത്മാംശത്തിന് പ്രാധാന്യമുള്ളതുകൊണ്ടാണ് യാത്രാവിവരണം എഴുത്തിൽ വ്യത്യസ്തമാവുന്നത്. ഒരാൾ ജീവിതകാലം മുഴുവൻ സഞ്ചരിച്ച് യാത്രാവിവരണമെഴുതുകയാണെങ്കിൽ അത് ഏറെക്കുറെ ആത്മകഥയ്ക്ക് തുല്യമാകും. ''കാഴ്ചകളെ സംബന്ധിച്ച പ്രധാനമായ രണ്ട് ചിന്താധാരകളാണ് ഉള്ളത്. വേദനകളിലേക്കും ഉത്കണ്ഠകളിലേക്കും കാഴ്ചയെ തിരിച്ച് വെയ്ക്കുന്ന സഞ്ചാരത്തിന്റെ വിശാലാന്തരീക്ഷമാണ് ഒന്ന്. അതിന് സമാന്തരമായി കെട്ടിയൊരുക്കിയ കാഴ്ചകളി

ലേക്ക് നയിക്കുന്ന ലോകബോധമാണ് രണ്ടാമത്തേത്.''[67] ഈ രണ്ടു കാഴ്ചകളും സഞ്ചാരിയിൽ വ്യത്യസ്ത കാഴ്ചപ്പാടാണ് ഉണ്ടാക്കുന്നത്. സ്ത്രീകാഴ്ചകൾ ഏറെ ക്കുറെ ഒന്നാമത്തെ ചിന്താധാരയെ ഉൾക്കൊള്ളുന്ന വിധമാണ്. ഒരു വ്യക്തിയെ തിരിച്ചറിയാനുള്ള മാർഗ്ഗം അവരുടെ കാഴ്ചയിൽ സഹജീവിയെ എങ്ങനെ കാണു ന്നുവെന്നതാണ്. അതുകൊണ്ടുതന്നെ ഓരോ കാഴ്ചയിലും അത് തന്നെതന്നെ നിർവ്വഹിക്കുന്നു. ഈ സമീപനമാണ് ആഖ്യാനമായി പുറത്ത് വരുന്നത്.

സഞ്ചാരാനുഭവങ്ങൾ വ്യക്ത്യധിഷ്ഠിതമായി വിഭിന്നങ്ങളായിരിക്കുന്നതു പോലെ സ്ഥലകാല സംബന്ധമായും ലക്ഷ്യഭാവങ്ങൾക്കനുസരിച്ചും വ്യത്യസ്തമാ വുന്നു. ഒരു ഔദ്യോഗികയാത്രപോലെയാവില്ല അനുയാത്ര; തീർത്ഥയാത്ര അതിൽ നിന്നും വ്യത്യസ്തമാവുന്നു.

''തീർത്ഥയാത്രയിൽ ലക്ഷ്യസ്ഥാനമായ തീർത്ഥാടന കേന്ദ്രം ഒരു പൊതു ഘടകമാണ്. എങ്കിലും എഴുതുന്ന രീതിശാസ്ത്രത്തിൽ അവ വൈവിധ്യം പ്രകടിപ്പി ക്കാറുണ്ട്. ഡയറിക്കുറിപ്പുകളുടെയും കത്തുകളുടെയും രൂപത്തിൽ രചിക്കുക, വിവ രണാത്മക രചനാരീതി പുലർത്തുക, കല്പിതകഥയുടെ മാനങ്ങൾ പ്രകടിപ്പിക്കുക എന്നിവ ഇതിൽ പ്രധാനമാണ്.''[68]

ഇത്തരത്തിൽ വിവിധ ആഖ്യാനസങ്കേതങ്ങൾ യാത്രാകൃതികളിൽ സ്ത്രീ കൾ ഉപയോഗിച്ചിട്ടുണ്ട്. സുജാതാദേവിയുടെ 'കാടുകളുടെ താളം തേടി' എന്ന ഗ്രന്ഥം കത്തിന്റെ രൂപത്തിലാണ് രചിച്ചിരിക്കുന്നത്. ഒറ്റയ്ക്കുള്ള യാത്ര ആയതു കൊണ്ടുതന്നെ യാത്രയ്ക്കിടയിലെ അനുഭവങ്ങൾ ജൈവികമായി ആവിഷ്കരിച്ചിരി ക്കുന്നു. ഓരോ അധ്യായവും തുടങ്ങുന്നതും അവസാനിക്കുന്നതും കത്തിന്റെ രൂപ ത്തിലാണ്.

''പ്രിയപ്പെട്ട ചേച്ചി, പതിനായിരം അടി ഉയരത്തിൽ ഒരു ചായക്കടയിൽ തീ കാഞ്ഞിരുന്നതാണ് ഇതെഴുതുന്നത്.''[69]

‘‘തീ കാഞ്ഞു ചൂടു പിടിക്കുമ്പോൾ കഥകളുടെ ചുരുളഴിയുന്നു. ശ്രദ്ധിച്ചു കേൾക്കട്ടെ. കത്ത് പിന്നീടെഴുതാം. സ്വന്തം അനിയത്തി.’’[70]

യാത്രയ്ക്കിടയിൽ സ്ത്രീസഹജമായ അസുഖങ്ങൾ അവരെ പിൻതുടരുന്നുണ്ട്. ‘‘നെഞ്ചിലും തലയിലും കഫക്കെട്ട്, ഒരു ചെറിയ ശ്വാസംമുട്ടൽ, തൊണ്ടവേദന, കാൽമുട്ടുകളിലും മറ്റു സന്ധികളിലും വാതകോപം, വയറിനൊരു വീർപ്പും മാന്ദ്യവും പോരെ പൂരം ഇത്ര വലിയൊരു സംഘത്തേയും തോളിലേറ്റി ഞാനെങ്ങനെ മലയകയറും.’’[71]

ഇപ്രകാരം തുറന്നെഴുതുന്ന ആഖ്യാനം സ്ത്രീ എഴുത്തിന്റെ പ്രത്യേകതയാണ്.

അവിടുത്തെ സ്ത്രീകളുടെ ജീവിതത്തെക്കുറിച്ച്:

‘‘എന്തൊരു ജോലിയാണിവർക്ക്, പാടത്തും വീട്ടിലും കാട്ടിലും തൊഴുത്തിലുമൊക്കെ പണിയാൻ സ്ത്രീകൾ തന്നെ. ഏതുനേരവും എല്ലുമുറിയെ പണി’’ എനിക്കൊട്ടും മനസ്സിലാവാത്തത് ഈ മിടുക്കികൾ ഇവരുടെ മരമന്തൻ പുരുഷന്മാരെ എങ്ങനെ സഹിക്കുന്നവെന്നാണ്.’’[72]

വ്യക്തി വ്യത്യാസങ്ങൾക്കനുസരിച്ച്, ലിംഗഭേദമനുസരിച്ച് കാഴ്ചകളിലും ആഖ്യാനത്തിലും വ്യത്യാസം വരുന്നുണ്ട്.

ഏതൊരു ദേശത്തുപോയാലും അവിടത്തെ ജനജീവിതത്തെ തൊട്ടറിയാൻ ശ്രമിക്കുന്നതുപോലെ ഭക്ഷണത്തിന്റെ സവിശേഷതകളും സ്ത്രീയാത്രാവിവരണങ്ങളിൽ പ്രധാനമായി ആഖ്യാനം ചെയ്തിരിക്കുന്നു.

കെ.എ ബീനയുടെ ‘ബ്രഹ്മപുത്രയിലെ വീട്’ എന്ന യാത്രാ വിവരണത്തിൽ ആസമീസ് ഭക്ഷണ സംസ്കാരത്തെ അതിന്റെ ഏതാനും ചില പാചക്കുറിപ്പോടെ പരിചയപ്പെടുത്തുന്ന ഭാഗമാണ് ‘ഭക്ഷണം - ആസാമീസ് സ്റ്റൈൽ’ എന്ന അധ്യായം.

ഭക്ഷണം ഉണ്ടാക്കാനുള്ള സ്ത്രീയുടെ താല്പര്യത്തെ ഉണർത്തുന്ന വിധത്തിലാണ്, തദ്ദേശീയരോട് ഓരോ ഭക്ഷണവും ഉണ്ടാക്കുന്ന പാചകവിധി ചോദിച്ചറിയുന്നത്. ഈ ഒരു അധ്യായം തന്നെ യാത്രാവിവരണത്തിലെ സ്ത്രൈണാഖ്യാനത്തെ വേറിട്ടു നിർത്തുന്നു. വളരെക്കുറച്ച് ഇനങ്ങൾ ഉപയോഗിച്ചാണ് അവർ ആസാമീസ് കറികൾ ഉണ്ടാക്കുന്നത്. മലയാളിയുടെ കറികളുടെ പാചകരീതി കേട്ട അവർ ചോദിക്കുന്നത് നിങ്ങളുടെ നാട്ടിലെ സ്ത്രീകൾ അടിമകളാണോ എന്നാണ്. താൻ രുചിച്ച കറികളുടെ 'പാചകക്കുറിപ്പ്' ഒരു സ്ത്രീയാത്രാവിവരണത്തിൽ നിന്നേ കണ്ടെത്താൻ സാധിക്കുകയുള്ളൂ.

''പച്ചലാർഖാർ എന്ന അസമീസ് കറിയുടെ പാചക്കുറിപ്പ്

വേണ്ട സാധനങ്ങൾ

| | | |
|---|---|---|
| വാഴത്തട്ട | - | 500 ഗ്രാം |
| പരിപ്പ് | - | 100 ഗ്രാം |
| ഉലുവ | - | അര ടീസ്പൂൺ |
| ഇഞ്ചി | - | 20 ഗ്രാം |
| കടുകെണ്ണ | - | 2 ടീസ്പൂൺ |
| സോഡാപ്പൊടി | - | കാൽടീസ്പൂൺ |
| ഉപ്പ് | - | പാകത്തിന് |
| വെള്ളം | - | 700 മി. ലിറ്റർ |

വാഴത്തട്ടയുടെ പുറംതൊലി മാറ്റി നടുക്കുള്ള ഭാഗമെടുത്ത് ചെറിയ കഷ്ണങ്ങളാക്കി നുറുക്കുക.........ചൂടോടെ വിളമ്പുക.''[73]

അനിതാതമ്പിയുടെ 'കാർലോട്ടിയിലെ ഗ്രാമവീട്' എന്ന യാത്രാനുഭവത്തിൽ ''പച്ചമാങ്ങാ ചട്ണി ഉണ്ടാക്കുന്നത് ഇങ്ങനെയാണ്. പച്ചമാങ്ങ തൊലികളഞ്ഞ്, പൂളിയെടുത്ത് മുളകും മഞ്ഞളും ഉപ്പും കറിവേപ്പിലയും ചേർത്ത് എണ്ണയിൽ

നന്നായി വഴറ്റിയെടുക്കണം. എന്നിട്ട് ശർക്കര നന്നായി പൊട്ടിച്ച് ചേർത്ത് ഉടച്ച് യോജിപ്പിച്ച് എടുക്കാം.''[74]

സ്ത്രീകളുടെ അടുക്കളതാല്പര്യങ്ങൾ യാത്രാവിവരണ കൃതികളിലെ ആഖ്യാനത്തിൽ മുഖ്യ പങ്കുവഹിക്കുന്നു എന്നതിന് ചില ഉദാഹരണങ്ങളാണിത്. ഇപ്രകാരം ജനങ്ങളുടെ ജീവിതരീതി ഭക്ഷണം എന്നിവയോട് ഏറ്റവും അടുത്തു നിൽക്കുന്ന ആഖ്യാനമാണ് യാത്രാവിവരണത്തിലെ സ്ത്രൈണാഖ്യാനം. വൈകാരികതയ്ക്കും ജൈവികതയ്ക്കും ഏറെ പ്രാധാന്യം നൽകുന്നതാണ് സ്ത്രീയാത്രകൾ.

എന്നാൽ വൈകാരികതയ്ക്ക് മാത്രമല്ല വസ്തുനിഷ്ഠതയ്ക്കും കൃതികളിൽ പ്രാധാന്യം കൊടുക്കുന്നു. സംഭവങ്ങളുടെ യഥാതഥമായ വിവരണങ്ങൾ 'ബ്രഹ്മപുത്രയിലെ വീട്' എന്ന കൃതിയിൽ ധാരാളം കാണുന്നുണ്ട്. അസമിലെ ഭൂപ്രകൃതിയുടേയും ജൈവ വ്യവസ്ഥയുടെയുമെല്ലാം വിവരങ്ങൾ വസ്തു നിഷ്ഠതയോടെ വിവരിക്കുന്നു.

ആഖ്യാനത്തിന്റെ ചരിത്രബോധത്തെ പൂരിപ്പിക്കുന്നതാണ് മിക്ക തീർത്ഥയാത്രാവിവരണങ്ങളും. എങ്കിലും പോയ പ്രദേശത്തിന്റെ ഭൂമിശാസ്ത്ര ചരിത്രവസ്തുതകൾ വിവരിക്കുന്നതിനിടയിലും ആത്മനിഷ്ഠതക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട്.

മറ്റേതൊരു സർഗ്ഗാത്മക കൃതിയെയും പോലെ ആഖ്യാനപ്രധാനമാണ് സഞ്ചാരസാഹിത്യവും. വർണ്ണനയും വിവരണവും വിശകലനവുമാണ് ആഖ്യാനോപാധികൾ. കാവ്യാത്മകമായ ഭാഷയും സഞ്ചാരത്തിന്റെ നേരനുഭവങ്ങളുമാണ് ലളിതമായ ശൈലിയിൽ ആവിഷ്കൃതമാവുന്നത്. കാഴ്ചയിലും ബോധത്തിലുമുള്ള വ്യത്യാസം ഓരോ യാത്രാവിവരണത്തെയും വ്യത്യസ്തമാക്കുന്നു. ഏതൊരു സ്ഥലത്തെയും ആളുകളുടെ ജീവിതരീതികൾ തന്റെ ജീവിതവുമായി ബന്ധിപ്പിച്ചാണ് സ്ത്രീകൾ ആഖ്യാനം നിർവ്വഹിക്കുന്നത്.

കാണുന്ന സ്ഥലത്തിന്റെ പ്രത്യേകതകളെക്കാളേറെ അവിടത്തെ സാഹചര്യ ങ്ങൾ, ജീവിക്കുന്ന രീതി എന്നിവയാണ് സ്ത്രീയാത്രകളെ വ്യത്യസ്തമാക്കുന്നത്. പോയ സ്ഥലത്തെല്ലാം തന്റെ സ്വത്വത്തെ നോക്കിക്കാണാൻ ശ്രമിക്കുന്നതുകൊണ്ട് സ്ഥലവർണ്ണനകൾ എല്ലാം തികച്ചും സ്വാഭാവിക രീതിയിലാണ്. യാത്രാവിവരണ ങ്ങൾ സ്ത്രീ സ്വത്വനിർമ്മിതിയുടെ പ്രബലമായ ഉപാധിയായി മാറുന്നു. സങ്കല്പ ത്തിലും യാഥാർത്ഥ്യത്തിലും സ്വാതന്ത്ര്യത്തെ പ്രയോഗവൽക്കരിക്കാനുള്ള ഉപാധി യാണ് യാത്ര. സ്ത്രീയാത്രാവിവരണങ്ങൾ പുരുഷകേന്ദ്രീകൃതമായ കാഴ്ചപ്പാടിൽ വിലയിരുത്തപ്പെടേണ്ടതല്ല. കാരണം കാഴ്ചയിലും ബോധത്തിലും സ്ത്രീ–പുരുഷ വീക്ഷണങ്ങൾ വ്യത്യസ്തമാണ്. തികച്ചും ജൈവികമായ ആവിഷ്കരണരീതി സ്ത്രീ ആഖ്യാനത്തെ മികവുറ്റതാക്കി തീർക്കുന്നു.

സംഘയാത്രയിൽ വാസ്തവത്തിൽ, സ്ത്രീകളുടെ ഉള്ളിൽ ഏതൊക്കെയോ കാരണങ്ങൾ കൊണ്ട് അടിച്ചമർത്തപ്പെട്ടുപോയിട്ടുള്ള ക്രിയാത്മകതയുടെയും സർ ഗ്ഗാത്മകാത്മകതയുടെയും വെളിപ്പെടലാണ് സംഭവിക്കുന്നത്. സ്ത്രീ അവളെ നിശ്ചിതപ്പെടുത്തിയിരിക്കുന്ന സ്ഥലകാല പരിധിയ്ക്കുള്ളിൽനിന്ന് പുറത്തു കടക്കു കയും പുറത്ത് ഒരു സമൂഹം അവളോടൊപ്പം പങ്കുചേരുകയും ചെയ്യുന്ന സമയത്ത് പുരുഷന് കിട്ടുന്ന അവസ്ഥയാണ് കിട്ടുന്നത്. അവിടെയാണ് വാസ്തവത്തിൽ സ്ത്രീകളുടെ ഉള്ളിൽ കിടക്കുന്ന, അവൾപോലും തിരിച്ചറിയാത്ത, എല്ലാ ശേഷി കളും പുറത്ത് വരുന്നത്.

വിമോചിതയാവാൻ ആഗ്രഹിച്ചുകൊണ്ടാണ് ഓരോ സ്ത്രീയും യാത്രയിൽ ഏർപ്പെടുന്നത്. യാത്രയുടെ തെരഞ്ഞെടുപ്പുമുതൽ യാത്രയുടെ പരിസമാപ്തി വരെ സ്ത്രീ ശാരീരികമായും മാനസികമായും ആഗ്രഹിക്കുന്നത് ഇത്തരത്തിൽ വിമോചനാത്മകമായ പ്രക്രിയയും പ്രവർത്തനവും അതിന്റെ ഫലവുമാണ്. ഒറ്റയ്ക്ക് നടത്തുന്ന യാത്രയിൽ സ്ത്രീയ്ക്ക് പാരമ്പര്യമായി കല്പിച്ചു കിട്ടിയതും പാരമ്പര്യത്തിന്റെ ഫലമായി അവളിൽ സ്വയം നിർമ്മിക്കപ്പെട്ടതുമായ അസ്വാതന്ത്ര്യ

ത്തിന്റെ ചട്ടക്കൂടിനകത്തു നിന്ന് പുറത്ത് കടക്കലാണ് സംഭവിക്കുന്നത്. സാമൂഹികമായി ജീവിതം ചിട്ടപ്പെടുത്തുമ്പോഴാണ് വ്യക്തിസ്വത്വം പൂർണ്ണമാവുന്നത്. സാമൂഹികമായ ക്രമത്തിൽ തന്റെ വ്യക്തിത്വത്തെയും സ്വത്വത്തെയും സ്വതന്ത്രമായി സമത്വസുന്ദരമായി ആവിഷ്കരിക്കാനുള്ള ആർജ്ജവം സ്ത്രീ നേടേണ്ടത് സാമൂഹ്യപരതയിൽ നിന്നാണ്. സ്ത്രീകൾ മാത്രമടങ്ങിയ സാമൂഹിക പരതയിൽ നിന്നല്ല സ്ത്രീ സ്വതന്ത്രയാവേണ്ടത്. പുരുഷകേന്ദ്രീകൃതവും പുരുഷസങ്കീർണ്ണകവുമായ കൂട്ടായ്മക്കകത്ത് നിന്നുകൊണ്ട്, സ്ത്രീ എപ്പോഴാണോ തന്റെ സ്വാതന്ത്ര്യത്തെയും വ്യക്തിത്വത്തെയും സ്വത്വത്തെയും ശാരീരികമായും മാനസികമായും പൊളിച്ചെഴുതുന്നത് ആ സമയത്താണ് സ്ത്രീയ്ക്ക് സാമൂഹികമായ സ്വാതന്ത്ര്യം ആർജ്ജിക്കാൻ കഴിയുന്നത്. അത്തരത്തിൽ സംഘയാത്രകൾ സ്ത്രീയെ രണ്ടുതരത്തിൽ സ്വതന്ത്രമായ സ്വത്വനിർമ്മിതിയിലേക്ക് എളുപ്പത്തിൽ നയിക്കുന്നു. ഒന്ന് സ്ഥലകാല പരിമിതിയ്ക്കുള്ളിൽ നിന്ന് സ്ത്രീ പുറത്ത് കടക്കുന്നു. രണ്ട് തന്നോടൊപ്പം തനിക്ക് പരിചയക്കാരോ അല്ലാത്തതോ ആയിരിക്കുന്ന പൊതുസമൂഹത്തിന്റെ കൂട്ടായ്മയിൽ നിന്ന് അവൾ ശാരീരികമായും മാനസികമായും സ്വാതന്ത്ര്യം നേടുന്നു. ഇത്തരത്തിൽ ഈ രണ്ടു തരത്തിലുള്ള സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെയും ആവിഷ്കാരത്തിന്റെയും ഭാഗമായിട്ടാണ് സംഘയാത്രകളെ സ്ത്രീയാത്രാ പരിപ്രേക്ഷ്യത്തിൽ ഇവിടെ വിലയിരുത്തിയത്.

വ്യക്തി കുടുംബം സമുദായം സമൂഹം രാഷ്ട്രം ലോകം ഇത്തരത്തിൽ ഒരു ക്രമത്തിലാണ് മനുഷ്യസംസ്കാരത്തെയും സാമൂഹികാവസ്ഥയേയും വിലയിരുത്താനും നിർവ്വചിക്കാനും കഴിയുക. ഈ വ്യവസ്ഥിതിയിൽ സ്ത്രീ സ്വയം നിർമ്മിച്ചെടുക്കുന്ന വ്യക്തിബോധത്തെയും സാമൂഹിക ബോധത്തെയും സമൂഹത്തിന്റെ പൊതുമണ്ഡലത്തിൽ രൂപകല്പന ചെയ്യാൻ പറ്റിയ തരത്തിലുള്ള ഒരു സർഗ്ഗാത്മക കാഴ്ചപ്പാട് നിർമ്മിക്കുന്ന യാത്രകളാണ് സംഘയാത്രകൾ.

പൊതുമണ്ഡലത്തിൽ സ്വീകാര്യമായിരിക്കുന്ന നിയമവ്യവസ്ഥിതിയെ സാമൂഹികമായി സാമാന്യവൽക്കരിക്കുന്നത് സാമൂഹികപരതയിൽ അതിന്റെ നന്മതിന്മക

ളെയും ഗുണദോഷങ്ങളെയും വിവേചിച്ച് കാണിച്ചുകൊണ്ടാണ്. ഏത് രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും നിയമവ്യവസ്ഥയുടെ അടിസ്ഥാനം ഇത്തരത്തിലുള്ള യുക്തിബോധമാണ്. അപ്രകാരം വിലയിരുത്തുമ്പോൾ സ്ത്രീയും പുരുഷനും ഒരുമിച്ച് നടത്തുന്ന സംഘയാത്രയിൽ എപ്രകാരമാണ് സ്ത്രീ സ്ത്രീകളെ നോക്കിക്കാണുന്നത് പുരുഷൻ സ്ത്രീകളെ നോക്കിക്കാണുന്നത് എന്നിങ്ങനെയുള്ള വിവചേനപരമായ വസ്തുത സംഘയാത്രയിൽ നിന്ന് സ്വരൂപിച്ചെടുക്കാൻ കഴിയും. ഒരേ സ്ഥലം ഒരേ കാലം ഒരേ സാമൂഹികാവസ്ഥ അവിടെ സ്ത്രീപുരുഷന്മാരുടെ കാഴ്ചകളും കാഴ്ചപ്പാടുകളും എപ്രകാരത്തിൽ വേർതിരിയുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ സംഘയാത്രകളിലെ സ്ത്രീ കാഴ്ചപ്പാടുകൾ ഒരു പുതിയ സാമൂഹിക നവനിർമ്മിതിക്ക് കാരണമാവുന്നു. അത്തരത്തിൽ സംഘയാത്രകളെ പുരോഗമാനാത്മക സാമൂഹിക നിർമ്മിതിയുടെ ഉപാധികൾ എന്ന് വിലയിരുത്താവുന്നതാണ്.

സ്വത്വത്തിന്റെ സ്വതസിദ്ധമായ നിലനിൽപ്പ് ചോദ്യം ചെയ്യപ്പെടുമ്പോഴാണ് വ്യക്തിയുടെയും ആ വ്യക്തിയെ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെയും ആവിഷ്കരണം ശക്തമായി പ്രകടിപ്പിക്കപ്പെടുന്നത്. ക്രിയാത്മകവും സർഗ്ഗാത്മകവുമായി ഇത്തരത്തിൽ വ്യക്തിസ്വത്വത്തിന്റെയും സാമൂഹിക സ്വത്വത്തിന്റെയും പ്രകടിതരൂപമായ സമര പ്രഖ്യാപനങ്ങളാണ് എഴുത്ത്. ഇത് കേവലം ബുദ്ധിപരമോ വൈജ്ഞാനികമോ ആയ മണ്ഡലങ്ങൾക്കപ്പുറം സാമൂഹികമായ പൊതുമണ്ഡല നിർമ്മിതിയുടെ ഉപാധികളാണ് അത്തരത്തിൽ സ്ത്രീ യാത്രാവിവരണങ്ങൾ സാമൂഹികമായ സ്വതന്ത്ര പുനരാഖ്യാനങ്ങളാണ്. സ്ത്രീയെ സമൂഹം കാലാകാലങ്ങളായി സമീപിച്ചതിന്റെ അടിയന്തിരവും വിദൂരവുമായ നിയന്ത്രണ രേഖകൾക്ക് അപ്പുറം കടക്കാനുള്ള വിശാലമായ സമീപനത്തിന്റെ ഭാഗമായിട്ടാണ് സ്ത്രീയാത്രാവിവരണങ്ങളെ വിലയിരുത്തേണ്ടത്.

സ്ത്രീയാത്രയും യാത്രാവിവരണങ്ങളും ഇത്തരത്തിൽ സമൂഹത്തിന്റെ അടഞ്ഞ സമീപനങ്ങൾക്കെതിരെയുള്ള സ്വത്വപുനർനിർമ്മിതിയുടെ കർമ്മമേഖല

യാണ്. എഴുത്തിലേക്കും എഴുത്തിന്റെ ഭാഗമായ പൊതുമണ്ഡല പ്രവർത്തനങ്ങളിലേക്കും സ്ത്രീ, സാമൂഹികമായി കടന്നുവരുന്നതിന്റെ പ്രാഥമിക നടപടി ആയിട്ടാണ് യാത്രാവിവരണത്തിലെ യാത്രകളെ മനസ്സിലാക്കേണ്ടത്. സമൂഹത്തിൽ പ്രാവർത്തികമാവേണ്ട പൊതുധാരണയെ സാമാന്യമായി നിർണ്ണയിക്കാനും നിലനിർത്തുവാനുമുള്ള കർമ്മമായിട്ടാണ് സ്ത്രീയാത്രാവിവരണങ്ങൾ സാഹിത്യചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടേണ്ടത്. പുരുഷകേന്ദ്രീകൃതമായ ചരിത്രനിർമ്മിതിയുടെ ഭാഗമായി സ്ത്രീ എഴുത്തുകളെ പ്രത്യേകിച്ചും സ്ത്രീയാത്രാവിവരണങ്ങളെ അത്തരത്തിലുള്ള ഒരു നവ പ്രവർത്തനത്തിന്റെ ദത്തങ്ങളായി വിലയിരുത്തപ്പെടുകയോ അടയാളപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്ത്രീകൾക്ക് സമൂഹത്തോടും സാമൂഹിക സ്വത്വബോധത്തോടുമുള്ള പരമ്പരാഗതമായ സമീപനത്തെ പ്രായോഗികമായി സമീപിക്കാനുള്ള ഉപാധി എന്ന നിലയിലാണ് യാത്രകൾ സ്ത്രീസമൂഹത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ സ്ത്രീയാത്രകളെയും യാത്രാവിവരണത്തെയും പുരുഷ സമൂഹം അർഹിക്കുന്ന പരിഗണന കൊടുക്കാൻ തയ്യാറായിട്ടില്ല.

സ്ത്രീ പുരുഷഭേദമന്യേ തീർത്ഥയാത്രകൾക്ക് ലക്ഷ്യം വെച്ചിരിക്കുന്ന ഉദ്ദേശ്യത്തെയും ധാരണയെയും മറികടക്കുന്ന സമീപന വ്യവസ്ഥിതിയും എഴുത്തുരീതിയുമാണ് പെൺയാത്രാവിവരണങ്ങളിൽ കാണാൻ സാധിക്കുന്നത്. സ്ത്രീ ആത്മീയതയെ പുരുഷനിൽ നിന്ന് വ്യത്യസ്തമായ തോതിലും ഗുണത്തിലുമാണ് സ്വീകരിക്കുന്നതും പ്രകടിപ്പിക്കുന്നതും. സ്ത്രീയ്ക്ക് ആത്മീയവും ഭൗതികവും ഒന്നു ചേർന്നു പോകുന്ന ജൈവിക വ്യവസ്ഥിതിയാവുമ്പോൾ പുരുഷന് രണ്ടും വ്യത്യസ്തമായ തലങ്ങളിലാണ് നിർവ്വഹിക്കപ്പെടുന്നത്. അതുകൊണ്ട് ഭൗതികമായ അർത്ഥത്തിൽ പുരുഷൻ ലൗകികജീവിതത്തിൽ നിന്ന് വ്യത്യസ്തമായി കാണിക്കുന്ന ഒന്നായിട്ടാണ് പുരുഷതീർത്ഥയാത്രകളെ കാണേണ്ടത്. അതുകൊണ്ടുതന്നെ സ്ത്രീ യാത്രാവിവരണങ്ങളിലെ എഴുത്തിനും സമീപനത്തിനും പുരുഷ

കേന്ദ്രീകൃതമായ എല്ലാ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായ ഒരു തലം അവകാശപ്പെടാൻ സാധിക്കും.

അനുയാത്രയിൽ സ്ത്രീ തന്റെ സ്വത്വത്തെ സംരക്ഷിത വലയത്തിനുള്ളിലെ ഉപഘടകമായി സ്വീകരിക്കുന്നു. അതുകൊണ്ടുതന്നെ അത്തരം യാത്രകളിൽ പാരമ്പര്യ നിർമുക്തമായി സ്ത്രീയ്ക്ക് തന്റെ ശരീരത്തെയും സ്വത്വത്തെയും അടയാളപ്പെടുത്തുവാനോ സന്നിവേശിപ്പിക്കാനോ കഴിയാതെ പോവുന്നു. സർഗ്ഗാത്മക എഴുത്തുകാരികൾ ഭൗതികമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുതന്നെ അനുയാത്രയിൽ സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന എല്ലാതരം നിയന്ത്രണങ്ങളെയും ഏറെക്കുറെ അവഗണിക്കാൻ തുനിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അനുയാത്രകൾ പുരുഷന് എപ്രകാരമാണോ അനുഭവവേദ്യമാവുന്നത് അതേ തോതിലോ ഗുണത്തിലോ അല്ല സ്ത്രീയ്ക്ക് അനുഭവപ്പെടുന്നത്. അതുകൊണ്ടു തന്നെ അനുയാത്രകളോടുള്ള സ്ത്രീ സമീപനം പരമ്പരാഗതവും വ്യവസ്ഥാനുപൂരകവുമാണ്. എഴുത്തിലേക്ക് ഈ വസ്തുതകൾ വിമോചനാത്മകമായി കടന്നുവരാനുള്ള സാധ്യതയും അതുകൊണ്ട് ഇല്ലാതാവുന്നു.

വ്യക്തിയുടെ ചട്ടക്കൂടിനുള്ളിൽ നേരിടേണ്ടി വരുന്ന നിയന്ത്രണങ്ങൾക്കും അസ്വാതന്ത്ര്യങ്ങൾക്കും അതീതമായി ഏകപക്ഷീയമായി സ്വീകരിക്കുന്ന വെല്ലുവിളിയായിട്ടാണ് ഒറ്റയ്ക്കുള്ള യാത്രയിൽ സ്ത്രീകൾ യാത്രാവിവരണത്തെ സമീപിക്കുന്നത്. അതുകൊണ്ടുതന്നെ എഴുത്തിന്റെ മേഖലയിൽ വിപ്ലവാത്മകമായ മറികടക്കൽ സാധ്യമാവുന്നുണ്ട്. തനിക്ക് നേരിടേണ്ടി വന്ന ഭൗതികവും മാനസികവുമായ എല്ലാ നിയന്ത്രണങ്ങളെയും സാമാന്യവൽക്കരിച്ചുകൊണ്ട് പൊതുമണ്ഡലത്തിൽ ഒരു പുതിയ സ്വതന്ത്രവ്യക്തിത്വം നിയമപരമായി തന്നെ നിലനിർത്താനുള്ള അധിനിവേശത്തിന്റെ ഫലമായിട്ടാണ് സ്ത്രീകൾ വ്യക്തിയാത്രകളെ സ്വീകരിക്കുന്നതും തെരെഞ്ഞെടുക്കുന്നതും. അതിനാൽ ഇത്തരം എഴുത്തുകളിൽ സ്ത്രീകൾ സർഗ്ഗാത്മകമായ തലത്തിനപ്പുറം സ്ത്രീ സ്വത്വത്തിന്റെ വിമോചനാത്മകമായ പ്രഖ്യാപനമാണ് നടത്തുന്നത്.

സ്ത്രീയുടെ കർമ്മമേഖലകളിലെല്ലാം ജൈവികമായി തന്നെ ലാവണ്യാംശവും കലാംശവും നിലനിൽക്കുന്നുണ്ട്. അത് നിലനിർത്തുക എന്നത് സ്ത്രീയുടെ സ്വതസിദ്ധമായ സ്വത്വപൂർത്തീകരണത്തിന്റെ ഭാഗവുമാണ്. സ്ത്രീ സ്വത്വം പൂർണ്ണമാവുന്നതും വിലയിരുത്തുന്നതും തന്റെ കർമ്മങ്ങളിലെ സൗന്ദര്യാത്മകമായ അംശങ്ങളെ നിലനിർത്തികൊണ്ടാണ്. വീട്ടുജോലി മുതൽ ഭർതൃസന്താനവൃദ്ധ പരിചരണം വരെയുള്ള എല്ലാ കർമ്മങ്ങളിലും ഔദ്യോഗികവും യാന്ത്രികവുമായ കൃത്യനിർവ്വഹണത്തിനപ്പുറം, സ്ത്രീ ഏറ്റവും നൈസർഗ്ഗികമായ തന്റെ സ്വത്വത്തെ പ്രകടിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഔദ്യോഗിക യാത്രകളിൽ സ്ത്രീകൾക്ക് പതിച്ചുകിട്ടിയ ഉത്തരവാദിത്വത്തിനോടൊപ്പം സ്വതസിദ്ധമായ ഈ ലാവണ്യാംശത്തെ കൂടി ഉൾപ്പെടുത്തികൊണ്ട് യാത്രയെ സമീപിക്കുന്നുണ്ട്. എഴുത്തിലും അത്തരം യാന്ത്രികതയ്ക്കപ്പുറം കലാത്മകവും ലാവണ്യത്മകവുമായ അംഗങ്ങൾ കാണാൻ സാധിക്കുന്നു.

സ്ത്രീ ഒരേ സമയം വ്യക്തിപരമായി സമത്വവും സ്വാതന്ത്ര്യവും ആർജ്ജിക്കുമ്പോൾ പോലും ഒരു കൂട്ടായ്മയുടെ അംഗീകാരത്തിനുള്ളിൽ തന്റെ സ്വത്വത്തിന്റെ പുനർനിർമ്മിതി നടത്താനും, സ്വാതന്ത്ര്യം പ്രഖ്യാപിക്കാനും സ്വീകരിക്കാനുമാണ് ആഗ്രഹിക്കുന്നത്. അതിന്റെ പ്രകടനമെന്ന നിലയിൽ താൻ ആർജ്ജിച്ച ശാരീരികവും മാനസികവുമായ ശേഷിയെ ലളിതമായും സ്പഷ്ടമായും ആവിഷ്കരിക്കാനുള്ള കർമ്മമേഖല ആയിട്ടാണ് സ്ത്രീകൾ സംഘയാത്രയെ സമീപിക്കുന്നത്. സംഘത്തോടൊപ്പം നിന്നു കൊണ്ട് തന്റെ അധികാരത്തെ ക്രമപ്പെടുത്താനുള്ള ശ്രമമാണ് സംഘയാത്രവഴി സ്ത്രീ നേടുന്നത്. അതിനാൽ തീർച്ചയായും ഇതിന്റെ ഭാഗമായുണ്ടാകുന്ന എഴുത്തിലും സ്ത്രീകളുടെ പൊതുമണ്ഡല സ്വത്വത്തെ ഉറപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത് എന്ന് കാണുന്നു.

യാത്രയും അതിന്റെ ഫലമായുണ്ടാകുന്ന യാത്രാവിവരണവും രൂപപ്പെടുത്തുന്ന രണ്ട് ധ്രുവങ്ങളാണ് സമീപനവും അതിന്റെ നിർവ്വഹണവും. സമീപന

ത്തിൽ സ്വതസിദ്ധവും സ്വത്വാത്മകവുമായ കാഴ്ചപ്പാടുകളുടെ സ്വാധീനം ഇടപെടുന്നു. പ്രകടനങ്ങളാവട്ടെ ആർജ്ജിതവും ലഭ്യവുമായ സ്ത്രൈണമികവുകളുടെ പ്രതികരണവുമാവുന്നു. ഇത്തരത്തിൽ സ്ത്രീ യാത്രാ വിവരണത്തിന്റെ എഴുത്തും സമീപനവും സ്ത്രീ സ്വത്വത്തിന്റെ സ്വീകരണ പ്രതികരണ തലങ്ങളുടെ മികച്ച സർഗ്ഗാത്മക ഉദാഹരണങ്ങളായിത്തീരുന്നു. സമൂഹത്തിനെ നിർണ്ണയിക്കാനും പുനഃക്രമീകരിക്കാനുമുള്ള മികച്ച മാധ്യമമായി ഇത്തരം എഴുത്തിനെയും സമീപനത്തെയും വിലയിരുത്താൻ സാധിക്കും. സ്ത്രീയാത്രകളും യാത്രാവിവരണവും ഏക പക്ഷീയമായി ഏതെങ്കിലുമൊരു ചുരുങ്ങിയ സാമൂഹിക ഘടനയിൽ ചെയ്യുന്ന ഒരു സർഗ്ഗാത്മക പ്രക്രിയ അല്ല. പകരം ലോകപൗര എന്ന രീതിയിൽ ചുരുങ്ങിയ സ്ഥലത്തുനിന്നും സ്ത്രീ വ്യക്തിത്വത്തിന്റെയും സമൂഹത്തിന്റെയും വിശാലമായ വ്യാപനമാണ് യാത്രയിലൂടെയും യാത്രാവിവരണത്തിലൂടെയും സംഭവിക്കുന്നത്. അറിഞ്ഞും അനുഭവിച്ചും വിവരിച്ചും മനസ്സിലാക്കിയും സ്വീകരിച്ചും സ്ത്രീ സമൂഹത്തിൽ നിന്നും പരിസ്ഥിതിയിൽ നിന്നും നേടുന്ന സമഗ്രമായ അറിവിന്റെ ഉപാധി എന്ന നിലയിൽ ഈ സമീപനം എഴുത്തായി മാറുന്നു. തനിക്ക് ശാരീരികവും മാനസികവുമായി നിഷേധിക്കപ്പെട്ട എല്ലാ അവകാശങ്ങളുടെയും ആഹ്ലാദത്തിന്റെയും പ്രകടനം എന്നരീതിയിൽ യാത്രയും മാറുന്നു.

അപ്പോൾ എഴുത്തിനോടും അതിന്റെ കാരണമായിരിക്കുന്ന യാത്രയോടുമുള്ള സ്ത്രീകളുടെ സമീപനത്തിന്റെ ഉപാധിയായിട്ടുവേണം വിവിധതരം യാത്രാവിവരണങ്ങളെ മനസ്സിലാക്കേണ്ടത്. അത്തരത്തിലുള്ള പഠനത്തിന്റെ ഭാഗമായി രൂപപ്പെട്ടു വന്ന നിഗമനങ്ങളെ ഉപസംഹാരത്തിൽ ക്രോഡീകരിക്കുന്നു.

**കുറിപ്പുകൾ**

1. Mishra, B.K. Psychology the Study of Human Behaviour, New Delhi: 2008, PHI Learning Private Limited, p. 17.
2. അതേ പുസ്തകം, പു. 119.
3. അതേ പുസ്തകം, പു. 213.
4. പവിത്രൻ, പി. 'ലോകസഞ്ചാരിയുടെ കണ്ണ്', ഗ്രന്ഥാലോകം, മലയാളം, 2004 ജനുവരി, പുറം, 41,42.
5. റോസി തമ്പി. സ്ത്രൈണ ആത്മീയത, തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2012, പുറം 15.
6. സുനിൽ വർഗീസ്. (എഡി.) യാത്ര, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010, പു. 135.
7. രാജനന്ദിനി. കൈലാസ യാത്ര, തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2015, പുറം 190.
8. അതേ പുസ്തകം, പുറം 41.
9. അതേ പുസ്തകം, പുറം 19.
10. അതേ പുസ്തകം, പുറം 24. .
11. അതേ പുസ്തകം, പുറം 41.
12. അതേ പുസ്തകം, പുറം 25.
13. അതേ പുസ്തകം, പുറം 26.
14. അതേ പുസ്തകം, പുറം 32.
15. അതേ പുസ്തകം, പുറം 73.
16. അതേ പുസ്തകം, പുറം 18,27.
17. അതേ പുസ്തകം, പുറം 129-130.
18. ഗീതാഞ്ജലി കൃഷ്ണൻ. പെൺയാത്രകൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2017, പുറം 49.

19. രാമചന്ദ്രൻ, എം.കെ. ഉത്തർഖണ്ഡിലൂടെ- കൈലാസ് മാനസ സരസ്സ് യാത്ര, തൃശ്ശൂർ: കറന്റ് ബുക്സ്, പു. 214.

20. രാജനന്ദിനി. കൈലാസ യാത്ര, പുറം 84.

21. ഉണ്ണി, ആർ. 'ഒരു നാടൻ പെൺകിടാവിന്റെ ലണ്ടൻ യാത്ര', മാധ്യമം, 2007 ജൂലായ്, പുറം 49.

22. വിലാസിനി. ഒരു നാടൻ പെൺകിടാവിന്റെ ലണ്ടൻ യാത്ര, കോട്ടയം: എൻ.ബി.എസ്സ്, 1956, പുറം 3.

23. മിസ്സിസ്സ് എം.പി.പോൾ. അമേരിക്കയിൽ ഒരു മുത്തശ്ശി, കോട്ടയം: ഡി.സി.ബുക്സ്, 1982, പുറം 13.

24. വിമലാ രാജകൃഷ്ണൻ. സോഷ്യലിസത്തിന്റെ നാട്ടിൽ പന്ത്രണ്ട് ദിനങ്ങൾ, കൊല്ലം: നാഗകൃഷ്ണ പബ്ലിക്കേഷൻസ്, 1985, ആമുഖം.

25. സരസ്വതി പൊന്നറ. ആസ്ട്രേലിയൻ യാത്രാനുഭവങ്ങൾ, തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 2011, പുറം 93.

26. സ്വപ്നമോൾ, പി.വി. തുടി, കണ്ണൂർ സർവ്വകലാശാല, 2015 ഏപ്രിൽ - ജൂൺ, പുറം 50.

27. വത്സല, പി. വേറിട്ടൊരു അമേരിക്ക, കോട്ടയം: ഡി.സി.ബുക്സ്, 2007, മുഖവുര.

28. അതേ പുസ്തകം, പുറം 39.

29. അതേ പുസ്തകം, പുറം 44.

30. അതേ പുസ്തകം, പുറം 30.

31. ഗീതാഞ്ജലി കൃഷ്ണൻ. പെൺയാത്രകൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2017, പുറം 97.

32. അതേ പുസ്തകം പുറം 14.

33. മൈന ഉമൈബാൻ. ആത്മദംശനം, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012, പുറം 50.

34. അനിതാനായർ. കൂകൂ കൂകൂ തീവണ്ടി, കോഴിക്കോട്: മാതൃഭൂമി, 2014, പുറം 126

35. മിനി മരിയ തോമസ്, പി.വി. തുടി, കണ്ണൂർ സർവ്വകലാശാല, ഏപ്രിൽ – ജൂൺ, 2015, പുറം 88.

36. അനിതാനായർ. മാഡ്രിഡിലെ അപരിചിതൻ, യാത്ര മാഗസിൻ, മാർച്ച് 2014, പുറം 58.

37. ദിലീപ് രാജ്. (എഡി) റാണിമാർ പത്മിനിമാർ, കോട്ടയം: ഡി.സി.ബുക്സ്, 2015, പുറം.99.

38. അതേ പുസ്തകം, പു. 99.

39. അതേ പുസ്തകം, പുറം 101.

40. അതേ പുസ്തകം, പുറം 124.

41. റിസ്സി മറിയം. (എഡി.), പെൺവഴി, കോട്ടയം: ഡി.സി. ബുക്സ്, 2015, പുറം 47.

42. സുജാതാദേവി. കാടുകളുടെ താളംതേടി, കോട്ടയം: കറന്റ് ബുക്സ്, 1986, ആമുഖം.

43. അതേപുസ്തകം, പുറം 119.

44. അതേപുസ്തകം, പുറം.119.

45. അതേപുസ്തകം, പുറം.33.

46. അതേപുസ്തകം, പുറം.33.

47. അതേ പുസ്തകം, പുറം 48.

48. അതേ പുസ്തകം, പുറം 36–37.

49. അതേ പുസ്തകം, പുറം 35.

50. അതേ പുസ്തകം, പുറം 47.

51. ബീന, കെ.എ. ബീന കണ്ട റഷ്യ, കോട്ടയം: ഡി.സി.ബുക്സ്, 2010, പുറം 46–47.

52. കുഞ്ഞബ്ദുള്ള, പുനത്തിൽ. വോൾഗയിൽ മഞ്ഞുപെയ്യുമ്പോൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2013, പുറം 56.

53. ഗീതാഞ്ജലി കൃഷ്ണൻ. പെൺയാത്രകൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2017, പുറം 91.

54. ബോബി അലോഷ്യസ്. സ്വപ്നം നിലച്ച റഷ്യയിൽ, കോട്ടയം: കറന്റ് ബുക്സ്, 2003, പുറം 42.

55. മാധവിക്കുട്ടി. കേരളസഞ്ചാരം, കോട്ടയം: ഡി.സി. ബുക്സ്, 2012, പുറം 11.

56. അതേ പുസ്തകം, പുറം 15.

57. അബ്ദുൾലത്തീഫ്, വി. (എഡി.), കണ്ടെടുക്കാത്ത പറുദീസകൾ, കോഴിക്കോട്: പ്രോഗ്രസ് പബ്ലിക്കേഷൻസ്, 2013, മുഖവുര.

58. അതേ പുസ്തകം, പുറം 91.

59. ബീന, കെ.എ. ചുവടുകൾ, കോട്ടയം: ഡി.സി.ബുക്സ്, 2015, പു.31.

60. അതേ പുസ്തകം, പുറം 30.

61. അതേ പുസ്തകം, പുറം 32.

62. സുജ, എ.എൻ. യാത്രികം, സരണി ടൂർ കമ്മിറ്റി, കണ്ണൂർ സർവ്വകലാശാല, 2014, പുറം 37.

63. ഗീതാഞ്ജലി കൃഷ്ണൻ, യാത്രികം, സരണി ടൂർ കമ്മിറ്റി, കണ്ണൂർ സർവ്വകലാശാല, പുറം 49.

64. അമ്മാളുവമ്മ, തരവത്ത്, ഒരു തീർത്ഥയാത്ര, കോഴിക്കോട്, നോർവൻ പ്രിന്റിംഗ് ബ്യൂറോ, 1925, പുറം 114.

65. ബീന, കെ.എ ചുവടുകൾ, പുറം 64.

66. അമ്മാളുവമ്മ, തരവത്ത്. ഒരു തീർത്ഥയാത്ര, കോഴിക്കോട്: നോർവൻ പ്രിന്റിംഗ് ബ്യൂറോ, 1925, പുറം 111.

67. ബിദൂർ, കെ. 'സഞ്ചാരസാഹിത്യത്തിലെ ഉത്തരാധുനിക പ്രവണതകൾ', വിജ്ഞാനകൈരളി, 2009 ആഗസ്റ്റ്, പുറം 88.

68. പ്രിൻസ് മോൻജോസ്. തുടി, 2015, കണ്ണൂർ സർവ്വകലാശാല, ഏപ്രിൽ- ജൂൺ, പുറം 73.

69. സുജാതാദേവി. കാടുകളുടെ താളം തേടി, കോട്ടയം: കറന്റ് ബുക്സ്, 1986, പു. 33.

70. അതേ പുസ്തകം, പുറം 38.

71. അതേ പുസ്തകം, പുറം 34.

72. അതേ പുസ്തകം പുറം 115.

73. ബീന, കെ.എ. ബ്രഹ്മപുത്രയിലെ വീട്, കോട്ടയം: കറന്റ് ബുക്സ്, 2010, പുറം 76.

74. അനിത തമ്പി. 'കർലോട്ടിയിലെ ഗ്രാമവീട്', പെൺയാത്ര, സുമംഗല, കെ.വി. (എഡി.), കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2013, പുറം 76.

# ഉപസംഹാരം

മനുഷ്യനെ സാംസ്കാരികമായി നിർണ്ണയിക്കുന്ന ഒരു പ്രക്രിയയാണ് യാത്ര. മനുഷ്യ സംസ്കാര നിർമ്മിതിയിലും സാംസ്കാരിക മൂല്യങ്ങൾ വിനിമയം ചെയ്യുന്നതിലും യാത്രയ്ക്കുള്ള പ്രാധാന്യം ഏറെയാണ്. ഭൂമിശാസ്ത്രപരമായ അതിരുകളെയും നിയന്ത്രണങ്ങളെയും മറികടക്കുന്നത് യാത്രയിലൂടെയാണ്. പ്രകൃതിയോടുള്ള സ്വാഭാവികമായ പ്രതികരണത്തിനപ്പുറം അതിജീവനത്തിന്റെയും പ്രതികൂലമായ പ്രതികരണത്തിന്റെയും ശേഷി മനുഷ്യൻ ആർജ്ജിച്ചെടുത്തത് യാത്രയിലൂടെയാണ്.

സാംസ്കാരിക സമന്വയവും സാംസ്കാരികതനിമയും രൂപപ്പെടുത്താനുള്ള ഉപാധിയാണ് യാത്ര. വ്യക്തി ആഗോളപൗരയായി പരിണമിക്കുന്നതിന്റെ അടിസ്ഥാന സ്രോതസ്സും യാത്രയാണ്. മനുഷ്യന്റെ ജൈവികവും കാലബന്ധിതവും സ്ഥലപരവുമായ പരിമിതികളെ അതിലംഘിക്കാനുള്ള ഉപാധിയാണ് യാത്ര. മാനസികതലത്തോട് ശാരീരിക തലത്തെ കൂട്ടിയോജിപ്പിക്കുന്ന പ്രക്രിയകൂടിയാണ് യാത്ര.

പ്രമേയം ഇതിവൃത്തം ഘടന എന്നിവ നിർണ്ണയിക്കുന്ന പ്രധാന ഉപാധിയായി യാത്ര സാഹിത്യകൃതികളിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ഭാരതീയ ദർശന പാരമ്പര്യത്തിൽ യാത്ര ജീവിതവുമായി സമാനബന്ധം പുലർത്തുന്നു. സ്ത്രീയെ സംബന്ധിച്ച് സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ഭാഗമാണ് യാത്ര. പുരുഷനെ സംബന്ധിച്ചിടത്തോളം അവന്റെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ഭാഗമല്ല യാത്ര. അതുകൊണ്ടുതന്നെ സർഗ്ഗാത്മകതയിൽ മികച്ചുനിൽക്കുന്നത് സ്ത്രീയാത്രാവിവരണങ്ങളാണ്. യാത്രാവിവരണം എന്ന സാഹിത്യജനുസ്സിന് ഉപാധിയാണ് യാത്ര.

പുരുഷന് ആദ്യമേ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിട്ടില്ല. പക്ഷേ അവന്റെ സർഗ്ഗാത്മകമായ ജൈവികാവസ്ഥയുടെ പ്രതിഫലനമാണ് യാത്ര. എന്നാൽ

സ്ത്രീയെ സംബന്ധിച്ച് അവളുടെ സർഗ്ഗാത്മകതയെപ്പോലും പ്രോജ്ജ്വലിപ്പിച്ച ഘടകമാണ്.

സർഗ്ഗാത്മകസൃഷ്ടി എന്ന നിലയിൽ യാത്രയെ വികസിപ്പിക്കുന്ന ഒരു സാഹിത്യഭാവുകത്വമാണ് യാത്രാവിവരണം. സാഹിത്യനിർമ്മിതിയുടെ പ്രായോഗികവും ഭാവനാത്മകവുമായ തലമാണ് യാത്രാവിവരണത്തിലെ പ്രമേയം. വസ്തുവിവരണങ്ങളും വസ്തുതാനിരീക്ഷണങ്ങളും അടങ്ങിയ രേഖകളായിരുന്നു ആദ്യകാല യാത്രാവിവരണങ്ങൾ മിക്കതും.

അധീശത്വം സ്ഥാപിക്കുന്നതിന്റെയും മേൽക്കോയ്മ സ്ഥാപിക്കുന്നതിന്റെയും അധികാരം ഉറപ്പിക്കുന്നതിന്റെയും ഭാഗമായിട്ടുള്ള അടിസ്ഥാനവിവരണങ്ങൾ എന്ന നിലയിലാണ് കൊളോണിയൽ കാലഘട്ടത്തിലെ യാത്രകൾ നിർണ്ണയിക്കപ്പെട്ടത്. പൂർവ്വകേരളത്തിന്റെ ചരിത്രരേഖകളാണ് കൊളോണിയൽ പൂർവ്വഘട്ടത്തിലുണ്ടായ യാത്രാവിവരണങ്ങൾ. കൊളോണിയൽ പൂർവ്വഘട്ടത്തിന്റെ സാംസ്കാരികവും സാമൂഹികവും ആയ തലങ്ങളുടെ വസ്തുതാപരമായ വിവരണങ്ങൾ എന്നരീതിയിൽ സാംസ്കാരിക ചരിത്രകാരന്മാർക്ക് ഉപാദാനമാക്കാവുന്ന വിവരണങ്ങളാണ് ഇത്തരം കൃതികൾ. ജീവിതരീതി മതവിശ്വാസം ആചാരാനുഷ്ഠാനങ്ങൾ മൂല്യബോധം തുടങ്ങിയവയെക്കുറിച്ചുള്ള വസ്തുതാവിവരണങ്ങളാണ് ഇബ്നുബത്തൂത്തയുടെ വിവരണം. ഭൂമിശാസ്ത്രം, കാലാവസ്ഥാ-വനവിഭവങ്ങൾ, കച്ചവടവിഭവങ്ങൾ ഇവയെക്കുറിച്ചുള്ള വസ്തുതാവിവരണങ്ങളാണ് ബുക്കാനന്റെ യാത്രാവിവരണങ്ങളിൽനിന്ന് ലഭ്യമാകുന്നത്.

കൊളോണിയൽ കാലഘട്ടത്തിലെ യാത്രാവിവരണങ്ങളിൽ യാത്രയുടെയോ അല്ലെങ്കിൽ യാത്രാവിവരണസാഹിത്യത്തിന്റെയോ സൗന്ദര്യാംശത്തിന് പ്രാധാന്യം കൊടുത്തിട്ടില്ല. ദേശത്തിന്റെ തനിമയെയോ സംസ്കാരത്തെയോ വിവരിക്കുക എന്നതിലുപരി കൊളോണിയൽ നേട്ടങ്ങൾക്കുവേണ്ടി, താല്പര്യങ്ങൾക്കുവേണ്ടി എഴുതപ്പെട്ടതായിരുന്നു ഈ കാലഘട്ടത്തിലെ യാത്രാവിവരണങ്ങൾ. പുറത്തുനിന്ന്

വന്ന് വിവരങ്ങൾ ശേഖരിച്ചുകൊണ്ടുപോകുന്ന വിവരശേഖരണ കർത്താവായി ട്ടാണ് ബുക്കാനൻ യാത്രയെ സമീപിക്കുന്നത്. കൊളോണിയൽ കാലഘട്ടത്തിൽ തദ്ദേശീയർ നടത്തിയ യാത്രാവിവരണങ്ങളിൽ സാഹിതീയവും ലാവണ്യാത്മകവു മായ അനുഭവവിവരണങ്ങൾ കാണുന്നുണ്ട്. ആത്മാംശം കലർന്നതും സ്വത്വപൂരണ ത്തിനുവേണ്ടിയുള്ളതുമായ ശ്രമങ്ങളാണ് തദ്ദേശീയർ നടത്തിയ യാത്രാവിവരണ ങ്ങളുടെ സവിശേഷത. കൊളോണിയൽ കാലഘട്ടത്തിൽ വിദേശീയരാലും സ്വദേശീയരാലും രചിക്കപ്പെട്ട കേരളത്തെ സംബന്ധിച്ച യാത്രാവിവരണങ്ങളിൽ ഒന്നും യാത്രാവിവരണജനുസ്സിന്റെ സാഹിതീയമായ അംശങ്ങൾ കാണാൻ സാധി ക്കുന്നില്ല.

കൊളോണിയൽ യാത്രാവിവരണത്തിന്റെ സ്വാധീനം പിൽക്കാല യാത്രാവി വരണത്തിന്റെ പരിപ്രേക്ഷ്യത്തെയും രൂപപ്പെടുത്തിയിട്ടുണ്ട്. അന്തർദ്ദേശീയ ഉദ്ഗ്രഥ നത്തിനോ സമഗ്രലോകവീക്ഷണത്തിനോ കാരണമാകുന്ന തരത്തിൽ ഒരു ഉപാധി യായിത്തീർന്നിട്ടില്ല ഇത്തരം യാത്രാവിവരണങ്ങൾ.

സ്ത്രീസ്വത്വ നിർവ്വചനത്തെ പുതുക്കിപ്പണിയാനുള്ള ഉപാധി എന്നനില യിൽ സ്ത്രീയാത്രാവിവരണവും സ്ത്രീയാത്രയും സഹായകമായിട്ടുണ്ട്. സ്ത്രീസ മൂഹത്തിനുള്ളിൽ നിന്നുകൊണ്ട് സ്ത്രീകൾ നേടിയ പുരോഗമനത്തെ വിലയിരു ത്താനുള്ള ഒരു ചരമായി യാത്രയെ നിർണ്ണയിക്കാൻ സാധിക്കും. ശാരീരികസമത്വം എന്നത് ലിംഗപരമായ അവസ്ഥ എന്നതിലപ്പുറം സാമൂഹികമായ അവസ്ഥയാണ് എന്ന പരികല്പനയെ പ്രായോഗിക അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെളിയി ക്കാനുള്ള ഉപാധിയാണ് സ്ത്രീയാത്ര.

ചരിത്രപരമായി സ്ത്രീകൾക്ക് നേരിടേണ്ടിവന്ന പ്രതിസന്ധികൾ സ്ത്രീ യാത്രകളെയും യാത്രാവിവരണത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള അസമത്വത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും അധി

കാരപ്രയോഗത്തിന്റെയും സൂചനകളായിവേണം യാത്രാവിവരണത്തിന്റെയും യാത്രകളുടെയും അഭാവത്തെ കാണാൻ.

ദേശീയവും പ്രാദേശികവുമായ അതിരുകൾക്കപ്പുറം അന്തർദേശീയതല ത്തിൽ സ്ത്രീസ്വത്വവൈവിധ്യങ്ങളെ രേഖപ്പെടുത്തിയ ചരിത്രനിരീക്ഷണങ്ങളാണ് സ്ത്രീയാത്രാവിവരണങ്ങൾ. പുരുഷകേന്ദ്രീകൃതവും പുരുഷനിയന്ത്രിതവുമായ സാമൂഹികാവസ്ഥയുടെ ഉപോല്പ്പന്നമാണ് എല്ലാ ദേശത്തും കാലത്തും സ്ത്രീയു ടെ ജീവിതരീതികൾ എന്ന് ഉറപ്പിക്കുന്ന ധാരണകളാണ് പുരുഷയാത്രാവിവരണ ങ്ങൾ പങ്കുവെയ്ക്കുന്നത്.

പൊതുമണ്ഡലത്തിൽ സമകാലീനമായിപ്പോലും നിഷ്കാസനം ചെയ്യപ്പെട്ട സ്ത്രീകൾക്ക് സ്ത്രീസ്വത്വത്തെ ഉറപ്പിക്കാനുള്ള ഒരു മാധ്യമവുമാണ് യാത്ര. സ്ത്രീകൾക്ക് സാമൂഹികമായും വൈയക്തികമായും ഒരു ലോകവീക്ഷണം ഉണ്ടാ ക്കിക്കൊടുത്ത ഒരു സാംസ്കാരിക പ്രക്രിയയാണ് യാത്ര. വ്യക്തിസ്വാതന്ത്ര്യം സാമൂഹികസ്വാതന്ത്ര്യം ദേശീയസ്വാതന്ത്ര്യം തുടങ്ങിയ അനുക്രമവ്യവസ്ഥിതിയിൽ വ്യക്തിസ്വാതന്ത്ര്യം എന്ന ആദ്യഘട്ടത്തിന് ബലം നൽകിയ ഒരു സാമൂഹികപ്രക്രി യ കൂടിയാകുന്നു യാത്ര.

സ്ത്രൈണം, സ്ത്രീത്വം, സ്ത്രീവാദം തുടങ്ങിയ മൂന്ന് പരികല്പനകളുടെ അടിസ്ഥാനസ്രോതസ്സാണ് യാത്രയും യാത്രാവിവരണവും. സ്ത്രീസ്വത്വനിർമ്മിതി യുടെ ജൈവികപ്രക്രിയയാണ് യാത്ര. സമൂഹത്തിന്റെ സാമൂഹികനിർമ്മിത സത്ത യുടെ അപനിർമ്മാണമാണ് സ്ത്രീയാത്ര. ശാരീരികവും മാനസികവുമായ സ്വത്വ സമഗ്രതയുടെ രൂപപ്പെടലിന് അടിസ്ഥാനമായ ക്രിയാത്മകപ്രവർത്തനമാണ് യാത്ര. പൊതുമണ്ഡല വ്യവസ്ഥിതിയിൽ സ്ത്രീസ്വത്വമാതൃകാനിർമ്മാണത്തിനുള്ള വൈയക്തികപ്രവർത്തനമാണ് സ്ത്രീയാത്രകൾ. പ്രകൃതിബോധത്തോട് പെൺസ്വ ത്വത്തിന്റെ അകൃത്രിമവും ക്രിയാത്മകവുമായ കൂടിച്ചേരലായി മാറുന്നു യാത്ര.

പുരുഷകേന്ദ്രീകൃത കാഴ്ചാവബോധത്തിൽനിന്ന് വ്യത്യസ്തമായി പുതിയ സ്ത്രൈണാവബോധത്തിന്റെ പ്രതികരണങ്ങളാണ് സ്ത്രീയാത്രാവിവരണങ്ങളിലെ ആഖ്യാനം. കാഴ്ചയുടെ പുതിയ പെൺബോധനിർമ്മിതിയാണിത്. പൊതുവായനാ മണ്ഡലത്തിൽ പുതിയ യാത്രാവബോധം ഉണ്ടാക്കാൻ ഇത്തരം ആഖ്യാനങ്ങൾക്ക് സാധിക്കുന്നു. യാത്രാവിവരണജനുസ്സിൽ പുതിയ പ്രതീകസമുച്ചയമാണ് സ്ത്രൈണാഖ്യാനത്തിലൂടെ സംഭവിക്കുന്നത്.

ആദ്യകാലഘട്ടങ്ങളിൽ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ നിയന്ത്രണങ്ങൾകൊണ്ടും വിലക്കുകൾകൊണ്ടും ആധുനികകാലത്ത് സാധ്യമായതരത്തിലുള്ള യാത്രകൾ ഉണ്ടായിട്ടില്ല. ഗാർഹികവും സാമൂഹികവുമായ ചട്ടക്കൂട്ടിൽ ഒതുങ്ങിയ സ്ത്രീകൾക്ക് അക്കാലഘട്ടങ്ങളിൽ വീടിനു പുറത്തോ ദേശത്തിന് പുറത്തോ ഉള്ള യാത്രകൾ നിഷേധിക്കപ്പെട്ടിരുന്നു. മതം ജാതി കുടുംബം തുടങ്ങിയവയിൽ നിന്നുള്ള സാമൂഹികസ്ഥാപനങ്ങളുടെ വിലക്കുകൾ ആ കാലഘട്ടങ്ങളിൽ സ്ത്രീക്ക് മാത്രമേ നേരിടേണ്ടിവരുന്നിരുന്നുള്ളു.

1980-കളിൽ കേരളത്തിലുണ്ടായ സാമൂഹിക നവോത്ഥാനപ്രവർത്തനങ്ങൾ സ്ത്രീയാത്രകളെ പരിപോഷിപ്പിച്ചു. സ്ത്രീയ്ക്ക് സ്വന്തമായും കൂട്ടമായും അന്യദേശങ്ങളിലേക്ക് യാത്രചെയ്യാനുള്ള സാധ്യത കൈവന്നത് സാമൂഹികനവോത്ഥാനത്തിന്റെ ഫലമായിട്ടാണ്.

പുരുഷന്മാരിൽനിന്ന് വ്യത്യസ്തമായി യാത്രയും, യാത്രയുമായി ബന്ധപ്പെട്ട യാത്രാവിവരണങ്ങളും മലയാളത്തിൽ സാധ്യമാവുന്നതിന്റെ പ്രാഥമികകാരണം തൊഴിൽസംബന്ധമായ ജീവിതോപാധികളുമായി ഇത് ബന്ധപ്പെട്ടു എന്നുള്ളതാണ്. ഉല്ലാസം, ആഹ്ലാദം, വിനോദം തുടങ്ങിയ ഉപാധികളെ കേന്ദ്രീകരിച്ച് ആയിരുന്നില്ല ആദ്യകാലസ്ത്രീയാത്രകൾ. നമ്പൂതിരി-ബ്രാഹ്മണകുടുംബത്തിലെ അസ്വാതന്ത്ര്യത്തെയും അസമത്വത്തെയും ഒരു പരിധിവരെ ഇല്ലാതാക്കിത്തീർത്തത് ആ മേഖലയിൽനിന്നുള്ള യാത്രാനുഭവങ്ങളും എഴുത്തുകളുമാണ്. യാത്രയുമായി

ബന്ധപ്പെട്ട എല്ലാ മുൻധാരണകളെയും വ്യവസ്ഥിതികളെയും സാങ്കേതികതകളെയും മറികടക്കുന്ന തരത്തിലുള്ള ഒറ്റപ്പെട്ട യാത്രകളും ആധുനിക കാലഘട്ടത്തിൽ നടന്നിട്ടുണ്ട്. ബ്രാഹ്മണ സമുദായത്തിൽ മറ്റു സമുദായങ്ങളെ അപേക്ഷിച്ച് സാഹസികവും സങ്കീർണ്ണവുമായ യാത്രകൾ നടത്തിയ ഒറ്റപ്പെട്ട സ്ത്രീയാത്രികരുമുണ്ട്.

ജീവിതവുമായും തൊഴിലുമായും പഠനവുമായും ബന്ധപ്പെട്ടതും അതിലുപരി ഉല്ലാസത്തിനുവേണ്ടി മാത്രമുള്ളതുമായ നിരവധി യാത്രാനുഭവങ്ങൾ സ്ത്രീകൾ നേടിയിട്ടുണ്ട്. ഇപ്പറഞ്ഞ യാത്രകളിൽ മിക്കതും ഒറ്റപ്പെട്ട യാത്രകളുമാണ്. ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് സ്ത്രീയ്ക്കെതിരെയുള്ള യാഥാസ്ഥിതിക കാഴ്ചപ്പാടും സാമൂഹികവിലക്കുകളും താരതമ്യേന കൂടുതൽ നിലനിൽക്കുന്നത് എന്ന ധാരണയെ ഉറപ്പിക്കാനുള്ള ഉപാധികളാണ് പുതിയ കാലഘട്ടത്തിൽ സ്ത്രീകൾ നടത്തിയ മിക്ക യാത്രാവിവരണങ്ങളും.

സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസമേഖലകളിൽ നിയമപരമായി ആധുനിക സ്ത്രീ സ്വാതന്ത്ര്യം നേടിയിട്ടുണ്ടെങ്കിലും അവ സാങ്കേതികത മാത്രമാണ് എന്ന് തെളിയിക്കുന്നവയാണ് പില്ക്കാലയാത്രാനുഭവങ്ങൾ. യാത്രയുമായി ബന്ധപ്പെട്ട എല്ലാതരത്തിലും സുരക്ഷിതത്വം കിട്ടുന്ന അവസരങ്ങൾ ധാരാളമുണ്ടെങ്കിലും മാനസികമായി സ്ത്രീയെ പരമ്പരാഗതമായി വേട്ടയാടുന്ന അരക്ഷിതത്വബോധം, അധൈര്യം എന്നിവ യാത്രയിലുടനീളം അവളെ പിൻതുടരുന്നുണ്ട്. ആധുനികകാലഘട്ടത്തിൽ പോലും സ്ത്രീ നടത്തുന്ന യാത്രകളിൽ പഴയകാലഘട്ടത്തിൽ പുരുഷൻ നടത്തിയ യാത്രയുടെ ഉല്ലാസമേഖല സാധ്യമാക്കാൻ സ്ത്രീയ്ക്ക് കഴിയുന്നില്ല. പാരമ്പര്യമായി സ്ത്രീയെ പ്രകൃതിദത്തമായ ശാരീരിക മാനസിക സുഖങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത് അരക്ഷിതത്വബോധം, ഭയം, വേവലാതി, വ്യഥ, സ്വകാര്യത എന്നീ തടസ്സങ്ങളാണ്. സ്വകാര്യത, സുരക്ഷിതത്വം, ഭയം ഈ മൂന്ന്

വികാരങ്ങളാൽ തളയ്ക്കപ്പെട്ട അനുഭവങ്ങളിലൂടെ തന്നെയാണ് പുതിയ കാലഘട്ടത്തിലും സ്ത്രീ യാത്രകൾ നടത്തുന്നത്. അതുകൊണ്ടുതന്നെ ഇത്തരം യാത്രാവിവരണങ്ങളിൽ സ്ത്രീ സ്വതന്ത്രവും നിഷ്പക്ഷവുമായ യാത്രാസൗഖ്യം നേടുന്നില്ല.

ആധുനികകാലഘട്ടത്തിൽ ഔദ്യോഗികം, ഉല്ലാസം, ആത്മീയം തുടങ്ങിയ പ്രധാന ഉപാധികൾ ലക്ഷ്യമാക്കിയുള്ള എല്ലാതരം യാത്രകളും സ്ത്രീകൾ ഒറ്റക്കും കൂട്ടമായും നടത്തുന്നു. ആധുനികകാലഘട്ടങ്ങളിൽ സ്ത്രീ പുരുഷനോടൊപ്പം എല്ലാ ഔദ്യോഗികരംഗങ്ങളിലും വ്യാപരിക്കാൻ തുടങ്ങിയതോടുകൂടി സ്ത്രീകൾക്ക് യാത്രാസാധ്യതകൾ ഏറിയിട്ടുണ്ട്. ആത്മീയം, ഉല്ലാസം തുടങ്ങിയ മേഖലകൾ ലക്ഷ്യം വെച്ചുകൊണ്ട് യാത്രകൾ നടത്താൻ സാധ്യതയില്ലാത്ത സ്ത്രീകൾക്കും യാത്രാസംബന്ധമായ പുതിയ സാധ്യതകൾ തുറന്നു കൊടുക്കുന്ന മേഖലയാണ് ഔദ്യോഗിക യാത്രകൾ.

1950-കൾക്കുമുമ്പ് ഇന്ന് കാണുന്ന രീതിയിൽ വ്യാപകമായി സ്ത്രീയാത്രകൾ നടന്നിട്ടില്ല. വിദ്യാഭ്യാസം സാമ്പത്തികം, കുടുംബപരം തുടങ്ങിയ കെട്ടുപാടുകളാണ് സ്ത്രീയെ പൊതുവെ യാത്രാകാര്യങ്ങളിൽ നിന്ന് മാറ്റി നിർത്തിയത്. മതം, ജാതി, കുടുംബസംവിധാനം എന്നിവ ഈ കാലഘട്ടത്തിൽ കേരളത്തിൽ തീർത്തും യാഥാസ്ഥിതികവും അയുക്തികവുമായിരുന്നു. അതുകൊണ്ടുതന്നെ സാമ്പത്തികമായ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ പോലും സ്ത്രീകൾക്ക് യാത്രകൾ സാധ്യമായിരുന്നില്ല.

വിലക്കുകളുടെ ലോകത്തുനിന്ന് സ്ത്രീക്ക് സ്വന്തമായ ആഹ്ലാദാനുഭൂതി നൽകുന്ന സാധ്യത എന്നതരത്തിൽ യാത്രകൾക്കുള്ള വഴിതുറക്കുന്നതിന് പിന്നിൽ സ്വാതന്ത്ര്യാനന്തര കേരളത്തിന്റെ സമത്വമൂല്യത്തിന് പ്രാധാന്യമുണ്ട്. സമുദായത്തിനുള്ളിൽ സ്ത്രീപുരുഷസമത്വവും സ്വാതന്ത്ര്യവും വ്യാപകമാവുകയും നവോത്ഥാനസംഘടനകൾ ആവിർഭവിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾ വ്യാപകമായി യാത്രകളിലേക്ക് പ്രവേശിക്കുന്നു.

വിവരവിനിമയ സാങ്കേതികവിദ്യയുടെ വളർച്ച, ആധുനികയന്ത്ര സംവിധാനങ്ങൾ ഇവയുടെ സമഗ്രമായ വ്യാപനം എന്നിവ സ്ത്രീയാത്രകളെ പരിപോഷിപ്പിച്ചു. ആഗോളീകരണം സ്ത്രീയാത്രയെ പിൻതാങ്ങുന്ന ഒരു ശക്തമായ സാമൂഹിക സംവിധാനമായി മാറിയിട്ടുണ്ട്.സ്ത്രീ സൗഹൃദപരമായ കാഴ്ചപ്പാടുകളും അതിന്റെ അടിസ്ഥാനത്തിലുള്ള നിയമസംവിധാനങ്ങളും സ്ത്രീയാത്രകളെ സാങ്കേതികമായ അർത്ഥത്തിൽത്തന്നെ സമഗ്രമാക്കി.

പരമ്പരാഗതവും യഥാസ്ഥിതികവുമായ സ്ത്രീസ്വത്വാവബോധത്തിനെതിരെയുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരസ്ഥാപനമാണ് പുതിയ സ്ത്രീയാത്രാവിവരണം. ആധുനികാനന്തര കാലഘട്ടത്തിലെ സ്ത്രീയാത്രകളും വിവരണങ്ങളും പൂർവ്വകാലഘട്ടങ്ങളിൽനിന്നും വ്യത്യസ്തമായി സ്വാതന്ത്ര്യത്തിന്റെയും സ്വകാര്യതയുടെയും സ്വയം തെരഞ്ഞെടുക്കലിന്റെയും ആഹ്ലാദത്തിന്റെയും ഒരു കൂട്ടുസംരംഭമായി മാറുന്നു.

സ്ത്രീയാത്രയുടെ യഥാതഥമായ വസ്തുതാവിവരണങ്ങളെ സ്ത്രൈണ സൗന്ദര്യബോധത്തോടുകൂടി പ്രതിഫലിപ്പിക്കുന്ന സർഗ്ഗാത്മക ഉപാധിയാണ് യാത്രാവിവരണങ്ങളിലെ എഴുത്ത്. കാണുന്ന വസ്തുതകൾക്കപ്പുറം കാഴ്ചയുടെ ഒരു പുതിയ സ്ത്രൈണപ്രത്യയശാസ്ത്രം നിർമ്മിക്കുന്ന എഴുത്തുകളാണിതിൽ. പ്രകൃതിയുടെ വൈവിധ്യങ്ങളെ പുരുഷകേന്ദ്രീകൃതമായ കാഴ്ചപ്പാടോടുകൂടി വീക്ഷിക്കുന്ന സമീപനത്തെ കീഴ്മേൽ മറിക്കുന്ന പുതിയ സമീപനമാണ് സ്ത്രീയാത്രാവിവരണങ്ങളിൽ കാണുന്നത്. പ്രകൃതിയെ ആൺകോയ്മയുടെ ദാർശനിക പശ്ചാത്തലത്തിൽ മാത്രം വീക്ഷിക്കുന്ന എഴുത്തിൽനിന്നും ഗാർഹികവും കുടുംബപരവും സ്ത്രൈണാധിഷ്ഠിതവുമായ സഹജാവബോധത്തിന്റെ പശ്ചാത്തലത്തിൽ വീക്ഷിക്കുകയാണ് സ്ത്രീഎഴുത്തിൽ. സ്ത്രീക്ക് മാത്രം ലഭ്യമായ ശാരീരികവും മാനസികവുമായ അനുഭവത്തിനുള്ളിലൂടെയാണ് സ്ത്രീയാത്രാനുഭവങ്ങളെ സ്വയം നിർണ്ണയിക്കുന്നത്. കാഴ്ചകളെയും വസ്തുതകളെയും വൈയക്തികമായി

സ്ത്രീയാത്രികർ രൂപപ്പെടുത്തുന്നത് സ്ത്രീയുടെ മൂല്യാവബോധത്തിനുള്ളിലൂടെ യാണ്.

സ്ത്രീകൾ നടത്തിയ തീർത്ഥയാത്രകളിൽ പൂർണ്ണമായ ആത്മീയധാരണ കളോ ലക്ഷ്യങ്ങളോ സാധൂകരിക്കുന്നതായി രാജനന്ദിനിയുടെ കൈലാസയാത്ര യിൽ കാണാൻ സാധിക്കുകയില്ല. തീർത്ഥയാത്രകളെ സ്ത്രീസഹജമായ പാരമ്പര്യ ബോധത്തിന്റെയും യാഥാസ്ഥിതികാവബോധത്തിന്റെയും അടിസ്ഥാനത്തിൽ തന്നെയാണ് നിർണ്ണയിക്കുന്നത്. സ്ത്രീയുടെ പ്രകൃതിദത്തമായ ആരോഗ്യ ശാരീ രിക അവസ്ഥകളെ ആത്മീയമായി മറികടക്കാനുള്ള ശേഷി തീർത്ഥയാത്രകളി ലൂടെ സ്ത്രീകൾ നേടിയിട്ടില്ല. ആത്മീയയാത്രകളെ സ്ത്രീകൾ ശാരീരികനിലപാടു കളുടെ അടിസ്ഥാനത്തിൽതന്നെയാണ് നിർണ്ണയിക്കുന്നത്. സ്ത്രീക്ക് ജീവിതസം ബന്ധിയായി നിലനിൽക്കുന്ന മൂല്യങ്ങളിൽ ഏറ്റവും പ്രധാനം മാതൃത്വവും സ്നേഹവുമാണ്. ആത്മീയതയ്ക്കു മുകളിലാണ് സ്ത്രീയുടെ പ്രായോഗികജീവിത മൂല്യങ്ങൾ എന്ന് തെളിയിക്കുന്നതാണ് ദേവകി നിലയങ്ങോടിന്റെ യാത്രാനുഭവം.

എല്ലാ കാലഘട്ടങ്ങളിലും അനുയാത്രകളിലാണ് സ്ത്രീകൾ കൂടുതലായി ഏർപ്പെട്ടിരുന്നത്. സുരക്ഷിതത്വം, സ്വാതന്ത്ര്യം, സ്വകാര്യത എന്നിവ കൂടുതൽ സംരക്ഷിക്കാൻ തക്കതരത്തിലുള്ള അനുയാത്രകളാണ് സ്ത്രീകൾ വ്യാപകമായി തെരഞ്ഞെടുത്തത്. പാരമ്പര്യവും യാഥാസ്ഥിതികവുമായ ചട്ടക്കൂട്ടിനുള്ളിൽ നിന്നു കൊണ്ട് സ്ത്രീ കൂടുതൽ വിമോചനം ആഗ്രഹിക്കുന്നതും നേടുന്നതും സംഘത്തി നുള്ളിൽ നിന്നുകൊണ്ടുതന്നെയാണ് എന്നതിന്റെ നേർസാക്ഷ്യങ്ങളാണ് അനുയാ ത്രാവിവരണങ്ങൾ. കുടുംബം എന്ന സാമൂഹികസ്ഥാപനം ആധുനികകാലഘട്ടങ്ങ ളിലും പ്രാചീനകാലഘട്ടങ്ങളിലും സ്ത്രീയുടെ ആഹ്ലാദത്തെയും സ്വാതന്ത്ര്യ ത്തെയും നിർണ്ണയിച്ചു എന്നതിന്റെ മികച്ച ഉദാഹരണങ്ങളാണ് അനുയാത്രകൾ. യാത്രാനുഭവങ്ങളിൽ ഉല്ലാസം, ആഹ്ലാദം എന്നിവ ഒറ്റയായി അനുഭവിക്കുന്ന തിൽനിന്ന് വ്യത്യസ്തമായി സമൂഹകേന്ദ്രീകൃതമായ സാഹചര്യമാണ് സ്ത്രീ ഏറെ

ആഗ്രഹിയ്ക്കുന്നത് എന്നതിന്റെ തെളിവുകളാണ് അനുയാത്രകൾ. അനുയാത്രകളിൽ മൗലികവും സ്വത്വാത്മകവുമായ മാനസികഭാവങ്ങൾ ഒരു പരിധിവരെ വിലക്കപ്പെടുന്നുണ്ട്. യാത്രകളിൽ സാധ്യമാവേണ്ട സ്വാതന്ത്ര്യം, ആഹ്ലാദം എന്നിവ സംഘയാത്രകളിലും അനുയാത്രകളിലും പരിമിതപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ അനുയാത്രകൾ സാഹിതീയമോ സാംസ്കാരികമോ ആയ പുതുനിർമ്മാണത്തിന്റെ ഉപാധിയായി തീരുന്നില്ല. സ്ത്രീ അനുഭവങ്ങൾ സഹയാത്രികരാൽ ഒരു പരിധിവരെ നിയന്ത്രിക്കപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്യുന്നതുകൊണ്ടുതന്നെ അനുയാത്രാവിവരണങ്ങളിൽ സ്ത്രീസ്വത്വനിർമ്മിതിക്ക് കാരണമായ യാത്രാനുഭവങ്ങൾ രൂപീകരിക്കപ്പെടുന്നില്ല.

പ്രകൃത്യധിഷ്ഠിതവും ജൈവികവുമായി നേരിടേണ്ടിവന്ന എല്ലാതരം വിലക്കുകളും സാമൂഹികനിർമ്മിതികൾ മാത്രമായിരുന്നു. ഈ ഒരു കാഴ്ചപ്പാടിനെ സാധൂകരിക്കാനുള്ള വ്യഗ്രതയുടെ ഭാഗമായിട്ടാണ് ഒറ്റയ്ക്കുള്ള സ്ത്രീയാത്രകൾ സാഹസികത നിറഞ്ഞതാവുന്നത്. ഒറ്റയ്ക്കുള്ള സ്ത്രീകളെക്കുറിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കും ഉള്ള നിലവിലുള്ള ധാരണകളെ തിരുത്തിക്കുറിക്കാനുള്ള പ്രവർത്തനങ്ങളാണ് ഇത്തരം യാത്രകൾ. സ്ത്രീയ്ക്ക് ശാരീരികമായ അവസ്ഥകളിൽ കവിഞ്ഞ സ്വത്വമാണ് ഉള്ളത് എന്ന് സ്വയം തിരിച്ചറിയാനും മറ്റുള്ളവരെ ബോധ്യപ്പെടുത്താനുമുള്ള ഉപാധികളാണ് ഒറ്റയ്ക്കുള്ള യാത്രകൾ. സ്ത്രീശരീരം കൊണ്ടല്ല സ്വത്വംകൊണ്ടാണ് സമൂഹത്തിൽ അടയാളപ്പെടുത്തേണ്ടതും വിലയിരുത്തപ്പെടേണ്ടതുമെന്ന പുതിയ പെൺബോധമാണ് ഓരോ യാത്രയുടെയും അടിസ്ഥാന ലക്ഷ്യം.

ഔദ്യോഗികയാത്രകളിൽപോലും സ്ത്രീ പ്രകൃതിയെയും സമൂഹത്തെയും സംസ്കാരത്തെയും അറിയുന്നതിനപ്പുറം അനുഭവിക്കുകയാണ് ചെയ്യുന്നത്. സ്ത്രീയുടെ അറിവ് എന്നത് അനുഭവത്തിൽനിന്ന് രൂപപ്പെടുന്ന ധാരണകളാണ് എന്ന തിരിച്ചറിവ് ഉണ്ടാക്കുന്നതാണ് സ്ത്രീയാത്രകളും സ്ത്രീയാത്രാവിവരണങ്ങ

ളും. സ്ത്രീകൾ ബുദ്ധിപരമായോ വൈജ്ഞാനികമായോ മാത്രം കാണേണ്ടുന്ന കാര്യങ്ങളെ പോലും വൈകാരികമായാണ് ഉൾക്കൊള്ളുന്നത് എന്നതിന്റെ തെളിവുകളാണ് മാധവിക്കുട്ടിയുടെ കേരളസഞ്ചാരം. ഔദ്യോഗികമായ യാത്രകളിൽ അന്തർഭവിച്ചിരിക്കുന്ന ഉത്തരവാദിത്തത്തിനപ്പുറം അവയെ സാംസ്കാരികമായും ലാവണ്യാത്മകമായും തിരിച്ചറിയാനും മനസ്സിലാക്കാനുമാണ് പെൺയാത്രികർ ശ്രമിക്കുന്നത്.

സാമാന്യവും പൊതുസവിശേഷതയുള്ളതുമായ വ്യത്യസ്ത യാത്രാനുഭവങ്ങളെ സ്ത്രീ ഉല്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതും പെൺഭാവുകത്വത്തിന്റെ അടിസ്ഥാനത്തിലാണ്.കൂട്ടായ്മയുടെ സ്വത്വാവബോധത്തിൽനിന്നും വ്യതിചലിച്ചുകൊണ്ട് തനിമയാർന്നതും മൗലികവും വ്യക്തിത്വസവിശേഷതയുള്ളതുമായ ഒരു സ്വത്വബോധം സൂക്ഷിക്കുന്നവരാണ് സ്ത്രീയാത്രികർ. കാഴ്ചകളെയും അനുഭവങ്ങളെയും നിരീക്ഷണങ്ങളെയും ആഗമനപരമായും നിഗമനപരമായും സ്വീകരിക്കാനും പ്രതിപാദിക്കാനും പെൺയാത്രികർ അവരുടെ കൃതികളിൽ ശ്രമിക്കുന്നു.

ആധുനികസമൂഹത്തിൽ പോലും പുരോഗമനവും നവോത്ഥാനവും സാങ്കേതികമായി മാത്രമെ സംഭവിച്ചിട്ടുള്ളൂ എന്ന് തെളിയിക്കുന്നതാണ് മിക്ക സ്ത്രീകളുടെയും സംഘയാത്രകൾ. പുരുഷമേധാവിത്വം പുതിയ കാലഘട്ടത്തിലും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട് എന്നതിന്റെ തെളിവുകളായി ചില സംഘയാത്രകളെ വിലയിരുത്താം. സംഘയാത്രകളിൽ സ്ത്രീകൾ സഹയാത്രികരിൽനിന്നാണ് കൂടുതൽ നിയന്ത്രണങ്ങളും വിലക്കുകളും അനുഭവിക്കുന്നത്. കെ.എ.ബീനയുടെ ചുവടുകൾ എന്ന സംഘയാത്രാനുഭവവും ഈ നിഗമനത്തെ സാധൂകരിക്കുന്നുണ്ട്. പൊതുമണ്ഡലത്തിൽ സ്ത്രീ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്ന ഉപാധികളിൽ പോലും പാർശ്വവത്ക്കരണവും അവഗണനയുമാണ് നേരിടുന്നത് എന്നതിന് തെളിവുകൾ സംഘയാത്രാവിവരണങ്ങളിൽനിന്ന് ലഭിക്കുന്നുണ്ട്. പുരുഷസമീപനങ്ങളും

കാഴ്ചപ്പാടുകളും കാഴ്ചാനുഭവങ്ങളും രൂപപ്പെടുന്നതുപോലും സ്ത്രീ ലൈംഗിക സംബന്ധമായ പ്രതിപാദനത്തിലൂടെയും വീക്ഷണത്തിലൂടെയുമാണ്. പുരുഷയാത്രകളിൽ മിക്കതിലും ആനന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും മാധ്യമങ്ങളായി സ്ത്രീകളെ കാണുന്നു. സ്ത്രീയാത്രികരുടെ ഉല്ലാസവും ആനന്ദവും നിലകൊള്ളുന്നത് യാത്രയുടെ ജൈവികവും മാനസികവുമായ പരിപ്രേക്ഷ്യങ്ങളിൽ മാത്രമാണ്.

സ്ഥലകാലബന്ധിതമായി ചുരുക്കപ്പെട്ട സ്ത്രീസ്വത്വത്തെ അതിൽനിന്ന് മോചിപ്പിക്കാനുള്ള ഒറ്റയ്ക്കും കൂട്ടായും ഉള്ള ശ്രമമാണ് സ്ത്രീയാത്രകൾ. സ്ഥലത്തോടും കാലത്തോടുമുള്ള സ്ത്രീയുടെ സാംസ്കാരികവും സാമൂഹികവുമായ സംവാദങ്ങളാണ് യാത്രകളും അവയോട് ബന്ധപ്പെട്ട യാത്രാവിവരണങ്ങളും. പുരുഷാധിപത്യപരമായ അവഗണനയെയും അസ്വാതന്ത്ര്യത്തെയും സ്ത്രീശരീരം കൊണ്ട് ഭേദിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായിട്ടാണ് യാത്രകൾ സംഭവിക്കുന്നത്. അജ്ഞാതരും പരിചയക്കാരുമല്ലാത്ത പൊതുസമൂഹത്തോട് സ്ത്രീക്ക് സാമാന്യമായി ഇടപെടൽ നടത്താനുള്ള സാധ്യതയായിട്ടാണ് സ്ത്രീയാത്രികർ യാത്രയെ കാണുന്നത്. സ്ത്രീയ്ക്കു ചുറ്റുമുള്ള പരിചിതസമൂഹത്തിന്റെ ഉള്ളിൽനിന്ന്, സ്ത്രീ അനുഭവിക്കുന്ന വൈയക്തികവും ലിംഗപരവും സാമൂഹികവുമായ അസ്വാതന്ത്ര്യത്തെയും അടിമത്തത്തെയും വിച്ഛേദിക്കുമ്പോൾ ഉണ്ടാകുന്ന സ്ഥലകാലബന്ധിതമായ ക്രിയാത്മകപ്രവർത്തനവുമായി മാറുകയാണ് സ്ത്രീ യാത്രകൾ.

**സ്ത്രീ, സഞ്ചാരം, സാഹിത്യം മലയാളത്തിലെ സ്ത്രീകളുടെ യാത്രാവിവരണഗ്രന്ഥങ്ങളെ മുൻനിർത്തി ഒരു പഠനം** എന്ന ഈ ഗവേഷണപ്രബന്ധത്തിലൂടെ യാത്രാവിവരണത്തിലെ വിവിധതലങ്ങളിലുള്ള സ്ത്രീപ്രാതിനിധ്യവും ഇടവും കണ്ടെത്താനാണ് ശ്രമിച്ചത്. പ്രമേയപഠനത്തോടൊപ്പം ആദ്യകാലസ്ത്രീമാതൃകകൾ, ആദ്യകാലസ്ത്രീയാത്രയിലെ സ്ത്രീപ്രാതിനിധ്യങ്ങൾ, സ്ത്രീയുടെ ആഖ്യാനം, കാഴ്ചയും കാഴ്ചപ്പാടും തമ്മിലുള്ള വ്യതിരിക്തത എന്നീ മേഖലകളെല്ലാം അപഗ്രഥിക്കുകയും ചെയ്തു.

ചുരുക്കത്തിൽ സ്ത്രീക്ക് അനുവദിച്ചുകൊടുക്കേണ്ട ഔദാര്യമല്ല സ്ത്രീസ്വാതന്ത്ര്യം എന്നുള്ള പ്രഖ്യാപനത്തിന്റെ ദ്വന്ദ്വമുഖമായ പ്രവർത്തനമാണ് സ്ത്രീയാത്രയും യാത്രാവിവരണവും എന്ന് മലയാളത്തിലെ സ്ത്രീയാത്രാവിവരണങ്ങളെ മുൻനിർത്തി മനസ്സിലാക്കാവുന്നതാണ്.

# ഗ്രന്ഥസൂചി


അനിതാ നായർ. *കൂകൂ കൂകൂ തീവണ്ടി,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2013.

അന്നമ്മ ജെ, വെള്ളാപ്പിള്ളി. *ഞങ്ങളുടെ ലോകപര്യടനം*, ഏറ്റുമാനൂർ: ആർ.കെ. പ്രസ്സ്, 1973.

അബ്ദുൾ ലത്തീഫ്, വി. *കണ്ടെടുക്കാത്ത പറുദീസകൾ*, കോഴിക്കോട്: പ്രോഗ്രസ് പബ്ലിഷേഴ്സ്, 2013.

അമ്മാളുവമ്മ തരവത്ത്. *ഒരു തീർത്ഥയാത്ര,* കോഴിക്കോട്: നോർമൻ പ്രിന്റിംഗ് ബ്യൂറോ, 1925.

അൽബിറുനി (വിവ.) മുഹ്യുദ്ദീൻ ആലുവായ്. *ആൽബറുനി കണ്ട ഇന്ത്യ*, തൃശ്ശൂർ: വിചാരം ബുക്സ്, 2011.

ആണ്ടലാട്ട്. *സ്ത്രീ: തൊഴിൽ, അധികാരം, സാഹിത്യം,* കായംകുളം: സിതാര ബുക്സ്, 2014.

ആനന്ദി, ടി.കെ. *ജനകീയ സമരങ്ങളിൽ മലബാറിന്റെ പെൺപാതകൾ,* കോഴിക്കോട്: കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, 2006.

ആന്റണി പാലക്കൽ. *സംസ്കാരം, പ്രതിരോധം, ആത്മീയത,* കോട്ടയം: കറന്റ് ബുക്സ്, 2002.

ഇന്ദിര, ബി. *ഭ്രൂണ യാത്രയുടെ വസന്തം,* നൂറനാട്: ഉൺമ പബ്ലിക്കേഷൻസ്, 2013.

ഉഷാകുമാരി, ജി. *ഉടൽ ഒരു നെയ്ത്ത്,* കോട്ടയം: നാഷണൽ ബുക്സ് സ്റ്റാൾ, 2013.

ഉസ്മാൻ ഇരുമ്പുഴി. *പ്രവാസത്തിന്റെ പുസ്തകം,* കോഴിക്കോട്: പാപ്പിയോൺ ബുക്സ്, 2001.

എൽസി താരമംഗലം. *അമേരിന്ത്യൻ നോട്ട്ബുക്ക്,* കോഴിക്കോട്: ഗ്രീൻബുക്സ്, 2005.

കനകലത. *തിരുവനന്തപുരം ബർലിൻ ഡയറി,* തിരുവനന്തപുരം: പ്രസാധിക ഭാമാ ശങ്കർ, 1975.

കനകലത, വി. വി. *വംഗദേശത്തേക്കൊരുയാത്ര,* തിരുവനന്തപുരം: പ്രഭാത് ബുക്ക്ഹൗസ്, 1978.

കമല, വി.എസ്. *ഒരിന്ത്യൻ പെൺകിടാവ് മോസ്കോവിൽ,* മദിരാശി: ശിൽപി പബ്ലി ക്കേഷൻസ്, 1975.

കല്യാണിക്കുട്ടിയമ്മ. *യാത്രാസ്മരണകൾ,* തൃശ്ശൂർ: കറന്റ് ബുക്സ്, 2011.

കവിത ബാലകൃഷ്ണൻ. *ആർത്തെക് അനുഭവങ്ങൾ,* കരുവന്നൂർ: വിശ്വദർശൻ പബ്ലിക്കേഷൻസ്, 2003.

കാരശ്ശേരി, എം.എൻ. *പാഠാന്തരം,* കണ്ണൂർ: പ്രൈവറ്റ് ലിമിറ്റഡ്, 2012.

കുഞ്ഞുമോൾ. *മദ്ധ്യകേരളം മുതൽ മദ്രാസ്‌വരെ,*പത്തനംതിട്ട: തകിടിയിൽ ചിറ്റാർ, 1967.

കുമാരൻ, യു.കെ. *എഴുത്തിന്റെ ചന്ദ്രകാന്തം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.

ഗിരീഷ്, പി.എം. *അറിവും ആവിഷ്കാരവും,* ധൈഷണികശാസ്ത്രം, ആമുഖം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012.

ഗീത. *എഴുത്തമ്മമാർ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

ഗീതാ ഇടമറുക് സ്കാർണർ. *ഒറ്റയ്ക്ക് ഒരു ദേശാടനം,* ന്യൂഡൽഹി: ഇന്ത്യൻ എതിസ്റ്റ് പബ്ലിഷേഴ്സ്, 1991.

________________. *വിയറ്റ്നാമിലൂടെ,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 1990.

ഗീതാകുമാരി. *ഫറവോയുടെ നാട്ടിൽ,* തിരുവനന്തപുരം: മാളുബൻ പബ്ലിഷേഴ്സ്, 2010.

ഗീതാഞ്ജലി കൃഷ്ണൻ. *പെൺയാത്രകൾ,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2017.

ഗീതാസുരാജ്. *ദേവഭൂമിയിലെ ഒരാഴ്ച,* കൊച്ചി: കുരുക്ഷേത്ര പ്രകാശൻ, 2012.

ഗുപ്തൻ നായർ, എസ്. *കേരള ഭാഷാനിഘണ്ടു,* തിരുവനന്തപുരം: 2002.

ഗോമതിയമ്മ, ജി. *കൊണാർക്കിലെ സൂര്യതേജസ്,* തിരുവനന്തപുരം: പ്രഭാത് ബുക് ഹൗസ്, 2014.

______________. *ദേവദാരു പൂക്കുന്ന താഴ്വരകൾ,* തിരുവനന്തപുരം: പ്രഭാത് ബുക്ഹൗസ്, 2008.

______________. *ഗംഗോത്രിയമുനോത്രി,* തിരുവനന്തപുരം: പ്രഭാത് ബുക്ഹൗസ്, 2014.

ജമീല. *ഷേക്സ്പിയറിന്റെ നാട്ടിൽ,* കോഴിക്കോട്: ലിപി പബ്ലിഷേഴ്സ്, 2015.

ജയകൃഷ്ണൻ, എൻ. (എഡി.) *പെണ്ണെഴുത്ത്,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ജാൻസി ജയിംസ്. *ഫെമിനിസം (1, 2),* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

ജിതേഷ്, ടി. *ആഖ്യാനശാസ്ത്രം,* കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്, 2017.

ജെന്നി ഐസക്. *അയർലണ്ടിൽ നാലുവർഷം,* തൃശ്ശൂർ: കറന്റ് ബുക്സ്, 1973.

ജോസഫ്, കെ.പി. *വർത്തമാനപുസ്തകം ഒരു പഠനം*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 2010.

ജോർജ്ജ്, കെ.എം. *ആധുനികമലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,* കോട്ടയം: ഡി.സി.ബുക്സ്, 2009.

ജ്യോതിലക്ഷ്മി, പി.എസ്. (എഡി.) *സ്ത്രൈണ സർഗ്ഗാത്മകത എഴുത്തും എഴുത്തുകാരികളും,* ആലപ്പുഴ: സെന്റ് ജോസഫ് കോളേജ് ഫോർ വിമെൻ, 2013.

_______________. *ഉറൂബിന്റെ സാഹിത്യദർശനം,* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2005.

ജ്യോതിർമയി ശങ്കരൻ. *ഉത്തരേന്ത്യൻ യാത്രക്കുറിപ്പുകൾ,* മുബൈ: പാവുങ്ങൽ പബ്ലിക്കേഷൻസ്, 2012.

തോമകത്തനാർ പാറേമ്മാക്കൽ. *വർത്തമാനപുസ്തകം,* കോട്ടയം: ഡി.സി. ബുക്സ്, 1983.

ദാസ്, സി.ആർ. *അമേരിക്കയാത്രകളുടെ പുസ്തകം,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 2014.

ദിലീപ് രാജ്. (എഡി.) *റാണിമാർ പദ്മിനിമാർ മലയാളി സ്ത്രീകളുടെ കൈവിട്ട സഞ്ചാരങ്ങൾ,* കോട്ടയം: ഡി.സി. ബുക്സ്, 2015.

ദേവിക, ജെ. *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?* തിരുവനന്തപുരം: സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ്, 2011.

നളിനി ശശിധരൻ. *യൂറോപ്പിലൂടെ ഒരു ആത്മീയയാത്ര,* തിരുവനന്തപുരം: പ്രഭാത് ബുക്ക്ഹൗസ്, 2016.

പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം. *ശബ്ദതാരാവലി,* കോട്ടയം: എൻ. ബി.എസ്, 2003.

പോൾ മണലിൽ. *യാത്രാവിവരണങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2015.

പൊറ്റെക്കാട്ട്, എസ്. കെ. *സിംഹഭൂമി,* കോട്ടയം: ഡി. സി. ബുക്സ്, 2014.

പ്രമീള ജേക്കബ്. *ഞാൻ കണ്ട വിശുദ്ധനാട്,* തിരുവനന്തപുരം: കളിവീണ പബ്ലിക്കേഷൻസ്, 2012.

ബാലാറാം, എം.പി. *സ്വത്വം സംസ്കാരം സങ്കൽപ്പനം വിമർശന പാഠങ്ങൾ,* കണ്ണൂർ: കോറസ്, 2016.

ബാലകൃഷ്ണൻ, കല്പറ്റ. *മലയാളസാഹിത്യ ചരിത്രം,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

ബീന, കെ.എ. *ബീനകണ്ട റഷ്യ,* കോട്ടയം: ഡി.സി. ബുക്സ്, 2010.

______________. *ബ്രഹ്മപുത്രയിലെ വീട്,* കോട്ടയം: കറന്റ് ബുക്സ്, 2010.

______________. *ചുവടുകൾ,* കോട്ടയം: കറന്റ് ബുക്സ്, 2015.

______________. *നദി തിന്നുന്ന ദ്വീപ്,* കോട്ടയം: കറന്റ് ബുക്സ്, 2016.

ബോബി അലോഷ്യസ്. *സ്വപ്നം നിലച്ച റഷ്യയിൽ,* കോട്ടയം: കറന്റ് ബുക്സ്, 2003.

ബിന്ദു നരവത്ത്. സംസ്കാരവും ആവിഷ്കാരവും, കോഴിക്കോട്: വാട്ടർമെലൻ പ്രസ്, 2015.

ബുക്കാനൻ, ഫ്രാൻസിസ്. കരീം, സി. കെ. (വിവ.) *എന്റെ കേരളം,* തിരുവനന്ത പുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1981.

ഭാരതി വിദ്യാർത്ഥി. *ഇന്ത്യയുടെ മകൾ,* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1974.

ഭാസ്കരനുണ്ണി, പി.*പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2000.

മധു, ടി.വി. *ഞാൻ എന്ന (അ) ഭാവം*, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2011.

മഹേഷ്. *മലയാളനോവലും ദേശീയതയും,* തിരുവനന്തപുരം: കേരള സർവ്വകലാ ശാല, 2012.

മാധവിക്കുട്ടി. *കേരളസഞ്ചാരം,* കോട്ടയം: ഡി. സി. ബുക്സ്, 2012.

മിസ്സിസ് എം. പി. പോൾ. *അമേരിക്കയിൽ ഒരു മുത്തശ്ശി,* കോട്ടയം: ഡി.സി. ബുക്സ്, 1982.

മിസിസ്സ് കുട്ടൻ നായർ, സി. *ഞാൻ കണ്ട യൂറോപ്പ്,* തൃശ്ശൂവപ്പേരൂർ: ഭാരതവിലാസം പ്രസ്സ്, 1936.

മുഹമ്മദ് അസദ്, കാരശ്ശേരി, എം.എൻ. (വിവ.) *മക്കയിലേക്കുള്ള പാത,* കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ് ഹൗസ്, 1983.

മൈന ഉമൈബാൻ. *ആത്മദംശനം,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012.

______________. *ചുവപ്പുപട്ടയം തേടി,* കോഴിക്കോട്: കേരളശാസ്ത്ര സാഹിത്യ പരിഷത്ത്, 2014.

മ്യൂസ്മേരി, ജോർജ്ജ്. *ഉടലധികാരം,* കോഴിക്കോട്: ഒലിവ്, 2015.

രമേഷ് ചന്ദ്രൻ, വി. *സഞ്ചാരസാഹിത്യം മലയാളത്തിൽ,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989.

രമാദേവി, പി.ജി. *അമേരിക്കയെ അടുത്ത് കണ്ടപ്പോൾ,* തിരുവനന്തപുരം: പ്രിയ ദർശിനി പബ്ലിക്കേഷൻസ്, 2011.

രശ്മി ബിനോയ്. *ചരിത്രത്തിലെ പെണ്ണിടങ്ങൾ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

രാജനന്ദിനി. *കൈലാസയാത്ര,* തൃശ്ശൂർ: ഗ്രീൻബുക്സ്, 2015.

രാജലക്ഷ്മി, വി.എം. *സ്ത്രീ നീതി,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1987.

രാധാകൃഷ്ണൻ നായർ. *ആഖ്യാനവിജ്ഞാനം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

രാധിക, സി. നായർ. *സമകാലിക സാഹിത്യസിദ്ധാന്തങ്ങൾ ഒരു പാഠപുസ്തകം,* കോട്ടയം: കറന്റ് ബുക്സ്.

രാമകൃഷ്ണൻ, ടി.ഡി (വിവ.) *സൽമയുടെ പാക്കിസ്ഥാൻ യാത്ര,* കോഴിക്കോട്: നവകേരള കോ- ഓപ്പറേറ്റീവ് പബ്ലിഷിംഗ് ഹൗസ്, 2010.

രാമകൃഷ്ണൻ, എം.കെ. കെ.എം. വേണുഗോപാൽ. *സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം സമീപനം,* പയ്യന്നൂർ: നയന ബുക്സ്, 1989.

രാമചന്ദ്രൻ, എം.കെ. *ഉത്തർഖണ്ഡിലൂടെ കൈലാസ്-മാനസസരസ്സ് യാത്ര,* തൃശ്ശൂർ: കറന്റ് ബുക്സ്, 2003.

രാമചന്ദ്രൻ പന്മന. *സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം,* കോട്ടയം: കറന്റ് ബുക്സ്, 2008.

ലതികാ നായർ, പറവൂർ, ബി. *ഭാരതസ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010.

ലീലാവതി, എം. *സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2008.

ലീലാവതി, എസ്. എ. *ഭാരതത്തിന്റെ ഊർദ്ധ്വരേഖയിലൂടെ,* തൃശ്ശൂർ: പ്രഭാത് പ്രിന്റേഴ്സ്, 2010.

വത്സലാ മോഹൻ. *കാശിചതുർധാമ ഹിമാലയയാത്ര*, കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2004.

_______________. *കൈലാസ പരിക്രമണം,* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2012.

_______________. *അമരപദത്തിൽ,* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2007.

വാരിയർ, എം.ഐ, നാരായണ ഭട്ടതിരി, ഇ.വി. രാധാകൃഷ്ണ വാരിയർ, കെ. *മലയാളം ഇംഗ്ലീഷ് നിഘണ്ടു*, കോട്ടയം: ഡി. സി. ബുക്സ്, 2007.

വിമലാ രാജകൃഷ്ണൻ. *സോഷ്യലിസത്തിന്റെ നാട്ടിൽ പന്ത്രണ്ടു ദിനങ്ങൾ,* കൊല്ലം: നാഗകൃഷ്ണ പബ്ലിക്കേഷൻസ്, 1985.

______________. *ദേവഭൂമിയിലൂടെ ഒരു തീർത്ഥയാത്ര,* കൊല്ലം: ജ്യോതിഷ രത്നം, 2012.

വിലാസിനി, *ഒരു നാടൻ പെൺകിടാവിന്റെ ലണ്ടൻയാത്ര*, കോട്ടയം: എൻ. ബി.എസ്, 1956.

വെർജീനിയ വൂൾഫ്. (വിവ.) മൂസക്കുട്ടി. *എഴുത്തുകാരിയുടെ മുറി* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2014.

വേലായുധൻ പണിക്കശ്ശേരി. *കേരള ചരിത്രപാഠങ്ങൾ,* കോട്ടയം: കറന്റ് ബുക്സ്, 1980.

______________. *കേരളം നാനൂറ് കൊല്ലം മുമ്പ്,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007.

______________. *സഞ്ചാരികൾ കണ്ട കേരളം,* കോട്ടയം: കറന്റ് ബുക്സ്, 2012.

______________. (വിവ.) *ഇബ്നുബത്തൂത്ത കണ്ട ഇന്ത്യ,* കോട്ടയം: കറന്റ് ബുക്സ്, 2001.

വൃന്ദ കാരാട്ട്. *അതിജീവനവും വിമോചനവും,* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2006.

ശാരദക്കുട്ടി, എസ്. *പെൺവിനിമയങ്ങൾ,* കോട്ടയം: ഡി.സി. ബുക്സ്, 2007.

______________. *പെണ്ണ് കൊത്തിയ വാക്കുകൾ,* കോട്ടയം: ഡി.സി. ബുക്സ്, 2007.

ശിവശങ്കരൻ നായർ. *പ്രാചീന കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം*, കോട്ടയം: ഡി. സി. ബുക്സ്, 1998.

ശൈഖ് സൈനുദ്ദീൻ. (വിവ.) വേലായുധൻ പണിക്കശ്ശേരി. *കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ,* കോട്ടയം: കറന്റ് ബുക്സ്, 1963.

ശൈലജ, കെ.കെ. *ഇന്ത്യൻ വർത്തമാനവും സ്ത്രീ സമൂഹവും,* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2014.

ശോഭ, പി.വി. *ലിംഗഭേദവും സാമൂഹികതയും*, ആറ്റൂർ: ലിപി വിന്യാസം, 2012.

ശ്രീധരൻ, എ.എം. (എഡി.) *തുടി*, കണ്ണൂർ സർവ്വകലാശാല, 2015.

ഷാജി ജേക്കബ്. *മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.

ഷറഫുദ്ദീൻ, വി.കെ. *പോരാട്ടത്തിന്റെ പെൺവഴികൾ*, തലശ്ശേരി: സമത, 2013.

സജിത മഠത്തിൽ. *മലയാള സ്ത്രീ നാടകചരിത്രം,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010.

സത്യൻ കല്ലുരുട്ടി. *സഞ്ചാരികൾ,* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2009.

സത്യവതി, വി. *എബ്രഹാംലിങ്കന്റെ നാട്ടിൽ,* തിരുവനന്തപുരം: സൈൻ ബുക്സ്, 2014.

സരസ്വതി പൊന്നറ. *ആസ്ട്രേലിയൻ യാത്രാനുഭവങ്ങൾ,* തിരുവനന്തപുരം: പ്രഭാത് ബുക്ക്ഹൗസ്, 2011.

സരസ്വതി രാമനാഥൻ. (വിവ.) കെ. കൃഷ്ണൻകുട്ടി. *ഗംഗയുടെ കഥ,* കോട്ടയം: എൻ. ബി. എസ്, 1994.

സരോജ വർഗ്ഗീസ്. *വിശുദ്ധസ്വപ്നങ്ങളുമായി വിശുദ്ധനാട്ടിൽ,* കോഴിക്കോട്: മൾബറി, 2002.

സവിത, ഇ. (എഡി.) *യാത്ര അനുഭവം ആഖ്യാനം സംസ്കാരം വിപണനം,* കണ്ണൂർ: പുസ്തക ഭവൻ, 2017.

സാവിത്രി ശേഖരൻനായർ. *ഞങ്ങളുടെ അമേരിക്കൻ യാത്ര,* കോട്ടയം: എൻ. ബി. എസ്, 1977.

സാറാജോസഫ്. *ഇസ്രായേലിന്റെ മാറിലൂടെ,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 2000.

സിബു മോടയിൽ. *കത്തുന്ന കാലുകൾ,* തിരുവനന്തപുരം: സെഡ് ലൈബ്രറി, 2013.

സുഗതകുമാരി. *കാവുതീണ്ടല്ലേ,* കാലിക്കറ്റ് യൂണിവേഴ്സിറ്റി, 1994.

സുജാതാദേവി. *കാടുകളുടെ താളം തേടി,* തൃശ്ശൂർ: കറന്റ് ബുക്സ്, 1986.

സുധീര, കെ.പി. *മൺതരി മുതൽ മഹാകാശം വരെ,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2011.

സുനിൽ വർഗ്ഗീസ് (എഡി.). *യാത്ര,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2011.

സുമംഗല, കെ.വി. *പെൺയാത്ര,* കണ്ണൂർ: കൈരളി ബുക്സ്, 2013.

റഫീക്ക് മേമുണ്ട. *പെൺ പ്രവാസം,* കോഴിക്കോട്: ഒലിവ്, 2017.

റഹിമാൻ, എ. കെ.എ. *സംസ്കാരം, സഞ്ചാരം മറ്റുകാര്യങ്ങൾ*, കൊടുങ്ങല്ലൂർ: യാത്ര പബ്ലിക്കേഷൻസ്, 2011.

റാണി ചന്ദ്ര. *പൂർണ്ണകുംഭം*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1977.

റോസി തമ്പി. *സ്ത്രൈണ ആത്മീയത,* തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2013.

റോസി തോമസ്. *അമേരിക്കയിൽ ഒരു മലയാളിപ്പെണ്ണ്,* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1992.

റ്റിസി മറിയം തോമസ് (എഡി.). *പെൺവഴി,* കോട്ടയം: ഡി.സി. ബുക്സ്, 2015.

______________. *പെണ്ണിര*,കോട്ടയം: ഡി.സി. ബുക്സ്, 2013.

## English Books

Bassnett Susan. "*Travel Writing Gender". The Cambridge Companion to Travel Writing*. (eds.) Peter Hulme and Tim Youngs. UK: Cambridge University Press, 2002. 2 25-41.

Beauvior, de Simone. *The Second Sex,* Harmonds worth: Penguin, 1972.

Erikson, Erik H. *Identity: Youth and Crisis.* London: Faber and Faner, 1983.

Foster Shirely and Sara Mills, (eds.) *An Anthology of Women's Travel Writing,* New York: Manchester University Press, 2002.

Friedan, Betty. *The Feminine Mystique,* Harmondsworth : Penguin, 1988.

Gamble, Sarah (ed.). *Feminism and Post Feminism,* London: Routledge, 2001.

Ghose Indira. *Women Travellers in Colonial India: The power of the Female Gaze,* New Delhi: Oxford University Press, 1998.

Kuehn Julia, and Paul Smethrust, (eds). *Travel Writing Form and Empire: The Poetics and Politics of Mobility,* New York: Routledge, 2009.

Morris Mary (ed.) Maiden Voyages, *Wirings of women Travelleres,* US: Vintage Books, 1993.

Robinson, Jane. *Unsuitable for Ladies: An Anthology of Women Travellers,* Great Britain: Oxford University Press, 1994.

____________. *Wayward Women: A Guide to Women Travellers,* Oxford University Press, 2001.

Scholes, Robert and Robert Kellog, *The Nature of Narrative,* Oxford University Press, 1966.

Seigel, Kristi, (ed.). *Gender, Genre and Identity in Women Travel Writing,* New York: Peter Lang, 2004.

Thomas Anjaly, *Atmost intrepid*, New Delhi: Konark Publishers, 2013.

Woolf, Virginia, *A Room of One's Own,* Cambridge University press, 1998.

____________. *Three Guineas, Florida*, London: 1958.

**ആനുകാലികങ്ങൾ**

അനിൽകുമാർ, എ.വി. 'നവോത്ഥാനത്തിന്റെ ചോദ്യങ്ങളും സ്ത്രീ സ്വത്വബോധ വികാസവും', ചന്ദ്രിക, പുസ്തകം 50, ലക്കം 16, 2003 നവംബർ, പുറം 18–19.

അനിൽ ചേലേമ്പ്ര. 'എന്റെ ഹജ്ജ് യാത്ര ദേശഭാവനയിൽ വിരിഞ്ഞ സഞ്ചാരസ്മരണ', ചന്ദ്രിക ആഴ്ചപ്പതിപ്പ്, 2013 നവംബർ, പുറം 30–34.

____________. 'പാന്ഥരും വഴിയമ്പലങ്ങളും', ദേശാഭിമാനി ഓണം വിശേഷാൽ പ്രതി, 2013, പുറം 134–142.

അനിതാ നായർ. 'ഇറ്റലിയും ഞാനും തമ്മിൽ', യാത്രാമാഗസിൻ, 2014 ഒക്ടോബർ, പുറം 70–74.

____________. 'മാഡ്രിഡിലെ അപരിചിതൻ', യാത്രാ മാഗസിൻ, 2014 മാർച്ച്, പുറം 58.

____________. 'അതിരുകൾക്കപ്പുറം', യാത്രാ മാഗസിൻ, 2015 ജനുവരി- മാർച്ച്, പുറം 48–50

ആഷാമേനോൻ. 'യാത്രയിലെ ദേശാന്തരങ്ങൾ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 30, വാല്യം 49, 2013 ഫെബ്രുവരി, പുറം 33–37.

ഇന്ദിര, കെ.ആർ. 'പെണ്ണുങ്ങൾക്കും ഇറങ്ങി നടക്കാം', സംഘടിത, വാല്യം 3, ലക്കം 5, 2012 മെയ്, പുറം 21–28.

ഉണ്ണി, ആർ. 'ഒരു നാടൻ പെൺകിടാവിന്റെ ലണ്ടൻ യാത്ര', മാധ്യമം, പുസ്തകം 9, 2007 ജൂലൈ, പുറം 49-50.

ഉഷാകുമാരി, ജി. 'പെൺടോയ്ലെറ്റുകൾ ബാക്ക് സ്റ്റേജ് അല്ല', പുസ്തകം 19, ലക്കം 19, 2010 ജൂലൈ, പുറം 25-31.

ഉണ്ണികൃഷ്ണൻ, എ. എം. 'പ്രവാസം മലയാളി സ്വത്വത്തിന്റെ വീണ്ടെടുപ്പ്', ഗ്രന്ഥാലോകം, 2008 ഡിസം, പുറം 33-42.

ഒലീന, എ.ജി. 'സുഖയാത്രയ്ക്കിനിയും കാതങ്ങളേറെ', ഗ്രന്ഥാലോകം, പുസ്തകം 59, 2009 മെയ്, പുറം 59-60.

കരിം, എൻ. എ. 'യാത്രയുടെ അനുഭവഭൂമിക', മലയാളം, പുസ്തകം 9, ലക്കം 8, 2005 ജൂൺ, പുറം 59-60.

കലമ സുരയ്യ. 'യാത്രിക', മാധ്യമം ആഴ്ചപ്പതിപ്പ്, 2006 മെയ്, പുറം 56-57.

കേശവമേനോൻ, കെ.പി. 'പണ്ഡിതരമാഭായി', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1960 നവംബർ, പുറം 18-22.

കൃഷ്ണൻ, കെ.എം. 'ആഖ്യാനശാസ്ത്രം', ഭാഷാപോഷിണി, 1998 നവംബർ, പുറം 66-69.

ഗിരിജ, വി.എം. 'ദൂരം കൂടികൂടി വരുന്ന ചില സ്ഥിരം യാത്രകൾ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 83, ലക്കം 43, 2005 ഡിസംബർ, പുറം 22-24.

ഗീത, പി. 'പെണ്ണിന്റെ ഉടുപ്പും നടപ്പും ചരിത്രത്തിലൂടെ', മലയാളം, പുസ്തകം 13, ലക്കം 42, 2010 മാർച്ച്, പുറം 38-43.

______________. 'സ്ത്രീകൾ എന്ന തെരഞ്ഞെടുപ്പു ചാവേറുകൾ', മലയാളം, പുസ്തകം 85, ലക്കം 42, 2011 മാർച്ച്, പുറം 1-8.

ഗീതാഞ്ജലി കൃഷ്ണൻ. 'സ്ത്രീകൾ എഴുതിയ യാത്രാവിവരണങ്ങൾ', സംഘടിത വോള്യം 6, ലക്കം 6, 2014 ഡിസംബർ, പുറം 20.

ഗ്രീഷ്മ, വി.ആർ. 'കോട്ടയം ടു കാന്തല്ലൂർ', യാത്ര മാഗസിൻ, 2016 ഒക്ടോബർ, പുറം 21-24.

ചന്ദ്രശേഖരൻ നായർ, സി.കെ. 'മനുസ്മൃതിയും സ്ത്രീയും', ഭാഷാപോഷിണി, പുസ്തകം 19, ലക്കം 5, 1995 ഒക്ടോബർ, പുറം 58-61.

______________. വൈക്കം. 'ബംഗാളിലെ യാത്ര', ഭാഷാപോഷിണി, പുസ്തകം 13, ലക്കം 6, 1990 ഏപ്രിൽ, പുറം 35-37.

ജാനകി. 'സ്ത്രീകൾതാണ്ടുന്ന ദൂരങ്ങൾ', മാധ്യമം ആഴ്ചപ്പതിപ്പ്, 2014 ആഗസ്റ്റ്, പുറം 31-33.

ജാനകി. 'പെണ്യാത്രകൾ', പച്ചക്കുതിര, 2014 ഡിസംബർ, പുറം 32-34.

ജെസ്സി നാരായണൻ. 'ഉണ്ണിയാർച്ചമാരാകേണ്ട കാലം', മലയാളം, 2006 ഏപ്രിൽ, പുറം 51-52.

തിലക്, പി.കെ. 'സഞ്ചാരസാഹിത്യം -1', മാതൃഭൂമി, 2008 ഒക്ടോബർ, പുറം 86-87.

തെസ്നിബാനു. 'അസമയത്തെ പെണ്ണിന്റെ യാത്ര', പച്ചക്കുതിര, 2011 ജൂലൈ, പുറം 20-26.

ദാസ്, പി.എൻ. 'യാഥാർത്ഥ്യത്തിലേക്കൊരു കിളിവാതിൽ', ഭാഷാപോഷിണി, പുസ്തകം 21, ലക്കം 9, 1998 ഫെബ്രുവരി, പുറം 42-43.

ദേവിക, ജെ. 'യാത്ര കാട്ടിലും നാട്ടിലും', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 84, ലക്കം 35, 2016 ഒക്ടോബർ, പുറം 75-76.

ദേവകി നിലയങ്ങോട്, മനില സി. മോഹൻ. 'അന്തർജ്ജനത്തിന്റെ അകം പുറം ലോകത്തെ ജനം', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 85, ലക്കം 24, 2016 ആഗസ്റ്റ്, പുറം 9-17.

നന്ദകുമാർ, എം. 'യാത്രകൾ ശുഭകരമാവട്ടെ', പുസ്തകം 43, ലക്കം 7, 2011 ജൂലൈ, പു. മുഖക്കുറിപ്പ്.

നാരായണൻ, എം. ജി.എസ്. 'ലോകസഞ്ചാരികളുടെ ചരിത്രങ്ങൾ പൊറ്റെക്കാട്ട് ഒര ത്ഭുതമനുഷ്യൻ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2015 മാർച്ച്, പുറം 15-17.

നാരായണൻ, കല്പറ്റ. 'ഖജുരാഹോ കാണുമ്പോൾ ഗാന്ധിയെ ഓർക്കരുത്', ദേശാ ഭിമാനി, ഓണം വിശേഷാൽ പ്രതി, 2013, പുറം 86-93.

നിഷ പുരുഷോത്തമൻ. 'കാട് കയറിയ പെണ്ണുങ്ങൾ', വനിത, 2016 സെപ്തബർ, പുറം 128-136.

നിർമ്മല രാജഗോപാലൻ, 'സമീപകാഴ്ചയുടെ വ്യത്യസ്താനുഭവങ്ങൾ', വിജ്ഞാന കൈരളി, 2014 ജനുവരി, പുറം 90-92.

നൗഫൽ പനങ്ങാട്. 'ഇഷ്ടം യാത്ര കൂട്ട് ബൈക്ക്', മഹിളാചന്ദ്രിക, 2016 മാർച്ച്, പുറം 8-14.

പവിത്രൻ, പി. 'ലോകസഞ്ചാരിയുടെ കണ്ണ്', മലയാളം, 2004 ജനുവരി, പുറം 41-43.

______________. 'സ്ത്രീയെ പവിത്രയാക്കിയത്', ഭാഷാപോഷിണി, ലക്കം 8, പുസ്തകം 24, 2001 ജനുവരി, പുറം 62-66.

പെൻമേലേത്ത്, കെ.കെ. 'സഞ്ചാര സാഹിത്യവും മലയാളവും', വാല്യം 45, ലക്കം 11, 1993 നവംബർ, പുറം 18-24.

______________. 'ഒരു യാത്രയും കുറെ കഥകളും', ഗ്രന്ഥാലോകം വാല്യം 49, ലക്കം 11, 1997 ജൂൺ, പുറം 89-91.

പോക്കർ, പി.കെ. 'യാത്ര ഒരു രൂപകം', ദേശാഭിമാനി ഓണം വിശേഷാൽ പ്രതി, 2013, പുറം 78-85.

പ്രസാദ്, സി.ആർ. 'കഥാഖ്യാനത്തിലെ യാത്രകൾ', കലാകൗമുദി, 2000 ജൂലൈ, പുറം 52-54.

പ്രകാശ് ബാബു, പി.വി. 'പ്രവാസം ആധുനിക മനുഷ്യാവസ്ഥയുടെ രൂപകം', വിജ്ഞാനകൈരളി, 2008, പുറം 52.

ബിദൂർ, കെ. 'സഞ്ചാരസാഹിത്യത്തിലെ ഉത്തരാധുനിക പ്രവണതകൾ', വിജ്ഞാന കൈരളി, ലക്കം 3, 2009 ആഗസ്റ്റ്, പുറം 76-88.

ബിന്ദു, കെ.പ്രസാദ്. 'പെണ്ണിനെ പോറ്റാനെന്തിന് ആണൊരുത്തൻ', പുസതകം 12, ലക്കം 38, 2009 ഫെബ്രുവരി, പുറം 47-49.

ബീന, കെ.എ. 'യാത്ര എഴുത്തിന്റെ വഴികൾ', സംഘടിത, 2013 ഡിസംബർ, പുറം 12-14.

മിഥുൻ, കെ. എസ്. 'ഏകാകിയുടെ ആത്മാന്വേഷണങ്ങൾ', വിജ്ഞാനകൈരളി, വാല്യം 45, ലക്കം 3, 2014 മാർച്ച്, പുറം 47-51.

മീര, കെ.ആർ. 'യാത്രക്കിടയിൽ', മഹിളാചന്ദ്രിക, 2012 ഒക്ടോബർ, പുറം 8-23.

______________. 'അവൾ ജ്വലിക്കട്ടെ നമ്മളിൽ', മലയാള മനോരമ ആഴ്ചപതിപ്പ്, 2013 ജനുവരി, മുഖക്കുറിപ്പ്.

______________. 'യാത്രകൾ അവസാനിക്കുന്നില്ല', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2013 ഒക്ടോബർ, പുറം 20-26.

മീര അശോക്. 'യാത്രയുടെ തത്വശാസ്ത്രം', സംഘടിത, വോള്യം 6, ലക്കം 6, 2013 ഡിസംബർ, പുറം 30-32.

മുജീബ് റഹിമാൻ. 'പെണ്ണിന്റെ ചരിത്രവും ആണിന്റെ ചരിത്രവും', മാധ്യമം, പുസ്തകം 35, ലക്കം 105, 2000 ഫെബ്രുവരി, പുറം 43-48.

മുബഷിർ മുഹമ്മദ്. 'ഹാജിയുടെ വഴിക്കുറിപ്പുകൾ', പച്ചക്കുതിര, 2014 ഡിസംബർ, പുറം 50-53.

മുസഫർ അഹമ്മദ്, വി. 'മരുമരങ്ങൾ', മാതൃഭൂമി ആഴ്ചപതിപ്പ്, 2015 ഏപ്രിൽ, പുറം 70-75.

______________. 'എസ്. കെ. പൊറ്റെക്കാട്ട് ആഫ്രിക്കൻ വിരുദ്ധനോ', മാതൃഭൂമി, വാല്യം 6, ലക്കം 5, 2015 ഏപ്രിൽ, പുറം 75-78.

________________. 'പ്രവാസത്തിന്റെ പെൺമുഖങ്ങൾ' മലയാളം, ലക്കം 22, 2010 ഒക്ടോബർ, പുറം 91-92.

മുഹമ്മദ് കുഞ്ഞി, പി.കെ. 'സാഹസയാത്രകൾ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 69, ലക്കം 6, 1991 ഏപ്രിൽ, പുറം 56-57.

മൈക്കിൾ തരകൻ, പി.കെ. 'വർത്തമാന പുസ്തകം', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 12, ലക്കം 52, 2011 ജൂലൈ, പുറം 36-39.

രതീഷ്, പി. 'മലബാർ കുടിയേറ്റം ചില ആധുനികാനന്തര വിചാരങ്ങൾ', വിജ്ഞാനകൈരളി, ലക്കം 11, 2009 നവംബർ, പുറം 86-89.

രവീന്ദ്രൻ, പി.പി. 'യാത്ര ഒരു ദാർശനിക വഴി', യാത്രികം, കണ്ണൂർ സർവകലാശാല, 2015, പുറം 6-7.

രാധിക, എസ്. നായർ. 'കൂട്ടുകൂടി സിക്കിമിൽ', ഗൃഹലക്ഷ്മി, 2015 ഒക്ടോബർ, പുറം 91-93.

ലീലാവതി, എം. 'യാത്രയെഴുത്തിന്റെ ത്രിമാനസൗന്ദര്യം', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 53, ലക്കം 47, 2008 ജനുവരി, പുറം 73-77.

വത്സല, പി. 'നല്ല ഹൈമവതഭൂവിൽ', ഭാഷാപോഷിണി, പുസ്തകം 32, ലക്കം 50, 2005 ഒക്ടോബർ, പുറം 49-53.

വിനയകുമാർ, വി. 'ഹിമാലയ സഞ്ചാരവിവരണം മലയാളത്തിൽ', വിജ്ഞാനകൈരളി, 2012 ജൂലൈ, പുറം 6-19.

വീരകേരളവർമ്മ (വിവ.) രാമൻ നമ്പൂതിരി. 'കൊച്ചിമഹാരാജാവിന്റെ കാശിയാത്ര', ദേശാഭിമാനി വാരിക, 2012 ഫെബ്രു, മാർച്ച്, പുറം 26-36, 24-38.

വേണുഗോപാലൻ, കെ.എം. 'ഫെമിനിസം ആധുനിക ജ്ഞാനസിദ്ധാന്തപരമായ ഒരന്വേഷണം', മലയാളം റിസർച്ച് ജേർണൽ, വാല്യം 5, ലക്കം 2, 2012 മെയ്, പുറം 1479-1492.

വേണു കള്ളാർ. 'യാത്രാന്തർജ്ജനം', വാരാദ്യമാധ്യമം, ലക്കം 1473, 2016 ജൂലൈ.

ശൈലജ, കെ.കെ. 'അധിനിവേശക്കാലത്തെ സ്ത്രീ', ഗ്രന്ഥാലോകം, വാല്യം 59, ലക്കം 4, 2009 ഏപ്രിൽ, പുറം 7–9.

ശ്രീജ, എൻ. 'പെൺയാത്രയിലെ ഭയങ്ങൾ', ജനപഥം, പുസ്തകം 43, ലക്കം 12, 2011 ഡിസംബർ, പുറം 48–49.

ശ്രീകണ്ഠ കുറുപ്പ്, സി. 'ആഖ്യാനം ആദർശവും പാരമ്പര്യവും', മലയാളം റിസർച്ച് ജേർണൽ, വാല്യം 1, ലക്കം 1, 2005 ജനുവരി, പുറം 34–36.

ശ്രീകുമാർ, എ.ജി. 'പെണ്ണുടലും ഉയിരും കോളനികരണത്തിന്റെ അച്ചടിപാഠങ്ങൾ', മലയാളം റിസർച്ച് ജേർണൽ, വാല്യം 5, ലക്കം 2, 2012 മെയ്, ഓഗസ്റ്റ്, പുറം 1572–1582.

ശ്രീലതവർമ്മ, ആർ. 'പെൺസഞ്ചാരങ്ങളുടെ സമരമുഖങ്ങൾ', സംഘടിത, വോള്യം 2, ലക്കം 4, 2012 ഏപ്രിൽ, പുറം 32–33.

ഷൈനി ജേക്കബ് ബെഞ്ചമിൻ. 'മലയാളിയുടേതാണ് ആദ്യത്തെ സമ്പൂർണ്ണ പെൺകുടിയേറ്റം', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2014 ആഗസ്റ്റ്, പുറം 34–38.

സനിത, പി. 'തീയുണ്ടപോലെ ബൈക്കുമായി രജനി', മഹിളാചന്ദ്രിക, പുസ്തകം 6, ലക്കം 10, 2001 നവംബർ, പുറം 10–13.

സന്തോഷ്, ഡി. 'സഞ്ചാരത്തിന്റെ സാഹിത്യം', ഭാഷാപോഷിണി വാർഷികപ്പതിപ്പ്, 1998, പുറം 36–38.

സുകുമാരൻ. 'കവിയായ ഒരു സഞ്ചാരിയുടെ പാദമുദ്രകൾ', ദേശാഭിമാനി ഓണം വിശേഷാൽപ്രതി, 2013, പുറം 26–30.

സുധാചറ്റർജി. 'സീർ ബനിയാസിലേക്ക് ഒരു യാത്ര', പുസ്തകം 7, ലക്കം 7, 2012 ജൂലൈ, പുറം 11–14.

സുനിൽ, പി. ഇളയിടം. 'സ്വത്വരാഷ്ട്രീയവും ഇടതുപക്ഷവും', മലയാളം, 2010 ജൂലൈ, പുറം 24.

സുരേഷ് ഗോപി. 'അപ്പൂപ്പൻ താടിപോലെ', ദേശാഭിമാനി വാരാന്തപ്പതിപ്പ്, 2016 ജൂൺ.

സുജ, എ.എൻ. 'സ്ത്രീകൾ സഞ്ചാരികളാവുമ്പോൾ', യാത്രികം, കണ്ണൂർ സർവ്വകലാശാല, സരണി ടൂർ കമ്മിറ്റി, 2014, പുറം 37–39.

സൗമ്യ തോമസ്. 'സ്ത്രീയും പൊതുമണ്ഡലവും: കോരപ്പുഴ വിലക്കിന്റെ തുടർച്ചകൾ', മലയാളം റിസർച്ച് ജേർണൽ, വാല്യം 6, ലക്കം 30, 2013 ഡിസംബർ, പുറം 2188–2212.

റഹ്ന. 'യാത്രകളും ദുരിതങ്ങളും', ഗൃഹലക്ഷ്മി, 1994 മാർച്ച്, പുറം 66–67.

റെയ്ന തോമസ്. 'ദുരിതമീയാത്ര', സംഘടിത, വാല്യം 3, ലക്കം 5, 2012 മാർച്ച്, പുറം 49–51.

റിസിയോബി യോഹന്നാൻ. 'വാക്കിലെ സ്ത്രീയും കവിയിലെ പുരുഷനും', ഭാഷാപോഷിണി, പുസ്തകം 19, ലക്കം 5, 1995 ഒക്ടോബർ, പുറം 38–39.

**ഗവേഷണപ്രബന്ധങ്ങൾ**

കൃഷ്ണകുമാർ, കെ.സി. ''മലയാളകവിതയിലെ യാത്രാബിംബങ്ങൾ. ആറ്റൂർ രവിവർമ്മയുടെ കവിതകളെ ആധാരമാക്കി ഒരു പഠനം'', കാലിക്കറ്റ് സർവ്വകലാശാല, 2008.

ഹരികുമാർ, എൻ. ''വീട്, യാത്ര എന്നീ പ്രമേയങ്ങൾ ആധുനിക മലയാളകവിതയിൽ'', മഹാത്മാഗാന്ധി സർവ്വകലാശാല, 2014.

ബിന്ദു,ടി.വി. ''സുഗതകുമാരിയുടെ രചനകൾ ഒരു സ്ത്രീവാദപാരായണം'', കാലിക്കറ്റ് സർവ്വകലാശാല, 2013.

ഷേർലി കുര്യൻ. ''മലയാളത്തിലെ യാത്രാകാവ്യങ്ങൾ ഒരു പഠനം'', മഹാത്മാ ഗാന്ധി സർവ്വകലാശാല, 1998.

ഷൈമ, പി.കെ. ''യാത്രകൾ സ്കെച്ചുകൾ, ദർശനങ്ങൾ രവീന്ദ്രന്റെ തെരഞ്ഞെടുത്ത യാത്രാവവിരണകൃതികളെ മുൻനിർത്തിയുള്ള പഠനം'', എം.ഫിൽ പ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല, 2017.

സിബു, എം. ഈപ്പൻ. ''പ്രയാണസങ്കല്പനം ആധുനികമലയാളകവിതയിൽ'', മഹാത്മാഗാന്ധി സർവ്വകലാശാല, 2003.

അനുബന്ധം 1

## സ്ത്രീയാത്രാവിവരണങ്ങൾ

| വർഷം | കൃതി | | ഗ്രന്ഥകർത്രി |
|---|---|---|---|
| 1925 | ഒരു തീർത്ഥയാത്ര | - | അമ്മാളുവമ്മ തരവത്ത് |
| 1936 | ഞാൻ കണ്ട യൂറോപ്പ് | - | മിസ്സിസ് സി. കുട്ടൻ നായർ |
| 1942 | വനവാസ സ്മരണകൾ | - | ഭാഗിരഥി അമ്മ തമ്പുരാട്ടി |
| 1951 | ബദരീനാഥ യാത്ര | - | തരവത്ത് അമ്മിണിയമ്മ |
| 1953 | സോവിയറ്റ് യൂണിയനിൽ | - | ആനിമസ്ക്രീൻ |
| 1954 | ഞങ്ങൾ യൂറോപ്പിലൂടെ | - | അന്നമ്മ ജെ. വെള്ളാപ്പിള്ളി |
| 1956 | റഷ്യയിൽ | - | ആനിജോസഫ് |
| 1957 | മധ്യകേരളം മുതൽ മദ്രാസ് വരെ | - | കുഞ്ഞിമോൾ |
| 1959 | ഒരു നാടൻപെൺകിടാവിന്റെ ലണ്ടൻയാത്ര | - | വിലാസിനി |
| 1959 | ലണ്ടൻ ഡയറി | - | ഗൗരിയമ്മ |
| 1960 | ഞങ്ങൾ കണ്ട ജപ്പാൻ | - | മിസ്സിസ് കെ. എം. മാത്യു |
| 1964 | കേരളമക്കൾ യൂറോപ്പിൽ | - | സൂസി |
| 1965 | ജപ്പാനും  വിദൂര പൂർവ്വദേശങ്ങളും | - | പത്മജാമേനോൻ |
| 1965 | ഞാൻ കണ്ട യൂറോപ്പ് | - | രുഗ്മിണി രാഘവൻ നായർ |
| 1971 | ഞാൻ കണ്ട പുതിയ ലോകം | - | മിസ്സിസ് കെ. എം. മാത്യു |
| 1971 | പരിവ്രാജകനായ ഗുരുവിന്റെകൂടെ ഒരത്ഭുതയാത്ര | - | വിജയലക്ഷ്മി |
| 1972 | ക്രിസ്തുവിന്റെ നാട്ടിൽ രണ്ടാഴ്ച | - | ആനി തയ്യിൽ |
| 1973 | ഞങ്ങളുടെ ലോക പര്യടനം | - | അന്നമ്മ ജെ. വെള്ളാപ്പിള്ളി |
| 1973 | അയർലണ്ടിൽ നാലുവർഷം | - | ജെന്നി ഐസക് |
| 1973 | തിരുവനന്തപുരം ബർലിൻ ഡയറി | - | കനകലത |
| 1974 | ഇന്ത്യയുടെ മകൾ | - | ഭാരതി വിദ്യാർത്ഥി |
| 1975 | ഇന്ത്യൻ പെൺകിടാവ് മോസ്കോവിൽ | - | വി. എസ്. കമല |
| 1977 | ഞങ്ങളുടെ അമേരിക്കൻയാത്ര | - | സാവിത്രിശേഖരൻ നായർ |
| 1978 | ഞങ്ങൾ അമേരിക്കയിൽ | - | മിസ്സിസ് മാമ്മൻവർഗ്ഗീസ് |
| 1979 | വംഗദേശത്തേക്കൊരു യാത്ര | - | കനകലത |
| 1979 | ബീന കണ്ട റഷ്യ | - | ബീന കെ.എ |
| 1980 | തേക്കടി | - | ഉമാദേവി അന്തർജ്ജനം |
| 1980 | പശ്ചിമജർമ്മനി | - | ലീലാമ്മ ബേൺസ്ഫ്ലൂഗ് |

| വർഷം | കൃതി | | ഗ്രന്ഥകർത്രി |
|---|---|---|---|
| 1982 | അമേരിക്കയിൽ ഒരു മുത്തശ്ശി | - | മിസ്സിസ് എം. പി. പോൾ |
| 1982 | ഞങ്ങൾ കണ്ട ഇസ്രായേൽ | - | റബേക്കാ ജോസഫ് |
| 1983 | ഭാരതത്തിന്റെ ഊർദ്ധ്വരേഖയിലൂടെ | - | ലീലാവതി എസ്. എ |
| 1985 | സോഷ്യലിസത്തിന്റെ നാട്ടിൽ പന്ത്രണ്ട് ദിനങ്ങൾ | - | വിമല രാജകൃഷ്ണൻ |
| 1990 | വിയറ്റ്നാമിലൂടെ | - | ഗീതാ ഇടമറുക് സ്കാർണർ |
| 1991 | ഒറ്റയ്ക്ക് ഒരു ദേശാടനം | - | ഗീതാ ഇടമറുക് സ്കാർണർ |
| 1991 | ലോകമേ തറവാട് | - | മിസ്സിസ് റേയ്ച്ചൽ തോമസ് |
| 1992 | അമേരിക്കയിൽ ഒരു മലയാളിപ്പെണ്ണ് | - | റോസി തോമസ് |
| 1996 | കാടുകളുടെ താളം തേടി | - | സുജാതാദേവി |
| 1998 | ഒരു വീട്ടമ്മയുടെ അമേരിക്കൻയാത്ര | - | പാർവ്വതി പവനൻ |
| 2000 | ഇസ്രായേലിന്റെ മാറിലൂടെ | - | സാറാതോമസ് |
| 2002 | വിശുദ്ധ സ്വപ്നങ്ങളുമായി വിശുദ്ധ നാട്ടിൽ | - | സരോജാ വർഗ്ഗീസ് |
| 2003 | ആർത്തെക്ക് അനുഭവങ്ങൾ | - | കവിത ബാലകൃഷ്ണൻ |
| 2003 | സ്വപ്നം നിലച്ച റഷ്യയിൽ | - | ബോബി അലോഷ്യസ് |
| 2004 | കാശിചതുർധാമ ഹിമാലയ യാത്ര | - | വത്സല മോഹൻ |
| 2005 | അമേരിന്ത്യൻ നോട്ട്ബുക്ക് | - | എൽസി താരമംഗലം |
| 2007 | വേറിട്ടൊരു അമേരിക്ക | - | വത്സല പി. |
| 2007 | ദേവദാരു പൂക്കുന്ന താഴ്വരകൾ | - | ഗോമതിയമ്മ ജി. |
| 2007 | സകോട്ട്ലണ്ട് സ്കെച്ചുകൾ | - | ശുഭ ജി. എസ്. |
| 2008 | ഹിമാലയസാനുക്കളിൽ | - | സരസ്വതി പൊന്നറ |
| 2008 | മഞ്ഞുമലകളിൽ മോക്ഷം തേടി | - | ഭവാനി കെ.പി. |
| 2008 | സ്വിറ്റ്സർലാന്റ് വിസ്മയങ്ങളുടെ രംഗഭൂമി | - | പൊന്നറ സരസ്വതി |
| 2008 | സാഗരഹൃദയത്തിലെ പറുദീസയിലൂടെ | - | സരോജാവർഗീസ് |
| 2009 | കൈലാസ പരിക്രമണം | - | വത്സലാമോഹൻ |
| 2009 | അമരപദത്തിൽ | - | വത്സലാമോഹൻ |
| 2009 | വസുന്ധരക്കായ് | - | അംബികാദേവി എസ്. |
| 2009 | പിരമിഡിന്റെ നാട്ടിൽ | - | സുധീര കെ. പി. |
| 2009 | കേരള സഞ്ചാരം | - | മാധവിക്കുട്ടി |
| 2009 | ഹജ്ജ് ഒരനുഭവസാക്ഷ്യം | - | സമീറ പി.എ. |
| 2010 | ഫറവോയുടെ നാട്ടിൽ | - | ഗീതാകുമാരി എസ്. |

| വർഷം | കൃതി | | ഗ്രന്ഥകർത്രി |
|---|---|---|---|
| 2010 | നെബോ മുതൽ പിരമിഡ് വരെ | - | രാജേശ്വരി അമ്മാൾ എം. ജി. |
| 2010 | ബ്രഹ്മപുത്രയിലെ വീട് | - | ബീന കെ.എ. |
| 2011 | യാത്രാസ്മരണകൾ | - | കല്യാണിക്കുട്ടിയമ്മ |
| 2011 | മൺതരിമുതൽ മഹാകാശം വരെ | - | സുധീര കെ.പി. |
| 2011 | ആസ്ട്രേലിയൻ യാത്രാനുഭവങ്ങൾ | - | സരസ്വതി പൊന്നറ |
| 2011 | അമേരിക്കയെ അടുത്ത് കണ്ടപ്പോൾ | - | രമാദേവി പി.ജി. |
| 2012 | ഹിമാലയോ നാമ നഗാധിരാജ-<br>കാഴ്ചകളുടെ ഉത്തരായനം | - | സ്വർണലത എം. |
| 2012 | ദേവഭൂമിയിലെ ഒരാഴ്ച | - | ഗീതാസുരാജ് |
| 2012 | ഉത്തരേന്ത്യൻ യാത്രാക്കുറിപ്പുകൾ | - | ജ്യോതിർമയി ശങ്കരൻ |
| 2012 | ഞാൻ കണ്ട വിശുദ്ധനാട് | - | പ്രമീളാ ജേക്കബ് |
| 2012 | ഖജുരാഹോ കൊണാർക്ക് | - | വത്സലാ മോഹൻ |
| 2013 | ബ്രൂണയാത്രയുടെ വസന്തം | - | ഇന്ദിര ബി. |
| 2013 | പെൺയാത്ര | - | സുമംഗല (എഡി.) |
| 2013 | കൂകൂകൂകൂ തീവണ്ടി | - | അനിതാ നായർ |
| 2014 | ഗംഗോത്രി യമുനോത്രി | - | ഗോമതിയമ്മ ജി. |
| 2014 | കൊണാർക്കിലെ സൂര്യതേജസ്സ് | - | ഗോമതിയമ്മ ജി. |
| 2014 | കാശ്മീർ സ്വർഗ്ഗീയ സുന്ദരഭൂമി | - | വത്സലാമോഹൻ |
| 2014 | എബ്രഹാം ലിങ്കന്റെ നാട്ടിൽ | - | സത്യവതി വി. |
| 2014 | ചുവപ്പുപട്ടയം തേടി | - | മൈന ഉമൈബാൻ |
| 2015 | ഷേക്സ്പിയറിന്റെ നാട്ടിൽ | - | ജമീല കെ.എം. |
| 2015 | ചുവടുകൾ | - | ബീന കെ.എ. |
| 2015 | കൈലാസയാത്ര | - | രാജനന്ദിനി |
| 2016 | യൂറോപ്പിലൂടെ ഒരു ആത്മീയയാത്ര | - | നളിനി ശശിധരൻ |
| 2016 | നദി തിന്നുന്ന ദ്വീപ് | - | ബീന കെ.എ. |

## അനുബന്ധം 2

## 2017 നവംബർ 7-ന് എറണാകുളത്തെ കാക്കനാട് കേന്ദ്രീയഭവനിൽ വെച്ച് കെ.എ.ബീനയുമായി നടത്തിയ അഭിമുഖം

ചോ: യാത്രചെയ്യുന്ന സ്ത്രീകളെക്കുറിച്ച് ഇപ്പോൾ പൊതുസമൂഹത്തിനുള്ള ധാരണ മാറിയിട്ടുണ്ടോ?

പത്ത് വർഷത്തിനുമുൻപ് സ്ത്രീകൾ യാത്രചെയ്യുന്നു എന്ന് പറഞ്ഞാൽ അത്ഭുതമായിരുന്നു. ഇപ്പോൾ സ്ത്രീകൾ തനിച്ചും സംഘങ്ങളായും യാത്ര ചെയ്യുന്നു. അതിന്റെ ഫലമായി യാത്രചെയ്യുന്ന സ്ത്രീകളെക്കുറിച്ചുള്ള പഴയ ധാരണക്കു മാറ്റം വന്നു.

ചോ: യാത്രയുമായി ബന്ധപ്പെട്ട് സ്ത്രീകൾ അനുഭവിക്കുന്ന പ്രധാനപ്രശ്നം എന്താണ്? ശാരീരികമോ? മറ്റുവല്ലതുമോ?

യാത്രയിലെ സുരക്ഷിതത്വം തന്നെയാണ് പ്രധാനം. ഇവൾ യാത്ര ചെയ്തിട്ട് എന്ത് നേടാൻ എന്ന ചോദ്യത്തിനുള്ള ഉത്തരവും പ്രധാനമാണ്. യാത്രയ്ക്ക് സാമ്പത്തികവും പ്രശ്നമായിത്തീരാറുണ്ട്.

ചോ: യാത്രാവേളയിലാണോ യാത്രയ്ക്ക് ശേഷം ചെന്നെത്തുന്ന സ്ഥലത്തെ പര്യടനമാണോ കൂടുതൽ ആഹ്ലാദവും സ്വാതന്ത്ര്യവും നൽകിയത്?

യാത്രചെയ്യുന്നതിനു മുമ്പുള്ള ഒരുക്കങ്ങൾ ആകാംക്ഷയുള്ളതാണ്. എന്നെ സംബന്ധിച്ച് യാത്രാവേളതന്നെ വളരെ ആനന്ദമുണ്ടാക്കുന്നതാണ്. യാത്ര ചെയ്തെത്തുന്ന സ്ഥലം പുതിയ അനുഭവങ്ങളാണ് നമുക്ക് തരുന്നത്. യാത്ര നമ്മെ വേറൊരാളാക്കി മാറ്റുകയാണ് ചെയ്യുന്നത്.

ചോ: യാത്രയ്ക്കുമുമ്പുണ്ടായിരുന്ന വ്യക്തിപരമോ പരമ്പരാഗതമോ ആയ ഏതെങ്കിലും മനോഭാവങ്ങൾ മാറാൻ യാത്ര കാരണമായിട്ടുണ്ടോ?

തീർച്ചയായും, എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒറ്റയ്ക്ക് ഒരുപാട് യാത്ര ചെയ്യുന്ന വ്യക്തി ആയതുകൊണ്ട് ആ യാത്രയിൽ അനുഭവിക്കുന്നത് പുതുമയുടെ ലോകമാണ്. ആ പുതുമ നമ്മളെ കൂടുതൽ ഉത്തേജിതരാക്കും.

ചോ: കുടുംബവുമൊത്തുള്ള അനുയാത്രയിൽ ഗാർഹിക പരിതോവസ്ഥകളുടെ നിരന്തര സാമീപ്യം യാത്രയുടെ ഉല്ലാസത്തെയും സ്വാതന്ത്ര്യത്തെയും തടസ്സപ്പെടുത്തിയിട്ടുണ്ടോ?

കുടുംബത്തോടൊപ്പമുള്ള യാത്രകളിൽ നമ്മുടെ സാമീപ്യം കുടുംബാംഗങ്ങൾക്ക് കൂടുതൽ ആവശ്യമാണ്. അതുകൊണ്ടുതന്നെ കുടുംബത്തിന്റെ കെട്ടുപാടുകൾക്കുള്ളിലായിരിക്കും സ്ത്രീകൾ.

ചോ: യാത്രയുടെ മുന്നൊരുക്കങ്ങളിൽ പ്രധാനപ്പെട്ടത് എന്ന് തോന്നുന്നത് എന്താണ്?

ഞാൻ പ്ലാനിങ്ങോടുകൂടി യാത്ര ചെയ്യുന്ന വ്യക്തിയല്ല. പക്ഷെ പ്ലാനിംഗ് ഉള്ളത് നല്ലതാണ്. ഭക്ഷണം, താമസിക്കാനുള്ള സ്ഥലം ബുക്ക് ചെയ്യുക, കമ്യൂണിക്കേഷനാവശ്യമായിട്ടുള്ള സാധനങ്ങൾ കൊണ്ടുപോകുക എന്നതെല്ലാം ചെയ്യുന്നത് നല്ലതാണ്.

ചോ: യാത്രാസ്ഥലം തെരെഞ്ഞെടുക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള മുൻവിധികളോ മുന്നറിവുകളോ ഉണ്ടോ?

ഞാൻ ഒരു കാലത്ത് യാത്രചെയ്തിരുന്നത് വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കായിരുന്നു. കാശി, ഹരിദ്വാർ, ഋഷികേശ് അല്ലെങ്കിൽ താജ്മഹൽ എന്നിങ്ങനെ പല സ്ഥലങ്ങളിലേക്കും പോയിട്ടുണ്ട്. ഇപ്പോൾ പ്രധാനമായും തെരെഞ്ഞെടുക്കുന്നത് ഗ്രാമങ്ങളാണ്. ഗ്രാമങ്ങളിൽ താമസിക്കാൻ പറ്റുമെങ്കിൽ താമസിക്കുക അവിടുത്തെ ജനങ്ങളെ അറിയുക എന്നിങ്ങനെ, ഗ്രാമങ്ങളിലേക്കുള്ള യാത്രയുടെ ലക്ഷ്യങ്ങളും വ്യത്യസ്തങ്ങളാണ്. അങ്ങനെ പോകുമ്പോൾ അവിടെ പ്രത്യേകിച്ച് അമ്പലങ്ങളോ മറ്റുള്ള കാഴ്ചാസ്ഥാനങ്ങളോ ഉണ്ടെങ്കിൽ അവയും കാണും.

ചോ: സുരക്ഷിതത്വബോധം, അരക്ഷിതാവസ്ഥ ഇതു രണ്ടും സൃഷ്ടിക്കുന്ന മാനസിക സംഘർഷം യാത്രയുടെ ആനന്ദത്തെയും സ്വാതന്ത്ര്യത്തെയും തടസ്സപ്പെടുത്തിയിട്ടുണ്ടോ?

എനിക്ക് സുരക്ഷിതത്വമില്ലായ്മ അനുഭവപ്പെടാറില്ല. ഏത് സ്ഥലത്ത് ഞാൻ ഒറ്റയ്ക്കുപോയാലും മറ്റുള്ളവരിൽനിന്ന് സഹായമാണ് കിട്ടാറുള്ളത്. ഈയിടെ ഒരു ഡൽഹിയാത്രയ്ക്കിടയിൽ പാനിപ്പട്ട് എന്ന സ്ഥലത്ത് ഇറങ്ങേണ്ടിവന്നപ്പോൾ അവിടെനിന്ന് പരിചയപ്പെട്ട ഒരു പയ്യനാണ് എനിക്ക് സഹായത്തിനെത്തിയത്. അതും ഞാൻ പ്രതീക്ഷിക്കുന്നുപോലുമില്ല അത്തരമൊരു സഹായം. ഇത് ഒരു യാത്രയുടെ മാത്രം അനുഭവമല്ല. കഴിയുന്നതും രാത്രിയുള്ള സാഹസിക യാത്രകൾക്ക് മുതിരാറില്ല.

ചോ: യാത്രപോകുന്ന സമയത്തുതന്നെ യാത്രാവിവരണം എഴുതണം എന്ന തോന്നൽവെച്ചാണോ പോകുന്നത്? അങ്ങനെ പോകുമ്പോൾ യാത്രയുടെ തനിമയും സ്വതസിദ്ധമായ അനുഭവങ്ങളും നഷ്ടപ്പെട്ടുപോകുന്നുണ്ടോ?

പണ്ടെല്ലാം ഞാൻ ചുമ്മാ യാത്രചെയ്യുമായിരുന്നു. ഇപ്പോൾ യാത്രാവിവരണത്തിന് വായനക്കാരുണ്ട്. ഞാൻ കൂടുതൽ യാത്ര ചെയ്തിട്ടുണ്ടെങ്കിലും വളരെക്കുറച്ച് യാത്രാവിവരണം മാത്രമേ എഴുതിയിട്ടുള്ളൂ. ഇപ്പോൾ യാത്രാവേളകളിൽ തന്നെ യാത്രാനുഭവങ്ങൾ മനസ്സിൽ കുറിച്ചിടുകയാണ് പതിവ്.

## 2017 നവംബർ 10-ന് മമ്പാട് എം.ഇ.എസ് കോളേജിൽ വെച്ച് മൈന ഉമൈബാനുമായി നടത്തിയ അഭിമുഖം

ചോ: കുടുംബം എഴുത്തിനും യാത്രകൾക്കും പലതരം പ്രതിസന്ധികളാണ് എഴുത്തുകാരികളുടെ ജീവിതത്തിൽ സൃഷ്ടിക്കുന്നത്. 'സ്ത്രീ' എന്ന നിലയിൽ ഇത്തരം പരിമിതികൾ തോന്നിയിട്ടുണ്ടോ?

ചെറിയ കുട്ടിയായിരിക്കവെ യാത്ര ചെയ്യുമ്പോൾ ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നതുകൊണ്ട് വിനോദയാത്രകൾക്കൊന്നും പോകാൻ അനുവദിച്ചിരുന്നില്ല. മുതിർന്നപ്പോൾ എഴുത്തിനുവേണ്ടിയുള്ള യാത്രകൾ എല്ലാം തനിച്ചായിരുന്നു നടത്തിയിരുന്നത്. എന്റെ യാത്രകൾക്കുമേൽ ഭർത്താവിന്റെ നിയന്ത്രണങ്ങൾ ഇല്ലായിരുന്നു.

ചോ: വിവിധതരം സങ്കീർണ്ണതകളും പ്രശ്നങ്ങളും തരണംചെയ്യാനായി ഏതെങ്കിലും തരത്തിലുള്ള മുൻകരുതലുകൾ അവലംബിച്ചിരുന്നുവോ?

എന്നെ സംബന്ധിച്ച് അങ്ങനെയൊരു മുൻകരുതലുകളും ഇല്ല. കാട് എന്താണെന്നുള്ള ബോധമോ സമൂഹമെന്താണെന്നുള്ള തിരിച്ചറിവോ ഉണ്ടാകുന്നതിനുമുമ്പാണ് വന്യജീവികൾ ധാരാളമുള്ള മറയൂർ വനത്തിലൂടെ ഞാൻ യാത്ര ചെയ്യുന്നത്. മുതിർന്നപ്പോൾ എന്നിൽതന്നെ ഒരു ആത്മവിശ്വാസമുണ്ടാക്കാൻ എനിക്ക് ഈ യാത്രകൊണ്ട് സാധിച്ചിട്ടുണ്ട്. വിറക് ചുള്ളി ഒടിയ്ക്കാനായിട്ടാണ് കത്തി കരുതുന്നത്. അത് സംരക്ഷണത്തിനുള്ളതാണെന്ന ബോധം ഉണ്ടായിരുന്നില്ല. മനുഷ്യന്റെ ഏറ്റവും വലിയ ആയുധം നാവ് തന്നെയാണ്. എന്റെ യാത്രകളെല്ലാം അവിചാരിതമായിരുന്നു.

ചോ: പ്രകൃതിയേയും അതിനോടനുബന്ധിച്ച സാമൂഹിക ചുറ്റുപാടുകളെയും മറികടന്ന് നടത്തുന്ന യാത്രകൾ ഒരുതരം അടിമത്തത്തിനും അസ്വാതന്ത്ര്യത്തിനും എതിരെയുള്ള പ്രതിരോധവും പ്രതിപ്രവർത്തനവും ആണെന്ന തോന്നലോടുകൂടിയാണോ ഇത്തരം യാത്രകൾ ചെയ്തത്?

ആദ്യകാലത്ത് ഞാൻ നടത്തിയ യാത്രകളൊന്നും പ്രതിരോധമാണെന്ന ബോധത്തോട് കൂടിയായിരുന്നില്ല. മനസ്സിനെ തൃപ്തിപ്പെടുത്താനായിരുന്നു ഞാൻ യാത്രചെയ്തത്. ഞാൻ ഒറ്റയ്ക്കു നടത്തുന്ന ആദ്യകാല യാത്രകൾ വീട്ടുകാരുമായിപോലും ആദ്യകാലങ്ങളിൽ പങ്കുവെയ്ക്കാറുമുണ്ടായിരുന്നില്ല. പങ്കുവെയ്ക്കാതിരുന്നത് ഒരുപക്ഷെ വിലക്കുകൾ വന്നാലോ എന്ന് ഭയന്നിട്ടാണ്. അപ്പോഴും എന്റെ മനസ്സിനെ തൃപ്തിപ്പെടുത്താനായിരുന്നു ഞാൻ യാത്രചെയ്തത്. പക്ഷെ ഇപ്പോൾ ആലോചിച്ചു കഴിഞ്ഞാൽ സാമൂഹ്യവ്യവസ്ഥിതിയ്ക്ക് അപ്പുറത്തേക്ക് കടക്കാനുള്ള ശ്രമം കൂടിയായിരുന്നു അത് എന്നാണ് തിരിച്ചറിയുന്നത്.

ചോ: വിലക്കുകളെ ഇല്ലാതാക്കി സ്വതന്ത്രമായ ഇടം സ്ത്രീക്ക് നിർമ്മിച്ചുകൊടുക്കാനുള്ള മാനസിക ഉത്തരവാദിത്തത്തിന്റെ പരിണതഫലമാണ് ടീച്ചറുടെ യാത്രകൾ എന്ന് പറഞ്ഞാൽ അത് എത്രത്തോളം ശരിയാണ്?

യാത്രകൾ മനസ്സിനുള്ളിലെ അടങ്ങാത്ത യാത്രാമോഹത്തെയാണ് സഫലീകരിക്കുന്നത്. പ്രകൃതിയുടെ ഭാഗമായിട്ടുതന്നെയാണ് ഞാൻ യാത്രചെയ്യുന്നത്. ഇപ്പോൾ പ്രതിരോധം എന്ന നിലയിൽ യാത്രമാറുന്നു. പുരുഷൻ കൈയ്യടക്കി വെച്ചിരുന്ന എല്ലാ മേഖലകളിലും സ്ത്രീ കയറിപ്പോകട്ടെ. നാൽപത് വർഷങ്ങൾക്കുമുമ്പ് അനുയാത്രയായിരുന്നു സ്ത്രീകൾ കൂടുതൽ നടത്തിയിരുന്നത്. ഇന്നത് മാറി. ദൈനംദിനാവശ്യങ്ങൾക്കായിട്ടെങ്കിലും സ്ത്രീ ഒറ്റയ്ക്ക് പുറത്തിറങ്ങുന്നുണ്ട്. അതുപോലെ പ്രതിരോധം എന്ന നിലയിൽ പുരുഷൻ എവിടെയെല്ലാം പോകുന്നുണ്ടോ അവിടെയെല്ലാം സ്ത്രീയും പോവണം. സാന്നിദ്ധ്യത്തെ സമരമാക്കിമാറ്റണം.

ചോ: യാത്രാവേളകളിലോ യാത്രാസ്ഥലങ്ങളിലെ പര്യടനങ്ങളിലോ പ്രധാനലക്ഷ്യം എന്തെല്ലാമായിരുന്നു? സ്ത്രീ ജീവിതവുമായി ബന്ധപ്പെടുന്നതും ഗാർഹികവുമായ അനുഭവമണ്ഡലങ്ങളെ ആസ്വദിക്കാനാണോ? അല്ലെങ്കിൽ പ്രകൃത്യധിഷ്ഠിതവും രാഷ്ട്രീയവുമായ കാര്യങ്ങളെ അവലോകനം ചെയ്യാനാണോ?

ഒരു സ്ഥലത്തുപോകുമ്പോൾ സ്ത്രീ എന്ന നിലയിൽ മാത്രം കാര്യങ്ങൾ കാണാനല്ല ശ്രമിക്കാറുള്ളത്. എന്റെ യാത്രാവിവരണങ്ങളിൽ പ്രകൃതിയുമായി ബന്ധപ്പെടുന്ന അതിന്റെ പാരിസ്ഥിതിക പ്രാധാന്യം, സാംസ്കാരിക പ്രാധാന്യം എന്നിവയ്ക്കാണ് കൂടുതൽ ഊന്നൽ കൊടുക്കുന്നത്.

ചോ: ഔദ്യോഗികയാത്രകളിൽ ഔദ്യോഗിക കാര്യങ്ങൾ മാത്രമാണോ ലക്ഷ്യമിടുന്നത്?

സ്ത്രീക്ക് ഔദ്യോഗികമായിട്ടെങ്കിലും യാത്രചെയ്യാൻ അവസരം ലഭിക്കട്ടെ എന്ന് ചിന്തിക്കുന്ന ആളാണ് ഞാൻ. ആ കിട്ടുന്ന അവസരത്തിൽ അവർ അതിനെ വലിയ ഒരു യാത്രയായി മനസ്സിൽ കാണട്ടെ എന്നും വിചാരിക്കുന്നു. ഒന്ന് രണ്ട് പ്രാവശ്യം ഔദ്യോഗികമായി പോയി കഴിയുമ്പോൾ യാത്രയ്ക്ക് അഭിനിവേശമുള്ളവർക്ക് അത് മറ്റുതരത്തിലുള്ള യാത്രയായി മാറാനാണ് സാധ്യത.

ചോ: ഒറ്റയ്ക്ക് നടത്തിയ യാത്രയുടെ പരമമായ ലക്ഷ്യമെന്തായിരുന്നു?

എന്നെ സംബന്ധിച്ച് ഒറ്റയ്ക്ക് നടക്കുമ്പോൾ എനിക്ക് വല്ലാത്തൊരു ആഹ്ലാദമാണ്. കാഴ്ചകളെ സൂക്ഷ്മമായി വീക്ഷിക്കാനും അതേക്കുറിച്ച് ചിന്തിക്കാനും സാധിക്കുന്നത് ഒറ്റയ്ക്ക് നടക്കുമ്പോഴാണ്. കൂട്ടുകൂടി നടക്കുമ്പോൾ കൂടെയുള്ള ആളെക്കുറിച്ച് ചിന്തിക്കുകയും അവരെ ശ്രദ്ധിക്കുകയും ചെയ്യേണ്ടിവരുന്നു. ഒറ്റയ്ക്കുള്ള നടപ്പ് ഒരുതരം ധ്യാനമാണ്

ചോ: ഭാഷാസാഹിത്യ പഠനത്തിന്റെയും ബോധനത്തിന്റെയും സമഗ്രവും സൂക്ഷ്മവും ക്രിയാത്മകവുമായ പ്രക്രിയയ്ക്ക് യാത്ര അനിവാര്യമല്ലേ? അങ്ങനെയെങ്കിൽ യൂനിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് സിലബസ്സിന്റെ ഭാഗമായി ഔദ്യോഗികമായി യാത്രാസംബന്ധമായ മൊഡ്യൂളുകൾ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ടീച്ചർക്ക് ഉണ്ടോ?

തീർച്ചയായും; യാത്രയും സാഹിത്യത്തിലെ ഒരു വിഭാഗമാണ്. മറ്റു ദേശങ്ങളെയും ഭാഷയെയും പ്രകൃതിയെയും അറിയുന്നത് യാത്രയിലൂടെയാണ്. അത് നമ്മുടെ കുട്ടികൾ അറിയണം. അവർ യാത്ര ചെയ്യണം. യാത്രയെക്കുറിച്ച് മനസ്സിലാക്കുകയും അതിനെക്കുറിച്ച് എഴുതുകയും വേണം.

ചോ: ഇതുവരെ നടത്തിയ യാത്രയുടെ അടിസ്ഥാനത്തിൽ സ്ത്രീയാത്രികരോട് ടീച്ചർക്ക് നിർദ്ദേശിക്കാനുള്ള സുരക്ഷാമുൻകരുതലുകൾ എന്തെല്ലാമാണ്?

ഏറ്റവും വലിയ ധൈര്യം മനസ്സാണ്, നമ്മുടെ ഇച്ഛാശക്തിയാണ്. ആ ഇച്ഛാശക്തിയിൽ മുന്നോട്ടുപോയാൽ ഒരു അപകടവും സംഭവിക്കില്ല. മുൻകരുത ലോടെയുള്ള യാത്രയിൽ ആഹ്ലാദം ഉണ്ടാവില്ല. സാഹസികതയും രക്ഷപ്പെടലും സ്വാഭാവികതയുമാണ് ഒരു യാത്രയെ ആസ്വാദ്യകരമാക്കുന്നത്.